3295

പട്ടണത്തുപിള്ളയാർ

പാടൽ

GOVT. HIGH SCHOOL
Date..................
KOTTAYAM.

3295

പട്ടണത്തുപിള്ളയാർ അരുളിച്ചെയ്ത

തിരുപ്പാടൽകൾ

മലയാള വ്യാഖ്യാനസഹിതം.

GOVT. HIGH SCHOOL
Date..................
KOTTAYAM

S. T. NARASIMHA VILASOM BOOK DEPOT THURAVOOR
SHERTALLAY
Kerala State

വ്യാഖ്യാതാ,

കാവുങ്ങൽ നീലകണ്ഠപ്പിള്ള അവർകൾ.

4 00

പ്രകാശകന്മാർ.

എസ്. റ്റി. റെഡ്യാർ ആന്റ് സൺസ്.

1.50.

32925

4–ാം പതിപ്പ്
കാപ്പി 1000

വി. വി. പ്രസ്സ്
കൊല്ലം

കാപ്പിറൈററ് പ്രകാശകന്മാക്ക്

1955 നവമ്പർ

3295

മുഖവുര.

പട്ടണത്തുസ്വാമികളുടെ പാട്ടുകൾ 'വേദാന്തഗീത'പോലെ തമിഴദേശങ്ങളിൽ ആദരിക്കപ്പെട്ടുവരുന്നുവെന്നുള്ളതു സവ്വവിദിതമായ ഒരു വാസ്തവമാണ്. ഈ പാട്ടുകൾ വായിച്ചാൽ രോമാഞ്ചവും ആനന്ദബാഷ്പവും ഉദ്ഗളിച്ചു്, കരൾക്കാമ്പു തണുത്തു്, പണ്ഡിതന്മാരും പാമരന്മാരും ഒരുപോലെ ഭക്തിരസത്തിൽ മുഴുകുന്നു. വേദവേദാന്തസാരങ്ങൾ മുഴുവൻ അടങ്ങി അദ്വൈതാനന്ദാമൃതം ധാരധാരയായി ഒഴുകിക്കൊണ്ടിരിക്കുന്ന ഈ സാരോപദേശരത്നമാല, അണിയുന്ന ഹൃദയങ്ങളിൽ മായാബന്ധംകൊണ്ടു വന്നുകൂടുന്ന അജ്ഞാനങ്ങൾ ബാധിക്കയില്ലെന്നു മാത്രമല്ല, നിത്യാനന്ദമോക്ഷപദവി തെളിഞ്ഞുകാണപ്പെടുകയും ചെയ്യും.

ഇങ്ങിനെ സകല ദുഃഖങ്ങളെയും മാററി, ഹൃദയത്തിനു നിർവൃതിയും ജ്ഞാനപ്രകാശവും ഉളവാക്കുന്ന ഈ പാട്ടുകൾ, തമിഴിൽ വളരെ അത്ഥഗൗരവമുള്ളതാകയാൽ, പലരും വിശേഷിച്ചും മലയാളികൾ അതിൻെറ ഗുണം അനുഭവിച്ചറിവാൻ ശക്തരല്ലാതെ കുഴങ്ങുന്നുണ്ടെന്നു ഞങ്ങൾക്കറിയാം. 'ഗ്രന്ഥം കരത്തിലുണ്ടായാൽ മതിയല്ല ചന്തത്തിലത്ഥം ഗ്രഹിച്ചേ ഫലം വരൂ' എന്ന തത്വത്തെ അനുസ്മരിച്ചു, മേൽപ്പറഞ്ഞ ന്യൂനതയെ പരിഹരിക്കുന്നതിനായി, ഞങ്ങൾ ഓരോ പാട്ടിനും ലഘുവായ മലയാളഗദ്യത്തിൽ ശരിയായ വ്യാഖ്യാനമെഴുതിച്ചു്, പുസ്തകരൂപേണ പ്രസിദ്ധീകരിച്ചുകൊള്ളുന്നു. അനർഗ്ഗളമധുരവും സാരഗംഭീരവുമായ സ്വാമികളുടെ പാട്ടുകൾ അതേ ശബ്ദങ്ങളാൽതന്നെ പാടി ഭക്തിരസത്തിൽ കുളിക്കുന്നതിനുള്ള അഭിലാഷം പലക്കുമുണ്ടായിരിക്കുമെന്നു കരുതി, മൂലവും മലയാള അക്ഷരത്തിൽതന്നെ വ്യാഖ്യാനങ്ങൾക്കു മുകളിൽ ചേത്തിട്ടുണ്ടു്.

സംസാരദുഃഖശമനത്തിനു സിദ്ധൌഷധമായ ഈ ദിവ്യ ഗ്രന്ഥം, ഞങ്ങളുടെ ഉദ്ദേശത്തെ നിറവേററുമാറു്, കേരളീയസ്ത്രീ പുരുഷസഹോദരങ്ങളുടെയിടയിൽ, പ്രചുരപ്രചാരമായി ഭവിക്കുമെങ്കിൽ, തദ്വാരാ, കോപകാമദ്വേഷാദികൾ അസ്ഥാനത്തിൽ പ്രവൎത്തിക്കാതെ കേരളം പ്രശാന്തവും പ്രസന്നവുമായി പ്രകാശിക്കുകയും ചെയ്യുമെങ്കിൽ, അതുതന്നെ ഈ പ്രസിദ്ധീകരണപരിശ്രമത്തിനു ഞങ്ങൾ ആശിക്കുന്ന സാരമായ പ്രതിഫലം.

എന്നു്,

എസ്. ററി. റെഡ്ഡ്യാർ ആൻഡ് സൺസ്.

ഓം ശിവായ നമഃ

പട്ടണത്തുപിള്ളയാരുടെ

ചരിത്രസംഗ്രഹം

ശ്രീപരമേശ്വരൻ പണ്ടൊരിക്കൽ വൈശ്രവണൻെറ അപേക്ഷപ്രകാരം, ദക്ഷിണദേശങ്ങളിലുള്ള ജീവരാശികളെ അനുഗ്രഹിക്കുന്നതിനായി, വിനായകൻ കാർത്തികേയൻ മുതലായവർ ചുററാകെനിന്നു സ്തുതിപാഠങ്ങൾ വർഷിക്കുമ്പോൾ ദേവിയോടുകൂടി വൃഷഭവാഹനത്തിന്മേൽ എഴുന്നരുളി, യാത്രയാരംഭിച്ചു. വാരാണസി തുടങ്ങിയുള്ള പുണ്യസ്ഥലങ്ങളെ സന്ദർശിച്ചശേഷം കുബേരൻെറ ഇഷ്ടം സാധിക്കാനായി തൃക്കാവിരിപ്പൂമ്പട്ടണത്തിൽ എത്തിച്ചേർന്നു.

ആ പട്ടണം, ശില്പവൈചിത്ര്യം സമ്പൽസമൃദ്ധി മുതലായവയാൽ അനവധി അത്യത്ഭുത കാഴ്ചകൾക്കു വിളനിലമായിരുന്നു. വിശേഷിച്ചും അവിടത്തെ ചെട്ടിത്തെരുവു പതിന്മടങ്ങു രമണീയവും ധനാഢ്യവുമായി കാണപ്പെട്ടുകയാൽ, കുബേരനു കുറേനാൾ അവിടെത്തന്നെ സുഖമായിത്താമസിച്ചാൽ കൊള്ളാമെന്നു് ഒരഭിലാഷം ഉണ്ടായി. ഭഗവാൻ ആ വസ്തുത മനസ്സിലാക്കി, "ഹേ പുണ്യജനേശ്വര! നിനക്കു്, ഈ നഗരവാസത്തിൽ ആഗ്രഹം ജനിക്കുകകൊണ്ടു്, അല്പകാലം മനുഷ്യശരീരമെടുത്തു്, ഇതിൽ അധിവസിച്ചാലും" എന്നരുളിച്ചെയ്തു. കുബേരൻ ആ അരുളപ്പാടു കേട്ടു്, പരിഭ്രാന്തനായി ഭവിച്ചു. "സ്വാമിൻ! തൃപ്പാദനിത്യസേവകനായ അടിയനെ മനുഷ്യജന്മത്താൽ മലിനപ്പെടുത്തി ഗർഭവാസദുഃഖങ്ങൾ സഹിക്കുവാൻ കല്പിച്ചു നിശ്ചയിച്ചതു കഷ്ടമാണു്. ഭഗവദ്വാക്യഗൌരവത്താൽ ഒരു തവണ മനുഷ്യജന്മമെടുക്കുന്നതായാലും, അടിയൻ ജാതിസ്മരണനായി ജീവിക്കുന്നതിനും, മേല്ക്കാലം ജനനമുണ്ടാകാതിരിക്കുന്നതിനും അനുഗ്രഹിക്കണമേ!" എന്നുണർത്തിച്ചു. "അങ്ങനെതന്നെ ഭവിക്കും." എന്നരുളിച്ചെയ്തു്, കരുണാലയനായ ഭഗവാൻ കൈലാസത്തിലേക്കു മടങ്ങി എഴുന്നെള്ളുകയും ചെയ്തു.

ഈശ്വരവാക്യാനുരോധേന വൈശ്രവണൻ പരമഭാഗവ തത്വം സമ്പന്നനുമായ ശിവനേയഗുപ്തരുടെ പുത്രനായി അദ്ദേഹത്തിൻെറ ധർമ്മപത്നിയായ ജ്ഞാനകലയിൽ അവതരിച്ചു. സുകൃതികളായ ആ ദമ്പതികൾ, സർവ്വലക്ഷണസമ്പന്നനായി ശോഭിച്ച പുത്രനെക്കണ്ടു സന്തോഷിച്ച് യഥാവിധി ജാതകർമ്മാദികളും ദാനാദിധർമ്മങ്ങളും നിർവ്വഹിക്കയും പുത്രന് സ്വേദാരണ്യൻ എന്ന വിശിഷ്ടനാമം വിധിക്കയും ചെയ്തു. പ്രതിപദചന്ദ്രനെപ്പോലെ നാൾക്കുനാൾ അഭിവൃദ്ധിയെ പ്രാപിച്ചുവന്ന തേജസ്വിയായ കുമാരന് അഞ്ചുവയസ്സായപ്പോൾ, ദൈവഗത്യാ ശിവനേയഗുപ്തൻ പരലോകപ്രാപ്തനായി. ചരമക്രിയകളെല്ലാം സാധ്വിയായ മാതാവു് വിധിപ്രകാരം പുത്രനെക്കൊണ്ടുതന്നെ ചെയ്യിച്ചു. അനന്തരം അവനെ സമർത്ഥനായ ഒരു ഉപാദ്ധ്യായൻെറ അടുക്കൽ വിദ്യാഭ്യാസത്തിനാക്കി. ബുദ്ധിമാനായ ബാലൻ ഒരു സംവത്സരം കൊണ്ടു് വേദശാസ്ത്രാദികളും കലാവിദ്യകളുമെല്ലാം പാഠമാക്കിയശേഷം, പൂർവ്വസ്മരണയുണ്ടാകയാൽ തനിക്കു നേരിട്ട മനുഷ്യജന്മക്ലേശങ്ങളെക്കുറിച്ചു വ്യസനിച്ചും, പരിശുദ്ധങ്ങളായ ശിവപാദപത്മങ്ങളെ ധ്യാനിച്ചും ദിവസങ്ങളെ നയിച്ചുവന്നു.

അങ്ങനെ കഴിഞ്ഞുവരവേ ഒരുദിവസം ശ്രീപരമേശ്വരൻ ഒരു വൃദ്ധബ്രാഹ്മണരൂപത്തിൽ ബാലൻെറ സ്വപ്നത്തിൽ പ്രത്യക്ഷീഭവിച്ചു്—"നാളെ തിരുവോണനക്ഷത്രവും പ്രദോഷവും കൂടിയ സോമവാരമാകയാൽ, നീ ശ്വേതാരണ്യക്ഷേത്രത്തിൽ ചെന്നു്, ശിവനെ പൂജിച്ചു സേവിക്കണം" എന്നരുളിച്ചെയ്തു മറഞ്ഞു. അതനുസരിച്ചു പിറേറദിവസം കാലത്തെ അവൻ ശിവക്ഷേത്രത്തിലെത്തി പൂജിച്ചു നില്ക്കുമ്പോൾ സ്വപ്നത്തിൽ കണ്ട ആ വൃദ്ധബ്രാഹ്മണൻ ജ്ഞാനോപദേശം ചെയ്വാനായി ബാലനെ അന്വേഷിച്ചു അവിടെച്ചെന്നു. ബോധിയായ ബാലൻ അദ്ദേഹത്തെ ജ്ഞാനാചാര്യനായി വരിച്ചു്, ഉപദേശം വാങ്ങി ശിവദീക്ഷ കഴിക്കയും ബ്രാഹ്മണൻ അവനു തങ്കത്താൽ ചെയ്യപ്പെട്ട ഒരു ചെറിയ പെട്ടി സമ്മാനിക്കയും ചെയ്തു. പെട്ടി തുറന്നു നോക്കിയപ്പോൾ അതിനുള്ളിൽ സ്ഫടികനിർമ്മിതമായ ഒരു ശിവപ്രതിമയും മരതകനിർമ്മിതമായ ഒരു വിനായകപ്രതിമയും കണ്ടിട്ടു് ബാലൻ ആശ്ചര്യപരതന്ത്രനായി ബ്രാഹ്മണനെ തൊഴുതു. അനന്തരം അദ്ദേഹത്തിൻെറ നിയോഗപ്രകാരം തീർത്ഥജലത്തിൽ മുങ്ങി

കയറിവന്നു് ആ ദേവതാബിംബങ്ങളെ ഓരോ പീഠത്തിന്മേൽ എഴുന്നെള്ളിച്ചുവച്ചു് അന്നാദിസംഭാരങ്ങളാൽ യഥാവിധി പൂജിച്ച ശേഷം നൈവേദ്യാന്നത്താൽ ആചാൎയ്യനെ ഭുജിപ്പിച്ചു സംതൃപ്ത നാക്കി, ഉച്ഛിഷ്ടംകൊണ്ടു താനും മാതാവും ഉപജീവിച്ചു കൃതാൎത്ഥതയെ പ്രാപിച്ചു. അന്നുമുതൽ ശ്വേതാരണ്യബാലനു ശിവ ഭക്തി പൂൎവ്വാധികം വൎദ്ധിക്കയും തന്റെ സകല മുതലുകളും ശിവ പൂജാവിഷയത്തിലും ശിവഭക്തന്മാൎക്കു ദാനം ചെയ്വാനുമായി ചെലവഴിക്കാൻ തുടങ്ങുകയും ചെയ്തു.

അല്പകാലംകൊണ്ടു് മുതലുകളൊക്കെ അവസാനിച്ചു. നിത്യമുള്ള ശിവപൂജയ്ക്കുപോലും കൈക്കലൊന്നുമില്ലെന്നായി. ശ്വേതാരണ്യൻ ആ സംഗതിയെക്കുറിച്ചു മാതാവുമായിപ്പറഞ്ഞു വ്യസനിച്ചിരിക്കവേ, അന്നുരാത്രി, സാക്ഷാൽ പരമശിവൻ സ്വപ്നത്തിൽ ആവിൎഭവിച്ചു്—"ഹേ ശ്വേതാരണ്യ! നീ വ്യസനിക്കേണ്ടാ. നിന്റെ ഭവനത്തിൽ അസംഖ്യം ദ്രവ്യമിരിപ്പുണ്ടു്—എടുത്തു് ഉപയോഗിച്ചുകൊൾക എന്നരുളിച്ചെയ്തു മറഞ്ഞു". സ്വപ്നസന്ദൎശനത്തിൽ വിശ്വാസത്തോടുകൂടിയ ശ്വേതാരണ്യൻ സന്തുഷ്ടനായി, അടുത്ത ദിവസം കാലത്തെ ഉണൎന്നെഴുന്നേറ്റു വീട്ടിനുള്ളിൽ പരിശോധിച്ചപ്പോൾ ദ്രവ്യം കണ്ടുകിട്ടി. അതിനെ ഭക്തിപൂൎവ്വം ദേവ പൂജാദികൾക്കും നിത്യച്ചെലവുകൾക്കും ഉപയോഗിച്ചു സംതൃപ്ത നായി പാൎത്തുവന്നു. വയസ്സു പതിനാറായി. ഉടൻതന്നെ മാതാവിന്റേയും ബന്ധുജനങ്ങളുടേയും നിർബന്ധമനുസരിച്ചു, ശ്വേതാരണ്യൻ, അഭിജാത്യാദിഗുണങ്ങൾ തികഞ്ഞ ശിവചിതംബരച്ചെട്ടിയാരുടേയും ശിവകാമി അമ്മയുടേയും പുത്രി, 'ശിവകലാ' എന്ന പെൺകുട്ടിയെ വിധിപ്രകാരം വിവാഹംചെയ്തു ഗൃഹസ്ഥാശ്രമം സ്വീകരിച്ചു. അനന്തരം കുലക്രമാഗതമായ വ്യാപാരത്തെ സവിശേഷം പുഷ്ടിപ്പെടുത്തി ധനത്തെ വൎദ്ധിപ്പിക്കയും 'പട്ടണത്തു ചെട്ടിയാർ' എന്ന പ്രസിദ്ധിയെ സമ്പാദിക്കുമാറു ഗൃഹസ്ഥധൎമ്മത്തെ സുരക്ഷിതമായി നിലനിൎത്തുകയും ചെയ്തുവന്നു.

വയസ്സു മുപ്പതായിട്ടും ശ്വേതാരണ്യനു സന്താനലബ്ധിയുണ്ടായില്ല. തന്മൂലം ചിന്താമഗ്നനായി, 'തിരുവിടമരുതൂർ'ക്ഷേത്ര നാഥനായ പരമശിവനെ ഭക്തിപൂൎവ്വം ഭജിക്കാൻ തുടങ്ങി. ഇതിനിടയ്ക്കു ശിവശൎമ്മാ എന്നൊരു ശൈവബ്രാഹ്മണൻ; ദാരിദ്ര്യശാ

ന്തിക്കായി 'തിരുവിടമരുതൂർ' ക്ഷേത്രനാഥനെ സേവിച്ചും പൂജിച്ചും ഭജിച്ചുവരികയായിരുന്നു. ഭക്തവത്സലനായ ഭഗവാൻ ആ ബ്രാഹ്മണന്റെ ദാരിദ്ര്യദുഃഖത്തെ പലപല അത്ഭുതപ്രദർശനങ്ങളാലും അപ്പോഴപ്പോൾ പരിഹരിച്ചുവന്ന കൂട്ടത്തിൽ ശ്വേതാരണ്യൻ ഭജനംതുടങ്ങിയതിൽപിന്നെ ഒരുദിവസം രാത്രി, ആ ബ്രാഹ്മണന്റെ സ്വപ്നത്തിൽ ആവിർഭൂതനായി—"ഹേ ശിവശർമ്മൻ, ഞാൻ ബാലരൂപം ധരിച്ചു കാരുണ്യാമൃതതീർത്ഥക്കരയിൽ നില്ക്കുന്ന കൂവളമരത്തിന്റെ ചുവട്ടിൽ കിടക്കും. നീ ആ കുട്ടിയെ എടുത്തുകൊണ്ടുപോയി, കാവിരിപ്പൂമ്പട്ടണത്തിൽ പുത്രലബ്ധിക്കായി തപസ്സുചെയ്യുന്ന ശ്വേതാരണ്യനു കൊടുത്താൽഅവൻ കുഞ്ഞിന്റെ ഇടയ്ക്കു (ഭാരത്തിനു) മതിയാകുന്ന സ്വർണ്ണം തരും. അതുകൊണ്ടു നിന്റെ ദാരിദ്ര്യത്തെ ശമിപ്പിച്ചുകൊൾക" എന്നരുളിച്ചെയ്തു മറഞ്ഞു. ശിവശർമ്മൻ പിറേറദിവസം ഭാര്യാസമേതനായി കൂവളത്തിന്റെ ചുവട്ടിൽ ചെന്നു നോക്കിയപ്പോൾ അതിതേജോമയനായ ബാലനെക്കണ്ടു് അതിനെ എടുത്തുകൊണ്ടു്, ഇരുവരുമായി കാവിരിപ്പൂമ്പട്ടണത്തിലേയ്ക്കു തിരിച്ചു. പട്ടണപരിസരത്തിലെത്തി വിശ്രമിക്കാനായി ഒരു വൃക്ഷത്തണലിൽ ഇരിക്കുമ്പോൾ, ശ്വേതാരണ്യനും പത്നിക്കും ഒരു ദിവാസ്വപ്നമുണ്ടായി. മേല്പറഞ്ഞ വൃക്ഷത്തണലിലിരിക്കുന്ന ബ്രാഹ്മണദമ്പതികളെച്ചെന്നു കണ്ടു്, അവരുടെ പക്കൽനിന്നും ആ കുട്ടിയെ വാങ്ങി പുത്രനായി വളർത്തിക്കൊള്ളണമെന്നും പ്രതിഫലമായി അതിന്റെ (കുട്ടിയുടെ) ഭാരത്തോളം സ്വർണ്ണം അവർക്കു കൊടുക്കണമെന്നും ഭഗവാൻ വന്നരുളിച്ചെയ്തതായിട്ടായിരുന്നു സ്വപ്നം. ശ്വേതാരണ്യൻ ഉടൻതന്നെ പുറപ്പെട്ടുചെന്നു്, കുട്ടിയോടുകൂടി വൃക്ഷത്തണലിലിരുന്ന ബ്രാഹ്മണദമ്പതികളെ സൽക്കരിച്ചു കൂട്ടിക്കൊണ്ടു പോരികയും, ആ കുട്ടിയെ ത്രാസിൽവച്ചു തൂക്കി അതിന്റെ ഭാരത്തോളം സ്വർണ്ണം അവർക്കു കൊടുക്കുകയും, ഏതാനും ദിവസം സ്വഗൃഹത്തിൽതന്നെ താമസിപ്പിച്ചശേഷം, തന്റെ രഥത്തിൽ കയററി സ്വദേശത്തേയ്ക്കു യാത്രയാക്കുകയും ചെയ്തു.

ഇപ്രകാരം ലബ്ധനായ പുത്രനു്, ശ്വേതാരണ്യൻ, 'മരുതപിരാൻ' എന്ന നാമകരണംചെയ്തു വാത്സല്യപൂർവ്വം വളർത്തിവന്നു. ദിവ്യനായ ബാലൻ മാതാപിതാക്കളെ രമ്യലീലകളാൽ രഞ്ജിപ്പിച്ചും അത്ഭുതകർമ്മങ്ങളാൽ വിസ്മയിപ്പിച്ചും അവരുടെ വാത്സല്യ

ത്തിനം ബഹുമാനത്തിനം ഒരുപോലെ പാത്രീഭവിച്ചു. യഥാകാലം വിദ്യാഭ്യാസം ആരംഭിക്കയും ഏതാനും ദിവസങ്ങൾകൊണ്ടു് "വേദവേദാംഗവേദാന്താദി വിദ്യകളെല്ലാം" പാഠംചെയ്യുറയ്ക്കുകയും ചെയ്തു. പതിനാറാമത്തെ വയസ്സിൽ ശ്വേതാരണ്യനായി ജനിച്ചിരിക്കുന്ന കുബേരനും ഭക്താവതംസമായ ശിവശർമ്മാവിനും മുക്തിപദം നൽകണമെന്നുള്ള അനുഗ്രഹബുദ്ധിയോടുകൂടി, മരുതപിരാൻ പിതാവായ ശ്വേതാരണ്യനെ ചെന്നുകണ്ടു്, അച്ഛാ! ഞാൻ ദ്വീപാന്തരങ്ങളിൽപോയി വ്യാപാരംചെയ്തു ധനം വദ്ധിപ്പിക്കണമെന്നു വിചാരിക്കുന്നു. അതിലേക്കു അനുവാദമുണ്ടാകണം എന്നപേക്ഷിച്ചു. പുത്രൻെറ സൽബുദ്ധികണ്ടു സന്തുഷ്ടനായ ശ്വേതാരണ്യൻ, അനുവാദം നൽകിയെന്നുമാത്രമല്ല, ദ്വീപാന്തരങ്ങളിൽ നല്ല വില കിട്ടുന്ന അനവധി സാമാനങ്ങൾ സംഭരിച്ചു കൊടുത്തയയ്ക്കുകയും ചെയ്തു. 'മരുതപിരാൻ' കൂട്ടുവ്യാപാരികളോടുചേന്നു കപ്പൽ കയറിപ്പോയി, പലപല ദ്വീപുകളിലും രാജ്യങ്ങളിലുമായി തൻെറ സാമാനങ്ങൾ തക്കവിലയ്ക്കുവിററു പണമാക്കിയെങ്കിലും അതിൽ ഒരു കാശെങ്കിലും വീട്ടിൽക്കൊണ്ടുപോകണമെന്നു് ആഗ്രഹിക്കാതെ, ഗന്ധദ്രവ്യങ്ങളും ധൂപവത്തികളും മററു ശിവപൂജയ്ക്കു വേണ്ട ഉപകരണങ്ങളും വാങ്ങി അവിടവിടെവച്ചു പൂജ നടത്തി, കൂട്ടുവ്യാപാരികൾക്കും ആത്മന്മാരായ സാധുക്കൾക്കും അന്നദാനങ്ങൾ ചെയ്തും മററും ദ്രവ്യംമുഴുവൻ ചെലവഴിച്ചു. ഒടുവിൽ കുറെ ചാണകവറളിയും തവിടും ശേഖരിച്ചു ചാക്കുകളിൽ കെട്ടിനിറച്ചുകൊണ്ടു മടങ്ങിവന്നു്, അച്ഛനെക്കണ്ടു വസ്തുതകളെല്ലാമറിയിച്ചു. ശ്വേതാരണ്യൻ അതുകേട്ടു കോപിച്ചു് പുത്രൻെറ തൻേറടമില്ലായ്മയെക്കുറിച്ചു ശാസിച്ചിട്ടു് വിവേകം ഉണ്ടാകാൻ ഒരു ശിക്ഷയായി അവനെ കാരാഗൃഹത്തിൽ ഇട്ടടച്ചു. എന്നാൽ പിന്നീടു ചെന്നു നോക്കിയപ്പോൾ പുത്രനെ തടവുമുറിയിൽ കാണായ്കയാൽ അത്ഭുതപരതന്ത്രനായ ശ്വേതാരണ്യൻ തൻെറ അവിവേകത്തെക്കുറിച്ചു പശ്ചാത്തപിച്ചു.

ഇങ്ങിനെ കാണാതെപോയ 'മരുതപിരാൻ' തിരുവിടമരുതൂരിൽ എത്തി തന്നെ ഭക്തിപൂവ്വം സേവിച്ചുവന്ന ശിവശർമ്മാവിൻെറ മുമ്പിൽ പ്രത്യക്ഷീഭവിച്ചു. അദ്ദേഹത്തെ കുടുംബസമേതം മുക്തനാക്കിയനുഗ്രഹിച്ചശേഷം ദേവാലയത്തിൽ കടന്നു്, ശിവലിംഗത്തിനുള്ളിൽ മറയുകയും ചെയ്തു.

പുത്രനെ കാണായ്കകൊണ്ടു വിഷണ്ണനായിരിക്കുന്ന ശ്വേതാരണ്യന്റെ സമീപത്തിൽ ഒരു ചെറിയ പെട്ടകം കൊണ്ടു വച്ചിട്ടു് സഹധൎമ്മിണിയായ ശിവകല പറഞ്ഞു—"ഈ പെട്ടി നിങ്ങൾ വരുമ്പോൾ തരുന്നതിനായി നമ്മുടെ പുത്രൻ എന്നെ ഏല്പിച്ചും വച്ചു പോയി, ഇതാ നോക്കുക.

ഈ വാക്കുകൾകേട്ടു്, ശ്വേതാരണ്യൻ പെട്ടകം എടുത്തു തുറന്നുനോക്കിയപ്പോൾ, അതിനുള്ളിൽ കാതററ ഒരു സൂചിയും ഒരു ഓലത്തുണ്ടുമാണു് കാണപ്പെട്ടതു്. ഓലത്തുണ്ടിൽ—'കാതററ സൂചിപോലും കടശിയിൽ കൂടെവരികില്ലെന്നോൎത്തുകൊൾക' എന്നെഴുതിയിരുന്നു. ആ നിവേദനം വായിച്ചുതീൎന്നയുടനെ ശ്വേതാരണ്യന്റെ മനോദൎപ്പണത്തിലെ മാലിന്യങ്ങളശേഷമകന്നു. അദ്ദേഹം പ്രാപഞ്ചിക വ്യവഹാരങ്ങളും മോഹങ്ങളും എല്ലാം പരിത്യജിച്ചുകഴിഞ്ഞു. മാതാവിനെ വിളിച്ചു്, ചില ജ്ഞാനോപദേശങ്ങളാൽ സമാധാനപ്പെടുത്തിയശേഷം സന്ന്യസ്തമനസ്സായിട്ടു് വീടുവിട്ടു വെളിക്കിറങ്ങി. ഭാൎയ്യ വന്നു തടുത്തു. അവരെയും ചില സമാധാനങ്ങൾ പറഞ്ഞാശ്വസിപ്പിച്ചു്, കൎത്തവ്യങ്ങൾ കല്പിച്ചു മടക്കിയയയ്ക്കുകയാണു ചെയ്തതു്. ഒടുവിൽ, ഭണ്ഡാരം സൂക്ഷിപ്പുകാരനെ വരുത്തി, ദ്രവ്യമെല്ലാം സാധുക്കൾക്കു ദാനംചെയ്യണമെന്നാജ്ഞാപിച്ചിട്ടു്, പട്ടണത്തിനു വെളിയിലുള്ള ഒരു വഴിയമ്പലത്തിൽ പോയിരുന്നു.

അദ്ദേഹം, രാഗദ്വേഷാദികളും ഏഷണത്രയവും പരിത്യജിച്ചു്, പരിശുദ്ധമനസ്സായി, ഭിക്ഷയേററുപജീവിച്ചും, ജ്ഞാനനിഷ്ഠനായി ആത്മാനന്ദമനുഭവിച്ചും ദിവസങ്ങളെ നയിച്ചുവരവേ പുണ്യവതിയായ മാതാവു ചരമഗതിയെ പ്രാപിച്ച കഥ അറിവാനിടയായി. അശേഷം ചഞ്ചലപ്പെടാതെ നേരേ ശ്മശാനഭൂവിലേക്കു നടന്നു. അവിടെ എത്തിയപ്പോഴേക്കു ശവം ചിതമേൽ കയററിവച്ചു് ദഹനത്തിനായി വിറകുകളും പാകിക്കഴിഞ്ഞിരുന്നു. ആ വിറകുകളൊക്കെ വാരി ദൂരത്തെറിഞ്ഞിട്ടു് കുറേ പച്ചവാഴപ്പോളകൾ വരുത്തി വിറകിനുപകരം അടുക്കി തീകൊളുത്തി ദഹനക്രിയ ആരംഭിച്ചു. 'ഐരണ്ടു' എന്നു തുടങ്ങുന്ന ജ്ഞാനവിരുത്തവുംപാടി ശവദാഹം കഴിക്കുന്നതു കണ്ടവരെല്ലാം പട്ടണത്തുപിള്ളയാരുടെ മാഹാത്മ്യത്തെ വാഴ്ത്തി സ്തുതിച്ചു.

അനന്തരം അദ്ദേഹം ജ്ഞാനവിരുത്തങ്ങളും ഈശ്വരസ്തോത്രങ്ങളും പാടി നടന്നു് പലപല പുണ്യസ്ഥലങ്ങളെ സന്ദർശിച്ചു. തിരുവിടമരുതൂരിൽ എത്തി അവിടെ ഏതാനും ദിവസം താമസിച്ചശേഷം, അതിനടുത്തുള്ള പല പട്ടണങ്ങളിലും ചുററിസ്സഞ്ചരിച്ചു 'തിരുവാരൂർ' ചെന്നുചേൎന്നു. ആ നഗരത്തിൽ സന്നിയാൽ മരിച്ച ഒരുവനെ ജീവിപ്പിച്ചു്, തദ്ദേശവാസികളെ വിസ്മയിപ്പിച്ചു. അനന്തരം പാണ്ഡ്യരാജ്യത്തു കടന്നു, ജ്ഞാനവിരുത്തങ്ങൾ പാടി, അതുവഴി 'തിരുമുരുകൻപൂണ്ടിൽ' എന്ന ശൈവസ്ഥലത്തെത്തി ഭിക്ഷയാചിക്കയാൽ, അപരാധം ചെയ്തവനെപ്പോലെ പ്രഹരമേററു്, "ഇരിക്കുമിടംതേടി" എന്ന പാട്ടുപാടി, അവിടെനിന്നും തിരിച്ചു്, മററു പല പുണ്യസ്ഥലങ്ങളേയും ദേവാലയങ്ങളേയും സന്ദർശിച്ചു. അനന്തരം 'ഉജ്ജയിനിമഹാകാളം' എന്ന നഗരത്തിലുള്ള വിനായകക്ഷേത്രത്തിലെത്തി ദേവവന്ദനം കഴിച്ചു്, ബ്രഹ്മധ്യാനനിഷ്ഠനായിരിക്കുമ്പോൾ, ആ രാജ്യത്തെ രാജാവായ ഭഗിരി തന്റെ കൊട്ടാരത്തിൽനിന്നും മുതലുകൾമോഷ്ടിച്ചുകൊണ്ടുപോയ കള്ളന്മാരെ അന്വേഷിച്ചന്വേഷിച്ചു്, അവിടെച്ചെന്നെത്താൻ ഇടയായി. കണ്ണടച്ചു മൌനിയായിരിക്കുന്ന പട്ടണത്തുപിള്ളയാരായിരിക്കാം മോഷ്ടാവെന്നു പരിജനങ്ങൾ സംശയിച്ചു പറഞ്ഞതിനെ രാജാവു വിശ്വസിച്ചു് അദ്ദേഹത്തെ ബന്ധിക്കാൻ ആജ്ഞാപിച്ചു. കിങ്കരന്മാർ കഴിയുന്നതു ബന്ധിച്ചിട്ടും യാതൊരു ഭാവഭേദവും ഇല്ലാതെ ഇരുന്ന ആ മഹാശയനെ രാജാവു കഴുവിലേററിക്കയും ആ അവസരത്തിൽ അദ്ദേഹം (പട്ടണത്തുപിള്ളയാർ) കണ്ണുതുറന്നു രാജാവിനെ നോക്കി പല പല ജ്ഞാനോപദേശങ്ങളാൽ വിശുദ്ധനാക്കിത്തീൎക്കയും ചെയ്തു. അനന്തരം രാജാവിനോടു മരുതൂരിൽ സന്ധിച്ചനായയെ കാശിരാജന്റെ പുത്രിയായി ജനിപ്പിച്ചു്, ഒടുവിൽ അദ്ദേഹം (ഭഗിരി) മൂലംതന്നെ കാശിരാജനും മകൾക്കും മോക്ഷത്തെ പ്രദാനംചെയ്തു. ഇങ്ങിനെയിരിക്കെ, പൂൎവ്വജന്മസ്മരണയുണ്ടാകയാൽ ശിവപാദങ്ങൾ ധ്യാനിച്ചു്, വിഷണ്ണനായി "ശംഭോ!ശങ്കര!ഗൌരീശ നിന്തിരുപ്പദദൎശനം നിരാശ്രയനായ അടിയനു നൽകുന്നതെന്നോ" എന്നിങ്ങനെ പലവുരു പ്രാൎത്ഥിച്ചു ദുഃഖിച്ചിരിക്കെ, ശിവാജ്ഞയാൽ രാജാവിനെ ബന്ധനത്തിൽനിന്നും വിട്ടുവിച്ചു്, തിരുപൊററിയൂരിൽ ചെന്നു്, കുറേക്കാലം പലതരത്തിലുള്ള രൂപങ്ങളോടുകൂടി—അതായതു്, ഓരോസമയത്തു്, ഓരോവിധത്തിലുള്ള രൂപം കാണിച്ചുകൊണ്ടു്, അവിടെ

താമസിച്ചു. ഒരുദിവസം പരമാത്മമായിത്തന്നെ തന്റെ ശരീരത്തെ മറയ്ക്കുയും, ആ മറച്ച ശരീരത്തെ പിന്നീടു ശിവലിംഗരൂപത്തിൽ, പ്രത്യക്ഷമാക്കിയ ശേഷം ദിവ്യദേഹം സ്വീകരിച്ചു ശിവസന്നിധിയെ പ്രാപിക്കയും, ശിവന്റെ കല്പനയാൽ മുമ്പിലത്തെപ്പോലെ കുബേരനായി ഭവിച്ചു്, ഭഗവൽപ്പാദസേവ ചെയ്തുകൊണ്ടു് അവിടെത്താമസിക്കയും ചെയ്തു.

അദ്ദേഹത്തിന്റെ സഹധർമ്മിണിയും തന്റെ അനിത്യദേഹത്തെ അപ്പോഴേ ഉപേക്ഷിച്ചു, ഭർത്തൃപാദങ്ങളോടു ചേൎന്നു.

പട്ടണത്തുസ്വാമികളുടെ ചരിത്രസംഗ്രഹം

സമാപ്തം.

പട്ടണത്തുപിള്ളയാർ അരുളിച്ചെയ്ത
തിരുപ്പാടൽകൾ

(മൂലവും മലയാള വ്യാഖ്യാനവും)

ആദ്യകോവിൽ തിരുപ്പാടൽ (കോവിൽചിദംബരം)

മൂലം—നിനൈമിൻമനമേ നിനൈമിൻമനമേ
ശിവപെരുമാനൈ ചെമ്പൊന്നമ്പലവനൈ
നിനൈമിൻമനമേ നിനൈമിൻമനമേ.

അ—ചെമന്ന പൊന്നമ്പലത്തിൽ വസിച്ചരുളുന്ന പരമശിവനെ ഹേ മനസ്സേ! നീ നിനച്ചാലും—നിനച്ചാലും!

അലകൈത്തേരി നലമരുകാലിൻ
ഉലകപ്പൊയ്യ്വാഴ കൈയൈ ഉടലൈയോംപൽക!

അ—പിശാചിനു തുല്യമായ പൊയ്യായ ലോകവാഴ്ച്ചയേയും ചലിക്കുന്ന കാററുപോലെ അനിത്യമായ ശരീരത്തേയും പരമാത്ഥമെന്നു കരുതി സംരക്ഷിക്കരുതേ—(എന്തെന്നാൽ)

പിറന്തനവിറക്കും ഇറന്തനപിറക്കും
തോൻറിനമറൈയും മറൈന്തനതോൻറും
പെരുന്തനചിരുക്കും ചിരുന്തനപെരുക്കും
ഉണർന്തനമറക്കും മറന്തനഉണരും
പുണർന്തനപിരിയും പിരിന്തനപുണരും
അരുന്തിനമലമാം പുനൈന്തനവഴക്കാം
ഉവപ്പനവെറുപ്പാം വെറുപ്പനഉവപ്പാം
എൻറിവയനൈത്തുമുണർന്തനൈ,യൻറിയും.

അ—ജനിച്ചവയെല്ലാം മരിക്കുന്നു. മരിച്ചവയെല്ലാം ജനിക്കുന്നു. വെളിപ്പെട്ടവയെല്ലാം മറയുന്നു. മറഞ്ഞവയെല്ലാം വെളിപ്പെടുന്നു. വദ്ധിച്ചവയെല്ലാം കുറയുന്നു. കുറഞ്ഞവയെല്ലാം വദ്ധിക്കുന്നു. അറിഞ്ഞവയെല്ലാം മറക്കുന്നു. മറന്നവയെല്ലാം അറിയുന്നു. ചേൎന്നവയെല്ലാം പിരിയുന്നു.

പിരിഞ്ഞവയെല്ലാം ചേരുന്നു. ഭക്ഷിച്ചവയെല്ലാം ദഹിച്ചു മലമായിത്തീരുന്നു. ധരിച്ചവ (വസ്ത്രാദികൾ) അഴുക്കാകുന്നു. ആഗ്രഹിച്ചവയെല്ലാം വെറുക്കുന്നു. വെറുത്തവയെല്ലാം ആഗ്രഹിക്കപ്പെടുന്നു. എന്ന് ഇപ്പറയപ്പെട്ടവയെല്ലാം നീ അറിഞ്ഞിരിക്കുന്നു. കൂടാതെയും—

പിറന്തനപിറന്തനപിറവികടോറും (കാലംതോറും)
കൊൻറനൈയനൈത്തുമനൈത്തുനിനൈക്കൊൻറന
തിൻറനൈയനൈത്തുനിനൈത്തിൻറന
പെററനൈയനൈത്തുമനൈത്തുനിനൈപ്പെററന-
ഓമ്പിനയനൈത്തുമനൈത്തുന നൈയോമ്പിന
ചെൽവത്തുക്കളിത്തനൈ തരുത്തിരത്തഴുങ്കിനൈ
ചുവക്കത്തിരുന്തനൈ നരകിൽകിടന്തനൈ
ഇമ്പവുംതുമ്പവുമിരുനിലത്തരുമ്പിനൈ
ഒൻറാൻറാഴിയാതുററനൈ.യൻറിയും.

അ—(ലോകത്തിൽ ഇതുവരെയും) പിറന്ന ജന്മങ്ങളിലെല്ലാം എല്ലാ ജീവനെയും നീ കൊന്നു; അവ നിന്നെയും കൊന്നു. അവയെ എല്ലാം നീ തിന്നു; അവ നിന്നെയും തിന്നു. എല്ലാവറ്റെയും നീ പ്രസവിച്ചു (ജനിപ്പിച്ചു) അവ, നിന്നെയും പ്രസവിച്ചു. എല്ലാവറ്റെയും നീ സംരക്ഷിച്ചു; അവ നിന്നെയും സംരക്ഷിച്ചു. സമ്പത്തുണ്ടായപ്പോൾ സന്തോഷിച്ചു; ദാരിദ്ര്യം സംഭവിച്ചപ്പോൾ ദുഃഖിച്ചു; സ്വർഗ്ഗലോകത്തിൽ ഇരുന്നു; നരകത്തിൽ കിടന്നു. ഈ ലോകത്തിലെ സുഖദുഃഖങ്ങളെ അനുഭവിച്ചു. ഇങ്ങനെ മേല്പറയപ്പെട്ടവ ഒന്നൊഴിയാതെ അനുഭവിച്ചു. മാത്രമല്ല—

പുൽപുതക്കുരമ്പൈ തുച്ചിലൊതിക്കിടം
എന്നനിൻറിയംകു മിരവിനൈക്കൂട്ടൈ,
കല്ലിലുംവലിതാക്കരുതിനൈയിതനുൾ
പൂളൈയുംനീരുംപുറപ്പെടുമൊരുപൊറി,
മീളുംകുറപ്പിവെളിപ്പടുമൊരുപൊറി,
ചളിയുംനീരുന്തവിഴുമൊരുപൊറി
ഉമിഴ്നീർക്കോഴൈയൊഴുകുമൊരുപൊറി
വളിയുമലവുംവഴംകുമൊരുവഴി
ചലമുംചീയുംചരിയുമൊരുവഴി
ഉള്ളറത്തൊടങ്കിവെളിപ്പെടനാറും

ചട്ടകമുടിവിൽചുട്ടെല്ലുമ്പാകും
ഉടലുരുവായെയ്യെയെയുള്ളുറത്തേർന്തു.

അ—നീർക്കുമിളപോലെ അസ്ഥിരമായും വെറുക്കത്തക്കതായുമിരിക്കുന്ന ഈ ശരീരത്തെ കല്ലിനെക്കാൾ ബലമുള്ളതാണെന്നു നീ ധരിച്ചു അങ്ങനെ ധരിക്കപ്പെട്ട ഈ ശരീരത്തിൻെറ ഉള്ളിൽ ഒരു ദ്വാരത്തിൽക്കൂടി പീളയും വെള്ളവും പുറപ്പെടുന്നു (കണ്ണിൽക്കൂടി എന്നഭിപ്രായം) ഒരു ദ്വാരത്തിൽക്കൂടി ദുർഗ്ഗന്ധിമലവിശേഷം പുറപ്പെടുന്നു. (കാതിൽക്കൂടി) ഒരു ദ്വാരത്തിൽക്കൂടി ചളിയും വെള്ളവും ഒഴുകുന്നു. (മൂക്കിൽക്കൂടി) ഒരു ദ്വാരത്തിൽ കൂടി ഈഴ്ത്തുവായൊഴുകുന്നു (വായിൽക്കൂടി) ഒരു ദ്വാരത്തിൽക്കൂടി അപാനവായുവും മലവും പുറപ്പെടുന്നു. (ഗുദദ്വാരത്തിൽക്കൂടി) ഒരു വഴിയിൽക്കൂടി വെള്ളവും ചലവും ഒഴുകുന്നു. (ശുക്ലദ്വാരത്തിൽക്കൂടി) കൂടാതെയും ഉൾഭാഗം മുതൽ ബഹിർഭാഗംവരെ സർവത്ര ദുർഗ്ഗന്ധമാണ്. ഒടുവിൽ ചുട്ട എല്ലുമ്പു മാത്രം ശേഷിക്കുന്നു. ശേഷമൊക്കെ ചാമ്പലായ് ധൂളിച്ചുപോകത്തക്കതേയുള്ളുവെന്നു സാരം. ഇങ്ങനെയുള്ള ശരീരത്തോടുകൂടിയ ജീവിതത്തെ മനസ്സിൽ നല്ലപോലെ വിചാരിച്ച്, (അതായതു്, ശരീരവാഴ്വു വിശുദ്ധവും സ്ഥിരവും അല്ലെന്നു നിശ്ചയിച്ചു.)

കടിമലർകൊൺറൈച്ചടൈമുടിക്കടവുളൈ
ഒഴിവരുംചിവപെരുംപോകവിൻപത്തൈ
നിഴലെനക്കടവാനീർമൈയോടുപൊരുന്തി
എനതറനിനൈവരവിരുവിനൈമലമറ
വരവൊടുചെലവരവരുളറവിരുളറ
ഇരവൊടുപകലറവിടംപാറവൊരു
മുതൽവനൈത്തില്ലെയുൺമുളൈത്തെഴാചോ—
അനചലത്തരശനൈയാനന്തക്കൂത്തനൈ (തിയൈ
നെരുപ്പിനിലരക്കനെനെക്കനെക്കുരുകി
ത്തിരുച്ചിററമ്പലത്തൊളിരുഞ്ചിവനൈ
നിനൈമിൻമനമേ നിനൈമിൻമനമേ
ചിവപെരുമാനൈച്ചെമ്പൊന്നമ്പലവനൈ
നിനൈമിൻമനമേ നിനൈമിൻമനമേ.

അ—കൊന്നപ്പൂ ചൂടിയ ജടാഭാരത്തോടുകൂടിയ ദേവ! അക്ഷയമായ സുഖത്തെത്തരുന്ന ബ്രഹ്മാനന്ദത്തെ ആശ്രയമായിക്കരുതി, ആ ആശ്രയത്തിൽ സ്ഥിരവിശ്വാസത്തോടുകൂടിയിരുന്ന്, എൻേറതെന്ന മമത്വവും

വസ്തുക്കളിലുള്ള അഭിലാഷവും ശുഭാശുഭങ്ങളും പ്രാരബ്ധങ്ങളും മായാമോഹവും ജന്മമരണങ്ങളും അജ്ഞാനവും രാപ്പകൽ എന്നുള്ള ഭേദവും ദേഹഭേദവും നശിക്കുന്നതിനായി, തുല്യമില്ലാത്തവനായി, ചിദംബരത്തിൽ വെളിപ്പെട്ടുകാണപ്പെടുന്ന ജ്യോതിഃസ്വരൂപനായി, ചിദംബരക്ഷേത്രാധിപതിയായി, ആനന്ദനൃത്തവിനോദനനായി തീക്കനലിന്റെ സമീപത്തിലിരിക്കുന്ന അരക്കുപോലെ ഭക്തന്മാരുടെ സന്നിധിയിൽ അലിവുററ ഹൃദയത്തോട്ടുകൂടിയവനായിരിക്കുന്ന ചിദംബരേശനായ ശിവനെ ഹേ മനസ്സേ! നീ ധ്യാനിച്ചാലും. ചെമന്ന പൊന്നമ്പലമുള്ള ആ ദേവനെ ഹേ മനസ്സേ! നീ ധ്യാനിച്ചാലും—

രണ്ടാമത്തു കോവിത്തിരുപ്പാടൽ.

കാതളവോടിയകലകപ്പാതക
കണ്ണിയർമരുങ്കിൽവിണ്ണുടനാട്ടം
കാതലുംകരുത്തുമല്ലാലിന്നിരുതാറ
പങ്കയംചൂടപ്പാക്കിയഞ്ചെയ്യാ—
ച്ചങ്കടംക്രൂർന്തതമിയേൻപാങ്കിരു
ന്തങ്കോടിങ്കോടലമരുംകാംവർ
ഐവർകലകുമിട്ടലൈയ്ക്കുംകാനകം
ചലമലപ്പേഴൈ ഇരുവിനൈപ്പെട്ടകം
വാതപിത്തംകോഴൈകുടിപുകഞ്ചീറൂർ
ഊത്തൈപ്പുൻേറാലുതിറക്കട്ടൈ
നാററമ്പാണ്ടനാൻമുഴത്തൊമ്പതു
പിററവുണ്ടാപ്പേയ്ചുരൈത്തോട്ടം
അടലൈപ്പെരിയചുടലൈത്തിടരും
ആചൈക്കയിററിലാട്ടുംപമ്പരം
ഓയാനോയ്ക്കിടമോട്ടുമരക്കലം
മായാവികാരമരണപ്പഞ്ചാം
ചോറുമൂത്തുരുത്തിതുററും പത്തം

കാററിൽപറക്കുംകാനപ്പട്ടം
വിത വഴിത്തരുമൻവെട്ടുംകട്ടൈ
ചതുർമുകപ്പാണൻതൈക്കുംചട്ടൈ
ഈമക്കനെലിപ്പിട്ടുവിലവിരുന്തു്
കാമക്കനെലിൽകരുക്കുംചരുക്ക
കിരുമികിണ്ടും കിഴങ്കഞ്ചരുമി
പവക്കൊഴുന്തേറുംകവൈക്കൊഴുകൊമ്പു
മണ്ണമായ്നടക്കുംവടിവിൻമുടിവിൽ
പിണമായ്ക്കിടക്കുംപിണ്ഡംപിണമേ
ഊരിൽകിടക്കവൊട്ടാവുപാതി
കാലെതിർകുവിത്തപൂളൈകാലൈ
ക്കതിരെതിപ്പെട്ടകടമ്പനിക്കൂട്ടം
അന്തരത്തിയങ്കു ഇന്തിരചാപം
അതിരുമേകത്തുരുവിനരുനിഴൽ
നീരിൽകുമിഴിനീർമേലെഴുത്തു
കണ്ടുയിൽകനവിൽകണ്ടകൺകാക്ഷി
അതനിനുംപൊല്ലാമായക്കളങ്കം
അമൈയുമമൈയുംപിരാനേയമൈയും
അമൈയവല്ലിവാഴിയെൻറേത്ത
ആനന്തതാണ്ഡവംകാട്ടി
ആണ്ടുകൊണ്ടരുൾകൈനിന്നരുളിനുക്കേഴ.

അ—അങ്ങുമിങ്ങുമായലയുന്ന അഞ്ചുകള്ളന്മാർ, കലഹിച്ചുനശിപ്പിക്കുന്ന കാനനമായി, ജലവും മലവും നിറഞ്ഞ പാത്രമായി, പുണ്യപാപങ്ങൾ സംഗ്രഹിച്ചു സൂക്ഷിക്കുന്നതിനുള്ള പെട്ടകമായി വാതപിത്തശ്ലേഷ്മമലങ്ങളുടെ അധിവാസദേശമായി, അഴുക്കടഞ്ഞ തോലാലും രക്തക്കെട്ടാലും ദുർഗ്ഗന്ധബാഹുല്യമായ ഭാണ്ഡമായി, നാലുമുഴംനീളവും ഒൻപതു ദ്വാരവുമുള്ള ഒരു തടിക്കഷണമായി, പേച്ചുരച്ചെട്ടി വളരുന്ന തോട്ടമായി; മണ്ണുനിറഞ്ഞ ഒരു ചുടുകാട്ടു മേടയായി, ആശയെന്ന കയറിൽ കിടന്നു കറങ്ങുന്ന പമ്പരമായി മാറാതെ എപ്പോഴും വന്നുകൊണ്ടിരിക്കുന്ന വേദനകൾക്കിരിപ്പിടമായി, ഓടിക്കൊണ്ടിരിക്കുന്ന കപ്പലായി, മായാമോഹത്തോടുകൂടിയതും നശിക്കുന്നതു

മായ കൂടായി, ചോരു നിറച്ചു വ്യാപരിപ്പിക്കുന്ന തോൽതുരുത്തിയായി, തുററിപ്പറത്തുന്ന പതിരായി, കാററിൽ പറക്കുന്ന കാനൽപട്ടമായി, ഏല്പെട്ടുത്തിയ അളവനുസരിച്ചു്, യമനാൽ വെട്ടപ്പെട്ട കട്ടയായി, ബ്രഹ്മദേവനാകുന്ന പാണനാൽ തൈക്കപ്പെട്ട ചട്ടയായി, ചുടുകാട്ടുതീക്കനലിനു സൽക്കരിക്കുന്ന ആഹാരസാധനമായി, കാമത്തീയിൽ കരിഞ്ഞുപോകുന്ന കരിയിലയായി, പുഴുക്കൾ തുളയ്ക്കുന്ന കിഴങ്ങുംതോലായി പാപമാകുന്ന തളിരുകൾ പൊട്ടിമുളയ്ക്കുന്നതിനുള്ള മരക്കൊമ്പായി, അഥവാ (ചാപല്യക്കുരങ്ങനു കളിയാടുന്നതിനുള്ള മരക്കൊമ്പായി) ആദിയിൽ വിവാഹാദികളോടുകൂടി സുഖിച്ചിരുന്നു് ഒടുവിൽ ശവമായിവീഴുന്നപിണ്ഡമായി, മരിച്ചതിൽപിന്നെ വീട്ടിനുള്ളിൽവച്ചേക്കാൻകൊള്ളാത്ത അശുദ്ധവസ്തുവായി, കാററത്തകപ്പെട്ട ഇലവിൻപഞ്ഞിയായി, പ്രഭാതസൂൎയ്യൻെറ കിരണങ്ങളിൽ അകപ്പെട്ട മഞ്ഞുതുള്ളിയായി, ആകാശത്തിൽ കാണപ്പെടുന്ന ഇന്ദ്രധനുസ്സ് (മഴവില്ലു്) ആയി ശബ്ദിക്കുന്ന തോൽവാദ്യത്തിൻെറ ഛായയായി, വെള്ളത്തിലുണ്ടാകുന്ന കുമിളയായി, വെള്ളത്തിൽ എഴുതുന്ന എഴുത്തായി, സ്വപ്നത്തിൽ കാണപ്പെട്ട കാഴ്ചയായി അതേക്കാളും അനിഷ്ടമായി മായാലാഞ്ഛനമായിരിക്കുന്ന ഈ ശരീരം, അല്ലയോ പരമേശ! എനിക്കു സംഭവിക്കുന്നു. അതു വരാതവിധത്തിൽ കാത്തു്, കാതുവരെ നീണ്ട കണ്ണുകളോടുകൂടിയ സുന്ദരിമാരിൽ ഉള്ള അഭിലാഷവും അവരെക്കുറിച്ചുള്ള വിചാരവുമില്ലാതെ നിന്തിരുപ്പാദങ്ങൾ ശിരസ്സിൽ ധരിക്കുന്നതിനു ഭാഗ്യമുണ്ടായിട്ടില്ലല്ലോ എന്നുള്ള സങ്കടത്തോടുകൂടിയ എൻെറ മുമ്പിലെഴുന്നരുളി ശ്രീപാർവതീദേവി വാഴ്ത്തിസ്തുതിക്കത്തക്കവണ്ണം നടിക്കുന്ന ആ ആനന്ദനൃത്തത്തെ എന്നെക്കാട്ടി രക്ഷിക്കുന്നതുതന്നെ നിന്തിരുവടിയുടെ ധൎമ്മത്തിനു ചേരുന്നതു്.

മൂന്നാമത്തു കോവിത്തിരുപ്പാടൽ.

പാല്ക്കടൽകടയപ്പെട്ടുംകട്ടുവെണ്ണൈയൈ
ത്തിരുമിടത്തടക്കിയശിവനേയടൈക്കലം

അ—ദേവാസുരന്മാർചേൎന്നു പാൽക്കടൽ കടഞ്ഞപ്പോൾ, വാസുകി വമിച്ച വിഷത്തെ ശോഭനമായ തൻെറ കഴുത്തിൽ അടക്കിവച്ചു് പരമേശ! ഞാൻ നിന്നെ ശരണംപ്രാപിക്കുന്നു.

അടങ്കലുമടക്കിടുങ്കട്ടുങ്കൊലൈക്കലൈന്നെ
കാലെടുത്തടക്കിയകടവുണിന്നടൈക്കലം

അ—എല്ലാവരെയും കീഴടക്കുന്ന സംഹാരകർമ്മത്തെ കുലത്തൊഴിലാക്കിവച്ചിരിക്കുന്ന കാലനെ, കാൽകൊണ്ടു ചവിട്ടിക്കീഴടക്കിയ പരമേശ! ഞാൻ നിന്നെ ശരണംപ്രാപിക്കുന്നു.

ഉലകടങ്കലുംപടൈത്തുടൈയവൻതലൈപറി–
ത്തിടക്കയിലടക്കിയവിരൈവനിന്നടൈക്കലം.

അ—എല്ലാലോകങ്ങളേയും സൃഷ്ടിച്ച ബ്രഹ്മദേവൻെറ ശിരസ്സു നുള്ളി ഇടതുകയ്യിൽ വച്ചിരിക്കുന്ന നാഥനായ ദേവ! നിന്നെ ഞാൻ ശരണം പ്രാപിക്കുന്നു.

ചെയ്യപൊന്നമ്പലച്ചെൽവനിന്നടൈക്കലം

അ—ചെവന്ന പൊന്നമ്പലത്തിൽ അധിവസിക്കും ധനാഢ്യനായ ദേവ! നിന്നെ ഞാൻ ശരണംപ്രാപിക്കുന്നു.

ഐയനിന്നടൈക്കലമടിയനിന്നടൈക്കലം

അ—ലോകപ്രഭോ! നീതന്നെ എനിക്കാശ്രയം. വേറാശ്രയമില്ലാത്ത നിൻെറ അടിമയായ ഞാൻ, നിന്നെത്തന്നെ ശരണംപ്രാപിക്കുന്നു.

മന്നവഴിയളൈത്തിടുംകനവെന്നുംവാഴ്ക്കൈയും
വിഴൈപ്പൊരുളറിയവഴക്കുരുമന്നനും
ആണവമല്ത്തുതിത്തളൈന്തതില്ലുളൈന്തിടു
നിണവൈപ്പുഴുവെനതെളിത്തിടുചിന്തൈയും
പടിറുംപാവമുംപഴിപ്പുരുനിനൈപ്പും
തവറുമഴുക്കാറുമിവരുംപൊച്ചാപ്പും
കവടുംപൊയ്യുംചുവരുംപെരുഞ്ചിന
വികല്പുംകൊലൈയുമിഴിപ്പുർപുൻമൈയും
പകൈയുമച്ചമുന്തുണിവുംപണിപ്പും
മുക്കുന്നമടമൈയുമൈമൈപൊറാമുയക്കമും
ഇട്ടമൈയുംപിണിയുമിടുക്കിയവാക്കൈയൈ
ഉയിരെനുംകരുക്കുവിട്ടോട്ടുംകുരമ്പൈയൈ
എലുമ്പൊടുനരമ്പുംകൊണ്ടിടൈയിൽപിണിത്തു
കൊഴുന്തസൈമേയ്ന്തുമെഴുക്കുവിഴുംകുടിലൈ
ച്ചെഴുമ്പെഴവുതിരച്ചുരപ്പുഴുക്കുരമ്പൈയൈ
മലവുടൽക്കുടത്തൈപ്പുലവുടൽപുട്ടിലൈ

ത്തൊലൈവിലാച്ചോററുത്തുമ്പക്കുഴിയൈ
കൊലൈപ്പടൈക്കലംപലക്കിടക്കുംക്കൂട്ടൈ
ചലിപ്പുദ്ദിനൈപ്പലചരക്കുക്കുപ്പൈയൈ
ക്കോൾച്ചൂരക്കൊഴുക്കുംപീററക്കോണിയൈ
ക്കോപ്പത്തീമൂട്ടുംകൊല്ലൻതുരുത്തിയൈ
ഐമ്പുലപ്പറൈവെയടയുംപഞ്ചരത്തൈ
പ്പുലരാക്കവലൈവിലൈമരപ്പോത്തുമ്പൈ
ആശൈക്കയിററിലാട്ടുംപമ്പരത്തൈ
കാശിൽപണത്തിൽചുഴലുംകാററാടിയൈ
മക്കൾവിനൈയിൻമയങ്കുന്തികിരയൈ
ക്കട്ടുവെളിയുരുട്ടിയശകടക്കാലൈ
പ്പാവച്ചുരക്കൊട്ടുപവക്കടൽപുക്ക
കാമക്കാററെടുത്തലൈപ്പു
ക്കെട്ടുവഴിക്കരൈചേർകെട്ടുമരക്കലത്തൈ
ഇരുവിനൈവിയങ്കൊട്ടുമീയംകുറുപ്പൽകലനൈ
നട്ടുവൻവന്തഴൈത്തിടനടുങ്കിട്ടുംയാക്കൈയൈ
പ്പിനമെനപ്പടുത്തിയാൻപുറപ്പെട്ടുംപൊഴുതുനിൻ
അടിമലർക്കമലത്തുക്കപെയനിന്നടൈക്കലം
വെളിയിടൈയുരുമിടിയിടിത്തെനവെരുത്തെഴും
കടുനടൈവെൾവിടൈകടവുണിന്നടൈക്കലം
ഇമൈയോനാട്ടത്തിറൈയേയടൈക്കലം
അടിയാക്കെളിയായടൈക്കലമടൈക്കലം
മറൈയവർതില്ലൈമൻറുണിൻറാടി
കരുണൈമൊണ്ടലൈയെറിക്കടവുളൈയടൈ-
ത്തോവരുമുനി വരുംഞ്ചൻറുനിൻറേത്ത- ക്കലം
പാശിഴൈക്കൊടിയൊട്ടുപരിന്തരുൾപുരിയും
എമ്പരിമാനിൻനിണൈയടിക്കപയം
അമ്പലത്തരശേയടൈക്കലമുനക്കേ.

അ—മനസ്സുപോകുന്ന വഴിയൂടെ എന്നെ അലയിച്ചു്, കെടുത്തുന്ന സ്വപ്നതുല്യമായ ഈ ജീവിതമുപേക്ഷിച്ചു് ഉൽകൃഷ്ടപ്രയോജനങ്ങളെ

അന്വേഷിച്ചറിയാത്ത കുററത്തോടുകൂടിയ മനസ്സും, പ്രാരബ്ധമെന്ന മലത്തിൽ പിറന്നു്, അതിൽതന്നെ മുഴുകിക്കിടക്കുന്നതും രക്തത്തിൽ ജനിച്ചു്, അതിൽതന്നെകിടന്നു കുടിച്ചുമറിഞ്ഞുപുളയുന്ന കൃമിയെപ്പോലെ തെളിയുന്നതുമായ ചിന്താ, കൊടിയപാപം, പരിഹാസപാത്രമായ ദുർവിചാരം, തെററു്, അക്ഷമ, മറവി, വഞ്ചന, കള്ളം, ഭാവഭേദം, കോപാന്ധതയാൽ ഉണ്ടാകുന്ന ദ്വേഷം, കൊല, അധമമായ അജ്ഞാനം, വികല്പം, സങ്കല്പം, ഭയം, രാജസതാമസസാത്വിക ഗുണങ്ങളുടെ സംബന്ധത്താലുണ്ടാകുന്ന അജ്ഞാനം ശാരീരമായ ജ്ഞാനേന്ദ്രിയപഞ്ചകത്തിൻെറ വാസം, ദാരിദ്ര്യം, നോവു് എന്നിവയെല്ലാംകൂടി ദുഃഖിപ്പിക്കുന്ന ദേഹത്തെയും, ജീവനാകുന്ന പക്ഷി ഉപേക്ഷിച്ചിട്ടു് ഓടിപ്പോകുന്നതായ ആ കൂട്ടിനെയും, അതായതു്, എല്ലും ഞരമ്പും കൊണ്ടു കെട്ടപ്പെട്ടതും തൊലിയാൽ മൂടപ്പെട്ടതുമായ ചലിക്കുന്ന കുടിലായി കൊഴുത്ത ചോരയിൽ കിടന്നു്, ചെറുകൃമികൾ പുളയുന്ന കൂടായി, മലംനിറഞ്ഞ സഞ്ചിയായി, മാംസംതന്നെ നിറഞ്ഞിരിക്കുന്ന കട്ടയായി, ഒഴിയാത്ത ദുഃഖത്തെത്തരുന്ന ചോററുകുഴിയായി, പ്രാണനെ നശിപ്പിക്കുന്ന പലതരം ആയുധങ്ങളുടെ കലവറയായി, അത്യന്തം വെറുപ്പുണ്ടാക്കുന്ന പല നികൃഷ്ടവസ്തുക്കൾ കുന്നിച്ചിരിക്കുന്ന കുപ്പയായി, ഏഷണി, ദുർവചനം മുതലായ വിഷവസ്തുക്കൾ നിറഞ്ഞു ചിന്തുന്ന ദ്വാരത്തോടുകൂടിയ കിണറായി, കോപമാകുന്ന അഗ്നിയെ മൂട്ടുന്ന കൊല്ലൻെറ തുരുത്തിയായി, ശബ്ദസ്പർശരൂപരസഗന്ധങ്ങൾ എന്ന പഞ്ചേന്ദ്രിയവിഷയങ്ങളാകുന്ന പക്ഷികൾ കുടികൊണ്ടിരിക്കുന്ന കൂടായി, ഒഴിയാത്ത ദുഃഖങ്ങളാകുന്ന വൃക്ഷങ്ങൾ ഇടതൂർന്നുനില്ക്കുന്ന ചോലയാ (കാനനമാ)യി, ആശയെന്ന കയറിനാൽ ആട്ടുന്ന (കറങ്ങുന്ന) പമ്പരമായി, കാശും പണവും ഊതിപ്പെരുക്കുന്നതിൽ പ്രവൎത്തിക്കുന്ന കാററാടിയായി, മനുഷ്യരുടെ ശുഭാശുഭകൎമ്മങ്ങളനുസരിച്ചു്, ഓരോരോരൂപത്തിൽ മറഞ്ഞുമറഞ്ഞുവരുന്ന ചക്രമായി, ഒരു തടസ്സവുമില്ലാത്ത മൈതാനവെളിയിലേക്കു ഉരുട്ടിവിട്ട വണ്ടിച്ചക്രമായി, പ്രാരബ്ധമാകുന്ന ചരക്കുനിറച്ചു് ജന്മമാകുന്ന സമുദ്രത്തിൽ കടന്നു് കാമമാകുന്ന കാററുപിടിച്ചോടി, ദുൎമ്മാൎഗ്ഗമാകുന്ന കരയിൽ ചെന്നടുക്കുന്ന കപ്പലായി ശുഭാശുഭകൎമ്മങ്ങളെന്നു പറയപ്പെടുന്ന പുണ്യപാപവിലങ്ങിട്ടുകൊണ്ടു സഞ്ചരിക്കുന്ന മൃഗമായി, ഒടുവിൽ കാലൻവന്നു വിളിക്കുമ്പോൾ ഭയപ്പെടുന്നതായിരിക്കുന്ന (മേൽപറഞ്ഞ ലക്ഷണങ്ങളോടുകൂടിയ) ദേഹത്തെയും,

ശവമാക്കിത്തറയിൽ തള്ളിയുംവച്ചു്, ജീവനായ ഞാൻ വെളിയിൽ പുറപ്പെട്ടുപോകുമ്പോൾ, നിൻെറ തിരുവടിത്താമരകളിൽ അഭയം പ്രാപിക്കുമാറു നിന്നെ ആശ്രയമായിക്കരുതാൻ ഞാൻ ആഗ്രഹിക്കുന്നു. ആകാശത്തിൽ മുഴങ്ങുന്ന മേഘഗൎജ്ജനംപോലെ മുക്കറപാടി കട്ടക്കെ നടക്കുന്ന പെരുംക്രൂരനെ വാഹനമാക്കിയിരിക്കുന്ന ദൈവമേ, ഞാൻ നിൻെറ അടിമയാണേ. അല്ലയോ ഭക്തദാസ അടിമയാണേ ഞാൻ. നിന്നിമേഷദൃഷ്ടിയായ സർവദാ ഉണൎച്ചയോടുകൂടിയ ദേവ! ഞാൻ നിൻെറ അടിമയാണേ.

മൂവായിരം ബ്രാഹ്മണർ, നിത്യം അധിവസിക്കുന്ന ചിദംബരത്തു് കോവിലിലെ ശ്രീകോവിലിൽ, തിരുനടനഞ്ചെയ്തു് അനുഗ്രഹത്തിരകളെ വീശുന്ന ദൈവമാകുന്ന സമുദ്രമേ! ഞാൻ അങ്ങേ ദാസൻ; ദേവന്മാരും മുനിമാരും വാഴ്ത്തിസ്തുതിക്കുമാറു് പാർവതീസമേതനായി എഴുന്നരുളിയിരുന്നു് ജീവരാശികളെ അനുഗ്രഹിക്കുന്ന ദേവ! നിന്തിരുവടിയുടെ തിരുവടികൾ രണ്ടും അഭയം പ്രാപിക്കുന്നു. ഹേ ക്ഷേത്രനാഥ! ഞാൻ മറ്റുദേവന്മാരെ ആശ്രയിക്കാതെ നിന്നെത്തന്നെ ശരണംപ്രാപിച്ചിരിക്കുന്നു. അതിനാൽ നീതന്നെ എന്നെ രക്ഷിപ്പാറാകണം.

നാലാമതുകോവിൽതിരുപ്പാടൽ.

തിരുമാൽപയന്തതിശൈമുകറനൈമൈത്തു
വരുമേഴ്പിറവിയുമാനിടത്തുതിത്തു
മലൈമകൾകോമാൻമലരടിയിരൈഞ്ചി
കുലവിയശിവപദംകുറുകാതവമേ
മാതരൈമകിഴ്ന്തുകാതൽകൊണ്ടാട്ടും
മാനുടർക്കെല്ലാംയാനെടുത്തുരൈപ്പേൻ
വിളിവെളിമാർക്കടെളിവുരക്കേൺമിൻ

അ—വിഷ്ണുഭഗവാനാൽ പുത്രനായി ജനിപ്പിക്കപ്പെട്ട ബ്രഹ്മദേവൻ, സൃഷ്ടിച്ചുവരുന്ന ഏഴുവിധമുള്ള മാനുഷജന്മത്തിൽ ജനിച്ചു് പാർവതീപതിയായ പരമശിവന്റെ തിരുവടികളെ വന്ദിച്ചു് ശോഭനമായ ശിവപദവിയെ അടയാതെ മൂഢാ സ്ത്രീകളെ നോക്കിസ്തുതിച്ചു് കൊണ്ടാടുന്ന മനുഷ്യർക്കെല്ലാം ഞാൻ ചില വിഷയങ്ങളെ എടുത്തുപറഞ്ഞുതരാം. അങ്ങനെ എന്നാൽ പറയപ്പെടുന്ന വിഷയങ്ങളെ ഹേ മനുഷ്യരെ! നിങ്ങൾ ശ്രദ്ധയോടെ കേട്ടുകൊൾവിൻ!

മുള്ളുങ്കല്ലുമുയൻറുനടക്കും
ഉള്ളങ്കാലൈപ്പഞ്ചനഉരൈത്തും
വെള്ളെലുമ്പാലേമേവിയകണൈങ്കാൽ
തുള്ളുംവരാലെനച്ചൊല്ലിത്തുതിത്തും
തശൈയുമെലുമ്പുംതക്കൈപുൻകുറകൈ

ഇശൈയുങ്കതലിത്തണ്ടെനവിയമ്പിയും
നെടുമുടറാങ്കിനിൻറിട്ടുമിടൈയൈ
ത്തുടിപ്പിടിയെൻറുചൊല്ലിത്തുതിത്തും
മലവും ജലവുംവഴമ്പുംതിരൈയും
അലയുംവയിറേറത്തുലില്ലൈയെൻറും
ചിലന്തിപോലക്കിളൈത്തുമുന്നെഴുന്തു
തിരണ്ടുവിമ്മിച്ചീപ്പായ്ന്തേറി
ഉകിരാൽകീറഉലർന്തുള്ളുരുകി
നകുവാക്കിടമായ്നാൻറുവററും
മുലൈയൈപ്പാത്തുമുളരിമൊട്ടെൻറും
കുലൈയുംകാമക്കരുടക്കരൈപ്പേൻ.

അ—മുള്ളിലും കല്ലിലും നടക്കുന്ന അശുദ്ധമായ ഉള്ളങ്കാലെ ചെമ്പഞ്ഞി എന്നും വെളുത്ത എലിമ്പുമാത്രം കൊണ്ടുള്ള കണങ്കാലിനെ വരാൽമത്സ്യം എന്നും മാംസവും എല്ലുംതമ്മിൽ ദൃഢമായി ചേൎന്നിരിക്കുന്ന നിസ്സാരമായ അഥവാ, നീരസമായ തുടയെ മൃദുവായ വാഴത്തണ്ടെന്നും നീണ്ട ശരീരത്തെയെല്ലാം ചുമന്നുകൊണ്ടിരിക്കുന്ന മദ്ധ്യത്തെ ഉടുക്ക് (ഒരു വാദ്യം) എന്നും കൈപ്പിടിയിൽ അമരത്തക്കതെന്നും മലവും ജലവും കൊഴുപ്പും അലഞ്ഞുകൊണ്ടിരിക്കുന്ന വയററിനെ ആലിലയെന്നും ചിലന്തിപ്പുറവുപോലെ മുളച്ചു കണ്ടതിനിടയ്ക്കു (അത്രവേഗത്തിലെന്നു സാരം) വളൎന്നു ഞെരുങ്ങിയുലഞ്ഞുപരന്നു, കനിഞ്ഞുപതിഞ്ഞു ഉള്ളുലൎന്നുവററി പരപരിഹാസത്തിനു പാത്രീഭവിക്കുമാറു ഏതാനും ദിവസങ്ങൾക്കകം ഉണങ്ങിപ്പോകുന്ന മുലകളെ നോക്കി താമരമൊട്ടെന്നും മററും സ്തുതിവാക്കുപറഞ്ഞു മതിമറന്നു കാമത്താൽ അന്ധന്മാരായിരിക്കുന്നവൎക്കായി ഞാൻ സാരവാക്യങ്ങളെപ്പറയാം. (ജ്ഞാനികളോടു ഞാൻ പറയേണ്ട ആവശ്യമില്ലെന്നഭിപ്രായം.)

നീട്ടവുമു-ക്കവുനെടുമ്പോരുൾവാങ്കവും
ഊട്ടവുംപിശൈയവുമുതവിയിങ്കിയററും
അങ്കൈയൈപ്പാത്തുക്കാന്തളെൻറുരൈത്തും
വേൎവൈയുമഴുക്കമേവിയകഴുത്തെ
പ്പാരിനിലിനിയകമുകെനപ്പകൎന്തും
വെപ്പുമുത്തെയുമേവിയവായൈ
ത്തുപ്പുമുരുക്കിൻറുയ്മ്മലരെൻറും
അന്നമുങ്കരിയുമശൈവിട്ടിറക്കും

മുന്നിയപല്ലെല്ലമുത്തെന്നമൊഴിന്തും
നീരുഞ്ചളിയുന്നിൻറുനിൻെറാഴുകും
ക്രൂരിയമൂക്കൈക്കുമിഴെന്നക്രൂറിയും
തണ്ണീർപ്പീളൈത്തവറാതൊഴുകും
കണ്ണൈപ്പാൎത്തുകഴുനീരെൻറും
ഉള്ളങ്കുറുമ്പിയൊഴുകുംകാതൈ
വള്ളൈത്തണ്ടിൻവളമെന്നവാഴ്ത്തിയും
കൈയുമെണ്ണയുംകലവാതൊഴിയിൽ
വെയ്യവതരുംപേൻറുംവിളൈയ
ത്തക്കതലൈയോട്ടിൻമൂലളത്തെഴുന്ത
ചിക്കിൻമയിരൈത്തിരൺമുകിലെൻറും
ചൊൽപലപേശിത്തുതിത്തുനീങ്കൾ
നച്ചിച്ചെല്ലുംനരകവാശൻ.

അ—നീട്ടുന്നതിനും മടക്കുന്നതിനും ധനത്തെ വാങ്ങുന്നതിനും (ധനാൎത്ഥം പ്രയത്നിക്കുന്നതിനും എന്നഭിപ്രായം) ഊട്ടുന്നതിനും, വിരകുന്നതിനും, ജീവിതത്തിൽ ഉപയോഗിക്കുന്ന കൈകളെ നോക്കി, കാന്തൽപൂവെന്നും, വിയൎപ്പും അഴുക്കും അടഞ്ഞ കണ്ഠത്തെ അടയ്ക്കാമരം (ശംഖ് എന്നുമാം) എന്ന്, ദുൎഗ്ഗന്ധിയും ഈഴ്ത്തുവാ ഒലിക്കുന്നതുമായ വായയെ പവിഴമെന്നും, മുരുക്കുംപൂവെന്നും, ചോറും കൂട്ടുവാൻവകകളും കടിച്ചുമുറിച്ചു ഭക്ഷിക്കുന്നതിനുപയോഗിക്കുന്ന പല്ലുകളെ മുത്തെന്നും, നീരും മൂക്കളെയും തുടരെ ഒഴുകിക്കൊണ്ടിരിക്കുന്ന മൂക്കിനെ എൾപൂവെന്നും, വെള്ളവും പീളയും എപ്പോഴും അടഞ്ഞിരിക്കുന്ന കൺകളെ നോക്കി നീലോൽപലമെന്നും, ചെവിക്കായം നിറഞ്ഞിരിക്കുന്ന കാതുകളെ അഴകേറിയ കാമതൂണീരമെന്നും (വള്ളെത്തണ്ടെന്നും) എണ്ണ മുറയ്ക്കു തടവി അഴുക്കെടുത്തു സൂക്ഷിക്കുഞ്ഞാൽ ചകരിച്ചു്, ഉടക്കുകെട്ടി പേൻ മുതലായ നികൃഷ്ടജന്തുക്കൾ പെരുകുന്ന തലയോട്ടിയിൽ മുളച്ച രോമങ്ങളെ കാമൻതഴയെന്നും കാർമേഘമെന്നും സ്തുതിച്ചു്, അല്ലയോ സംസാരികളേ! നിങ്ങൾ ഭ്രമിച്ചുവശാകുന്ന പെൺകോലം നിഷിദ്ധമായ നരകവാതിൽത്തന്നെയാണ്.

തോലുമിറൈച്ചിയുംതുതൈന്തുചീപ്പായും
കാമപ്പാഴികരുവിളൈകഴനി
തുമൈക്കടൈവഴിതൊളൈപെറുവാശൽ
എൺചാൺഉടമ്പുമിഴിയുംപെരുവഴി

മൺപാൽകാമങ്കഴിക്കുമറൈവിടം
നച്ചിക്കാമുകനായ്താനെൻറും
ഇച്ചിത്തിരുക്കുമിടൈകഴിവായിൽ
തിങ്കൾചടൈയോൻതിരുവരുളില്ലാർ
തങ്കിത്തിരിയുംചവലൈപ്പെരുവഴി
പുണ്ണിതുവെൻറുപ്പുടവൈയൈമൂടി
ഉണ്ണീർപായുമോശൈച്ചെഴമ്പിൻ
മാൽകൊണ്ടറിയാമാന്തർപുകുംവഴി
നോയ്യൊണ്ടൊഴിയാനുണ്ണിയർപോംവഴി
തരുക്കിയകാമുകർചാരുംപടുകുഴി
ചെരുക്കിയകാമുകർചേരുംചിറുകുഴി
പെണ്ണുമാണുംപിറക്കുംപെരുവഴി
മലഞ്ചൊരിന്തിഴിയുംവാശൽക്കരുകേ
ചലഞ്ചൊരിന്തിഴിയുന്തണ്ണീർവാശൽ,

അ—തോലും മാംസവും ചേൎന്ന് രേതസ്സൊഴുകുന്ന കാമഗുഹയായും ഗർഭപിണ്ഡം ഉത്ഭവിക്കത്തക്ക വിളഭൂമിയായും, തീണ്ടാരിക്കറ ഒലിച്ചുവരുന്ന വഴിയായും, പലവിധത്തിലും ഉപദ്രവമുണ്ടാക്കുന്ന വാതിലായും, എട്ടുചാൺ അളവായ ദേഹം വെളിപ്പെട്ടുവരുന്ന പെരിയവഴിയായും, ലോകത്തിൽ കാമപീഡയെ ഉഴിഞ്ഞുകളയുന്ന ഗൂഢസ്ഥാനമായും അജ്ഞാനികൾക്ക് ആശ ജനിപ്പിക്കത്തക്കവണ്ണം മദ്ധ്യത്തിലുള്ള ഒരു വാതിലായും, ചന്ദ്രകലാധാരനായ ദേവന്റെ കടാക്ഷമില്ലാത്ത പാപികൾ സുഖലക്ഷ്യം കാണാതെ ചുററിത്തിരിയുന്ന അനാശ്രയമാൎഗ്ഗമായും, ഇതു് വ്രണമാണെന്നു കരുതി പുടവകൊണ്ടു മൂടിവച്ചാലും, ഉള്ളിൽനിന്നും ദുൎഗ്ഗന്ധജലത്തെ കവിട്ടിക്കൊണ്ടിരിക്കുന്ന വാടാത്ത പുണ്ണായും, ശിവന്റെ കരുണാകടാക്ഷമില്ലാത്തവർ മയങ്ങിവീണുകിടക്കുന്ന പെരുവഴിയായും, ഒഴിയാത്ത കാമപാരവശ്യത്തോടുകൂടിയ അല്പജ്ഞന്മാർ സഞ്ചരിക്കുന്ന പാതയായും, വിവാദശീലവും അഹങ്കാരവുമുള്ള കാമലമ്പടന്മാർ വീണുകിടക്കുന്ന പടുകുഴിയായും, പെണ്ണുമാണും ജനിക്കുന്നതിനുള്ള പെരുവഴിയായും, മലംപുറപ്പെടുന്ന വാതിലിനു സമീപമിരുന്നു ജലം പുറപ്പെടും തണ്ണീർവാതിലായും,

ഇതൈത്തെന്നീങ്കളനിതെനവേണ്ടാ
പച്ചിലൈയിടിനുംപത്തർക്കിറങ്കി
മെച്ചിച്ചിവപദവീടരുൾപവനൈ

മുത്തിനാതനൈ മൂവാമുതൽവനൈ,
അണ്ഡരണ്ഡവുമനൈത്തുളപുവനമും
കണ്ടവണ്ണലൈക്കച്ചിയിൽകടവുളൈ
ഏകനാതനൈയിണൈയടിയിറൈഞ്ചുമിൻ
പോകമാതരൈപ്പോററുതലൊഴിന്തേ.

അ—ഉള്ള ഈ കാമക്കുഴിയെ, ഹേ ലോകരേ! നിങ്ങൾ സുഖമുള്ളതെന്നു ഭ്രമിച്ച് ആ വഴിയിൽ കാലുകുത്തരുത്. (അങ്ങനെ ചെയ്താൽ മോക്ഷത്തിനു വിഘ്നമുണ്ടാകും. അതിനാൽ മേൽപ്പറഞ്ഞപ്രകാരമെല്ലാം) സുഖാനുഭവത്തെത്തരുന്ന സ്ത്രീകളെ പുകഴ്ത്താതെ, ഭക്തന്മാർ പത്രങ്ങളാൽ മാത്രം പൂജിച്ചാലും കരുണതോന്നി അവൎക്കു മോക്ഷപദത്തെക്കൊടുക്കുന്നവനും മോക്ഷദാനാധികാരിയും, നിത്യസമ്പന്നനും, നിഖിലബ്രഹ്മാണ്ഡങ്ങളേയും ഈരേഴുലോകങ്ങളേയും സൃഷ്ടിച്ചവനും, കാഞ്ചീപുരത്തിൽ എഴുന്നരുളിയിരിക്കും ഏകാംബരനാഥനും, ഏകസ്വതന്ത്രപനും അദ്വിതീയനും ആയ പരമശിവന്റെ കഴലിണയെ വന്ദിച്ചുകൊൾവിൻ! (അങ്ങനെ വന്ദിച്ചാൽ ആ കരുണാലയൻ നിങ്ങൾക്കു ഭവസങ്കടമുണ്ടാകാതെ കാത്തുകൊള്ളുമെന്നഭിപ്രായം.)

തിരുവേകമ്പമാലൈ.

അറന്താനിയററുമവനിലും കോടിയധികമില്ലം
തുറന്താനവനിൽശതകോടിയുള്ളത്തുറവുടയോൻ
മറന്താനറക്കറററിവോടിരുന്തിരുവാതനയ—
ററിറന്താൻപെരുമൈയൈയെൻചൊല്ലുവേൻകച്ചിയേക—
(മ്പനേ

അ—കാഞ്ചീപുരത്തിൽ എഴുന്നരുളിയിരിക്കും ഏകാംബരധാരനായ ദേവ! വീടിനെ ഉപേക്ഷിച്ച സന്ന്യാസി ധൎമ്മനിഷ്ഠനെക്കാളും കോടിപ്പങ്കു ഉയൎന്നവനാകുന്നു. ശ്രേഷ്ഠനെന്നൎത്ഥം. മനോനിഗ്രഹംചെയ്ത സന്ന്യാസി വീടിനെ ഉപേക്ഷിച്ചവനെക്കാൾ നൂറുകോടിപ്പങ്കു ശ്രേഷ്ഠത്വമുള്ളവനാകുന്നു. ഇങ്ങനെയിരിക്കെ, വഞ്ചനാദിദോഷങ്ങൾ നീങ്ങുംപ്രകാരം പരമാൎത്ഥതത്വത്തെ അറിഞ്ഞു് ശുഭാശുഭകൎമ്മബന്ധത്തെ അറുത്തു് മനോനിഗ്രഹംചെയ്ത ജ്ഞാനിയുടെ ശ്രേഷ്ഠതയെ എത്രയെന്നു ഞാനെങ്ങനെയാണു പറക.

മേൽപറഞ്ഞ മൂന്നുവിധത്തിലുള്ള ആളുകളുടെയും മാഹാത്മ്യത്തിൽ ഒരംശമെങ്കിലും, എനിക്കില്ലായ്കയാൽ, ഞാൻ ഉൽകൃഷ്ടനിലയിൽ ജീവിക്കാൻ വിഷമമാണ്. അതിനാൽ നിന്തിരുവടിതന്നെ എൻെറ കുറവു തീൎത്തു രക്ഷിക്കണം എന്നഭിപ്രായം.

കെട്ടിയപെണ്ണെത്തിടും പെന്തിരുമക്കളും കാലത്തച്ചൻ
വെട്ടിമുറിക്കുമരമ്പോൽശരീരത്തെവീഴ്ത്തിവിട്ടാൽ
കൊട്ടിമുഴക്കിയഴവാർമയാനങ്കുറുകിയപ്പാ
ലെട്ടിയടിവെപ്പരോവിരൈവകച്ചിയേകമ്പനേ.

അ—എൻെറ രക്ഷകനായ നാഥ! കാഞ്ചീപുരത്തിൽ എഴുന്നെള്ളിയിരിക്കും ഏകാംബരധാരിയായ ദേവ! ചേൎത്തുപിടിച്ചാശ്ലേഷിക്കുന്ന സ്ത്രീകളും മക്കളും, വെട്ടിമുറിച്ചു തള്ളപ്പെടുന്ന മരംപോലെ എൻെറ ശരീരത്തെ കാലത്തച്ചൻ നിർജീവമാക്കി ഭൂമിയിൽ പതിപ്പിക്കുമ്പോൾ, ആ ശവത്തെ ബന്ധുജനങ്ങളോടുകൂടി പറകൊട്ടിച്ചെടുത്തുകൊണ്ടു ചുടുകാട്ടിലെത്തിക്കേഴുന്നു അങ്ങനെ കേഴുകയല്ലാതെ ആ ചുടുകാട്ടിനപ്പുറത്തോട്ടു മരിച്ചാൽ ആത്മാവിനെ സഹായിക്കുന്നതിനു് അതിനോടൊന്നിച്ചു് ഒരടിയെങ്കിലും വരുന്നതിനു സാധിക്കുമോ? ഇല്ല. (ഭാൎയ്യാപുത്രാദികളൊന്നും എനിക്കാശ്രയമാകയില്ല. നീയേ ആശ്രയം. അതിനാൽ എന്നെ രക്ഷിച്ചനുഗ്രഹിച്ചാലും എന്നഭിപ്രായം)

കൈപ്പിടിനായകൻ തൂങ്കയിലേയവൻകയ്യെടുട്ട—
ത്തപ്പുറംതന്നിലശൈയാമന്മുൻവൈത്തയിൽവളവി
ലൊപ്പുടൻചെൻറുതുയിനീത്തുപ്പിൻവന്തുറങ്കുവളൈ
യെപ്പടിനാനമ്പുവേനിറൈവാകച്ചിയേകമ്പനേ.

അ—എൻെറ നാഥ! കാഞ്ചീപുരത്തിൽ എഴുന്നരുളയിരിക്കും ഏകാംബരധാരിയായ ദേവ! തന്നെ വിവാഹംചെയ്ത പുരുഷൻ അടുക്കൽ കിടന്നുറങ്ങുമ്പോൾ, തൻെറ പുറത്തിരിക്കുന്ന അവൻെറ കൈയെടുത്തു്, അനങ്ങാത്തവിധത്തിൽ താഴെവച്ചിട്ടു്, അയൽവീട്ടിൽപോയി ജാരനോടു ചേൎന്നു ശേഷം തിരികെ മടങ്ങിവന്നു്, മുമ്പുകിടന്നവിധത്തിൽ കിടന്നുറങ്ങുന്നവളെ ഞാൻ വിശ്വസിക്കുന്നതെങ്ങിനെ?

ഇത്രത്തോളം അവിശ്വാസപാത്രങ്ങളായ സ്ത്രീകളെ വിശ്വസിക്കുന്നതു് ആപൽക്കരമാണെന്നു സ്പഷ്ടമാകയാൽ ഞാൻ അവരെ ഒരുകാലത്തും ചിന്തിക്കയില്ലെന്നഭിപ്രായം.

നന്നാരിൽപൂട്ടിയശ്ശുത്തിരപ്പാവൈനന്നാർതപ്പിനാൽ
തന്നാലുമാടിച്ചലിത്തിടുമോലന്തത്തന്മൈയെപ്പോ

ലുന്നാലി നിയാനുംതിരിവനല്ലാന്മററുന്നൈപ്പിരിന്താ-
ശെന്നാലിങ്കാവത്തുണ്ടോവിറൈവാകച്ചിയേകമ്പനേ.

അ—എൻെറ നാഥ! കാഞ്ചീപുരത്തിൽ എഴുന്നരുളിയിരിക്കും ഏകാംബരധാരിയായ ദേവ! നല്ല ചരടുകൊണ്ട്, അകത്തു സൂത്രമൊപ്പിച്ചു വച്ചിരിക്കുന്ന മരപ്പാവ, ആ ചരട് പൊട്ടുകയോ തെററുകയോ ചെയ്താൽ അല്പനേരം താനേ ചലിച്ചിട്ട്, പിന്നീട് ചലിക്കാതാകുന്നതുപോലെ, നീ ആകുന്ന ഉൾച്ചരടിരിക്കകൊണ്ടു ഞാനും ചേഷ്ടിക്കുന്നു. നീ വിട്ടുപിരിഞ്ഞുപോയാൽ എന്നാൽ വല്ല കാൎയ്യവും ചെയ്വാൻ കഴിവുണ്ടാകുമോ? ഇല്ല.

എല്ലാം പ്രവൎത്തിപ്പിക്കുന്നതു അന്തൎയ്യാമിയായ പരമശിവനാണെന്നഭിപ്രായം. എല്ലാ ജീവികളേയും ചേഷ്ടിപ്പിക്കുന്നതു ശിവനാണെന്നുള്ളതിനു് ഉദാഹരണം—

ആട്ടുവിത്താലാരൊരുവരാടാതാരേ
യടക്കുവിത്താലാരൊരുവരടങ്കാതാരേ
യോട്ടുവിത്താലാരൊരുവരോടാതാരേ
യുരുകുവിത്താലാരൊരുവരുരുകാതാരേ
പാട്ടുവിത്താലാരൊരുവർപാടാതാരേ
പണിവിത്താലാരൊരുവർപണിയാതാരേ
കാട്ടുവിത്താലാരൊരുവർകാണാതാരേ
കാൺപാരാർകണ്ണുതലായ്ക്കാട്ടാക്കാലേ,

എന്നുംഅപ്പർസ്വാമികൾതിരുവാക്കാനുണർക

നല്ലാരിണക്കവുംനിൻപൂശൈശെനേശമുജ്ഞാനമുമേ
യല്ലാതുവേറുനിലയുളതോവകമുംപൊരുള
മില്ലാളുഞ്ചുററമുമൈന്തരുംവാഴ്വുമെഴിലുടമ്പു
മെല്ലാംവെളിമയക്കേയിറൈവാകച്ചിയേകമ്പനേ.

പരമശിവൻ, ആടിച്ചാലാടാത്തതാരു്? അടക്കിയാലടങ്ങാത്തതാരു്? ഓടിച്ചാലോടാത്തതാരു? ഇത്യാദി അപ്പർസ്വാമികൾ അരുളിച്ചെയ്തിരിക്കുന്നു എന്നു പൂർവഭാഗത്തിൻെറ അൎത്ഥം.

എൻെറ നാഥ കാഞ്ചീപുരത്തിൽ എഴുന്നെള്ളിയിരിക്കും ഏകാംബരധാരിയായ ദേവ! വീടും ധനവും ഭാൎയ്യയും ദാസിയും കുഞ്ഞുങ്ങളും ജീവിതവും (സുഖാനുഭവവും എന്നൎത്ഥം) ഭംഗിയുള്ള ദേഹവും എല്ലാം വെളിയിൽ വേഷം കാണിച്ചു മനസ്സു മയക്കുന്നവ മാത്രമാകുന്നു. ആ മയക്കത്തെ നീക്കി അനുഗ്രഹം തരത്തക്കവ, സാധുക്കളുടെ സ്നേഹവും നിന്തിരുവടിയുടെ പൂജ

യിലുള്ള ആസക്തിയും ജ്ഞാനവുമല്ലാതെ വേറെ അഭയസ്ഥാനമുണ്ടോ? സാധുസംഗം മുതലായവ നിന്തിരുവടിയുടെ അനുഗ്രഹത്തെത്തരുന്നവയും വീട്ട് ധനം മുതലായവ മായാവലയിൽ കുടുക്കുന്നവയുമാകയാൽ ആദ്യം പറയപ്പെട്ടവതന്നെ എനിക്ക് ആവശ്യം എന്നു ഭാവം.

പൊല്ലാതവനെറിനില്ലാതവനൈമ്പുലൻകടമേ
വെല്ലാതവൻകൽവില്ലാതവൻമെയ്യടിയവർപാൽ
ചെല്ലാതവനുണ്മെചൊല്ലാതവനിന്തിരുവടിക്കു
പില്ലാതവൻമണ്ണിരലൻപിറന്തേൻകച്ചിയേകമ്പനേ.

അ—കാഞ്ചീപുരത്തിൽ എഴുന്നരുളിയിരിക്കും ഏകാംബരധരനായ ദൈവമേ! അത്യന്തം ദുഷ്ടനായും ഒരിക്കലും സന്മാർഗ്ഗത്തിൽ ജീവിതത്തെ നയിക്കാത്തവനായും, പഞ്ചേന്ദ്രിയങ്ങളെ വശപ്പെടുത്താത്തവനായും ജ്ഞാനശാസ്ത്രങ്ങളെ അഭ്യസിക്കാത്തവനായും, നിൻെറ തൃപ്പാദഭക്തന്മാരോടുകൂടി കഴിയാത്തവനായും, എന്താപത്തു നേരിട്ടാലും സത്യംതന്നെ പറക എന്ന വ്രതത്തെ ആചരിക്കാത്തവനായും, നിന്തിരുപ്പാദങ്ങളിൽ ഭക്തി ഉദിക്കാത്തവനായും, ഈ ലോകത്തിൽ ഞാൻ പിറന്നതെന്തിനോ? അറിഞ്ഞുകൂടാ എന്നഭിപ്രായം.

ഭൂമിയിൽ മനുഷ്യനായി ജനിക്കുന്നതു മേൽപറഞ്ഞ സന്മാർഗ്ഗനിലകളോടുകൂടി ജീവിക്കുന്നതിനാകുന്നു. എനിക്കതിനു സംഗതിവരായ്കകൊണ്ടു എൻെറ ജന്മം നിഷ്ഫലമായി ഭവിച്ചു. ഇനിയെങ്കിലും എനിക്കു അപ്രകാരമുള്ള സൽബുദ്ധികളുണ്ടാവാൻ നിന്തിരുവടി അനുഗ്രഹിക്കണമേ! എന്നു ഭാവം.

പിറക്കുംപൊഴുതുകൊടുവന്തതില്ലൈപിറന്തുമൺമേ—
ലിറക്കുംപൊഴുതുകൊടുപോവതില്ലൈയിടൈനടുവിൽ
കുറിക്കുമിച്ചെൽവംശിവന്തൻറതെൻറുകൊടുക്കറിയാ
തിറക്കലാമരുക്കെൻചൊല്ലുവേൻകച്ചിയേകമ്പനേ.

അ—കാഞ്ചീ...വമേ! ജീവികൾ (മനുഷ്യർ) ലോകത്തിൽ ജനിക്കുമ്പോൾ, സമ്പത്തുകൊണ്ടുവന്നില്ല. അതുപോലെതന്നെ, മരിക്കുമ്പോൾ ആ ധനത്തെക്കൂടെക്കൊണ്ടുപോകുന്നതുമില്ല. ഇവയ്ക്കു രണ്ടിനും നടുവിൽ ലഭിക്കുന്നതായ ധനത്തെ പരമശിവൻ കരുണചെയ്തു നൽകിയതാണെന്നറിയാഞ്ഞ് യാചിക്കുന്നവക്കു കൊടുക്കാതെ ലോഭികളായി ജീവിച്ച്, ജന്മത്തെ നിഷ്ഫലമാക്കി മരിക്കുന്ന സ്വാർത്ഥതല്പരന്മാരായ മൂഢന്മാരോടു ഞാനെന്താണു പറയേണ്ടതു്?

നാം ഭൂമിയിൽ ജനിച്ചാൽ ജീവിക്കുന്നതിനുള്ള ഒരു ഉപകരണമാണു ധനം. ജീവിക്കുന്നതോ ജന്മത്തെ ഫലപ്പെടുത്തി സൽഗതിയടയുന്നതിനു

മാണ്. അങ്ങനെ സദ്ഗതിയടയേണ്ട ധനത്തെ ആ ധനംകൊണ്ടു നി
ർവ്വഹിക്കേണ്ടതാണെന്നു ഭാവം.

അന്നവിചാരമതുവേവിചാരമതുവൊഴിന്താൽ
ശൊന്നവിചാരന്തൊലൈയാവിചാരനറോകയരൈ
പ്പന്നവചാരംപലകാൽവിചാരമിപ്പാവിനെഞ്ചു
ക്കെന്നവിചാരംവൈത്തായിറൈവാകച്ചിയേകമ്പനേ.

അ—എൻെറ നാഥ!—കാഞ്ചീ.....മേ! എനിക്കു ഭക്ഷണത്തെപ്പററി
യുള്ള ദുഃഖം ആദ്യമായി ഉണ്ടാകുന്നു. അതുതീന്നാൽ ധനത്തെപ്പററിയുള്ള
ദുഃഖമുണ്ടാകുന്നു. അതും തീന്നാൽ സ്ത്രീകളെപ്പററിയുള്ള ആശ സംബന്ധിച്ച
ദുഃഖമുണ്ടാകുന്നു. ഇങ്ങിനെ ഒന്നുകഴിഞ്ഞാൽ മറെറാന്നെന്ന നിലയിൽ
വളരെ ദുഃഖിക്കുമാറ്, എത്രമാത്രം ദുഃഖത്തെ നിന്തിരുവടി എനിക്കു ചേത്തു
വച്ചിരിക്കുന്നു. ആ ദുഃഖങ്ങളെയെല്ലാം നീക്കി അനുഗ്രഹിക്കുന്നതെന്നാ
ണോ, ആവോ?

ആശയുണ്ടായിരിക്കുമ്പോഠം ദുഃഖം ശമിക്കാൻ പ്രയാസം. അതിനാൽ
ആശയെ അറുത്ത്, എന്നെ സുഖിയാക്കി അനുഗ്രഹിക്കണമെന്നു ഭാവം.

കല്ലാപ്പിഴൈയുംകരുതാപ്പിഴൈയുംകചിന്തുരുകി
നില്ലാപ്പിഴൈയുംനിനയാപ്പിഴൈയുംനിന്നഞ്ചെഴുത്തൈ
ചൊല്ലാപ്പിഴൈയുംതുതിയാപ്പിഴൈയുംതൊഴാപ്പിഴൈയു
മെല്ലാപ്പിഴൈയുംപൊറുത്തരുഠംവായ്കച്ചിയേകമ്പനേ.

അ—കാഞ്ചി .....ദേവ! ഞാൻ ജ്ഞാനപാഠങ്ങളെ പഠിക്കാത്ത
കുററത്തെയും, അതിനെപ്പററി നിനയ്ക്കാത്ത കുററത്തെയും, മനസ്സലിഞ്ഞ്,
ഭക്തിരസത്തിൽ മുഴുകിയിരിക്കാത്ത കുററത്തെയും; അങ്ങനെയിരിക്കുന്നതി
നുള്ള മാർഗ്ഗത്തെ അന്വേഷിക്കാത്ത കുററത്തെയും,നിന്തിരുവടിയുടെ പഞ്ചാ
ക്ഷരമന്ത്രത്തെ വായ്കൊണ്ടു ജപിക്കാത്ത കുററത്തെയും; നിന്തിരുവടിയെ
സ്തുതിക്കാത്ത കുററത്തെയും, ധ്യാനിച്ചു വന്ദിക്കാത്ത കുററത്തെയും എന്നുവേ
ണ്ടാ! സകല കുററങ്ങളെയും പൊറുത്ത്, അടിയനെ അനുഗ്രഹിപ്പാറാ
കണം.

മായനൽപോരൈയുംമായാമലമെനുമാതരൈയും
വീയവിട്ടോട്ടിവെളിയേപുറപ്പെട്ടുമെയ്യരുളാം
തായുടൻചെൻറുപിൻറാകൈയൈയക്കുടിപ്പിൻറായൈമറ
ന്തേയുമതേനിട്ടൈയെൻറാനെഴിൽകച്ചിയേകമ്പനേ.

അ—അഴകിയ കാഞ്ചീ.. .. മേ, കളങ്കശീലന്മാരായ സ്നേഹിതന്മാരെയും, ഒഴിയാത്ത പ്രാരബ്ധമാകുന്ന ഭാൎയ്യയേയും ഉപേക്ഷിച്ചു്, സന്ന്യസിച്ചു്, സത്യവാക്കാകുന്ന അമ്മയോടുകൂടിച്ചെന്നു്, അനന്തരം, പിതാവായ ശിവനോടുചേൎന്നു് ഉടനെ, അമ്മയെ മറന്നു് (ഉപേക്ഷിച്ചു്) പരമശിവനോടു് ഐക്യപ്പെട്ടിരിക്കുന്നതാണു്, ബ്രഹ്മജ്ഞാനനിഷ്ഠയെന്നു് ആചാൎയ്യൻ ഉപദേശിച്ചിരിക്കുന്നു.

എന്നാലും എന്നെ ആ ഉപദേശമാൎഗ്ഗത്തിൽ നിൎത്തി അതു കൈവരുമാറു കാത്തുരക്ഷിക്കേണ്ടവൻ നീതന്നെയെന്നു ഭാവം.

അമ്മയെന്നു മേൽപറഞ്ഞതു്, കുണ്ഡലിനിശക്തിയെ ഉദ്ദേശിച്ചാണെന്നറിഞ്ഞു കൊള്ളണം. ബ്രഹ്മൈക്യം സിദ്ധിച്ചാൽ കുണ്ഡലിനീ ജ്ഞാനമില്ലായ്കയാൽ അമ്മയെ മറന്നുവെന്നു പറയപ്പെട്ടിരിക്കുന്നു.

വരിക്കോലവേൽവിഴിയാരനുരാഗമയക്കിൽചെൻറു
ചരിക്കോതുവേനെഴുത്തഞ്ചുഞ്ചൊലേൻറമിയേനുടൽ
നരിക്കോകഴുകുംപരുന്തുന്നുക്കോവെയ്യൊനായ്ക്കുക്കോ
വെരിക്കോവിരൈയെത്തുക്കോവിറൈവാകച്ചിയേകമ്പനേ

അ—എൻെറ നാഥ! കാഞ്ചീപുര......മേ! അഴകുററ കണ്ണുകളുള്ള പെങ്കളുടെ മായയിൽ അകപ്പെട്ടു്, അവരെ സ്തുതിക്കുക, എന്നുള്ളതൊഴികെ അങ്ങയുടെ പഞ്ചാക്ഷരമന്ത്രം ഒരിക്കലും ജപിക്കാൻ സംഗതിയായില്ല. (അതു്, ശരീരസുഖത്തെ ഉദ്ദേശിച്ചാണല്ലോ എന്നാൽ) ഈ ശരീരം നരിക്കോ കഴുകനോ പരന്തിനോ ക്രൂരമായ നായിക്കോ, എന്തോന്നിനിരയാകുമോ, അറിഞ്ഞില്ല.

കാതെൻറുകണ്ണെൻറുകാട്ടിയെൻകണ്ണെതിരേ
മാതെൻറുചൊല്ലിവരുമായൈയെത്തന്നെമറലിലിട്ട
തൂതെൻറണ്ണാമൽചുകമെലറുനാട്ടമിത്തുൎപ്പത്തിയൈ
യേതെൻറട്ടുത്തുരപ്പേനിറൈവാകച്ചിയേകമ്പനേ.

അ—കാഞ്ചീപുര..... മേ! കാതും, മൂക്കും, കണ്ണും കാണിച്ചുകൊണ്ടു് എൻെറ മുമ്പിൽവന്നു്, "ഞാനാണു പെണ്ണു്" എന്നു പറഞ്ഞടുക്കുന്ന മായയെ കാലനാൽ അയയ്ക്കപ്പെടുന്ന ദൂതാളാണെന്നറിയാതെ, സുഖാനുഭവത്തിനു ചേൎന്നതാണെന്നു നിശ്ചയിച്ചു ഭ്രമിക്കുന്ന എൻെറ ദുൎബ്ബുദ്ധി എന്തുമാതിരിയുള്ളതാണെന്നാണു ഞാൻ പറക.

പെണ്ണാശ മോക്ഷത്തിനു വിഘാതമാകയാൽ അതു തീൎത്തു രക്ഷിച്ചുകൊള്ളണമെന്നു ഭാവം.

ഊരുഞ്ചുതമല്ല, ഉററാർചുതമല്ല, വുററപ്പെററ
പേരുഞ്ചുതമല്ല പെണ്ടീർചുതമല്ല പിള്ളൈകളും
ചീരുംചുതമല്ല ചെൽവംചുതമല്ല തേശത്തിലേ
യാരുംചുതമല്ല നിൻറാൾ ചുതങ്കച്ചിയേകമ്പനേ.

അ—കാഞ്ചീപുര......മേ! (എനിക്കു) ഊർ തുണയല്ല; ബന്ധുക്കൾ തുണയല്ല. അപ്പനമ്മമാരും സഹായമാകയില്ല. ഭാൎയ്യ തുണയല്ല. കുഞ്ഞുങ്ങൾ തുണയല്ല, സൌന്ദൎയ്യവും സമ്പത്തും തുണയാകയില്ല. ഊരിലുള്ളവരും ആരും തുണയല്ല. നിന്തിരുവടിയുടെ തിരുവടികൾതന്നെ എനിക്കു സഹായം. അതിനാൽ ആ തിരുവടികളെ എനിക്കുതന്നു രക്ഷിക്കണം.

ചീറുംവിനൈയതു പെണ്ണുരുവാകിത്തിരണ്ടുരുണ്ടു
കൂറുമുനൈയുമിറൈച്ചിയുമാകിക്കൊടുമൈയിനാൽ
പീറുമലമുമതിരമുചായും പെരുംകുഴിവി–
ട്ടേറുംകരൈകണ്ടിലേ നിറൈവാകച്ചിയേകമ്പനേ.

അ—കാഞ്ചീപുര......ദൈവമേ! അത്യന്തം ആപൽക്കരമായ പാപം തന്നെ സ്ത്രീരൂപം ധരിച്ചു്, തിരണ്ടുരുണ്ട മുലയും മാംസപേശികളുമായി വരുന്ന ആ സ്ത്രീരൂപത്തിൽതന്നെ ഒരംഗമായ മലവും രക്തവും ഒഴുകുന്ന ആ പെരുംകുഴിയെ വിട്ടു തപ്പിത്തടഞ്ഞു കയറി വെളിയിൽവരുന്നതിനു ഒരു കരയും കാണുന്നില്ല. ഇതെന്തൊരുകഷ്ടമോ? അറിഞ്ഞുകൂടാ.

എത്രത്തോളം പ്രയത്നപ്പെട്ടിട്ടും ഭയങ്കരമായ പെണ്ണാശ, എന്നെ വിട്ടു പിരിയുന്നില്ല. അതിനാൽ നീതന്നെ അതു തീൎത്തു് എന്നെ രക്ഷിക്കണം എന്നു ഭാവം.

പൊരുളുടൈയോരൈച്ചെയലിനുംവീരരൈപ്പോർക്കളത്തു
തെരുളുടൈയോരൈമുകത്തിനുംതേർന്തുതെളിവതുണ്ടോ
അരുളുടൈയോരൈത്തവത്തിൽകുണത്തിലരുളിലൻപി
ലിരുളറച്ചൊല്ലിനുംകാണത്തകുംകച്ചിയേകമ്പനേ

അ—കാഞ്ചീ......മേ! സമ്പത്തുള്ളവരെ അവരുടെ പ്രവൃത്തിയാലും വീരത്വമുള്ളവരെ യുദ്ധക്കളത്തിലും, കറവററ അറിവുള്ളവരെ അവരുടെ മുഖഭാവത്താലും ഇവർ സമ്പത്തുള്ളവർ, ഇവർ വീരത്വമുള്ളവർ, ഇവർ അറിവുള്ളവർ എന്നിങ്ങനെ അറിയപ്പെടുന്നതുപോലെ, ഇവർ ഈശ്വരാനുഗ്രഹം സിദ്ധിച്ചവരെന്നു് അവരുടെ തപശ്ചൎയ്യാദികളാലും, സദ്ഗുണങ്ങളാലും, സമസ്തസൃഷ്ടങ്ങളിൽ കരുണ ഹിതോപചാരം ഇവയാലും ശാന്തവചനങ്ങളാലും അറിയപ്പെടും.

ഇങ്ങനെയാകകൊണ്ടു്, ഞാൻ മേൽപറയപ്പെട്ട പല ഗുണങ്ങളിൽ ഏതെങ്കിലും ഒന്നു് അല്പമാത്രമെങ്കിലും ഇല്ലാത്തവനാണെന്നു നിന്തിരുവടിക്കുതന്നെയറിയാം. അതിനാൽ എന്നെ അനുഗ്രഹിക്കേണ്ടതു നിന്തിരുവടി തന്നെയെന്നു ഭാവം.

ഇതു് "ദൈവാധീനം ജഗൽസർവം" എന്ന വാക്യത്തിൻെറ സാരാർത്ഥമാകുന്നു.

പരുത്തിപ്പൊതിയിനെപ്പോലേ വയറുപരുക്കത്തങ്ക
ട്ടരത്തിക്കറെചുവെച്ചോട്ടുകിൻറാർ തുറന്തോർത്തമക്കൾ
വരുത്തിയമുതിടമാട്ടാരവരെയിംമാന്നിലത്തി
ലിരുത്തിക്കൊണ്ടേനിരുന്തായിറൈവാകച്ചിയേകമ്പനേ

അ—എൻെറ നാഥ! കാഞ്ചീപുരത്തിൽ എഴുന്നരുളിയിരിക്കും ഏകാംബരധാരിയായ ദേവ! വയറു പഞ്ഞിക്കെട്ടുപോലെ ഊതിവീക്കത്തക്കവണ്ണം അതിൽ ഷഡ്രസോപേതമായ ഭക്ഷണങ്ങൾ നിറയ്ക്കുന്നുവെന്നല്ലാതെ ഗൃഹസ്ഥാശ്രമത്തെ വെടിഞ്ഞ സന്യാസികൾക്കു ഭിക്ഷയിടുന്നില്ല. അതിനാൽ അപ്രകാരമുള്ള ലോഭികളെ ഈ ലോകത്തിൽ എന്തിനു വച്ചു വാഴിക്കുന്നു.

വേഗത്തിലവരെ നരകത്തിലേക്കയയ്ക്കേണ്ടതാണെന്നു ഭാവം. സ്വന്തം വയറു നിറയ്ക്കുമെന്നല്ലാതെ ഭിക്ഷുക്കൾക്കു ഭിക്ഷയിടുകയില്ലെന്നുള്ളതാണു ലോകസാധാരണമായ ശീലം എന്നഭിപ്രായം. ഷഡ്രസങ്ങൾ; ഉപ്പു്, പുളിപ്പു്, ചവപ്പു്, കൈപ്പു്, ഇനിപ്പു്, എരിവു് ഇവയാകുന്നു.

പൊല്ലാവ രുളകററുംകതിർക്കൈയെൻപുൽക്കണ്ണിനു—
കല്ലായിരുന്തിട്ടുമാറൊക്കുമേയറിവോരുളത്തിൽ
വല്ലാരലിവാരറിയാർതമക്കുമയക്കംകണ്ടാ—
യെല്ലാംവിഴിമയക്കേയിറൈവാകച്ചിയേകമ്പനേ.

അ—എൻെറ നാഥ! കാഞ്ചീപുരത്തിൽ എഴുന്നരുളിയിരിക്കും ഏകാംബരധരനായ ദൈവമേ! കൂരിരുളിനെ നശിപ്പിക്കുന്ന സൂൎയ്യരശ്മി കൂമൻ എന്ന പക്ഷിയുടെ കണ്ണുകൾക്കു് ഇരുളായിരിക്കുന്നതുപോലെ, സാക്ഷാൽ ബ്രഹ്മാനന്ദം, അഥവാ ബ്രഹ്മജ്ഞാനം, മനഃശുദ്ധിയില്ലാത്തവരുടെ കണ്ണുകൾക്കു തെളിയാതിരിക്കുന്നു. അതായതു മനഃശുദ്ധിയുള്ളവരുടെ കണ്ണുകൾക്കു സുസ്പഷ്ടമായും ഇല്ലാത്തവരുടെ കണ്ണുകൾക്കു് അസ്പഷ്ടമായും തോന്നപ്പെടുന്നു. അതിനാൽ ഇവയെല്ലാം അകക്കണ്ണിൻേറയും പുറക്കണ്ണിൻേറയും ഭിന്നമായ പ്രകാശമനുസരിച്ചാകുന്നു.

വാതുക്കൾച്ചണ്ടെക്കപോവാർവരുവാർവഴക്കരെപ്പർ
തിതുക്കതവിയുഞ്ചെയ്തിട്ടവർതിന്നന്തേടിയൊൻറു
മാതുക്കാളിത്തുമയങ്കിട്ടവാർവിതിമാളമട്ട
മേതുക്കിവർപിറന്താരിറൈവാകച്ചിയേകമ്പനേ

അ—എൻെറ രക്ഷക! കാഞ്ചീപുരത്തിൽ എഴുന്നെള്ളിയിരിക്കും ഏകാംബരധരനായ ദേവ! ഈ ലോകത്തിലുള്ളവർ, വാതാടാനും ശണ്ഠചെയ്യാനും വഴക്കിടാനും പോകയും വരികയും ചെയ്തുകൊണ്ടിരിക്കുന്നു. ചീത്തക്കാര്യങ്ങൾക്കു സഹായം ചെയ്കയും ചെയ്യുന്നു. ഇവരുടെ ആയുഷ്കാലപര്യന്തം, ദ്രവ്യം സമ്പാദിച്ച് ഒരു പെണ്ണിനു കൊടുത്ത് അവളിൽ മയങ്ങിക്കഴിയുന്നു. അവർ ഈ ഭൂമിയിൽ ജനിച്ചതു് എന്തൊരു പ്രയോജനത്തിനോ? ഞാനറിയുന്നില്ല.

മനുഷ്യജന്മത്തിൻെറ പരമപ്രയോജനം ഭഗവദ്ധ്യാനത്താൽ മുക്തിയടയുക എന്നുള്ളതാണ്. അതുകൂടാതെ സ്ത്രീകളുടെ മയക്കവലയിൽ കുടുങ്ങി ജന്മത്തെ വ്യത്ഥമാക്കുന്നു എന്നു സാരം.

ഓയാമൽപൊയ്ചൊൽവർനല്ലോരെനിന്ദിപ്പർഉററു-
പ്പെററ
തായാരെവൈവർ,ചതിയായിരംചെയ്യർചാത്തിരങ്ക
ളായാർപിറക്കുപകാരംചെയ്യാർതമ്മൈയണ്ടിനോക്കൊ-
ൻറീയാരിരുന്തെന്നപോയെന്നകാൺകച്ചിയേകമ്പനേ

അ—കാഞ്ചീപുരത്തിൽ എഴുന്നരുളിയിരിക്കും ഏകാംബരധാരിയായ ദേവ! (ലോകത്തിൽ ചിലർ) എപ്പോഴും കള്ളംതന്നെ പറയുന്നു. വലിയ ആളുകളെ നിന്ദിക്കുന്നു. കഷ്ടങ്ങൾ സഹിച്ചു പ്രസവിച്ച അമ്മയെ ഏതു വിധത്തിലും ഉപദ്രവിക്കുന്നു. എന്നുവേണ്ടാ പലവിധത്തിലും മഹാകഷ്ടതകളെ ചെയ്യുന്നു. ശാസ്ത്ര(തത്വ)ങ്ങളെ അന്വേഷണം ചെയ്കയേയില്ല. പരന്മാൎക്കുപകാരവും ചെയ്കയില്ല. തങ്ങളുടെ സമീപത്തുവന്നു യാചിക്കുന്നവൎക്കു ഒരു കാശുപോലും ദാനംചെയ്യുന്നില്ല. ഇങ്ങനെയുള്ളവർ ഈ ലോകത്തിൽ ഇരുന്നാലെന്തു പ്രയോജനം? മരിച്ചാലെന്തു നഷ്ടം?

അപ്പെൻറും വെണ്ണെയതായിനുമാങ്കന്നിലത്തിയൽപാൽ
തപ്പിൻറിയേഗ്ഗുണവേററുമൈതാൻപശചാത്തലിനാൽ
ചെപ്പിലപക്കുവംപക്കുവമാവുള്ള ചീവനിലും
ഇപ്പടിയേനില്ലനൈന്തെപിരാൻകച്ചിയേകമ്പനേ,

അ—എനിക്കു പിതൃതുല്യനും രക്ഷകനുമായിരിക്കുന്ന കാഞ്ചീപുരത്തിൽ എഴുന്നരുളിയിരിക്കും ഏകാംബരധരനായ ദൈവമേ! വെള്ളം

എപ്പോഴും നിർമ്മലമാണെങ്കിലും അതു കെട്ടിനിൽക്കുന്ന ഭൂമിയുടെ വ്യത്യാസം അനുസരിച്ച്, പലവിധത്തിലുള്ള നിറങ്ങളെ ഉണ്ടാക്കുന്നതുപോലെ, നിന്തിരുവടി അപക്വബുദ്ധികളിൽ മറഞ്ഞും പക്വബുദ്ധികളിൽ തെളിഞ്ഞും ഇരിക്കുന്നു.

അതിനാൽ പരമശിവൻെറ സർവവ്യാപിത്വത്തിനു ഹാനിയെന്തു്? എന്നുഭാവം. ജലം സ്ഥലഭേദത്താൽ വർണ്ണഭേദത്തെ പ്രാപിക്കുമെന്നുള്ളതിനു തണ്ണീർനിലനലത്താർനക്കോർകണം കൊടൈയാൽ കണ്ണീർമൈമാറാക്കരുണൈയാൽ——വെണ്ണീർമെയ്കല്പഴീയാവാററാൽ കടൽചൂഴ്ന്തവൈയകത്തുംഅല്പതമാമൈമെൻേറയറ!" എന്നു ഔവയാരുടെ വാക്യം പ്രമാണമാകുന്നു.

നായായ്പ്പിറന്തിട്നൽവേട്ടൈയാടിനയംപുരിയു-
ന്തായാർവയററിനരായ്പ്പിറന്തുപിൻചമ്പന്നരായ്
ക്കായാമരമുംവറളാംകുളമുങ്കല്ലാവുമെന്ന
വീയാമനിതരൈയേൻപടൈത്തായ്ക്കച്ചിയേകമ്പനേ.

അ—കാഞ്ചീപുരത്തിൽ എഴുന്നെള്ളിയിരിക്കും ഏകാംബരധരനായ ദൈവമേ! നായായി ജന്മമെടുത്താലും വേട്ടയിൽ നല്ലസാമർത്ഥ്യം കാണിച്ച് അതിൻെറ രക്ഷകനു് അതു നന്മയെച്ചെയ്യും. എന്നാൽ, മനുഷ്യജന്മം ലഭിച്ച് പിൽക്കാലം സമ്പന്നന്മാരായി ഭവിച്ചാലും കായ്ക്കാത്തമരംപോലെയും വെള്ളമില്ലാത്ത കുളംപോലെയും, കല്ലുകൊണ്ടുതീർത്ത പശുവെപ്പോലെയും അന്യന്മാൎക്ക് ഒരു ഉപകാരവും ചെയ്യാത്ത മനുഷ്യരെ നീ സൃഷ്ടിച്ചതെന്തിനോ; അറിയുന്നില്ല.

മനുഷ്യജന്മം ലഭിച്ചാൽ പരോപകാരം ചെയ്യേണ്ടതാവശ്യമായിരിക്കെ അതു ചെയ്യാത്ത ദുഷ്ടന്മാരെ ഹേ പരമേശ! നീ സൃഷ്ടിച്ചു ലോകത്തെ ദുഷിപ്പിച്ചതെന്തിനോ? അതിൻെറ ഉദ്ദേശം എനിക്കു മനസ്സിലാകുന്നില്ല എന്നു് അഭിപ്രായം.

ആററിൽകരൈത്തപുളിയാക്കിടാമലെന്നൻപൈയെല്ലാം
പോററിത്തിരുവുളംപററമൈയാപുരമൂൻെററിത്തു
ക്കൂറൈപ്പണികൊളുന്തളടൈയായ്കുൻറവില്ലടൈയാ
യേററുക്കൊടിയുടൈയായിരൈനാകച്ചിയേകമ്പനേ.

അ—രക്ഷക! കാഞ്ചീപുരത്തിൽ എഴുന്നരുളിയിരിക്കും ഏകാംബരനായ ദേവ! ത്രിപുരങ്ങളെ ദഹിപ്പിച്ച്, യമനെ രക്ഷിച്ചരുളിയ തിരുവടികളോടുകൂടിയവനെ! മേരുപർവതമാകുന്ന വില്ലുള്ളവനേ! കാള കൊടിയടയാളമായുള്ളവനേ! എൻെറ ഭക്തിവിശ്വാസത്തെയെല്ലാം ആററിൽകല

ക്കിയ പൃളിയെപ്പോലാക്കിത്തീക്കാതെ, രക്ഷിച്ച് എനിക്കു മോക്ഷപദം നൽകി അനുഗ്രഹിക്കാൻ തിരുവുള്ളമുണ്ടാകണം.

ആററുവെള്ളത്തിൽ കലക്കിയ പൃളി പൃളിപ്പിക്കലാകുന്ന തൻെറ പ്രയോജനത്തെ ചെയ്യാത്തതുപോലെ എൻെറ ഭക്തിയുടെ ലക്ഷ്യമായ നിന്നെ എനിക്കു കാണിക്കാതിരിക്കരുതേ എന്നു ഭാവം.

പെണ്ണാകിവന്തൊരുമായപ്പിശാചംപിടിത്തിട്ടെന്നെ
ക്കണ്ണാൽവെരുട്ടിമുലയാൽമയക്കിക്കടിതടത്തു
പ്പുണ്ണാംകുഴിയിടൈത്തള്ളിയെൻപോതപ്പൊരുൾപറിക്ക
വെണ്ണാതുന്നൈമറന്തേനിറൈവാ,കച്ചിയേകമ്പനേ.

അ—എൻെറ രക്ഷക! കാഞ്ചീപുരത്തിലെഴുന്നരുളിയിരിക്കും ഏകാംബരനായ ദൈവമേ! ഒരു മായാപിശാച്, സ്ത്രീരൂപം ധരിച്ചുവന്ന് എന്നെപ്പിടിച്ചു, തൻെറ കണ്ണുകളാൽ വിരട്ടി, മുലകളാൽ മയക്കി മദ്ധ്യഭാഗത്തുള്ള പുണ്ണായ കുഴിക്കകത്തു തള്ളിയിട്ട് എൻെറ അറിവായ സമ്പത്തിനെ അപഹരിച്ചതിനാൽ, നിന്തിരുവടിയെ അല്പമാത്രമെങ്കിലും വിചാരിക്കാതെ മറന്നുകളഞ്ഞു.

അപ്രകാരമുള്ള കുഴിയിൽനിന്നും എന്നെ ഉദ്ധരിച്ച് അനുഗ്രഹമാകുന്ന കരയ്ക്കുകയറേറണ്ടതു നിന്തിരുവടിയുടെ കടമയാണെന്നു ഭാവം.

നാവാരവേണ്ടുംവിതംചൊല്ലുവാരുന്നൈനാൻപിരിന്താൽ
ചാവേനെനേൻറയിരുന്തൊക്കെയുൺപാർകൾ കൈകാൽ വരണ്ടാൽ
പോവ്വാരുമെൻറുനടുത്തലൈക്കേകെട്ടുംപൂന്നൈയരു—
ക്കീവാർതലൈവിതിയോവിറൈവാകച്ചിയേകമ്പനേ.

അ—എൻെറ നാഥ! കാഞ്ചീപുരത്തിൽ എഴുന്നരുളിയിരിക്കും ഏകാംബരനായദേവ! സമ്പത്തുണ്ടായിരിക്കുമ്പോൾ നാവുകൊണ്ടു നല്ലവത്തമാനങ്ങളൊക്കെപ്പറഞ്ഞനുസരിച്ചിരിക്കും. ഞാൻ താങ്കളെപ്പിരിഞ്ഞു ജീവിച്ചിരിക്കയില്ല. അതായതു്, താങ്കളെപ്പിരിഞ്ഞാൽ ഞാൻ അന്നു മരിക്കും. എന്നൊക്കെപ്പറഞ്ഞ് ഒന്നിച്ചിരുന്നുണ്ടു താമസിക്കും. പിന്നീട് ധനമൊക്കെ പോയാൽ അതായതു് യദൃച്ഛയാ ഭത്താവിനു ദാരിദ്ര്യം നേരിട്ടാൽ,"നിനക്കിവിടെയെന്തുകാര്യം, പോയിവല്ലതും കൊണ്ടുവാ"എന്നുപറഞ്ഞു്, ഉച്ചിയിൽ കിഴുക്കി വെളിക്കിറക്കും. ഇങ്ങിനെയുള്ള പെണ്ണുങ്ങൾക്കു ധനം കോരിവാരിക്കൊടുക്കുന്നല്ലോ. ഇതെന്തു്? അവരുടെ തലയിലെഴുത്താണോ? ആവോ?

"യാവദ്വിത്തോപാർജനശക്തസ്താവന്നിജപരിവാരോരക്തഃ" എന്ന ശങ്കരവചനത്തിലടങ്ങിയിരിക്കുന്ന സാരമാണിതു്.

ധനം ഉണ്ടായാൽ സല്പാത്രത്തിൽ ചെലവഴിക്കാതെ കണ്ടവേശ്യകൾക്കു കോരിവാരിക്കൊടുക്കുന്നതു പാപകരവും താപകരവുമാണെന്നു ഇതുകൊണ്ടു സമർത്ഥിച്ചിരിക്കുന്നു.

കല്ലാർശിവകതൈനല്ലോർതമക്കുകനവിലുമെയ്
ചൊല്ലാർപചിത്തവർക്കന്നംകൊടാർകരുശൊന്നപടി
നില്ലാരറത്തെനിനയാർനിന്നാമനിനൈവിൽച്ചററു
മില്ലാരിരുന്തെന്നിറന്തെൻപുകൽകച്ചിയേകമ്പനേ.

അ—കാഞ്ചീപുരത്തിൽ എഴുന്നരുളിയിരിക്കും ഏകാംബരനായ ദേവ! ശിവസംബന്ധമായ കഥകളെ പറയാതെയും സാധുക്കളോടു സ്വപ്നത്തിൽ പോലും സത്യംപറയാതെയും വിശന്നുവരുന്നവർക്കു അന്നംകൊടുക്കാതെയും ഗുരുവിന്റെ ഉപദേശപ്രകാരം നടക്കാതെയും ധർമ്മങ്ങളെ കാര്യമായി ഗൌനിക്കാതെയും നിന്റെ തിരുനാമങ്ങളെ അല്പമെങ്കിലും മനസ്സിൽ നിനയ്ക്കാതെയും, ഇരിക്കുന്നവർ ഈ ലോകത്തിൽ ജീവിച്ചിരുന്നാലും പ്രയോജനമൊന്നുമില്ല.

വാനമുതത്തിൻചുവൈയറിയാതവർ, വൺകനിയി—
ൻറാനമുതത്തിൻ ചുവൈയെണ്ണൽപോലത്തനിത്തനിയേ
തേനമുതത്തിൻ തെളിവായജ്ഞാനം ചിറുതുമില്ലാ—
ക്കീനമുതച്ചുവൈവെനൻറല്ലവോകച്ചിയേകമ്പനേ.

അ—കാഞ്ചീപുരത്തിൽ എഴുന്നരുളിയിരിക്കും ഏകാംബരനായദേവമെ! ദേവാമൃതത്തിന്റെ രുചി ആസ്വദിച്ചറിയാത്തവർ, കല്പകവൃക്ഷത്തിലുണ്ടാകുന്ന പഴത്തിന്റെ രുചിയെ മേത്തരമെന്നു ഗണിക്കുന്നതുപോലെ. തേൻപോലെയും പാൽപോലെയും മധുരമായിരിക്കുന്ന ജ്ഞാനാമൃതം അല്പവും ലഭിയാതവർക്കു അവർ അനുഭവിക്കുന്ന സുഖഭോഗവസ്തുക്കളുടെ രുചി നന്നാണെന്നു തോന്നുകയില്ലയോ? തോന്നും.

ജ്ഞാനം അല്പവുമില്ലാത്തവർക്കു മററുള്ളവ സുഖകരമായി തോന്നുമെന്നുഭാവം.

ഊറൈറ ച്ചരീരത്തെയാപാശക്കൊട്ടിലൈലെയ്യൻപൊ—
(തിന്ത
പീററവരുത്തിയൈച്ചോറിട്ടുംതോൽപൈയൈപ്പേശരിയ
കാററിൽപൊതിന്തനിലൈയററപാണ്ടത്തെകാതൽ—
(ചെയ്തു
യേററുത്തിരിന്തുവിട്ടേനിറൈവാകച്ചിയേകമ്പനേ.

അ—എൻെറ നാഥ! കാഞ്ചീപുരത്തിൽ എഴുന്നരുളിയിരിക്കും ഏകാം ബരനായ ദേവ! നാറുന്ന ശരീരവും ദുഃഖഭാജനമായ ദ്രവ്യത്തെ കെട്ടിവയ്ക്കുന്നവീടും മാംസളമായ ദ്വാരത്തോടുകൂടിയ തുരുത്തിയും, ചോറുകൊണ്ടു നിറച്ചുവയ്ക്കപ്പെടുന്ന തോൽസഞ്ചിയും പറഞ്ഞറിയിക്കാൻ പാടില്ലാത്തവണ്ണം കാററിനാൽ നിറയപ്പെട്ടുള്ള നിലയില്ലാത്ത ഭാണ്ഡവുമായ ഈ ശരീരത്തെ ധരിച്ച്, അതിൽ അത്യാസക്തിയോടുകൂടി ജീവിച്ച് കഷ്ടപ്പെട്ട് എൻെറ കാലത്തെ വിഫലമാക്കിച്ചെയ്തു.

ഞാൻ ഇതുവരെയും നിന്തിരുവടിയെ സ്തുതിക്കാതെ ശരീരത്തിലാസക്തിയോടുകൂടിയവനായി കാലത്തെ വൃഥാ കളഞ്ഞുവെന്നു ഭാവം.

ചൊല്ലാൽവരുംകുററംചിന്തനൈയാൽപരുന്തോടഞ്ചെ- (ത-
പൊല്ലാതിവിനൈപാവൈയിൽപാവങ്കാംപുണ്ണിയന്മ
ലല്ലാതകേൾവിയൈക്കേട്ടിടും തീങ്കുകളായവുമ-
റൈറല്ലാപ്പിഴൈയുംപൊറുത്തരുൾവായ്ക്കച്ചിയേകമ്പനേ

അ—ഹേ ചിദംബരേകാംബര! എൻെറ വാക്കിൽവരുന്ന പഴികളേയും ഞാൻ വിവിധവിഷയങ്ങളിൽ മനസ്സിനെ പ്രവത്തിപ്പിക്കുകകൊണ്ടു വരുന്ന ദോഷങ്ങളേയും, എൻെറ ദുഷ്പ്രവൃത്തികൾകൊണ്ടുണ്ടാകുന്ന പാപങ്ങളേയും നാസ്തികശാസ്ത്രങ്ങളെ ചെവിക്കൊൾകകൊണ്ടുണ്ടാകുന്ന മാലിന്യത്തേയും എന്നല്ലാ മറെറല്ലാ കുററങ്ങളേയും ക്ഷമിച്ച് എന്നെ അനുഗ്രഹിച്ചു രക്ഷിക്കണം.

പലവിധത്തിലും എന്നിൽ ചേരുന്ന പാപങ്ങളെയെല്ലാം ഒഴിച്ചു വിശുദ്ധനാക്കി നിന്തിരുവടിയുടെ അനുഗ്രഹത്തിനു പാത്രമാക്കി രക്ഷിക്കണമെന്നു ഭാവം.

മുട്ടററമഞ്ചളൈയെണ്ണെയിൽക്കൂട്ടിമുകമിനുക്കി
മെട്ടിട്ടുപൊട്ടിട്ടുപിത്തളൈയോലൈവിളക്കിയിട്ടു
പ്പട്ടപ്പകലിൽവെളിമയക്കേചെയ്യുംപാവൈയാർമേ
ലിട്ടത്തൈനീതവിപ്പ്പായിറൈവാകച്ചിയേകമ്പനേ.

അ—എൻെറ രക്ഷക! ചിദംബരൈകാംബര! നല്ല പച്ചമഞ്ഞൾ എണ്ണയിൽ ചാലിച്ചു മുഖത്തിൽ പൂശിമിനുക്കി, കാലിൽ ഒരുതരം ശബ്ദമുണ്ടാകുന്ന മോതിരങ്ങളും ധരിച്ച്, മുഖത്തു തിലകംതൊട്ട് കാതിൽ പിച്ചളച്ചുരുളോലകൾ മിനുക്കിധരിച്ച് പട്ടാപ്പകൽ ഇറങ്ങിനടന്നു മയക്കുന്ന കാമിനിമാരിൽ എനിക്കുണ്ടായിരിക്കുന്ന ആശയെ നീതന്നെ ഒഴിച്ചനുഗ്രഹിക്കണം.

പലവിധത്തിലുള്ള ആഭരണങ്ങളെ ധരിച്ചുകൊണ്ടു പുറംപകിട്ടു മയക്കവലയിൽ കുടുക്കാൻ നടക്കുന്ന സ്ത്രീകളിലുണ്ടാകുന്ന ആശയെ നീക്കി എന്നെ അനുഗ്രഹിക്കണമെന്നു ഭാവം.

പിറന്തുമൺമീതിൽപിണിയേകുടികൊണ്ടുപേരിമ്പ-
(ത്തൈ
മറന്തുചിററിമ്പത്തിൽമേന്മയലാകിപ്പുന്മാതരുക്കാം
പറന്തുഴന്റേതട്ടുമാറിപ്പൊന്റേടിയപ്പാവൈയക്കീ
ന്തിറന്തിടവോപണിത്തായിറൈവാകച്ചിയേകമ്പനേ.

അ—എന്റെ നാഥ! ചിദംബരൈകാംബര! ഈ ലോകത്തിൽ ജനിച്ചു പല വ്യാധികളും സഹിച്ചു ലൌകികാനന്ദത്തെ മറന്ന് ബ്രഹ്മാനന്ദത്തിൽ മനസ്സു ലയിച്ചു നിസ്സാരകളായസ്ത്രീകളിൽവച്ച് ആശയാൽ നട്ടംതിരിഞ്ഞ് പണിപ്പെട്ടു ദ്രവ്യസമ്പാദനംചെയ്ത് ആ സ്ത്രീകൾക്കു കൊടുത്തു കടശിയിൽ ചത്തുമലരുന്നതിനാണോ നീ സൃഷ്ടിച്ചുവിട്ടതു്?

ദൈവമേ! നീ സൃഷ്ടിച്ചുവിട്ടതു്, സ്ത്രീകളിൽ ഭ്രമിച്ചു പണിപ്പെട്ടു പണം സമ്പാദിച്ചു. അതുകൊണ്ടു് അവരെ തീററിപ്പോററി ഒടുവിൽ നിരാധാരനായി മരിക്കാനാണോ? അല്ല എന്നുഭാവം.

പൂതങ്കളറവുപൊറിയററച്ചാരെമ്പുലങ്കളററ
പ്പേതംകുന്നമററുപേരാശൈതാനററുപിൻമുനററു
ക്കാതങ്കരണങ്കളുമററുവാനന്തക്കാക്ഷിയിലെ
യേതങ്കളൈന്തിരുപ്പേനിറൈവാകച്ചിയേകമ്പനേ.

അ—എന്റെ രക്ഷക! ചിദംബരത്തിൽ എഴുന്നരുളുമേകാംബരനായ ദേവ! പഞ്ചഭൂതങ്ങളും, പഞ്ചേന്ദ്രിയങ്ങളും, പഞ്ചവിഷയങ്ങളും ത്രിഗുണങ്ങളും, ലൌകികസുഖാശ, ഭൂതഭവിഷ്യദ്വർത്തമാനങ്ങളും, ത്രികരണങ്ങളും എന്നിവയുടെ ഭാവനകളെല്ലാം അററു ബ്രഹ്മാനന്ദത്തിൽ ഞാൻ ലയിച്ചിരിക്കുന്നുണ്ടു്.

ഭൂതാദികളുടെ ഭാവന നീങ്ങുന്നതുതന്നെ ബ്രഹ്മാനന്ദമാകയാൽ അതിൽ നിന്തിരുവടിയുടെ അനുഗ്രഹത്താൽ ലയിച്ചിരിക്കാൻ സാധിക്കുമെന്നല്ലാതെ എന്റെ ശക്തികൊണ്ടല്ല എന്നു ഭാവം.

നല്ലായെനക്കുമനുവൊൻറുതന്തരുളുംജ്ഞാനമില്ലാ—
പ്പൊല്ലാവെന്നൈക്കൊൻറുപോട്ടുംപൊഴുതിയൽപൂശൈ-
(ശൈവം
ചൊല്ലാർനൽക്കോയിനിയമമ്പൻവകൈത്തോത്തിരമു
മെല്ലാമുടിന്തപിൻകൊല്ലുകണ്ടായികച്ചിയേകമ്പനേ.

അ—ഹേ ചിദംബരൈകാംബര! എനിക്കു നന്മയെച്ചെയ്യുന്നവനേ! നിന്തിരുവടി ഒരനുഗ്രഹം ചെയ്യാറാകണം. അതെന്തെന്നാൽ ജ്ഞാനമില്ലായ്കയാൽ ദുരിതനിധിയായിരിക്കുന്ന എന്നെ കൊല്ലാൻ ആരംഭിക്കവേ, പൂജ ജപം കോവിൽനിയമം പലവിധത്തിലുള്ള സ്തോത്രം ഇവയെല്ലാം ചെയ്തുതീൎന്നിതിനുമേൽ വേണം കൊല്ലാൻ എന്നുള്ളതാണു്.

ദൈവമേ! പൂജാദികൾ നിൎവ്വഹിച്ചതിനുമേൽ മരിക്കുന്നതിനും എന്നെ അനുഗ്രഹിക്കണമേ എന്നു ഭാവം.

ചടക്കടെത്തുക്കിരൈതേടിപ്പൻവ്വയർത്തന്നൈക്കൊൻറു
വിടക്കടിത്തുക്കൊണ്ടിരുമാന്തിരുന്തുമികമെലിന്തു
പടക്കടിത്തൻറുഴൽവാർകടമൈക്കരംപററിനമ
നിടക്കടിക്കുംപൊഴുതേതുചെയ്യാർകച്ചിയേകമ്പനേ

അ—കാഞ്ചീപുരത്തിൽ എഴുന്നരുളിയിരിക്കും ഏകാംബരനായ ഈശ്വര! ഈ ശരീരത്തെപ്പോററുന്നതിനായി പല ജീവികളെ ഹിംസിച്ചു തിന്നു ഗൎവ്വിച്ചു, കറങ്ങുന്ന മനുഷ്യരെ കാലൻ അടിച്ചുകൊണ്ടു പോകുമ്പോൾ അവർ എന്തൊന്നുചെയ്വാൻ ശക്തരായി ഭവിക്കും?

പാപകൎമ്മങ്ങൾക്കു നരകവും ഒടുവിൽ മരണവും നിശ്ചിതമാകയാൽ പ്രാണിഹിംസചെയ്തു ശരീരത്തെപ്പോഷിപ്പിച്ചുകൊണ്ടു അഹങ്കരിച്ചുനടക്കുന്നതു മൂഢത്വമാകുന്നു. എനിക്കതിനിടവരാതെ നീ രക്ഷിച്ചുകൊൾക എന്നു ഭാവം.

നാദമുടലൈനരിപ്പൊതിച്ചോററിനൈനാൻതിനമു
ചോറുംകറിയുംനിരപ്പിയപാണ്ഡത്തെത്തൊകൈയർത
ങ്കൂരുമലമുമിരത്തമുഞ്ചേരുംകുഴിയിൽവീഴാ
തേറുംപടിയരുൾവായ്റൈവാകച്ചിയേകമ്പനേ

അ—നാഥ! കാഞ്ചീപുരത്തിൽ എഴുന്നരുളിയിരിക്കും ഏകാംബരനായ ഈശ്വര! നരികളുടെ പൊതിച്ചോറായി, ദിവസംതോറും ഞാൻ ചോറുംകറിയും നിറയ്ക്കുന്നതായ ഭാണ്ഡമായിരിക്കുന്ന നാറുന്ന ഈ ശരീരത്തെ സ്ത്രീകളുടെ മലവും രക്തവും ഒഴുകുന്ന കുഴിയിൽ വീഴാതവണ്ണം ജ്ഞാനക്കരയിൽ കരയേറുമാറു് അനുഗ്രഹിച്ചു രക്ഷിക്കണം.

ലോകാനന്ദത്തെ കൈവിട്ടു ബ്രഹ്മാനന്ദം അടയുമാറെന്നെ അനുഗ്രഹിക്കണമെന്നൎത്ഥം.

ചൊക്കിട്ടരമനൈപ്പെണ്കൾത്തിരുടിയതുട്ടർവന്തു
തിക്കററമന്നരൈക്കേൾപതുപോച്ചിവനിന്തെചെയ്തു

മിക്കക്കരുലിംഗാചങ്കമന്നിന്തിത്തുവീടിച്ചിക്കു
മെക്കപ്പെരുത്തവർക്കെൻചൊല്ലുവേൻകച്ചിയേകമ്പനേ

അത്ഥം—കാഞ്ചീപുരത്തിൽ എഴുന്നരുളിയിരിക്കും ഏകാംബരധരനായ ദേവ! ഒരു രാജാവിൻെറ അരമനയിൽ കയറി മോഷ്ടിച്ച കള്ളന്മാർ വീണ്ടും ആ രാജാവിൻെറ മുമ്പിൽചെന്നു യാചിച്ചതുപോലെ, പലവിധത്തിൽ ശിവനിന്ദചെയ്തു്, സദ്ഗുരു, സൽസംഗം, ശിവലിംഗം മുതലായവയെ ദൂഷിച്ച്, മോക്ഷത്തെ വെറുത്തു് വികൃതിജ്ഞാനത്തോടുകൂടിയ മൂഢന്മാരോടു ഞാനെന്താണു പറയേണ്ടതു്?

അങ്ങനെ ദൈവനിന്ദകൾ യാതൊന്നും ചെയ്യാത്ത എന്നെ എന്തായാലും നിന്തിരുവടി രക്ഷിക്കേണ്ടതാണെന്നു ഭാവം.

വിരുന്താകവന്തവർത്തങ്കളുക്കന്നെമികക്കൊടുക്ക
പ്പൊരുന്താർവളംപെററവാഴ്വാർനിന്നാമത്തെപ്പോററി-
(നിത്ത
മരുന്താമുലൈവങ്കരെന്നാരപ്പാതകരമ്പുവിയി
ലിരുന്താവതേതുണ്ടായിറൈവാകച്ചിയേകമ്പനേ.

അ—എൻെറ നാഥ! കാഞ്ചീപുരവാസിയായ ഏകാംബരേശ്വര! അർദ്ധനാരീശ്വരാ! ദിനംതോറും നിൻെറ തിരുനാമത്തെ ജപിക്കാത്ത പാപികൾ, അതിഥികൾക്കു ഭക്ഷണം നൽകാത്ത ലോഭികൾ, പോറേറണ്ടവരെ പോററാതെ തൻെറ വയറുനിറച്ചുകൊണ്ടിരിക്കുന്ന സ്വാത്ഥപരന്മാർ ഇങ്ങനെയുള്ളവർ ലോകത്തിൽ ജീവിച്ചിരിക്കുകകൊണ്ടുള്ള ഫലമെന്തു്? ലോഭികളെക്കൊണ്ടു ലോകത്തിനു യാതൊരു പ്രയോജനവുമില്ലെന്നു ഭാവം.

എല്ലാമറിന്തുപടിത്തേയിരുന്തേമക്കുള്ളപടി
വല്ലാനറിന്തുളനെൻറുണരാതുമതിമയങ്കി
ച്ചൊല്ലാൽമലൈന്തുറച്ചൂഴ്പിതിയിൻപടിതുക്കത്തുച്ചി
നെല്ലാഞ്ചിവൻചെയലേയെൻപ്പാൽകാൺകച്ചിയേക—
(മ്പനേ.

അ—കാഞ്ചീപുരത്തിൽ എഴുന്നരുളിയിരിക്കും ഏകാംബരധരനായ ദേവ! എല്ലാ ശാസ്ത്രങ്ങളെയും വായിച്ചറിഞ്ഞാലും, നമ്മുടെ പ്രവൃത്തികൾക്കെല്ലാം പരമശിവൻ സാക്ഷിയാണെന്നറിയാതെ ബുദ്ധി ഭ്രമിച്ചു് ഓരോ ദുഷ്പ്രവൃത്തികൾ ചെയ്തു ദുഃഖിച്ചിട്ടു് ഒടുവിൽ ബോധമുണ്ടായ, ഞാൻ ചെയ്തതെല്ലാം ഈശ്വരൻ ചെയ്യിച്ചതാണെന്നു പറയുന്നു. ഇതെന്തൊരു മൂഢത്വമോ? അറിഞ്ഞുകൂടാ?

എത്രതന്നെ ശാസ്ത്രജ്ഞാനമുണ്ടായാലും മായയുടെ ബന്ധത്തിൽ അകപ്പെടാതെ കഴികയില്ല എന്നു ഭാവം.

പൊന്നെന്നിനെന്നുബങ്കുവാകത്തോട്ടവാർപൂവൈയന്നാ
ടന്നെന്നിനെന്നുപെകുവായുരുകുവാർതാരന്നിയി
ലുന്നൊന്നിനെന്തിംകുന്നെപ്പൂചിയാതപുലുത്തരെല്ലാ
മെന്നെന്നിരുന്തുകാണ്ടായിറൈവാകച്ചീയേകമ്പനേ.

അ—എന്റെ നാഥ! കാഞ്ചീപുരത്തിൽ അധിവസിക്കുന്ന ഏകാംബരനായ ഈശ്വര! പരമാത്മസ്വരൂപനായ നിന്നെ ധ്യാനിച്ചു സ്തുതിച്ചു പൂജിക്കാത്ത ദുഷ്ടന്മാരെല്ലാം ദ്രവ്യത്തിലാശവർദ്ധിച്ച് അതിനെ അന്വേഷിക്കുന്നു. സ്ത്രീകളെ ചിന്തിച്ചു ചിന്തിച്ച് അവൾക്കുവേണ്ടി ദുഃഖിക്കുന്നു. അപ്രകാരമുള്ള മനുഷ്യർ ഈ ലോകത്തിൽ ജീവിച്ചിരിക്കുന്നതുകൊണ്ടെന്തുഫലം?

ശിവഭക്തിയില്ലെങ്കിൽ മനുഷ്യജന്മംകൊണ്ടു ഫലമില്ലെന്നു സാരം.

കട്ടഞ്ചോലിൻവമ്പരെയീനരെക്കൾണ്ടരെക്കാമുകരെ
ക്കൊട്ടംപവമേചെയ്യുനിർമൂടർതമ്മെക്കുവലയത്തു
നെട്ടമ്പനെപോലവളർന്തുനല്ലോർതനെറിയറിയാ
വിട്ടമ്പരെയേൻവകുത്തായിറൈവാകാച്ചിയേകമ്പനേ.

അ—എന്റെ നാഥ! കാഞ്ചീപുരാധിവാസനായ ഏകാംബരേശ്വര! കടുംവാക്കു പറയുന്ന അഹങ്കാരികളെയും നീചരെയും മൂഢരെയും കാമലമ്പടന്മാരെയും മഹാദുഷ്കൃതങ്ങളെ പ്രവൎത്തിക്കുന്ന അജ്ഞാനികളെയും ഈ ഭൂമിയിൽ നെട്ടമ്പനപോലെ വളൎന്നു സന്മാൎഗ്ഗങ്ങളെ അറിയാത്ത ദുഷ്ടരെയും നീ ഉണ്ടാക്കിവച്ചതെന്തിനോ! അറിയുന്നില്ല.

സദ്വൃത്തന്മാരെയും ധൎമ്മത്തെയും ദുഷിപ്പിക്കത്തക്ക ദുഷ്ടന്മാരെ ഭൂമിയിൽ സൃഷ്ടിക്കേണ്ടിയില്ലായിരുന്നു എന്നു ഭാവം.

കൊൻേറനനേകമുയിരെയെല്ലാംപിന്നുകൊൻറു—
(കൊൻറു
തിൻേറയതൻറിയുംതീംകുചെയ്യുനതുതിക്കവെൻേറ
നിൻേറനിൻചന്നിതിയേതനാൽകുററനീപൊറുപ്പാ
യെൻേറയുന്നെനമ്പിനേനിറൈവാകച്ചിയേകമ്പനേ.

അ—എന്റെ രക്ഷക! കാഞ്ചീപുരൈകാംബര! ഞാൻ അനേകജീവരാശികളെക്കൊന്നു എന്നല്ല അവറ്റെത്തിന്നുകയും ചെയ്തു. മററു ദുഷ്കൃത്യങ്ങളും പലതും ചെയ്തു. എന്റെ പാപങ്ങളെല്ലാം നീങ്ങുമാറ് നിന്തിരുവടിയുടെ സന്നിധിയിൽ എത്തി ആ പാപങ്ങളെ നിന്തിരുവടി പൊറുത്തു

കൊള്ളണമെന്നു പലപ്രാവശ്യം മുറവിളിച്ചുകൊണ്ടു നിന്നെ ആശ്രയിക്കുന്നു നീ അപ്രകാരം ചെയ്യു് എന്നെ രക്ഷിക്കണം.

ഹിംസ അധർമ്മമാണെന്നറിഞ്ഞിരുന്നിട്ടും അതു ചെയ്യാൻ ഇടയായിപ്പോയ എൻെറ പാപത്തെ നീക്കി രക്ഷിക്കണമെന്നു ഭാവം.

ഊരിരുന്തെൻനല്ലോരിടന്തെന്നുപകാരമുള്ള
പേരിരുന്തെൻപെററതായിരുന്തെൻമടപ്പെൺകൊടി-
{യാഠം
ചീരിരുന്തെനനൽചിറപ്പിരുന്തെന്നവിത്തേയത്തിനി
ലേരിരുന്തെൻവല്ലവാ വിറൈവാകച്ചിയേകമ്പനേ

അ—സർവസമർത്ഥനായ നാഥ! കാഞ്ചീപുരൈകാംബരേശ്വര! ഈ ലോകത്തിൽ ഊരു് ഉററസ്നേഹിതന്മാർ ഉപകാരം ചെയ്യുന്നവർ പെററമ്മ പത്നി സമ്പൽസൌന്ദര്യങ്ങൾ നാൽക്കാലികൾ മുതലായവ എല്ലാം ഇരുന്നാലും (നിന്തിരുവടിയുടെ അനുഗ്രഹമില്ലെങ്കിൽ) എന്തുഫലം?

വില്ലാലടിക്കച്ചെരുപ്പാലുതൈക്കവെകുണ്ടൊരുവൻ
കല്ലാലെറിയപ്പിരമ്പാടിക്കക്കളിവണ്ടുക്രൂർ
ന്തല്ലാപൊഴിററില്ലെയമ്പലവാണക്കോരന്നൈപിതാ
വില്ലാതതാലല്ലവോവിറൈവാകച്ചിയേകമ്പനേ.

അ—എൻെറ നാഥ! കാഞ്ചീപുരൈകാംബരേശ്വര! ഒരുത്തൻ നിന്നെ വില്ലാലടിക്കുന്നതിനും ഒരുത്തൻ ചെരുപ്പാൽ ചവിട്ടുന്നതിനും മറെറാരുത്തൻ കല്ലുകൊണ്ടെറിയുന്നതിനും മറെറാരുത്തൻ പിരമ്പാലടിക്കുന്നതിനും ഇടയായി. വണ്ടുകളുടെ ഝംകൃതിയാൽ മുഖരിതമായ പൂങ്കാവു ചൂഴന്ന ചിദംബരത്തിൽ എഴുന്നെള്ളിയിരിക്കുന്ന അമ്പലവാണർ (ക്ഷേത്രാധിപതി) എന്ന സ്വാമിക്കു് പെററമ്മയും അച്ഛനും ഇല്ലായിരുന്ന കുറവാലല്ലയോ അതു്?

വില്ലുകൊണ്ടടിച്ചതു് അർജ്ജുനൻ, ചെരുപ്പാലടിച്ചവൻ കണ്ണപ്പൻ, കല്ലാലെറിഞ്ഞവൻ ശാക്യൻ, പിരമ്പാലടിച്ചവൻ പാണ്ഡ്യൻ.

വിരുത്തം

അന്നൈയെത്തനൈയെത്തന്നൈയന്നൈയോ
അപ്പനെത്തനൈ, യെത്തനൈയപ്പനോ
പിന്നൈയെത്തനൈയെത്തനൈപ്പെണ്ടിരോ
പിള്ളൈയെത്തനൈയെത്തനൈപ്പിള്ളയോ

മുന്നൈയെത്തനൈവെത്തനൈചെന്മമോ
മൂടനായടിയേനമറിന്തീലേ
നിന്നമെത്തനൈയെത്തനൈചെന്മമൊ
വെൻചെയ്വേൻകച്ചിയേകമ്പനാതനേ.

അ—കാഞ്ചീപുരത്തിൽ എഴുന്നരുളിയിരിക്കും ഏകാംബരേശ്വര! ഇതിനുമുമ്പു ഞാൻ എത്രജന്മങ്ങളെടുത്തോ ആവോ? അങ്ങനെ എടുക്കപ്പെട്ടജന്മങ്ങളിൽ എന്നെ പെററെടുത്ത അമ്മമാർ എത്രപേരോ? അച്ഛന്മാർ എത്രയാളോ എന്തോ? പിന്നീട്ട ഭാര്യമാരായിവന്നവർ എത്രപേരോ? കുഞ്ഞുങ്ങൾ എത്രപേരോ—അതുപോലെ ഇനിയും പ്രാരബ്ധശേഷത്താൽ എത്ര ജന്മങ്ങൾ ഭവിക്കാനിരിക്കുന്നോ—ഇതെല്ലാം നായെക്കാൾ നിസ്സാരനായ മൂഢൻ ഞാൻ അറിഞ്ഞിട്ടില്ല.

അതിനാൽ എൻെറ പ്രാരബ്ധശേഷത്താൽ ഭവിക്കാനിരിക്കുന്ന ജന്മങ്ങളെ നീക്കി നിന്തിരുവടികളോടുചേർത്തു് അനുഗ്രഹിക്കണമെന്നു ഭാവം.

തിരുത്തില്ലൈ (ത്രച്ചിദംബരം)

കാമ്പിണങ്കുമ്പണൈത്തോളാക്കുംപൊന്നുക്കുംകാശിനുക്കും
താമ്പിണങ്കുംപലവാശൈയുംവിട്ടുതനിത്തുച്ചെത്തു
പ്പോംപിണന്തന്നൈത്തിരളാക്കൂടിപ്പുരണ്ടിനിമേൽ
ചാമ്പിണങ്കത്തുതൈയോവെൻചെയ്വേൻതില്ലൈച്ച—
(ങ്കരനേ.

അ—ചിദംബരത്തിൽ എഴുന്നരുളിയിരിക്കും ശങ്കരപ്പെരുമാനേ! മുങ്കിൽമരത്തണ്ടോടു തുല്യമായ തോളോടുകൂടിയ സ്ത്രീകളിലും ദ്രവ്യത്തിലും ഭൂമിയിലും വച്ചിട്ടുള്ള പലതരമായ ആശകളെയും വിട്ടു തനിയെ മരിച്ചുപോയ ശവത്തെ ചുററി കൂട്ടമായിക്കൂടി ഇനിമേൽ മരിക്കാനിരിക്കുന്ന ശവങ്ങൾ ശബ്ദിക്കുന്നു. ഞാൻ എന്താ ചെയ്യു?

പലവിധ ആശകളേയും വിട്ടു തനിയേ മരിച്ചുപോയ എന്നു മേൽപറഞ്ഞതു മരിക്കുമ്പോൾ ആ ആശകൾ വിട്ടുപോക സഹജമാണെന്നുള്ള അർത്ഥത്തിലാകുന്നു.

ചോറിടുനാട്ടുതുണിതരുംകുപ്പൈതൊണ്ടൻപരൈക്ക—
ണ്ടേറിടുംകൈകളിറങ്കിടുംതീവിനൈയെപ്പൊഴ
നീറിടുമേനിയർചിററമ്പലവർനിരുത്തക്കണ്ടാ—
ലൂറിടുംകൺകളുരുകിടുംനെഞ്ചമെന്നുള്ളമുണ്ടേ

അ—എപ്പോഴും ഭൂതിയണിഞ്ഞുകൊണ്ട ചിദംബരത്തിൽഎഴുന്നെള്ളി യിരിക്കുന്ന പരമശിവൻെറ നൃത്തത്തെ ദർശിച്ചാൽ ലോകർ അന്നദാനം ചെയ്യും, ചുള്ളിക്കാട്ട വസ്ത്രദാനംചെയ്യും, ഭക്തന്മാരെക്കാണുന്ന മാത്രയിൽ കൈകൾ തനിയെ കൂപ്പും, പാപങ്ങളെല്ലാം നശിക്കും, കണ്ണുകളിൽ ആനന്ദാശ്രുക്കൾ നിറയും, മനസ്സലിഞ്ഞു കുളുർക്കയും ചെയ്യും.

ചിദംബരേശൻെറ നടനദർശനം ഇങ്ങനെ പലപല ഗുണങ്ങളെ ചെയ്യുന്നതാകയാൽ അല്ലയോ മനമേ! നീ എപ്പോഴും അതിനെ ദർശിച്ചുകൊണ്ടിരുന്നാലും എന്നഭിപ്രായം.

അഴലുക്കുഠംപെ:ണ്ണ്ണയെനപ്പേയുരുകിപ്പൊന്നമ്പലത്താർ
നിഴലുക്കനിൻറുതവമുഞ്ഞറാമനിട്ടൂരമിന്നാ
കുഴലുക്കിശൈന്തവകൈമാലൈകൊണ്ടുകുറേവൽചെയ്തു
വിഴലുക്കമുത്തുലൈയിട്ടിറൈത്തേനെൻവിതിവശമേ!

അ—ചിദംബരത്തിൽ നൃത്തംചെയ്യുന്ന എൻെറ തമ്പുരാൻെറ തിരുവടി നിഴലിലിരുന്ന് അഗ്നിയിൽപെട്ട വെണ്ണനെയ്പോലെ മനസ്സുരുകി തപസ്സുചെയ്യാതെ ഉത്തമന്മാരാൽ നിന്ദിക്കപ്പെടുന്ന സ്ത്രീകളുടെ സൌന്ദര്യവിലാസത്തെ തുടരെത്തുടരെ പാടി അവക്ക് ദാസ്യത്തെച്ചെയ്തു നിഷ്പ്രയോജനമായി ഇലവുമരംകാത്ത പക്ഷിയെപ്പോലെ ഹതാശനായിഭവിച്ചു. ഇതെൻെറ ശിരോലിഖിതമോ? ദൈവമേ!

(ശിവപൂജചെയ്യാതെ സ്ത്രീകളെ മോഹിച്ച ഞാൻ എങ്ങനെ രക്ഷപ്പെടും എന്ന ഭാവം.)

ഓടാമൽപാഴുക്കുഴൈയാമലോരമുരൈപ്പവർപാൽ
കൂടാമനല്ലവർക്കൂട്ടംവിടാമൽവെങ്കോവനെഞ്ചി
നാടാമനന്മൈകഴുവാമലിൻെറക്കുനാളൈക്കെൻറു
തേടാമൽചെൽവന്തരുവായ് ചിദംബരതേശികനേ.

അ—ചിദംബരത്തിൽ എഴുന്നരുളിയിരിക്കും പരമശിവ! നിഷ്പ്രയോജനങ്ങളായ കാര്യങ്ങൾക്കായി ഓടാതെയും, ബുദ്ധിമുട്ടാതെയും, അടുത്തിരുന്നു സംസാരിക്കുന്നവരോട്ട (ഭാര്യാപുത്രാദികളോട്ട) സ്നേഹിക്കാതെയും സാധുസംഗത്തെ കൈവിടാതെയും ദുഷ്ടതയെ വദ്ധിപ്പിക്കുന്ന കോപത്തെ, മനസ്സിൽ ഉദിപ്പിക്കാതെയും, സദാചാരങ്ങളെ വെടിയാതെയും, ഇന്നത്തേക്കുനാളത്തേക്ക് എന്നുള്ള ആശയോടെ ധനത്തെ സമ്പാദിക്കാതെയും ഇരിക്കത്തക്കവണ്ണം എനിക്കു ബ്രഹ്മാനന്ദസമ്പത്തിനെ തന്ന് അനുഗ്രഹിക്കണം.

പാരാമുലേപ്പ്വക്കില്ലൈയെന്നാമൽപഴുതുചൊല്ലി
വാരാമൽപാവങ്കൾവന്തണുകാമന്മനമയർന്തു

പേരാമൽപേവെപിരിയാമലൻപുപൊറാതവരൈ
ച്ചേരാമൽചെൽവന്തരുവായ് തികമ്പരതേശികനേ.

അ—ചിദംബരത്തിൽ എഴുന്നരുളിയിരിക്കും പരമേശ! എന്നോടു ഭിക്ഷ ചോദിക്കുന്നവരോടു മുൻപും പിൻപും നോക്കാതെ ഇല്ല എന്നു പറയാതെയും, ദൂഷണങ്ങൾ പറഞ്ഞുകൊണ്ടു ചുററിനടക്കാതെയും, പാപങ്ങൾ എന്നിൽ ചേരാതെയും മതിമറന്നു സഞ്ചരിക്കാതെയും, നിൻെറ തൃപ്പാദഭക്തി ഒരിക്കലും മായാതെയും കരുണയില്ലാത്ത മൂഢന്മാരോടു എടപെടാതെയും ഇരിക്കത്തക്കവണ്ണമുള്ള ബ്രഹ്മാനന്ദസമ്പത്തു തന്നു് എന്നെ രക്ഷിക്കണമേ.

കൊല്ലാമൽകൊൻറതൈതിന്നാമൽകുത്തിരങ്കോൽകളവു
കല്ലാമൽകൈതവരോടിണങ്കാമൽകനവിലുംപൊയ്
ചൊല്ലാമൽചൊൽകളൈക്കേളാമറോകൈയർമായൈയി-
(യിലേ
ചെല്ലാമൽചെൽവന്തരുവായ് ചിതംബരതേശികനേ

അ—ചിദംബരത്തിൽ എഴുന്നെള്ളിയിരിക്കുന്ന പരമേശ! ഒരു ജീവിയേയും കൊല്ലാതെയും, അങ്ങനെ കൊന്നതിനെത്തിന്നാതെയും, വഞ്ചന കൊല കളവു് മുതലായവ അഭ്യസിക്കാതെയും വഞ്ചകരോടു സ്നേഹിയാതെയും സ്വപ്നത്തിൽപോലും കള്ളം പറയാതെയും, അങ്ങനെ വല്ലവരും കള്ളം പറയുന്നുവെങ്കിൽ അതിനെ കേൾക്കാതെയും സ്ത്രീകളുടെ മയക്കവലയിൽ കുടുങ്ങാതെയും ഇരിക്കത്തക്ക ബ്രഹ്മാനന്ദസമ്പത്തിനെത്തന്നു് എന്നെ അനുഗ്രഹിക്കേണമേ.

മുടിശാർന്തമന്നരുമററുമുള്ളോരുമുടിവിലൊരു
പിടിശാമ്പലായ്വെന്തുമണ്ണാവതുംകണ്ടുപിന്നുമിന്ത-
പിടിശാർന്തവാഴ്വൈനിനൈപ്പതല്ലാൽപൊന്നിനമ്പലവ
രടിശാർന്തുനാമുയ്യ്യവേണ്ടുമെൻേറയറിവാരില്ലൈയേ.

അ—അല്ലയോ മനസ്സേ! ഈ ലോകത്തിൽ രാജാക്കന്മാരായവരും അതിൽ താഴ്ന്നനിലയിലുള്ള മററാളുകളുമെല്ലാം ഒടുവിൽ ഒരുപിടിച്ചാമ്പലായ് വെന്തു മണ്ണായിത്തീരുന്നതു കണ്ടിരുന്നിട്ടും ഈ ലോകത്തിൽ ജീവിക്കേണ്ട കാൎയ്യങ്ങളെക്കുറിച്ചു ചിന്തിക്കുന്നതല്ലാതെ ചിദംബരത്തിൽ നടനം ചെയ്യുന്ന പരമശിവൻെറ തൃപ്പാദങ്ങളിൽ ചേൎന്നു് രക്ഷപ്പെടണമെന്നു് അറിഞ്ഞു നടക്കുന്നവർ ആരുംതന്നെയില്ല. അതിനു ഞാൻ എന്താണു ചെയ്യേണ്ടതു്?

ആ മൂഢത്വം പൂർവജന്മപാപംകൊണ്ടു സംഭവിക്കുന്നതെന്നല്ലാതെ ഞാൻ എന്താണു പറയേണ്ടതു്? എന്നു ഭാവം.

കാലൈയുപാതിമലഞ്ചലമാമൻറിക്കട്ടച്ചിയിൽ
ചാലവുപാതിപശിതാകമാമൂതൽചഞ്ചിതമാ
മാലൈയുപാതിതുയിൽകാമമാമിവൈമാററിവിട്ടേ
യാലമുകന്തരുളമ്പലവായെന്നൈയാണ്ടരുളേ.

അ—ഹാലാഹലവിഷത്തെ അമൃതപ്രായമായശിച്ച് ചിദംബരേശ! എനിക്കു കാലത്തു് അത്യന്തമായ മലജലവിസർജ്ജനാഭിലാഷമുണ്ടാകുന്നു. ഉച്ചയ്ക്കു വല്യതായ വിശപ്പും ദാഹവുമുണ്ടാകുന്നു. രാത്രിയിൽ കാമവികാരവും നിദ്രയുമുണ്ടാകുന്നു. ഇവ ഒരു ഗുണത്തെയും തരാതെ നിത്യവും ആവർത്തിക്കുന്നതായി കാണപ്പെടുകയാൽ നിഷ്പ്രയോജനമാണെന്നുള്ള ബോധം എനിക്കുണ്ടാകുന്നു. അതിനാൽ ആ ഉപാധികളെ നീക്കി മോക്ഷത്തിനധികാരിയാക്കിയനുഗ്രഹിക്കണം.

ആയുംപുകഴ്ത്തില്ലൈയമ്പലവാണരരുകിൽചെൻറാൽ
പായുമിടവംകടിക്കുമരവംപിമ്പററിച്ചെൻറാൽ
പേയുംകണമുംപെരുന്തലൈപൂതവുംപിൻെറാടര
പ്പോയെൻചെയ്യായ്മനമേപിണക്കാടവർപോമിടമേ.

അ—അല്ലയോ മനസ്സേ! എല്ലാവരാലും അന്വേഷിക്കപ്പെടുന്ന പരമശിവൻെറ സമീപത്തിൽ ചെന്നാൽ കാള പായും, പാമ്പുകടിക്കും, എന്നാലിനി അദ്ദേഹത്തിൻെറ പുറകേ ചെല്ലാമെന്നുവച്ചാലോ, പേയ്ഗണങ്ങളും ഉഗ്രങ്ങളായ ഭൂതഗണങ്ങളും നിന്നെ പിന്തുടൎന്നു മിരട്ടും. അതിനാൽ നീ അദ്ദേഹത്തിൻെറ (ശിവൻെറ) അടുക്കൽപോയി എന്തുചെയ്യാനാണു്?

(ഒന്നും സാധിക്കയില്ലെന്നു സാരം) അദ്ദേഹം പോകുന്ന സ്ഥലമോ ചുടുകാടുമാണു്.

ഓടുമെടുത്തതളാടൈയും ചുററിയുലാവിമെള്ള
വീടുകതോറുംപലിവാങ്കിയേവിതിയററവർപോ
ലാടുമരുൾകൊണ്ടിങ്കമ്പലത്തേനിൽക്കുമാണ്ടിതന്നൈ
തേടുംകണക്കെന്നൈകാൺശിവകാമശേവുന്തരിയേ.

അ—ശിവകാമസുന്ദരി എന്ന തിരുനാമംപൂണ്ട പാർവതീദേവി! ഓടുമെടുത്തു തോലായ വസ്ത്രത്തെയും ധരിച്ചു് അലഞ്ഞുനടന്നു് വീടുകൾതോറും ഭിക്ഷയെടുത്തു ദേശഭ്രമത്താൽ പരദേശികളെപ്പോലെ അനുഗ്രഹത്തെ പുരസ്കരിച്ചുകൊണ്ടു ചിദംബരത്തിൽ നൃത്തംചെയ്തു നില്ക്കുന്ന ശിവ

തമ്പുരാനെ നീ അന്വേഷിക്കുന്നതിന് എന്തു ന്യായമോ? ഞാൻ അറിയു ന്നില്ല.

സൃഷ്ടികർത്രിയായ ശക്തി സംഹാരകാലത്തിൽ ശിവനെ അന്വേഷി ക്കേണ്ട അവസരമിരിക്കയാൽ കവി ഇപ്രകാരം പറഞ്ഞതാകുന്നു.

കുമാരഗുരുസ്വാമികളും ഈ അർത്ഥത്തെ സ്പഷ്ടമാക്കി വിരുത്തങ്ങൾ പാടിയിരിക്കുന്നു.

ഊട്ടുവിപ്പാനുമുറംകുവിപ്പാനുമിങ്കൊരൻറടൊന്റെ
മൂട്ടുവിപ്പാനുമയങ്കിവിപ്പാനുമയൻറാവിനൈ
നാട്ടുവിപ്പാനുമിരുവിനൈപ്പാശക്കയിററിൻവഴി
യാട്ടുവിപ്പാനുമൊരുവനുണ്ടേതില്ലെയമ്പലത്തേ.

അ—അല്ലയോ. മനസ്സേ! ജീവജാലങ്ങളെ ഊട്ടുന്നവനും ഉറക്കുന്ന വനും പദാർത്ഥങ്ങളെ തമ്മിൽ ചേർക്കുന്നവനും അഴിക്കുന്നവനും പുണ്യപാപ ങ്ങളെ പ്രകാശിപ്പിക്കുന്നവനും ജീവരാശികളെ സുകൃതദുഷ്കൃതങ്ങളാകുന്ന കയററിൽ കെട്ടി ആട്ടുന്നവനും ആയി പരമശിവൻ എന്നു പേരുള്ള ഒരു വൻ ചിദംബരത്തിൽ ഇരിക്കുന്നുണ്ട്. അവനെ സദാ ധ്യാനിച്ചാലും!

അടിയാർക്കെളിയവരമ്പലവാണരടിപണിന്താൽ
മടിയാമൽചെൽവവരമ്പെരലാംവൈയമേലളന്ത
നെടിയോനുംവേതനുംകാണാതനിത്തനിമലനരുൾ
കുടികാണുനാങ്കളവർകാണുമെങ്കൾകുലദൈവമേ!

അ—ഏഴുലോകങ്ങളേയും അളന്ന മഹാവിഷ്ണുവും ബ്രഹ്മാവും പല കാലം അന്വേഷിച്ചിട്ടും കാണപ്പെടാത്തവനും, ഒരിക്കലും ലയമില്ലാത്ത വനും, പരിശുദ്ധനും ആയ ശിവത്തമ്പുരാന്റെ അടിമകളാണു ഞങ്ങൾ. അദ്ദേഹമോ ഞങ്ങളുടെ കുലദൈവവുമാണ്. എന്നാൽ, അദ്ദേഹം ഭക്തന്മാ രുടെ ദാസനാണ്. ചിദംബരാധിവാസനുമാണ്. അദ്ദേഹത്തിന്റെ തിരു വടികളെ വന്ദിച്ചാൽ, എന്നുമഴിയാത്ത സമ്പത്തായ വരത്തെ ലഭിക്കാം.

തെയ്യച്ചിതംബരതേവ! ഉൻചിത്തംതിരുമ്പിവിട്ടാൽ
പൊയ്യൈത്തചൊപ്പനമാമന്നർവാഴ്വുംപുവിയുമെങ്കെ
മെയ്വൈത്തചെൽവമെങ്കെ മണ്ഡലീകർതംമേടൈ—
(യെങ്കെ
കയ്യൈത്തനാടകശാലൈയെങ്കെയിതുകൺമയക്കേ.

അ—ദൈവമേ! ചിദംബരത്തിൽ എഴുന്നെള്ളിയിരിക്കുന്ന പരമേശ! നിന്തിരുവടിയുടെ മനസ്സു ഒന്നു മറിഞ്ഞാൽ അല്പം തെററിയാലെന്നും, കേവ ലം സ്വപ്നപ്രായമായിക്കാണപ്പെടുന്ന രാജാക്കളുടെ വാഴ്ചയും, ആ വാഴ്ചയു

പററിയ ദേശങ്ങളും എവിടെ? സമ്പത്തുകളെവിടെ? മണ്ഡലേശ്വരന്മാരുടെ മണിമേടകളെവിടെ? നാടകശാലകളെവിടെ? (ഒന്നും കാണപ്പെടുകയില്ലെന്നൎത്ഥം) അതിനാൽ എല്ലാം കണ്ണുകളുടെ മയക്കാൽ തോന്നപ്പെടുന്ന ഭ്രമങ്ങളെന്നല്ലാതെ പരമാൎത്ഥവസ്തുക്കളല്ല.

ഉടുപ്പാനും പാലനമുൺപാനും ഉയ്യിത്തൊരുവർതമ്മൈ
ക്കെടുപ്പാനുമേൻറുകേൾവിചെയ്യാനുങ്കെതിയുടങ്ക
കൊടുപ്പാനുംതേകിയെൻറല്ലാനുമേൽക്കൈകൊടാമനിൻറു
തടുപ്പാനനീയങ്കല്ലയോതില്ലൈയാനന്തതാണ്ഡവനേ,

അ—ചിദംബരത്തിൽ ആനന്ദനൃത്തം ചെയ്യുന്ന നടരാജ! വസ്ത്രധാരണംചെയ്യുന്നവനും പാലും ചോറും ഭുജിക്കുന്നവനും, ഒരുത്തരെ രക്ഷിച്ചിട്ടു പിന്നെ കെടുത്തുന്നവനും, ദാനംചോദിക്കുന്നവനും കൊടുക്കുന്നവനും ഭിക്ഷയെടുക്കുന്നവനും കൊടുക്കുന്നവരെത്തടുക്കുന്നവനും എല്ലാം ചെയ്യുന്നവൻ നിന്തിരുവടി ഒരാളല്ലയോ? സർവം ശിവമയമല്ലാതെവേറില്ലെന്നഭിപ്രായം.

വിത്താരംപേശിനുഞ്ചോങ്കേറിനുങ്കമ്പമീതിരുന്തു
തത്താവെൻേറാതിപ്പവുരികൊണ്ടാടിനുംതൻമുൻറമ്പി
യൊത്താശൈപേശിനുമാവതുണ്ടോതില്ലൈയുണ്ണിറൈന്ത
കത്താവിൻശൊൽപടിയല്ലാതുവേറില്ലൈകന്മങ്കളേ.

അ—ഓരോരുത്തരുടെയും പ്രവൃത്തികൾ ചിദംബരത്തിൽ എഴുന്നെള്ളിയിരിക്കും പരമശിവൻെറ കല്പനയനുസരിച്ചല്ലാതെ മററുവിധത്തിൽ സംഭവിക്കായ്കയാൽ, ഉറക്കെപ്പറഞ്ഞാലും, മിണ്ടാതെയിരുന്നാലും കഴക്കൂത്താട്ടമാടിയാലും സഹോദരാദികളുമൊരുമിച്ചിരുന്നു സൈ്വരസല്ലാപം ചെയ്താലും, ബ്രഹ്മാനന്ദലബ്ധിക്കുതക്ക സംഗതികൾ വല്ലതും അതിലുണ്ടായിരിക്കുന്നുണ്ടോ? ഇല്ല എന്നപോലെ,

പിറവാതിരിക്കവരന്തരവേണ്ടും പിറന്തുവിട്ടാ—
ലിറവരാതിരുക്കമരുന്തുണ്ടുകാണിതുവെപ്പടിയോ
വറമാർപുകഴ്തില്ലൈയമ്പലവാണരടിക്കമല
മറവാതിരുമനമേയതുകാണന്മരുന്തുനക്കേ

അ—അല്ലയോ മനസ്സേ! പരമശിവൻ നിനക്കു ജനിക്കാതിരിക്കുന്നതിനു വരംതരേണ്ടതാണ് (അതാണ് ഉത്തമമെന്നൎത്ഥം) അങ്ങനെ വരം തരാതെ ജനനം സംഭവിച്ചാലോ ചാകാതിരിക്കുന്നതിനു മരുന്നുണ്ടു്. അതെന്തെന്നാൽ, ധൎമ്മത്തിൻെറ അധിവാസസ്ഥാനമെന്നു പേർപെററ

ചിദംബരത്തിലെ ക്ഷേത്രാധിപതിയുടെ തിരുവടിത്താമരകളെ മറക്കാതിരിക്കുന്നതായാൽ, അതുതന്നെ നിനക്കു നല്ല മരുന്നു്.

ജനനമരണങ്ങളെ അറുക്കുന്നതിനുള്ള മരുന്നു്, പരമശിവൻെറതൃക്കാലുകൾതന്നെ എന്നഭിപ്രായം.

തവിയാതിരുനെഞ്ചമേതില്ലൈമേവിയശങ്കരനൈ
പ്പവിയാർന്തിരുക്കിൻറജ്ഞാനാകരനൈപുരാന്തകനൈ
പവിയാവിളക്കൈച്ചെമ്പൊന്നമ്പലത്താടിയൈയെന്തെഴ– (ത്താൽ
ചെവിയാമനിചെവിത്താൽപിറവാമുത്തിചിത്തിക്കുമേ.

അ—ഹേ മനമേ! നീ ദുഃഖിക്കാതിരുന്നാലും! എന്തെന്നാൽ ചിദംബരത്തിൽ എഴുന്നരുളിയിരിക്കുന്ന ശങ്കരനും ജ്ഞാനംതന്നെ മൂൎത്തീഭവിച്ചിരിക്കുന്നവനും ത്രിപുരാന്തകനും ഒരിക്കലും അണയാത്ത വിളക്കായിരിക്കുന്നവനും, എൻെറ ചെമ്പൊന്നമ്പലത്തിൽ (ഹൃദയത്തിലെന്നുമാം) നടനംചെയ്യുന്നവനുമാകിയ പരമശിവനെ നീ പഞ്ചാക്ഷരങ്ങളെക്കൊണ്ടു ജപിക്കാതെ ജപിച്ചാൽ, ഒരിക്കലും ജന്മത്തിനു കാരണമില്ലാത്ത മോക്ഷം നിനക്കു കൈവരും.

ജപിക്കാതെ ജപിക്ക എന്നു പറഞ്ഞതും, വിധിപ്രകാരം പഞ്ചാക്ഷരത്തെ ധ്യാനിക്കണം എന്നൎത്ഥത്തിലാകുന്നു.

നാലിന്മറൈപ്പൊരുളമ്പലവാണരൈനമ്പിയവർ
പാലിലൊരുതരഞ്ചേവിക്കൊണാതിരുപ്പാക്കരുങ്കൽ
മേലിലെടുത്തവർകൈവിലങ്കെത്തെപ്പർമീണ്ടുമൊരു
കാലിനിറുത്തുവർകിട്ടിയുന്താംവന്തുകട്ടുവരേ.

അ—നാലുവേദപ്പൊരുളായ ക്ഷേത്രാധിപതി എന്ന തൃപ്പേരുള്ള ദേവനെ വിശ്വസിച്ചു് അദ്ദേഹത്തെ ഒരുതവണയെങ്കിലും സേവിക്കാതിരിക്കുന്നവരെ കാലദൂതന്മാർ കയ്യിൽ വിലങ്ങിട്ടുപൂട്ടി കരിങ്കൽ ചുമപ്പിച്ചു് ഒററക്കാലിൽ നിറുത്തുന്നതുകൂടാതെ, അടുക്കൽചെന്നു് ശേഷിച്ച അവയവങ്ങളേയും കെട്ടിനിറുത്തുന്നു.

അതിനാൽ കഴിയുന്നവേഗത്തിൽ ശിവസേവചെയ്തു മനുഷ്യജന്മഫലത്തെ അടയേണ്ടതാവശ്യകമെന്നു സാരം.

ആറേറാട്ടുതുമ്പൈയണിന്തിട്ടമമ്പലവാണർതമ്മൈ
പ്പോററാതവക്കടയാളമുണ്ടേയിന്തപ്പൂതലത്തിൽ

ചോററാവിശററച്ചുകമററചുററുത്തുണിയുമററേ
ഏററാലുംപിച്ചൈചെകിടയാമലേകററിരുപ്പാർകളേ.

അ—ഗംഗയേയും തുമ്പപ്പൂവേയും അണിയുന്ന പരമശിവനെ പൂജിക്കാത്ത പാപികൾക്ക പ്രത്യേകം അടയാളം കാണപ്പെടും. അതായതു്, ഈ ഭൂമിയിൽ ഭക്ഷണം കിട്ടാതെയും ധരിക്കുന്നതിനു വസ്ത്രം കിട്ടാതെയും, രോഗപരവശരായും യാചിച്ചാലും ഭിക്ഷകിട്ടാതെയും കാണപ്പെടുന്നവർ ആരോ അവർ ശിവപൂജചെയ്യാത്ത പാപികളാകുന്നു. ഈ അവസ്ഥക ളൊക്കെ ദൈവഗതിയാൽ ഉണ്ടാകുന്നവയാകയാൽ അദ്ദേഹത്തെ വണങ്ങി ഭജിച്ചാൽ അതുകൾ നീങ്ങിപ്പോകുമെന്നു ഭാവം.

അത്തനൈമുപ്പത്തുമുക്കോടിദേവക്കതിപതിയൈ
നിത്തനൈയമ്മൈശിവകാമസുന്ദരീനേശ.നൈയൈ—
ങ്കത്തനൈപ്പൊന്നമ്പലത്താടുമയ്യനൈക്കാണക്കൺക
ളെത്തനൈകോടിയുകമോതവഞ്ചെയ്യിരിക്കിൻറനവേ.

അ—സർവൈശ്വര്യസമ്പന്നനും, ദേവന്മാക്കെല്ലാം അധിപതിയും, ഒരിക്കലും ലയമില്ലാത്തവനും എൻെറ അമ്മയായ ശിവകാമസുന്ദരിയുടെ ഭത്താവും എൻെറ തമ്പുരാനും പൊന്നമ്പലത്തിൽ നൃത്തംചെയ്യുന്ന ഈശനുമായ പരമശിവനെ കാണുന്നതിനു് എൻെറ കണ്ണുകൾ എത്രയോകോടി യുഗങ്ങളായിട്ട തപസ്സുചെയ്യിരിക്കുന്നു. അപ്രകാരമുള്ള ദർശനം എപ്പോൾ കിട്ടുമോ അറിഞ്ഞില്ല. എന്നു ഭാവം.

തിരുച്ചെങ്കാട്ടു്.

നെരുപ്പാനമേനിയർചെങ്കാട്ടിലാത്തിനിഴലരുകേ
യിരുപ്പാർതിരുവുളമെപ്പടിയോവിന്നമെന്നൈയെന്നൈ
ക്കരുപ്പാശയക്കുഴിക്കേതള്ളുമോങ്കണ്ണൻകാണരിയ
തിരുപ്പാതമേതരുമേതെരിയാതുശിവഞ്ചെയലേ.

അ—ചെമന്ന തിരുമേനിയുള്ളവനും തിരുച്ചെങ്കാട്ടു് എന്ന ദിവ്യക്ഷേത്രത്തിൽ അത്തിമരത്തിൻെറ ചുവട്ടിൽ എഴുന്നെള്ളിയിരിക്കുന്നവനും ആയ പരമശിവൻെറ തിരുവുളമെങ്ങനെയിരിക്കുന്നോ അറിഞ്ഞുകൂടാ. അദ്ദേഹം ഇനിയും എന്നെ അമ്മയുടെ ഗർഭപാത്രക്കുഴിയിൽ തള്ളുമോ, അതോ മഹാവിഷ്ണുവിനാൽപോലും കാണപ്പെടാത്ത തൃപ്പാദങ്ങളിൽചേക്കുമോ? പരമേശൻെറ ചെയ്തി എങ്ങിനെയെന്നറിയാവതല്ല.

അമ്മയുടെ ഗർഭാശയക്കുഴിയിൽ തള്ളുമോ എന്നുവച്ചാൽ ജന്മം ഇനിയും ആവത്തിപ്പിക്കുമോ എന്നത്ഥം.

തിരുവൊററിയൂർ.

ഐയ്യുംതൊടർന്തുവിഴിയുംചൊരുകിയറിവഴിന്തു
മെയ്യുംപൊയ്യാകിവിടുകിൻറപോതൊൻറുംവേണ്ടുവൻ-
ചെയ്യുംതിരുവൊററിയൂരുടൈയൂർന്തിരുനീറുമിട്ടു (യാൻ
ക്കയ്യുംതൊഴപ്പണ്ണിയൈയെന്തെഴത്തോതവുംകൽവിയുമേ.

അ—തിരുവൊററിയൂരിൽ എഴുന്നരുളുന്ന പരമത്യാഗശീലനായ ദേവ! ശ്ലേഷ്മം വദ്ധിച്ചു കണ്ണുകൾ കുഴിഞ്ഞു്, ബോധംകെട്ടു്, ശരീരം പതിക്കാൻ തുടങ്ങുമ്പോൾ, (മരിക്കാറാകുമ്പോൾ എന്നത്ഥം) എനിക്കു ചെയ്യേണ്ടതായ ഒരു സംഗതിയെപ്പററി അപേക്ഷിക്കുന്നു. അതെന്തെന്നാൽ, ഭസ്മം ശരീരത്തിലെങ്ങും ധരിച്ചു്, തൊഴുകൈക്കൂപ്പി, പഞ്ചാക്ഷരമന്ത്രം ധ്യാനിക്കുന്നതിനു് എനിക്കു സംഗതിയാകുമാറു നീ അനുഗ്രഹിക്കണമെ. അത്രേ വേണ്ടു.

മരണസമയത്തു ബോധംകെട്ടു് ഒന്നും ചെയ്യാൻ ശക്തനല്ലാതെ തീരുക സഹജമാകകൊണ്ടു്, അതിനിടയാകാതെ മേൽപറഞ്ഞ ഈശ്വരപൂജ ചെയ്യുന്നതിനു് എനിക്കു് അപ്പോൾ ഉണരും മനസ്സുമുണ്ടാക്കിത്തരണമെന്നു താല്പയ്യം.

ചുടപ്പട്ടവാരറിയാർപുരമൂന്റെയുംചുട്ടപിരാൻ
ൻറിടപ്പെട്ടമാമതിൽത്തന്നൊററിമൂരൻറെരുപ്പരപ്പി
നടപ്പവർപൊൽപതനന്തലൈമേൽപടനങ്കുരുണ്ടു
കിടപ്പതുകാൺമനമേ,വിതിയേത്തൈക്കിഴിപ്പതുവേ.

അ—ബ്രഹ്മാവിൻെറ വിധിലിഖിതത്തെ മാററി സുഖമടയുന്നതിനു വഴിയെന്തെന്നാൽ, അന്യന്മാരാൽ എരിക്കപ്പെട്ടുവാൻ കഴിയാത്ത മൂന്നു പുരങ്ങളെയും എരിച്ച തമ്പുരാൻ എഴുന്നരുളിയിരിക്കുന്ന വലിയ മതിലുകളാൽ ചുററപ്പെട്ട തിരുവൊററിയൂരിലുള്ള തെരുവീഥിയിൽ നടക്കുന്നവരുടെ (തദ്ദേശവാസികളുടെ) തിരുവടികൾ ശിരസ്സിൽ പതിക്കുമാറു് അവിടെ (ആ തെരുവീഥിയിൽ) ചെന്നുകിടക്കുന്നതാകുന്നു.

അങ്ങനെ ചെയ്യുന്നവരുടെ ശിരസ്സിൽ ബ്രഹ്മാവു് ഏതുപ്രകാരത്തിൽ എഴുതിയിരുന്നാലും അതു മാഞ്ഞു്, മുക്തിപദം ലഭിക്കുമെന്നു താല്പയ്യം.

തിരുവൊററിയൂർ വാസികളായ ജനങ്ങളെല്ലാം തപോമഹിമയുള്ളവരാണെന്നു് ഇതുകൊണ്ടു സ്പഷ്ടമാകുന്നു. അവരുടെ പാദസ്പർശം ശിരസ്സിലേല്ക്കുന്നവക്കും മുക്തിസിദ്ധിക്കുമെന്നും പറകയാൽ അവർ ഈശ്വരതുല്യന്മാരാണെന്നു സൂചിപ്പിച്ചിരിക്കുന്നു.

തിരുവിടൈ മരുത്തൂർ.

കാടേതിരിന്തെന്നകാറേറപുചിത്തെന്നകന്തെചുററി
യോടേയെടുത്തെന്നവുള്ളൻപില്ലാതവരോംകുവിണ്ണോർ
നാടേയിടൈമരുതീശക്കു മെയ്യൻപർനാരിയർപാൽ
വീടേയിരുപ്പിനുമെയ്ജ്ഞാനവീട്ടിൻപമേവുവരെ.

അ—ഹേ മനസ്സേ! മനസ്സിൽ ഭക്തിയില്ലാതവർ കാട്ടിൽ വസിച്ചാലും വായുഭക്ഷണം കഴിച്ചാലും കീറവസ്ത്രത്തെ അരയിൽ ചുററി ഓടെടുത്തു കൊണ്ടു ഭിക്ഷയാചിച്ചുണ്ടാലും എന്തുഫലം? ഒന്നുമില്ല. ആകാശത്തിൽ മുട്ടുന്ന മതിലുകളാൽ ചുററപ്പെട്ട തിരുവിടൈ മരുതൂരിൽ എഴുന്നെള്ളിയിരിക്കും പരമേശനിൽ നിഷ്കളങ്കമായ ഭക്തിയുള്ളവർ വീട്ടിനകത്തു ഭാൎയ്യയോടുകൂടിയിരുന്നാലും മോക്ഷപദാനന്ദാനുഭൂതിയോടുകൂടിയവരായി ഭവിക്കും.

"മനത്തകത്തഴുക്കറാതമൗനയോഗഞാനികൾ വനത്തകത്തിരിക്കിലും മനത്തകത്തഴുക്കറാർ മനത്തകത്തഴുക്കതററമൗനയോഗ ഞാനികൾമുലൈത്തടത്തിരിക്കിലുംമനത്തകത്തഴുക്കറും" എന്ന വാക്യസാരമാണിതു്.

തായുംപകൈകൊണ്ടപെണ്ടീർപെരുമ്പകൈതന്നുടയ
ചേയുംപകൈയുറവോരുംപകൈയിച്ചെകവുംപകൈ
യായുംപൊഴുത്ലരുഞ്ചെൽവനീങ്കിലിങ്കാതലിനാ—
റേറായുനെഞ്ചേമരുതീശർപൊൽപാതഞ്ചുതന്തിരമേ.

അ—ദുഃഖിക്കുന്ന മനസ്സേ! വളരെ ബുദ്ധിമുട്ടി സമ്പാദിച്ച ധനം കയ്യിൽനിന്നു പൊയ്പ്പോയാൽ, പെററമ്മ ഭാൎയ്യ പുത്രന്മാർ ബന്ധുക്കൾ ലോകത്തിൽ മററുള്ളവരുമെല്ലാം വിരോധികളായി ഭവിക്കും. ആൎക്കും സ്നേഹവും ബഹുമാനവും ഉണ്ടാകില്ലെന്നാൎത്ഥം. അതിനാൽ ഒരിക്കലും അഴിവില്ലാത്ത ധനമായ മരുതൂരീശൻെറ തിരുവടികളെ എപ്പോഴും ധ്യാനിച്ചുകൊൾക.

ധനം മററുള്ളവരെ പോററാനുള്ള ഒരു വസ്തുവും അസ്ഥിരവുമാകയാൽ അതു് ഉള്ളപ്പോൾ മററുള്ളവരെ പോററുന്ന ഭാരവും ഇല്ലാത്തപ്പോൾ അവരുടെ വിരോധവും മാത്രമാണു് ഫലം. എന്നാൽ ഈശഭക്തി അഴിവില്ലാത്തതും സുഖപ്രദവുമാകയാൽ അതുതന്നെ ആശ്രയണീയമെന്നു താല്പൎയ്യം.

തൃക്കഴുക്കുൻറം (ഒരു ക്ഷേത്രം)

കാടോചെടിയോകടൽപുറമോകനമേമികുന്ത
നാടോനകരോനകർനടുവോനലമേമികുന്ത

വീടോപുറന്തിണ്ണേയോതമിയേന്നുടൽവീഴുമിട
നീടോയകഴുക്കുൻറിലീശ!വുയിത്തുണൈനിൻപതമേ.

അ—തൃക്കഴുക്കുന്നത്തു് എഴുന്നെള്ളിയിരിക്കും പരമേശ! അടിയൻെറ ഈ നികൃഷ്ടമായ ശരീരം ഒടുവിൽ പതിക്കുന്ന സ്ഥലം കാടോ, കുററിച്ചെടികളോ കടൽപുറമോ നാടോ പട്ടണമോ, പട്ടണമദ്ധ്യമോ ഉത്തമമായ വീടോ അതിൻെറ പുറത്തിണ്ണയോ അറിഞ്ഞുകൂടാ. എന്നാലും അക്കാലത്തു് എൻെറ ജീവൻ ആശ്രയമായിരിക്കുന്നതു നിന്തിരുവടിയുടെ തൃപ്പാദങ്ങൾ തന്നെയാണു്.

ശരീരം എവിടെയോ പതിക്കട്ടെ, അതു ഞാൻ ഗണിക്കുന്നില്ല. എന്നാൽ എൻെറ ആത്മാവിനു ഗതികിട്ടത്തക്കവണ്ണം നിന്തിരുപ്പാദഭക്തി എൻെറ മനസ്സിലുദിക്കണം എന്നു താൽപര്യം.

തിരുക്കാളഹസ്തി (ഒരു ക്ഷേത്രം)

പത്തുംപുകുന്തുപിറന്തുവളർന്തുപട്ടാടൈചുററി
മുത്തുംപവളവുംപൂണ്ടോടിയാടിമുടിന്തപിൻപു
ചെത്തുക്കിടക്കുംപിണത്തരുകേയിനിച്ചാംപിണങ്ങൾ
കത്തുംകണക്കെന്നകാണ്കെയിലാപുരിക്കാളത്തിയേ.

അ—ദക്ഷിണകൈലാസമെന്നു പ്രസിദ്ധിയുള്ള ഈ കാളഹസ്തിയിൽ എഴുന്നെള്ളിയിരിക്കും ക്ഷേത്രനാഥ! (പരമശിവ! എന്നർത്ഥം) അമ്മയുടെ വയററിൽ പത്തുമാസം ഇരുന്നു പിന്നീട്ട് ഈ ഭൂമിയിൽ ജനിച്ചുവളൎന്നു നല്ല വസ്ത്രാഭരണാദികളെ ധരിച്ചു് ലൌകികസുഖദുഃഖങ്ങളിൽമുഴുകി ജീവിതത്തെ നയിച്ചതിൽപിന്നെ ഒടുവിൽ നിർജ്ജീവമായി വീഴുന്ന ഒരു ശവത്തിൻെറ സമീപത്തിൽ മേല്പ്പാലം അതുപോലെ ആകാനിരിക്കുന്ന അനേകം ശവങ്ങൾ കൂടിയിരുന്നു കരയുന്നതിൻെറ പ്രയോജനം അല്ലെങ്കിൽ അർത്ഥം എന്തോ? മനസ്സിലാകുന്നില്ല.

ചത്തുകിടക്കുന്ന ശവത്തെപ്പോലെ നാളെ നാമും ചത്തുപോകുന്നവരാണെന്നു മനസ്സിലാക്കാതെ വൃഥാ വിലപിക്കുന്നല്ലോ. അങ്ങനെ ചെയ്യാതെ പരമേശപദത്തെ ഭജിക്കേണ്ടതല്ലയോ? അതു ചെയ്യാത്തതെന്തൊരു മൂഢത്വം എനിക്കു മനസ്സിലാകുന്നില്ല. എന്നു താല്പര്യം.

പൊന്നാൽപ്രയോജനംപൊൻപടൈത്താക്കുണ്ടുപൊൻ
പടൈത്തോൻ
തന്നാൽപ്രയോജനംപൊന്നുക്കങ്കേതുണ്ടതന്നൈയപ്പോ–

ലുന്നാൽപ്രയോജനംവേണതെല്ലാമുണ്ടനെപ്പണിയു
മെന്നാൽപ്രയോജനമേതുണ്ടുകാളത്തിഈശ്വരനേ.

അ—തൃക്കാളഹസ്തിയിൽ എഴുന്നെള്ളിയിരിക്കും പരമേശ! ദ്രവ്യംസമ്പാദിച്ച ധനവാന്മാൎക്ക് ആ ദ്രവ്യംകൊണ്ട്, അനേകം പ്രയോജനങ്ങൾ ഉണ്ടാകുന്നുണ്ട്. അവരെക്കൊണ്ട്, ആ ദ്രവ്യത്തിനു വല്ല പ്രയോജനവുമുണ്ടാകുന്നുണ്ടോ? ഇല്ല. അതുപോലെ നിന്തിരുവടി എന്റെ സർവസ്വരൂപമായ ദ്രവ്യമാകയാൽ നിന്തിരുവടിയെക്കൊണ്ട് എനിക്കു വേണ്ടുന്ന പ്രയോജനങ്ങളെല്ലാമുണ്ട്. അങ്ങേ ആശ്രയിക്കുന്നവനായ എന്നെക്കൊണ്ടു എന്തു പ്രയോജനമാണവിടുത്തേക്ക്. പ്രയോജനമൊന്നും എന്നെക്കൊണ്ടില്ലെങ്കിലും കരുണാലയനായ നിന്തിരുവടി എന്നെ അനുഗ്രഹിക്കണമെന്നു താൽപര്യം.

വാളാന്മകവരിത്തുട്ടവല്ലേനല്ലേൻമാതുശൊന്ന
ചൂളാലിളമൈതുറക്കവെല്ലേനല്ലൻതൊണ്ടുചെയ്തു
നാളാറിക്കണ്ണിടന്തപ്പവല്ലേനല്ലനാനിനിച്ചെ-
ൻറാളാവതെപ്പടിയോതിരുകാളത്തിയപ്പരുക്കേ.

അ—വാളുകൊണ്ടു വാത്സല്യഭാജനമായ കുഞ്ഞിനെ അരിഞ്ഞു ദൈവബലികൊടുക്കത്തക്ക സാമൎത്ഥ്യമുള്ളവനല്ല ഞാൻ (അപ്രകാരം ചെറുത്തൊണ്ടനായനാർ ശിശുബലി കൊടുത്ത കഥ സൂചിപ്പിക്കുന്നു) പത്നിയുടെ ശപഥം പ്രമാണിച്ച് യൌവനമെല്ലാം ബ്രഹ്മചൎയ്യത്തിൽ കഴിക്കത്തക്ക സമൎത്ഥനുമല്ല (ഇതു തിരുനീലകണ്ഠനായനാരുടെ കഥയെ സൂചിപ്പിക്കുന്നു.) ഭക്തിപൂർവം പാദശുശ്രൂഷചെയ്തു്, ആറുദിവസത്തേക്കു തന്റെ കണ്ണെടുത്തു ശിവന്റെ കണ്ണിൽചേർത്തു വയ്ക്കത്തക്ക സാമൎത്ഥ്യവുമെനിക്കില്ല (ഇതു കണ്ണപ്പനായനാരുടെ കഥയെ സൂചിപ്പിക്കുന്നു.) അതിനാൽ, തൃക്കാളഹസ്തീശപദസേവകനാകുന്നതെങ്ങനെ? ആകാൻ സാധിക്കയില്ലെന്നു താല്പൎയ്യം.

മുപ്പോതുമന്നംപുചിക്കവും തുങ്കവും മോകത്തിനാൽ
ചെപ്പോതിളമുലൈയാരുടൻചേരവും ചീവൻവിട്ട
മപ്പോതുകൺകലക്കപ്പെടവുമമൈത്തായെയ്യനേ
യെപ്പോതുകാണവല്ലേൻ തിരുക്കാളത്തിയീശ്വരനേ!

അ—തൃക്കാളഹസ്തിയിൽ എഴുന്നള്ളിയിരിക്കും പരമേശ! എന്റെ പിതാവേ! ഒരു ദിവസം മൂന്നുപ്രാവശ്യം ഭക്ഷണം കഴിക്കുന്നതിനും ഉറങ്ങുന്നതിനും കാമവികാരത്താൽ സ്ത്രീകളോടു ചേരുന്നതിനും മരണസമയത്തു ദുഃഖങ്ങളനുഭവിക്കുന്നതിനുമായി നിന്തിരുവടി എന്നെ ഏൎപ്പെടുത്തിയിരിക്കുന്നു. ഇതുകളിൽ എല്ലാററിലുംനിന്നു വിരമിച്ച് നിന്റെ തൃക്കാൽ താമരകളെ എപ്പോഴും ദർശിക്കുന്നതിനു എപ്പോൾ ഞാൻ പാത്രീഭവിക്കുന്നോ ആവോ?

ഇരൈക്കേയിരവും പകലും തിരിന്തിങ്കളൈത്തുമിന്നാ
ലരൈക്കേയവലക്കുഴിയരുകേയത്തുമ്പാന്റൊഴുകും
പുരൈക്കേയുഴലും തമിയേനൈയാണ്ടരുൾപൊന്മുകലി
ക്കരൈക്കേകല്ലാനിഴൽകീഴമർന്തരുൾകാളത്തിയേ.

അ—പൊന്മുകരനദിക്കരയിൽ കല്ലാൽനിഴലിൽ സദാ എഴുന്നെള്ളിയിരിക്കും തൃക്കാളഹസ്തിനാഥ! ഞാൻ രാപ്പകൽ ആഹാരത്തിനായി അലഞ്ഞുതിരിഞ്ഞു് അതു ലഭിച്ചതിനുശേഷം സ്ത്രീകളുടെ ദുർഗ്ഗന്ധനീരൊഴുകുന്ന അരക്കുഴിയിൽ ആസക്തിയുള്ളവനായി വലയുന്നു. അതിനാൽ എന്നെ നീതന്നെ രക്ഷിക്കണം.

നാറുംകുരുതിച്ചലതാരൈതോൽപുരൈനാടോറുഞ്ചീ
യൂറുമലക്കുഴി കാമത്ത്വാരമൊളിത്തിടുംപുൺ
തേറുംതശൈപ്പിളപ്പന്തരംഗത്തുളചിററിമ്പംവി–
ട്ടേറുംപതന്തരുവായ് തിരുകാളത്തിയീശ്വരനെ.

അ—തൃക്കാളഹസ്തിയിൽ എഴുന്നെള്ളിയിരിക്കും പരമേശ! നാററം വീശുന്ന രക്തം ഓടിക്കൊണ്ടിരിക്കുന്ന വായിച്ചാലും തോലാൽ മൂടപ്പെട്ടതും, ദിവസംതോറും പഴുപ്പു് ഒലിക്കുന്ന മലക്കുഴിയും കാമദ്വാരവും ഒളിച്ചുവയ്ക്കപ്പെട്ടിരിക്കുന്ന പുണ്ണും മാംസക്കഷണപ്പിളപ്പുമായ ഗുഢസ്ഥാനത്തിരുന്നു് അനുഭവിക്കുന്ന ക്ഷണികസുഖത്തെ വെടിഞ്ഞു് കരയെത്തത്തക്ക പദവി അടിയനു നൽകി അനുഗ്രഹിക്കണമേ!

കൈലാസം

കാൻചായുംവെള്ളിമലൈക്കരശേനിൻകഴനമ്പിനേ
നുഞ്ചായുഞ്ചെന്മമൊഴിത്തിടുവായ്ത്തുരുവൂരനുക്കാ
മാൻചായച്ചെങ്കൈമഴുവലഞ്ചായവളൈന്തകൊൻറൈ
ത്തേൻചായനല്ലതിരുമേനിചായ്ത്തശിവക്കൊഴുന്തേ.

അ—തൃക്കൈലാസത്തിൽ എഴുന്നെള്ളിയിരിക്കുന്ന നാഥ! മാർക്കണ്ഡേയമുനിക്കുവേണ്ടി തന്റെ തൃക്കൈകളിലിരിക്കുന്ന മാനും മഴുവും ചായത്തക്കവണ്ണവും കഴുത്തിൽ ധരിച്ചിരിക്കുന്ന തേനോടുകൂടിയ കൊന്നപ്പൂമാല തൂങ്ങത്തക്കവണ്ണവും, തന്റെ തിരുമെയ് ചായ്ച്ചു്, കൃതാന്തനെ ചവിട്ടിത്തള്ളിയ പരമേശ! ഭക്തവത്സലനായ നിന്തിരുവടി അടിയനു മേൽക്കാലം ജന്മമുണ്ടാകാതെ രക്ഷിച്ചുകൊള്ളണം.

ഇല്ലന്തുറന്തു പശിവന്തപോതങ്കിരന്തുതിൻറു
പല്ലുകരൈയററുവെൾവായുമായൊൻറിപ്പററുമിൻറി
ചെല്ലംപൊരുളുമിഴന്തു ചുകാനന്തത്തുക്കത്തിലെ
യല്ലംപകലുമിരുപ്പതെന്നേറാകയിലായത്തനേ.

അ—ത്തൃക്കൈലാസപർവതത്തിൽ എഴുന്നെള്ളിയിരിക്കും പരമേശ! ഞാൻ ഗൃഹസ്ഥാശ്രമത്തെ വെടിഞ്ഞു സന്ന്യസിച്ചു്, വിശപ്പു നേരിടുന്ന കാലത്തിൽ ഭിക്ഷയെടുത്തുണ്ടു് പല്ലുകളിൽ കറ പററാതെയിരിക്കത്തക്കവെണ്ണം ബീടി മുതലായതൊന്നും ഉപയോഗിക്കാത്തവനായി, യാതൊന്നിലും അഭിലാഷമില്ലാതെ,*വാക്കുകളെയും അതിൻെറ അർത്ഥങ്ങളെയും ഉപേക്ഷിച്ചു (താൻ സംസാരിക്കാതെയും മററൊരാൾ സംസാരിക്കുന്നതു കേൾക്കാതെയും എന്നർത്ഥം) നിത്യബ്രഹ്മാനന്ദം ഉദിക്കത്തക്ക ഉറങ്ങാത്ത ഉറക്കത്തിൽ (ബ്രഹ്മധ്യാനസമാധിയിലെന്നർത്ഥം) ഇരുന്നു്, അതിനെ അനുഭവിക്കുന്നതു ഏതുകാലത്തോ ആവോ?

ചിന്തനൈയററുപിരിയമുംതാനററുച്ചെയ്യെയററു
നിനൈന്തതുമററുനിനൈയാമെയ്യുമററുനിർച്ചിന്തനായ്
ത്തനന്തനിയേയിരുന്താനന്തനിത്തിരൈരുംകുകിൻറ
വനന്തനിലൈൻറിരുപ്പേനത്തനേകയിലായത്തനേ.

അ—സർവധനേശ്വര! കൈലാസാധിവാസനായ പരമേശ! കോപം, ആശ, പ്രവൃത്തി, ഓർമ്മ, മറവി ഇവയെല്ലാം നീങ്ങി നിർവിചാരനായിത്തന്നത്താനേ; (ഏകനായി എന്നർത്ഥം) വിജനപ്രദേശത്തിലിരുന്നു നിത്യാനന്ദത്തെത്തരുന്ന ബ്രഹ്മധ്യാനത്തിൽ ലയിച്ചിരിക്കുന്നതേതുകാലത്തോ?

കൈയാരവേററുനിൻറങ്കന്നിൻറുകരിത്തുണിയൈ
ത്തയ്യാതുടുത്തുനിൻസന്നിതിക്കേവന്തുസന്തതമു
മെയ്യാരനിൽപണിന്തുള്ളേയുരോമംവിതിർവിതർപ്പ
വയ്യാവെന്നേറാലമിടുവതെന്നേറാകയിലായത്തനേ.

അ—ത്തൃക്കൈലാസത്തിൽ എഴുന്നെള്ളിയിരിക്കും പരമേശ! ഭിക്ഷ ലഭിക്കുന്ന അന്നത്തെ കൈകൊണ്ടു വാങ്ങിത്തിന്നു്, കരിത്തുണി തയ്ക്കാതെ ഉടുത്തു് (കീറത്തുണി തുന്നാതെ ഉടുത്തു് എന്നർത്ഥം) നിന്തിരുവടിയുടെ തൃക്കോവിലിൽ വന്നു്, എപ്പോഴും ഭജിച്ചു കോൾമയിർക്കൊള്ളുണ്ടാകുമാറു്, എൻെറ നാഥ! എന്നു് ആർത്തനായുച്ചരിച്ചു്, എൻെറ അഭിലാഷത്തെ അറിയിക്കുന്നതെന്നോ? (ഏതൊരുകാലത്തോ? എന്തോ? എന്നർത്ഥം.)

നീറാത്തമേനിയുരോമഞ്ചിലിർത്തുളനെക്കനെക്ക
ചേറായ്ക്കചിന്തുകചിന്തേയുരുകിനിൻചീരടിക്കേ
മാറാത്തിയാനമുററാനന്തമേൽക്കൊണ്ടുമാവിൽകണ്ണീ
രാറായ്പെരുകക്കിടപ്പതെൻറാകയിലായത്തനേ.

അ—ത്തൃക്കൈലാസമലയിൽ എഴുന്നെള്ളിയിരിക്കും പരമേശ! അടിയൻെറ ശരീരം തിരുഭൂതിയണിഞ്ഞു കോംമയിർക്കൊണ്ടും മനസ്സ് സുഭക്തിരസത്താൽ അലിഞ്ഞും നിൻെറഓമൽത്തിരുവടികളെ ഒരിക്കലും നീക്കമില്ലാത്തവിധത്തിൽ ധ്യാനിച്ചും, ആനന്ദതുന്ദിലനായി കണ്ണുകളിൽ നിന്നു വരുന്ന സന്തോഷാശ്രുക്കൾ മാർവിൽക്കൂടി ധാരധാരയായി ഒഴുകിയും ഞാൻ പരവശനായിക്കഴിയുന്ന കാലമേതോ? ആവോ?

ചെൽവരപ്പിൻചെൻറുസങ്കടംപേശിത്തിനന്തിനമും
പല്ലിനൈക്കാട്ടിപ്പരിതപിയാമൽപരാനന്ദത്തി
നെല്ലെയിൽപുക്കിടവേകാന്തമായെനക്കാമിടത്തേ
യല്ലലറെറൻറിരിപ്പേനത്തനേകയിലായത്തനേ.

അ—ബ്രഹ്മാനന്ദമൂർത്തിയായ ദേവ! തൃക്കൈലാസത്തിൽ എഴുന്നെള്ളിയിരിക്കും പരമേശ! ഞാൻ ധനവാന്മാരുടെ പുറകേനടന്നു പലവിധത്തിലുള്ള സങ്കടങ്ങളെപ്പറഞ്ഞും അവരുടെ പ്രിയത്തിനുവേണ്ടിച്ചിരിച്ചും കഷ്ടപ്പെടുന്നു. അപ്രകാരമുള്ള ദുഃഖത്തെ നീക്കി നിത്യാനന്ദപദവിയിൽ എത്തി ഞാൻ ഏകാന്താവസ്ഥയിൽ ആകത്തക്ക സ്ഥാനം ലഭിച്ചു ഈ ദുഃഖങ്ങളെ ഒക്കെ ഒഴിച്ചിരിക്കുന്നതെന്നോ?

ഏകാന്താവസ്ഥയെന്നതു്, ജീവാത്മ പരമാത്മയോഗാവസ്ഥയാകുന്നു. വേദാന്തികൾ ഇതിനെ അദ്വൈതമെന്നു വ്യവഹരിച്ചുവരുന്നു.

മന്തിക്കുരുളൈയൊത്തേനില്ലെനായേംവഴക്കറിന്തു
ചിന്തിക്കുംചിന്തൈയെയാനെൻചെയ്യേനെന്നൈത്തി–
(തകററി
പ്പന്തിപ്പരിവിൽകുറുളൈയെയേന്തിയപൂശൈയെപ്പോ
ലെന്തൈക്കുറിയവൻകാണാത്തനേകയിലായത്തനേ.

അ—ശിവാനന്ദസമ്പന്നനായ ദേവ! തൃക്കൈലാസത്തിൽഎഴുന്നെള്ളിയിരിക്കും പരമേശ! ഞാൻ കുരങ്ങുകുട്ടിയെപ്പോലെ അത്യന്തം ചപലനല്ലെങ്കിലും, പ്രാരബ്ധാധീനമായി പല ലോകവ്യവഹാരങ്ങളിൽ പ്രവേശിക്കുന്ന മനസ്സിനെ, എന്തുചെയ്യട്ടെ. ഒരു വിധത്തിലും അടക്കാൻ കഴിയുന്നില്ലെന്നു് സാരം. അതിനാൽ നിന്തിരുവടിതന്നെ എൻെറ ദോഷങ്ങളെ

നീക്കി, വാത്സല്യപൂർവം സ്വന്തം കുട്ടിയെ അണച്ചാശ്ലേഷിക്കുന്നതുപോലെ എന്നെയണച്ചാശ്ലേഷിച്ച്, അങ്ങേ പാദശുശ്രൂഷയ്ക്കു യോഗ്യനാക്കി ചെയ്യണം.

വരുന്തേപിറന്തുമിറന്തുമയക്കുംപുലൻവഴിപോയ്—
പ്പൊരുന്തേനരകിൻപുകുകിൻറിലേൻപുകഴ്വാരിടത്തിൽ
ഇരുന്തേനിനിയർക്കൂട്ടംവിടേനിയലഞ്ചെഴുത്താ
മരുന്തേനരുന്തുവന്നിന്നരുളാൽകയിലായത്തനേ.

അ—തു കൈലാസത്തിൽ എഴുന്നെള്ളിയിരിക്കും പരമശിവ! നിന്റെ അനുഗ്രഹത്തിനു പാത്രീഭൂതനായിരിക്കയാൽ ഞാൻ യാതൊന്നിലും ദുഃഖത്തെ പ്രാപിക്കയില്ല. ജന്മഹേതുവായ പഞ്ചേന്ദ്രിയങ്ങളുടെ വഴിക്കുതിരിയുകില്ല. നരകത്തെ പ്രാപിക്കയില്ല. നിന്തിരുവടിയെ സ്തുതിച്ചുഭജിക്കുന്നവരുടെ അരികിലാണു സദാ ഇരുന്നതു്, ഇനിമേൽ അവരുടെ കൂട്ടത്തെ വിട്ടുപിരിയുകയുമില്ല. കൂടാതെ പഞ്ചാക്ഷരമന്ത്രമായ ഇനിയതേൻ ആസ്വദിച്ചുകൊണ്ടുതന്നെയിരിക്കും ഇതെല്ലാം നിന്തിരുവടിയുടെ അനുഗ്രഹത്താലാകയാൽ, മേലും ആ അനുഗ്രഹം വേർപെടാതിരിക്കത്തക്കവണ്ണം കരുണചെയ്യണം എന്നു താല്പര്യം.

മധുര.

വിടപ്പെട്ടുമോവിപ്രപഞ്ചവാഴ്കൈയെവിട്ടുമനം
തിടപ്പെട്ടുമോനിന്നരുളിൻറിയേതിനമേയലൈയ
കടപ്പെട്ടുമോവൽപവായിലിൽചെൻറുകണ്ണീർത്തുമ്പി
പ്പടപ്പെട്ടുമോചൊക്കനാത? ചൌന്തരപാണ്ഡിയനേ

അ—ഹേ ചൊക്കനാഥ! (മധുരക്കോവിലിൽ) പരമശിവനു പേർ സോമസുന്ദരപാണ്ഡ്യനായ്‌വന്നു രാജാസനത്തിലിരുന്ന ദേവ! നിന്റെ അനുഗ്രഹം ലഭിക്കാതെ ഈ ലോകവാഴ്ച്ചയെ കൈവിടുന്നതിനു സാധിക്കുമോ? (ലോകവാഴ്ച്ച അനിത്യമാണെന്നുകണ്ടു് തള്ളാൻ സാധിക്കുമോ എന്നർത്ഥം) അതു സാധിച്ചാലും മനസ്സിന്റെ ചാപല്യം നീങ്ങി ദൃഢപ്പെട്ടുമോ? ഇല്ല. അതിനാൽ, നിന്റെ അനുഗ്രഹത്തെത്തന്നെ ആഗ്രഹിച്ചുകൊണ്ടിരിക്കുന്ന ഞാൻ ദിവസംതോറും അലഞ്ഞുതിരിഞ്ഞു്, അല്പന്മാരുടെ വീടുതോറും ചെന്നു്, കരഞ്ഞുവിളിച്ചു യാചിച്ചു സങ്കടപ്പെട്ടുമോ? ഇല്ല എന്നർത്ഥം. അതിനാൽ ഈ ദുഃഖങ്ങളിൽ അകപ്പെട്ടു വലയാതെ എന്നെ അനുഗ്രഹിക്കണമെന്നു താല്പര്യം.

പൊതുവായ സ്തോത്രങ്ങൾ.

ഉടൈകോവണമുണ്ടുറങ്കപ്പുറന്തിണ്ണെയുണ്ടുണവി-
ങ്കടൈകായിലൈയുണ്ടരുന്തത്തണ്ണീരുണ്ടരുന്തുണൈക്കേ

വിടൈയേറുമീശർതിരുനാമമുണ്ടിന്തമേദിനിയിൽ
വടകോട്ടുയർന്തന്നതേങ്കോട്ടുചായ്ന്തെന്നവാൻപിറൈ-
(ക്കേ.

അ—ഈ ലോകത്തിൽ, എനിക്ക ഉടുക്കുന്നതിന കോണകം ഉണ്ട്. ഉറങ്ങുന്നതിന് പുറത്തളത്തിലെത്തിണ്ണയുണ്ട്. ഭക്ഷിക്കുന്നതിന് ഇല, കായ്, മുതലായവയുണ്ട്. കുടിക്കുന്നതിന പച്ചവെള്ളവും ഉണ്ട്, പരമാനന്ദാനുഭൂതിയുണ്ടാകുന്നതിന ഋഷഭവാഹനനായ പരമശിവന്റെ പഞ്ചാക്ഷരമന്ത്രമുണ്ട്. അങ്ങനെയുള്ള എനിക്ക ചന്ദ്രക്കലയുടെ വടക്കുള്ള മുന ഉയന്നിരുന്നാലെന്തുഫലം? തെക്കുമുന താഴ്ന്നിരുന്നാലെന്തുനഷ്ടം? (ചന്ദ്രക്കലയുടെ തെക്കു മുനതാഴ്ന്നും വടക്കുമുന ഉയൻനും ഇരിക്കുന്നതു് ആപൽസൂചകമായി ഗണിക്കപ്പെട്ടിരിക്കുന്നു. മേൽപ്രകാരം ഉള്ള സന്യാസിയെ യാതൊരാപത്തും ബാധിക്കയില്ലെന്നഭിപ്രായം.

വീട്ടുനമുക്കുതിരുവാലങ്കോട്ടു വിമലർതന്ത
വോട്ടുനമുക്കുണ്ടുപററാതാപാത്തിർമോംകുചെൽവ
നാട്ടുനമുക്കുണ്ടുകേട്ടതെല്ലാംതരനന്നെഞ്ചമേ
യീട്ടുനമുക്കുചൊലവേയൊരുവരുമിങ്കില്ലൈയേ.

അ—എന്റെ വീട്ട് തിരുവാലങ്ങാടാകുന്നു. (ഒരു ക്ഷേത്രം ഒരിക്കലും അഴിവില്ലാത്തപാത്രം പരമശിവനാൽ നൽകപ്പെട്ട ഓടാകുന്നു. (ഭിക്ഷാപാത്രം) ധനാഢ്യമായ ഒരു നാട്ടും എനിക്കുണ്ട്. കൂടാതെ, ആർ എന്തുചോദിച്ചാലും അതു കൊടുക്കത്തക്ക ഉരു ഹൃദയവും എനിക്കുണ്ട്. അതിനാൽ എനിക്ക തുല്യമാണെന്ന പറവാൻ ഈ ലോകത്തിൽ ഒരുത്തരുമില്ല.

കയ്യൊൻറുചെയ്യവിഴിയൊൻറുനാടക്കരുത്തൊൻറണ്ണ
പൊയ്യൊൻറുവഞ്ചകനാപൊൻറുപേശപ്പുലാൽകമഴ
മെയ്യൊൻറു ചാരച്ചെവിയൊൻറുകേഠ്കവിരുനമിയാൻ
ചെയ്യിൻറുപൂശൈയെവ്വാറുകൊഠ്വായ്വിനൈതീർത്ത-
(വനേ.

അ—മനസ്സേ! പരമശിവന്റെ സന്നിധിയിൽ നീ അണഞ്ഞില്ല? കൂടാതെ അദ്ദേഹത്തെ, പരമാത്മമായ് ധ്യാനിച്ചു കൃതാത്ഥത നേടിയതുമില്ല. അതുകാരണമാണ്, ജഗന്മഹാമായവന്നു മൂടിയിരിക്കുന്നുവെന്നും ത്രുക്ഷങ്ങളായ കാമായുധങ്ങൾ വേദനപ്പെടുത്തുന്നുവെന്നും നീ ദുഃഖിക്കുന്നതു്. അതിനാൽ നിന്നെപ്പോലെ ഭ്രാന്തന്മാരെ ഞാൻ ഈ ലോകത്തിൽ കാണുന്നില്ല.

നാടിക്കൊണ്ടീശരൈനാട്ടമുററായിലൈനാതരടി
തേടിക്കൊണ്ടോടിത്തെള്ളിന്തായിലൈചെകമായൈവന്തു

മൂടിക്കൊണ്ടോമെൻറുങ്കാമായുതങ്കൺമുനിന്തവെൻറും
പിടിപ്പുയ്യോനെഞ്ചമേയുനൈപ്പോലിലൈപിത്തർകളെ.

അ—ഭക്തന്മാരുടെ ദുഃഖങ്ങളെ തീൎത്തനുഗ്രഹിക്കുന്ന പരമശിവനേ! കൈ ഒന്നു ചെയ്യുകയും കണ്ണു മററൊന്നിനെ നോക്കുകയും, മനസ്സു വേറൊന്നു വിചാരിക്കയും, നാവു ഇനിയുമൊന്നു പറകയും ദേഹം ഇതിലൊക്കെ നിന്ന് അന്യമായ ഒന്നിനെ സ്പർശിക്കയും, കാതുകൾ വേറൊന്നിനെ കേൾക്കയും ചെയ്യുന്ന എൻെറ (ഇപ്രകാരം മനോവാക്കായങ്ങൾക്കു ഐകമത്യമില്ലാത്ത എൻെറ പൂജയെ നിന്തിരുവടി പരിഗ്രഹിക്കുന്നതെങ്ങനെ?

ഇങ്ങിനെ പൂജ ഏൽക്കാതിരുന്നാലും എന്നെ രക്ഷിക്കേണ്ടവൻ നീതന്നെ എന്നഭിപ്രായം.

കണ്ണുണ്ടുകാണക്കരുത്തുണ്ടുനോക്കക്കെശിന്തുരുകി
പ്പുണ്ണുണ്ടുപാടച്ചെവിയുണ്ടുകേൾക്കപ്പൽപച്ചിലൈയാ
ലെണ്ണുണ്ടുചാത്തവെതിർനിൽക്കവീശനിരുകൈയിലേ
മണ്ണുണ്ടുപോകുതൈയോകെട്ടവീരിന്തമാനിടമേ.

അ—ഹേ! ലോകത്തിൽ വസിക്കുന്ന മനുഷ്യരേ! കാണാൻ കണ്ണുകളും ധ്യാനിക്കാൻ ബുദ്ധിയും പാടുന്നതിനു നാവും സ്തോത്രങ്ങളും, ഭഗവൽകഥകൾ കേൾക്കാൻ കാതുകളും ഭക്ഷിക്കാൻ പലവിധത്തിലുള്ള പത്രങ്ങളും, ഉണ്ടല്ലോ. ഇതുകളെല്ലാം ഏററുകൊണ്ടു നമ്മുടെമുമ്പിൽ പ്രത്യക്ഷപ്പെട്ടനുഗ്രഹിക്കാനായി കരുണാലയനായ പരമശിവനുമിരിക്കുന്നു. ആ സ്ഥിതിക്കു അപ്രകാരം അവനെ പൂജിക്കാതെ പണിപ്പെട്ടുകിട്ടിയ മനുഷ്യശരീരത്തെ, മണ്ണിനിരയാക്കി നിങ്ങൾ കൊടുക്കുന്നുവല്ലോ (അതെന്തുകൊണ്ടെന്നു മനസ്സിലാകുന്നില്ല എന്നു താല്പര്യം.)

ചൊല്ലിലുംചൊല്ലിൻമുടിവിലുംവേതച്ചുരുതിയില്ലു
മല്ലിലുമാശററവാകായന്തന്നിലുമായ്ന്തു വിട്ടോ
രില്ലിലുമൻപരിടത്തിലുമീശനിരിക്കുമിട—
ങ്കല്ലിലുഞ്ചെമ്പിലുമോവിരുപ്പാനെങ്കൾകണ്ണുതലേ.

അ—നെററിക്കണ്ണനായ എൻെറ ശിവപ്പെരുമാൻ കല്ലിലും ചെമ്പിലും മാത്രമാണോ ഇരിക്കുന്നതു്. അല്ല, പിന്നെയോ? വാക്കിലും, വാക്കിനു വിഷയമല്ലാത്തതിലും വേദങ്ങളിലും വെളിവിലും നിൎമ്മലമായ ആകാശത്തിലും, അദ്ദേഹത്തെ മനക്കണ്ണാൽ കണ്ടറിയുന്ന ജ്ഞാനികളുടെ വീട്ടിലും ഭക്തന്മാരുടെ സമീപത്തിലും കൂടെയിരിക്കുന്നുണ്ടു്. പരമശിവൻ സർവത്ര വ്യാപിച്ചിരിക്കുന്ന ഒരു ചൈതന്യമാണ് എന്നൎത്ഥം.

കല്ലിലും ചെമ്പിലുമല്ല മററുള്ളിടങ്ങളിലാണ് എന്നു ഈ പദ്യത്തിനും ചിലർ അൎത്ഥം പറയുന്നുണ്ട്. ആ പക്ഷത്തിൽ—"അങ്കിങ്കെഴാതപടിയെങ്കുംപ്രകാശമായ്" ഇത്യാദി ആചാൎയ്യവാക്യങ്ങളും മററും നിരൎത്ഥകങ്ങളാകും അതുകൊണ്ടാണ് ചെമ്പിലും കല്ലിലും കൂടിയുണ്ടെന്നു പറയപ്പെട്ടിരിക്കുന്നതു്. അഥവാ, ഈ പാട്ടുപാടുന്ന ആചാൎയ്യൻ, പരമാത്മതത്വത്തെ ബോധിച്ച് പരമാത്മാവിനെ തങ്കൽതന്നെ കണ്ടറിഞ്ഞതുകൊണ്ടും ഇങ്ങിനെ അരുളിച്ചെയ്യുവെന്നുവരാം.

വിനൈപ്പോകമേയൊരുതേകം കണ്ടായ്വിനൈതാനൊ–
(ഴിന്താൽ
തിനൈപ്പോതളവുനില്ലാതുകണ്ടായ്ശിവൻപാതനി–
(നൈ
നിനൈപ്പോരൈമേവുനിനൈയാരൈനീങ്കിനെറിയിനി–
(ൻറാ
ലുനൈപ്പോലൊരുവരുണ്ടോമനമേയെനക്കുററവരേ.

അ—മനസ്സേ! പുണ്യപാപങ്ങളുടെ കലർച്ചയാണു ദേഹമെന്നുള്ളതുകൊണ്ട്, അവ (പുണ്യപാപങ്ങൾ) ഒഴിഞ്ഞാൽ ദേഹം പിന്നെ അല്പനേരവും നിലനില്ക്കുകയില്ല. അതിനാൽ ഉള്ള കാലംകൊണ്ടു നീ ശിവനുടയ തൃപ്പാദങ്ങളെ ധ്യാനിച്ചാലും! അവൻെറ ഭക്തന്മാരെ സ്നേഹിച്ചാലും, ഭക്തന്മാരല്ലാതവരെ സ്നേഹിക്കാതിരുന്നാലും! ഞാൻ പറഞ്ഞ ഈ വഴിയിൽ നീ നിൽക്കുമെങ്കിൽ, എനിക്കു ചേൎന്ന സഹായികൾ നിന്നെപ്പോലെ മററാരും തന്നെയില്ല.

പട്ടൈക്കിഴിത്തുപ്പരുവൂശിതന്നൈപ്പരിന്തെടുത്തു
മുട്ടച്ചുരുട്ടിയെൻമൊയ്കുഴലാൾകൈയിൽമുൻകൊടുത്തു
കട്ടിയിരുന്തകനമായക്കാരിതൻകാമമെല്ലാം
വിട്ടുപ്പിരിയവെൻറോവിങ്ങനേശിവൻമീണ്ടതുവേ.

അ—പരമശിവൻ തന്നെ ഇവിടെ എഴുന്നെള്ളിവന്ന്, പട്ടുവസ്ത്രത്തിനുള്ളിൽ ഒരു സൂചിവച്ചു ചുരുട്ടി, എൻെറ ഭാൎയ്യയുടെ പക്കൽ കൊടുത്തതു് മായാശക്തികൊണ്ടുണ്ടാകുന്ന വിഷയാശകളെല്ലാം നീങ്ങിപ്പോകുന്നതിന്നാണോ? (അതിനുതന്നെയായിരിക്കണമെന്നഭിപ്രായം.)

ചൂതുററകൊങ്കൈയുമാനാർകലവിയുഞ്ചൂഴ്പ്പൊരുളും
പോതുററപൂശലുക്കെൻചെയലാഞ്ചെയ്യ്പുണ്ണിയത്താൽ
തീതുററമന്നവൻചിന്തയിനിൻറുതെളിവതർക്കോ
കാതററഊശിയുംതന്തുവിട്ടാനെൻറൻകൈതനിലേ.

അ—യാതൊരു കുററവും ആരോപിക്കപ്പെടാതെ പരമശിവൻ മാത്രമനാരങ്ങ (ചൊക്കട്ടാൻകായ്) പോലെയുള്ള മുല മുതലായ അവയവങ്ങളുള്ള പെൺകളുടെ മയക്കവലയിൽനിന്നു നീങ്ങി (ഞാൻ) രക്ഷപ്പെടുന്നതിനായരിക്കുമോ കാതില്ലാത്ത സൂചിയെ എൻെറ കയ്യിൽ സമപ്പിച്ചതു്?

വാതുററതിൺപുയരണ്ണാമലൈയെർമലർപ്പതത്തൈ
പ്പോതുറെപ്പോതുംപുകലുനെഞ്ചേയിന്തപ്പൂതലത്തിൽ
തീതുററചെൽവമെൻറതേടിപ്പുതൈത്തുതിരവിയമെൻ
കാതററഊശിയുംവാരാതുകാൺംകടൈവഴിക്കേ.

അ—ഹേ! മനസ്സേ! മരണകാലത്തിൽ ആ ജീവനോടുകൂടി കാതററ സൂചികൂടി വരികയില്ല; അതുകൊണ്ടു് ഈ ലോകത്തിൽ അപവാദത്തോടുകൂടിയ ധനംകൊണ്ടെന്തുഫലം? സമ്പാദിച്ചു കുഴിച്ചുവച്ചിരിക്കുന്ന ധനംകൊണ്ടെന്തുഫലം; ഒന്നുമില്ല. അതിനാൽ, തിരുവണ്ണാമലയിൽ എഴുന്നെള്ളിയിരിക്കുന്ന അരുണാചലേശ്വരൻെറ തിരുവടിത്താമരകളെ നമ്മയോടുകൂടി എപ്പോഴും ദർശിച്ചു ധ്യാനിച്ചു സ്തുതിച്ചുകൊൾക.

വേതത്തിനുൾപ്പൊരുൺമണ്ണാശൈമങ്കയൈവിട്ടുവിട
പ്പോതിത്തനന്മൊഴികേട്ടിലൈയോചെയ്തപുണ്ണിയത്താ
ലാതിത്തൻചന്തിരൻപോലേ വെളിച്ചമതാമ്പൊഴുതു
കാതററഊശിയുംവാരാതുകാൺംകടൈവഴിക്കേ.

അ—അവരവർ ചെയ്ത പുണ്യവിശേഷത്താൽ ജീവാത്മാവു്, ആദിത്യചന്ദ്രന്മാരെപ്പോലെയുള്ള ജ്യോതിസ്സിനെ പ്രാപിക്കുമ്പോൾ, (മരിക്കുമ്പോൾ എന്നൎത്ഥം) കാതററ സൂചിപോലും സഹായിക്കാൻ കൂടെ വരികയില്ല. അതുകൊണ്ടു് നിഷിദ്ധങ്ങളെന്നു വേദങ്ങളിൽ പറയപ്പെട്ടിരിക്കുന്ന മണ്ണാശ, പെണ്ണാശ, പൊന്നാശ ഇവയെ ഉപേക്ഷിച്ചു ശിവപദത്തെ അഭിലഷിച്ചാലും.

മനൈയാളുമക്കളുംവാഴ്‌വുംതനമുംതൻവാസൽമട്ടേ
യിനമാനചുററമയാനമട്ടേവഴിക്കേതുതുണൈ
നിനൈയാമലവെള്ളുളവാകിനുമുമ്പുചെയ്തതവ
തനൈയാളവെൻറുംപരലോകഞ്ചിത്തിക്കുഞ്ചത്തിയമേ

അ—ഭാൎയ്യ, മക്കൾ, ജീവിതം, ധനം ഇതുകളെല്ലാം വീട്ടുവാതിൽപ്പടിക്കൽവരെയുള്ളു. പരിജനങ്ങൾ എല്ലാവരും ചുടുകാടുവരെയുള്ളു. എന്നാൽ ജീവൻ പോകുന്ന പരലോകയാത്രയിൽ സഹായമായുള്ളതു്, അല്പമെങ്കിലും പൂർവജന്മത്തിൽ ചെയ്ത പുണ്യംമാത്രമാകുന്നു.. അപ്പുണ്യത്താൽ പരലോ

കപ്രാപ്തിയുണ്ടാകയും ചെയ്യും. ഇതു സത്യം. അതിനാൽ മനസ്സേ! നീ ആ പുണ്യത്തെ തേടിയാലും.

അത്തമും വാഴ്വുമകത്തുമട്ടേ, വിഴിയമ്പൊഴുക
മെത്തിയമാതരും വീതിമട്ടേ, വിമ്മിവിമ്മിയിരു
കൈത്തലമേൽ വൈത്തഴമൈന്തരും ചുട്ടകാട്ടമട്ടേ
പററിത്തൊടരുമിരുവിനൈപ്പുണ്ണിയപാവവുമേ.

അ—മനസ്സേ! നാം ആജ്ജിച്ച ദ്രവ്യവും, നാം വാണവാഴ്ച്ചയും വീടുവരെ മാത്രമേയുള്ളു. കണ്ണിൽ നീരൊഴുക്കിക്കരയുന്ന ഭാൎയ്യയും തെരുവുവരെയുള്ളു. കൈകൾ രണ്ടും തലമേൽവച്ചു തേമ്പിതേമ്പിക്കരയുന്ന കുഞ്ഞുങ്ങളും ചുട്ടകാട്ടുവരെ മാത്രം ഉണ്ടായിരിക്കും. എന്നാൽ നമ്മുടെ പരലോകയാത്രയിൽ പിന്തുടൎന്നു കൂടെ വരുവാനുള്ളതു പുണ്യപാപങ്ങളായ രണ്ടു കൎമ്മഫലങ്ങളാകുന്നു.

അതിനാൽ നീ ഭാൎയ്യാപുത്രാദികളെ സഹായികളെന്നു ഗണിക്കാതെ പരമശിവനെ സദാ ധ്യാനിച്ചാലും.

ചീയും കുരുതിച്ചെഴുനീർകഴമുഞ്ചെറിന്തെഴുന്തു
പായും പുടൈവൈയൊൻറല്ലാതപോതുപകലിരവാ
യീയുമെറുമ്പും പുകുകിൻറയോനിക്കിരവുപകൽ
മായുമനിതരൈമായാമൽവയ്ക്കമരുന്തില്ലൈയേ.

അ—പുറമേ ഉടുക്കുന്നതായ വസ്ത്രം ഇല്ലാതിരുന്നാൽ ചലിയും ചോരയും മൂത്രവും കൊഴുപ്പും ഒലിച്ച് രാപ്പകൽ ഈച്ചയും എറുമ്പും കടന്നുകൂടുന്ന സ്ത്രീകളുടെ വ്യഞ്ജനത്തിലാഗ്രഹിച്ച് അതുമൂലം നശിച്ചുപോകുന്ന മനുഷ്യരെ നശിക്കാതെവയ്ക്കാൻ ഒരു മരുന്നുമില്ല. പരമശിവഭക്തിയല്ലാതെ അതിനു വേറെ മരുന്നില്ലെന്നഭിപ്രായം.

ചീതപ്പനിക്കുണ്ടുചിക്കെനക്കൈന്തെതിന്നമിരന്തു
നീതുയ്ക്കച്ചോറമനൈതോറമുണ്ടുനിനൈവെഴുന്താൽ
വീതിക്കുണല്ലവിലൈമാതരുണ്ടിന്തമേതിനിയി—
ലേതുക്കുനീചലിത്തായ് മനമേയെൻറും പുൺപടവേ.

അ—നെഞ്ചമേ, കുളുത്ത മഞ്ഞിനെ ഒഴിക്കുന്നതിനു നല്ല കീറത്തുണികളുണ്ട്. ദിവസംതോറും വിശപ്പുണ്ടാകുന്നതിനെ നീക്കാൻ വീടുകൾതോറും അന്നവും ഇരിപ്പുണ്ട്. കാമവികാരം ഉണ്ടായാൽ അതിനെ അടക്കുന്നതിനു തെരുവുകളിൽ വേശ്യപ്പെണ്ണുങ്ങളും ഇരിക്കുന്നുണ്ട്. അതിനാൽ ഈ ലോ

കത്തിൽ നീ ദുഃഖപ്പെടുന്നതേതൊന്നിനു്? സംസാരികൾ സന്ന്യാസിവേഷം കെട്ടിനടക്കുന്നതിനെ ഈ പദ്യത്താൽ ആക്ഷേപിച്ചിരിക്കുന്നു.

ആറുണ്ടുതോപ്പുണ്ടണിവീതിയമ്പലം താറുമുണ്ടു
നീറുണ്ടുകന്ഥെനെട്ടുകോവണമുണ്ടുനിത്തനിത്ത
മാറുണ്ടുലാവിമയങ്ങുനെഞ്ചേമനൈതോറുംചെൻറു
ചോറുണ്ടുതൂങ്കിപ്പിൻചുമ്മാവിരിക്കച്ചുകമുമുണ്ടേ.

അ—ദിവസംതോറും മാറി മാറി ഭ്രമിച്ചുകൊണ്ടിരിക്കുന്ന മനസ്സേ! നദി, തോപ്പു്, ഭംഗിയുള്ള തെരു, അമ്പലം, ഭസ്മം, കീറവസ്ത്രം, കോണകം എന്നിവയെല്ലാം സുഖാനന്ദവിശ്രമങ്ങൾക്കുപകരിക്കത്തക്കവണ്ണം ലോകത്തിലുണ്ടല്ലോ. വീടുകൾതോറും ചെന്നു ചോറുവാങ്ങിത്തിന്നു യഥേഷ്ടം നിദ്രചെയ്തിട്ടു പിന്നീടു് ബ്രഹ്മധ്യാനംചെയ്തുകൊണ്ടു ചുമ്മായിരുന്നാൽ സുഖവുമുണ്ടു്.

ഉടുക്കക്കവൈക്കുളിർകാററുവെയ്യിലൊടുങ്കിവന്താൽ
തടുക്കപ്പഴൈയഒരുവേഷ്ടിയുണ്ടുചകമുഴുതും
പടുക്കപ്പുറന്തിണ്ണൈയെങ്കുമുണ്ടുപശിത്തുവന്താൽ
കൊടുക്കച്ചിവനുണ്ടുനെഞ്ചേനമുക്കുക്കുറൈവില്ലൈയേ.

അ—ഉടുക്കാനും പുതയ്ക്കാനും, കുളിർകാററും വെയിലുമേററു് ദുഃഖിച്ചു വന്നാൽ, ആ ദുഃഖത്തെത്തീക്കുന്നതിനും പഴയ ഒരു വേഷ്ടി(വസ്ത്രവിശേഷം) ഉണ്ടു്. കിടക്കുന്നതിനു നാട്ടുനീളെ തിണ്ണകളുണ്ടു്. വിശപ്പുകൊണ്ടു തളച്ചുവരുന്നിടത്തു്, ആ വിശപ്പിനെ നീക്കുമാറു അന്നദാനം ചെയ്യാൻ പരമശിവനുമിരിക്കുന്നുണ്ടു്. അതിനാൽ നമുക്കു് യാതൊരു കുറവുമില്ല.

ഈ അനുഗ്രഹങ്ങളൊക്കെ പരമശിവകാരുണ്യത്താലാണെന്നറിഞ്ഞു് അദ്ദേഹത്തെ സ്തുതിച്ചാലും എന്നു സാരം.

മാട്ടുണ്ടുകൻറുണ്ടുമക്കളുണ്ടെൻറുമകിഴ്വതെല്ലാം
കേട്ടുണ്ടുഅംപടികേട്ടുവിട്ടോമിനിക്കേൺമനമേ
യോട്ടുണ്ടുകന്ഥെയുണ്ടുള്ളേയെഴുത്തഞ്ചുമോതവുണ്ടു
തോട്ടുണ്ടുകണ്ടനടിയാർനമുക്കുത്തുണൈയുമുണ്ടേ.

മാട്ടുകളും കന്നുകളുമുണ്ടു്. മക്കളുണ്ടു് എന്നിങ്ങനെ സന്തോഷിക്കുന്നതെല്ലാം കേടുണ്ടാകുന്നവയാണെന്നു നാം നമ്മുടെ കാതുകളാൽ കേട്ടിരിക്കുന്നു. അതിനാൽ, മനമേ ഇനി ഞാൻ ഒന്നുപറയുന്നു അതു കേൾക്ക; അതെന്തെന്നാൽ, യാചിക്കുന്നതിനു് ഓടും ഉടുക്കുന്നതിനു കീറത്തുണിയും

ളരിക്കുന്നുണ്ട്. സ്തുതിചെയ്യുന്നതിനു പഞ്ചാക്ഷരമന്ത്രവുമുണ്ട്. പരമശിവൻെറ ഭക്തന്മാർ നമുക്കു തുണയുമുണ്ട്. അതുകൊണ്ടു നമുക്കു് യാതൊരു കുറവുമില്ലതന്നെ.

മാത്താനവത്തൈയുമായാപുരിയിൻമയക്കത്തൈയു
നിത്താർത്തമക്കൊരുനീട്ടൈയുണ്ടോനിത്തനൻപുകൊണ്ടു
ചേത്താൽകുളിത്തുപ്പചിത്താൽപുചിത്തുവിഴിത്തുയിൻറു
പാത്താലുലകത്തവർപോലിരിപ്പർപാററററവരേ.

അ—അഞ്ചവസ്ഥകളും മായാവ്യവഹാരങ്ങളും നീങ്ങിയ മഹാത്മാക്കൾക്കു് പ്രത്യേകം ഒരു നിഷ്ഠ ആവശ്യമുണ്ടോ? ഇല്ലതന്നെ. അവർ വിയത്താൽ കുളിച്ചും വിശന്നാൽ ഭക്ഷിച്ചും ഉറക്കംവന്നാൽ ഉറങ്ങിയും ഇരിക്കുന്ന സാധാരണജനങ്ങളെപ്പോലെയിരിക്കയുമാകുന്നു.

മഹാന്മാർ സാധാരണജനങ്ങളെപ്പോലെ കാര്യ്യങ്ങൾ ചെയ്താലും വിഷയങ്ങളിൽ (ലോകവ്യവഹാരങ്ങളിൽ) സംബന്ധപ്പെടാതെയിരിക്കുന്നതിനാൽ അവക്കു നിഷ്ഠ പ്രത്യേകം ആവശ്യമില്ലെന്നു സാരം.

ഒൻെറൻറിരുതൈവമുണ്ടെൻറിരുവുയർചെല്വമെല്ലാ
മൻെറൻറിരുപശിത്തോരമുകമ്പാർനല്ലറമുനൽപു
നൻെറൻറിരുനട്ടുനീങ്കാമലൈനമുക്കിട്ടപടി
യെൻെറൻറിരുമനമേയുനക്കേവുപതേശമിതേ.

അ—മനമേ, ലോകാധിഭരണം നടത്തുന്ന ഒരു ശക്തിയുണ്ടെന്നും അതുതന്നെ ദൈവമെന്നും അതു നിത്യവസ്തുവാണെന്നും, വിചാരിച്ചാലും! ഉയൎന്ന ദ്രവ്യങ്ങളെല്ലാം (ഭൂസ്വത്തുകളും, പണങ്ങളുമെല്ലാം) അസ്ഥിരമായധനമാണെന്നും വിചാരിച്ചുകൊൾക. വിശന്നുവരുന്നവരുടെ മുഖക്കുറിനോക്കി അന്നദാനാദിധർമ്മങ്ങൾ ആചരിക്കുക. ആ ധർമ്മങ്ങളും നല്ലവാക്കുമാണു് നല്ലതെന്നു മനസ്സിലാക്കുക. ന്യായപഥത്തിൽനിന്നു നീങ്ങാതെ നമുക്കു് വിധിച്ചതേ ലഭിക്കൂ എന്നു ധൈര്യപ്പെട്ടുകൊൾക. ഇതുതന്നെ നിനക്കു ഉപദേശിക്കാനുള്ളതു്. ഈ ഉപദേശത്തെ കൈവിടാതെ നീ അംഗീകരിച്ചാചരിക്കുന്നപക്ഷം, മോക്ഷപദപ്രാപ്തിയുണ്ടാകും. സംശയമില്ല.

നാട്ടമെൻേറതിരുവരുക്കുരുപാതത്തൈതെന്നമ്പൊന്മ
ലാട്ടമെൻേറയിരുപൊല്ലാപ്പുടലൈയുയർന്തചന്തൈ
ക്കൂട്ടമെൻേറയിരുചുററത്തെവാഴ്വൈവെക്കുടക്കവെിഴ്നീ
രോട്ടമെൻേറയിരുനെഞ്ചേയുനക്കുപതേശമിതേ

അ—മനസ്സേ! സദ്ഗുരുവിൻെറ തിരുവടികളെ വിശ്വാസയോഗ്യമായ അനുഗ്രഹപ്രമാണമെന്നും (തിരുവരുൾക്കുറിപ്പെന്നും) നമ്മുടെ ശരീര

ത്തെ കേവലം പാവക്കൂത്തെന്നും സ്വജനങ്ങരം മുതലായവരെ ചന്തയിൽ കൂടുന്ന (അന്യ) ആളുകളെന്നും ജീവിത്തെ വെള്ളംനിറഞ്ഞ കുടം കമഴ്ത്തിവച്ചാൽ അതിൽകൂടി വാൻപോകുന്ന ജലമെന്നും വിശ്വസിച്ചുകൊരംക ഇതുതന്നെ നിനക്കു മഹത്തായ ഉപദേശം.

എൻചെയലാവതുയാതൊൻറുമില്ലൈയിനിത്തെവമേ
ഉൻചെയ്യലേയെൻറുണർപെറ്റോനിന്തവുനെടുത്ത
പിൻചെയ്യത്തീവിനൈയാതൊൻറുമില്ലൈപിറപ്പതക്കു
മുൻചെയ്യത്തീവിനൈയോവിങ്കനെവന്തുമൂണ്ടതുവേ

അ—ഞാൻ ഈ ശരീരത്തെ എടുത്തതിൽപിന്നെ ഒരു പാപവും ചെയ്തിട്ടില്ല. എന്നിരുന്നാലും ഇപ്പോരംവന്നു് എന്നെ വിഴുങ്ങിയിരിക്കുന്ന പാപം പൂർവജന്മത്തിൽ ചെയ്തതായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. അതിനെ നീക്കുന്നതിനു യാതൊന്നും പ്രവത്തിക്കാൻ ഞാൻ ശക്തനല്ല. എന്തെന്നാൽ എല്ലാം നിന്നുടെ പ്രവൃത്തിതന്നെയെന്നു ഞാൻ അറിഞ്ഞിരിക്കുന്നു.

എല്ലാം നിന്തിരുവടിയുടെ പ്രവൃത്തിയാകയാൽ, എൻെറ ദുഷ്കൃതത്തെ പരിഹരിക്കുന്നതിനുള്ള ചുമതലയും അങ്ങേയ്ക്കുതന്നെയെന്നു ഭാവം.

തിരുവേടമാകിത്തെരുവിർപയൻെറനൈത്തേടിവന്തു
പരിപാകുപ്പിച്ചൈ പകരുമെൻറാനൈപ്പതമ്പണിന്തേൻ
കരുവാകുമേതക്കടൽക്കരൈമേവക്കതുമെന്നൈ
യുരുവാക്കിക്കൊള്ളവല്ലോവിങ്കനേശിവനുററതുവേ.

അ—സന്യാസിവേഷം ധരിച്ചു്, തെരുവഴിയൂടെ എന്നെ അന്വേഷിച്ചുവന്നു്, ഭിക്ഷ ചോദിച്ച ഒരുവൻെറ തിരുവടികളെ ഞാൻ നമസ്കരിച്ചു. അവനോ പരമശിവൻതന്നെ. ഇങ്ങിനെ വേഷപ്പെടുന്നനായിവന്നതു് ജനനസമുദ്രത്തിൽ പതിക്കുമല്ലോ എന്നു ദുഃഖിച്ചിരുന്ന എന്നെ തൻെറ തൃപ്പാദങ്ങളിൽ ചേത്തനുഗ്രഹിക്കുന്നതിനല്ലയോ?

വിട്ടേനുലകംയിരുമ്പേനിരുവിനൈവീണരുടൻ
കിട്ടേനവരുരൈകേട്ടുമിരേന്മംകെടാതനിലൈ
തൊട്ടേൻശുകതുക്കമെററുവിട്ടേൻെറാല്ലൈനാന്മറൈക്കു
മെട്ടേനെനനുംപരമെന്നിടത്തേവന്തിങ്കെയ്തിയതേ.

അ—മനമേ, ഞാൻ ലോകവാഴ്ച വെറുത്തുകഴിഞ്ഞു. ശുഭാശുഭകമ്മങ്ങളെച്ചെയ്തുകൊണ്ടു് അലയുന്ന പാഴന്മാരോടു സംസൎഗ്ഗം ചെയ്കയില്ല. അവർ പറയുന്ന വാക്കുകളും കേരംക്കുകില്ല. ഒരിക്കലും അഴിവില്ലാത്ത പര

മാത്മതത്വബോധിയായി ഭവിച്ചു. അതിനാൽ സുഖദുഃഖങ്ങളിലുള്ള ഭേദഭാവനയും ഒഴിച്ചു. ഇങ്ങനെ ഞാൻ ചെയ്തതുകൊണ്ട്, വേദങ്ങളിലും അറിയപ്പെടാത്ത പരമാത്മചൈതന്യം എന്നിൽ വന്നുചേർന്നുകഴിഞ്ഞു.

അട്ടാങ്കയോകമുമാതാരമാറുമവത്തെയെന്തും
വിട്ടേരിപ്പോനവെളിതനിലേവിയപ്പൊൻറുകണ്ടേൻ
വട്ടാകിച്ചെമ്മകിപ്പാലൂരലുണ്ടുമകിഴ്ന്തിരിക്ക
വെട്ടാതപേരിമ്പമെന്നൈവിഴങ്കിയിരിക്കിൻറതേ.

അ—യമം, നിയമം, ആസനം, പ്രാണായാമം,പ്രത്യാഹാരം, ധാരണ, ധ്യാനം, സമാധി എന്നീ എട്ടംഗങ്ങളോടുകൂടിയ യോഗത്തെയും മൂലാധാരം, സ്വാധിഷ്ഠാനം, മണിപൂരം, അനാഹതം, വിശുദ്ധി, ആജ്ഞ എന്ന ആറാധാരങ്ങളെയും കടന്നു നടന്നു പോകുന്ന വെട്ടവെളിയിൽ ചന്ദ്രൻെറ കുളുന്ന അമൃതത്തെ ഉണ്ടു സംതൃപ്തിയടഞ്ഞാലെന്നപോലെയുള്ള ഒരു പരമാനന്ദം എന്നെവന്നു മൂടിയെന്ന ഒരത്ഭുതത്തെ ഞാൻ കണ്ടു. എന്നാൽ അതു് ഇന്നതാണെന്നു മനസ്സിലായില്ല.

എരിയെനക്കെന്നും പുഴുവോ.വെനക്കൊന്നുമിന്തമണ്ണു
ഞരിയെനക്കെന്നുംപരുന്തോവെനക്കെന്നുതാൻപുചിക്ക
നരിയെനക്കെന്നും പുന്നായെനക്കെന്നുമിന്നാറുടലൈ
പ്പിരിയമുടൻവളത്തേനിതിനാലെന്നപേറെനക്കേ

അ—തീക്കനലും പുഴുവും മണ്ണും പരുന്തും നരിയും നികൃഷ്ടനായും തിന്നുന്നതിനു എനിക്കെനിക്കെന്നു പറഞ്ഞുകൊണ്ടിരിക്കുന്ന ഈ നാറുന്ന ശരീരത്തെ, ഞാൻ വളരെ പ്രിയത്തോടുകൂടി വളർത്തി. അതുകൊണ്ടെനിക്കെന്തു ലാഭമോ? ഒന്നുമില്ലെന്നർത്ഥം.

അണ്ണറൻവീതിയരശിരിപ്പാകു മണിവടൈയോർ
നണ്ണോരുനാലൊമ്പതാമവരേവലുനണ്ണുമിവ്വൂർ
തുണ്ണെൻപശിക്കുമടൈപ്പള്ളിയാനചുകവുമെല്ലാ
മെണ്ണിലികാലമവമേവിട്ടുത്തനമെണ്ണരിതേ.

അ—പരമശിവൻെറ തെരുവീഥി രാജധാനിയാണു്. അദ്ദേഹത്തിനു സേനാപതികൾ മുപ്പത്താറുപേരാണു്. അദ്ദേഹത്തിൻെറ നടത്തലിൽ ഉൾപ്പെട്ടിരിക്കുന്ന ഈ ഊരു്, വിശപ്പിനുപകരിക്കുന്ന വയ്യപുരയാകുന്നു. ഇവയെല്ലാമുപേക്ഷിച്ചു വളരെനാളായി ഞാൻ വെറുതെയിരിക്കുന്നല്ലോ. ഇതു ചിന്തിക്കപോലും അസംഗത (അയുക്ത)മായിരിക്കുന്നു.

എൻപെററതായാരുമെന്നൈപ്പിണമെസ്റികഴന്തുവിട്ടാർ
പൊൻപെററമാതരുംപോവെൻറുചൊല്ലിപ്പുലമ്പിവിട്ടാർ
പൊൻപെററമെന്തരുംപിൻവലംവന്തുകുടമുടൈത്താ–
രുൻപെററൊഴിയവൊരുപററുമില്ലെയുടയവനേ!

അ—എന്നെ അടിമയാക്കി സ്വീകരിച്ചിരിക്കുന്ന രക്ഷക! എൻെറ പെററമ്മ എന്നെ, "ഹാ; ശംഖം" എന്നു പറഞ്ഞുപേക്ഷിച്ചു. എൻെറ ഭാര്യയും പുറകേവന്നു പോയ്‌വരിക എന്നു കരഞ്ഞുകൊണ്ടു പറഞ്ഞശേഷം മടങ്ങിപ്പോയി. വാത്സല്യപൂർവം ഞാൻ രക്ഷിച്ചുവളത്തിയ കുഞ്ഞുങ്ങളൊ പിന്നാലെ പ്രദക്ഷിണംവച്ചുവന്നു നീക്കുടമുടച്ചിട്ടു മടങ്ങിപ്പോയി. അതിനാലിനി, നീയല്ലാതെ എനിക്കു് മററാരുമൊരാശ്രയമില്ല. (നീതന്നെ എന്നെ രക്ഷിക്കണം. സകലബന്ധങ്ങളും വിട്ടുകയാൽ അതിനു് ഞാൻ അധികാരിയുമാണു് എന്നത്ഥം.)

കറൈറെപററപല്ലും കരിന്തുണിയാടൈയും കള്ളമിൻറി
പ്പൊറൈയുറനെഞ്ചവുംപൊല്ലാതവൂണുംപുറന്തിണ്ണെയു
ന്തറൈയിൽകിടപ്പുമിറന്തുണ്ണുമോട്ടുഞ്ചകമറിയ
ക്കുറൈവറാചെൽവമെൻേറകോലമാമറൈക്കുപ്പിടുമേ.

അ—തേയ്ക്കാത്ത പല്ലും കരിന്തുണിയും, കോപം അസൂയ മുതലായവയില്ലാത്ത ശാന്തമനസ്സും മൃഷ്ടമല്ലാത്ത ഭക്ഷണവും പുറന്തിണ്ണയും തറയിൽ കിടന്നുറങ്ങുകയും ഭിക്ഷയെടുത്തു തിന്നുന്നതിനു് ചേരുന്ന ഓട്ടും ആണു് അഴിയാത്ത സമ്പത്തെന്നു വേദങ്ങളും മുറയിടുന്നു. (വേദത്തിൽ പറഞ്ഞിരിക്കുന്നു എന്നത്ഥം.)

എട്ടുത്തിശൈയുംപതിനാറുകോണമുമെങ്കുമൊൻറായ്
മുട്ടത്തതുമ്പിയുളൈത്തോങ്കുചോതിയൈയെമൂടരെല്ലാം
കടിച്ചുരുട്ടിത്തൻകക്കത്തിൽവൈപ്പർകരുത്തിൻവൈയാർ
പട്ടപ്പകലൈയിരവെൻറുകൂറിടുംപാതകരേ.

അ—എട്ടുദിക്കുകളിലും പതിനാറുകോൺദിക്കുകളിലും എല്ലാം ഒരേ നിലയിൽ ഇരുന്നു മുളച്ചുയന്ന തേജഃപുഞ്ജത്തെ മൂഢന്മാരായവർ കെട്ടിച്ചുരുട്ടി കക്ഷത്തിൽ വയ്ക്കുന്നുവെന്നല്ലാതെ മനസ്സുകടത്തോടുകൂടി ധ്യാനിക്കുന്നതേയില്ല. അതിനാൽ അവർ നല്ല പകൽക്കാലത്തെ രാത്രിയെന്നു പറയുന്നതിനു് മടിക്കാത്ത മൂഢന്മാരെപ്പോലെയുള്ളവരാകുന്നു.

വായ്നാറുമൂഴൻമയിർച്ചിക്കുനാറിടുംമൈയിടുങ്കൺ
പീനാറുമങ്കംപിണവെടിനാറുംപെരുംകുഴിവായ്

ചീനാ ;ംയോനിയഴനാറുമിന്തിയച്ചേരുചിന്തി
പ്പോയ്നാറുരക്കെയരക്കോവങ്കനേമനംപററിയതേ.

അ—നാറുന്ന വായും വൃത്തികെട്ട തലമുടിയും പീളയുടെ ദുർഗ്ഗന്ധമുള്ള കണ്ണുകളും ശവത്തിൻെറ ഗന്ധമുള്ള ദേഹവും പിഴുകിയ ഗന്ധമുള്ള അഥവാ ചലത്തിൻെറ ഗന്ധമുള്ള യോനിയും ഉള്ള സ്ത്രീകളുടെ മയക്കവലയിൽ എൻെറമനസ്സ ചേൎന്നവല്ലോ കഷ്ടം! അതിന്ന ഞാൻ എന്താ ചെയ്യേണ്ടതു്? എന്നു താല്പൎയ്യം.

ഉരൈക്കൈക്കൊരുനല്ലതിരുവെഴുത്തൈന്തുണ്ടുരൈപ്പ്പടിയേ
ചെരുക്കിത്തരിക്കത്തിരുനീരുമുണ്ടുതെരുകുപ്പെയിൽ
തരിക്കക്കരിത്തുണിയാടെയുമുണ്ടന്തച്ചോതിയിലു
മിരക്കത്തുണിന്തുകൊണ്ടേൻകുറെവേതുമെനക്കില്ലെയേ.

അ—മനസ്സേ! നിനക്ക ധ്യാനിക്കുന്നതിന്ന പഞ്ചാക്ഷരമന്ത്രമുണ്ടു്. വേദവിധിപ്രകാരം ദേഹത്തിന്ന പൂശുന്നതിന്ന് പരിശുദ്ധമായ ഭസ്മവുമുണ്ടു്. ധരിക്കുന്നതിന്ന വഴിനീളെ ചവറുകൂട്ടത്തിൽ കരിത്തുണികളും കിടപ്പുണ്ടു്. കൂടാതെ ഏതുജാതിക്കാരോടുംപോയി അന്നമിരക്കുന്നതിന്നും ഞാൻ തുനിഞ്ഞുകഴിഞ്ഞു. ഇനി എനിക്ക ഒരു കുറവുമില്ല.

ഏതപ്പട്ടായിനിമേൽപടുംപാടൈയിതെൻറിന്തു
പോതപ്പട്ടായില്ലെനല്ലോരിടഞ്ചെൻറുപുല്ലരിവാൽ
വാതെപ്പടമാട്ടായമടമാനാർക്കലെവിമയക്കത്തിലേ
പേതെപ്പട്ടായ്നെഞ്ചമേയുനൈപ്പോലില്ലെപിത്ത—
(രുമേ.

അ—അല്ലയോ മനസ്സേ! നീ അധികവും കുററങ്ങൾചെയ്തു മേൽക്കാലം ഭവിക്കാനിരിക്കുന്ന ദുഃഖത്തെക്കുറിച്ചു വിചാരത്തോടുകൂടി സത്തുക്കളുടെ സമീപത്തിൽചെന്നു്, ജ്ഞാനം ലഭിച്ചതുമില്ല. അജ്ഞാനത്താൽ നീ വളരെ സങ്കടപ്പെട്ടു സ്ത്രീകളുടെ മായയിൽ അകപ്പെട്ടു. മൂഢനായിച്ചമഞ്ഞു. അതിനാൽ, നിന്നെപ്പോലെ പിച്ചുപിടിച്ചവർ ആരുമില്ല.

ചുരപ്പററുവൽവിനൈചുററമുമററുത്തൊഴിൽകളററു
ക്കരപ്പററുമങ്കൈയുർകയ്യിനക്കററുകവലൈയററു
വരപ്പററുനാതനൈവായാരവാഴ്ത്തിമനമടങ്കു—
പ്പുരപ്പററിരുപ്പതന്റോപരമാപരമാനന്ദമേ.

അ—എൻെറ നാഥ! പൈദാഹങ്ങളും പുണ്യപാപങ്ങളും, ജാതി, പ്ര

വൃത്തി, വഞ്ചന, സ്ത്രീകളിലെ മയക്കം, ദുഃഖം, ഇവ നീങ്ങി പരമശിവനെ സ്തുതിചെയ്തു് മനശ്ശാന്തിയോടുകൂടിയിരിക്കുന്നതല്ലയോ ശ്രേഷ്ഠമായ ആനന്ദം. ഈ നിലയിൽ എത്തുന്ന സുകൃതി ഈശ്വരതുല്യൻതന്നെയെന്നു ഭാവം.

പേയപോററിരുന്തുപിണംപോൽകിടന്തിട്ടപിച്ചൈയെല്ലാ
നായ്പോലിരുന്തുനരിപോലുഴൻറുനന്മങ്കൈയരൈ
ത്തായ്പ്പോൽക്കരുതിത്തമർപോലനൈവക്കുന്താഴ്മൈ-
(ചൊല്ലി
ച്ചെയ്യോലിരിപ്പവർകണ്ടീരുണ്മൈജ്ഞാനന്തെളിന്തവരേ.

അ—അല്ലയോ ലോകരേ! പരമാത്മജ്ഞാനികൾ എങ്ങനെയിരിക്കുമെന്നുവച്ചാൽ, പിശാചുപോലെ ചുററിത്തിരിഞ്ഞു്, ശവത്തെപ്പോലിരുന്നു ഭിക്ഷാന്നം ഭക്ഷിച്ചു്, നരിപോലെ അലഞ്ഞു്, സ്ത്രീകളെ ആകമാനം അമ്മമാരെപ്പോലെ വിചാരിച്ചു്, അന്ന്യന്മാരെയും സ്വജനങ്ങളെപ്പോലെ സ്നേഹിച്ചു്, പ്രിയമായ വാൎത്തകളെപ്പറഞ്ഞുകൊണ്ടു കേവല ബാലന്മാരെങ്ങനെയോ അതുപോലെയിരിക്കും.

വിടക്കേപെരുന്തിൻവിരുന്തേകമണ്ഡലവീണനിട്ട
മുടക്കേപുഴവന്തുറയിടമേ, നലമുററുയിലാ
ച്ചുടക്കേകെരുവിതളർന്തുവിട്ടാർപെററതായുംതൊടാ
ത്തൊടുക്കേയുന്നൈചുമന്തേനിന്നിനേത്തുചുകമെനക്കേ.

അ—നികൃഷ്ടവസ്തുവും, പരന്തിനുവിരുന്തായിരിക്കുന്നതും, ബ്രഹ്മദേവനാൽ സൃഷ്ടിക്കപ്പെട്ട മടക്കയന്ത്രവും, (മുടക്കു്) പുഴുക്കളുടെ വാസസ്ഥലവും ഗുണങ്കെട്ട ചരക്കും മരിച്ചാൽപിന്നെ പെററമ്മപോലും തൊടുന്നതിനു അറയ്ക്കുന്നതും ആയ ദേഹമേ, ഞാൻ ഇതുവരെ നിന്നെ ചുമന്നുകൊണ്ടുനടന്നു, നിന്നെക്കൊണ്ടെനിക്കെന്തൊരു സുഖമാണു്! ഒന്നുമില്ലെന്നു സാരം.

അഴുതാർപയനെന്നനൊന്താർപയനെന്ന?വാവതില്ലൈ
തൊഴുതാൽപയനെന്നനിന്നൈയൊരുവർചുടവുരൈത്ത
പഴുതാർപയനെന്ന?നന്മൈയുംതീമൈയുംപങ്കയത്തോ
നെഴുതാപ്പടിവരുമോചലിയാതിരെന്നേഴൈനെഞ്ചേ

അ—മൂഢമായ മനസ്സേ! ബ്രഹ്മനാൽ വിധിക്കപ്പെടാത്ത നന്മതിന്മകൾ ജീവികൾക്കു ഭവിക്കുമോ? ഇല്ല. അതിനാൽ,കരഞ്ഞാലും ദുഃഖിച്ചാലും തൊഴുതാലും, സങ്കടം തോന്നും. ഒരുത്തൻ നിന്നെ അധിക്ഷേപിച്ചാലും എന്തായാലും ഒരു പ്രയോജനവുമില്ല.

എല്ലാം വിധിബലമാണെന്നു നിശ്ചയിച്ച്, മനസ്സിനെ സ്ഥിരമാക്കി വയ്ക്കണമെന്നഭിപ്രായം.

ഊരീരുമക്കോരുപതേശങ്കേളുമുടമ്പടങ്ക—
പ്പോരിരശമണെക്കഴവേററുനീറെറപ്പുറന്തിണ്ണൈയിൽ
ശാരീരനന്തലൈചുററത്തെനീങ്കിച്ചുകനകൈക്ക—
വേരീരുമക്കവർതാമേതരുവരിണൈയടിയേ.

അ—ഹേ ഗ്രാമവാസികളായ ജനങ്ങളെ! നിങ്ങൾക്ക് ഒരു ഉപദേശം തരുന്നു കേട്ടുകൊൾവിൻ! അതെന്തെന്നാൽ, നിങ്ങൾ എങ്ങനെയായാലും ദേഹത്തെ കൈവിടാൻ പോകുന്നവരാകുന്നു. അതുകൊണ്ടു ശമനാചാര്യരെ കഴുവിലേററാൻ നിമിത്തമായ തിരുനീറണിഞ്ഞു്, പരിജനങ്ങളെ ഉപേക്ഷിച്ച്, പരമശിവനെ ശരണം പ്രാപിച്ചുകൊൾവിൻ. അങ്ങനെ ചെയ്യുന്നതായാൽ, അദ്ദേഹം കരുണയോടുകൂടി തൻെറ തിരുവടികൾ രണ്ടും തന്നു, ദാസനാക്കി ചെയ്യും.

ശമനാചാര്യനെ കഴുവേററിയതു സംബന്ധാചാര്യരാകുന്നു. ആ കഥ ഗ്രന്ഥവിസ്തരഭയത്താൽ ഇവിടെ ചേർക്കുന്നില്ല.

നീറെറപ്പുനെന്തെന്ന? നീരാടപ്പോയെന്നനീമനമേ,
മാററിപ്പിറക്കവൈകെയറിന്തായില്ലേമാമറൈന്തു
ലേററിക്കിടക്കമെഴകോടിമന്തിരമെന്നകണ്ടാ
യാററിൽകിടന്തുന്തുറൈയറിയാമലലൈകിൻറതേ.

അ—മനസ്സേ! നീ തിരുനീറണിയുന്നതുകൊണ്ടു്, ഒരു പ്രയോജനവുമില്ല. കൂടാതെ, തീർത്ഥമാടുന്നതിലും ഒരു ഫലവുമില്ല. എന്തെന്നാൽ ഇ ജന്മത്തെ നീക്കി ശിവസാരൂപ്യം പ്രാപിക്കുന്നതിനുള്ള മാർഗ്ഗത്തെ നീ മനസ്സിലാക്കിയില്ല. അതിനാൽ വേദങ്ങളിൽ അടക്കിയിരിക്കുന്ന ഏഴുകോടി മന്ത്രങ്ങളെ പഠിച്ചിട്ടും അവയുടെ വഴിയറിയാതെ കിടന്നു കഷ്ടപ്പെടുന്നു. ഇതു്, ഒരു ഊരിലേക്കു പോകുന്ന വഴിയിൽചെന്നു നിന്നുകൊണ്ടു്, വഴി, അതോ ഇതോ എന്നു സംശയിക്കുന്നവനെപ്പോലെയായിത്തീർന്നിരിക്കുന്നു. ഇതെന്തു വിപരീതാവസ്ഥയോ?

ഓങ്കാരമായ്നിൻെറവസ്തുവിലേയോരുവിത്തുവന്തു
പാങ്കായ്മുളൈത്തപയനറിന്താർപത്തിനാലുലകു
നീങ്കാമനീങ്കിനിറൈയാനിറൈന്തുനിറൈയുരുവാ
യാങ്കാരമാനവർക്കെട്ടാക്കനിവന്തമന്നിടുമേ.

അ—സച്ചിദാനന്ദസ്വരൂപമായ പ്രണവരൂപത്തിൽ പരിലസിക്കുന്ന വീര്യാക്ഷരത്തിൽ പരമാനന്ദസാരം അടങ്ങിയ പരമാത്മസ്വരൂപ

മായ വിത്തു് ഉത്ഭവിക്കുന്നു എന്ന പരമാത്ഥം അറിഞ്ഞാൽ അഹങ്കാരത്തിൻെറ ആവാസസ്ഥാനമായ സംസാരി ലോകത്താൽ അറിയപ്പെടാതെ സർവവ്യാപകമായിരിക്കുന്ന ഒരു പഴം (സച്ചിദാനന്ദശിവം എന്ന പഴം) ലഭിക്കാനിടയാകും.

വിതിയാർവടൈപ്പുമരിയാരളിപ്പുംവിയൻകയ്യിലൈ
പ്പതിയാർത്തുടൈപ്പുനമ്പാലണുകാത്തുപരാനന്തമേ
കതിയാകക്കൊണ്ടുമററെല്ലാന്തുയിലിൽകനവെന്നനീ
മതിയാതിരുമനമേയിത്തുകാണെൻമരുന്തുനക്കേ.

അ—മനമേ, നിനക്കു ലഭിക്കേണ്ട മോക്ഷപദവി, അദ്വൈതാനന്ദം മാത്രമാണെന്നുകരുതി, മററുള്ളവയെല്ലാം സ്വപ്നത്തിൽ കണ്ട കാഴ്ചപോലെ നിസ്സാരമാക്കി ഉപേക്ഷിച്ചു് ഇരുന്നാലും! അങ്ങനെയിരുന്നാൽ, ബ്രഹ്മവിഷ്ണുമഹേശ്വരന്മാരാൽ ചെയ്യപ്പെടും സൃഷ്ടിസ്ഥിതിസംഹാരങ്ങൾ നമ്മെ സംബന്ധിക്കയില്ല. അതിനാൽ അതുതന്നെ നിനക്കു നല്ല ഔഷധം.

നായ്ക്കുണ്ടുതൊണ്ടുനമുക്കുണ്ടുപിച്ചൈനമനൈവെല്ല
വായ്ക്കുണ്ടുമന്തിരപഞ്ചാക്ഷരമതിയാമൽവരും
പേയ്ക്കുണ്ടുനീറുതികൈപ്പുണ്ടുനിൻറപിറവിപ്പിണി
നോയ്ക്കുണ്ടുതേശികൻറരുൾനോക്കങ്കണോക്കുതക്കേ.

അ—മനമേ! നായ് കടിക്കാതെ വടി കയ്യിലുണ്ടു്, (നായ്ക്കുണ്ടുതൊണ്ടു എന്നുമൂലം) നമുക്കു ഭക്ഷണത്തിനു് ഭിക്ഷാന്നമുണ്ടു്. കാലനെ ജയിക്കുന്നതിനു ജപിക്കാൻ പഞ്ചാക്ഷരമന്ത്രമുണ്ടു്. പിശാചാദിബാധകളെ അകററിനിത്തുന്നതിനു ഭസ്മം ഉണ്ടു്. ജനനമരണസങ്കടത്തെ മാററുന്നതിനു എൻെറ തമ്പുരാൻെറ (പരമശിവൻെറ) അനുഗ്രഹദശ്നവും ഉണ്ടു്. ഇങ്ങനെയിരിക്കെ നമുക്കെന്തൊരു കുറവാണുള്ളതു്.

നേമങ്കണിട്ടൈകൾവേതങ്കളാകമനീതിനെറി—
യോമങ്കടർപ്പണസന്തിചെപമന്തിരയോകനിലൈ
നാമങ്കൾചന്ദനംവെണ്ണീറുപൂശിനലമുടനേ
ചാമങ്കടോറുമിവർചെയ്യുംപൂശൈകൾശ്ചപ്പനൈയേ.

അ—വേദം, ആഗമം, നിഷ്ഠ, സദാചാരം, ഹോമം, തപ്പണം, സന്ധ്യാവന്ദനം, ജപം, മന്ത്രം; യോഗം, പൂജനം, നാമസംകീത്തനം, ചന്ദനം, ഭസ്മം, ഇവയോടുകൂടെ, യാമംതോറും ഇവർചെയ്യുന്ന ശിവാരാധനം ഭാവന മാത്രമാകുന്നു. കേവലം സങ്കല്പപ്രധാനമല്ലാതെ ഫലോക്തമല്ലെന്നു സാരം.

നാനെത്തനെെപുത്തിശൊന്നാലുംകേട്ടിലെനന്നെഞ്ചമേ
യേനിപ്പടിക്കെട്ടുഴലുകിൻറായിനിയേതുമിലാ
വാനത്തിന്മീനുക്കവം തുണ്ടിലിട്ടവകൈയതുപോൽ
പോനതെന്മീളനിനെെക്കിൻറനെെയെന്നപുത്തി–
യതേ.

അ—മനമേ! ഞാൻ എത്ര ബുദ്ധിപറഞ്ഞാലും, നീ കേൾക്കുന്നില്ല. എന്തിനു നീ ഇങ്ങനെ ഉഴലുന്നു? പരന്നു റാഞ്ചിയ മീനിനു ചൂണ്ടലിട്ടതു പോലെ, കൈവിട്ടുപോയ സമ്പത്തിനെ വീണ്ടെടുക്കാൻ നീ വിചാരിക്കുന്നു ഇതെന്തൊരു ബുദ്ധി?

അഞ്ചക്കരമിനും ഷോടാലികൊണ്ടിന്തവെമ്പുലനാം
വഞ്ചപ്പുലക്കട്ടൈവേരറവെട്ടിവളങ്കൾചെയ്തു
വിഞ്ചത്തിരുത്തിച്ചതാശിവമെൻകിൻറവിത്തെയിട്ടു
പ്പുഞ്ചെക്കളെപറിത്തേൻവളത്തേൻഷിവപോക–
ത്തെയേ.

അ—പഞ്ചാക്ഷരമെന്ന കോടാലികൊണ്ടു്, പഞ്ചേന്ദ്രിയങ്ങളാകുന്ന തടികളെ അടിയോടെവെട്ടി തറ വെടിപ്പാക്കി സദാശിവം എന്ന വിത്തുപാകി (രാഗദ്വേഷാദികളായ) കളകളെ നീക്കി, അദ്വൈതാനന്ദമെന്ന പയൽ (തൈച്ചെടി) വളത്തുകയും ചെയ്തു. ആ ആനന്ദഫലത്തെ എനിക്കനുഭവിക്കാൻ സംഗതിവരുമോ, വരില്ലയോ, അറിഞ്ഞുകൂടാ.

തായാരുഞ്ചുററമുംപെണ്ടിരുംകൈവിട്ടുതാഴ്ന്തിടുമാ
ണീയാരുനാനാരെനപ്പകവ്ാരനന്തനേരത്തിലേ
നോയാരുംവന്തുകൂടികൊൾവരേകൊണ്ടനോയുമൊരു
പായാരുനീയുമല്ലാൽപിന്നെയേതുനല്ലാമുടലെ.

അ—ഹേ ശരീരമേ! അമ്മ, പരിജനങ്ങൾ, ഭാര്യ, ഇവർ കൈവെടിയുന്ന സമയത്തു് (മരണകാലത്തു) നീയാരു് ഞാനാരു്, എന്ന ജ്ഞാനവഴി പറഞ്ഞൊഴിയുന്നു. ആ സമയത്തു മരണവേദനയും വന്നുകൂടുന്നു. അപ്പോൾ, ആ വേദനയും ഒരു പായും നീയുമല്ലാതെ ആരും സഹായികളായില്ലതന്നെ. അതിനാൽ പരമശിവൻെറ തിരുവടികൾ സദാ സ്തുതിച്ചു സേവിച്ചാലും!

ആയുമ്പോഴതുമയിർക്കാൽകടോറുമരുങ്കിരുമി
തോയുമലക്കട്ടൈയാകിയകായത്തെച്ചുട്ടുവിട്ടാൽ

പേയുന്നടനമിടുങ്കടമാമെന്റുപേശുവതൈ
നീയുമറിന്തിലൈയോപൊരുടേടനിനൈന്തനൈയേ.

അ—വിചാരിക്കുമ്പോൾ, രോമകൂപങ്ങൾ നിറയെകൃമികൾ നിറഞ്ഞ മലസ്ഥാനമായ ഈ ശരീരത്തെ ചുട്ടു ഭസ്മമാക്കിയാൽ പിന്നെ കാളികൂളികളുടെ നൃത്തരംഗമാണതെന്നു് ലോകർ പറയുന്നതു്, അല്ലയോ മനസ്സേ, നീ അറിഞ്ഞിട്ടില്ലാത്തതുപോലെ തോന്നുന്നുവല്ലോ. (ഇനിയും പരമാത്മപദത്തെ നീ ആരായുന്നില്ലാത്തതുകൊണ്ടു് എന്നു താല്പര്യം.)

പൂണുംപണിക്കല്ല,പൊന്നുകളത്താനല്ല പൂമിതനൈ
കാണുംപടിക്കല്ല മങ്കൈയക്കല്ലനൽക്കാക്ഷിക്കല്ല
ചേണുംകടന്തശിവനടിക്കല്ലവെൻചിന്തൈകെട്ടു
ഊണുംവളക്ക്വെടിയേൻപട്ടന്തുയർചററല്ലവേ.

അ—ഞാൻ ദുഃഖം അനുഭവിക്കുന്നതു്, അണിയുന്ന ആഭരണം, ഭൂമി, ഭാര്യ, ശിവദർശനം, ശിവപദപ്രാപ്തി ഇതുകൾക്കല്ല. പിന്നെയോ എന്റെ വയററിനെ നിറയ്ക്കുന്നതിനു മാത്രമാകുന്നു.

വെട്ടാതചക്കരംപേശാതമന്തിരംഏവറൊരുവ–
ക്കെട്ടാതപുഷ്പമിറൈയാതതിർത്ഥമിനിമുടിന്തു
കട്ടാതലിങ്കങ്കരുതാരുനെഞ്ചങ്കരുത്തിനുള്ളേ
മുട്ടാതപൂശൈയൻറോകുരുനാതൻമൊഴിന്തതുവേ.

അ—എന്റെ ഗുരുനാഥൻ ഉപദേശിച്ചിരിക്കുന്നതു് വരയ്ക്കാത്ത ചക്രവും, ജപിക്കാത്തമന്ത്രവും, പറിക്കാൻ മററാക്കും എത്താത്ത പുഷ്പവും ആടാത്തതീർത്ഥവും (ഇറയ്ക്കപ്പെടാത്ത തീർത്ഥവും) മുടിയിട്ടു കെട്ടിവയ്ക്കാത്ത ശിവലിംഗവും, ചിന്തിക്കാത്ത മനസ്സും ചിന്തയ്ക്കു വിഷയമല്ലാത്ത പൂജയുമല്ലയോ?

എന്നാൽ, ആ പൂജചെയ്യുന്നതിനു ഞാൻ പാത്രീഭവിക്കുന്നതെന്നോ? എന്നു താല്പര്യം.

എരുമുട്ടൈപിട കിനുതിർന്തിട്ടുംചെല്ലുക്കെവരഴുവാർ
കരുമുട്ടൈപ്പുകക്കാലകൻറീർകനത്തുക്കമെതായ്
പെരുമുട്ടപ്പട്ടവർപോലഴുംപേതൈയർപേത്തുകിറീ
രൊരുമുട്ടുംവിട്ടുമരനാമമെനൈൻറക്കുപോത്തുമിനേ.

അ–ഹേ ലോകവാസികളേ! ചാണകവറളി ഉരുട്ടുമ്പോൾ ഉതിർന്നുപോകുന്നതിനെക്കുറിച്ചു കരയുന്നവരാരുമില്ല. ജന്മത്തിൽ അകപ്പെട്ടു് അവന്റെ

തിരുവടികളിൽനിന്നു നിങ്ങൾ വേർപെട്ടുപോയിരിക്കുന്നു. വലിയ ദുഃഖത്തോടുകൂടി കുററത്തെച്ചെയ്തവരെന്നപോലെ കരയുന്ന അറിവില്ലാത്ത നിങ്ങൾ ചിലയ്ക്കുന്നു. ഏതുമാതിരി ദുഃഖത്തെയും ഒഴിക്കുന്ന പരമശിവൻെറ തിരുനാമങ്ങളെ സദാ കീത്തിക്കുവിൻ!

മെയ്യാട്ടകണ്ണിയുമെന്തരുംവാഴ്വുമനൈയുംചെന്തി
യൈയാനിന്മായൈയെയുരുവെളിത്തോററമകിലത്തുള്ള
മെയ്യായിരുന്തതുനാംചെലവെട്ടവെറം
പൊയ്യായ്യുഴങ്കതെയായ്യുനവായ്യെല്ലെപ്പോനതുവേ.

അ—ചെമന്ന തിരുമേനിയുള്ള നാഥ! ഭാൎയ്യയും കുഞ്ഞുങ്ങളുംവാഴ്ച്ചയും വീടും നിന്റെ മഹാമായയുടെ ശക്തിയാലുണ്ടാകുന്ന വെറും തോററങ്ങളാകുന്നു. എന്നാൽ അവ, ലോകത്തിൽ പരമാൎത്ഥങ്ങളെന്നു പറയപ്പെട്ടുന്നതനുസരിച്ചിരുന്ന്, നാം കഴിഞ്ഞുകഴിഞ്ഞു വരുംതോറും വെറും മിഥ്യയായി സ്വപ്നത്തിൽ കണ്ട വാഴ്ച്ചപോലെയായിത്തീന്നു.

ആയായപലകലൈയായ്ന്തിട്ടുംതുയവരുന്തവർപാൽ
ക്കോയാകിലുമുണ്മൈയെത്തെരിന്തായില്ലൈപൂതല-
ത്തിൽ
വേയാർന്തതോളിയർ,കാമവികാരത്തിൻവീഴ്ന്തഴന്തി
പ്പേയായ്ഴിഴിക്കിൻറനൈമനമേയെന്നപിത്തുനക്കേ.

അ—മനമേ! അസംഖ്യങ്ങളായ വേദാന്തശാസ്ത്രങ്ങളെ നീ അന്വേഷിക്കയില്ല. അങ്ങനെ അന്വേഷിച്ചറിഞ്ഞവരുടെ അടുക്കൽ പോയാലും പരമാൎത്ഥതത്വത്തെ മനസ്സിലാക്കിക്കൊള്ളുന്നില്ല. ലോകത്തിലെ സ്ത്രീകളുടെ മായയിൽ മുഴുകിപ്പോയിരിക്കുന്നു. അതിനാൽ പേയെപ്പോലെ നിന്റെ കണ്ണുകളെ മിഴിക്കുന്നു. ഇപ്രകാരമുള്ള പൈത്യം (ഭ്രാന്തു്) നിന്നെ ബാധിക്കുന്നതിനെന്തു കാരണം?

അടിയാരുറവുമരൻപൂശൈനേശമുമൻപുമൻറി
പ്പടിമീതിൻവേറപയനുള്ളതേപങ്കജയൻവകുത്ത
കുടിയാനചുററമുംകാരമുംവാഴ്വുകുനക്കലങ്കൾ
തടിയാലടിയുണ്ടവാറൊക്കുമെൻറിനഞ്ചാന്തിലരേ.

അ—ബ്രഹ്മസൃഷ്ടങ്ങളായ പരിജനങ്ങളും ഭാൎയ്യയും വാഴ്ച്ചയും കുശവനാൽ നിമ്മിക്കപ്പെട്ട മൺപാത്രങ്ങൾ തടിയാൽ അടിക്കപ്പെട്ടതുപോലെയാണ്. (തടികൊണ്ടടിക്കാൻ നിരത്തിവച്ചിരിക്കുന്നതുപോലെ ക്ഷണഭംഗുരമാണെന്നു സാരം.) അതിനാൽ ലോകത്തിൽ ഭക്തജനത്തോടുള്ള സംസ

ശ്ശ്വവും ശിവപൂജയും ഭക്തിയുമല്ലാതെ വേറെ സാരമുള്ളതു വല്ലതുമുണ്ടോ? ഇല്ലതന്നെ.

ആങ്കാരപ്പൊക്കിഷംകോപക്കളഞ്ചിയമാണവത്താ
നീങ്കാവരൺമനൈപൊയ്യ്ത്തക്കൂടംവിണ്ണീടിവളർ
ത്തേങ്കാർപെരുമതിർകാമവിലാസമത്തേകങ്കന്തൽ
പാങ്കായുനൈപ്പണിന്തെപ്പടിഞാനംപലിപ്പതുവേ.

അ—അഹങ്കാരത്തിന്റെ ഭണ്ഡാരമായും, കോപപ്പണ്ടകശാലയായും പ്രാരബ്ധം ഒടുങ്ങാത്ത അരമനയായും കള്ളങ്ങൾ നിറച്ചുവച്ചിരിക്കുന്ന കൂടമായും, കാമവികാരത്തിന്റെ വിളയാട്ടുഭൂമിയായും ഇരിക്കുന്ന ഈ ദേഹം നികൃഷ്ടമാകയാൽ ഞാൻ ഈ ദേഹത്തിലിരുന്നു നിന്തിരുവടിയെ സേവിച്ച് ജ്ഞാനത്തെ ലഭിക്കുന്നതെങ്ങനെ?

ഒഴിയാപ്പിറവിയെടുത്തേങ്കിയേങ്കിയഴൻറനെഞ്ചേ
വഴിയാപ്പതവിക്കവ്വുടതന്തേടിയനാതിയനൈ
മഴമാൻകരത്തനൈമാൻവിടൈയാനൈമനതിലുന്നി
വിഴിയാൽപുനൽചിന്തിവിമ്മിയഴനന്മൈവേണ്ടുമെൻറേ.

അ—ഒഴിയാത്ത ജന്മങ്ങളെയെടുത്തു ദുഃഖിച്ചലയുന്ന മനസ്സേ! അഴിയാത്ത പദവിയെ അടയുന്നതിനു് ഒരു മരുന്നു കേട്ടോളൂ; ഞാൻ പറഞ്ഞുതരാം. അനാദിയും മാൻ, മഴ ഇതുകളെ ധരിച്ചവനുമായ മഹാവൃഷഭവാഹനനെ (കാളയെ വാഹനമാക്കിയിരിക്കുന്നവനെ-ശിവനെ) ധ്യാനിച്ച് കണ്ണുകളിൽ ആനന്ദബാഷ്പം പൊഴിഞ്ഞു് നന്മവരുത്തിത്തരണമെന്നു കരഞ്ഞപേക്ഷിച്ചാലും)

നായ്ക്കൊരുചൂലുമതക്കോർമരുത്തുവനാട്ടിലുണ്ടോ
പേയ്ക്കൊരുഞാനംപിടിപെടുമോപെരുംകാഞ്ചിരങ്കാ
യാക്കവരാതരുന്തുവരാരതുപോലുടമ്പു
തിക്കിരയാവതല്ലാലേതുക്കാമിതൈച്ചെപ്പുമിനേ.

അ—ഹേ ലോകരേ! നായ്ക്കു് ഏകപ്രജമായ (ഒരു കുഞ്ഞുമാത്രമുള്ള) ഗർഭം ഉണ്ടോ? അതിനു തക്ക മരുന്നും വല്ലതുമുണ്ടോ? പിശാചിനു ജ്ഞാനം ഉണ്ടാകുമോ? കാഞ്ഞിരക്കായെ പചിക്കുന്നവരും തിന്നുന്നവരുമുണ്ടോ? അതുപോലെ ഈ ദേഹം, ഒടുവിൽ തീയിട്ടു ചുട്ടുകളയാൻ കൊള്ളാമെന്നല്ലാതെ അതുകൊണ്ടു വല്ല പ്രയോജനവുമുണ്ടോ? ഉണ്ടെങ്കിൽ അതു പറയുവിൻ! ദേഹംകൊണ്ടു പ്രയോജനമുണ്ടാവുക മേൽപ്പറഞ്ഞ സംഗതികൾ പോലെ അസംഭാവ്യമാണെന്നഭിപ്രായം.

കച്ചിൽക്കിടക്കും കനതനത്തിൽ കറൈക്കൺകൾ ചട്ടേ-
യിച്ചിത്തിരിക്കിൻറവേഴൈനെഞ്ചേയിമവാൻപയന്ത
പച്ചൈപ്പശുങ്കൊടിയുണ്ണാമുലൈപങ്കർപാതത്തിലേ
തൈച്ചുക്കിടമനമേയൊരുകാലുതവിരില്ലൈയേ.

അ—റൌക്ക (അല്ലെങ്കിൽ മുലപ്പടം) ഇട്ടു കെട്ടിയിരിക്കുന്ന സ്ത്രീകളുടെ മുലകളെ നോക്കി ആശപ്പെടുന്ന മനസ്സേ! ഇടതുഭാഗത്തു പാർവ്വതീദേവിയെ വച്ചിരിക്കുന്ന പരമശിവൻെറ തിരുവടികളിൽ ചേൎന്നിരുന്നാൽ നിനക്ക് ഒരു ഹാനിയും സംഭവിക്കയില്ല. അങ്ങനെ ചെയ്യാതെ സ്ത്രീകളിലാശവച്ചാൽ ഹാനി സംഭവിക്കുമെന്നു താല്പൎയ്യം.

മാനാർവിഴിയൈക്കടന്തേറിവന്തനൻവാഴ്കുരുവും
കോനാകിയെന്നൈക്കുടിയേററിക്കൊണ്ടനൻ കുററമില്ലൈ
പോനാലും പേറിരുന്നാലുതർപേറിതുപൊയ്യൻറുകാ—
ണാനാലുമിന്തവുടമ്പോടിരിപ്പതരുവരുപ്പേ.

അ—സ്ത്രീകളിലുള്ള മായാഭ്രമം എനിക്കു വിട്ടുനീങ്ങിക്കഴിഞ്ഞു. ഗുരുവും എൻെറ അജ്ഞാനം നീക്കി രക്ഷിച്ചു. ഒരു സംശയവുമില്ല. ഇതെല്ലാം സത്യംതന്നെ, കള്ളമല്ല. ഇതൊക്കെയാണെങ്കിലും ഈ ശരീരത്തോട്ട് (പലവിധത്തിലും നികൃഷ്ടമായ ഈ ശരീരത്തോടു) കൂടി ജീവിക്കുന്ന കാൎയ്യം വെറുക്കത്തക്കതുതന്നെ. (മഹാവിഷമതതന്നെയെന്നൎത്ഥം)

ചററാകിലുംതന്നൈത്താനറിയാതവനൈയായ്ന്തവരൈ
യുററാകിലുമുരൈക്കപ്പോനതായുനക്കാനനിലൈ
പററായ്യുരുവൈപ്പണിയായ പരത്തൈയർപാലിൽ-
ചെൻെറൻ
പെററായ്യുടനെഞ്ചമേ,യുന്നൈപ്പോലില്ലൈപിത്തനുമേ.

അ—നിനക്ക് അല്പമെങ്കിലും തന്നത്താനറിഞ്ഞുകൂടാ. അങ്ങനെ അറിഞ്ഞവരോടു സംസൎഗ്ഗം ചെയ്യു് അവരോട്ട് ഒന്നും ചോദിച്ചു മനസ്സിലാക്കുന്നതുമില്ല. നീ പ്രാപിക്കേണ്ടതായ പരമാത്മനിലയെ കണ്ടറിയുന്നില്ല. നിൻെറ ജ്ഞാനാചാൎയ്യനെ നമസ്കരിക്കുന്നതുമില്ല. പെണ്ണുങ്ങളോടുകൂടീട്ട് നിനക്കു കിട്ടിയ സുഖമെന്തു്? ഒന്നുമില്ലതന്നെ. ഹാ മൂഢമനസ്സേ! പിച്ചുപിടിച്ചവരും നിന്നെപ്പോലെ ബുദ്ധികേടു പ്രവൎത്തിക്കില്ല.

ഉളിയിട്ടകല്ലൈയുമൊപ്പിട്ടചാന്തൈയുമൂത്തൈയറ
പ്പുളിയിട്ടചെമ്പൈയും പോററുകിലേനുയർപൊന്നനവേ

പൊളിയിട്ടതാളിരണ്ടുള്ളേയിരുന്തുവതുൺമൈയെൻറു
വെളിയിട്ടടൈത്തുവാഴ്ത്തനിനിമേലൊൻറുംവേണ്ടീലനേ.

അ—ഇതുവരെ ഞാൻ സ്തുതിചെയ്തുവന്ന കൽപ്രതിമയേയും ചന്ദനാദിസുഗന്ധദ്രവ്യങ്ങളേയും ശുദ്ധിചെയ്തെടുത്ത ചെമ്പുപാളത്തേയും ഇനി സ്തുതിക്കയില്ല. എന്തെന്നാൽ എൻെറ ഗുരുസ്വാമി ഉപദേശിച്ച തേജോമയമായ തിരുവടികൾ രണ്ടും അന്തഃകരണത്തിൽ പ്രതിഷ്ഠിക്കുന്നതാണു വേണ്ടതെന്ന് ഉണരുണ്ടായി അതുകളെ പ്രതിഷ്ഠിച്ചുകഴിഞ്ഞു. ഇനി എനിക്ക് ഒന്നിനും അഭിലാഷമില്ല.

ലോകവ്യവഹാരങ്ങളിൽ ഏപ്പെട്ടിരുന്ന കാലത്തു് ഞാൻ സഗുണോപാസനത്തെ അംഗീകരിച്ചിരുന്നു. ഇപ്പോൾ സദ്ഗുരൂപദേശത്താൽ ജ്ഞാനം ഉദിക്കകൊണ്ടു് ഇനി ആവശ്യമില്ലെന്നൎത്ഥം.

കല്ലാലെറിയുണ്ടുംകാലാലുതൈയുണ്ടുംകാളൈകൈയിൽ
വില്ലാലടിയുണ്ടുമന്നാൾവിടമുണ്ടുമേലളിത്തു
പ്പുല്ലാൽപുരമേറിയേകമ്പവാണർപതാംപുയത്തിൻ (യേ.
ചൊല്ലാർചെവിയനിൽകേളാതിരുന്തേൻെറാൽവിനൈ—

അ—ഒരുവൻ കല്ലുകൊണ്ടെറിഞ്ഞതിനേയും, ഒരുവൻ കാലുകൊണ്ടു ചവുട്ടിയതിനേയും മററൊരുത്തൻ വില്ലുകൊണ്ടടിച്ചതിനേയും ഭൂഷണമായിക്കരുതി, പണ്ടു പാൽക്കടലിലുണ്ടായ ഉഗ്രവിഷത്തെ കുടിച്ചു് ത്രിപുരസംഹാരവും ചെയ്തരുളിയ ഏകാംബരനായ ഈശ്വരൻെറ തിരുവടിത്താമരകളിൽ നമസ്കരിക്കുമ്പോൾ സ്തുതിക്കുന്ന സ്തുതിവാക്യങ്ങൾ കാതുകളിൽ പെടാതിരിക്കുന്നതിനു കാരണം പൂർവപാപപരിപാകം തന്നെയാണു്.

ഒരുനാങ്കുചാതിക്കുമൂവകൈത്തേവൎക്കുമുമ്പരുക്കു
ന്തിരുനാളുന്തീത്തമുറവേറുളതോവത്തിശൈമുകനാൽ
വരുനാളിൽവന്തിട്ടുമന്തക്കണ്ണാളൻവകപ്പൊഴിയ
കുരുനാതനാണൈകണ്ടീർപിന്നൈയേതാക്കുവലയത്തേ.

അ—ബ്രാഹ്മണാദി ചതുർവൎണ്ണികൾക്കും ത്രിമൂൎത്തികൾക്കും ദേവന്മാൎക്കും തിരുനാളുത്സവവും തീൎത്ഥമാടലും ഭേദമുണ്ടോ, ഇല്ലതന്നെ. എന്തെന്നാൽ ബ്രഹ്മാവു സൃഷ്ടിച്ചപ്പോൾ യാതൊന്നുവിധിച്ചോ അതൊക്കെയാണനുഭവം. ആ വിധിയുടെ ശക്തി കഴിഞ്ഞാൽപിന്നെ നമ്മുടെ ഗുരുനാഥൻെറ അനുഗ്രഹശാപങ്ങൾക്കു വിഷയീഭവിക്കുന്നതൊക്കെയനുഭവിക്കും. ഇതു രണ്ടുംകൂടാതെ ഈ ലോകത്തിൽ മററെന്തിരിക്കുന്നു? ഒന്നുമില്ലെന്നൎത്ഥം.

പാരോനീരോതീയോവളിയോപടർവാനോ
ആരോനാനെൻറായുവകിൻേറനറിവില്ലേൻ
പാരോനീരോതിയോവളിയോപടർവാനോ
ആരോനാനെൻറായുവകിൻറവത്തനീയേ.

അ—മൂഢനായ ഞാൻ ഭൂമിയോ ജലമോ അഗ്നിയോ വായുവോ ആകാശമോ എന്നന്വേഷണം ചെയ്യുന്നു. അങ്ങനെ പഞ്ച ഭൂതങ്ങളിൽ ഏതാണു ഞാൻ എന്നന്വേഷിക്കപ്പെടുന്നു അതു നീ തന്നെ. അങ്ങനെ സർവവ്യാപിയായിരിക്കുന്ന നിന്തിരുവടി അങ്ങേ അംശഭൂതനായിരിക്കുന്ന എന്നെ രക്ഷിക്കണമെന്നഭിപ്രായം.

നാപ്പിളക്കപ്പൊയ്യുരെത്തുനന്നിതിയന്തേടി
നലമെൻവമറിയാതനാരിയരെക്കൂടി
പൂപ്പിളകുന്നവരുമേഴൈപുററീശൽപോല
പ്പുലുപുലനക്കലെകലനപ്പുതൽവർകളെപ്പെറവീർ
കാപ്പതക്കുംവകയറിയീർകൈവിടവുമാട്ടീർ
കവട്ടത്തോൽമരത്തുളയിൽകാനൈത്തുകൊണ്ടീർ
ആപ്പതനൈയശൈത്തുവിട്ടകുരങ്കതനൈപ്പോല
വകപ്പട്ടീർകിടന്തുഴലവകപ്പെട്ടീരേ.

അ—പലവിധത്തിലുള്ള കള്ളങ്ങൾ പറഞ്ഞു ദ്രവ്യസമ്പാദനംചെയ്തു സ്ത്രീകളോടു ചേൎന്നു പുററിൽനിന്നിയാംപാററകൾ പുറപ്പെടുംപോലെ തെരുതെരെ കുട്ടികളെ ജനിപ്പിക്കുന്നുവെന്നല്ലാതെ അവറ്റെ രക്ഷിക്കുന്നതിനു വകകാണുന്നില്ല. എന്നാൽ അവറ്റെ ഉപേക്ഷിക്കുമോ അതുമില്ല. നിങ്ങൾ കാലിൽ തടിവിലങ്ങിട്ടതുപോലെ അകപ്പെട്ടിരിക്കുന്നു എന്നല്ല ആപ്പുപിടുങ്ങിയ കുരങ്ങനെപ്പോലെ അകപ്പെട്ടു ഒരു രക്ഷാമാൎഗ്ഗവുമില്ലാത വണ്ണം വേദനപ്പെട്ടു മരിക്കുമാറുതന്നെ അകപ്പെട്ടു.

ഇനിയെങ്കിലും സദ്ബുദ്ധി തോന്നി ഈശ്വരഭജനം ചെയ്യിൻ എന്നഭിപ്രായം.

മത്തളൈതയിരുണ്ടാനമലർമിശൈയവനുംതേടി
പ്പിത്തളൈകൊണ്ടപോതും വെളിപ്പെടാപ്പിരാനേയിംകു—
ച്ചെയിത്തളൈക്കുറവന്തചേന്തനൈവേന്തനിട്ട
കൈത്തളൈനീക്കിയെനുമൻകാട്ടുവെൺകാട്ടുളാനേ.

അ—മഹാവിഷ്ണുവും ബ്രഹ്മദേവനും അന്വേഷിച്ചു കാണാതെ വിഷമിച്ചുനിന്ന സമയത്തും വെളിപ്പെടാതിരുന്ന ഭഗവാനെ! തിരുവെൺകാട്ടിൽ

എഴുന്നരുളിയിരിക്കുംനാഥ! ചേന്തന് (പട്ടണത്തുപിള്ളയാരുടെ മന്ത്രിയും തോഴനുമായിരുന്ന മനുഷ്യനു) രാജാവിട്ട കൈവിലങ്ങു നീക്കി അവനെ എൻെറ മുമ്പിൽ കൊണ്ടുവന്നു കാണിക്കണം.

അമ്മയുടെ ദഹനക്രിയനടത്തിയപ്പോൾ പാടിയ ചരണങ്ങൾ (വെണ്പാ)

ഐ രണ്ടുതിങ്കളാവങ്കമൊലനൊന്തുപെററു
പ്പൈയലെൻറപോതേപരിന്തെടുത്തുച്ചെയ്യവിരു—
കൈപ്പുരത്തിലേന്തിക്കനകമുലൈതന്താളൈ
യെപ്പിറപ്പിൽകാണ്ബേനിനി..

അ—പത്തുമാസം തൻെറ ശരീരമെല്ലാം വേദനസഹിച്ചു ചുമന്നുകൊണ്ടുനടന്നു് പത്താംമാസത്തിൽ എന്നെ പ്രസവിച്ചു. അവിടെയിരുന്നവർ ആൺകുഞ്ഞാണെന്നു പറഞ്ഞു. ഉടനെ ആശയോടുകൂടിയെടുത്തു രണ്ടു കൈകളേയും മുതുകിൽ ചേർത്തു താങ്ങി കനകതുല്യമായ മുലപ്പാൽ തന്നു എന്നെ രക്ഷിച്ചു വളർത്തിയ അമ്മയെ ഞാനിനി ഏതുജന്മത്തു കാണുന്നോ? ആവോ?

മുന്തിത്തവങ്കിടന്തുമുന്തുറുനാൾചുമന്തേ
യന്തിപകലാച്ചിവനൈയാതരിത്തുതൊന്തി
ചരിയച്ചുമന്തുപെററതായാർതമക്കോ
യെരിയത്തഴൻമൂട്ടുവേൻ

അ—ആദ്യം ഗർഭമുണ്ടാകുന്നതിനായി തപസ്സുചെയ്തു് ആ തപസ്സിൻെറ ശക്തിയാൽ ഗർഭമുണ്ടായതിൽപിന്നെ മൂന്നൂറുദിവസം ചുമന്നുകൊണ്ടു നടന്നു വയറും താങ്ങിക്കൊണ്ടു് പരമശിവനെ ഭജിച്ചശേഷം പത്താംമാസത്തിൽ ഉഗ്രമായ പ്രസവവേദന സഹിച്ചു് എന്നെ പ്രസവിച്ച അമ്മയ്ക്കാണോ കത്തിയെരിയുമാറു ഞാനിപ്പോൾ തീ മൂട്ടുന്നതു്.

ഹാ! ഈ പ്രാരബ്ധത്തിൽ ഉൾപ്പെടാൻ എനിക്കു സംഗതിയായതെത്ര കഷ്ടം! എന്നു താല്പര്യം.

വട്ടിലിലുംതൊട്ടിലിലുമാർ മേലുന്തോൾമേലു
ങ്കട്ടിലിലും വൈത്തെന്നൈക്കാതലിത്തുമുട്ട—
ച്ചിറകിലിട്ടുകാപ്പാററി ച്ചീരാട്ടുംതായ്ക്കോ
വിറകിലിട്ടുതീമൂട്ടുവേൻ.

അ—ചെറിയ കിടക്കയിലും തൊട്ടിയിലും നെഞ്ഞിലും തോളംമേലും കട്ടിലിലും ഇട്ടു എന്നെ ഉറക്കി വാത്സല്യപൂർവം സൂക്ഷിച്ചു ലാളിച്ചു വളൎത്തിയ അമ്മയ്ക്കാണോ ഞാൻ വിറകുവച്ചു് തീമൂട്ടുന്നതു്.

എന്നെ ലാളിച്ചതിനുപകരം ഞാൻ ദഹിപ്പിക്കയാണല്ലോ എന്നഭിപ്രായം.

നൊന്തു ചുമന്തു പെററു നോവാമലേന്തിമുലൈ
തന്തുവളൎത്തെടുത്തു താഴാമേയന്തിപകരം
കൈയിലേവൈത്തെന്നെക്കാപ്പാററും തായ്ക്കനക്കോ
മെയ്യിലേതീമൂട്ടുവേൻ

അ—എന്നെ പത്തുമാസം ചുമന്നശേഷം വേദനസഹിച്ചു പ്രസവിച്ചു. പ്രസവിച്ചുവീണയുടനേ എന്നെ നോവാതെ സൂക്ഷിച്ചെടുത്തു മുലപ്പാൽ തന്നു വളൎത്തി രാവും പകലും നിർഭേദമായി കയ്യിൽതന്നെവച്ചു രക്ഷിച്ച അമ്മയുടെ ഉടലിലാണോ ഞാൻ തീമൂട്ടുന്നതു്.

കഷ്ടം! ഉപകാരത്തിനുപകരം അപകാരമാണല്ലോ ഞാൻ ചെയ്യുന്നതു്. അതു വ്യസനകരമായിരിക്കുന്നു എന്നു ഭാവം.

അരശിയോനാനിടുവേനാത്താടനക്ക
വരിശൈയിട്ടപ്പാൎത്തു മകിഴാമലുരുചിയുള്ള
തേനേ, അമൃതമേ, ചെൽപത്തിരവിയപ്പൂ
മാനേയെനവഴൈത്തവായ്ക്കു.

അ—രുചിയോടുകൂടിയ തേനേ, അമൃതേ, മഹാ ഐശ്വൎയ്യമുള്ള പുരുഷമണേ! എന്നൊക്കെ എന്നെ വിളിച്ചു ധന്യവാദങ്ങളും വർഷിച്ച എന്റെ അമ്മയുടെ വായ്ക്കു് സ്വാദേഷ്ടഭക്ഷണസാധനങ്ങളും കൊടുത്തു ഭക്ഷിക്കുന്നതുനോക്കിയിരുന്നു സന്തോഷമടയേണ്ടതിനുപകരം അരിവാരിയിട്ടു തീയിടുന്നതിനാണോ എനിക്കു സംഗതി?

അള്ളിയിട്ടവതരിശിയോതായ് തലമേൽ
കൊള്ളതന്നൈവെപ്പേനോ ക്രൂശാമന്മെള്ള
മുകമേന്മുകംവൈത്തു മുത്താടിയെൻറൻ
മകനേയെനവഴൈത്തവായ്ക്കു.

അ—തന്റെ മുഖത്തെ എന്റെ മുഖത്തോടു മൃദുവായി ചേൎത്തു ഉമ്മവച്ചു് “എന്റെമകനേ!” എന്നു വാത്സല്യപൂർവം വിളിച്ചവായിൽ അരിനുള്ളിയിടുന്നതിനാണൊ എനിക്കുസംഗതി? അങ്ങനെയുള്ള അമ്മയുടെ തലയിൽ നിശ്ശേഷം സംശയമില്ലാതെ ഞാൻ കൊള്ളിവയ്ക്കുയോ?

വിരുത്തം.

മുന്നോയിട്ടതീമുപ്പുരത്തിലേ
പിന്നെയിട്ടതീതെന്നിലങ്കയി-
ലന്നെയിട്ടതീഅടിവയററിലേ
യാനുമിട്ടതീമൂൾകമൂൾകവേ

അ—പരമശിവനാൽ പണ്ടു കൊളുത്തപ്പെട്ട തീ മുപ്പുരങ്ങളിലാണ്. അതിൽപിന്നെ ഹനുമാനാൽ കൊളുത്തപ്പെട്ട തീയ് ലങ്കയിലാണ്. എന്റെ അമ്മ എന്നിൽ കൊളുത്തിയ തീയ് അടിവയററിലാണ്. ഇപ്പറഞ്ഞ അഗ്നികൾ മൂന്നും കത്തിയതുപോലെ ശവത്തിന്മേൽ എന്നാൽ വയ്ക്കപ്പെട്ട തീയും എരിയുമാറാകട്ടെ.

വെൺപാ (ചരണങ്ങൾ)

വേകുതേതീയതനിൽവെന്തുപൊടിശാമ്പ-
ലാകുതേ പാപിയേ നൈയകോ മാക-
കുരുവി പറവാമൽകോതാട്ടിയെന്നെ
ക്കരുതിവളത്തെടുത്തകൈ.

അ—പക്ഷിദോഷംവരാതെ സൂക്ഷിക്കകൊണ്ട് ആകാശത്തിൽ കുരുവിമുതലായ പക്ഷികൾപോലും പറക്കാതെ അവയെ തുരത്തിയോട്ടിയെന്നെ ലാളിച്ചു സൂക്ഷിച്ചെടുത്തു താലോലിക്കുന്ന കൈകളാണല്ലോ ഇത്തീയിൽ വേകുന്നതു്. വെന്തു ചാമ്പലായിത്തീരുന്നല്ലോ, അയ്യോ! എന്റെ അമ്മയെ കൊള്ളിവച്ചു ദഹിപ്പിക്കുന്നതിന്നാണോ പാപിയായ ഞാൻ ജനിച്ചതു്?

വെന്താളോചോണകിരിവിത്തകാനിമ്പതത്തിൽ
വന്താളോവെന്നെമറന്താളോ,ചന്തതമു
മുന്നെയേനോക്കിയുകന്തുവരങ്കിടന്തെൻ
തന്നെയേയീൻറെടുത്തതായ്.

അ—തിരുവണ്ണാമലയിൽ എഴുന്നെള്ളിയിരിക്കുന്ന വിശുദ്ധസ്വരൂപ! ഏതുകാലത്തും നിന്റെ തിരുവടികളെ ആഗ്രഹിച്ചു തപസ്സുചെയ്തിരുന്നു. എന്നെപ്പെറെറടുത്ത അമ്മയായവൾ വെന്തു ഭസ്മമായോ അതോ നിന്റെ തിരുവടികളിൽ വന്നുചേന്നോ? മകനായ എന്നെ മറന്നോ? ഒന്നും അറിഞ്ഞുകൂടാ.

വീററിരുന്താളന്നൈ വീതിതന്നിലിരുന്താൾ
നേററിരുന്നാളിൻറു വെന്തുനീറാനാൾ
പാറെറളിക്കവെല്ലീരും വാരുങ്കളേതെൻറിരങ്കാമ
ലെല്ലാംശിവമായമേയാം.

അ—ഇന്നലെ ഞാൻ നോക്കിയപ്പോൾ എൻെറ അമ്മ ഒരിടത്തു കിടന്നിരുന്നു. അല്പസമയം കഴിഞ്ഞപ്പോൾ തെരുവിൽ നില്ക്കുകയായിരുന്നു. അങ്ങനെ ഇന്നലെക്കഴിഞ്ഞു. ഇന്നിതാ വെന്തു ചാമ്പലായിത്തീൎന്നിരിക്കുന്നു. ഹേ! ഗ്രാമവാസികളെ! ഇന്നലെ അമ്മ കിടക്കുകയും നില്ക്കുകയുമായിരുന്നു. ഇന്നിതാ വെന്തു ചാമ്പലായി എന്നൊക്കെ ഞാൻ പരിവേദനം ചെയ്യുന്നതുകേട്ട നിങ്ങൾ വ്യസനിക്കാതെ ഭസ്മസഞ്ചയനക്രിയയ്ക്കായി വരുവിൻ! എന്തെന്നാൽ ഇതെല്ലാം ദൈവവിധിതന്നെയാകുന്നു.

എല്ലാം ചെയ്യുന്നതു ഈശ്വരനാണെന്നുള്ളതിനു പ്രമാണമായി "ഒൻെറ നിനൈക്കിനതുവെഴിന്തിട്ടൊൻറാക" ഇത്യാദി ഔവയർ പാടിയിരിക്കുന്നു.

വിട്ടപോയതിനുശേഷം പാടിയതു്.

മെൻറുവിഴങ്കിവിടായ്കഴിക്കനീർതേട-
ലെൻറുവിടിയുമെനക്കെൻകോവേ
നൻറികരുതാർ പുരമൂൻറുംകട്ടഴലാൽചെററ
മരുതാവുൻസന്നിതിക്കേവന്തു.

അ—നന്മ കണികാണാൻപോലുമില്ലാത്ത ത്രിപുരന്മാരുടെ മുപ്പുരത്തേയും നെററിക്കണ്ണിലെരിച്ച "മരുതപിരാൻ" എന്ന തിരുനാമത്തോടുകൂടിയ ദേവ! നിന്തിരുവടിയുടെ ക്ഷേത്രത്തിലെത്തി ഏതെങ്കിലും ഒരു പദാൎത്ഥം വാങ്ങി ഭക്ഷിച്ചു ദാഹംതീക്കാൻ ജലം അന്വേഷിച്ചുനടക്കുന്ന വേല എനിക്ക് എന്നവസാനിക്കും?

ക്ഷുൽപിപാസാദികൾ തീൻ ജീവന്മുക്തനാകാൻ എനിക്കെന്നു സാധിക്കും? എന്നു താല്പൎയ്യം.

ചിററമ്പലമുഞ്ചിവന്തു മരുകിരുക്ക-
വെററമ്പലന്തേടിവിട്ടോമേ,നിത്തം
പിറന്തിടത്തൈത്തേടുതേ പേതൈമടനെഞ്ചം
കറന്തിടത്തൈത്തേ നാടുതേകൺ.

അ—ചിദാകാശരവും അതിൽ നടനഞ്ചെയ്യുന്ന പരമശിവനും സമീപത്തിരിക്കുമ്പോൾ, നമ്മൾ വെറും വെളിസ്ഥലത്തെ അന്വേഷിക്കുന്നു. മാത്ര

മല്ല, എൻെറ മൂഢമനസ്സ് ദിവസംതോറും ഞാൻ ജനിച്ച സ്ഥലത്തെ അന്വേഷിക്കുന്നു. കണ്ണുകളോ എനിക്കു പാൽകറന്ന സ്ഥലത്തെ ആഗ്രഹിക്കയും ചെയ്യുന്നു. ഇതെന്തൊരു മായമോ അറിഞ്ഞുകൂടാ.

തോടവിഴംപൂങ്കോതൈതെത്തോകൈയുന്നൈയിപ്പോതു
തേടിനവർപോയ്‌വിട്ടാർ തേരിയിരുന്നാടിനി
എന്നൈനന്നൈത്താലിട്ടപ്പിലുതൈപ്പേനാ—
നുന്നൈനിന്നൈത്താലുതൈ.

അ—വിടിന്ന പൂമാലയേദ്ധരിച്ചപെണ്ണേ! നീ എന്നെ കാമിക്കുന്നതായാൽ നിൻെറ ഇടുപ്പിന്മേൽ ചവിട്ടുന്നുണ്ട്. ഞാൻ നിന്നെക്കാമിക്കുന്നുവെങ്കിൽ നീയും ചവിട്ടിക്കൊള്ളുക. എന്തെന്നാൽ നിന്നെത്തേടിനടന്നവർ (ഇന്ദ്രിയഗ്രാമം) ഇപ്പോഠം പോയ്ക്കൂഴിഞ്ഞു (നിഗ്രഹിക്കപ്പെട്ടു). അതു നീ നല്ലപോലെ ഓൎത്തിരുന്നുകൊഠംക.

വാശൽപടികടന്തുവാരാതെപിച്ചൈക്കി—
ങ്കാശൈപ്പെട്ടുവതില്ലൈയണ്ണലേ—യാശൈതന്നൈ—
പ്പട്ടിരന്തകാലമെല്ലാംപോതും പരമേട്ടി
ച്ചുട്ടിറന്തഞാനത്തൈച്ചൊൽ,

അ—വലിപ്പമുടയനാഥ! വാതിൽപ്പടി കടന്നുകൊണ്ടുവന്നു തരാത്ത ഭിക്ഷയെ ഞാൻ അഭിലഷിക്കുന്നില്ല. അങ്ങനെ ആഗ്രഹിച്ചിരുന്നകാലമെല്ലാം പോയി. ഇനി പരമപുരുഷനായ നിന്തിരുവടിതന്നെ വാക്കിനു വിഷയമല്ലാത്ത ജ്ഞാനോപദേശത്തെ ചെയ്യിച്ചുതരണം.

കണ്ടങ്കരിയാതങ്കൺമൂൻറുടൈയതാ
മണ്ടലത്തെപ്പോലെവഴകിയതാം—തൊണ്ട
രുടലുരുകിത്തിത്തിക്കുമോങ്കുപുകഴൊററി
ക്കടലരുകേനിൽക്കുംകരിമ്പു്.

അ—ഐശ്വൎയ്യപരിപൂൎണ്ണമായ തിരുവോററിയൂരിൽ സമുദ്രക്കരയിൽ ഇരിക്കുന്ന ആ കരിമ്പു് കഴുത്തുകറുത്തതാണ്. മൂന്നുകണ്ണുകളുള്ളതുമാണ്. ആകാശത്തെപ്പോലെ മനോഹരവും, പരിശുദ്ധവുമാണ്. ഭക്തന്മാരുടെ ശരീരം ദഹിക്കുമാറു് (ജന്മം അറുമാറു്) ലഭിക്കപ്പെടുന്നതാണ്.

അങ്ങനെയുള്ള കരിമ്പു് എനിക്കിപ്പോഴാണുകിട്ടിയതെന്നഭിപ്രായം. നീലകണ്ഠനും ത്രിനേത്രനും ചിദാകാശസ്വരൂപനുമായ ശിവനെ ഒരു കരിമ്പായിട്ടു രൂപണംചെയ്തിരിക്കുന്നു എന്നു ധരിച്ചുകൊള്ളണം.

ഒട്ടവിഴന്തുചീപ്പായുമൊമ്പതുവായ്പ്പുണ്ണു
ക്കിട്ടമരുന്തെയാനറിന്തു കൊണ്ടേൻററ്റവരുന്തു
തേവാതിതേവൻ തിരുവൊററിയൂർത്തെരുവിൽ
പോവാരടിയിൽപൊടി

അ—പഴതുവീണ മലം വെളിപ്പെടുന്ന നവദ്വാരങ്ങളോടുകൂടിയ ദേഹം നീങ്ങുന്നതിനായി ഉപയോഗിക്കേണ്ട മരുന്ന് ഇപ്പോഠം എനിക്കു മനസ്സിലായി. അതെന്തെന്നാൽ വിഷാശനനായ ദേവാധിദേവൻ എഴുന്നള്ളിയിരിക്കുന്ന തിരുവോററിയൂരിലെ തെരുവിൽ സഞ്ചരിക്കുന്ന സുകൃതികളുടെ കാലടികളിൽനിന്നു പറക്കുന്ന പൊടിയാകുന്നു.

വാപിയെല്ലാംതീത്ഥമണലെല്ലാംവെണ്ണീറു
കാവനങ്കളെല്ലാംകണനാതർ, പൂവുലകി
ലീതുശിവലോകമെൻറൻേറമെയ്ത്തവത്തോ
രോതുംതിരുവൊററിയൂർ

അ—"ഭൂമിയിൽ ശിവലോകം ഇതുതന്നെ" എന്നു മഹാന്മാരാൽ നിരന്തരമായി പറയപ്പെട്ടിരിക്കുന്ന തിരുവോററിയൂരിലുള്ള ജലാശയങ്ങളെല്ലാം പുണ്യതീത്ഥങ്ങളും മണലെല്ലാം വിഭൂതിയും (ഭസ്മവും) വൃക്ഷങ്ങളെല്ലാം ശിവപാർഷദന്മാരുമാകുന്നു.

അപ്രകാരമുള്ള പുണ്യസ്ഥലത്തെ ഇപ്പോഠം ഞാൻ പ്രാപിച്ചിരിക്കുന്നു എന്നത്ഥം.

നച്ചരവംപൂണ്ടാനൈനൻറായ്ത്തൊഴവതുവ്വ
മിച്ചൈയിലേതാനങ്കിരുപ്പതുവും പിച്ചൈതനൈ
വാങ്കുവതുമുൺപതുവും, വന്തുതിരുവായിലിലേ
തൂങ്കുവതുംതാനേസുകം.

അ—വിഷപ്പാമ്പുകളെ ആഭരണമാക്കിയിരിക്കുന്ന ദൈവത്തെ വിധിപ്രകാരം പൂജിച്ചതും അദ്ദേഹത്തിൽ മനസ്സുലയിച്ചു വിഷയങ്ങളിൽനിന്നു നിവത്തിച്ചിരിക്കുന്നതും ഭിക്ഷയെടുത്തു വിശപ്പടക്കുന്നതും പിന്നീടുപോയി ആ കോവിൽവാതിൽ പടിയിൽ കിടന്നുറങ്ങുന്നതു തന്നെ പരമസുഖം.

ലോകരെ! ഈ സുഖത്തെ നിങ്ങളും ആഗ്രഹിക്കുവിൻ എന്നഭിപ്രായം.

ഇരുക്കുമിടന്തേടിയെൻ പശിക്കേയെന്ന
മുരുക്കമുടൻകൊണ്ടുവന്താലുൺപേൻ പെരുക്ക

വഴെത്താലും, പോകേനരനേയെൻേറക
മിളെത്താലുംപോകേനിനി

അ—ദൈവമേ! ഞാൻ ഇരിക്കുന്നിടം അന്വേഷിച്ചുവന്നു എൻെറ വിശപ്പിനു സന്തോഷപൂർവം വല്ലവരും ഭക്ഷണസാധനങ്ങൾ കൊണ്ടുവന്നാൽ ഭക്ഷിക്കും. അല്ലാതെ ഉണ്ണുന്നതിന് അവരിരിക്കുന്നസ്ഥലത്തേക്കു ചെല്ലണമെന്ന് എന്തുമാത്രം ഉപചാരത്തോടുകൂടി വിളിച്ചാലും ഞാൻ പോകയില്ല. അതുമൂലം ശാപ്പാടുകിട്ടാതെ എൻെറ ദേഹം നശിച്ചുപോയാലും ഞാൻ പോകയില്ല.

സർവ്വം ഈശ്വരാപ്പ്ണമാക്കിയിരിക്കുന്ന അവധൂതാവസ്ഥയാണിതു്.

വിട്ടവിട്ടപ്പോകുതുയിർവിടവുടനേയുടലൈ
ച്ചുട്ടവിടപ്പോകിൻറാർ,ചുററത്താർ,പട്ടതുപ-
ട്ടെന്നേരവുഞ്ചിവനൈയേററുങ്കൾപോററുങ്കൾ
ചൊന്നേനതുവേചുകം.

അ—ഈ ശരീരത്തെ ജീവാത്മാവു് ഉപേക്ഷിക്കാൻപോകുന്നു. അങ്ങനെ ഉപേക്ഷിച്ചാൽ ഉടനെ ആ ശരീരത്തെ ബന്ധുജനങ്ങൾകൂടി ചുട്ടു ചാമ്പലാക്കാൻ തുടങ്ങുന്നു. ഇങ്ങിനെ ഒരു പ്രയോജനവുമില്ലാതെ ജനിച്ചുമരിച്ചതുകൊണ്ടെന്തുഫലം? അതിനാൽ, ലോകരേ, നിങ്ങൾ എത്ര കഷ്ടപ്പാടുകൾ സഹിക്കേണ്ടിവന്നാലും, പരമശിവനെ അദ്ദേഹത്തിൻെറ മാഹാത്മ്യങ്ങളെ വർണ്ണിച്ചു സ്തുതിചെയ്യുവിൻ! അങ്ങനെ ചെയ്യുന്നതുതന്നെ പരമാനന്ദഫലത്തെത്തരുന്നതു് എന്നു് ഞാൻ പറഞ്ഞിരിക്കുന്നു.

ആവിയൊടുകായമഴിന്താലുംമേദിനിയിൽ
പാവിയെൻറനാമംപുടൈയാരേ—മേവിയചീർ
വിത്താരമുംകടമ്പും വേണ്ടാമടനെഞ്ചേ
ചെത്താരെപ്പോലെതിരി

അ—ഭ്രാന്തമനസ്സേ! ലോകത്തിൽ ജീവനും ശരീരവും തമ്മിൽ വേർപെട്ടാലും പാപിയെന്ന പേർമാത്രം സമ്പാദിക്കരുതു്. എന്നുതന്നെയല്ല, വലിയ പദവിയോടുകൂടിയ പേരും പെരുപ്പവും ഒന്നും ആവശ്യമില്ലതാനും. പിന്നെയെങ്ങനെയാണിരിക്കേണ്ടതെന്നുവച്ചാൽ ചത്തശവം എന്നപോലെ ചുററിനടന്നുകൊൾക. രാഗദ്വേഷാദികളും കമ്മങ്ങളും ഒന്നും കൂടാതെ താമരയിലയിലെ വെള്ളംപോലെ, ലോകവ്യവഹാരങ്ങളാൽ താൻ സംബന്ധിക്കാതെ അതിൽ ഇടപ്പെട്ടു നടന്നുകൊള്ളണമെന്നഭിപ്രായം.

ആത്തുരരിങ്കിരിവർപ്പുത്തിരുനാളെൻ
ൻറുത്തുർകടോറമുഴലുവിർ—നേരേ

യുളക്കുറിപ്പെന്നാടാവൂമർകാണീവിർ
വിളക്കിരിക്കത്തീതേട്ടവിർ.

അ—പരമാത്ഥത്തിൽ മനസ്സിലുള്ള ഉന്നത്തെക്കണ്ടുപിടിക്കാത്ത ഉടമകളെ തിരുവാത്രരിൽ എഴുന്നെള്ളിയിരിക്കുന്ന പരമശിവൻ, ഇവിടെയും ഉണ്ടായിരുന്നിട്ടും, ഇവിടെ അവനുണ്ടെന്നുള്ളതറിയാതെ ഉത്സവം പൂജ മുതലായതു നടക്കുന്നതു തിരുവാത്രരാണല്ലോ എന്നുവച്ച്, അവിടെയും, അതുപോലെ ശിവൻകോവിലുകളുള്ള മററു സ്ഥലങ്ങളിലും, നിത്യം ചുററിത്തിരിയുന്നു, വിളക്കുംകൊളുത്തിവച്ചുകൊണ്ടു തീയ്യുനടക്കുന്നവരെപ്പോലെയാണു നിങ്ങളെന്നല്ലാതെ ഞാനെന്താണു പറയേണ്ടതു്?

എത്തനൈയൂരെത്തനൈവീടെത്തനൈതായ-
പെററവർകൾ
എത്തനൈപേരിട്ടഴൈക്കവേനെൻേറ—നിത്ത
മെനക്കുക്കളൈയാററാതേകമ്പാകമ്പാ
വുനക്കുത്തിരുവിളൈയാട്ടോ?

അ—ഞാൻ പൂർവകാലങ്ങളിൽ എത്ര ഊരിൽ ജന്മമെടുത്തോ? എത്ര വീട്ടിൽ അധിവസിച്ചോ? എത്ര അമ്മമാർ എന്നെ പ്രസവിച്ചോ? ആ അമ്മമാരെല്ലാം എന്നെ എത്രഎത്രപേർ ചൊല്ലിവിളിച്ചോ? ആ വിളിക്കൊക്കെ ഞാൻ എന്തു്, എന്തു്, എന്നു് എത്രവിളികേട്ടോ? ഇതിനൊന്നും കണക്കില്ല. അത്ര അസംഖ്യമാണെന്നഭിപ്രായം. അതിനാൽ കാഞ്ചീപുരത്തിൽ എഴുന്നെള്ളിയിരിക്കുന്ന ഏകാംബരധരനായ ഈശ്വര! ആ ജനങ്ങളാൽ എനിക്കുണ്ടായ ക്ഷീണത്തെ മാററാതെയിരിക്കയാണോ? ഇതു നിന്തിരുവടിക്കു ഒരു ലീലയോ? എനിക്കു ഒന്നും അറിയാവതല്ല.

ജന്മങ്ങളുടെ ക്ഷീണം മാററണമെന്നു പറഞ്ഞതു് ജന്മമറുക്കണമെന്ന അത്ഥത്തിലാകുന്നു.

മണ്ണുംതണലാറവാനുംപുകയാറ
വെണ്ണരിയതായുമിളൈപ്പാറപ്പണ്ണമയൻ
കൈയാറവുമടിയേൻകാലാറവുംകൺപാ
റയ്യാതിരുവൈയിറാ-

അ—സ്വാമി, തിരുവൈയാറെന്ന ക്ഷേത്രത്തിൽ അടിയരുളിയിരിക്കുന്ന ദേവ, പൃഥിവിയായ ഭൂതത്തിന് ചൂടു അടങ്ങുമാറും ആകാശമാകുന്ന ഭൂതത്തിനു പുകയടങ്ങുമാറും ജന്മങ്ങൾതോറും എന്നെ പ്രസവിച്ച അമ്മമാക്ക് ക്ഷീണം മാറുമാറു് സൃഷ്ടിചെയ്യുന്ന ബ്രഹ്മാവിൻെറ കൈ ആറത്ത

ക്കവെണ്ണവും ദാസനായ അടിയൻെറ കാലുകൾ ആറാത്തക്കവണ്ണവും കടാക്ഷിക്കമാറാകണം. ജന്മം അറുക്കണം എന്നഭിപ്രായം.

പിൻമുടകുവെൺപാ.

ഇപ്പിറപ്പൈപ്പെനമ്പിയിരിപ്പുയ്യോനെഞ്ചമേ
വെപ്പിരുക്കവായിർമനൈയിരുക്കച്ചൊപ്പനംപോൽ
വിക്കിപ്പക്കിട്ടുക്കൺമെത്തപ്പഞ്ചിട്ടപ്പൈ
കക്കിച്ചെത്തുക്കൊട്ടുകണ്ടു

അ—ഹേ! മൂഢമനസ്സേ! ധാരാളം ധനവും, വാതിലോടുക്കൂടിയ വീടും മററു ഭാര്യാപുത്രാദികളുമെല്ലാം ഒരുത്തന് ഉണ്ടായിരുന്നാലും, അവൻ ഉറക്കത്തിൽ കണ്ട കിനാവുപോലെ ശ്വാസംതടഞ്ഞ് പല്ലുകോർത്ത് കണ്ണുകൾ ഉറിച്ചുന്തിയടഞ്ഞ് വായിൽക്കൂടി നരയും പതയും പുറപ്പെട്ടു മരിക്കുന്നതും അപ്പോൾ പലവിധ വാദ്യഘോഷത്തോടുക്കൂടെ ആ ശവത്തെ ചുടുകാട്ടിലേക്കു കൊണ്ടുപോകുന്നതും കണ്ടിട്ടും ഈ മനുഷ്യജന്മത്തെ ശാശ്വതമായി കരുതിയിരിക്കയാണോ? ഞാനിക്കാ അങ്ങനെ കരുതുകയില്ലതന്നെ.

മനമേ! നീ ഈ ലോകവാഴ്ചയെ ഒരു നിമിഷനേരത്തേക്കും വിശ്വസിക്കരുതെന്നഭിപ്രായം.

മേലുമിരുക്കവിരുമ്പിനൈയേവെൾവിടൈയോൻ
ശീലമറിന്തില്ലൈയേഹിനൈയേ—കാൽകൈക്കു
ക്കൊട്ടൈയിട്ടുമെത്തൈയിട്ടുക്കുത്തിമൊത്തപ്പട്ടവുടൽ
കട്ടൈയിട്ടുചുട്ടുവിടക്കണ്ടു

അ—കാൽ കൈകൾക്കുപോലും പ്രത്യേകം മെത്തയുണ്ടാക്കി അതിന്മേൽ അവയെ വയ്ക്കയും സുഖത്തിനായി കാലംതോറും പിഴിച്ചിൽ കഴിക്കയും ചെയ്യപ്പെട്ട ഈ ശരീരത്തെ ജീവൻപോയ ഉടനെ ബന്ധുജനങ്ങൾ ചിതയുണ്ടാക്കി തീവച്ചു ചുടുന്നതു കണ്ടറിഞ്ഞിരുന്നിട്ടും ഇനിയും ലോകവാഴ്ചയെ ആഗ്രഹിക്കയല്ലാതെ വെള്ളെരുതിനേ വാഹനമാക്കിയിരിക്കുന്ന പരമശിവൻെറ കാരുണ്യത്തെ അറിഞ്ഞ് അവനെ ചേരുന്നില്ല.

ഇനിയെങ്കിലും ഈ ലോകവാഴ്ചയെ വിട്ടു് പരമശിവൻെറ കാരുണ്യത്തിനു പാത്രീഭവിച്ചാലും എന്നത്ഥം.

ഒമ്പതുവായ്ത്തോർപൈക്കൊരുനാളെപ്പോലവേ
യൻപുവൈത്തുനെഞ്ചേയലൈന്തായേ—വൻകഴുക്കാൾ
തത്തിത്തത്തിച്ചുട്ടൈത്തട്ടിക്കട്ടിപ്പട്ടു
ക്കത്തിക്കുത്തിത്തിന്നെക്കണ്ടു

അ—മനമേ! ഒൻപതു തുളയുള്ള തോൽപ്പൈ (സഞ്ചി) യായ ഈ ശരീരത്തെ വലിയ കഴുകുപക്ഷികൾ തമ്മിൽ ശണ്ഠയിട്ടു കൊത്തിക്കൊത്തി പ്പിച്ചിത്തിന്നുന്നതു കണ്ടിട്ടും അതിൽ വാത്സല്യത്തോടെ അതിനെ രക്ഷിക്കാനായി ഒരു നായേപ്പോലെ അലഞ്ഞുതിരിഞ്ഞുവല്ലോ. ഇതിനാണോ ഈ ലോകത്തിൽ ജനിച്ചതു്?

കഴുകുപക്ഷിയെ പറകകൊണ്ടു് നായ് നരി മുതലായവയും ശരീരത്തെ ഭക്ഷിക്കുന്നവയെന്നു സംഗ്രഹിച്ചിരിക്കുന്നു.

ഇന്നാമ്പിറക്കവിശൈവെയോനെഞ്ചമേ
മന്നരിവരെൻറിരുന്തുവാഴ്ന്തവരൈ മുന്ന
മെരിന്തകട്ടൈമീതുലിനൈക്കോവണത്തൈ
യുന്തുരുട്ടിപ്പോട്ടതുകണ്ടു

അ—മനമേ! ഇദ്ദേഹം രാജാവുതന്നെ എന്നു കണ്ടോർ പറയത്തക്ക സമ്പൽപ്രൌഢിയോടുകൂടി വാണിരുന്ന മനുഷ്യനെപ്പോലും നീയ് മുൻകൂട്ടിത്തന്നെ കത്തിയെരിഞ്ഞുകൊണ്ടിരിക്കുന്ന ചിതയുടെ മുകളിൽ ഉടുത്തിരുന്ന കോണകത്തെപ്പോലും അഴിച്ചെടുത്തുകൊണ്ടു ഉരുട്ടിക്കേററി ചുട്ടു ചാമ്പലാകുന്നതു കണ്ടിട്ടും ഇനിയും ഈ ലോകത്തിൽ ജന്മമെടുക്കുന്നതു നീ സമ്മതിക്കയോ?

മനമേ! രാജാക്കന്മാർപോലും ഒടുവിൽ മരിച്ചുപോകുന്നതും അവരെ ചുട്ടു ചാമ്പലാക്കുന്നതും നാം കാണുന്നുണ്ടല്ലോ. അതിനാൽ മനുഷ്യത്വം നിത്യമല്ലെന്നു മനസ്സിലാക്കി ശിവധ്യാനംചെയ്തു ജന്മമവസാനിപ്പിക്കുന്നതിനു ശ്രമിച്ചാലും എന്നർത്ഥം.

മുതൽച്ചങ്കമതൂട്ടുമൊയ്കുഴലാർതമ്മൈ
നടുച്ചങ്കനൽവിലങ്കുപൂട്ടുംകടൈച്ചങ്ക
മാമ്പോതതൂതുമമ്മട്ടോഇമ്മട്ടോ
നാംപൂമിവാഴ്ന്തനലം

അ—നാം ഭൂമിയിൽ ജനിച്ചുവീണയുടനേ ആദ്യം ഒരു ശംഖ് പാൽ കുടിപ്പിക്കുന്നു (ആദ്യമായി മുലപ്പാലൂട്ടുമ്പോൾ ശംഖ വിളിക്കുക പതിവുണ്ടു്) നടുവിൽ ഒരു ശംഖ് ഭാര്യഎന്ന വിലങ്ങുകാലിൽ പൂട്ടുന്നു (വിവാഹത്തിങ്കൽ ശംഖ് വിളി ചില ജാതിക്കാരുടെയിടയിൽ നടപ്പുണ്ടു്) ഒടുവിൽ ഒരു ശംഖു ശവദാഹം ആരംഭിപ്പിക്കുന്നു. (മരിക്കുമ്പോൾ അഥവാ ശവം ചുടുവാൻ തുടങ്ങുമ്പോൾ ശംഖ് വിളിക്കുക ചില ജാതിക്കാരുടെയിടയിൽ നടപ്പുണ്ടു്) അതിനാൽ നാം ഭൂമിയിൽ പാറുവാണ ലക്ഷണം അത്രത്തോളമോ ഇത്രത്തോളമോ എന്നു പറയാവതല്ല.

പൊയ്യെയൊഴിനായ് പുലാലൈവിടായ് കാളത്തി
യൈയരേയെന്നായറഞ്ചെയ്യായ് — വെയ്യ
ചിനമേ, യൊഴിയായിതിരുവെഴുത്തെന്നോതായ്
മനമേ, യുനക്കെന്നമാൺപു

അ—മനമേ, നീ കള്ളം പറയുന്നതു ഒഴിച്ചുവയ്ക്കയില്ല. പ്രാണിഹിംസയാൽ ജീവസന്ധാരണം ചെയ്യുന്നതിനെ കൈവിടുകില്ല. ശ്രീകാളഹസ്തീശ്വരനെ വായ്കൊണ്ടു പുകഴ്ത്തുകയില്ല. ധർമ്മം ചെയ്കയില്ല. കൊടിയ കോപത്തെ ഒഴിക്കകയില്ല. പഞ്ചാക്ഷരധ്യാനം ചെയ്കയില്ല. ആ സ്ഥിതിക്കു ശിവസംബന്ധമായ മേന്മ നിനക്കെന്തിരിക്കുന്നു? ഒന്നുമില്ല.

ഒരുവായ്ക്കിരുവിരന്മേലേരുണ്ടിരിക്കും
കരുവായ്ക്കോകൺകലക്കപ്പെട്ടായ് തിരുവാരൂർ
ത്തേരോട്ടംവീതിയിലേചെത്തുകിടക്കിൻറായ്
നീരോട്ടംതാരൈകൊന്നി

അ—മലം ഉതിരുന്ന ദ്വാരത്തിനു രണ്ടുവിരൽക്കിടമേലുള്ള ഗർഭദ്വാരത്തെക്കുറിച്ചു ദുഃഖിതനായി നീ ആ ദ്വാരത്തിനായ്ക്കൊണ്ടാണോ തിരുവാരൂർ എന്ന ദിവ്യക്ഷേത്രത്തിലെ തേരെപ്പൊഴും ഓടിക്കൊണ്ടിരിക്കുന്ന തെരുവിൻസമീപത്തിൽവീണു മരിച്ചുകിടക്കുന്നതു്?

ഹാ! ആ നികൃഷ്ടക്കുഴിക്കുവേണ്ടി നീ ജന്മത്തെപ്പാഴിൽ കളഞ്ഞുവല്ലോ എന്നു ഭാവം.

മാതാവുടൽചലിത്താൾവൽവിനൈയേൻകാൽചലി–
വ്വേതാവങ്കൈചലിത്തുവിട്ടാനേനാതാ! (ത്തേൻ
വിരുപ്പൈയൂർവാഴ്ശിവനേയിന്നമോറനൈ
കരുപ്പൈയൂർവാരാമൽകാർ

അ—എൻെറനാഥ! ഇരുപ്പൈയൂരിൽ സന്നിധാനം ചെയ്തെഴുന്നെള്ളിയിരിക്കുന്ന ഭഗവാനെ! എന്നെ ജന്മംതോറും പ്രസവിക്കകൊണ്ടു് അമ്മമാർ ശരീരതളൎച്ചയെ പ്രാപിച്ചു. പാപിയായ ഞാൻ ജനിച്ചുജനിച്ചു് എൻെറ കാലുകളും തളൎന്നു (എന്നെ സൃഷ്ടിച്ചു സൃഷ്ടിച്ചു്) ബ്രഹ്മാവിൻെറ കൈകളും തളൎന്നു് അതിനാൽ ഇനിയെങ്കിലും ഒരമ്മയുടെ വയററിൽ പിറക്കാതെ നിന്തിരുവടി കാത്തരുളണം.

അത്തിമുതലെറുമ്പീറാനവുയിരത്തനൈക്കു
ഞ്ചിത്തമകിഴ്ന്തളിക്കുന്തേശികാ — മെത്ത

പ്പശിക്കതെയാപാവിയെൻപാഴ്വയറെപ്പററി
യിശിക്കതെയാകാരോണരേ

അ—ആന മുതൽ എറുമ്പുവരെയുള്ള സകല ജീവപ്രാണികളെയും സദയം കാത്തുരക്ഷിക്കുന്ന ലോകേശ! "തൃക്കാരോഹണം" എന്ന ക്ഷേത്രത്തിൽ എഴുന്നെള്ളിയിരിക്കുന്ന ഭഗവാനേ, എനിക്കു വിശപ്പ് അധികമായിരിക്കുന്നു. ആ വിശപ്പ് (ജഠരാഗ്നി) എൻെറ വയററിൽ കത്തിപ്പടൎന്നു പിടിച്ച്, ആനാഹ എന്ന രോഗത്തെ ഉണ്ടാക്കുന്നു. ഇതിനു ഞാനെന്താണു ചെയ്യേണ്ടതു്?

എത്തനൈനെനാംക്രുടിയെടുത്തശരീരമിവൈ
യത്തനൈയുമണ്ടിൻപതല്ലവോ —വിത്തകനാർ
കാലൈപ്പിടിത്തുമെള്ളക്കങ്കുൽപകലററിടത്തെ
മേലൈക്കുടിയിരിപ്പോമേ.

അ—പ്രാരബ്ധാധീനങ്ങളായ ഈ ശരീരങ്ങളെല്ലാം ഒടുവിൽ മണ്ണായി ദ്രവിച്ചുപോകുന്നവയല്ലയോ? അതേ! അതിനാൽ, നാം അങ്ങനെ വൃഥാ നശിച്ചുപോകാതെ, രേചക, പൂരക, കുംഭക ക്രിയകളാൽ പ്രാണായാമംചെയ്തു് അവയെ (പ്രാണങ്ങളെ) വശപ്പെടുത്തി ഷഡാധാരങ്ങളെക്കടത്തി രാപ്പകലററ മൌനവീട്ടിൽ സദാ കുടിയിരിക്കേണ്ടതാണ്.

എച്ചിലെൻറുചൊല്ലിഇതമകിതംപേശാതേ
യെച്ചിലിരിക്കുമിടമറിയീരെച്ചിറനൈ
യുയ്ത്തിരുന്തുപാൎത്താലൊരുമൈവെളിപ്പെട്ടുംപിൻ
ചിത്തനിരാമയമാമേ.

അ—"എച്ചിൽ, എച്ചിൽ" എന്നുപറഞ്ഞു നന്മതിന്മകളെക്കുറിച്ചുള്ള പ്രസംഗം നിറുത്തും—എന്തെന്നാൽ എച്ചിൽ ആയ ഒരു പദാൎത്ഥം ഇരിക്കുന്ന വെട്ടവെളിയെ (ശൂന്യസ്സിനെ) നിങ്ങൾ അറികയില്ല. അതറിയണമെങ്കിൽ അതിരിക്കുന്ന ഇടത്തെ ഉൾക്കണ്ണുകൊണ്ടു കാണാതെ കണ്ടറിഞ്ഞു മനസ്സിലാക്കിയാൽ അതിൻെറ പരമാൎത്ഥനില അറിയാറാകും. അതറിഞ്ഞാൽ ഉടനേ മനസ്സും ആ ചിദാകാശസ്വരൂപമായിത്തീരുകയും ചെയ്യും.

ലോകത്തിൽ എച്ചിൽ എന്നു പറയപ്പെടുന്ന വസ്തുക്കളൊന്നും എച്ചിലല്ല. പരമാത്മാവുതന്നെ എച്ചിലാണ്. അതിനാൽ, ആ പൊരുൾ നിനക്കു സ്വാധീനപ്പെടുന്നതിനു പ്രയത്നിച്ചാലും എന്നു താല്പൎയ്യം.

കാലൻവരുമുന്നേ, കൺപഞ്ചടൈമുന്നേ
പാലുൺകടവായ്പടമുന്നേ മേൽവിഴുന്തേ

യുററാരഴമ്മുന്നേ,യൂരാർചുട്ടമുന്നേ
കുററാലത്താനൈനെയേക്രുവ.

അ—മനമേ! കാലൻവന്നു ജീവനെ ഹരിച്ചുകൊണ്ടു പോകുന്നതിനു മുമ്പു് കണ്ണുകൾ മങ്ങിയടയുന്നതിനുമുമ്പു പാൽകുടിക്കുന്നതിനുള്ള വായ് തുറക്കാതെ ആയിത്തീരുന്നതിനുമുമ്പു് (ചത്ത) ദേഹത്തിന്മേൽ ബന്ധുജനങ്ങൾ ആകെക്കൂടി വീണു് അലയും മുറയും തുടങ്ങുന്നതിനുമുമ്പു്, കരക്കാരെല്ലാം കൂടി ആ ശരീരത്തെ ചുട്ടു ചാമ്പലാക്കുന്നതിനുമുമ്പു്—നീ തൃക്കുററാലം എന്ന ദിവ്യക്ഷേത്രത്തിൽ സന്നിധാനം ചെയ്തരുളുന്ന പരമശിവനെ സ്തുതി ചെയ്താലും!

മനസ്സേ! മരിച്ചുപോയാൽപിന്നെ, മനുഷ്യജന്മംതന്നെ കിട്ടുമെന്നു നിശ്ചയമില്ല. അതുകൊണ്ടു് ഇപ്പോൾ കിട്ടിയ മനുഷ്യജന്മത്തെ വിഫലമാക്കാതെ മരിക്കുന്നതിനു മുൻപുതന്നെ ശിവഭജനം ചെയ്താലും എന്നുഭാവം.

എത്തനൈപേർനട്ടകുഴി, എത്തനൈപേർതൊട്ടമുലൈ
യെത്തനൈപേർപററിയിഴുത്തവിതഴ്—നിത്തനിത്താ
പൊയ്യടാപേശ്ശും പുവിയിൻമടമാതരൈവി-
ട്ടുയ്യടാ—വുയ്യടാവുയി.

അ—ദിവസംപ്രതി എത്രയോപേരാൽ നടപ്പെട്ട കുഴിയേയും എത്രയോപേരാൽ തൊടപ്പെട്ട മുലയേയും എത്രയൊപേരാൽ പിടിച്ചിഴയ്ക്കപ്പെട്ട (ഇതളെയും) ചുണ്ടിനേയും ധരിച്ചിരിക്കുന്ന കള്ളംപറയുന്നതിൽ വിരുതോടുകൂടിയ സ്ത്രീകളെ മോഹിച്ചു അവരുടെ പുറകേ നടക്കുന്ന മൂഢത്തരത്തെ കൈവിട്ടു രക്ഷതേടുവിൻ.

ഇരുപ്പതുപൊയ്, പോവതുമെയ്യെൻറണ്ണിനെഞ്ചേ
യൊരുത്തരുക്കുംതീങ്കിനൈയുന്നാതേ—പരുത്തതൊന്തി
നമ്മതെൻറുനാമിരുക്ക, നായ്നരികൾപേയ്ക്കഴുകു
തമ്മതെൻറു താനിരിക്കുംതാൻ.

അ—മനമേ, വലുതായ നമ്മുടെ വയററിനെ അഥവാ വയറുകൊണ്ടു പോഷിപ്പിക്കപ്പെടുന്ന ഈ ശരീരത്തെ—നമ്മുടേതെന്നു നാം വിചാരിച്ചിരിക്കുമ്പോൾ, നായ്, നരി, പേയ്, കഴുകു മുതലായതെല്ലാം അതു് അവരുടേതാണെന്നു വിചാരിക്കയാകുന്നു. അതിനാൽ യമ്മുടെ ശരീരത്തിൻെറ ജീവിതാവസ്ഥ കള്ളമാണെന്നും മരണാവസ്ഥ സത്യമാണെന്നും നന്നായ് വിചാരിച്ചു മനസ്സിലാക്കി നീ ആക്കുംതന്നെ യാതൊരു ദോഷവും കരുതാതെയിരുന്നാലും.

ദേഹം അസ്ഥിരമാണെന്നു നിശ്ചയമാകകൊണ്ടു് അതിനെ വിശ്വസിച്ചു് ആക്കം ദോഷം ചെയ്യാനൊരുങ്ങരുതെന്നു ഭാവം.

ഏത്തൊഴിലൈചെയ്താലുമേതവത്തൈപ്പെട്ടാലും—
മുത്തർമനമിരുക്കമോനത്തേ—വിത്തകമായ്
കാതിവിളൈയാടിയിരുകൈവീശിവന്താലും-
ന്താതിമനനീർക്കുടത്തേതാൻ.

അ—ഭൃത്യസ്ത്രീ വെള്ളംനിറച്ച കുടംതലയിൽ വച്ചുകൊണ്ടു മറെറാന്നും മനസ്സിൽ വിചാരിക്കാതെ, അലക്ഷ്യഭാവത്തിൽ കൈവീശി നടക്കുകയാണെങ്കിലും മനസ്സുമാത്രം ആ കുടം മറിഞ്ഞുപോകുമോ എന്ന ശങ്കയോടുകൂടി അതിൽ വച്ചിരിക്കുന്നതുപോലെ ഏതുപ്രവൃത്തിചെയ്താലും ഏതുവിധത്തിലുള്ള അവസ്ഥയിൽ അകപ്പെട്ടാലും ജീവൻമുക്തന്മാരുടെ മനസ്സു പരമാത്മാവിൽതന്നെ പതിഞ്ഞിരിക്കും.

ജീവൻമുക്തന്മാർ ലോകവ്യവഹാരങ്ങളിൽ എടപ്പെട്ടിരുന്നാലും അതു സംബന്ധിച്ചുണ്ടാകുന്ന സുഖദുഃഖങ്ങൾ അവരെ ബാധിക്കയില്ലെന്നത്ഥം.

മാലൈപ്പൊഴുതിൻറുമഞ്ചളരത്തേകുളിത്തു
വേലൈമിനക്കിട്ടു വിഴിത്തിരുന്തുചൂലാകി
പെററാൾവളത്താൾപെയരിട്ടാൾപെററപിള്ളൈ
പിത്തനാലെൻചെയ്വാൾപിൻ.

അ—ഒരുത്തി സന്ധ്യക്കു മഞ്ഞളരച്ചു പൂശിക്കുളിച്ചു്, ഉറങ്ങാതെ ഭത്താവോടു ചേന്നിരുന്നു് ഗർഭംധരിച്ചു് ഒരു ശരീരപുഷ്ടിയുള്ള കുട്ടിയെ പെററു പേരുമിട്ടുവളത്തി അങ്ങനെ പ്രസവിച്ച കുട്ടി ഭ്രാന്തനായിപ്പോയാൽ പിൽക്കാലം ആ മാതാവു് എന്തുചെയ്യും?

കർമ്മത്തിനുമാത്രമേ മനുഷ്യനധികാരമുള്ളൂ. ഫലം ദൈവായത്തമാണെന്നു സാരം.

വിരുത്തം.

വാനേററുമറൈയേയോമറൈത്തേടുംപൊരുളേയോ
വൂനേററുമുയിരേയോ വുയിർത്തേടുമുണവേയോ
താനേററനാനേററച്ചകമെല്ലാംതനൈത്തേട
നാനേററിനാൽകാണാനാനാരോനാനാരോ?

അ—ലോകരെല്ലാം കാൺമാനന്വേഷിക്കുന്ന ഒരു പൊരുൾ (തത്വം) എന്നെ അന്വേഷിക്കവേ, ഞാൻ അതിനെ അന്വേഷിച്ചു കണ്ടുപിടിച്ചു.

കണ്ടുപിടിച്ചതിൽ പിന്നെ ഞാനെന്നുള്ള ഒരു തോന്നൽ എനിക്കില്ലാതെയാക്കിത്തീർത്തു. അങ്ങനെ ചെയ്ത ആ പൊരുൾ(തത്വവസ്തു) ദേവന്മാരാൽ അന്വേഷിക്കപ്പെടുന്ന വേദസാരമോ, വേദങ്ങളാൽ അന്വേഷിക്കപ്പെടുന്ന പരമാത്മാവോ, ശരീരത്താൽ അന്വേഷിക്കപ്പെടുന്ന ജീവാത്മാവോ, ജീവനാൽ അന്വേഷിക്കപ്പെടുന്ന ജ്ഞാനമോ അറിയാവതല്ല. ഇതെന്തൊരാശ്ചര്യം.

പട്ടണത്തുപ്പിള്ളയാർ പാടൽ മൂലവും
മലയാളവ്യാഖ്യാനവും സമാപ്തം.

ഉടൽക്കൂറുവണ്ണം

(ശരീരോൽപ്പത്തിയും ജീവിതദശകളും)

തനതനതാനതനതനതാനതന്തതനന്തനതാനതനന്ത
തനനതനനന്തതനനതനന്തതാനനതന്നനതാനനതന്ന
തന്തതനതാന തനതാനനാ—

1) ഒരുമടമാതുഒരുവനുമാകിയിൻപസുകംതരു
മൻപുപൊരുന്തിയുണർവുകലങ്കിയൊഴുകിയവിന്തു
വൂറുശ്രോണിതമീതുകലന്തു.

2) പനിയിലോർപാതിചിറുതുളിമാതുപണ്ടിയിൽവന്തു
പകുന്തുതിരണ്ടുപത്തുമവരുംപുകപടമിതെൻറു
പാവൈപ്പെമെയ്വായ്ചെവികാൽകൈകളെൻറു

3) ഉരുവമുമാകിയുയിർവളർമാതമൊൻപതുമൊൻറു
നിറൈന്തുമടനൈതെയുതരമകൻറുപുവിയിൽവിഴുന്തു
യോകമുംവാരമുംനാളുമറിന്തു

4) മകളിർകൾചേനൈതരവണൈയാടൈമണ്ണടവുന്തി
യുതൈന്തുകവിഴ്ന്തുമടമയിൻകൊങ്കൈയമുതമരുന്തി
യോരറിവീരറിവാകിർവളർന്തു

5) ഒളിനകൈയ്യൂറലിതഴ്മടവാരുവന്തുമുകന്തിട
വന്തുതവഴ്ന്തുമടിയിലിരുന്തുമഴലൈമൊഴിന്തു
വാവിരുപോവെനനാമംവിളമ്പ.

6) ഉടൈമന്നിയാടൈയരൈവടമാട
വുൺപവർതിൻപവർതങ്കളോടുണ്ടു
തെരുവിലിരുന്തുപുഴതിയളൈന്തു
തേടിയപാലരോടോടിനടന്തു
അഞ്ചുവയതാകിവിളയാടിയേ

൧) ഒരു ബാലസ്ത്രീയും ബാലപുരുഷനും സുഖകരമായ വിഷയത്തിൽ മുഴുകുമ്പോൾ മനസ്സുരുകി സ്രവിക്കുന്ന രേതസ്സ്, സ്ത്രീയുടെ ഗർഭാശയരക്തത്തോടു സമ്മിശ്രമായി.

൨) ആ ശുക്ലരക്തങ്ങൾ ഒരു മത്തുള്ളിയിലും പാതിയളവായി ചുരുങ്ങി, ഗർഭാശയത്തിൽ കടന്നു, കൊഴുത്തു മാംസമായിത്തീന്നശേഷം താമരമൊട്ടിലെ ഇതൾക്കൂട്ടുപോലെയായി, അതിൽ കണ്ണു് കാതു് വായ് മൂക്ക് എന്നീ ദ്വാരങ്ങളോടുകൂടിയ ശിരസ്സും ശരീരവും കൈകാൽകളും,

൩) ചേന്ന ഒരു രൂപമായി ക്രമേണ വളന്നു് ജീവൻവൃദ്ധിയെ പ്രാപിക്കത്തക്കകാലമായ പത്തുമാസം തികഞ്ഞയുടനേ ഗഭത്തിൽനിന്നും സ്രവിച്ചു ഭൂമിയിൽ പതിക്കുമ്പോൾ, ആ സ്ത്രീയുടെ ആളുകൾ ജാതകഫലങ്ങളെ അന്വേഷിച്ചറിഞ്ഞു.

൪) അനന്തരം അവർ തൊട്ടിലിലിട്ടും കൈക്കൂട്ടിൽ വസ്ത്രത്തിൽപൊതിഞ്ഞെടുത്തും താലോലിച്ചു വളത്തവേ, തനിയേ തറയിൽ കമഴ്ന്നു അവിടെനിന്നു പതുക്കെപ്പതുക്കെ മുട്ടുകുത്തിനിന്നു്, ഇഴഞ്ഞു്, പാൽകുടിച്ചും ലീലകളാടിയും ഓരോരോ കാൎയ്യങ്ങളെക്കുറിച്ചു്, അറിവു സമ്പാദിച്ചു വളർന്നും,

൫) പല സ്ത്രീകൾകൂടിയിരുന്നു കുഞ്ഞിനെയെടുത്തു് ഉമ്മവയ്ക്കുന്നതിനായി വിളിക്കുമ്പോൾ, ഇഴഞ്ഞു (തവിട്ന്തു) വന്നു മടിയിലിരുന്നുകൊണ്ടു കൊഞ്ചവാക്കുകൾ ചിലതു പറഞ്ഞും വാ പോ, ഇത്യാദി വാക്കുകളെപ്പറഞ്ഞും,

൬) ചോറു ഉണ്ണുകയോ മററുവല്ലതും തിന്നുകയൊ ചെയ്യുന്നവരുടെ അരികിൽ ചെന്നു്, ഉടുത്തിരിക്കുന്ന ചെറുമുണ്ടും അർഞ്ഞാണും അരയിൽനിന്നഴിയുന്നവിധത്തിൽ, ഭക്ഷിച്ചു് തെരുവിലിറങ്ങി മണ്ണിലിരുന്നു കളിച്ചു ആ മണ്ണു ദേഹം ഉരുവേ പൂശിയും, തന്നെ അന്വേഷിച്ചുവരുന്ന ബാലന്മാരോടുകൂടി ഓടിയും നടന്നും മററും ചെയ്യുന്ന കളികളെ അഞ്ചാം വയസ്സിൽ കളിച്ചും,

7) ഉയർതരുഞാനകുരുവു പതേശമുന്തമിഴിങ്കലൈ
യുങ്കളെകണ്ടവളർപിടറെയെൻറപലരുംവിളമ്പ
വാഴ പതിനാറപിരായമുംവന്തു

8) മയിർമുടികോതിയറപതനീലവണ്ടിമിർതണ്ടൊടൈ
കൊണ്ടൈപുനൈന്തു മണിപ്പൊനിലംകുപണി–
മാകതർപോകതർക്കൂടിവണങ്ക (കളണിന്തു

9) മദനശൊത്രുപനിവനെന്നമോകമങ്കയർകണ്ട
മരുണ്ടതിരണ്ടവരിവിഴികൊണ്ടചുഴിയവെറിന്തു
മാമയിൽപോലവർപോവതുകണ്ട

10) മന്തുപൊറാമലവർപിറകോടിമങ്കലചെങ്കല
ചന്തികഴ കൊങ്കൈമരുവമയങ്കിയിതഴമുതുണ്ട
തേടിയമാമുതൽചേരവഴങ്കി

11) ഒരുമുതലാകിമുതുപൊരുളായിരുന്തതനങ്കളും
വമ്പിലിഴന്തുമദനചുകന്തവിതനമിതെൻറ
വാലിപ്കോലവുംവേറപിരിന്തു

12) വളമൈയുമാറിയിളമൈയുമാറിവമ്പൻവിഴന്തിരു
കൺകളിരുണ്ടവയതുമുതിർന്തുനരതിരൈവന്തു
വാതതിരോതകരോതമടൈന്തു.

13) വരുവതുപോവതൊരുമുതുക്കുന്നമന്തിയെന്നുംപടി
കുന്തിനടന്തുമതിയുമഴിന്തുചെവിതിമിർവന്തു
വായറിയാമൽവിടാമന്മൊഴിന്തു.

14) തുയിൽവരുവതുനേരമിരുമൽപൊറാതുതൊണ്ടൈയു–
(നെഞ്ചു
മുലന്തുവറണ്ടതുകിലുമിഴൈന്തുചുണൈയുമഴിന്തു
തോകൈയർപാലർകഠംകോരന്നികൊണ്ട.

അ—പിന്നീടുനല്ല ജ്ഞാനാചാര്യൻെ സന്നിധിയെ പ്രാപിച്ച്, ഉപദേശംവാങ്ങി (തമിഴ്) ശാസ്ത്രങ്ങളിൽ നല്ല പാണ്ഡിത്യം സമ്പാദിച്ച്,

നാലാംകൂനാൾ അഭിവൃദ്ധിയെ പ്രാപിക്കുന്ന ചന്ദ്രനോ ഇവൻ? എന്നു കാണികൾ കൊണ്ടാടുമാറു വളൎന്നു പതിനാറാമത്തെ വയസ്സിലെത്തി. അക്കാലത്തു്,

തന്റെ കുടുമ കോതിമിനുക്കികെട്ടി, വണ്ടുകൾ മധുപാനത്തിനായി മൂരണ്ടുകൂന്ന പുതിയ പൂമാലയും ചൂടി സ്വൎണ്ണരത്നാഭരണങ്ങളും ധരിച്ചു്, ആഡംബരപ്രിയന്മാരായ പ്രഭുകുമാരന്മാരുടെ ഡംഭത്തേയും താഴ്ത്തത്തക്കവണ്ണം നടക്കുമ്പോൾ,

അവനെക്കാണുന്ന ബാലപ്പെണ്ണുങ്ങൾ ഇവൻ കാമസുന്ദരൻതന്നെ എന്നു ഭ്രമിപ്പു് ഓരോരുത്തിയും അവനെ കടാക്ഷവലയിൽ അകപ്പെടുത്തി അരയന്നത്തെപ്പോലെ മന്ദമന്ദം സഞ്ചരിക്കുന്നതുകണ്ടിട്ടു്,

സഹിക്കാതെ ആ പെണ്ണുങ്ങളുടെപുറകെ എത്തി അവരെ വശപ്പെടുത്തി ഇഷ്ടം സാധിച്ചു്, അവർ ഇഷ്ടപ്പെടുന്ന ദ്രവ്യത്തെ കൊടുത്തു് തന്റെ പൂൎവ്വസ്വത്തും കൈമുതലുമെല്ലാം അസന്മാൎഗ്ഗങ്ങളിൽ ചെലവഴിച്ചും കാമാസക്തിയുടെ ഫലം ഇതാണോ എന്നൊരു അറിവായിട്ടു്, യൌവനം മാറി.

ശരീരത്തിന്റെ വളൎച്ചയും ഇളമയും നീങ്ങി, പല്ലുകൾ നീണ്ടു് കുലുങ്ങിയിളകിവീണു്, കണ്ണുകളിൽ രണ്ടിലും തിമിരം (മറവു) ബാധിച്ചു് വാൎദ്ധക്യചിഹ്നങ്ങളായ ജരാനരകളും ശരീരത്തെ ആക്രമിച്ചു്, വയസ്സുകാലത്തെ വാതരോഗവും വൎദ്ധിച്ചു.

ചപലസ്വഭാവത്തോടുകൂടിയ ഒരു മുതുക്കനൻ കുരങ്ങിനെപ്പോലെ കുന്തിക്കുന്തി നടന്നു്, പ്രജ്ഞകെട്ടു്, (കാൎയ്യാകാൎയ്യബോധം ഇല്ലാതെയായിട്ടു്) കാതു കേൾക്കാതെയായിട്ടു്, എപ്പോഴും ഇടവിടാതെ ഓരോന്നു പുലമ്പി മയങ്ങിക്കിടക്കുമ്പോൾ ഉണ്ടാകുന്ന കഫക്കോളുകൊണ്ടു് തൊണ്ടയും നെഞ്ചും വറണ്ടു് ഉലൎന്നു് എളിയിൽ വസ്ത്രംപോലുമില്ലാതെ ചുണകെട്ടു ഭാൎയ്യാപുത്രാദികൾ ചുറവും കൂടിയിരുന്നു വ്യസനിക്കത്തക്കവണ്ണം.

15 കലിയുഗമിതിലിവർമരിയാതെകണ്ടീടുമെണ്ണവർ
ചഞ്ചലമിഞ്ചകലകല്വെൻറുമലചലംവന്തു
കാൽവഴിമേൽവഴിചാരനടന്തു്,

16 തെളിവുമിരാമലുരൈതട്ടുമാറിചിന്തൈയുനെഞ്ചമു
ലൈന്തുമരുണ്ടതിടമുമലൈന്തുമികവുമലൈന്തു
തേറിനലാതരവേതനുനൊന്തു്

17 മറൈയവൻവേതനെഴുതിയവാറുവന്തതുകണ്ടമു
മെൻറുതെളിന്തുയിനിയെനകണ്ടമിനിയെനതൊന്ത
മേദിനിവാഴ്‌വുനിലാതിനിനിൻറ

18 കടന്മുറൈറപേശ്ശുമെനവുറൈനാവുറങ്കിവിഴന്തുകൈ
കൊണ്ടുമൊഴിന്തുകടൈവഴികഞ്ചിയൊഴുകിടവന്തു
പൂതമുനാലുചുവാശമുനിൻറു
നെഞ്ചുതട്ടുമാറിവരുനേരമേ,

19 വളർപ്പിറൈപോലവെയിറുമുരോമമുണ്ടൈയുഞ്ചിറു
കുഞ്ചിയുംപഞ്ചനമത്തുമിരുണ്ടവടിവുമിലങ്ക
മാമലൈപോരാ യമദൂതർകളുംവന്തു

20 വലൈകൊട്ടുവീശിയുയിർകോട്ടുപോകമൈന്തരുംവന്തു
കുളിന്തഴനൊന്തുമടിയിൽവിഴുന്തുമനൈവിപ്പുലമ്പ
മാഴ്കിനരേയിവർകാലമറിന്തു

21 പഴയവർകാണുമെനമയലാർകളുംപഞ്ചുപറന്തിടി
നിൻറവർപന്തരിട്ടുമെനവന്തുമറൈയിടമുതെ
വേപ്പിണംവേകവിചാരിയമെൻറു

22 പലരൈയുമേവിമുനിയവർതാമിരുന്തശവങ്കഴ
വുഞ്ചിലരെൻറുപണിതുകിറോങ്കൽകളപമണിന്തു
പാവകമേചെയ്തുനാറുമുടമ്പെ

23 വരശൈകെടാമലെട്ടുമെനവോടിവന്തിളമൈന്തർ
കുനിന്തുചുമന്തുകടുകിനടന്തുചുടലൈയടൈന്തു
മാനിടവാഴ്വെനവാഴ്വെനനൊന്തു

24 വിറകിടമൂടിയഴൽകൊട്ടുവോടവെന്തുവിഴുന്തു
മുറിന്തുനിണങ്കളുരുകിയെലിമ്പുകരുകിയടങ്കി
വോർപ്പിടിനീറുമിലാതവുടമ്പെ
നമ്പുമടിയേനൈയെനൈയാളുമേ.

അ—കലിയുഗവൈഭവം നോക്കുവിൻ, ഇതാ ഈ രോഗിയുടെ ലക്ഷണം നിങ്ങൾ കാണുവിൻ! എന്നു പറഞ്ഞുകൊണ്ടു ചുററുമിരിക്കുന്നവക്കു ദുഃഖം വദ്ധിക്കുമാറു പെട്ടെന്നു മലവും മൂത്രവും ഒഴിഞ്ഞു കാൽവഴിയും മേൽവഴിയും ഒഴുകി,

മനസ്സിന്നു തെളിവില്ലാതെ നാവുകുഴഞ്ഞി മനസ്സിൻെറ വിചാരശക്തിയും ക്ഷയിച്ചു്, ധൈയ്യമെല്ലാം പോയി വിഷണ്ഡനായി, ആരാണി

വിടെയൊരു സഹായം എന്നു ദുഃഖിച്ച്, ബ്രഹ്മദേവനാൽ എഴുതി വിടപ്പെട്ട ആയുസ്സിൻെറ അവധി ഇവിടെത്തന്നെ. അതിനു വ്യസനിച്ചാലെന്തുഫലം? എന്നു തെല്ലൊരാശ്വാസത്തോടുകൂടി ഇനി മറെറാരവധിയുണ്ടോ, എനിക്കു സ്വന്തപ്പെട്ടവരാര്? ആരുമില്ല. ആകപ്പാടെ മനുഷ്യജീവിതം അസ്ഥിരംതന്നെ. ഹേ ബന്ധുക്കളെ! മനുഷ്യജീവിതം സ്ഥിരമാണെന്നുള്ള വല്ല വിധിയുമുണ്ടോ? ഉണ്ടെങ്കിൽ നിങ്ങൾ പറയുവിൻ, കേൾക്കട്ടെ എന്നു പറയുമ്പോൾ നാവു സ്തംഭിച്ചുപോയാൽ, കൈക്രിയകൾ കാട്ടി, വായിൽ ഒഴിക്കുന്ന കഞ്ഞി അപ്പുറത്തോട്ടും ഇപ്പുറത്തോട്ടും ഒഴുകിപ്പോകത്തക്ക നിലയിൽ എത്തി ഇന്ദ്രിയങ്ങളുടെ ശക്തി ക്ഷയിച്ച്, പഞ്ചഭൂതങ്ങളുംഊർദ്ധ്വൻ മുതലായി നാലു ശ്വാസങ്ങളും മാത്രം ശേഷിച്ചുമനസ്സു പരിഭ്രമിച്ചു വശമാകുമ്പോൾ,

മൂന്നു കലകളോടുകൂടിയ അമ്പിളിക്കീറുപോലെ വളഞ്ഞ ദംഷ്ട്രകളും ജടയും മുടിയും ഒരു ഭാഗത്തുമാത്രം അല്പം നീട്ടിവളർത്തിയ തലമുടിയുമായി കറുത്തു തടിച്ച് താമസഗുണത്തോടുകൂടിയ കാലദൂതന്മാർ ഓരോ വലിയ മലപോലെ മുമ്പിൽ വന്നുനിന്നുകൊണ്ട്,

കഴുത്തിൽ കാലപാശം വീശി ജീവനെക്കെട്ടിക്കൊണ്ടു പോകുമ്പോൾ, സ്വന്തം പുത്രന്മാരും പുത്രിമാരും വന്ന്, മുഖം താഴ്ത്തിനിന്നു കണ്ണുനീരൊഴുക്കിക്കരകയും ഭാര്യ മടിയിൽ കമഴ്ന്നുവീണ് ഓരോന്നു പറയുകയും കരയുകയും ചെയ്യുന്നു. ഈ മരണത്തെക്കുറിച്ചറിഞ്ഞു,

സമീപസ്ഥന്മാർ,വയസ്സു ചെന്നയാളാണല്ലോ മരിച്ചത്, നമുക്കു പോകാം എന്നു പറഞ്ഞുകൊണ്ടു ചെന്നുകൂടി, പന്തൽ മുതലായവയിട്ടു, വീട്ടുടമസ്ഥനെ നോക്കി "എന്താണ്? ഇനി ശവം ചുടുകാട്ടിലേക്കു വാദ്യഘോഷത്തോടുകൂടിക്കൊണ്ടുപോകരുതോ? വേണ്ടവരോടൊക്കെ ആലോചിച്ചു പറയുവിൻ" എന്നുപറഞ്ഞ്,

പലരുമായി ആലോചിച്ച്, ബാദ്ധ്യസ്ഥന്മാരായ ചിലരെ അയച്ചു ശവത്തെക്കുളികഴിപ്പിച്ച് വസ്ത്രാഭരണങ്ങളാൽ നാററംവീശുന്ന ആ ശരീരത്തെ അലങ്കരിപ്പിച്ച്,

"എടുപ്പിൻ" എന്നു മുറപ്രകാരം പറയുമ്പോൾ, കുട്ടികളുംകൂടി ചെന്ന് എടുത്തുകൊണ്ട്, വേഗത്തിൽ ചുടുകാട്ടിലെത്തി, "ഇത്രേയുള്ളല്ലോ മനുഷ്യവാഴ്‌വു" എന്നു തമ്മിൽ പറഞ്ഞു വ്യസനിച്ച്,

ചാണകവറളി അടുക്കി വിറകുകൊണ്ടു പൊതിഞ്ഞു തീ കൊളുത്തുമ്പോൾ മാംസമെല്ലാം ഉരുകി എല്ലുകളെല്ലാം വെന്തുമുറിഞ്ഞു കറുത്ത് തീ പൊലിഞ്ഞശേഷം ഒരു പിടിയളവു ചാമ്പലുപോലും ശേഷിക്കാത്ത ഈ

ശരീരത്തെ സ്ഥിരമെന്നു കരുതിയിരിക്കുന്ന അടിയനെ അല്ലയോ ഭഗവാൻ! ഇനി രക്ഷിച്ചുകൊള്ളണം.

ദേഹം അസ്ഥിരമാണെന്നുള്ള തത്വബോധമുണ്ടാക്കി രക്ഷിച്ചുകൊള്ളണമെന്നഭിപ്രായം.

ഉടൽക്കുറവുവണ്ണം മൂലവും, മലയാളവ്യാഖ്യാനവും സമാപ്തം.

—*—

പട്ടണത്തുപ്പിള്ളയാർ പാടൽ

ഉത്തരഭാഗം.

GOVT. HIGH SCHOOL Date.......... KOTTAYAM.

പരമശിവസ്തോത്രം.

കന്നിവനനാത! കന്നിവനനാത!
മൂലമറിയേൻ മുടിയുമുടിവറിയേൻ
ഞാലത്തുൾപെട്ടതുയർ നാടനടക്കുതടാ.

അ—ശ്രീപാർവതിയുടെ അംശമായി പാണ്ഡ്യരാജന്റെ മകളായിപ്പിറന്നു മധുരയെ ഭരിച്ച അല്ലിദേവി, കന്യകയായിരുന്നു രാജ്യം ഭരിച്ചതിനാൽ കന്നിയെന്നും, കടമ്പുവനമായിരുന്നതിനാൽ "വനം" എന്നും പറയപ്പെട്ടുന്നതു് ഒന്നിച്ചുചേർത്തു കന്നിവനമെന്നു മധുരാപുരിയെ പറഞ്ഞുവരുന്നു. അതിനാൽ കന്നിവനനാഥൻ മധുരയിൽ മീനാക്ഷീശ്വരനാകുന്നു.

ഹേ കന്നിവനനാഥ! എനിക്കു് ഈ ലോകത്തിൽ ഇടകൂടിയ ദുഃഖങ്ങൾ എന്നെ ചൂഴ്ന്നിരുന്നു കാലം പോകുന്നതിനാൽ, മോക്ഷസാധനമായ ആദിയേയും ആ ആദി ലയിച്ചടങ്ങുന്നതായ അന്തത്തേയും ഞാൻ അറിഞ്ഞതേയില്ല.

ആദ്യന്തരൂപമായ് പ്രശോഭിക്കുന്ന പരമാത്മതത്വത്തെ അറിവാൻ എനിക്കു സാധിച്ചില്ല. അതിനാൽ ഞാൻ മോക്ഷത്തിനധികാരിയാകുന്നതെങ്ങനെയെന്നഭിപ്രായം.

അറിയാമൈയാമലത്താലറിവുമുതൽകെട്ടനടാ
പിരിയാവിനൈപ്പയനാൽപിത്തുപിടിത്തനെടാ.

അ—അജ്ഞാനത്തിനു കാരണമായ പ്രാരബ്ധമെന്ന മൂലമലത്താൽ ജ്ഞാനത്തെ ഞാൻ കൈവിട്ടു എന്നു മാത്രമല്ല; എന്നെ വിട്ടുപിരിയാതെ ചേർന്നിരിക്കുന്ന പാപപുണ്യങ്ങളാൽ എന്റെ ബുദ്ധിയും പകച്ചു വശമായി. ഇതെന്തു വിപരീതസ്ഥിതിയോ? മനസ്സിലാകുന്നില്ല. പ്രാരബ്ധമാകുന്ന മൂലമലമെന്നതു്, ജീവാത്മാവിനു സഹജമായ ഓരോ വാസനകളെ ഉണ്ടാക്കുന്ന കർമ്മഫലബന്ധമാകുന്നു. അതു്, മരത്തിൽ തൊലി എന്നപോലെയും, ചെമ്പിൽ ക്ലാവു് എന്നപോലെയും നെല്ലിൽ ഉമിയെന്നപോലെയും ദൃഢമായിപ്പററിച്ചേർന്നിരിക്കുന്നു. ആ പ്രാരബ്ധത്താൽതന്നെയാണു് പുണ്യപാപങ്ങളുണ്ടാകുന്നതു്. അതിനാൽ ആദ്യം പ്രാരബ്ധബന്ധത്തെപ്പറഞ്ഞിട്ടു് ഒടുവിൽ പാപപുണ്യങ്ങളുടെ നിത്യസംബന്ധത്തെപ്പറഞ്ഞിരിക്കുന്നു.

തനുവാകിയനാംകുംതാനായ്മയങ്കിനണ്ടാ
മനുവാദിശത്തിവലൈയിമകപ്പെട്ടനെടാ.

അ—വേദങ്ങളിൽ പറയപ്പെട്ടുവരുന്ന ആദിശക്തിയായ മായയുടെ വലയിൽ, ഞാൻ അകപ്പെട്ടിരിക്കുന്നതുകൊണ്ടു്, തനു, കരണം, ഭുവനം, ഭോഗം എന്നീ നാലുപദാർത്ഥങ്ങളെയും സത്യവസ്തുവായ ആത്മാവാണെന്നു കരുതി മയങ്ങിയിരുന്നുപോയി. ആ മയക്കം എനിക്കു ഏതുകാലത്തിൽ നീങ്ങുമോ? എന്തോ? (അറിഞ്ഞുകൂടാ എന്നർത്ഥം)

ഇവിടെ, തനു=ദേഹം, കരണം=അന്തഃകരണം. അതായതു് മനസ്സു ബുദ്ധി, ചിത്തം, അഹംകാരം, എന്നനാലുവൃത്തികൾ. ഭുവനം=ഭൂവർ-ഭുവനങ്ങൾ (ലോകവിസ്താരം എന്ന ഗ്രന്ഥത്തിൽ പറയപ്പെട്ടിരിക്കുന്നവ) ഭോഗം=സുഖം.

മാമായൈയെന്നുംവനത്തിലലൈകിരണ്ടാ
താമായുലകനൈത്തുന്താതുകലങ്കിരണ്ടാ.

അ—ഞാൻ മഹാമായ എന്നു പറയപ്പെടുന്ന കാട്ടിൽ ചുററിനടന്നലയുന്നു. അതിനാൽ, ലോകത്തിൽ സംഭ്രമത്തോടുകൂടിയവനായിരിക്കുന്നു. കന്നിവനത്തിൽ സന്നിധാനംചെയ്തരുളുന്ന നിന്തിരുവടി ആ സംഭ്രമത്തെ നീക്കി രക്ഷിപ്പാറാകണം.

കന്നിവനനാത!കന്നിവനനാത!
മണ്ണാശൈപെട്ടേനൈ,മണ്ണുണ്ടുപോട്ടതടാ
പൊന്നാശൈപെണ്ണാശൈപോകേനേയെങ്കുതേ.

അ—ഹേ മധുരേശ്വര! ഞാൻ മണ്ണിനെക്കുറിച്ചാശവച്ചതുകൊണ്ടു് ആ മണ്ണും എന്നിൽ ആശവച്ചു് എന്നെ ഭക്ഷിച്ചുകളഞ്ഞു. അതുമല്ല, ദ്രവ്യത്തിൽവച്ച ആശയും സ്ത്രീകളിൽവച്ച ആശയും ഞങ്ങൾ പോകയില്ല എ

നും പിണങ്ങിനില്ക്കുന്നു. അതിനാൽ ആ ആശകളെ തീക്കുന്നതിനു വഴിയറിയാത്ത എനിക്കു നിന്തിരുവടി തന്നെ വഴിതെളിച്ചുതരണം.

പൊന്നൈ മാതരൈ, പൂമിയൈ നാടിനേൻ
എന്നൈ നാടിയ എന്നുയിർ നാതനേ,
ഉന്നൈ നാട്ടുവ നന്നരുംത്തു വെളി
തന്നൈനാട്ടുവൻതന്നന്തനിയനൈ.

ഇത്യാദി തായുമാനവരും പറഞ്ഞിരിക്കുന്നു.

മക്കൾചുററത്താശൈമറക്കേനേയെങ്കുതേ
തിക്കരശാമാശൈയത്തുതീരേനേയെങ്കുതേ.

അ—മക്കളുടെ മേൽ വച്ചിരിക്കുന്ന ആശയും, ബന്ധുജനങ്ങളുടെ മേൽ വച്ചിരിക്കുന്ന ആശയും മറക്കുകില്ല എന്നു നിർബന്ധിച്ചുനില്ക്കുന്നു. രാജാവാകണമെന്നുള്ള ആശയും ഒഴിയുകയില്ല എന്നുതന്നെ ശഠിക്കുന്നു (ഇതിനു ഞാനെന്താചെയ്യു?)

വൈരാഗ്യശതകത്തിലും തായുമാനവരുടെ പാട്ടിലും ഈ അത്ഥംതന്നെ പറഞ്ഞിട്ടുണ്ട്.

വിത്തൈകൾക്കുമാശൈയത്തുവിട്ടൊഴിയേനെങ്കുതേ
ചിത്തുകൾക്കുമാശൈചിതൈയേനേയെങ്കുതേ.

അ—എനിക്കു നല്ലവണ്ണം പഠിക്കണമെന്നുള്ള ആശ എന്നെ വിട്ടുപിരിയുകയില്ല എന്നുപറയുന്നു. ജ്ഞാനവൎഗ്ഗങ്ങളെല്ലാം അറിയണമെന്നുള്ള ആശയും ഒഴിയുകയില്ല എന്നുനില്ക്കുന്നു. അതിനാൽ ഞാൻ എന്താ ചെയ്യേണ്ടതു്?

"ആശാഹിപരമം ദുഃഖം നൈരാശ്യഞ്ച സുഖപ്രദം" എന്ന ന്യായത്തെ അനുസ്മരിച്ച്, ആശയെല്ലാം ഒഴിഞ്ഞു നിരാശനായി ഭവിക്കണമെന്നഭിപ്രായം.

മന്തിരത്തിലാശൈമറക്കേനേയെങ്കുതേ
ചുന്തരത്തിലാശൈതുറക്കേനേയെങ്കുതേ.

അ—ഞാൻ മന്ത്രങ്ങളെ പഠിക്കുന്നതിനുവച്ച ആശ മറക്കുകയില്ല എന്ന നിലയിൽ നില്ക്കുന്നു. അതുമല്ലാതെ, നല്ല വസ്ത്രാഭരണങ്ങൾ ധരിച്ചു ഭംഗിയായിരിക്കണം എന്നുള്ള ആശയും എന്നെ വിട്ടുപിരിയുകയില്ലെന്നു ശഠിക്കുന്നു. അതിനാൽ ഇതുകൾക്കു എന്നിൽ ചെയ്യപ്പെടാവുന്നതൊന്നുമില്ല.

കട്ടുവർക്കത്താശൈകഴലേനേയെങ്കുതേ
ചെട്ടുതനിലാശൈചിതൈയേനേയെങ്കുതേ.

അ—എന്നെ സംബന്ധിച്ചിരിക്കുന്ന പരിജനങ്ങളുടെ മേൽ വച്ചിരിക്കുന്ന ആശയും നീങ്ങുകില്ല എന്നുനിൽക്കുന്നു. കൂടാതെ, സ്നേഹിതന്മാരോടു കൂടി സംഗീതസാഹിത്യങ്ങളാൽ വിനോദിച്ചിരിക്കണമെന്നുള്ള ആശയും അസ്തമിക്കയില്ല എന്നായിരിക്കുന്നു. അതിനാൽ ഇതുകളെ തീക്കുന്നതിനുള്ള ഒരു മാൎഗ്ഗത്തെ എനിക്കു് എപ്പോൾ അറിയിച്ചുതരുമോ?

കുളത്തിൽ വെള്ളംവററുമ്പോൾ ആ കുളത്തെ ഉപേക്ഷിച്ചുപോകുന്ന പക്ഷികളെപ്പോലെ ധനം ഇല്ലാതാകുമ്പോൾ നമ്മെ ഉപേക്ഷിച്ചുപോകുന്നവരാണു ബന്ധുജനങ്ങളെന്നുള്ള തത്വം മനസ്സിലാക്കി അവരോടുള്ള സംസൎഗ്ഗത്തിനായിക്കൊണ്ടുള്ള ആശ ലഭിക്കണമെന്ന അഭിപ്രായത്തിലാണു് സ്വാമികൾ ഇങ്ങനെ പാടിയിരിക്കുന്നതു്.

മാററുഞ്ചലവെമററക്കേനേയെങ്കുതേ
ചോററുക്കഴിയുമിന്നുംത്തുരനേയെങ്കുതേ.

അ—ഉടുത്തവസ്ത്രം അഴുക്കായാൽ അതേ മാററി വേറെ അലക്കിയ വസ്ത്രം ധരിക്കണമെന്നുള്ള വിചാരം വിട്ടുമാറുന്നില്ല. എന്റെ വയറു് ഒരിക്കലും നികഴുന്നതുമില്ല. ഞാനെന്താചെയ്യ?

പരമാത്മജ്ഞാനം സിദ്ധിച്ചാൽ അഴുക്കെന്നും വെള്ളയെന്നുമുള്ള വ്യത്യാസമേ വസ്ത്രത്തെക്കുറിച്ചുണ്ടാകയില്ല. ഭക്ഷണാഭിലാഷവുമുണ്ടാകയില്ല. എനിക്കു് അവയുണ്ടാകുന്നതിനാൽ പരമാത്മജ്ഞാനം എനിക്കുണ്ടായില്ലെന്നും അതുണ്ടാക്കിത്തരണമെന്നും അഭിപ്രായം.

കന്നിവനനാത!കന്നിവനനാത!
ഐഞ്ചുപുലനുമടങ്കേനേയെങ്കുതേ
ചിന്തൈത്തപിക്കിറതും തേറേനേയെങ്കുതേ.

അ—ജ്ഞാനേന്ദ്രിയങ്ങളഞ്ചും അവയുടെ വ്യാപാരങ്ങളിൽനിന്നു് ഒഴിയുകയില്ലെന്നു പറയുന്നു. മനസ്സു് ലോകവ്യവഹാരങ്ങളിൽ ഭ്രമിച്ചു രമിക്കുന്നതിൽനിന്നും ഒഴിയുകയില്ലെന്നും പറയുന്നു. അതിനാൽ ഇവയെല്ലാം വശപ്പെടുത്തുന്നതിനു് അനുഗ്രഹമരുളുമാറാകണം.

കാമക്കുരോതങ്കടക്കേനേയെങ്കുതേ
നാമേയരശെൻറുനാടൊറുമെണ്ണുതേ.

അ—കാമ, ക്രോധ, ലോഭ, മോഹ, മദ, മാത്സൎയ്യങ്ങൾ എന്ന ആകാശഭ്രുതത്തിന്റെ ഗുണങ്ങളാറും നീങ്ങിപ്പോകയില്ല എന്നു പറയുന്നു. ദിവസംതോറും എനിക്കു രാജപദവി കിട്ടുമോ എന്ന ദുൎമ്മോഹം ഉണ്ടായിക്കൊണ്ടേയിരിക്കുന്നു. അയ്യോ! ഇപ്രകാരമുള്ള ദുരവസ്ഥ എന്റെ മനസ്സിനുണ്ടാകാൻ കാരണമെന്തോ? അറിയുന്നില്ല. കാമവും ക്രോധവും മാത്രമേ മൂലത്തിൽ പറ

യപ്പെട്ടിട്ടുള്ളുവെങ്കിലും ലോഭമോഹാദികൾ നാലും അവയോടു സംബന്ധപ്പെട്ടവയാകയാൽ അവയെ വിവരിച്ചുപറഞ്ഞു എന്നറിഞ്ഞുകൊള്ളണം.

അച്ചമാങ്കാരമടങ്കേനേയെങ്കുതേ
കെച്ചുമിന്നമാനംകഴലേനേയെങ്കുതേ.

അ—ആരെങ്കിലും കാണുമ്പോൾ സംശയിക്കേണ്ട അവർ കണ്ടല്ലോ എന്നു ശങ്കിക്കേണ്ടതായ പ്രവൃത്തിയും, അഹംകാരവും അഭിമാനവും എന്നെ വിട്ടുനീങ്ങുകയില്ലെന്നു ഉറപ്പുതന്നിരിക്കുന്നു.

ഞാൻ എത്ര ശ്രമിച്ചിട്ടും മേൽപറഞ്ഞ ദുർവിധങ്ങൾ മാറുകയില്ലെന്നു നിശ്ചയമായിരിക്കുന്നു. അതിനെന്താണു ഞാൻ വേണ്ടതു്? എന്നു ഭാവം.

നീക്കമിഴിയാമുടലൈനിത്യമായെണ്ണുതേ
ആക്കമുയരാശൈയഴിയേനേയെങ്കുതേ.

അ—വെള്ളത്തിൽ കാണപ്പെടുന്ന കുമിളകളെപ്പോലെ ഒരുനിമിഷം പോലും സ്ഥിരമല്ലാത്ത ഈ ഉടലിനെ ഒരിക്കലും നശിക്കാത്തതാണെന്നു എന്റെ മനസ്സു വിചാരിക്കുന്നു. കൂടാതെയും മനുഷ്യസഹജമായി നിത്യവും വൎദ്ധിച്ചുവരുന്ന അഹംകാരവും മാറുകയില്ല എന്നു പറയുന്നു. (അതിനാൽ എനിക്കു സംസാരത്തിൽനിന്നു മോചനം സിദ്ധിക്കയില്ലെന്നു് എനിക്കുതന്നെ സ്പഷ്ടമായി തോന്നുന്നു എന്നു ഭാവം.)

കണ്ണുക്കുകണ്ണെതിരേകൾട്ടെയിൽവേകക്കണ്ടും
എണ്ണുന്തിരമായിരിപ്പോമെൻറണ്ണുതേ.

അ—ഈ ശരീരത്തിൽനിന്നു ജീവൻ വേർപെട്ടാലുടനെ ബന്ധുക്കൾകൂടിയെടുത്തു ചിതമേൽ കൊണ്ടുവച്ചു വേകിച്ചു ചാമ്പലാക്കിക്കളയുന്നതു കണ്ടിട്ടും എന്നും സ്ഥിരമാണു ശരീരം എന്നു നമ്മൾ വിചാരിക്കുന്നു. കഷ്ടം! (മനസ്സിന്നു് എന്തൊരു ഭ്രാന്തോ എനിക്കു മനസ്സിലാകുന്നില്ല—എന്നു ഭാവം.)

അനിത്തിയത്തൈനിത്തിയമെൻറാതരവായെണ്ണുതേ
തനിത്തിരിക്കേനെങ്കുതേനനെമറക്കേനെങ്കുതേ

അ—നശിച്ചുപോക ശീലമായ ലോകത്തിലുള്ള എല്ലാ വസ്തുക്കളേയും അഴിവില്ലാത്തവയെന്നു വിശ്വസിക്കുന്നു. അതുംപോകട്ടെ, ഏകാന്തത്തിൽ ബ്രഹ്മധ്യാനം ചെയ്തുകൊണ്ടിരിക്കാമെന്നുവച്ചാലോ അങ്ങനെയും ഇരിക്കയില്ല. അത്രത്തോളം മനസ്സുറപ്പുണ്ടാകയില്ലെന്നൎത്ഥം. അതും പോകട്ടെ, ഞാനെന്ന ഭാവം നീക്കിയിരിക്കാമെന്നുവച്ചാലോ അതിനും മനസ്സനുവദിക്കയില്ല എന്നു നില്ക്കുന്നു. ഇനി ഏതു വഴിയാണു ഞാൻ പോകേണ്ടതെന്നു മനസ്സിലാകുന്നില്ല.

നരകക്കുഴ യുമിന്നുനാൻപൂജിപ്പേനെങ്കുതേ
ഉരകപ്പടത്തൽകുലുനൈക്കെട്ടപ്പേനെങ്കുതേ.

അ—നരകവാതിലാകട്ടെ, ഞാൻചെയ്ത പാപങ്ങൾകാരണം ഇനിയും നിന്നെ ദുഃഖിപ്പിക്കാതെ വിടുകയില്ല എന്നു പറയുന്നു. ആ വാതിലിലേക്കു കൊണ്ടുപോകുന്ന പാമ്പിൻപത്തിക്കു തുല്യമായ സ്ത്രീവ്യഞ്ജനം (യോനിയെന്നൎത്ഥം) നിന്നെ നശിപ്പിക്കാതെ ഞാൻ അടങ്ങുകയില്ല എന്നും നിർബന്ധിച്ചുനില്ക്കുന്നു.

എനിക്ക് ഇനിയും സ്ത്രീവാഞ്ഛ അവസാനിച്ചിട്ടില്ലാത്തതിനാൽ മോക്ഷമാൎഗ്ഗം തെളിയുന്നില്ല. ആ വാഞ്ഛ തീരുന്നതിനു നിന്തിരുവടി അനുഗ്രഹിക്കണമെന്നൎത്ഥം.

കുരുമ്പൈമുലൈയുങ്കടികെട്ടപ്പേനെങ്കുതേ
അരുമ്പുവിഴിയുമെന്തനാവിയുൺപേനെംകുതേ.

അ—കുരുമ്പയ്ക്കു (ഇളനീരിന്) തുല്യമായ മുലകൾ നിൻെറ കടിയെ കെട്ടുന്നുണ്ട് എന്നു പറയുന്നു. വിസ്താരമേറിയ കണ്ണുകൾ നിൻെറ ജീവനെ ഭക്ഷിക്കുന്നുണ്ട് എന്നും പറയുന്നു.

മാതരുക്കൊണ്ടുമറലിവഞ്ചമെണ്ണുതേ
ആതരവുമററിങ്കരക്കായുരുകിറണ്ട.

അ—സാക്ഷാൽ കാലൻതന്നെ സ്ത്രീരൂപം ധരിച്ചുവന്നിട്ടും അവൻെറ ചതിപ്രയോഗത്തെ കരുതിത്തന്നെ പെരുമാറുന്നു. നശിപ്പിക്കണമെന്നുള്ള ഉദ്ദേശത്തെ മുൻനിൎത്തി പ്രവൎത്തിക്കുന്നു എന്നൎത്ഥം. ഈ അവസ്ഥയിൽ യാതൊരു വിചാരവുമില്ലാതെ അഗ്നിയിലിടപ്പെട്ട അരക്കുപോലെ ഞാൻ ഉരുകുന്നുവല്ലൊ.

ഇതിനൊരു രക്ഷാമാൎഗ്ഗവുമില്ലയോ ദൈവമേ എന്നു ഭാവം.

കന്തനെയീൻറരുളും കന്നിവനനാതാ
എന്തവിതത്തിനാനേറിപ്പടരുവണ്ടാ.

അ—സ്കന്ദൻ എന്ന തിരുനാമമുള്ള കാൎത്തികേയനെ പെററെടുത്ത കന്നിവനത്തിൽ എഴുന്നള്ളിയിരിക്കുന്ന പരമേശ! ഞാൻ മേൽപറയപ്പെട്ട വിധത്തിലുള്ള ദുഃഖങ്ങൾ അനുഭവിക്കുന്നതിനാൽ, മററ് എന്തൊരു സദാചാരംകൊണ്ടാണു ശിവപദപ്രാപ്തിയുണ്ടായി സമാധിയോഗത്താൽ നിൻെറ തൃപ്പാദങ്ങളിൽ മനസ്സിനെ രമിപ്പിച്ചിരിക്കുന്നതു്? എനിക്കു മനസ്സിലാകുന്നില്ല.

കന്നിവനനാഥ! കന്നിവനനാഥ!
പുല്ലായിപ്പൂണ്ടായ്പ്പലർന്തനാൾപോതാതോ
കല്ലായ്മരമായ്ക്കഴിന്തനാൾപോതാതോ.

അ—ഹേ മധുരമീനാക്ഷീശ്വരാ! ഞാൻ ഇതിനുമുമ്പ അനേകം അനേകം ജന്മങ്ങൾ എടുത്തിരിക്കാൻ ഇടയുള്ളതിനാൽ, ആ ജന്മങ്ങളിൽ ഓരോന്നിലും, പുല്ലായിട്ടും, ചെടിയായിട്ടും ജനിച്ചു വാടി വിഷമപ്പെട്ടതൊന്നും പോരയോ? അതു കഴികെപ്പിന്നെ കല്ലായിട്ടും മരമായിട്ടും ജനിച്ചു പല ദുഃഖങ്ങളേയും അനുഭവിച്ചതും പോരയോ? (ഇനിയെങ്കിലും അതു മതിയെന്നു നിശ്ചയിച്ചു എന്റെ ജന്മമറുത്തനുഗ്രഹിക്കണമെന്നർത്ഥം)

കീരിയായകീടമായകെട്ടനാൾപോതാതോ
നീരിയായ്യൂർമനവായ്നിൻെറനാൾപോതാതോ.

അ—കീരിയായും പുഴുവായും ജലജന്തുക്കളായും ഇഴജന്തുക്കളായും ജനിച്ചും മരിച്ചും കഷ്ടപ്പെട്ടതുപോരയോ?

പൂതമോട്ടതേതരുമായ്പ്പോനനാൾപോതാതോ?
വേതനൈചെയ്യാനവരായ്വീഴ്ന്തനാൾപോതാതോ?

അ—ഓരോ ഭൂതങ്ങളായും ദേവരാക്ഷസന്മാരായും മററും ഓരോ ജന്മമെടുത്തു് ഇതുവരെയുംപെട്ട പാടുകൾ പോരയോ! (ജന്മങ്ങൾക്ക സംഖ്യയില്ലായ്ക്കകൊണ്ടു്, അവററിൽ ചിലതുമാത്രം എടുത്തുപറഞ്ഞിട്ടു്, തന്റെ ജന്മമറുത്തുതരണമെന്നു കവി പ്രാർത്ഥിക്കുന്നു.)

അന്നൈയവററിലഴിന്തനാൾപോതാതോ
മന്നവനായ്വാഴ്ന്തുമരിത്തനാൾപോതാതോ?

അ—മേൽപറഞ്ഞ ജന്മങ്ങളെല്ലാം കഴിഞ്ഞതിനുശേഷം മനുഷ്യജന്മമെടുത്തു്, അമ്മയുടെ ഗർഭത്തിൽ പതിച്ചു് പത്തുമാസം കിടന്നു് ആ പത്തുമാസവും ഞാൻ സഹിച്ച കഠിനസങ്കടങ്ങൾ പോരായോ? അതിൽ പത്താം മാസത്തിൽ അനുഭവിച്ച ദുഃഖത്തിനു കണക്കമില്ല. അങ്ങനെ ദുഃഖത്തെയനുഭവിച്ചു് ഒരു രാജാവായി ജനിച്ചു രാജ്യപരിപാലനംചെയ്തു് ആ ദുഃഖങ്ങളൊക്കെ സഹിച്ചു്, ഒടുവിൽ മരിച്ചതും പോരയോ! അയ്യോ! മതി, മതി.

തായാകിത്താരമായ്ത്താഴ്ന്തനാൾപോതാതോ
ചേയായ്പുരുടനുമായ്ച്ചെൻറനാൾപോതാതോ?

അ—ഒരുത്തന്റെ അമ്മയായും, ഒരുത്തന്റെ ഭാര്യയായും, ഒരുത്തന്റെ മകൻ അല്ലെങ്കിൽ മകളായും ഒരുത്തിയുടെ ഭർത്താവായും ജനിച്ചു ജനിച്ചു മരിച്ചുമരിച്ചു ദുഃഖിച്ചകാലം പോരയോ?

ഇനിയും അങ്ങനെ ജനിക്കേണ്ടിവരുമോ വരികില്ലയോ ആർക്കറിയാം? കഴിഞ്ഞ ജന്മങ്ങളിൽ തിര്യക്കുകളായും ആണായും പെണ്ണായും മററും ജനിച്ചിരിക്കാം. അക്കാലങ്ങളിൽ ആത്മാവിനു മുക്തിസമ്പാദിക്കാൻ എനിക്കു സാധിച്ചില്ല. ഇപ്പോൾ ഭാഗ്യവശാൽ ഞാൻ ഒരു പുരുഷനായി ജനിച്ചിരിക്കുന്നു. മോക്ഷം സാധിക്കാൻ ഇതു തക്ക ഒരു ജന്മമാണ്. അതിനാൽ എനിക്കു നിന്റെ തിരുവടികൾ തന്നനുഗ്രഹിക്കണമെന്നഭിപ്രായം.

നോയുണ്ണവേമെലിന്തുനൊന്തനാൾപോതാതോ
പേയുണ്ണപ്പേയായ്പിറന്തനാൾപോതാതോ?

അ—ഇതുവരെ ഞാൻ എടുത്ത ജന്മങ്ങളിൽ സങ്കടം എന്നെ വിട്ടുപിരിയാതിരുന്നു. അക്കാലങ്ങളിൽ ഞാൻ ദുഃഖിച്ചതു പോരയെന്നാണോ? തമ്മിൽ തല്ലിക്കൊന്നു തിന്നുന്ന പിശാചവംശത്തിൽ ജന്മം എടുത്തുകഴിഞ്ഞ കാലവും പോരയോ?

ഇനിയെങ്കിലും എന്നെ അനുഗ്രഹിച്ചുകൂടയോ എന്നു ഭാവം.

ഊന്റവുടൽക്കൂൻകുരുടായ് ഉററനാൾപോതാതോ?
ഈനപ്പൊവിപ്പിലിളൈത്തനാൾപോതാതോ?

അ—അല്ലയോ ഭഗവൻ! നശിക്ക ശീലമായ ഇദ്ദേഹം മുമ്പ് എടുത്ത ഓരോ ജന്മങ്ങളിൽ, കൂനായിട്ടും കുരുടായിട്ടും മാതൃഗർഭത്തിൽനിന്നും വെളിപ്പെട്ടു കഷ്ടപ്പെട്ടതൊന്നും പോരയോ? വയറു നിറയ്ക്കാൻ ഭക്ഷണത്തിനായി പണം അന്വേഷിച്ചു ബുദ്ധിമുട്ടി, ശരീരം ക്ഷീണിച്ചു ജന്മങ്ങൾ കഴിഞ്ഞതും പോരയോ?

ഇനിയെങ്കിലും ജന്മമറുത്തു രക്ഷിക്കണമെന്നഭിപ്രായം.

പട്ടകളൈയും പരതവിപ്പുംപോതാതോ
കെട്ടനാൾകെട്ടനെൻറുകേളാതുംപോതാതോ.

അ—ഞാൻ ജന്മാന്തരങ്ങളിൽ അനുഭവിച്ച കഷ്ടപ്പാടും ബുദ്ധിമുട്ടുകളും പോരയോ? കെട്ടകാലങ്ങൾ എന്തോ കെട്ടുതന്നെ കഴിഞ്ഞുകൂടി. ഇനിയെങ്കിലും സന്മാർഗ്ഗത്തിൽ പ്രവർത്തിക്കരുതോ എന്നു നാട്ടുകാർ പറയുന്ന ഗുണദോഷത്തെ കേൾക്കാത്ത ബുദ്ധികേടു മതിയാക്കരുതോ?

സത്തുക്കളുടെ വാക്കു കേൾക്കായ്കകൊണ്ടല്ലയോ എനിക്ക് ഈ ബുദ്ധിമുട്ടുകളും അധോഗതികളും നേരിട്ടതു്? ഇനിയെങ്കിലും സാധുക്കളുടെ ഉപദേശത്തെ അംഗീകരിക്കതന്നെ വേണം എന്നഭിപ്രായം.

നില്ലാമൈക്കേയെഴുതുനിൻറനാൾപോതാതോ
എല്ലാരുമെൻപാരമെടുത്തനാൾപോതാതോ?

അ—എൻെറ ദേഹം നിലനില്ക്കാത്തതിനെക്കുറിച്ചു ഞാൻ കരഞ്ഞു കരഞ്ഞിരുന്നകാലം ഇനിയും മതിയായില്ലയോ? ഞാൻ പല അമ്മമാരുടെ വയററിൽ കുടികൊണ്ടിരുന്ന കാലത്തു് അവർ എൻെറ ശരീരഭാരത്തെ ചുമന്നു ദുഃഖം അനുഭവിച്ചകാലം മതിയായില്ലയോ?

ഇനിയെങ്കിലും ജനനം നീക്കിയെന്നെ അനുഗ്രഹിക്കണമെന്നൎത്ഥം.

കാമൻകണൈയാൽകടൈപട്ടൽപോതാതോ?
ഏമൻകരത്താലിടിയുണ്ടൽപോതാതോ?

അ—ഞാൻ ജനിച്ച ജന്മങ്ങളിലെല്ലാം കാമദേവൻെറ ബാണങ്ങളാൽ ദുഃഖിച്ചതൊന്നും മതിയായില്ലയൊ? (ഈ ജന്മത്തിലും എന്നെ കാമവലയിൽ എന്തിനു കുടുക്കുന്നു എന്നഭിപ്രായം) അതതുജന്മങ്ങളിൽ മരണദുഃഖം അനുഭവിച്ചതും പോരയോ? ഇനിയും ജനനമരണങ്ങൾ എനിക്കു സംഭവിക്കാൻ ഇടയാകാതെ അനുഗ്രഹിക്കണം എന്നഭിപ്രായം.

നാന്മുകൻപട്ടോലൈനുകുണ്ടൽപോതാതോ
തേൻവുളപത്താനേമിതേക്കുണ്ടൽപോതാതോ.

അ—ബ്രഹ്മദേവനാൽ എഴുതപ്പെട്ട വിധിശാസനമനുസരിച്ചു അനുഭവിച്ച കഷ്ടതകൾ ഇനിയും മതിയായില്ലയോ? തേൻതുളുമ്പുന്ന തുളസീമാല ധരിച്ച മഹാവിഷ്ണുദേവൻെറ ധൎമ്മസംരക്ഷണത്തിനു പാത്രീഭൂതനായി അനുഭവിച്ച കഷ്ടതകളും മതിയായില്ലയോ?

ബ്രഹ്മാവിൻെറ സൃഷ്ടികൎമ്മവും വിഷ്ണുവിൻെറ രക്ഷാകൎമ്മവും ഓരോ വിധത്തിൽ ജീവികൾക്കു ദുഃഖകാരണമാണെന്നഭിപ്രായം.

ഉരുത്തിരനാർശങ്കാരത്തുററനാൾപോതാതോ
വരുത്തമറിന്തെറിലൈവാവെൻറഴൈത്തെയിലൈ.

അ—അതതു ജന്മങ്ങളുടെ ഒടുവിൽ രുദ്രമൂൎത്തിയാൽ ചെയ്യപ്പെടുന്ന സംഹാരകൎമ്മത്തിനു് അധീനനായി ദുഃഖത്തെ പ്രാപിച്ചതും മതിയായില്ലയോ? ഇപ്രകാരമൊക്കെ ഞാൻ അനുഭവിച്ചുവരുന്ന സങ്കടങ്ങളെ, അല്ലയൊ പരമേശ! നിന്തിരുവടി അറിയുന്നില്ലയോ? അഥവാ, അറിയുന്നെങ്കിലും, വാ! എന്നു വാത്സല്യപൂൎവം വിളിച്ചു നിന്തിരുവടികളിൽ ചേൎത്തു അവിടെയിരുന്നുകൊൾക എന്നാജ്ഞാപിച്ചില്ലല്ലൊ.

കന്നിവനനാതാ കന്നിവനനാതാ
പിറപ്പെത്തവിതൈത്തയിലൈപിന്നാകക്കൊണ്ടയിലൈ
ഇറപ്പെത്തവിതൈത്തയിലൈയെന്നെൻവുകേട്ടയിലൈ.

അ—എനിക്കു തുടരെത്തുടരെ വന്നുകൊണ്ടേയിരിക്കും പിറവികളെ നീക്കി അനുഗ്രഹിച്ചോ, ഇല്ല. മാത്രമല്ല, മരണമെന്ന മഹാദുഃഖത്തെ തീൎത്തനുഗ്രഹിച്ചുവോ? അതുമല്ല എന്റെ ഭക്ത! നീ എന്തിനിത്രദുഃഖിക്കുന്നു എന്നു കരുണയോടെ അരുളിച്ചെയ്തുവോ? ഇല്ല. ഇത്രമേൽ കരുണചെയ്യാത്ത നിന്തിരുവടിയാണോ ജന്മമറുക്കുക എന്ന പരമാനുഗ്രഹം എനിക്കു ചെയ്യാൻപോകുന്നതു്? എന്നഭിപ്രായം.

പാശമെരിത്തയിലൈപരതവിപ്പെത്തീൎത്തയിലൈ
പൂശിയനീറെപ്പൂനെയെന്റളിത്തെയിലൈ

അ—എന്റെ പ്രാരബ്ധപാശത്തെ നിന്തിരുവടി ജ്ഞാനാഗ്നിയിൽ എരിച്ചു നശിപ്പിച്ചില്ല. ആ പാശബന്ധത്താലുണ്ടാകുന്ന ദുഃഖത്തെ നശിപ്പിച്ചതുമില്ല. ഭക്തന്മാരണിയുന്ന തിരുനീറെങ്കിലും തന്നു്, "എടാ അടിമേ" നീയും ഇതു ധരിച്ചുകൊൾക, എന്നരുളിച്ചെയ്തോ അതുമില്ല.

ഇത്രമേൽ ഈശ്വരകടാക്ഷമില്ലാത്ത എനിക്കു മോക്ഷസിദ്ധിയെങ്ങനെയുണ്ടാകാൻപോകുന്നു? എന്നഭിപ്രായം.

അടിമൈയെൻറുചൊന്നയിലൈയമുണിതത്തെയിലൈ
വിട്ടുമുലകംപോക്കിയുൻറൻവേടമളിത്തയിലൈ.

അ—ഞാൻ നിന്തിരുവടിയുടെ ദാസനാണെന്നുപറഞ്ഞു്, എല്ലാവരും അറിയത്തക്കവണ്ണം വെളിപ്പെടുത്തിയില്ല. ശിവപ്രിയകരങ്ങളായ പദാൎത്ഥങ്ങളിൽ പ്രധാനപ്പെട്ട ഒന്നായ രുദ്രാക്ഷമാലയെ നീ ധരിച്ചുകൊൾക എന്നനുഗ്രഹിച്ചില്ല. ജ്ഞാനികളാൽ ഉപേക്ഷിക്കപ്പെടുന്ന ലോകവാഴ്ചയെനീക്കി നിന്തിരുവടിയുടെ സാരൂപ്യപദവിയെ നൽകിയതുമില്ല.

ഇങ്ങിനെ മുക്തിസാധനങ്ങളിൽ യാതൊന്നും നിന്തിരുവടിയാൽ നൽകപ്പെടാത്ത ഞാൻ എങ്ങനെ മുക്തനാകാൻപോകുന്നു? എന്നു ഭാവം.

ഉന്നിലഴൈത്തെയിലൈ ഒൻറാകിക്കൊണ്ടയിലൈ
വിന്നടിയാർക്കൂട്ടത്തിനിയഴൈത്തുവൈത്തയിലൈ.

അ—അല്ലയോ ഭഗവൻ! ഞാൻ നിന്തിരുവടിയുടെ സായുജ്യമുക്തിയെ പ്രാപിക്കുമാറു വിളിച്ചു്, പരമാൎത്ഥമായ അദ്വൈതപദത്തെ ദാനംചെയ്തില്ല. അതു് ഉയൎന്നനിലയിലുള്ള ഒരനുഗ്രഹമാകകൊണ്ടു്, അതിനു ഞാൻ അധികാരിയല്ലെന്നിരുന്നാലും, എന്നെ വിളിച്ചു് അങ്ങയുടെ തൃപ്പാദഭക്തന്മാരുടെ കൂട്ടത്തിൽ ചേൎത്തുവയ്ക്കരുതോ? അതും ചെയ്തില്ല.

ഓങ്കുപരത്തുളൊളിത്തവടിയാർക്കടിയാൻ
ഈങ്കൊരടിയാനെമക്കെൻറുരൈത്തെയിലൈ

അ—ഒരിക്കലും ലയമില്ലാതെ വൃദ്ധിയെപ്രാപിച്ചിരിക്കുന്ന പരമാത്മാവിൽ മനസ്സിനെ രമിപ്പിച്ചിരിക്കുന്ന പരിശുദ്ധഭക്തന്മാരുടെ ദാസനാണു ഞാൻ അങ്ങനെയുള്ള ഭക്തന്മാരുടെ ദാസനാകകൊണ്ടു നീ എന്റെയും ദാസൻ തന്നെയെന്നു നിന്തിരുവടി അരുളിച്ചെയ്തില്ല.അങ്ങനെ അരുളിച്ചെയ്തെങ്കിൽ അപ്പൊഴേ എനിക്കു മോക്ഷം സിദ്ധിക്കുമായിരുന്നു എന്നു ഭാവം.

നാമന്തരിത്തൈയിലൈനാനൊഴിയനിന്റൈയിലൈ
ചേമവരുളിലൈനൈച്ചിന്തിത്തഴൈത്തൈയിലൈ.

അ—ഇവനും ഒരു ശിവഭക്തൻതന്നെ എന്നുള്ളപേർ നീ എനിക്കു നല്കിയില്ല. ഞാൻ എന്ന ഭാവത്തെ (അഹംഭാവത്തെ) എന്നിൽനിന്നും നീക്കി നിന്തിരുവടി വന്ന്, എന്റെ മനസ്സിൽ കുടികൊണ്ടില്ല. അങ്ങനെ തന്നത്താൻ എഴുന്നരുളിയിരിക്കുന്നതിനു പ്രിയംതോന്നിയില്ലെങ്കിലും, നിന്തിരുവടിയുടെ ചിദാനന്ദാനുഗ്രഹം ദേവിയിൽ എന്നെ വിളിച്ചിരുത്തിയതുമില്ല. ഇങ്ങനെ എല്ലാകാൎയ്യത്തിലും അങ്ങ് മൌനം ദീക്ഷിച്ചാൽ വേറാരാണെന്നെ രക്ഷിക്കാൻ? എന്നു ഭാവം.

മുത്തിയളിത്തൈയിലൈമോനംകൊടുത്തൈയിലൈ
ചിത്തിയളിത്തൈയിലൈചീരാട്ടിക്കൊണ്ടൈയിലൈ.

അ—എനിക്കു മോക്ഷത്തെ നല്കിയില്ല. ആ മോക്ഷത്തിനു സാധനമായ മൌനത്തേയും ദാനംചെയ്തില്ല. ഇവരണ്ടും (മൌനവും മോക്ഷവും) കൈവരുത്തുന്ന സിദ്ധിയേയും തന്നില്ല. എന്നെ കരുണാപൂർവം കടാക്ഷിച്ച്, ദാസനാക്കി സ്വീകരിച്ചതുമില്ല.

കരുണാനിധിയായ നിന്തിരുവടി അങ്ങനെ ചെയ്തസ്ഥിതിക്കു നിഷ്കരുണന്മാരായ മറ്റേതു ദേവന്മാരെയാണ് ഞാൻ അതിലേക്കു ഭജിക്കേണ്ടതു് എന്നു ഭാവം.

തപ്പൈത്തവിർത്തൈയിലൈതാനാക്കിക്കൊണ്ടൈയിലൈ
അവിപ്പരിയത്തീയാമെന്നാശൈത്തവിർത്തൈയിലൈ.

അ—എന്റെ തെറ്റുകളെ തിരുത്തിയില്ല, എന്നെ തൃപ്പാദപത്മങ്ങളോട് ഏകീകരിച്ചതുമില്ല. എന്നുമാത്രമല്ല ഒരിക്കലും അണയാതെ കുമറി എരിയുന്ന അഗ്നിപോലെയുള്ള എന്റെ ആശയെ നശിപ്പിച്ചതുമില്ല. ഞാൻ പിന്നെ എങ്ങനെയാണു രക്ഷപ്പെടേണ്ടതു്? എന്നു ഭാവം.

നിന്റനിലൈയിനിറുത്തിയെനൈവൈത്തയിലൈ
തുൻറുങ്കരണമൊടുതൊക്കഴിയപ്പാർത്തൈയിലൈ.

അ—പരമജ്ഞാനികൾ സദാ ആനന്ദം അനുഭവിക്കുന്ന മൌനനിലയിൽ (ആത്മാത്മയോഗസമാധിയിൽ) നീയും ഇരുന്നുകൊൾക എന്നുതു

ഗ്രഹിച്ച്, എന്നെ ആ നിലയിൽ എത്തിച്ചില്ല അതും പോകട്ടെ, പലകാലമായി എനിക്കു ദുഃഖത്തെച്ചെയ്യുകൊണ്ടിരിക്കുന്ന ഇന്ദ്രിയങ്ങളെ നിഗ്രഹിച്ച് സ്ഥൂലദേഹത്തെയും നശിപ്പിച്ചോ അതുമില്ല.

നിന്തിരുവടി ഇങ്ങനെ ചെയ്യാതിരിക്കുന്നതു ഓൎക്കുന്തോറും എനിക്കു അത്ര പരിശുദ്ധി സിദ്ധിച്ചില്ലെന്നുതന്നെ ഞാൻ വിചാരിക്കുന്നു എന്നു ഭാവം.

കട്ടവുലകക്കാക്ഷിക്കട്ടൊഴിയപ്പാത്തെയിലൈ
നിട്ടൈയിലേനില്ലെൻറുനീനിറുത്തിക്കൊണ്ടയിലൈ

അ—ഒരിക്കലും ഒഴിയാത്ത ദുഃഖപാശമെന്ന് എല്ലാവരാലും ശപിക്കപ്പെട്ട ലോകമായയുടെ ബന്ധത്തിൽനിന്നും എന്നെ മോചിപ്പിച്ചില്ല എന്നു മാത്രമല്ല സദാ ധ്യാനനിഷ്ഠനായിരുന്നാലും! എന്നരുളിച്ചെയ്ത് ആ നിഷ്ഠയിലെങ്കിലും എന്നെ ഇരുത്തിയോ എന്നാണെങ്കിൽ അതുമില്ല.

മോക്ഷാധികാരിയാകത്തക്ക യാതൊരു പരിശുദ്ധിയും എന്റെ മനസ്സിനു ഇതുവരെയുണ്ടാകത്തക്കവണ്ണം ദൈവം അനുഗ്രഹിച്ചില്ലെന്നു ഭാവം.

കന്നിവനനാത!കന്നിവനനാത!
കടൈക്കണരുൾതടാകന്നിവനനാതാ
കെട്ടക്കുമലമൊരുക്കിക്കിട്ടിവരപ്പാരേടാ.

അ—മധുരയിൽ എഴുന്നള്ളിയിരിക്കുന്ന സോമസുന്ദരേശ! എന്നെ ഏതുകാലത്തും കെട്ടത്തിക്കൊണ്ടേയിരിക്കുന്ന മൂലമലങ്ങളെ (പ്രാരബ്ധങ്ങളെ) നശിപ്പിച്ച് നിന്റെ സമീപത്തെ പ്രാപിക്കത്തക്കവണ്ണം കരുണാകടാക്ഷം പൊഴിച്ചാലും!

കാതൽതണിയേനോകണ്ടുമക്കിഴേനോ
ചാതൽതവിരേനോശങ്കടംതാൻതിരേനോ?

അ—അല്ലയോ ദൈവമേ! നിന്തിരുവടി എന്നിൽ കൃപാകടാക്ഷം പൊഴിക്കുന്നുവെങ്കിൽ ഞാൻ എന്റെ ആശാപാശത്തെ നശിപ്പിക്കയില്ലയോ? നിന്റെ ദർശനത്താൽ ആനന്ദിക്കയില്ലയോ? മരണദുഃഖത്തിൽനിന്നും നിവൃത്തിക്കയില്ലയോ? അതുമൂലമുണ്ടാകുന്ന സങ്കടങ്ങളിൽനിന്നും വേർപെടുകയുമില്ലയോ?

അങ്ങേ കൃപാകടാക്ഷം എല്ലാ ദുഃഖങ്ങളെയും നശിപ്പിക്കുന്നതാണെന്നഭിപ്രായം.

ഉന്നൈത്തുതിയേനോഉൗർനാടിവാരേനോ
പൊന്നടിയൈപ്പാരേനോപൂരിത്തുനില്ലേനോ?

അ—ഏതുകാലത്തും നിന്തിരുവടിയെ മറക്കാതെ ഞാൻ സ്തുതിക്കയില്ലയോ? നീ എഴുന്നെള്ളിയിരിക്കും ഊരുകൾതോറും സഞ്ചരിക്കയില്ലയോ? അങ്ങനെ സഞ്ചരിച്ചു നിൻെറ തിരുവടികളെ ദർശിക്കയില്ലയോ? ആ ദർശനത്താൽ ആനന്ദപാരമ്യത്തെ പ്രാപിക്കയില്ലയോ?

ഇങ്ങനെ ഭക്തിമാർഗ്ഗങ്ങളിൽ പ്രവർത്തിക്കാൻ മനസ്സുള്ള എനിക്കു മുക്തിനല്കാൻ സംശയിക്കുന്നതെന്തു കാരണമോ എന്നു ഭാവം.

ഓങ്കാരപ്പൊൽച്ചിലമ്പിനുല്ലാസംപാരേനോ
പാങ്കാനതണ്ടെഭപലപണിയുംപാരേനോ?

അ—മേൽപറഞ്ഞപ്രകാരം നിന്തിരുവടിയുടെ തൃപ്പാദദർശനം ലഭിക്കുമ്പോൾ, ആ തിരുവടികളാൽ വിളങ്ങുന്ന ഓങ്കാരസ്വരൂപമായ ചിലമ്പിൻെറ (ചിലമ്പും ഓങ്കാരവും നാദജനകമാകയാൽ ഇങ്ങനെ രൂപണം ചെയ്തിരിക്കുന്നു) ആനന്ദരമ്യതയേയും പ്രകാശമാനമായ തണ്ടയേയും(നൃത്തസമയത്തു ശിവൻ ഉപയോഗിക്കുന്നതു്) മററും പല ആഭരണങ്ങളേയും ഞാൻ ദർശിക്കയില്ലയോ?

വീരകണ്ടാമണിയിൻവെററിതന്നെപ്പാരേനോ
ശൂരർകണ്ടുപോററുമന്ത ചുന്തരത്തെപ്പാരേനോ?

അ—വീരഘണ്ടകളെ (നൃത്തസമയത്തു് എളിയിൽ ധരിക്കുന്ന നാകമണികളെ) ധരിക്കുന്ന വിക്രമത്തെയും വീരശൂരന്മാർപോലും തലതാഴ്ത്തി നിന്നു സ്തുതിക്കുന്ന നിൻെറ സുന്ദരശരീരത്തേയും ഞാൻ ദർശിക്കയില്ലയോ?

എന്നാൽ ഇങ്ങനെ ദർശിക്കുന്നതിനു നിന്തിരുവടിയുടെ അനുഗ്രഹമാണിനി ആവശ്യം എന്നു ഭാവം.

ഇടൈയിൽപുലിത്തോലിരുന്തകലംപാരേനോ
വിടൈയിലെഴുന്തരുളുംവെററിതന്നെപ്പാരേനോ?

അ—നിൻെറ അരയിൽ ധരിച്ചിരിക്കുന്ന പുലിത്തോലായ വസ്ത്രത്തിൻെറ അഴകിനേയും കാളയാകുന്ന വാഹനത്തിന്മേൽ എഴുന്നെള്ളുന്ന മഹിമാതിശയത്തേയും ഞാൻ ദർശിക്കയില്ലയോ?

നിന്തിരുവടിയുടെ അനുഗ്രഹമുണ്ടെങ്കിൽ എനിക്കതു സാധിക്കുമെന്നു് അർത്ഥം.

ആനൈയുരിപോർത്തവഴകുതന്നെപ്പാരേനോ
മാനൈപ്പിടിത്തേന്തുമലർക്കരത്തെപ്പാരേനോ?

അ—ആനയുടെ തോൽ അരയിൽ ചാർത്തിയിരിക്കുന്ന അഴകേയും ഇടതുകരത്തിൽ മാനിനെ ധരിച്ചിരിക്കുന്ന അഴകിനേയും ഞാൻ ദർശിക്കയില്ലെന്നോ?

**മാണ്ടർതലൈപ്പൂണ്ടമാവ്ഴകൈപ്പാരേനോ
ആണ്ടാർനമക്കേനൈറെന്തുതിരിയേനോ?**

അ—സർവസംഹാരകാലത്തിൽ നശിക്കുന്ന ദേവന്മാരുടെ (ബ്രഹ്മാവിഷ്ണുദേവന്മാരുടെ) ശിരസ്സുകളെല്ലാം മാലയാക്കി സ്വീകരിച്ചണിഞ്ഞിരിക്കുന്ന നെഞ്ചിൻെറ അഴകിനേയും ഞാൻ ദർശിക്കയില്ലയോ? കൂടാതെ നമ്മെയെല്ലാം തൃപ്പാദദാസനാക്കി രക്ഷിക്കുന്ന ദയാപരൻ പരമശിവനാണെന്നു ലോകരോട് ഉപദേശിച്ചുകൊണ്ടു ഞാൻ പലദിക്കിലും ചുററിസ്സഞ്ചരിക്കയില്ലയോ.

**കണ്ടംകറുത്തുനിൻറകാരണത്തെപ്പാരേനോ
തൊണ്ടർകുഴിവിനിൻറതോററമതൈപ്പാരേനോ?**

അ—നിന്തിരുവടിയുടെ കഴുത്തിൽ കറുപ്പാടിയതുകൊണ്ടുള്ള ഭംഗിയേയും, മോക്ഷേച്ഛുക്കളായ ഭക്തന്മാർ കൂട്ടംകൂട്ടമായി നിന്തിരുവടിയുടെ സന്നിധിയിൽ കൂടിയിരിക്കുന്ന അത്ഭുതകാഴ്ചയേയും ഞാൻ ദർശിക്കയില്ലയോ?

**അരുൾംപഴുത്തമാമതിയാമാനനത്തെപ്പാരേനോ
തിരുനയനച്ചടൈയൊളിരുച്ചെഴുങ്കൊഴമൈപ്പാരേനോ?**

അ—അനുഗ്രഹത്തിരുവരുളാകുന്ന പഴം പാകമായി നില്ക്കുന്ന ചന്ദ്രതുല്യമായ മുഖത്തിൻെറ അഴകേയും അനുഗ്രഹം തുളുമ്പിനില്ക്കുന്ന കൃപാകടാക്ഷത്തിൻെറ പരിപൂർണ്ണമായ ഭംഗിയേയും ദർശിക്കയില്ലെന്നോ?

**ചെംകുമിളിൻതുണ്ടംവളർചിങ്കാരംപാരേനോ
അങ്കനിയൈവെൻറവതരത്തെപ്പാരേനോ?**

അ—ചെമന്ന കുമിഴിൻപൂവുപോലെയുള്ള മൂക്കിൻെറ ശോഭയേയും അഴകുള്ള കോവൽപഴത്തിനേക്കാളും അഴകേറിയ അധരത്തിൻെറ ചെമപ്പേയും ദർശിക്കയില്ലയോ? അങ്ങനെ ദർശിക്കാതിരുന്നാൽ മുക്തിക്കു മററു മാർഗ്ഗമില്ലായ്കയാൽ ഏതുവിധത്തിലും ഞാൻ ദർശിക്കതന്നെ ചെയ്യും എന്നു ഭാവം.

**മുല്ലൈനിലവെറിക്കുമൂരലൊളിപാരേനോ
അല്ലാർപുരുവത്തഴകുതനൈപ്പാരേനോ?**

അ—മുല്ലപ്പൂപോലെയും ചന്ദ്രപ്രകാശംപോലെയും വെൺമചെററ പല്ലണിയുടെ അഴകിനേയും കറുത്ത പുരികങ്ങളുടെ ശോഭയേയും ദർശിക്കയില്ലയോ?

മകരങ്കിടന്തോളിരുംവണ്ണമതന്നെപ്പാരേനോ
ചീകരമുടിയഴകുഞ്ചെഞ്ചടയുംപാരേനോ?

അ—മകരമത്സ്യത്തെപ്പോലെ വടിവുതികഞ്ഞ കുണ്ഡലങ്ങളുള്ള കാതുകളുടെ ശോഭയേയും ശിരസ്സിന്മേൽ വിളങ്ങുന്ന മുടിയുടെ അഴകിനേയും ചെമന്ന ജടാഭാരത്തിൻെറ അഴകിനേയും ദർശിക്കയില്ലെന്നാണോ?

കങ്കൈയോടുതിങ്കണിൻെറകാക്ഷിതന്നൈപ്പാരേനോ?
പൊങ്കരവൈവെത്താൻചടൈയിൽപൂണ്ടവിതംപാരേ—?

അ—ഗംഗാദേവിയും ചന്ദ്രനും വിളങ്ങുന്ന ശിരസ്സിൻെറ ശോഭയേയും ഉഗ്രങ്ങളായ സർപ്പങ്ങളെ ജടയിൽ ധരിച്ചിരിക്കുന്ന അഴകിനേയും ദർശിക്കയില്ലെന്നാണോ?

ചരക്കൊൻെറപൂത്തചടൈക്കാട്ടൈപ്പാരേനോ
എരുക്കറുകുമത്തൈയണിയേകാന്തംപാരേനോ?

അ—ശരൽക്കാലത്തെ കൊന്നപ്പൂക്കൾ പൂത്തിരിക്കകൊണ്ടു പ്രശോഭിക്കുന്ന ജടാഭാരമാകുന്ന വനത്തിൻെറ ഭംഗിയേയും എരിക്കിൻപൂ കറുകപ്പുൽ ഉമ്മത്തിൻെറ പൂവ് ഇവയെ അണിഞ്ഞിരിക്കുന്ന ഏകാന്തരൂപത്തിൻെറ വിശിഷ്ടതയേയും ദർശിക്കയില്ലെന്നോ?

കൊക്കിറകുചൂടിനിൻെറകൊണ്ടാട്ടംപാരേനോ
അക്കിനിയൈയേന്തിനിൻെറവാനന്ദംപാരേനോ

അ—(ഞാൻ ഈ ലോകത്തിൽ ജനിച്ചതുതന്നെ, നിന്തിരുവടിയെ സ്തുതിക്കുന്നതിനും നിന്തിരുവടിയുടെ സ്വരൂപത്തെ ദർശിക്കുന്നതിനും ആകയാൽ കാലത്തെ വൃഥാകളകയില്ലെന്നു പറയുന്നു)

കൊക്കിൽ ചിറകുകളെ ധരിച്ചുകൊണ്ടിരിക്കുന്ന അഴകേയും വലതു കൈയിൽ മഴുവെത്താങ്ങിക്കൊണ്ടിരിക്കുന്ന അഴകേയും ഞാൻ ദർശിക്കയില്ലയോ?

തൂക്കിയകാലുംതുടിയടിയുംപാരേനോ
താക്കുമുയലകന്മേററാണ്ടവത്തൈപാരേനോ?

അ—നിന്തിരുവടിയുടെ കുഞ്ചിതപാദത്തേയും (നൃത്തസമയത്തു വളച്ചുയർത്തിപ്പിടിച്ചിരിക്കുന്ന പാദത്തേയും) ആ പാദത്താൽ ചെയ്യപ്പെടുന്ന നടനത്തേയും ആ നടനത്തിനനുസരണമായി അടിക്കപ്പെടുന്ന തുടിയുടെ (വാദ്യവിശേഷത്തിൻെറ) അടിയേയും കാലൂന്നി നടിക്കുന്ന നടനത്തേയും ഞാൻ ദർശിക്കയില്ലെന്നോ?

വിശ്രുകരമുംവികസിതമുംപാരേനോ
ആശൈയളിക്കമപയകരംപാരേനോ?

അ—വീശിക്കൊണ്ടിരിക്കുന്ന നിന്തിരുവടിയുടെ കരത്തേയും മുഖപ്രസാദത്തെയും പ്രാണികളിൽ നിന്തിരുവടിക്കുള്ള കാരുണ്യത്തെ വെളിപ്പെടുത്തുന്ന അഭയമുദ്രക്കൈയേയും ഞാൻ ദർശിക്കയില്ലെന്നോ?

അരിപിരമർപോററവമരർജയജയന
പ്പെരിയമൈമെപാകംവളർപേരഴകൈപ്പാരേനോ?

അ—വിഷ്ണുവും ബ്രഹ്മാവും സ്തുതിവാക്യങ്ങൾ വഷിക്കമാറും ദേവന്മാർ ജയജയശബ്ദം മുഴക്കമാറും ശ്രീപാർവതി ഇടതുഭാഗത്തു എഴുന്നെള്ളി ഇരിക്കെ അടിയരുളുന്ന നിന്തിരുവടിയുടെ അഴകും ദർശിക്കയില്ലെന്നോ?

ശ്രുന്തരനീററിൻചൊകുചുതനെപ്പാരേനോ
ചന്തിരചേകരനായ്തയവുചെയ്യൽപാരേനോ?

അ—അഴകേറിയ വിഭൂതിയുടെ വിലാസത്തേയും ചന്ദ്രനെ ശിരസ്സിൽ ധരിച്ചുകൊണ്ടു കരുണാമൂർത്തിയാണ താൻ എന്നു സ്പഷ്ടമാക്കമാറു വന്നു് ലോകരെ അനുഗ്രഹിക്കുന്ന മഹിമാതിശയത്തേയും ഞാൻ ദർശിക്കയില്ലെന്നോ?

കന്നിവനനാതാകന്നിവനനാതാ
കെട്ടനാൾകെട്ടാലുംകിരുപൈയിനിപ്പാരേടാ
പട്ടനാൾപട്ടാലുംപതമെനക്കുകിട്ടാതോ?

അ—മധുരയിൽ എഴുന്നെള്ളിയിരിക്കുന്ന പരമേശ! ഞാൻ പരമപദമടയുന്നതിനായി പ്രയത്നപ്പെട്ടകാലം വിഫലമായിപ്പോയതെല്ലാം പോകട്ടെ. എന്നാൽ ഒരിക്കൽ, ആ പരമപദം എനിക്കു ലഭിക്കാതെ പോകുമോ ഇല്ല. ഇനിയെങ്കിലും നിന്തിരുവടിയുടെ കരുണാകടാക്ഷം എന്നിൽ അരുളുമാറാകണം.

നൽപരുവമാക്കുമന്തനാളെനക്കുകിട്ടാതോ
എപ്പരുവമുങ്കഴൻറവേകാന്തങ്കിട്ടാതോ?

അ—മോക്ഷത്തിനധികാരിയാകത്തക്കവണ്ണമുള്ള പക്വത എനിക്കു സിദ്ധിക്കയില്ലയോ? ആ പരിപക്വാവസ്ഥയും നീങ്ങി പിന്നീടു കൈവരുന്നതായ ഏകാന്തജ്ഞാനവും എനിക്കു സിദ്ധിക്കയില്ലയോ.

വാക്കിവളനിൻറമൌനമതുകിട്ടാതോ
താക്കിറന്തുനിൽക്കുമന്തത്താർശ്രുത്തികിട്ടാതോ?

അ—വാക്കററു് ശിവസമാധിയിൽ ലയിച്ചിരിക്കുമാറുള്ള ഉൽകൃഷ്ട ജ്ഞാനം എനിക്കു സിദ്ധിക്കയില്ലയോ? യാതൊന്നിലും ആശയില്ലാത്തവിധമുള്ള മനശ്ശുദ്ധിയും എനിക്കു ലഭിക്കയില്ലയോ?

വെന്തുയരെത്തീക്കുമന്തവെട്ടവേളികിട്ടാതോ
ചിന്തയെയ്യന്തിക്കുമന്തത്തേറലതുകിട്ടാതോ?

അ—മഹാദുഃഖങ്ങളെയൊക്കെ തീക്കുന്ന ആത്മാത്മജ്ഞാനസ്വരൂപമാകുന്ന ശുദ്ധശൂന്യനില എനിക്കു കിട്ടുകയില്ലയോ? മനോവിചാരങ്ങളെ ഇല്ലാതാക്കുന്ന ബ്രഹ്മാനന്ദം എനിക്കു സിദ്ധിക്കയില്ലയോ?

ആനവടിയാക്കടിമൈകൊളക്കിട്ടാതോ
ഊനമരവെന്നൈഉണത്തുവിത്തൽകിട്ടാതോ?

അ—നിന്തിരുപ്പാദശുശ്രൂഷയ്ക്കു തക്ക ഭക്തന്മാക്കു ദാസനാകത്തക്കവണ്ണം എന്നെയും അനുഗ്രഹിക്കുമാറു് എനിക്കു സംഗതി വരികയില്ലല്ലോ? യാതൊരു കേടും എനിക്കു പററാതവണ്ണം തിരുവായ് മലന്ന ഉപദേശം എനിക്കു സിദ്ധിക്കയില്ലയോ?

എന്നെൻറുശൊല്ലുവണ്ടാവെൻകുരുവേ കേളടാ
പിന്നൈയെനക്കുനീയല്ലാൽപിറിതലൈയേ

അ—എൻെറ ഗുരുനാഥനായ ഭഗവൻ! എനിക്കു നിന്തിരുവടിയല്ലാതെ ഉററസഹായികളായി മററാരുമില്ല. നിന്തിരുവടി എന്നിൽ കരുണ ചെയ്യുന്നുമില്ല. ഇനി ഞാൻ എങ്ങനെപറഞ്ഞാണു നിലവിളിക്കേണ്ടതു്?

കന്നിവനനാതാ കന്നിവനനാതാ!
അന്നവിചാരമതുവററവിടംകിട്ടാതോ
ശൊന്നവിചാരന്തൊലൈന്തവിടംകിട്ടാതോ?

അ—ജ്ഞാനികളായവർ ഭക്ഷണചിന്ത കൈവിട്ടുനിന്ന വിശുദ്ധപദം ഏതോ—ദ്രവ്യാശയോടുകൂടാതെ സ്ഥിതിചെയ്യുപദം ഏതോ? ആ മഹാസ്ഥാനം എനിക്കു സിദ്ധിക്കയില്ലയോ?

ഉലകവിചാരമൊഴിന്തവിടംകിട്ടാതോ
മലക്കുഴവിൻമിന്നാർവശിയാതുംകിട്ടാതോ?

അ—മണ്ണാശ ഒഴിഞ്ഞുനിൽക്കുന്ന സ്ഥാനം ഏതോ? പ്രാരബ്ധാധീനമായ പെണ്ണാശ നീങ്ങിയ സ്ഥാനം ഏതോ? ആ സ്ഥാനം എനിക്കു ലഭിക്കയില്ലയോ?

മണ്ണാശയും പെണ്ണാശയും നീങ്ങിയസ്ഥാനം മുക്തിപരമാകുന്നു. ആ മുക്തിപദം എനിക്കു ദാനംചെയ്യണമെന്നഭിപ്രായം.

ഒപ്പുപമൈപറേറാടൊഴിന്തവിടംകിട്ടാതോ
ചെപ്പുതക്കുമെട്ടാത്തെളിന്തവിടംകിട്ടാതോ.

അ—സമത്വം, ദൃഷ്ടാന്തം, ബന്ധം, എന്നീമൂന്നും ഒഴിഞ്ഞ ഇടം ഏതോ? വാക്കിന്നു വിഷയമല്ലാതെ പ്രകാശമാനമായി പരിലസിക്കുന്ന സ്ഥാനം ഏതോ? ആ സ്ഥാനം എനിക്കു കൈവരികയില്ലയോ?

തുല്യവസ്തുസ്ഥിതിയോ ദാർഷ്ടാന്തികസ്ഥിതിയോ ബന്ധമോ ഒഴിഞ്ഞ സ്ഥാനം, മുക്തിപദമെന്നൎത്ഥം.

വാക്കുമനാതീതവകോചരത്തിൽചെല്ലവെന്നൈ
ത്താക്കുമരുൾക്കുരുവേനിൻറാളിണൈക്കേയാൺപോററി

അ—വാക്കിന്നും മനസ്സിന്നും വിഷയമല്ലാതെ വിളങ്ങുന്ന ഇടത്തിന്നു പോകുമാറു് എനിക്കു ഉപദേശം തരുന്നതിന്നു് എഴുന്നരുളിവന്ന ജ്ഞാനാചാൎയ്യരേ! നിന്തിരുവടിയുടെ കാലിണയ്ക്കുവേണ്ടി ഞാൻ പലകാലമായി സ്തുതിചെയ്യുന്നു.

പട്ടണത്താരുടെ പ്രഥമപ്രലാപം സമാപ്തം.

പട്ടണത്തുപിള്ളയാർ

തിരുവായ്മലർന്തരുളിയ അരുൾപ്പുലംപൽ

ഐങ്കരനൈത്തെണ്ടനിട്ടേനരുളടെയവേണ്ടുമെൻറു
തങ്കാമൽവന്തൊരുവൻതൽച്ചൊരൂപംകാട്ടിയെന്നൈ.

അ—ഞാൻ മുക്തിപദത്തെ പ്രാപിക്കുന്നതിൽ താൽപൎയ്യമുള്ളവനായിട്ടു് അഞ്ചു തൃക്കൈകളുള്ള വിഘ്നേശ്വരഭഗവാനെ നമസ്കാരംചെയ്തു. അങ്ങനെ ചെയ്തുകൊണ്ടു് നിഷ്കളങ്കം ഒരു മൂൎത്തി എഴുന്നെള്ളിവന്നു തൃപ്പാദദാസനായ എന്നെ,

കൊള്ളൈപ്പിറപ്പറുക്കക്കൊണ്ടാൻകുരുവടിവം
കള്ളപ്പുലനറുക്കകാരണമായ്യന്താണ്ടി.

അ—എടി! പെണ്ണേ! ആദ്യകാലംതൊട്ടു തുടരെ ഉണ്ടായിക്കൊണ്ടിരിക്കുന്ന അസംഖ്യജന്മങ്ങളെ, അറുക്കുന്നതിന്നു മേൽപറഞ്ഞ ആ മൂൎത്തിജ്ഞ ം

നാചാൎയ്യനായും, വഞ്ചനശീലങ്ങളായ ഇന്ദ്രിയങ്ങളെ നിഗ്രഹിക്കമാറു കാരണഗുരുവായും ദിവ്യശരീരത്തോടുകൂടി എഴുന്നെള്ളിവന്നു. ആഹാ! ഇതെന്തൊരു കരുണാവിലാസമോ? അറിയുന്നില്ല എന്നുഭാവം.

ആതാരമോരാറുമൈമ്പത്തോരക്ഷരമും
ചൂതാനകോട്ടെയെല്ലാംചുട്ടാൻതുരിശറവേ.

അ—ഓ പെണ്ണേ! ആറാധാരങ്ങളേയും ആ ആധാരങ്ങളുടെചക്രയിതളുകളിൽ സ്ഥിതിചെയ്യുന്ന അമ്പൊത്തന്നക്ഷരങ്ങളേയും അവയുടെ(ആധാരങ്ങളുടെ) ചക്രകോണുകളെ ചുററിഇടപ്പെടുന്ന വലയങ്ങളായ കോട്ടകളെയും, ശരിവരെ അറുത്തൊഴിച്ചു.

ആധാരം ആറെന്നു പറഞ്ഞതു്, മൂലാധാരം, സ്വാധിഷ്ഠാനം, മണിപൂരം, അനാഹതം, വിശുദ്ധി, ആജ്ഞ ഇവയാകുന്നു. ഇവയ്ക്കു മുക്കോണം, നാൽക്കോണം ഇത്യാദി ആറുചക്രങ്ങളും, ആ ചക്രങ്ങൾക്കു യഥാക്രമം, നാലു്, ആറു്, പത്തു്, പന്ത്രണ്ടു്, പതിനാറു്, മൂന്നു്, എന്ന കണക്കിൽ ഇതളുകളും ഉണ്ടു്. ആ ഇതളുകളിൽ ഓരോന്നിലും ഓരോ അക്ഷരം ഇരിക്കുന്നു. ഇതാണു് അമ്പത്തൊന്നക്ഷരം.

മെത്തവികാരംവിളൈക്കുംപലപലവാം
തത്തുവങ്കളെല്ലാംതലൈകെട്ടുവന്തതെടി.

അ—എടീപെണ്ണേ! ആ ദിവ്യമൂൎത്തി അപ്രകാരം ചെയ്കതിനാൽ മഹാദുഃഖങ്ങളെച്ചെയ്യുകൊണ്ടിരിക്കുന്ന എല്ലാ തത്ത്വങ്ങളും തങ്ങളുടെ പ്രവൃത്തിയിൽ നിന്നും ഒഴിഞ്ഞുകഴിഞ്ഞു.

ഇനി എനിക്കു മുക്തിപദം നൽകുന്നതിനു യാതൊരു കുറവുമില്ലെന്നൎത്ഥം.

എന്നോട്ടുടൻപിറന്താരെല്ലാരുംപട്ടാർകൾ
തന്നന്തനിയേത്തരിത്തിരുക്കമൊട്ടേണ്ടി.

അ—പെണ്ണേ! എനിക്കു സഹായമായി ജനിച്ചു എന്നെ ഒരുകാലത്തും പിരിയാതെ ചേൎന്നിരുന്നവരെല്ലാം ഇപ്പോൾ മരിച്ചുപോയി. അതുകൊണ്ടു ഞാൻ മാത്രം തനിയേ ഇരിക്കയില്ല.

എന്നോടുകൂടി ജനിച്ചുചേൎന്നിരുന്നവർ എന്നു പറഞ്ഞതു മേൽപറഞ്ഞ തത്ത്വങ്ങളെക്കുറിച്ചാകുന്നു.

എല്ലാരുംപട്ടകളമെൻറുതൊലൈയുമടി
ചൊല്ലിയഴുതാൻതുയരമെനക്കാറുമെടി.

അ—പെണ്ണേ! മേൽപറയപ്പെട്ടവരെല്ലാം നശിച്ചുകഴിഞ്ഞ ചുടലക്കളം എന്നേക്കു മറഞ്ഞുപോകുമോ? ആ സംഗതി ഓൎക്കുമ്പോൾ എനിക്കു വ്യസനമായിരിക്കുന്നു. ഞാൻ അവയെ എടുത്തു പലവിധത്തിൽ മുറവിളിച്ചുകരഞ്ഞെങ്കിൽ മാത്രമേ എനിക്ക് ആ ദുഃഖം നീങ്ങുകയുള്ളു. അങ്ങനെ ചെയ്യാതിരുന്നാൽ അതു നീങ്ങുകയില്ല.

"ചുടലക്കളം എന്നേക്കുമായും എന്നുപറഞ്ഞതു് ജനനമരണങ്ങൾ എന്നു നീങ്ങും" എന്ന അൎത്ഥത്തിലാകുന്നു.

മൺമുതലായൈമ്പൂതമാണ്ടുവിഴക്കണ്ടേണ്ടി
വിൺമുതലായൈമ്പൊറികൾവെന്തുവിഴക്കണ്ടേണ്ടി.

അ—പെണ്ണേ! പൃഥിവി, അപ്പു്, തേജസ്സ്, വായു, ആകാശം എന്നീ ഭൂതങ്ങളുഞ്ഞും, അവയുടെ വ്യാപാരങ്ങളും തീരെ നശിച്ചൊഴിഞ്ഞതും, ശബ്ദം മുതലായ വിഷയങ്ങളുള്ള കാതുമുതലായ അഞ്ചിന്ദ്രിയങ്ങളും, തീരെ വെന്തടിഞ്ഞതും ഞാൻ പ്രത്യക്ഷമായിക്കണ്ടു.

പഞ്ചഭൂതങ്ങളുടെയും പഞ്ചേന്ദ്രിയങ്ങളുടെയും ചേഷ്ടകൾ മുഴുവൻ എന്നിൽ നിന്നൊഴിഞ്ഞു. ഇനി ഞാൻ മോക്ഷത്തിനധികാരി അല്ലെ? എന്നു ഭാവം.

നീക്കാപ്പുലങ്കളൈന്തുനീറാകവെന്തതെടി
വാക്കാതിയൈവരെയുമാണ്ടുവിഴക്കണ്ടേണ്ടി.

അ—പെണ്ണേ! ജ്ഞാനേന്ദ്രിയങ്ങളുഞ്ഞും കൎമ്മേന്ദ്രിയങ്ങളുഞ്ഞും നശിച്ചൊടുങ്ങിയതു ഞാൻ കണ്ടുകഴിഞ്ഞു. കാതു്, കണ്ണു്, മൂക്കു്, നാക്കു്, തക്കു് ഇവ ജ്ഞാനേന്ദ്രിയങ്ങൾ. വാക്കു്, പാദം, പാണി, പായു, ഉപസ്ഥം ഇവ കൎമ്മേന്ദ്രിയങ്ങൾ.

മനമുകരണമത്തനൈയുംവകൈവകൈയേപ്പട്ടഴിയ
ഇന്നങ്കരണത്തോടേയെരിന്തുവിഴക്കണ്ടേണ്ടി.

അ—പെണ്ണേ! അന്തഃകരണവൃത്തികൾ നാലും (മനസ്സ് ബുദ്ധി ചിത്തം അഹംകാരം) മുറയ്ക്കോരോന്നായി ഒഴിയുന്നതും, മനോവാക്കായങ്ങൾ എന്ന ത്രികരണങ്ങൾ കഴിയുന്നതും ഞാൻ കണ്ടുകഴിഞ്ഞില്ലേ? കഴിഞ്ഞു എന്നഭിപ്രായം.

ആത്തുമതത്തുവങ്കൾഅടുക്കഴിയാവെന്തതടി
പോറവുംവകൈയെപ്പടിയോപോതമിഴന്താളേ.

അ—മേൽ പറഞ്ഞു കഴിഞ്ഞ ഇരുപത്തിനാലു ആത്മതത്വങ്ങളും ഓരോന്നായി ഒഴിഞ്ഞുതീരുകകൊണ്ടു ബുദ്ധിക്കു ഗോചരമല്ലാത്തവിധം അ

തിനപ്പുറമായി നിന്നുവിളങ്ങുന്ന പരമശിവനെ ഞാൻ ഏതുവിധത്തിൽ സ്തുതിക്കേണ്ടു? അറിഞ്ഞുകൂടാ.

വിത്തിയാതത്ത്വങ്കൾ വെന്തുവിഴക്കണ്ടേനടി
ശുത്തവിത്തൈയൈന്തിനേയും ചുട്ടാന്തുരിശറവേ.

അ—പെണ്ണേ! വിദ്യാതത്ത്വങ്ങളും ശുദ്ധവിദ്യാതത്ത്വങ്ങൾ അഞ്ചും, ശരിവരെ എരിഞ്ഞു നശിച്ചതുകൊണ്ട് അവയെല്ലാം ഭസ്മമായി ശേഷിച്ചതു ഞാൻ കണ്ടു.

മൂൻറുവകൈക്കിളൈയുമുപ്പത്താറുവരൈയും
കാൻറുപിഴച്ചുട്ടകരുവേരറുത്താണ്ടി.

അ—പെണ്ണേ! മൂന്നുവകയായി നിന്നു വിളങ്ങുന്ന മുപ്പത്താറുതത്ത്വങ്ങളേയും തീരെ നശിപ്പിച്ച ജന്മമെന്ന വേരിനെ പിഴുതെറിഞ്ഞുകളഞ്ഞു.

കുരുവാകിവന്താനോകുലമറുക്കവന്താനോ
ഉരുവാകിവന്താനോ ഉരുവഴിക്കവന്താനോ.

അ—എനിക്കു ജ്ഞാനാചാര്യനായി എഴുന്നെള്ളിവന്നോ, അതോ എന്റെ കുലബന്ധത്തെ ഒഴിക്കുന്നതിനെഴുന്നെള്ളിവന്നോ, അതോ (കരുവി) ഇന്ദ്രിയങ്ങൾ അന്തഃകരണം ഇവ ചേൎന്ന് രൂപം പൂണ്ടു അവൻതന്നെ എഴുന്നള്ളിയോ, അഥവാ, എന്റെ സ്ഥൂലരൂപത്തെ (ഇക്കാണായ ശരീരത്തെ) നശിപ്പിക്കുന്നതിനായി എഴുന്നള്ളിവന്നുവോ? ഇല്ല. അതിനാൽ, പ്രാരബ്ധം ഇനിയും ഒടുങ്ങിയില്ലെന്നു ഞാൻ വിചാരിക്കുന്നു എന്നു ഭാവം.

കേട്ടവരുമെൻററിയേൻകെട്ടമതികണ്ടോൻറാമൽ
പാട്ടവരുമെൻററിയേൻപതിയാണ്ടിരുന്തേണ്ടി

അ—"കെട്ടമതികൾ" ഇന്നിന്നവയാണെന്ന് എന്റെ ബുദ്ധിയിൽ തോന്നായ്കകൊണ്ട് ഒരിക്കൽ കേട്ട് (ആപത്ത്) വന്നുകൂടുമെന്നു ഞാൻ ഓൎത്തതേയില്ല. ഞാൻ ഒരു നല്ല രാജ്യത്തെ പരിപാലിച്ചിരുന്നതുകൊണ്ടു മേൽക്കാലം എനിക്കു വരാവുന്ന ദുഃഖങ്ങളെക്കുറിച്ച്, അറിയാതെപോയി.

എല്ലാരുംപട്ടകളമിന്നവിടമെൻററിയേൻ
പൊല്ലാങ്കുതീൎക്കുംപൊറിയിലിയൈകണ്ടേനടി.

അ—പെണ്ണേ! ലോകത്തെ ആത്മകോടികളെല്ലാം നശിച്ചുവീണ സ്ഥലം ഇന്നതാണെന്നു ഞാൻ അറിഞ്ഞതേയില്ല. എന്നാൽ, നമ്മുടെ തിന്മകളെയെല്ലാം നിശ്ശേഷം തീൎത്ത് മോക്ഷദാനം ചെയ്യുന്നതിനു നിത്യനായ ഒരുത്തനെമാത്രം ഞാൻ കണ്ടുകൂടി.

"എല്ലാരുംപട്ടകള" എന്നതിന് മേൽപറഞ്ഞ മുപ്പത്താറുതത്വങ്ങളും നശിച്ചസ്ഥലം എന്നുമൎത്ഥമാം.

ഉൾക്കോട്ടൈക്കുള്ളിരുന്താരൊക്കമെടിന്താർകൾ
അൾക്കോട്ടൈക്കുള്ളിരുന്താരറുപത്തുപേർപട്ടാർകൾ.

അ—മേൽപറയപ്പെട്ട അന്തസ്ഥതത്വങ്ങളായ (അകത്തുള്ളതത്വങ്ങൾ) മുപ്പത്താറും തങ്ങളുടെ വ്യാപാരങ്ങൾ ഒഴിഞ്ഞു നശിച്ചുപോയി. മുൻപറഞ്ഞ ആ കോട്ടയ്ക്കു (ശരീരത്തിന്) അകത്ത് ഈ തത്വങ്ങൾ ഓരോന്നിനോടു സംബന്ധപ്പെട്ടിരുന്ന അറുപതു വെളിത്തത്വങ്ങളും തീരെ നശിച്ചുപോയി.

ഒക്കമെടിന്തകടിയുട്ടുരുവവെന്തതടി
കൽക്കോട്ടൈയെല്ലാംകരിക്കോട്ടൈയാച്ചുതടി.

അ—പെണ്ണേ! മേൽപറയപ്പെട്ട തൊണ്ണൂററാറു തത്വങ്ങളും ഒന്നിച്ചു നശിച്ചുപോയതിനാൽ ആ തത്വങ്ങളുടെ ഇരിപ്പിടമായിരുന്ന ഈ ദേഹമാകുന്ന കൽക്കോട്ട കരിക്കോട്ട (വെന്തുകരിഞ്ഞ ഭസ്മക്കോട്ട) യായിത്തീൎന്നു.

തത്വങ്ങളെല്ലാം നശിക്കുമ്പോൾ ശരീരവും നിലനിൽക്കയില്ലെന്നുള്ളതുകൊണ്ട് ഇങ്ങനെ പറഞ്ഞിരിക്കുന്നു.

തൊണ്ണൂററാറുവരയുംചുട്ടാൻതുരിശറവേ
കണ്ണീരുവട്ടതടികരുവേരറുത്താണ്ടി.

അ—ഇപ്രകാരം ജ്ഞാനാചാൎയ്യൻ മേൽപറഞ്ഞ തത്വങ്ങളെയെല്ലാം അതതിൻെറ തൊഴിലിൽ പ്രവേശിക്കാൻ സമ്മതിക്കാതെ നിയന്ത്രിക്കയാൽ അവ ഇരുന്ന സ്ഥാനമായ ശരീരം ചാമ്പലായിത്തീൎന്നു. ഉടനേ, അദ്ദേഹം തന്നെ നേരേവന്ന്; ജന്മത്തെ ഒടുക്കി അനുഗ്രഹിക്കുകയും ചെയ്തു.

തത്വങ്ങളുടെ വ്യാപാരം ഒഴിയുന്നതുതന്നെ മോക്ഷം എന്ന അൎത്ഥത്തിലാണിങ്ങനെ പറഞ്ഞിരിക്കുന്നതു്.

ഓങ്കാരംകെട്ടതടി ഉള്ളതെല്ലാംപോച്ചുതടി
ആങ്കാരംകെട്ടതടിഅടിയോടറുത്താണ്ടി.

അ—പ്രണവസ്വരൂപമായുള്ള ഓങ്കാരവും ആ ഓങ്കാരത്തിൽ അടങ്ങിയ സർവപ്രപഞ്ചവും, നാശത്തെ പ്രാപിച്ചു. അതിനാൽ അഹംകാരവും നീങ്ങിപ്പോയി. ഇങ്ങനെ ഇവയെല്ലാം നീങ്ങിപ്പോകുന്നതിനു കാരണമെന്തെന്നു നോക്കിയതിൽ എൻെറ ഗുരുസ്വാമിയുടെ പരമാനുഗ്രഹം തന്നെയെന്നു വെളിപ്പെട്ടിരിക്കുന്നു.

തരൈെയാംകുടിലൈെമുതൽത്തട്ടുരുവവെന്തതടി
ഇരൈെയുമനത്തിട്ടമ്പൈയെല്ലാമറുത്താണ്ടി.

അ—എൻെറ ജ്ഞാനാചാൎയ്യമൂൎത്തി ലോകവ്യവഹാരങ്ങളിൽ പ്രവേശിച്ചുകൊണ്ടിരിക്കുന്ന എൻെറ മനസ്സിൻെറ ദുഃഖങ്ങളെയെല്ലാം ശമിപ്പിച്ചു. അദ്ദേഹം അപ്രകാരം ചെയ്തതുകൊണ്ടു് ഭൂമിയായ കുടില മുതലായ ശക്തികളെല്ലാം തീരെ ഒഴിഞ്ഞു.

മുന്നൈെവിനൈെയെല്ലാമുഴുതുമറുത്താണ്ടി
തന്നൈെയറിയവേതാനൊരുത്തിയാനേണ്ടി.

അ—ഞാൻ പൂൎവജന്മത്തിൽ ചെയ്തു്, ഇപ്പോഴും അനുഭവിച്ചുകൊണ്ടിരിക്കുന്ന പാപപുണ്യങ്ങൾ രണ്ടിനേയും എൻെറ ജ്ഞാനാചാൎയ്യൻ മുൻനിന്നു ഒഴിച്ചുവിട്ടതിനാൽ എന്നെ ഞാൻ അറിയാനിടയായി. അപ്രകാരം എന്നെ ഞാൻ അറിയവേ, ഞാനല്ലാതെ മററാരും എന്നോടുകൂടിയില്ലെന്നുള്ള ഏകാന്തബോധവും ലഭിച്ചു.

പാപപുണ്യങ്ങൾ നശിക്കുമ്പോൾ, പ്രാരബ്ധം തുലയുന്നതുകൊണ്ടു് അഹങ്കാരവും നശിക്കുന്നു. അഹങ്കാരംപോയാൽ താൻ ആരെന്നുള്ള പരമാൎത്ഥബോധം ഉണ്ടാകുന്നു. ആ ബോധം ഉണ്ടായാൽ താൻ ഏകനായ ആത്മാവാണെന്നും മററന്യമായി ഒന്നുമില്ലെന്നുമുള്ള ബോധം ഉണ്ടാകുന്നു എന്നൎത്ഥം.

എന്നൈെയേനാററിയവിരുവിനൈെയുമീടഴിത്തു
തന്നൈെയറിയത്തലമെനക്കുചൊന്നാണ്ടി.

അ—പാപപുണ്യങ്ങളെ തീരെ നശിപ്പിച്ചു്, ഞാനാരാണെന്നുള്ള പരമാൎത്ഥബോധം എനിക്കുണ്ടായതിൽ പിന്നീടു്, അനുഗ്രഹപൂൎവ്വം ഒരു സ്ഥലം എനിക്കു കാട്ടിത്തന്നു് അവിടെയെഴുന്നെള്ളിയിരിക്കുന്ന പരമാത്മാവിനേയും അറിഞ്ഞുകൊള്ളുത്തക്കവണ്ണം ജ്ഞാനാചാൎയ്യർ, കരുണാപൂൎവ്വം ഉപദേശവാക്കരുളിച്ചെയ്തു.

തന്നൈെയറിന്തേണ്ടിതന്നിക്കുമറിയാനേണ്ടി
തന്നന്തനിയേതന്നിയിരിക്കുംപാക്കുവമേ?

അ—അങ്ങനെ കാണിച്ചുതന്ന സ്ഥലത്തു പാൎത്തു് പരമാത്മാവിനെയും അറിഞ്ഞുകഴിഞ്ഞു. അങ്ങനെ അറിഞ്ഞതിൻെറശേഷം എൻെറ അജ്ഞാനാവസ്ഥ നീങ്ങി പരിപക്വാവസ്ഥയെ പ്രാപിക്കുകയും ചെയ്തു. അങ്ങനെ പക്വാവസ്ഥയെ പ്രാപിച്ചിട്ടും ഏകാന്താവസ്ഥയെ പ്രാപിക്കത്തക്ക ബുദ്ധിപ്രകാശം എനിക്കു സിദ്ധിച്ചില്ല.

വീട്ടിലൊരുവരില്ലെവെട്ടവെളിയാനേണ്ടി
കാട്ടുക്കെറിന്തനിലാകനവാച്ചോകണ്ടതെല്ലാം

അ—ഞാൻ പ്രാപിച്ച സ്ഥലമായ ആ വീട്ടിൽ മററാരുമില്ല, അതിനാൽ ഞാനും ആ സ്ഥലത്തിന്റെ മഹിമാതിശയത്താൽ വ്യാപിക്കപ്പെട്ടവനായി ചിദാകാശസ്വരൂപനായി ഭവിച്ചു. അതു (എങ്ങിനായിരിക്കുന്നുവെന്നുവച്ചാൽ) കാട്ടിൽ വീശുന്ന നിലാവെളിച്ചംപോലെയും സ്വപ്നത്തിൽ കണ്ട കാഴ്ചപോലെയും ഇരിക്കുന്നു.

നകൈയാരോകണ്ടവർകൾനാട്ടുക്കപ്പാട്ടലവോ
പകൈയാരോകണ്ടവർകൾപോന്താരുക്കേച്ചലവോ?

അ—ഞാൻ ഇങ്ങനെയായിത്തീന്നതു കണ്ടവരെല്ലാം ചിരിക്കതന്നെ ചെയ്യും. എന്നല്ല, ഇതു ലോകക്ക് ഒരു പരിഹാസമായിത്തീരുകില്ലയോ? വന്നുകണ്ടവരെല്ലാം വിരോധികളാകയില്ലെ? സമീപത്തിൽ വന്നുകണ്ടവക്കെല്ലാം നീരസം തോന്നത്തക്കവണ്ണം അല്ലയോ ഇരിക്കുന്നതു്?

ഇങ്ങനെ എന്തെല്ലാം വിഷമതകൾ സംഭവിച്ചാലും ഞാൻ ആ പദത്തിൽനിന്നും ഒഴിഞ്ഞുപോരികയില്ലെന്നഭിപ്രായം.

ഇന്നിലമൈക്കണ്ടാണ്ടിയെങ്കുമിരുന്താണ്ടി
കന്നിയഴിന്താണ്ടികർപ്പെകുലൈത്താണ്ടി

അ—ഞാൻ വരികയില്ലെന്നുള്ള ഏകനിശ്ചയത്തോടുകൂടി അവിടത്തന്നെ ഇരിക്കുകയെന്ന നിലമയെ ഞാൻ മനസ്സിലാക്കി. അങ്ങനെ മനസ്സിലാക്കിയതിൽ പുറകു്, ആ ദിവ്യമൂത്തി എന്നെയും മൂടിയടഞ്ഞു സ്ഥിതിചെയ്യു. ആ നിലയിൽ എന്നെ തന്റെ ഉള്ളിൽ മറച്ചു്, എന്റെ കന്യകാത്വത്തെ നശിപ്പിച്ചു്, പാതിവ്രത്യഭംഗവും ചെയ്കയുണ്ടായി. (ജീവാത്മാവിനെ പരമാത്മാവു് സ്വാധീനപ്പെടുത്തി ഏകാത്മസ്വരൂപേണ സ്ഥിതിചെയ്യു എന്നാണു്, കന്യകാത്വത്തെ നശിപ്പിച്ചു പാതിവ്രത്യഭംഗം ചെയ്യു എന്നു പറഞ്ഞതിനത്ഥം) ഇതെന്തൊരു മായമൊ? മനസ്സിലാകുന്നില്ല.

കർപ്പുകുലൈന്തമൈയുംകരുവേരറുത്തമൈയും
പൊൻപുകലൈത്തലൈയുംപോഹമിഴന്നമൈയും.

അ—എന്റെ ചാരിത്രത്തെ അഴിച്ചതും ജന്മത്തെ അറുത്തതും അഴകിനെ നശിപ്പിച്ചതും ഇവയാൽ എന്റെ അറിവിനെ ഞാൻ ഇല്ലാതാക്കിയതും കൂടാതെ,

ഏന്നവിനൈവരുമോവിന്നമെനക്കെൻററിവേൻ
ചൊന്നചൊല്ലെല്ലാംപലിത്തതടിചോർവരേ.

അ—എനിക്ക് ഇനിയും എന്തെല്ലാം ആപത്തുകൾ വന്നു സംഭവി ക്കുമോ അറിഞ്ഞില്ല. എന്നാൽ, ജ്ഞാനാചാൎയ്യരുടെ കരുണാപൂൎവമായ ഉപദേശങ്ങളെല്ലാം ഒന്നും പിഴയ്ക്കാതെ ഫലപ്പെട്ടു.

ആ നിലയിൽ പാപപുണ്യങ്ങൾ വന്നു എന്നെ ദുഃഖിപ്പിക്കയില്ലെന്നു കരുതുന്നതായാലും, അതുപ്രകാരം എപ്പോഴും കരുതത്തക്ക ദൃഢത ഇനിയും എന്റെ മനസ്സിനു ഭവിച്ചില്ല എന്നു ഭാവം.

കംകുൽപകലററിടത്തേക്കാട്ടിക്കൊട്ടുത്താണ്ടി
പങ്കമഴിത്താണ്ടിപാൎത്താനെപ്പാൎത്തിരുന്തേൻ

അ—രാത്രിയെന്നും പകലെന്നുമില്ലാതെ എന്നും ഒരേ രൂപത്തിൽ വിളങ്ങുന്ന ചിദാകാശമെന്ന ആ അപൂൎവസ്ഥാനത്തെ, എനിക്കു എന്റെ ഗുരുനാഥൻ ഉപദേശമാൎഗ്ഗേണ കാട്ടിത്തന്നു.

ഉടനേ ഞാൻ അവിടെ കടന്നുചെന്നു. ചെന്നമാത്രയിൽതന്നെ എന്റെ കുററങ്ങളും കുറവുകളുമെല്ലാം നശിച്ചുകഴിഞ്ഞു. കുററങ്ങളും കുറവു കളുമായ മൂലമലങ്ങൾ ഒഴിഞ്ഞതിൽ പിന്നെ അവിടെയിരുന്ന ഒരുവൻ എന്നെ കണ്ണുതുറന്നു നോക്കി. ഞാനും അവനെത്തന്നെ നോക്കിക്കൊണ്ടി രുന്നു.

ഇങ്ങനെ പല അത്ഭുതങ്ങളെയും എനിക്കു കാട്ടിത്തന്ന ജ്ഞാനാ ചാൎയ്യനു ഞാൻ എന്തൊരു പ്രത്യുപകാരമാണു ചെയ്യാനുള്ളതു എന്നു ഭാവം.

ചാതിയിൽക്കൂട്ടുവരോചാൎത്തരത്തിക്കുള്ളാമോ
ഓതിയുണൎന്തതെല്ലാമുള്ളപടിയാച്ചുതടി.

അ—എന്നെ അപ്രകാരം ഒരുത്തൻ ചെയ്യതുകൊണ്ട് എന്റെ ബന്ധു ക്കൾ എന്നെ ജാതിയിൽ ചേൎത്തുനടത്തുമോ? പലവിധത്തിലുള്ള ഈ ധ്യാ നക്രമങ്ങളെല്ലാം ശാസ്ത്രങ്ങളിൽ പറഞ്ഞിരിക്കുന്നില്ലയോ? എന്നാൽ ആ ശാസ്ത്രങ്ങളെ ഞാൻ വായിച്ചുനോക്കീട്ടില്ലെങ്കിലും എന്റെ ഗുരുസ്വാമികൾ പറഞ്ഞുതന്നപ്പോൾ ഞാൻ മനസ്സിലാക്കിയവയെല്ലാം ശരിയായിത്തന്നെ അവസാനിച്ചു.

ഇങ്ങനെയെല്ലാം കരുണചെയ്ത ജ്ഞാനാചാൎയ്യനെക്കുറിച്ചു തനിക്കു ള്ള ഭക്തിബഹുമാനങ്ങളെത്രയെന്നു പരിച്ഛേദിക്കാവതല്ലെന്നു ഭാവം.

എനാകുററഞ്ചെയ്യേനോഎല്ലാരുംകാണാമൽ
അന്നൈചുററമെല്ലാം അറിയാരോവമ്പുവിയിൽ.

അ—എന്റെ ബന്ധുക്കൾ കാണാതെയിരിക്കത്തക്കവണ്ണം ഞാൻ എന്തെല്ലാം കുററങ്ങൾ ചെയ്തോ? എന്നാലും ഞാൻ കുററംചെയ്തതും ചെയ്യാ

ത്തളുമെല്ലാം എൻെറ അമ്മ മുതലായ ബന്ധുജനങ്ങൾ ഈ ലോകത്തിൽ മനസ്സിലാക്കുകയില്ലേ? മനസ്സിലാക്കും എന്നഭിപ്രായം.

കൊൻറവരെത്തിൻേറനോതിൻറാരെക്കൊൻേറനോ
എണ്ണാതെല്ലാമെണ്ണമിച്ചൈമറന്തേനോ.

അ—ജന്മാന്തരങ്ങളിൽ എന്നെ കൊന്നുതിന്ന ജീവികളെ ഞാൻ കൊന്നുതിന്നുമോ? അതല്ല മററപ്രാണികളെക്കൊന്നുതിന്നവരെ ഞാൻ കൊന്നുവോ? വിചാരിക്കാത്ത കാൎയ്യങ്ങളെയെല്ലാം വിചാരിക്കുന്നതിലുള്ള ഇഛയെ ഉപേക്ഷിച്ചുവോ ഒന്നും മനസ്സിലാകുന്നില്ല.

ചാതിയിൽക്കൂട്ടവരോ ചമയത്തോരെണ്ണവരോ
പേതിത്തുവാഴ്ന്തതെല്ലാംപേച്ചുക്കിടമാച്ചുതടി

അ—ഇവൻ ഇന്നിന്നവിധത്തിലുള്ള പാപം ചെയ്യുവനാണെന്നു പറഞ്ഞു്, ശൈവമതക്കാരായ പരിശുദ്ധന്മാർ എന്നെ തങ്ങളുടെ ജാതിയിൽ ചേൎത്തുനടത്തുമോ? ശൈവന്മാർ എന്നെ നോക്കുമോ? ഞാനിങ്ങനെ അവരെയൊക്കെ വഞ്ചിച്ചു എൻെറ ഗുരുസ്വാമിയുടെ ദ്ദ്ധോപദേശം അനുസരിച്ചു പ്രവൎത്തിച്ചതു് അവൎക്കെല്ലാം എന്നെക്കുറിച്ചു പലവിധത്തിൽ സംസാരിക്കുന്നതിനു കാരണമായിത്തീൎന്നു.

കണ്ടാൎക്കപ്പെണ്ണലവോകാണാൎക്കുകാമമടി
ഉണ്ടാർകളുണ്ടതെല്ലാ ഊണല്ലാതുൺപർകളോ!

അ—ഞാൻ കണ്ടവൎക്കെല്ലാം (സാധാരണ സ്ത്രീഭോഗത്തെ അനുഭവിക്കാത്തവൎക്കെല്ലാം) കാമം അധികമല്ലയോ? തിന്നവൻ തിന്നതെല്ലാം തിന്നുന്ന പദാൎത്ഥങ്ങളല്ലാതെ വേറെയുണ്ടോ?

കൊണ്ടാൎക്കുംകൊണ്ടതെല്ലാംകൊള്ളാതാർകൊള്ളുവരോ
വിണ്ടവർകൾകണ്ടവരോ കണ്ടവർകൾവിണ്ടവരോ.

അ—അനുഭവംകൊണ്ടവൎക്കു മുതലുകളെയെല്ലാം അനുഭവം കൊള്ളാത്തവർ സ്വീകരിക്കത്തക്ക സാമൎത്ഥ്യമുള്ളവരാകുമോ? ആ മുതലുകളെ ഉപേക്ഷിച്ചവർ കണ്ടവരാകുമോ. കണ്ടവർ ഉപേക്ഷിച്ചവരാകുമോ'

പണ്ടായനാന്മറൈകൾ പാടുംപരിശലവോ
തൊണ്ടായതൊണ്ടരുളന്തോറിയൊട്ടുംകുവതോ.

അ—ആ പരമാത്മാവു്, (പരമ്പൊരുൾ) ആദിമുതൽക്കേ പരമശിവനാൽ പുകഴ്ത്തപ്പെടുന്ന നാലുവേദങ്ങളാലും സ്തുതിക്കപ്പെട്ടതല്ലയോ? അടിമകളായ ഭക്തന്മാരുടെ ഹൃദയംതന്നെ ദേവാലയമാക്കി അതിനുള്ളിൽ വിളങ്ങി ഒടുങ്ങുന്നതുമല്ലയോ?

ഓതവരിതോ ഒരുവരുണർവരിതോ
വേതമറവെംകുംവിളംകുംപൊരുമൈയെൻകാൺ

അ—ആ പൊരുഠം (ആത്മതത്വമെന്നൎത്ഥം) പറയപ്പെടുന്നതിന്ന ദുർല്ലഭമായതാണോ? എങ്ങും ഓരോരുത്തൎക്കും അറിയപ്പെടുന്നതിന്ന ദുർല്ലഭമായതാണോ? നിൎഭേദമായി എങ്ങും വിളങ്ങുന്ന മഹിമാതിശയത്തോടുകൂടിയ പരമശിവൻ തന്നെയാണ് ആ പൊരുളായിരിക്കുന്നതു്.

വാക്കുമനമുങ്കടന്തമനോലയൻകാൺ
നോക്കവെരിയൻകാണരുന്നരിയനുന്നിയൻകാൺ.

അ—വാക്കിനും മനസ്സിനും വിഷയമല്ലാതിരിക്കുന്നവനാണെങ്കിലും, ആ മനസ്സിനുള്ളിൽ ലയിച്ചിരിക്കുന്നവനാകുന്നു. എന്നാൽ, ആ മനസ്സിനെ നിഗ്രഹിക്കാത്തവരാൽ കാണപ്പെടാൻ എളുപ്പമില്ലാത്തവനാണവൻ. സൂക്ഷ്മ(അല്പ)മായി അറിയുന്ന അറിവോടുകൂടിയവരിൽ അവരുടെ അറിവിനും വിഷയീഭവിക്കാതെ സൂക്ഷ്മമായി പരിലസിക്കുന്നവനാകുന്നു.

ചൊല്ലുക്കടങ്കാൻകാൺ ചൊല്ലിറന്തുനിൻറവൻകാൺ
കല്ലുളിരുന്തകനവൊളിപോനിൻറവൻകാൺ

അ—ആ പരമശിവൻ വാക്കിന് ഗോചരമല്ലാതെ വിളങ്ങുന്നവനാകയാൽ, ഞാൻ പാടുന്ന ഈ സ്തോത്രമാലയ്ക്കുള്ളിൽ അവൻ ഉൾപ്പെടുകയില്ല. എന്തെന്നാൽ, (ബിംബരൂപമായ) കല്ലിനുള്ളിൽ ഇരിക്കുന്നുവെങ്കിലും അഗ്നിയുടെ ജ്യോതിസ്സുപോലെ വിളങ്ങുന്നവനാകുന്നു. കേവലം ചൈതന്യസ്വരൂപനാണെന്നല്ലാതെ ഇന്ദ്രിയങ്ങൾക്കു വിഷയീഭൂതനല്ലെന്നു ഭാവം.

ചൂട്ടിറന്തപാഴതനിൽചുകിത്തിരുക്കച്ചൊന്നവൻകാൺ
ഏട്ടിലെഴുത്തോ എഴുതിനവൻകൈപ്പിഴൈയോ.

അ—ആ പരമശിവൻ ഇതു് ഇപ്രകാരമുള്ളതാണെന്നു വാക്കുകൊണ്ടു പറവാനോ കൈകൊണ്ടു നിർദ്ദേശിച്ചു കാണിക്കാനോ കഴിവില്ലാത്ത ശൂന്യസ്ഥാനത്തിൽ, നീ സുഖമായിരുന്നാലും എന്നരുളിച്ചെയ്തു് എന്നെ അവിടെ ഇരുത്തിയവനാണ്. എന്നാൽ അവൻ പറഞ്ഞ ഉപദേശവാക്ക് വേദാന്താദിശാസ്ത്രവിധികളിൽ ഉൾപ്പെട്ടതോ, അഥവാ എഴുതിയ ആൾ തെററി എഴുതിപ്പോയ കൈപ്പിഴയോ? അറിഞ്ഞുകൂടാ.

ശാസ്ത്രോക്തമനുസരിച്ചുള്ള ഉപദേശമായാലും, ഒരുപക്ഷേ, ശാസ്ത്രദൃഷ്ട്യാ അതു പിശകാണെന്നു തോന്നപ്പെടുന്നതായാലും, എനിക്ക് ആത്മജ്ഞാനത്തിനുപകരിച്ചുവെന്നുള്ളതിനു സംശയമില്ല എന്നുഭാവം.

ചുമ്മാവിരിക്കവെവത്താൽചൂത്തിരമെത്തെന്നാനറിയേൻ
അമ്മാപൊരുളിതെന്നവടെയവിഴുങ്കിനണ്ടി.

അ—എന്നാലും, എൻെറ ആ പരമശിവൻ എന്നെ വെറുതേയിരുത്തുകയാണചെയ്തതു്. അവൻ എങ്ങനെചെയ്തോ അതിൻെറ പരമാൎത്ഥഗതി എനിക്ക മനസ്സിലായില്ല. എന്നാൽ, വെറുതെ (ഇരിക്കുക) എന്നപറഞ്ഞ വാക്കിൻെറ അൎത്ഥം ഞാൻ വിചാരിച്ചുനോക്കി, ഇതുതന്നെ അൎത്ഥമെന്നറിഞ്ഞു. ആ അൎത്ഥത്തെ പ്രാപിച്ചപ്പോൾ, അവൻതന്നെ വെളിപ്പെട്ടവന്നു്, എന്നെ ഉള്ളിലടക്കി. ഞാൻ അവൻതന്നെ എന്ന നിലയിലാക്കിചെയ്തു.

പാൎത്തവിടമെല്ലാം പരമാകക്കണ്ടേണ്ടി
കോത്തനിലൈകുലൈത്തകൊൾകൈയറിയേണ്ടി

അ—ഇപ്രകാരം അദ്ദേഹം എന്നെ ഉള്ളിലടക്കിയതിൽപിന്നെ ഞാൻ നോക്കിയ ദിക്കെല്ലാം പരമാത്മസ്വരൂപമായിട്ടാണ കണ്ടതു്. അങ്ങനെ കണ്ടതുകൊണ്ടു് എന്നെ ആകപ്പാടെ വിഴുങ്ങിയിരുന്ന അദ്ദേഹത്തിൻെറ അഭിപ്രായം എന്താണെന്ന എനിക്ക മനസ്സിലായി. അതെൻെറ നന്മയ്ക്കാണെന്നു് എനിക്ക മനസ്സിലായെന്ന ഭാവം.

മഞ്ചനമാട്ടിമലർപറിത്തുച്ചാത്താമൽ
നെഞ്ചുപെറുംപാഴാനേനിൻറനിലൈകാണേണ്ടി.

അ—എൻെറ നാഥനായ പരമശിവൻെറ തിരുമെയ്യിൽ മഞ്ചണമാടി നല്ല പുഷ്പങ്ങൾ പറിച്ചു മാലകോൎത്തു അദ്ദേഹത്തിൻെറ തിരുവടികളിൽ ചാൎത്താത്ത മനസ്സു് പാഴിൽപോയി. പിന്നീട്ട നോക്കിയതിൽ ഞാൻ ഇരുന്ന നിലയെ കണ്ടില്ല. ഇതെന്തതിശയമോ?

പാടിപ്പടിത്തിരുന്തുംപന്മലർകൾചാത്താമൽ
ഓടിത്തിരിയാമലുരുക്കെട്ടവിട്ടേണ്ടി.

അ—സ്തോത്രപൂമാലകൾ ചൂടിയും, ശാസ്ത്രങ്ങൾ വായിച്ചുകൊണ്ടിരുന്നും, വിവിധപുഷ്പങ്ങളാലുള്ള മാലകളെ ചൂടാതെയും അദ്ദേഹം എഴുന്നള്ളിയിരിക്കുന്ന സ്ഥലങ്ങളിലൊക്കെച്ചുററിയോടി അദ്ദേഹത്തെ സേവിക്കാതെയും പുൽപൂമാലകളും ചൂടി, ശാസ്ത്രങ്ങളും പഠിച്ചു വൃഥാ കെട്ടമയെ പ്രാപിച്ചു. ഇനി എനിക്കൊരു രക്ഷ ഇദ്ദേഹംതന്നെ എന്ന കഥ അറിഞ്ഞതേയില്ല.

മാണിക്കത്തുള്ളൊളിപോൽമരുവിയിരുന്താണ്ടി
പേണിത്തൊഴുമടിനാർപേശാപ്പെരുമൈയൻകാൺ.

അ—പരമശിവൻ, രത്നങ്ങളിൽ പ്രകാശിക്കുന്ന തേജസ്സ് അതിൽനിന്നു വേർപിരിക്കത്തക്കതല്ലാതെയിരിക്കുന്നതുപോലെ ആത്മാക്കളിൽ കല

ന്നിരിക്കുന്നു. എന്നാൽ അവൻ സ്ഥിതിചെയ്യുന്ന മാർഗ്ഗം കണ്ടു തൊഴുതുനമസ്കരിക്കുന്ന ഭക്തന്മാരെ മൌനികളാക്കി അനുഗ്രഹിച്ചു രക്ഷിക്കയും ചെയ്യുന്നു.

അൻറുമുതലിൻറളവുമറിയാപ്പരുവമതിൽ
എൻറും പൊതുവായിരുന്തനിരാമയൻകാൺ

അ—ആദ്യകാലംമുതൽ നാളതുവരെ, എന്നാൽ അറിയപ്പെടാത്ത പ്രായത്തിലും, എന്നും പൊതുവായിത്തന്നെയിരുന്നുവന്ന നിരാമയനാകുന്നു അദ്ദേഹം.

ചിത്തവികാരത്താലേ ചിന്മയനെക്കാണാമൽ
പുത്തികലങ്കിപ്പുകുന്തേൻപൊറിവഴിയേ

അ—എൻെറ സ്വന്തമനസ്സാലെതന്നെ ഞാൻ അധഃപതിച്ചതിനാൽ ചിൽസ്വരൂപനായ ഭഗവാനെ ദർശിച്ച് ആനന്ദിക്കാതെ, ബുദ്ധികലങ്ങി ഇന്ദ്രിയങ്ങൾക്കു വശംവദനായി അവയുടെ ആകർഷണങ്ങളിൽ അകപ്പെട്ടു കുടുങ്ങിപ്പോയി.

ഈ കുടുക്കിൽനിന്നും രക്ഷപ്പെടുന്നതെങ്ങനെയോ അറിയുന്നില്ല എന്നു ഭാവം.

പത്തിയറിയാമർപ്പാഴിൽകവിഴ്ന്തേൺഡി
ഒത്തവിടനിത്തിരൈയെൻറാത്തുമിരുന്തേൺഡി.

അ—ശിവഭക്തിയും ശിവഭക്തന്മാരെക്കുറിച്ചുള്ള ഭക്തിയും അല്പംപോലുമില്ലാതെ വെറും കാര്യങ്ങളിൽ പ്രവേശിക്കുന്നതിനു നിശ്ചയിച്ചുകൂടാതെ ഏതുസ്ഥലമാണോ സുഖപ്രദമാണെന്നു തോന്നിയതു്, അവിടെക്കിടന്നുറങ്ങിക്കഴിയുകയും ചെയ്തു.

ചെത്താരൈയൊത്തേൺഡി ചിന്തൈതെളിന്തേൺഡി
മററാരുമില്ലൈയടിമരുമാററംകാണേൺഡി.

അ—പരമശിവൻ എന്നെ ഒരിടത്തു ഇരിക്കാൻ നിയോഗിച്ച ആ സമയം, എനിക്കു ഇന്ദ്രിയങ്ങളുടെയും അന്തഃകരണത്തിൻേറയും വ്യാപാരം ഒഴിഞ്ഞിരുന്നതുകൊണ്ടു ഞാൻ അക്കാലത്തു ശവശരീരത്തെപ്പോലെ നിശ്ചേഷ്ടനായിരുന്നു. ഉടനേ എനിക്കു മനസ്സിനു് ഒരു തെളിവും ഉണ്ടായി. അവിടെ നോക്കിയപ്പോൾ ആരും അവിടെയില്ല. ഞാൻ പറയുന്നതിനുത്തരം പറവാനാരുമില്ല.

അതിനാൽ, അതു്, ആത്മധ്യാനത്തിനുതക്കയിടമാണെന്നു ഞാൻ മനസ്സിലാക്കി എന്നർത്ഥം.

കല്പിയല്ല, കേൾവിയല്ല, കൈകാട്ടംകാരണംകാൺ
എല്ലെയളവററതെടിയെംകുന്നിറൈന്തതടി

അ—ആ സ്ഥലത്തിൻെറ മാഹാത്മ്യത്തെ വിചാരിക്കുമ്പോൾ, ശാസ്ത്ര പാഠംകൊണ്ടും ശാസ്ത്രശ്രവണംകൊണ്ടും അറിയത്തക്ക സ്ഥലമല്ല. എൻെറ ഗുരുസ്വാമികൾ സ്വന്തം കൈകൊണ്ട് അടയാളപ്പെടുത്തി കാണിച്ചുതന്ന ഇടമാണ്. അങ്ങനെ കൈകൊണ്ടു കാണിച്ചുതന്നതാണെങ്കിലും ഇത്ര എന്ന് ഒരളവു പറവാൻ പാടില്ലാതവണ്ണം എങ്ങും നിറഞ്ഞതാകുന്നു.

കൈകൊണ്ടു കാണിച്ചുതന്നതു് എന്നതിനു് ചിൻമുദ്രോപദേശത്താൽ അറിയപ്പെടുന്നതെന്നർത്ഥം.

വാചാമഗോചരത്തൈതമരുവിയിടംകൊണ്ടാണ്ടി
ആശ്രുശമില്ലാണ്ടിയറിവുക്കറിവാണ്ടി.

അ—വാക്കിനു വിഷയമല്ലാത്തതായി വിളങ്ങുന്ന മേൽപറഞ്ഞ സ്ഥാനം പരമശിവൻ, സ്വയം എഴുന്നരുളിയിരിക്കുന്നവനായി സ്വീകരിച്ചിരിക്കുന്നതാണ്. എന്നാൽ അദ്ദേഹത്തിനു അസൂയ അശേഷമില്ലാം. എന്തെന്നാൽ ഉത്തമന്മാരുടേയും നീചന്മാരുടേയും ധനികന്മാരുടേയും ദരിദ്രന്മാരുടേയും ജീവാത്മാക്കളിൽ ഒന്നുപോലെ വ്യാപിച്ചും, രത്നങ്ങളിൽ പ്രഭയെന്നപോലെ വേർതിരിക്കാൻ പാടില്ലാതവണ്ണം ബോധസ്വരൂപനായി സ്ഥിതിചെയ്യുന്നു.

പത്തുതിശൈക്കുമടങ്കാപ്പരുവമെടി
എത്തിശൈക്കുമെംകുമിടൈവിടാതേകമെടി.

അ—പത്തുദിക്കിലും അടങ്ങാതവണ്ണം കവിഞ്ഞുനിൽക്കുന്നവനും വേറുള്ള എല്ലാദിക്കുകളിലും എല്ലാസ്ഥലങ്ങളിലും കുറവില്ലാതവണ്ണം ഏകരൂപത്തിൽ സ്ഥിതിചെയ്യുന്നവനുമായി അദ്ദേഹം പരിലസിക്കുന്നു.

സർവവ്യാപിയാകയാൽ അദ്ദേഹത്തെ ആരാധിക്കാൻ എളുപ്പമുണ്ടെന്നാഭിപ്രായം.

തിത്തിക്കവൂറമടിചിത്തമുടൈയാക്കു
പത്തിക്കടലുകൾപതിത്തപരഞ്ചോതിയടി.

അ—ഇപ്രകാരമുള്ള സ്വഭാവത്തോടുകൂടിയ പരമശിവനെ, തങ്ങളുടെ മനസ്സിൽ പ്രതിഷ്ഠിച്ചിരിക്കുന്നവരാരോ അവക്കു് അദ്ദേഹം അൽപാൽപമായി വിളങ്ങി വെളിപ്പെടുന്നവനായും അവനെക്കുറിച്ചു ഭക്തിയെ പ്രകടിപ്പിക്കുന്നവക്കു് ആ ഭക്തിയാകുന്ന കടലിൻെറഉള്ളിൽ ജ്യോതിഃസ്വരൂപനായി വിളങ്ങിയും ഇരിക്കുന്നു.

ഇങ്ങനെ ഭക്തദാസനാകയാൽ മനുഷ്യക്കു് ആരാധിക്കാൻ എളുപ്പമു

ണ്ട്. എന്നാൽ അവരവരുടെ പുണ്യപരിപാകംപോലെയല്ലാതെ അതിന്റ സംഗതിവരികയില്ല എന്നു ഭാവം.

ഉള്ളു ണവ്വായ്നിൻറവർതമുണർവുക്കവ്വാണ്ടി
എള്ളള ളവുമുള്ള തിലേയേറിക്കുറൈയാണ്ടി,

അ—ഓരോരുത്തരുടേയും മനസ്സിൽ അന്തർഭൂതനായി നിന്നു വിള ങ്ങിയും എന്നാൽ അവരുടെ ബുദ്ധിക്കു വിഷയീഭൂതനല്ലാതെയും അൽപമെ ങ്കിലും അവൻെറ പരിമാണത്തിൽ കുറവോടുകൂടാതെ പരിപൂൎണ്ണനായും ഇരിക്കയാകുന്നു.

തുരുന്തലൈയുമിലാൻതോററമൊട്ടക്കമിലാൻ
ആരുമറിയാമലകണ്ടമായ്നിൻറാണ്ടി

അ—അദ്ദേഹം ആദിയും അന്തവുംജനനമരണങ്ങളും ഇല്ലാത്തവനും ആരാലും അറിയപ്പെടാത്തവനും ആരാലും പരിഛേദിക്കാൻ കഴിയപ്പെടാ ത്തവനുമാകുന്നു.

ഇത്രത്തോളം മാഹാത്മ്യവും ഭക്തവാത്സല്യവുമുള്ള അദ്ദേഹത്തെ പ്രാ പിക്കാതെ വൃഥാ കാലംകളയുന്നതു് മൂഢതമാണെന്നു ഭാവം.

എത്തനൈയോവണ്ടത്തിരുന്തവർകളെത്തനൈപേർ
അത്തനൈപേരുണ്ടാലുംഅണുവുംകുറൈയാണ്ടി.

അ—എല്ലാ ബ്രഹ്മാണ്ഡങ്ങളിലും അധിവസിക്കുന്ന എല്ലാ ജനങ്ങളും അദ്ദേഹത്തിൻെറ അനുഗ്രഹത്തെ അനുഭവിച്ചാലും ഒരിക്കലും കുറയാതെ ഒരേനിലയിൽ ഇരിക്കുന്ന കരുണാവിലാസത്തോടുകൂടിയവനാണദ്ദേഹം.

വാക്കുമനവുംവടിവുമിലാൻപൊരുൾകാൺ
ഫോക്കുവരവുമിലാൻപൊരുവരിയപൂരണൻകാൺ.

അ—(അനാദിനിധനനായി) അദ്ദേഹത്തിൻെറ മഹിമാതിശയത്തെ വിചാരിച്ചുനോക്കുമ്പോൾ വാക്കും മനസ്സും രൂപവും ഇല്ലാത്ത ഒരുദിവ്യചൈ തന്യമാണെന്നു മാത്രമല്ല ജന്മമരണങ്ങളില്ലാത്തവനും തുല്യമില്ലാത്തവനുമാ ണദ്ദേഹം.

ആ പരമാത്മസ്വരൂപനെ സഗുണമാൎഗ്ഗേണ ഉപാസിക്കുന്നതിനെ ക്കാൾ നിർഗ്ഗുണക്രമമനുസരിച്ചു ധ്യാനിക്കുന്നതാണു് ശ്രേഷ്ഠമെന്നു ഭാവം.

കാക്ഷികെളിയാൻകാൺകണ്ടാലുംകാണാൻകാൺ
മാക്ഷിമനംവൈത്താക്ക്മാണിക്കത്തുള്ളൊളികാൺ.

അ—അവനെ പരമാത്മരൂപത്തിൽ ധ്യാനിക്കുന്നതിൽ താല്പയ്യത്തോടുകൂടിയവക്കു അവൻ എളുപ്പത്തിൽ കാണപ്പെടത്തക്കവനാകുന്നു. എന്നാൽ അങ്ങനെ കാണുന്നവക്കു തങ്ങൾ കണ്ടതായി അന്യന്മാരെ പറഞ്ഞറിയിക്കാൻ കഴിയപ്പെടാത്തവനും സദാ ജ്ഞാനനിഷ്ഠന്മാരായിരിക്കുന്ന ധന്യന്മാരുടെ ഹൃദയത്തിൽ രത്നത്തിൽ വീഴുന്ന പ്രഭപോലെ വിളങ്ങുന്നവനുമാകുന്നു.

ഈ വിധത്തിൽ സച്ചിദാനന്ദസ്വരൂപനായിരിക്കുന്ന പരമശിവനെ അറിയണമെന്നുണ്ടെങ്കിൽ ജ്ഞാനമാർഗ്ഗേണയല്ലാതെ ഗത്യന്തരമില്ലെന്നു ഭാവം.

വാഴ്ത്തിയവനൈവഴിപെട്ടാൽമന്നുയിർകൾ
തോററവറിയാൻകാൺചൊല്ലിറന്തചോതിയൻകാൺ.

അ—ആ ജ്യോതിഃസ്വരൂപൻ വാക്കിനെ അതിക്രമിച്ചു വിളങ്ങുന്നവൻ (വാചാമഗോചരൻ) ആകയാൽ ലോകവാസികൾ അവനെ വാഴ്ത്തിസ്തുതിച്ചാരാധിച്ചാലും അവരാൽ അവൻ അറിയപ്പെടുന്നില്ല. ജ്ഞാനസ്വരൂപനായ ആ ജഗദീശ്വരൻ ഭക്തികൊണ്ടോ കർമ്മംകൊണ്ടോ അറിയപ്പെടത്തക്കവനല്ലെന്നും ജ്ഞാനത്താൽ മാത്രം അറിയപ്പെടത്തക്കവനാണെന്നും അഭിപ്രായം.

അയ്യമറുത്തവനെആരാഝ്വാരുണ്ടാനാൽ
വൈയകത്തേവന്തുമലർപാതംവൈത്തിടുവാൻ

അ—എൻെറയും എന്നേപ്പോലെ മററുള്ള ഭക്തന്മാരുടേയും സർവസന്ദേഹങ്ങളെയുമൊഴിച്ചു ഞങ്ങളെ തൃപ്പാദദാസന്മാരാക്കിച്ചെയ്തിരിക്കുന്ന പരമശിവനെ, അന്വേഷിച്ചറിയുന്നതിനു സമത്ഥന്മാരായിരിക്കുന്നു. അങ്ങനെ ആരെങ്കിലും സമത്ഥന്മാരായവർ ഉണ്ടെങ്കിൽ അദ്ദേഹം (പരമശിവൻ) തന്നെ ജ്ഞാനാചാര്യനായി അവരുടെ മുമ്പിൽ എഴുന്നള്ളിവന്നു്, അവക്കു് ഉപദേശംകൊടുത്തു്, ദാസന്മാരാക്കി അംഗീകരിക്കും.

അണുവുക്കുമേരുവുക്കുമകംപുറമായ് നിൻറാൻകാൺ
കണുമുററഞാനക്കരിമ്പിൻതെളിവാൻകാൺ.

അ—പരമാണുമുതൽ മഹാമേരുവരെ ചെറുതും വലുതുമായുള്ള എല്ലാവസ്തുക്കളുടേയും ഉള്ളിലും പുറത്തും ഒരുപോലെ വ്യാപിച്ചിരിക്കുന്നവനും, പരമാത്മജ്ഞാനം സിദ്ധിച്ചവക്കു കരിമ്പിൻനീരുപോലെ മധുരരസത്തെ കൊടുത്തുകൊണ്ടിരിക്കുന്നവനുമാകുന്നു.

എന്നാളുമിന്നാളുമിപ്പിടിയായപ്പിടിയായ്
ചൊന്നാലുംകേളാൻകാൺചോത്തിരത്തിൻകൊള്ളാൻ—
(കാൺ.

അ—മുൻകാലത്തും ഇക്കാലത്തും ലൌകികന്മാരായ ജനങ്ങൾ അങ്ങനെയാണ് "ഇങ്ങനെയാണ്", അതു സങ്കടം "ഇതു കഷ്ടതരം" ഇത്യാദി ഓരോ ആവലാതികളെ പുറപ്പെടുവിച്ചാലും അതൊന്നും ആ വിശുദ്ധസ്വരൂപൻ ശ്രദ്ധവയ്ക്കുകയില്ല. എന്തെന്നാൽ, പരിശുദ്ധജ്ഞാനികളുടെ മുറവിളികളെ നിമിഷം പ്രതി ശ്രദ്ധിച്ചുകൊണ്ടിരിക്കുന്നതിനാൽ മററുള്ളവർ പറയുന്നതൊന്നും അദ്ദേഹത്തിൻെറ കാതിൽ കടക്കുകയില്ല.

ആത്താളുക്കാത്താളാമപ്പനുക്കുമപ്പനുമാം
കോത്താക്കുകോത്തനിലൈകൊണ്ടഗുണക്കടൽകാൺ

അ—മേൽ പറയപ്പെട്ടപ്രകാരമുള്ള പരമശിവൻ അമ്മയ്ക്കു അമ്മയായും അച്ഛന് അച്ഛനായും ബന്ധുക്കൾക്കു ബന്ധുക്കളായും ഇരുന്ന്, കളിയാടിവരുന്ന ജ്ഞാനസമുദ്രമാകുന്നു; അഥവാ കരുണാനിധിയാകുന്നു.

ഇപ്പോപുതിതോടി, എത്തനൈനാളുള്ളതടീ
അപ്പോതെക്കപ്പോതരുളറിവുംതന്താണ്ടി.

അ—ഇങ്ങനെയുള്ള പരമശിവൻ ഇന്നേക്കുണ്ടായ പുതിയവനാണോ? അല്ല; അനാദിയാകയാൽ ജീവികൾക്കു അപ്പൊഴേക്കപ്പോൾ ഉണരുണ്ടാക്കി നിൽക്കുന്ന അനുഗ്രഹജ്ഞാനസ്വരൂപനാണത്രേ. തോഴി! നീ അക്കഥ അറിഞ്ഞില്ലായിരിക്കും?

ഉററററാർപററാകപ്പററിയിരുന്താണ്ടി
കുററമററത്താണ്ടിക്കൂടിയിരുന്താണ്ടി.

അ—എൻെറ നാഥനായ പരമശിവൻ യാവർ ചിലരുടെ അകപ്പററുകളേയും പുറപ്പററുകളേയും തീരെ ഒഴിച്ചുവോ അവരെ ചേർത്തിരുന്നു. എന്നാലും എൻെറ കുറവുകളെയൊക്കെ ശരിപ്പെടുത്തി എന്നോടും ചേർത്തിരുന്നു. എനിക്കു പരമാനന്ദപദത്തേയും നൽകിയനുഗ്രഹിച്ചു.

വെട്ടവെളിയിലെനൈമേവിയിരുന്താണ്ടി
പട്ടാപ്പകലിലടിപാത്തിരുന്താരെല്ലോരും

അ— ആ പരമശിവൻ ചിദാകാശമായ പദത്തിൽ എന്നോടുകൂടിയിരുന്നു. അങ്ങനെയിരുന്ന വസ്തുത അവിടെയുള്ളവരെല്ലാം കണ്ടുകൊണ്ടിരിക്കയും ചെയ്തു.

അപ്രകാരം കണ്ടുകൊണ്ടിരിക്കുന്നതായ ഞാനും ഈശനും ഒരുമിച്ചു ചേർന്നിരുന്ന കാലത്തിൽ (സമാധിയിൽ) എനിക്കു കാൺമാൻ കഴിഞ്ഞില്ലെങ്കിലും ഇടയ്ക്കിടെ അവൻ എന്നെ വിട്ടുമാറിയസമയത്ത് (സമാധി വിരതനായപ്പോൾ) എനിക്കു കാൺമാൻ സാധിച്ചു എന്നഭിപ്രായം.

വാഴ്‌വാനവാഴ്‌വെനക്കുവന്തതടിവാഴാമൽ
താഴാമൽതാഴ്‌തെണ്ടിചറവുംകുറൈയാമൽ.

അ—അങ്ങനെയുള്ള സുഖവാഴ്വ എനിക്കു ലഭിച്ചു. എന്നാൽ തിരു വാഴ്വയിലിരുന്നു് ഞാൻ വാഴാതെയും ആ കരുണാനിധിയുടെ തിരുവടികളെ നമസ്കരിക്കാതെയും ഇരുന്നതുകൊണ്ടു് അധഃപതിക്കാനിടയായി.

എന്നാലും ഭക്തനായ എന്നെ ഭക്തദാസനായ ആ ഈശൻ കൈവിടുമോ എന്നു പ്രത്യാശ.

പൊയ്യാനവാഴ്‌വെനക്കുപോതുമെനക്കാണേണ്ടി
മെയ്യാനവാഴ വെനക്കു്‌വെറുംപാഴായ്‌വിട്ടതടി.

അ—കേവലം അസത്യമായ ഈ ലോകവാഴ്വയെ ഇതുവരെ ഇരുന്നനുഭവിച്ചിട്ടും ഇനി മതി എന്നൊരു തൃപ്തി എനിക്കുണ്ടായില്ല. എന്നാലും, എൻെറ ഗുരുസ്വാമിയുടെ അനുഗ്രഹംകൊണ്ടു് സത്യനിത്യമായ മോക്ഷവാഴ്വ ശൂന്യശൂന്യ (ചിദാകാശ)സ്വരൂപേണ പരിണമിക്കയല്ലയോ ചെയ്തതു്.

കന്നിയഴിത്തവനൈക്കണ്ണാരക്കണ്ടേണ്ടി
എന്നിയൻപുനരറിയേനിതെന്നമായമടി!

അ—ഞാൻ എൻെറ കന്യകാത്വത്തെ അഴിച്ച പരമേശനെ കണ്ണുകൾ തണക്കെക്കണ്ടു. അങ്ങനെ അവനെകണ്ടതിൽ പിന്നെ ഞാൻ എന്ന ഭാവത്തോടു (അഹംഭാവത്തോടു)കൂടിയ എൻെറ സ്വഭാവം എവിടെപ്പോയിയെന്നറിഞ്ഞില്ല. ഇതെന്തൊരു മായമോ? എനിക്കറിഞ്ഞുകൂടാ.

ചൊല്ലാലെചൊല്ലതക്കുച്ചൊല്ലവായില്ലൈയടി
എല്ലാരുംകണ്ടിരുന്തുമിപ്പോതറിയാർകൾ.

അ—എൻെറ ഗുരുവിൻെറ അനുഗ്രഹത്താൽ ഞാൻ മുക്തപദവിയിലിരുന്നു അദ്വൈതാനന്ദത്തെ അനുഭവിച്ചപ്പോൾ ആ ആനന്ദത്തിൻെറ നില ഇന്നവിധത്തിലാണെന്നു വാക്കുകൊണ്ടു പറയുന്നതിനു കഴിവില്ല. എന്നാലും ആ പദവി എല്ലാരാലും കാണപ്പെട്ടതുതന്നെ (എല്ലാരും ഒരിക്കൽ അനുഭവിച്ചതുതന്നെയെന്നർത്ഥം) എന്നാലും ഇപ്പോൾ, ബന്ധത്തിൽ ഇരിക്കുന്നതുകൊണ്ടു്, മുൻപു കണ്ടതായ അറിവു തോന്നുന്നില്ല.

കണ്മായമിട്ടാണ്ടി, കരുത്തുമിഴന്തേണ്ടി
യുണ്മായമിട്ടവനെ യുരുവഴിയക്കണ്ടേണ്ടി.

അ—എന്നെ അവൻ തൻെറ കണ്ണുകളാൽ ഒരു മയക്കമയക്കി. ആ മയക്കിൽ ഞാൻ അകപ്പെട്ടയുടനേ എൻെറ സ്വഭാവവും ബോധക്രമവും

മൊക്കെ വിട്ടുമാറി. എന്നാൽ വെളിപ്പെടാതെ ഉള്ളിൽ ഇരുന്നുകൊണ്ടു എന്നെ മയക്കിയ ആ അവൻ ആരു്? എന്നു ഞാൻ അവിടെയൊക്കെ നോക്കിയപ്പോഠം നാമരൂപങ്ങളില്ലാത്ത വിധത്തിൽ അവൻ വെളിപ്പെട്ടുവന്നു. എന്നെ ഇങ്ങനെ ചെയ്തവൻ ഇവനാണല്ലോ എന്നു ഞാൻ അത്ഭുതത്തോടെ അവനെ നോക്കിക്കൊണ്ടിരുന്നു.

ഗുരുകാരുണ്യത്താൽ എനിക്കു പരമാത്മജ്ഞാനമുണ്ടായി. ഞാൻ പരമാത്മാവിനെ ദർശിച്ചു. അപ്പോഠം ലൗകികവിഷയങ്ങളിലുള്ള ബന്ധമൊക്കെ കൊഴിഞ്ഞു ഞാൻ ആത്മാത്മയോഗം ചെയ്തിരുന്നാനന്ദമടഞ്ഞു എന്നു ഭാവം.

എന്നചൊല്ലപ്പോരേന്നോനിന്തവതിശയത്തെ
കന്നിയിളങ്കമുകുകായ ത്തതടി! കണ്ണാര.

അ—അങ്ങനെ അവനെ ഞാൻ ദർശിച്ചുകൊണ്ടിരിക്കുമ്പോഠം അവിടെയൊരു ഇളങ്കമുകു് (പാക്കുമരം) കന്നികാച്ചു കുലതൂങ്ങുന്നതു ഞാൻ കണ്ടു. ആശ്ചര്യം!

ആത്മാത്മയോഗശീലനത്തിങ്കൽ പല കാഴ്ചകളും കാണുന്ന കൂട്ടത്തിൽ അടയ്ക്കാമരം കുലയ്ക്കുന്നതായും കാണപ്പെട്ടുമെന്നു പറഞ്ഞിരിക്കുന്നു.

ആർന്തവിടമത്തനൈയുമരുളായിരിക്കുമടി
ചാർന്തവിടമെല്ലാംചവ്വാതുമണക്കുതടി.

അ—ആ പരമാത്മാവിനെ അടയുന്നതിനു പോകുന്ന നടുവഴികളെല്ലാം അനുഗ്രഹപൂർണ്ണങ്ങളായ സ്ഥലങ്ങളായിത്തന്നെയിരിക്കുന്നു. അതതു സ്ഥലങ്ങളിൽ സ്വല്പം ഇരുന്നുനോക്കിയാലോ? ജവ്വാതുവിന്റെ (ഒരു വിശിഷ്ട സുഗന്ധദ്രവ്യം) മണം വീശിക്കൊണ്ടേയിരിക്കുന്നതായി അനുഭവപ്പെട്ടും.

ഇന്തമണമെങ്കുമിയർക്കൈമെന്നമെന്തറിന്തു
അന്തച്ചുകാതീതത്തരുാംക്കടൽ മുഴകിനണ്ടി.

അ—ഈ സ്ഥലങ്ങളിൽ ഉണ്ടാകുന്ന മണം ഒരിക്കലും അഴിയാതെ ഒരേനിലയിൽ വീശിക്കൊണ്ടിരിക്കുന്ന ദിവ്യഗന്ധമാണെന്നറിഞ്ഞു് ഞാൻ. പ്രാപിക്കുന്നതിനു് ഭാവിച്ചതായ നിരതിശയാനന്ദപരിപൂർണ്ണമായ മുക്തിക്കടലിൽ പോയി മുഴകി.

ഇരിമ്പിനടൈനീർപോലവെന്നൈവിഴുങ്കിക്കൊണ്ടാണ്ടി
അരുമ്പിലുറൈവാശനൈപോലനേർറയിരുന്താണ്ടി.

അ—ചുട്ടുപഴുപ്പിച്ച ഇരുമ്പിൽ ഒഴിക്കുന്ന വെള്ളത്തുള്ളിയെ ആ ഇരിമ്പു സ്വാധീനപ്പെടുത്തി ഉള്ളിലടക്കിക്കളയുന്നതുപോലെ, എന്നെ ആ പര

മാത്മാവു വശപ്പെടുത്തിക്കൊണ്ടു; മണ്ണിൻെറ ഗന്ധം മണ്ണിൽനിന്നു വേർപിരിയാത്തതുപോലെ അഭേദ്യമായ നിലയിൽ എന്നോടു കലന്നു സ്ഥിതിചെയ്യു.

കടൽനീരുമാറും‌പോൽകലന്തുകരൈകാണേണ്ടി
ഉടലുമുയിരുംപോലുമ്ക്കാംകലന്തുനിൻറാണ്ടി

അ—കടൽവെള്ളവും ആററുവെള്ളവും തമ്മിൽ കലന്നാൽ അവതമ്മിൽ വേർതിരിച്ചു കാട്ടാൻ കഴിവില്ലല്ലോ. അതുപോലെയും ജീവനും ശരീരവുംപോലെയും ആ പരമാത്മാവ് എന്നെ സ്വാധീനപ്പെടുത്തി കലന്നിരുന്നു.

അക്കിനികർപ്പൂരത്തെയറവിഴങ്കിക്കൊണ്ടാപ്പോൽ
മക്കിനംപട്ടുള്ളേ മരുവിയിരുന്താണ്ടി

അ—തീയിൽ കർപ്പൂരംകാണിക്കുന്ന മാത്രയിൽതന്നെ തീകർപ്പൂരത്തെ പാടേ വിഴുങ്ങിയെരിച്ചു കളയുന്നതുപോലെ എന്നെയും ആരും അറിയാതെ ഉള്ളിൽ അടക്കി തങ്കൽ ലയിപ്പിച്ചുകൊണ്ടു എന്നോടു കലന്നിരുന്നു.

പൊന്നുമുരൈമാററുംപോൽപൊരുവരിയപൂരണൻകാ—
മന്നുമനുപൂകിയടിമാണിക്കത്തുള്ളൊളിപോൽ. (ൺ

അ—പൊന്നും പൊന്നിലുള്ള മാററും എന്നപോലെ അതു വേറെ ഇതു വേറെ എന്നു തിരിച്ചറിവാൻ പാടില്ലാത്തവിധത്തിൽ എല്ലാററിലും വ്യാപിച്ചിരിക്കുന്നു. എന്നാൽ മാണിക്കരത്നത്തിലിരുന്നു വീശുന്ന പ്രഭപോലെ ജീവികളിൽ കലന്നിരിക്കും. ആത്മാനുഭൂതിസിദ്ധിച്ച ജ്ഞാനികളാൽ അറിയപ്പെടുന്നു.

കംകുകരൈയില്ലാണ്ടികരൈകാണാക്കപ്പലടി
യെങ്കുമളവില്ലാണ്ടിയേകമായ്നിൻറാണ്ടി

അ—സംഖ്യകൊണ്ടോ അളവുകൊണ്ടോ അനുമാനംകൊണ്ടോ നിർണ്ണയിക്കപ്പെടാൻ കഴിവില്ലാത്തവനും ഏകസ്വരൂപനുമാണദ്ദേഹം.

തീവകംപോലന്നൈച്ചേർന്തപരചിന്മയൻകാൺ
പാപമൊൻറില്ലാണ്ടിപാർത്തിടമെല്ലാംപരംകാൺ.

അ—ദീപത്തിൽ വെളിച്ചം എന്നപോലെ സദാ എന്നിൽ കലന്നിരുന്നു വിളങ്ങുന്നവനും ഭാവനയാൽ അറിയപ്പെടാത്തവനും നോക്കുന്നദിക്കിലെല്ലാം വെളിപ്പെട്ടു ശോഭിക്കുന്ന പരമാത്മസ്വരൂപനുമാണദ്ദേഹം.

ഉള്ളാൾമുള്ളാണ്ടിയ്യൂരുമില്ലാൻഷേരുമില്ലാൻ
കള്ളപ്പുലനറുക്കക്കൊരണമായ്യ് വന്താണ്ടി.

അ—ഏതുകാലത്തും അവനെ ഭജിക്കുന്നവരുടെ ഹൃദയത്തിൽ അവൻ അധിവസിക്കുന്നു. എന്നാൽ ഊരാകട്ടെ പേരാകട്ടെ അവനില്ല. എന്നാലും നമ്മെക്കെട്ടുത്താനായി ചതിപ്രയോഗങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന പഞ്ചേന്ദ്രിയങ്ങളെ അടക്കി രക്ഷിക്കുമാറവൻ കാരണഗുരുവായി എഴുന്നെള്ളിവന്നു.

അപ്പിറപ്പുക്കെല്ലാം അരുളാൎന്ന്മർന്താണ്ടി
ഇപ്പിറപ്പിൽവന്താനിവനാകുമെയ പ്പൊരുൾകാൺ.

അ—എനിക്കു മുമ്പുകഴിഞ്ഞ ജന്മങ്ങളിലെല്ലാം എന്നെ തൃപ്പാദദാസനാക്കി പാലിച്ചവനാണദ്ദേഹം. ഈ ജന്മത്തിലും അങ്ങനെ ചെയ്യാനായി എനിക്കൊരുപദേഷ്ടാവായ ആചാൎയ്യനായി എഴുന്നള്ളിവരികയും ചെയ്തിരിക്കുന്നു.

നീരൊളിപോലെംകുനിറൈന്തനിരാമയൻകാൺ
പാരൊളിപോലെങ്കുംപരന്തപരാപരൻകാൺ.

അ—അദ്ദേഹം വെള്ളത്തിൻെറ നിഴൽ വെളിച്ചംപോലെ സർവത്ര നിറഞ്ഞിരിക്കുന്ന നിരാമയനും ഭൂമിയുടെ വികാസംപോലെ സർവത്ര പരപ്പിൽ ഇരിക്കുന്ന പരാപരനുമാകുന്നു.

ന്തൂലാലുണവ്രിയനുണ്മയിനുമുണ്മൈയൻകാൺ
പാലാറുചക്കരൈപോൽ പരന്തപരിപൂൎണ്ണനുകാൺ.

അ—ശാസ്ത്രങ്ങൾ വഴിയായി ഗ്രഹിക്കപ്പെടാൻ കഴിവില്ലാത്തവനും, പരമാത്ഥബോധികളായ അനുഭവസിദ്ധന്മാരാൽ അറിയപ്പെടുന്നവനും പാലിൽ കലൎന്ന പഞ്ചതാരപോലെ എല്ലാററിലും ചേൎന്നിരിക്കുന്നവനുമാകുന്നു.

ഉളക്കണ്ണുക്കല്ലാതുൺകണ്ണാലോരുമതോ
വിളക്കുച്ചുടരൊളിപോണ്മേവിയിരുന്താണ്ടി.

അ—എൻെറ പരമശിവൻ വിളക്കിൽ വെളിച്ചംപോലെ സൎവ്വത്ര വ്യാപിച്ചിരിക്കുന്നവനാകയാൽ, ജ്ഞാനദൃഷ്ടിയാൽ കാണപ്പെടാൻ കഴിവുണ്ടാകുമെന്നല്ലാതെ മാംസദൃഷ്ടിയാൽ ഒരിക്കലും കാണപ്പെടുകില്ല?

കല്ലുളിരുന്തകനലൊളിപോൽകാരണമായ
പുല്ലിയിരുന്തുംപൊരുവരിയപൂരണനൻകാൺ.

അ—കല്ലിലും പുല്ലിലും എന്നുവേണ്ടാ, സകല ചരാചരങ്ങളിലും അഗ്നിജ്യോതിസ്സുപോലെ ഊൎജ്ജസ്വലമായ ഉണൎവോടുകൂടി അവൻ വ്യാപിച്ചിരിക്കുന്നു. ഭക്തന്മാൎക്കു സങ്കടം ഭവിച്ച അവസരങ്ങളിൽ യഥായഥം, ആ വസ്തുത ദൃഷ്ടാന്തപ്പെടുത്തിക്കാട്ടിക്കൊടുത്തിട്ടുണ്ടല്ലോ എന്നഭിപ്രായം.

പൊൽപൂവിൻവാസനൈപോൽപോതംപിറന്താൎക്കു
കൽപൂവുംവാസനൈപോൽകാണാക്കയവരുക്കു.

അ—എന്റെ പരമശിവൻ, ജ്ഞാനമുദിച്ച മഹത്തുക്കൾക്കു കല്യാണസൌഗന്ധികപ്പൂവിന്റെ വാസനപോലെയും അജ്ഞന്മാൎക്കു കല്ലുകൊണ്ടുണ്ടാക്കിയ കൃത്രിമപ്പൂവിന്റെ വാസനപോലെയും ഉണൎന്നും ഉണരാതെയുമിരിക്കുന്നു.

ജ്ഞാനികൾക്കു ആസ്വദിക്കാൻ സ്വരൂപമായ ആനന്ദത്തെക്കൊടുത്തും അജ്ഞന്മാൎക്കു അതിനെ കൊടുക്കാതെയും പരിലസിക്കുന്നു എന്നൎത്ഥം.

മൈക്കുഴമ്പുമുത്തുംപോൽമരുവിമറവാതവൎക്കു
കൈക്കുൾക്കനിയാകംകരുവറുത്തകാരണൎക്കു

അ—തന്നെ മറക്കാതെ ധ്യാനിച്ചിരിക്കുന്നവൎക്കു മഷിക്കുഴമ്പുപോലെയും മുത്തുപോലെയും ജന്മത്തെ അറുത്ത മുക്തന്മാൎക്കു കയ്യിൽകിട്ടിയ പഴംപോലെയും അദ്ദേഹം ഇരിക്കുന്നു.

പളിങ്കിർപാവളമടിപററററപാവലൎക്കു
കിളിഞ്ചിയെവെള്ളിയെൻപാർകിട്ടാതാർകിട്ടുവിരോ

അ—യാതൊരു ബന്ധവും തങ്ങളിൽ ഇല്ലാതവണ്ണം തീരെ നശിപ്പിച്ചവൎക്കു പളുങ്കിൽ വിളങ്ങുന്ന പവിഴംപോലെ അദ്ദേഹം വെളിപ്പെടുന്നു. ശുക്തിയെ വെള്ളിയെന്നു ഭ്രമിക്കുന്നതുപോലെ മായാമോഹം നീങ്ങാതെയിരിക്കുന്നവൎക്കു പരമശിവൻ ലഭിക്കപ്പെടുമോ? ഇല്ല.

ഏട്ടുക്കടങ്കാണ്ടിയെഴുത്തിൽപിറവാണ്ടി
നാട്ടിനരികളെല്ലാന്നൽപുരവിചെയ്യാണ്ടി.

അ—ഇപ്രകാരം പറയപ്പെട്ട പരമശിവൻ ഗ്രന്ഥങ്ങളിൽ അടങ്ങാതവനും. എഴുതിയറിയിക്കാൻ പാടില്ലാതവനും, കാട്ടിൽ നടക്കുന്ന നരികളെ കുതിരകളാക്കി നാട്ടിൽ നടത്തുന്നതിനു കഴിവുള്ളവനുമാകുന്നു. സൎവ്വശക്തനാണെന്നഭിപ്രായം.

പഞ്ചപ്പിരളയത്തുമിഞ്ചിയിരുപ്പാണ്ടി
നഞ്ചുപൊതിമിടററാനയനത്തഴൽവിഴിയാൻ.

അ—അഞ്ചുവിധത്തിൽ പറയപ്പെട്ടിരിക്കുന്ന പ്രളയങ്ങൾ ഭവിക്കു

മ്പോഴും താൻ നശിക്കാതെ ആ പ്രളയത്തെ കടന്നിരിക്കുന്നു. ആ മഹാത്മാവു്, ആരാണെന്നുവച്ചാൽ, കറുത്ത കഴുത്തും നെററിക്കണ്ണുമുള്ള പരമശിവനാകുന്നു.

അകങ്കാക്കുംപുറങ്കാക്കുംഅളവിലാവണ്ടമുതൽ
ചെകങ്കാക്കുംകാണാത്തിശൈപത്തുംകാക്കുമടി.

അ—പരമശിവൻ അകത്തും പുറത്തുമുള്ള എല്ലാത്തത്വങ്ങളേയും ബ്രഹ്മാണ്ഡാന്തർഭൂതങ്ങളായ സകല ലോകങ്ങളേയും പത്തുദിക്കുകളേയും സംബന്ധിക്കാതെ സംബന്ധിച്ചുനിന്നു രക്ഷിക്കുന്നു.

പേശാപ്പിരമമടി,പേച്ചിറന്തപേരൊളികാൺ
ആശാപിശാചങ്കൾഅണുകാതപേരൊളികാൺ

അ—മൌനനിഷ്ഠന്മാരായ പരമാത്മജ്ഞാനികളാൽ, അറിയപ്പെട്ടുന്നവനും, ആശമുതലായ പിശാചുക്കൾ വന്നു കുടിയേറാതിരിക്കത്തക്ക മഹാതേജസ്സോടുകൂടിയവനുമാകുന്നു.

തേശമിറന്തവൻകാൺതിശൈയിറന്തതേൻകടൽകാൺ
ഊശിമുനൈയൂൻറവില്ലാവുരുപൊരുൾകാൺ

അ—അവൻ, ദിക്കു്, കാലം, ദേശം: ഇവയാൽ പരിച്ഛേദിക്കാൻ പാടില്ലാത്തവനും മധുരമധുരമായ തേൻതന്നെ നിറഞ്ഞ കടലായുള്ളവനും സൂചികുത്താൻപോലും പഴുതില്ലാതവണ്ണം സർവത്ര വ്യാപിച്ചിരിക്കുന്നവനും ആകുന്നു.

ചിപ്പിയിൽമുത്തൊളികാൺചിന്മയനോക്കില്ലാർക്കു
അപ്പിലൊളിപോലമർന്തവരുമ്പൊരുൾകാൺ.

അ—ആത്മബോധികളായവർക്കു്, ചിപ്പിയിലിരുന്നുണ്ടാകുന്ന മുത്തിന്റെ പ്രഭപോലെയും, ആത്മദർശനത്തിനു തക്ക ജ്ഞാനമില്ലാത്തവർക്കു വെള്ളത്തിൽ നിഴൽപോലെയും ഇരിക്കുന്ന ദുർല്ലഭസ്വരൂപനുമാകുന്നു.

ആലാവിരുൾച്ചമെടിയളവിലാച്ചാകൈയടി
മേലാംപതങ്കൽവീശ്ശുംപൂട്ടുരുസുമെയ്പ്പൊരുൾകാൺ,

അ—ശാഖോപശാഖയായി പൊട്ടിപ്പുറപ്പെട്ട പടർക്കൊമ്പുകൾ വീശിനിൽക്കുന്ന ആല്വൃക്ഷക്കൂട്ടംപോലെ, ആകാശംനിറഞ്ഞു വ്യാപിച്ചുനിൽക്കുന്ന ചൈതന്യമാകുന്നു നമ്മുടെ പരമശിവൻ.

അല്പദേശവ്യാപിയായ ആല്വൃക്ഷത്തെ ഉപമാനമാക്കിയതു്, അല്പജ്ഞന്മാർക്കു വ്യാപ്തിയുടെ സ്വരൂപജ്ഞാനത്തിനുവേണ്ടി മാത്രമാണെന്നു് അറിഞ്ഞുകൊള്ളണം.

വങ്കിഷമെല്ലാംകടന്നുവരുമാമലർപ്പതംകാൺ
അങ്കിഷമായെംകുംആയ്ന്തവരുമ്പൊരുൾകാൺ.

അ—സകലജാതിപുഷ്പങ്ങളിൽനിന്നും മേന്മകൂടിയ അഴകേറിയ കാലിണയുള്ളവനും, അല്പാല്പഭാഗങ്ങളായി ജ്ഞാനികളാൽ അറിയപ്പെടുന്നവനും ആയിരിക്കുന്നു അദ്ദേഹം.

നാമനട്ടമാനതടിനവിലവിടമില്ലെയടി
കാമനെക്കണ്ണാലെറ്റിക്കനൽവിഴിത്തക്കാരണൻകാൺ

അ—പുതിയതരത്തിലുള്ള നൃത്തങ്ങളെച്ചെയ്യുവനും, വാക്കിനു വിഷയമല്ലാത്തവനും കാമദേവനെ നിടിലനേത്രത്തിൽ ദഹിപ്പിച്ച കാരണാത്മാവുമാണദ്ദേഹം.

കൊട്ടാതചെമ്പൊനടി, കുളിയാത്തരളമടി
എട്ടാതകൊമ്പിലടിയീപ്പുകാത്തേനമൃതം

അ—കനലിലിട്ടു ചുട്ടെടുത്ത സ്വർണ്ണം തട്ടാൻ ചുത്തികകൊണ്ടു അടിക്കുന്നതിനുമുമ്പു ഏതുവിധത്തിൽ ദീപ്തിയോടുകൂടിയിരിക്കുമോ, ആ വിധത്തിലുള്ളവനും, മുങ്ങിയെടുക്കപ്പെടാത്ത മുത്തുപോലെയിരിക്കുന്നവനും സാധാരണന്മാർക്കു കൈ എത്താത്തവിധം ഉയൎന്ന വൃക്ഷക്കൊമ്പിൽ ഇരിക്കുന്ന തേൻപോലെ അഗമ്യമാധുൎയ്യസ്വരൂപനും ആകുന്നു.

കാണിപ്പൊന്നാണിയുടൻകല്ലുരെമാത്തിന്നതെൻേറ
ആണിയുടൻക്രൂട്ടിയടങ്കലിട്ടുകൊണ്ടാണ്ടി.

അ—നല്ല സ്വൎണ്ണത്തെ ഉരകല്ലിൽ ഉരച്ചപ്പോൾ, ഉരകല്ലും സ്വൎണ്ണവും ഒന്നാകെ കലൎന്നു ചേൎന്നതുപോലെ, പരമശിവൻ എന്നെയും, അവൻെറ പാദഭക്തന്മാരായ മററാളുകളേയും ഒന്നാക്കി ചേൎത്തുവച്ചു.

അളവിറന്തവണ്ടത്താലത്തനൈപേരുണ്ടാലും
പിളവളവുംനാൻചററുംപേശാപ്പിറമമടി.

അ—പരിഗണിക്കുന്നതിനു കഴിവില്ലാത്തവണ്ണം അത്ര അസംഖ്യങ്ങളായ ബ്രഹ്മാണ്ഡങ്ങളിലുള്ള ചരാചരങ്ങളെല്ലാം അനുഭവിച്ചാലും ഒന്നും മിണ്ടാത്ത പരബ്രഹ്മമാകുന്നു അദ്ദേഹം.

കന്നെഞ്ചിനുള്ളേ കുറാനീലംപൂത്താപ്പോൻ
എന്നെഞ്ചിനുള്ളേയിണൈയടികൾവൈത്താണ്ടി.

അ—കല്ലുപോലെ കർക്കശമായ എൻെറ നെഞ്ചിൽ, കുഴനീലമരം

പൂത്തതുപോലെ(ചെമന്നപൂവുള്ള ഒരു മരമാണ കഴനീലം) തൻെറ തിരുവടികാം രണ്ടും പതിപ്പിച്ചു.

വേദപ്പുറവിയടിവിരൈന്തോടിയുമ്മറിയാർ
കാതററുഞാനമടികാൺവാർകരുത്തുടൈയോർ.

അ—വേദങ്ങളായ കുതിരകളിൽ കയറി സവാരിചെയ്യുന്നവനും, എല്ലാവരും അന്വേഷിച്ചു ചുററിയോടിയാലും കാണപ്പെടാതവനും മൌനജ്ഞാനപരമാത്മാവും തന്നെ ദർശിക്കുന്ന ജ്ഞാനികളുടെ ഹൃദയത്തിൽ അധിവസിക്കുന്നവനുമാകുന്നു അദ്ദേഹം.

പാശവിനൈയൈപ്പടപ്പാത്തപാവൈവ്യുടൻ
നേശത്തൈക്കാട്ടിയടിനിൽപ്പെൻറുശൊന്നാണ്ടി.

അ—എൻെറ പ്രാരബ്ധപാശങ്ങളെല്ലാം നശിക്കുമാറു കൃപാകടാക്ഷംപൊഴിച്ച് തൻെറ ഗുണവിശേഷങ്ങളെ തന്നും അദ്ദേഹം എന്നെ സ്വന്തതിരുവടികളിൽ ഇരിക്കുമാറ് ഉപദേശിച്ചും സ്ഥിതിചെയ്തു.

ഓശൈഒട്ടുങ്കുമിടമോങ്കാരത്തുള്ളൊളികാൺ
പേശാതിരുക്കുംപിരമമിതുവെൻറാണ്ടി.

അ—നാദം ഒടുങ്ങി ലയിക്കുന്ന സ്ഥാനമായ ചിദാകാശത്തിൽ ഇരിക്കുന്നവനും, ഓങ്കാരത്തിങ്കൽ തേജോമയനായ് സ്ഥിതിചെയ്യുന്നവനും നിശ്ശബ്ദ(നിർവികാര) ബ്രഹ്മവുമാണ് എൻെറ പാപബന്ധങ്ങളെ നീക്കി പൂങ്കാലിണയെ നൽകുന്ന ആ കരുണാലയൻ.

ചിന്മയനന്നോക്കാർചിൽസ്വരൂപംകാട്ടിയെന്നൈ
തന്മയമായാക്കിയേതാനവനായ് നിൻറാണ്ടി.

അ—ജ്ഞാനസ്വരൂപമായ തൻെറ അനുഗ്രഹദൃഷ്ടികൊണ്ടു (കൃപാകടാക്ഷംകൊണ്ട്) സ്വന്തം ജ്ഞാനരൂപത്തെക്കാട്ടി എന്നെയും ആ രൂപത്തിലാക്കിച്ചെയ്തു്, താനും അതിൽ നിർഭേദമായിക്കലൎന്നിരുന്നു.

ഇങ്ങനെ അദ്ദേഹം കരുണചെയ്യത്തക്ക പുണ്യം ഞാൻ എന്തുചെയ്തോ എന്നു ഭാവം.

താനെന്നൈപ്പാത്താണ്ടിതന്നൈത്താനല്ലാമൽ
നാനെന്നശൊല്ലവുണ്ടിനവിലവിടമില്ലൈയടി.

അ—ആ പരമശിവൻ എന്നെ തൻെറ കൃപാകടാക്ഷത്താൽ, അനുഗ്രഹിച്ചു. എന്നല്ലാതെ ഞാനെന്താ പറക? പിന്നീട് ആ ദിവ്യരൂപൻ തന്നത്താൻ (കൂടെ വേറാരുമില്ലാത്തനിലയിൽ) സ്ഥിതിചെയ്തുവെന്നല്ലാതെ

ഞാൻ അന്യമായ ഒരു വസ്തുവെന്നോ തത്വമെന്നോ പറവാൻ നിർവാഹമില്ലാതെപോയി.

അർത്ഥായതു്, എന്നെ വേർതിരിച്ചറിവാൻ പാടില്ലാതവണ്ണം താനാക്കിത്തന്നെ ചെയ്തു എന്നഭിപ്രായം.

ഇൻറിരുന്തുനാളൈക്കിറക്കിറപേരെല്ലോരും
എൻറപരിപൂരണത്തിലിനിതിരുക്കച്ചൊന്നാണ്ഢി.

അ—ഇന്നു ജീവനോടിരുന്നു നാളെ മരണത്തെത്തന്നെ ശരണം പ്രാപിക്കുന്ന ജീവികളെയെല്ലാം ഒരുകാലത്തും അഴിവില്ലാത്ത പരമാനന്ദപദത്തിൽ പരിശുദ്ധമായിരിക്കത്തക്കവണ്ണം, ആചാര്യരൂപംധരിച്ചെഴുന്നെള്ളിവന്നു് ഉപദേശിച്ചു എന്നാൽ ജീവികൾ അങ്ങനെ ചെയ്യാത്ത കുററത്തിനു അവൻ എന്തുചെയ്യാനാണു്?

പാക്കിലെളിതലവോപാററപ്പററലവോ
ആക്കമിടങ്കാട്ടവവതനിതനിൽവന്താണ്ഢി.

അ—ഭക്തന്മാക്കു ദർശിക്കുന്നതിനു് എളുപ്പമുള്ളവനും യാതൊരുബന്ധങ്ങളും അല്പംപോലും ഇല്ലാത്തവരാൽ യോജിക്കപ്പെടുന്നവനും (ബന്ധങ്ങളെല്ലാം നശിച്ചാൽ പററിച്ചേരുന്നവനും) ഭക്തന്മാക്കെല്ലാം താൻ ഇരിക്കുന്ന സ്ഥാനത്തെ ഉപദേശിക്കാനായി എഴുന്നെള്ളിവന്നവനുമാകുന്നു അവൻ.

ഇത്തനൈകാലമടി!ഇറന്തുപിറന്തതെല്ലാം
ഇത്തനൈയുമില്ലൈയടിയിരമ്പിലുറൈനീരാനേൻ.

അ—(എൻെറ)ഗുരുസ്വാമി പ്രത്യക്ഷനായി എനിക്കു ജ്ഞാനോപദേശം ചെയ്തതിൽപിന്നെ ഇതുവരെയും അനേകജന്മങ്ങളിൽ പലവിധത്തിലുള്ള ദേഹമെടുത്തും മരിച്ചും വൃഥാ അനുഭവിച്ച കഷ്ടപ്പാടെല്ലാം ശമിച്ചു. ഞാനോ, ഇരുമ്പുകുടിച്ച വെള്ളംപോലെയായിത്തീരുകയും ചെയ്തു. അതായതു് പരമാത്മാവിനോടേകീഭവിച്ചു.

എക്കാലംപട്ടതടി, ഇറന്തുപിറന്തതെല്ലാം
അക്കാലമെല്ലാമഴുന്തിനേനാനരികിൽ.

അ—ഞാൻ ഇതിനു മുമ്പെടുത്തിട്ടുള്ള അനേകജന്മങ്ങളിലെല്ലാം ജനിച്ചും മരിച്ചും വെറുതെ ജീവിതം കഴിച്ചുകൂട്ടി നരകത്തിനു പാത്രീഭവിക്കയാണു് ചെയ്തതു്.

ഈ ജന്മത്തിൽ ആചാര്യകാരുണ്യത്താൽ എനിക്കു പരഗതിക്കു മാർഗ്ഗം ലഭിച്ചുവെന്നു താല്പര്യം!

കാലംകഴിന്തതടി കമ്മമെല്ലാം പോച്ചുതടി
നാലുവകൈക്കരുവുനാമനട്ടമാച്ചുതടി.

അ—എൻെറ കഷ്ടകാലമെല്ലാം പോയതുകൊണ്ടു കമ്മങ്ങളിൽനിന്നു നിവൃത്തനായി ഭവിച്ചു. മേൽക്കാലം നാലുപ്രകാരത്തിൽ ഉണ്ടാകാനിടയുള്ള (ഉദ്ഭിജം, സേ്വദജം, ജരായജം, അണ്ഡജം ഇങ്ങനെ നാലുപ്രകാരത്തിൽ ഉണ്ടാകാവുന്ന എന്നത്ഥം) ജന്മങ്ങളും നശിച്ചു.

ഇതെല്ലാം ആചാൎയ്യകരുണാകടാക്ഷംകൊണ്ടാണെന്നു സാരം.

മുപ്പാഴക്കപ്പാൽമുതൽപാഴ്മുഴമുതലായ്
ഇപ്പോതുവന്താൻകാൺഎന്നൈവിഴങ്കിക്കൊണ്ടാൻകാൺ.

അ—ശരീരത്തിലുള്ള മൂന്നു ശൂന്യസ്ഥാനങ്ങൾക്കും അപ്പുറമായി സ്ഥിതിചെയ്യുന്ന ശുദ്ധശൂന്യമായി ആദിമൂലബ്രഹ്മമായ പരമശിവൻ (ഇതുവരെ വരാതെ)ഇപ്പോൾ പ്രത്യക്ഷനായി എന്നെ പാടേ വിഴുങ്ങി തൻെറ സ്വാധീനത്തിലാക്കിച്ചെയ്തു.

പാലിൻകണെയിരുന്താൽപോലപ്പരഞ്ചോതി
ആലിങ്കനംചെയ്തുറവിഴങ്കിക്കൊണ്ടാണ്ടി.

അ—പാലിൽ വെണ്ണ മറഞ്ഞിരിക്കുന്നതുപോലെ പരമശിവൻ ഞാനറിയാതെതന്നെ എന്നിൽ കലന്നിരുന്നു എന്നെയും തൻെറ സ്വാധീനത്തിലാക്കിക്കളഞ്ഞു.

തെത്തപ്പടമാനേണ്ടിതീയിരുമ്പിനീരാനേൻ
ഒത്തവിടന്നിത്തിരൈയെൻറോതുമുണർവറിന്തേൻ.

അ—ഞാൻ അവനോടു് ഏകീഭവിച്ചുകഴിഞ്ഞതുകൊണ്ടു് ഇരുമ്പിനാൽ കുടിക്കപ്പെട്ട വെള്ളമെങ്ങനെയൊ അങ്ങനെയായിത്തീന്നു. അതിനാൽ അടുത്തപദത്തിൽ സുഖനിദ്രയാണെന്നു് ഇപ്പോഴെ പറയുന്നതിനേയും, ഞാൻ കേട്ടു മനസ്സിലാക്കിക്കഴിഞ്ഞു.

ഒപ്പവമൈയുമറോതുവരിതായപൊരുൾ
ഇപ്പുവിനിൽക്കുരുവേ എന്നവന്തോൻറാൾവഴി.

അ—തനിക്കു തുല്യമായതൊ, ഏകദേശസാമ്യമുള്ളതോ ആയ യാതൊരുവസ്തുവും ഈ ലോകത്തിൽ ഇല്ലാതവണ്ണം പരിലസിക്കുന്നവനും വാക്കിനു വിഷയമല്ലാത്ത ദിവ്യചൈതന്യരൂപനുമായ പരമശിവൻതന്നെ ഈ ലോകത്തിൽ എനിക്കുവേണ്ടി ജ്ഞാനാചാൎയ്യനായി എഴുന്നള്ളിവന്നു അതിനാൽ അവൻെറ തിരുവടികൾ രണ്ടിനും നമസ്കാരം.

മറേറാരോ ദേവന്മാരെ ജനങ്ങൾ അരാധിക്കുന്നതു നിരൎത്ഥകമാണെന്നഭിപ്രായം.

ഒപ്പാരിചൊല്ലിടിനും ഉപമൈപിഴൈത്തിടിനും
മുപ്പാഴംകററുണർന്തോർമുന്നോർപൊറുത്തരുളേ.

അ—അല്ലയോ മഹാജനങ്ങളെ, സ്ത്രീകൾ പറഞ്ഞു കരയുന്ന മാതിരിയിൽ ഞാൻ പറഞ്ഞുകരഞ്ഞതും ആ വിധത്തിലുള്ള പരിദേവനങ്ങളാൽ നിറയപ്പെട്ട ഈ സ്തോത്രമാലയിൽ, വേദാന്തതത്വങ്ങളെക്കുറിച്ചും മററും പറയപ്പെട്ടിട്ടുള്ള ദൃഷ്ടാന്തങ്ങൾ തെററിപ്പോയിട്ടുണ്ടെങ്കിൽ അതും ക്ഷമിച്ചരുളേണ്ടതു നിങ്ങളുടെ ധൎമ്മമാകുന്നു—ക്ഷമിക്കണമെന്നു് ഞാൻ അപേക്ഷിച്ചുകൊള്ളുന്നു എന്നു സാരം.

ഈ സ്തോത്രാവലി സ്ത്രീയുടെ സമക്ഷം സംബോധനംചെയ്തു പറയപ്പെട്ടതാകയാൽ; എല്ലാകരണങ്ങളിലും മൂലകാരൻ എടി, പെണ്ണേ, തോഴി, ഇത്യാദി സംബോധനങ്ങൾ ചെയ്തിട്ടുള്ളതു വ്യാഖ്യാനത്തിലും അവിടവിടെ പ്പറയേണ്ടതാവശ്യമായിരിക്കെ എല്ലായിടത്തും അതു പറയപ്പെട്ടിട്ടില്ല. വായനക്കാർ യഥാസ്ഥാനം ആ പദത്തെ അവിടെച്ചേൎത്തു പറിച്ചുകൊള്ളണം.

സ്ത്രീസമക്ഷംചെയ്ത സ്തോത്രാവലി സമാപ്തം.

പട്ടണത്തുപിള്ളയാരുടെ മരണകാലത്തെ പരിദേവനം.

ഇതിൽ, ഈ ജന്മത്തിൽ കഴിഞ്ഞ ജീവിതകാലത്തും മുൻജന്മങ്ങളിലും താൻചെയ്തു് അധോഗതിയെ പ്രാപിച്ച വിഷയങ്ങളെ വെളിപ്പെടുത്തിപ്പറഞ്ഞിരിക്കുന്നു.

വാത്തൈത്തിരമില്ലാമനിതരുക്കുപ്പുഞ്ചൊല്ലാ
ചാത്തിരങ്കൾചൊല്ലിച്ചുതിരിഴന്തുകെട്ടേനേ.

അ—വാഗൎത്ഥജ്ഞാനമില്ലാത്ത അല്പജ്ഞന്മാരായ മനുഷ്യൎക്കവേണ്ടി ഞാൻ പഠിച്ച താണതരത്തിലുള്ള ചില ശാസ്ത്രങ്ങൾ ചൊല്ലി അതുവഴി എൻെറ സാമൎത്ഥ്യങ്ങളെല്ലാം വൃഥാ നശിപ്പിച്ചു ഞാനും അധോഗതിയെ പ്രാപിച്ചു.

എന്നാലും എൻെറ ആചാൎയ്യൻ ജീവനോടിരിക്കുമ്പോൾ എനിക്കു ഒരു കുററവുമില്ലെന്നൎത്ഥം.

മെത്തമെത്തച്ചെൽവാക്കിൽവേറുമരുളട്ടത്തു
തത്തിത്തലൈകീഴായ്ത്താനടന്തും കെട്ടേനേ

അ—വൎദ്ധിച്ച ലോകവ്യവഹാരത്തിൽ ഉൾപ്പെട്ടിരുന്നു് അതുമൂലം മായാബദ്ധനായി നട്ടംതിരിഞ്ഞു ഗൎവിഷ്ഠനായി ഇതുവരെയും അധോഗതിയിൽ തന്നെ കഴിഞ്ഞുകൂടി.

പരമേശ! അതൊക്കെ ക്ഷമിച്ചു് എന്നെ രക്ഷിക്കണമേ എന്നു ഭാവം.

വഴക്കത്തലങ്കളിലുംമൺപെൺപൊന്നാശൈയിനും
പഴക്കന്തെവിരാമൽപതിയിഴന്തുകെട്ടേനേ.

അ—ഞാൻ ജീവിതകാലത്തിൽ ഇടപെട്ട പഴകിയ മണ്ണിലും പെണ്ണിലും പൊന്നിലും ആശവച്ചു്, ഇതുവരെയും കഴിഞ്ഞുകൂടിയതിനാൽ, ആ പഴക്കം നീങ്ങാതെയായിത്തീൎന്നു. അഥവാ, ആ ആശയിൽനിന്നും നിവൎത്തിക്കാൻ ശക്തനല്ലാതെ ഭവിച്ചു. അതുമൂലം ഞാൻ പ്രാപിക്കാൻ യോഗ്യമായിരുന്ന പരമപദത്തിൽ എത്താതെ വൃഥാ അധഃപതിച്ചു.

ആ ന്നിപൊരുന്തുമരുംപൂമിയത്തനൈയും
കാണിനമതെൻറകനംപേശിക്കെട്ടേനേ

അ—ഞാൻ ഫലാഢ്യങ്ങളായ അപൂൎവഭൂഭാഗങ്ങളെ നോക്കി ഈ നിലം എൻേറതു്, ഈ നിലം എൻേറതു്; എന്നു സഗൌരവം അഭിമാനിച്ചു. അതിനാൽ അഹംഭാവവാസനയോടുകൂടിയവനായി അധഃപതിച്ചു.

ആചാരമില്ലാവരശരുടൻകൂടി
പ്പാചാങ്കുപേശിവതിയിഴന്തുകെട്ടേനേ

അ—നീതിനിഷ്ഠ അല്പംപോലുമില്ലാത്ത രാജാക്കളോടുചേൎന്നു്, അസത്യവാൎത്തകൾ പറഞ്ഞു്, അതുമൂലം, എൻെറ ആശ്രയഭൂതനായ ഈശ്വരങ്കൽ ചേരുന്നതിനിടയാകാതെ വൃഥാ കാലത്തെ നയിച്ചു. കഷ്ടം!

കുരുമാൎക്കമില്ലാക്കുരുടരുടൻകൂടി
ക്കരുമാൎക്കത്തുള്ളേ കരുത്തഴിന്തുവിട്ടേനേ.

അ—വിശിഷ്ടനായ ആചാൎയ്യനെ അന്വേഷിച്ചു കണ്ടെത്തി അദ്ദേഹത്തിൻെറ ആജ്ഞയനുസരിച്ചു നടന്നു് ഉപദേശംവാങ്ങാത്ത മൂഢമനുഷ്യരോടിടപെട്ടു, അവരെ സ്നേഹിച്ചതുമൂലം ജനനക്കടലിൽ അകപ്പെട്ടു മനോവേദന അനുഭവിച്ചു വെറുതേ കഷ്ടപ്പെടുന്നു.

ആലമരുന്തുമരൻപെരുമൈയെണ്ണാമൽ
ബാലർപെണ്ടിർമെയ്യെൻറു പതറിയിഴന്തുകെട്ടേനേ.

അ—ഞാൻ വിഷ്ണാശനനായ ഭഗവാൻെറ മഹിമാതിശയത്തെ അശേഷം ഗണിക്കാതെ, ഭാൎയ്യാപുത്രാദികൾതന്നെ പരമാൎത്ഥവസ്തുക്കളെന്നു നിശ്ചയിച്ചു് വൃഥാ കാലത്തെ നയിച്ചു.

പിണവാസമുററപെരുങ്കായമെയ്യെൻറു
പണവാശൈയാലേപതിയിഴന്തുകെട്ടേനേ.

അ—ശവഗന്ധമുള്ള ഈ സ്ഥൂലദേഹത്തെ ഒരിക്കലും നശിക്കാത്തതെന്നു നിശ്ചയിച്ചു്, പണം സമ്പാദിക്കണമെന്നുള്ള മോഹത്തിൽ മുഴുകി നട്ടംതിരിഞ്ഞു കാലത്തെ വെറുതേ കഴിച്ചുകൂട്ടി.

കണ്ടപുലവർകനക്കവേനാൻപുകഴ
വുണ്ടവുടമ്പെല്ലാമുപ്പരിത്തുക്കെട്ടേനേ

അ—എന്നെപ്പുകഴ്ത്താൻ വരുന്ന വിദ്വാന്മാരുടെ കണ്ണിനാനന്ദമുണ്ടാകുമാറു്, അതായതു് അവർ നല്ലപോലെ പുകഴ്ത്തത്തക്കവണ്ണം പുഷ്ടമായി ഭജിച്ചു വളൎത്തിയ ശരീരത്തെ പോഷിപ്പിച്ചുതന്നെ വൃഥാ അധഃപതിച്ചു. വിദ്വാന്മാർ പണമുള്ളവരെ പുകഴ്ത്തുക സഹജമാണല്ലോ?

എണ്ണിറന്തചെന്മമെട്ടുത്തുശിവപൂശൈ
പണ്ണിപ്പിഴൈയാമൽപതിയിഴന്തുകെട്ടേനേ.

അ—ഞാൻ ഇതുവരെ എടുത്ത ജന്മങ്ങൾക്കു കണക്കില്ല. അതിനാൽ അതതു ജന്മങ്ങളിലെല്ലാം ശിവപൂജ ക്രമപ്രകാരംചെയ്തു്, അതിൻെറ ഫലമായ ശിവപദപ്രാപ്തിക്കിടയാകാതെ വൃഥാ കാലത്തെക്കഴിച്ചു.

ചിററെറുമ്പുചററുംതീണ്ടപ്പൊറാവുടമ്പൈ
ഉററരുക്കവുംചുടവുമൊപ്പിത്തുമാണ്ടേനേ.

അ—ഞാൻ ഇതിനുമുമ്പു് എടുത്തിട്ടുള്ള പലേ ജന്മങ്ങളിലും ചെറിയ എറുമ്പുപോലും കടിച്ചാൽ സഹിക്കാത്ത ഈ ശരീരത്തെ, ബന്ധുജനങ്ങൾ അടുത്തുകൂടി ബുദ്ധിമുട്ടിക്കത്തക്കവണ്ണവും ചുടത്തക്കവണ്ണവും ഏല്പെടുത്തിട്ടു വിട്ടുപോന്നു.

ഈ ശരീരം മോക്ഷത്തിനു് സാധനമായിരിക്കെ കഴിഞ്ഞജന്മങ്ങളിൽ ഞാൻ ആ മോക്ഷത്തെ സാധിക്കാതെ വൃഥാ കൈവിട്ടുകളഞ്ഞു എന്നുഭാവം.

തന്നുടമ്പുതാനേതനക്കുപകൈയാമെ-
ൻെറണ്ണമുണവില്ലാമൽഇമ്പമെൻറുമാണ്ടേനേ.

അ—തൻെറ ശരീരമാണു തനിക്കു ശത്രു എന്നുള്ള പരമാത്ഥമറിയാതെ ആ ശരീരമാണു സുഖത്തെത്തരുന്നതെന്നു കരുതി ഞാൻ പലകാലം പഴുതേ കഴിച്ചു.

തോലെലുമ്പുമാങ്കിഷമുന്തൊല്ലന്നത്താൽവളരു
മേലെലുമ്പുചുററമെൻറുവീറാപ്പായ്മാണ്ടേനേ.

അ—അന്നാദികളാൽ, തോൽ, എല്ലു, മാംസം ഇവ വൃദ്ധിയെ പ്രാപിക്കുന്ന ശരീരവും ബന്ധുക്കളുമെല്ലാം പരമാത്ഥമെന്നു കരുതി ദേവകാൎയ്യങ്ങളിൽ വെറുപ്പോടുകൂടിയിരുന്നു്, ജീവിതത്തെ വൃഥാ കഴിച്ചുകൂട്ടി.

പോക്കുവരത്തുംപൊരുൾവരത്തുംകാണാമൽ
വാക്കഴിവുശൊല്ലിമനമറുക്കികെട്ടേനേ.

അ—ജനനമരണങ്ങളെയൊഴിക്കുന്ന മാൎഗ്ഗത്തേയും പരമാത്ഥപദവികൈവരുന്നതിനുള്ള മാൎഗ്ഗത്തേയും ചിന്തിച്ചുനോക്കാതെ, വെറും വാക്കുകളെ പുലമ്പി, മനസ്സിനെ വ്യാമോഹിപ്പിച്ചു്, വിഫലമായി കാലത്തെ കഴിച്ചുകൂട്ടി.

പ്രാരബ്ധശേഷത്താൽ അപ്രകാരമൊക്കെ സംഭവിച്ചതാണെന്നു് ഇപ്പോൾ എനിക്കു മനസ്സിലായി; എന്നാലും ഗുരുകടാക്ഷത്താൽ ആ ബന്ധം അററുകിട്ടുമെന്നു് അഭിപ്രായം.

മരണകാലപരിദേവനം സമാപ്തം.

പട്ടണത്തുസ്വാമിയാർ ഹൃദയത്തോടു പറയുന്നതു്

മൺകാട്ടിപ്പൊൻകാട്ടു മായവിരുൾകാട്ടി
ച്ചെങ്കാട്ടിലാടുകിൻറതേശികനൈപ്പോററാമൽ
കൺകാട്ടുംവേശിയർതൻകൺവലൈയിൽചിക്കിമികവങ്കാടിനായ്പ്പോലലൈന്തനൈയേനെഞ്ചമേ.

അ—അല്ലയോ മനസ്സേ! മൺകൊതി പൊൻകൊതി പെൺകൊതി ഇതുകളാൽ ബദ്ധപ്പെട്ടു തുച്ചെങ്കാട്ടിൽ നടനംചെയ്യുന്ന പരമശിവനെ സ്തുതിക്കാതെ കണ്ണുകൾകൊണ്ടു മയക്കുന്ന വേശ്യകളുടെ മയക്കുവലയിൽ കുടുങ്ങി കടത്തെരുവിൽ അലഞ്ഞുതിരിയുന്ന നായെപ്പോലെ നീ വളരെ അലഞ്ഞുവല്ലോ.

അങ്ങനെ അലയുന്ന പക്ഷം പരമശിവൻെറ അനുഗ്രഹത്തിനു നീ പാത്രീഭവിക്കയില്ല. അതിനാൽ വ്യാമോഹങ്ങളെ നീക്കി സ്ഥിരനായിരുന്നാലും എന്നു താൽപര്യം.

പുൽപാശനവണൈയിൽപൊൽപട്ടുമെത്തയിൻമേൽ
ഒപ്പാവണിന്തപണിയോടാണ്ണിനീങ്കാമൽ
തുപ്പായ്ക്കിടത്തിയിയമനുയിക്കൊള്ളുമുന്നേ
മുപ്പാഴൈപ്പോററമുയങ്കിലൈയേനെഞ്ചമേ.

അ—പുഷ്പങ്ങളാൽ അലംകൃതവും ആസ്തൃതവുമായി വിളങ്ങുന്ന ആസനത്തിന്മേലും മേത്തരം പട്ടുമെത്തമേലും നിന്ന് നിത്യമണിഞ്ഞിരുന്ന ആഭരണങ്ങളോടുകൂടെ തറയിൽ ഉറക്കിക്കിടത്തുമ്പോൾ ജീവനേയും ഹരിച്ചുകൊണ്ടു കാലൻ പോകുന്നു. അതിനു മുമ്പേ മുപ്പാഴിസ്വഭാവമായ പരമാത്മാവിനെ സ്തുതിക്കാതെ വെറുതേ വിട്ടുകളഞ്ഞല്ലോ.

മുപ്പാഴംപാഴായ്മുതൽപാഴ വെറുംപാഴായ്
അപ്പാഴക്കാപ്പാൽനിൻറാട്ടമതൈപ്പോററാമൽ
ഇപ്പാഴാംവാഴ്ക്കൈനമ്പിയേററവക്കൊൻറീയാമൽ
ഇപ്പാഴായ്യന്തവിനൈച്ചൂഴ്ന്തനൈയേനെഞ്ചമേ.

അ—മനസ്സേ! നീ ആ മൂന്നു ശൂന്യസ്ഥാനങ്ങളും വിഫലമാക്കി. അതിനെക്കവിഞ്ഞു നിൽക്കുന്ന ആദിശൂന്യത്തേയും തീരെ വിഫലമാക്കി. അതിനെക്കവിഞ്ഞുനിന്നു നൃത്തം ചെയ്യുന്ന ആ പരമാത്മാവിനെ സ്തുതിക്കാതെയും അലക്ഷ്മീകരമായ ഈ ജീവിതത്തെ വിശ്വസിച്ച്, അർത്ഥികൾക്കു യാതൊന്നും ദാനം ചെയ്യാതെയും ഈ ശരീരത്തെക്കടന്നുകൂടിയിരിക്കുന്ന പുണ്യപാപങ്ങളിൽ മുഴുകിയിരിക്കുന്നു.

അന്നംപകർന്തിടുംകലൈന്തോക്ക്തവിചെയ്യും
ഞ്ചെന്മമെടുത്തുംശിവനരുളൈപ്പോററാമൽ
പ്പൊന്നുമനൈയുമെഴിൽപൂവൈയരുംപാഴ്വുമിവൈ
യിന്നുംചതമാകവെണ്ണിനൈയേനെഞ്ചമേ,

അ—മനമേ! അന്നത്തെ ഭാഗിച്ച്, ഇവിടെ അലഞ്ഞുനടക്കുന്ന

ദരിദ്രന്മാൎക്ക് കൊടുത്തു സഹായിക്കത്തക്ക ഈ മനുഷ്യജന്മം ലഭിച്ചിട്ടും അതുചെയ്യാതെയും പരമശിവന്റെ തിരുവടികളെ സ്തുതിക്കാതെയും ധനം, ഗൃഹം, ഭാൎയ്യ, സുഖവാഴ്ച, ഇവററെ നിത്യമെന്നു നീ നിരൂപിച്ചുവല്ലോ.

അതെത്ര മൂഢത്തരം? അതുകൊണ്ടെന്തുഫലം? എന്നുഭാവം.

മുററൊടപ്പിൽചെയ്തമുററൈമെയാൽവന്തചെൽവാ
ഇററൈറനാൾപെററോമെൻറെണ്ണാതുപാഴ്മനമേ
അററവൎക്കമീയാമലരൻപൂശൈയോരാമൽ
കററവൎക്കമീയാമൽകൺമറന്തുവിട്ടനൈയേ.

അ—അല്ലയോ മൂഢമനസ്സേ! മുജ്ജന്മത്തിൽ ചെയ്ത പുണ്യത്താൽ ലഭിച്ച ഈ ധനത്തെ ഇപ്പോഴത്തെ ശ്രമംകൊണ്ടോ സാമൎത്ഥ്യം കൊണ്ടോ ലഭിച്ചതാണെന്നു കരുതി ദരിദ്രന്മാൎക്ക് കൊടുക്കാതെയും ശിവപൂജാദികൾ നിൎവഹിക്കാതെയും വിദ്വാന്മാൎക്ക് കൊടുക്കാതെയും സമ്പാദിക്കുന്നു. അതിനാൽ അതു കൈവന്ന മാൎഗ്ഗമേതെന്നുള്ള വസ്തുത നീ മറന്നിരിക്കുന്നു.

മാണിക്കമുത്തുവയിരപ്പണിപൂണ്ടു
ആണിപ്പൊൽചിങ്കാതനത്തിലിരുന്താലും
കാണിത്തുടലൈനമൻകട്ടിയേക്കൈപ്പിടിത്താൽ
കാണിപ്പൊൻക്രൂടവരക്കാണ്കിലമേനെഞ്ചമേ.

അ—മനമേ! മാണിക്കം, മുത്ത്, വൈരം എന്നീ രത്നങ്ങൾ പതിച്ചുപണിചെയ്യപ്പെട്ട ആഭരണങ്ങളണിഞ്ഞു്, കനകസിംഹാസനത്തിലിരുന്നാലും, കാലൻ നമ്മെ കാലപാശത്താൽ കെട്ടിയിഴച്ചുകൊണ്ടുപോകുമ്പോൾ, മേൽപറയപ്പെട്ട രത്നങ്ങളും പൊന്നും ഒന്നും കൂടെ വരുന്നതു കാണുന്നില്ല.

മരിക്കുമ്പോൾ കൂടെ വരാത്ത സുവൎണ്ണാദികളെ ആഗ്രഹിക്കയും വിശ്വസിക്കയും ചെയ്യുന്നതു എത്ര മൂഢതയാണു്?.. എന്നു ഭാവം.

കൽക്കട്ടമോതിരനൽകടുക്കനരൈഞാൺപൂണ്ടു
തിക്കെട്ടുംപോററതിശൈക്കൊരുത്തരാനാലും
പൽക്കിട്ടവേമനയിൎപന്താട്ടുംവേളയിലേ
കൈക്കട്ടുംക്രൂടവരക്കാൺകിലമേനെഞ്ചമേ.

അ—മനമേ! രത്നങ്ങൾ പതിച്ച മോതിരങ്ങൾ മിന്നുന്ന കടുക്കൻ പൊന്നരഞ്ഞാണം ഇവ ധരിച്ചു്, ലോകമെല്ലാം പ്രശംസിക്കത്തക്ക നിലയിൽ വാണിരുന്നാലും, കാലൻ കോപത്തോടെ പല്ലുകൾ തമ്മിൽ കടിച്ചുവന്നു് ജീവനെ ഹരിച്ചു പന്താടിക്കളിക്കുമ്പോൾ, മേൽപറഞ്ഞ ആഭരണങ്ങൾ നമ്മോടുകൂടി വരുന്നതു കാണുന്നുണ്ടോ? ഇല്ല; അങ്ങനെയിരിക്കെ, നീ ഇനിയും അവയിൽ ആശവെയ്ക്കുന്നതെന്തുകൊണ്ടു്?

മുന്നനീചെയ്തതവമുപ്പാലുംചേരുമൻറി
ഒപ്പൊന്നുംപണിതികളും പൂവൈവെയുമങ്കേവരുമോ
തന്നൈെച്ചതമാകച്ചൽകുരുവൈവെപ്പോററാമൽ
കണ്ണററവന്തകൻപോൽകാക്ഷിയററായ് നെഞ്ചമേ.

അ—മനമേ! മുജ്ജന്മത്തിൽ നീ ചെയ്തിട്ടുള്ള പാപപുണ്യകർമ്മങ്ങളുടെ ഫലം മാത്രം മൂന്നു ജന്മങ്ങൾവരെയും നിന്നോടുകൂടി വരുമെന്നല്ലാതെ, ദ്രവ്യങ്ങളും ആഭരണങ്ങളും സ്ത്രീകളും കൂടെ വരികയില്ല. ആ പരമാൎത്ഥം നീ അറിഞ്ഞിരുന്നിട്ടും അവറ്റെ നിത്യമെന്നു വിശ്വസിച്ചു ജ്ഞാനാചാൎയ്യനെ നമസ്കരിക്കുക എന്ന ധൎമ്മത്തെ നീ മറന്നിരിക്കുന്നു. അതിനാൽ നീ (കണ്ണില്ലാത്ത കുരുടനെപ്പോലെ) കാഴ്ചയില്ലാത്തവനായി ഭവിച്ചു.

അനിത്യമാണെന്നനുഭവപ്പെട്ടിരുന്നിട്ടും ലൌകികവിഷയങ്ങളിൽ ഭ്രമിക്കുന്ന മൂഢത്വത്തെ നീക്കി നിത്യമായ പരമാത്മാവിനെ ശരണം പ്രാപിച്ചാലും അതാണു മുക്തിക്കുള്ള മാൎഗ്ഗം എന്നു ഭാവം.

പൈയരവംപൂണ്ടപരമൻതിരുപ്പൊററാളെ
ത്തുയ്യമലർപറിത്തുത്തൊഴുതുവണങ്കാമൽ
കയ്യിലണിവളെെയുംകാലിലിടുംപാടകമും
മെൻറിരുമാന്തുവിട്ടനൈെയേനെഞ്ചമേ.

അ—മനമേ, പത്തിയുള്ള പാമ്പുകളെ ആഭരണമാക്കിയിരിക്കുന്ന പരമശിവന്റെ അഴകിയ തിരുവടികളെ നമസ്കരിക്കാതെ, പുതുതായി വിടിൎന്ന പൂക്കൾ പറിച്ച്, ചാൎത്തി ആ തിരുവടികളെ വണങ്ങാതെയും സ്ത്രീകൾ കയ്യിൽ അണിയുന്ന വളകളെയും കാലിലിടുന്ന പാദസരങ്ങളെയും കണ്ടു അവ നിത്യാനന്ദവസ്തുക്കളെന്നു കരുതി നീ ഗർവിഷ്ഠനായി തീൎന്നിരിക്കുന്നു.

മനസ്സേ! നിന്റെ ഈ വിചാരം കളയുന്നതുവരെ നിനക്കു മോക്ഷാധികാരം സിദ്ധിക്കില്ല എന്നു താല്പൎയ്യം.

മാതുക്കൊരുപാകംവൈെത്തവരൻപൊത്താളൈെ
പോതുക്കൊരുപോതുംപോററിവരുന്താമൽ
മാതുക്കുത്തേടിയിന്തമണ്ണിൽപുതൈെത്തുവൈെത്തേ
ഏതുക്കുപ്പോകനീയെണ്ണിനൈെയേനെഞ്ചമേ.

അ—മനമേ! ഇടതുഭാഗം ശ്രീപാർവതിക്കായി പകുത്തുകൊടുത്ത പരമശിവന്റെ തിരുവടികളെ ദിവസത്തിലൊരിക്കലെങ്കിലും സ്തുതിച്ച് അതിനാലുണ്ടാകുന്ന ആനന്ദത്തെ അനുഭവിക്കാതെ മദമത്സരങ്ങൾക്കു വശംവദനായി, ദ്രവ്യസമ്പാദനം ചെയ്തു്, അതിനെ ഈ ഭൂമിയിൽ കുഴിച്ചു സ്ഥാപിച്ചുംവച്ചു വെറുതേ മരിക്കുന്നതിനായി നീ നിശ്ചയിച്ചു.

നീ അങ്ങനെ കരുതി, ചില നിഷ്പ്രയോജനങ്ങളായ കാൎയ്യങ്ങളെ ചെയ്യുവരുന്നതുകൊണ്ടു നിനക്കു് എന്തുഫലമാണു്? ഒന്നുമില്ല എന്നഭിപ്രായം.

അഞ്ചരുളൈപ്പോററിയൈയെന്തുപുലനൈത്തുറക്ക
നെഞ്ചേയുനക്കുന്നിനവുനാൻചൊല്ലുകിറേൻ
വഞ്ചകത്തൈനീക്കിമറുന്നിനൈവുവാരാമൽ
ചെഞ്ചരണത്താനൈച്ചിന്തൈ ചെയ്യായ്നെഞ്ചമേ.

അ—മനമേ! പഞ്ചശക്തികളുടെ അനുഗ്രഹത്തെ പ്രാൎത്ഥിച്ചു പഞ്ചേന്ദ്രിയങ്ങളുടെ വ്യാപാരങ്ങളെ അടക്കത്തക്ക ഒരു ബുദ്ധി നിനക്കു ഞാൻ പറഞ്ഞുതരാം. അതെന്തെന്നാൽ, മനസ്സു മററു വിഷയങ്ങളിൽ ഭ്രമിക്കാതെയും വഞ്ചനാദി ദോഷങ്ങൾക്കു പാത്രീഭവിക്കാതെയും ചെമന്ന തിരുവടികളുള്ള പരമശിവനെ, എപ്പോഴും സ്തുതിച്ചുകൊള്ളുക. അതാണു ബുദ്ധി എന്നൎത്ഥം.

പഞ്ചശക്തികൾ-ഇച്ഛാശക്തി, ക്രിയാശക്തി, ജ്ഞാനശക്തി, ചിച്ഛക്തി, പരാശക്തി ഇവയാകുന്നു.

അൽപുതമായിന്തവുടലാവിയടംകുമുന്നേ
സൽഗ്ഗുരുവെപ്പോററിത്തവംപെററുവാഴാമൽ
ഉല്പത്തിച്ചെമ്പൊൻഉടമൈപെരുവാഴ്വെനമ്പി
ച്ചുല്പത്തിനുവായിററവളൈപോലാനേനേ.

അ—അത്ഭുതം തോന്നത്തക്കവണ്ണം ഈ ശരീരത്തെ വിട്ടു ജീവൻ വെളിയിൽ പോകുന്നതിനുമുമ്പു്, നല്ല ജ്ഞാനാചാൎയ്യനെ കണ്ടുകൂടി സേവിച്ചു ആത്മജ്ഞാനത്തെ ലഭിക്കാതെ ഇടക്കാലത്തുണ്ടാകുന്ന ചെമന്ന പൊന്നും അതുകൊണ്ടുണ്ടാക്കപ്പെടുന്ന ആഭരണങ്ങളും സുഖവാഴ്ചയും മററും നിത്യമെന്നു വിശ്വസിച്ചിരുന്നതിനാൽ മനസേ, നീ കാരണം ഞാനും സൎപ്പത്തിൻെറ വായിൽപ്പെട്ട തവളപോലെ ആയിത്തീൎന്നു.

ഉററാരർപെററാരാർഉടൻപിറപ്പാർപിള്ളൈകളാർ
മാററാരിരുന്താലെൻമാളുമ്പോതുതവുവരോ
കററാഴവിഴ്ന്തവിളംകൻറതുപോലെയുരുക്കി—
ച്ചിററാകിച്ചിററിൻപംചേൎന്താനൈയേനെഞ്ചമേ.

അ—മനമേ! നിനക്കു ബന്ധുക്കളും അച്ഛനമ്മമാരും സഹോദരന്മാരും മക്കളും സ്നേഹിതന്മാരായി മററുള്ള ആളുകളും ഒക്കെയുണ്ടായാലും എന്തുലാഭം! ഒരു ലാഭവുമില്ല. എന്തെന്നാൽ മരണം സംഭവിക്കുന്ന അവസരത്തിൽ, ഇവരാരും യാതൊരു സഹായത്തിനും ആളാകയില്ല. അക്കഥ നല്ല

പോലെ നീ അറിഞ്ഞിരുന്നിട്ടും തള്ളപ്പശുവെ കാണാഞ്ഞു കന്നുകുട്ടി ദുഃഖിക്കുന്നതുപോലെ ദുഃഖിതനായി നീ ലൌകികസുഖത്തിൽ ചേൎന്നുവല്ലോ. ലൌകികസുഖത്തെ നിത്യമെന്നു കരുതി അതിനായി ആഗ്രഹിച്ചുവല്ലോ എന്നൎത്ഥം.

വീടിരുക്ക, ത്തായിരുക്ക, വേണ്ടുമനൈയാളിരുക്ക,
യിടിരുക്ക, വൃണ്ണിരുക്ക, പിള്ളൈകളുന്താമിരുക്ക,
മാടിരുക്ക, ക്കണ്ണിരുക്ക, വൈത്തപൊരുളിരുക്ക,
ക്കൂടിരുക്ക, നീപോനകോലമെന്നകോലമേ

അ—അല്ലയോ ദേഹി, (ജീവാത്മാവേ, എന്നു സാരം) താമസിക്കുന്ന വീടു്, പെററമ്മ വാത്സല്യപൂർവം സ്നേഹിക്കുന്ന ഭാൎയ്യ പ്രതാപം (കീൎത്തി മുതലായവ) ഭക്ഷ്യപദാൎത്ഥങ്ങൾ കുഞ്ഞുങ്ങൾ കന്നുകാലികൾ സമ്പാദിച്ച ദ്രവ്യം എന്നുവേണ്ടാ താമസിച്ചുവന്ന കൂടായ ദേഹംപോലും ഇങ്ങിരിക്കെ നീ വെളിയിൽ പൊയ്പോയതെന്തൊരു മായമോ? അറിഞ്ഞുകൂടാ.

മേൽ പറയപ്പെട്ടവയെല്ലാം ജീവിതകാലത്തിൽ നിൻേറതെന്നഭിമാനിച്ചു സ്നേഹിച്ചവയാണല്ലോ. അതിൽ എതൊന്നെങ്കിലുംകൂടിക്കൊണ്ടുപോകാതെ വെറുതെ നിസ്സഹായനായി നീ വിട്ടുപോകാൻ ഇടയായ ആശ്ചൎയ്യം ഓൎത്തുനോക്കിയാൽ ഹേ ജീവാത്മാവേ, ലൌകികസമ്പത്തുകൾ എത്രമാത്രം മായാബദ്ധങ്ങളാണെന്നോൎത്തുനോക്കു എന്നഭിപ്രായം.

ചന്തനമുംകുംകുമമുംചാന്തുംപരിമളവും
വിനൈതകളായ് പൂശിമികുവേടിക്കൈയ്യൊയ്യാര
കന്തമലർചൂട്ടകിൻറകന്നിയരുന്താമിരുക്ക
എന്നവകൈപോനായെൻറൻറിലൈയേനെഞ്ചമേ.

അ—മനമേ! ചന്ദനം കുങ്കമം ചാന്തു് വാസനദ്രവ്യങ്ങൾ ഇവയെ വിനോദാൎത്ഥം പൂശി അലങ്കാരമായി സുഗന്ധപുഷ്പങ്ങളെയും ധരിക്കുന്ന സുകുമാരികളായ സ്ത്രീകളും ഇങ്ങിരിക്കെ ജീവൻ എന്തിനായി ശരീരത്തെ ഉപേക്ഷിച്ചു പോയിയെന്നുള്ളതു് ആ ജീവനോടു് ഏററവും അടുത്തിരിക്കുന്ന നീ വിചാരിച്ചുനോക്കിയില്ലല്ലോ.

കാററുത്തുരുത്തികടിയവിനൈക്കുള്ളാന
ഊറൈറെച്ചുടലത്തൈഉണ്ടെൻറിരുമാന്തു
പാത്തിരങ്കിയന്നംപശിത്തൊരുക്കീയാമൽ
ആററുവെള്ളംപോലെവളാവിനൈയേനെഞ്ചമേ.

അ—മനമേ! കാററു തീനിറച്ചുവച്ചിരിക്കുന്ന തുരുത്തിയും, പാപസഞ്ചയത്തെ അളക്കുന്നതിനുള്ള മൺപാത്രവുമായ ഈ ദേഹത്തെ നിത്യമെന്നു

കരുതി അതിൽ അഭിമാനത്തോടുകൂടിയവനായിട്ടു ദരിദ്രന്മാരെക്കുറിച്ചു കരുണയുണ്ടായി അവൎക്കു അന്നാദിദാനം ചെയ്യാതെ നീ ആററുവെള്ളത്തെപ്പോലെ വഴി തപ്പിത്തപ്പി വിഷമിക്കുന്നു. ഇതെന്തു വിപരീതപ്രവൃത്തി?

നീൎക്കുമിഴിവാഴ്‌വൈന്നമ്പിനിച്ചയമെൻേറയെണ്ണി
പാക്കളെവായന്നംപചീത്തോൎക്കളിയാമൽ
പോക്കളെമത്തുതൻപിടിത്ത ഴക്കുമപ്പോതു
ആപ്പെട്ടുവരെൻറുയറിന്തിലൈയേനെഞ്ചമേ.

അ—മനമേ! വെള്ളത്തിലെ കുമളയ്ക്കു തുല്യമായ ഈ ജീവിതത്തെ വിശ്വസിച്ചു് അതു സ്ഥിരമെന്നു കരുതി അന്തിക്കു വിശന്നുവരുന്നവൎക്കുപോലും അന്നം കൊടുക്കാതെയിരിക്കുന്നതുകൊണ്ടു് തങ്ങളുടെ മരണകാലത്തിൽ കാലദൂതന്മാർ ജീവനെ കെട്ടിയിഴയ്ക്കുമ്പോഠം നിലയില്ലാതെ ദുഃഖിക്കേണ്ടിവരുമെന്നുള്ളതു നീ (അറിയാത്തതുപോലെയിരിക്കുന്നുവല്ലൊ) അറിഞ്ഞിട്ടില്ലെന്നുണ്ടോ? അതിനാൽ വേഗത്തിൽ ധൎമ്മംചെയ്തു സദ്ഗതി അടഞ്ഞുകൊള്ളണം എന്നു ഭാവം.

ചിന്നഞ്ചിനുതലാഠംചെയ്തപാലവിനൈയാൽ
മുന്നാന്തമാവിൽമുളൈത്തച്ചിലന്തിവിമ്മി
വന്നന്തളതളപ്പമയങ്കിവലൈക്കുള്ളാകി
അന്നംപകിൎന്തുണ്ണുറിന്തിലൈയേനെഞ്ചമേ.

അ—മനമേ! നീ സുന്ദരമുഖിയായ സ്ത്രീ ചെയ്ത പാപങ്ങളുടെ ഫലമായി അവളുടെ മാൎവിൽ കുരുത്തുവളൎന്നു കനത്തിടതൂൎന്നു നിൽക്കുന്ന മുലകണ്ടുകണ്ടു മയങ്ങി മായാമോഹത്താൽ വിശന്നുവരുന്ന ദരിദ്രന്മാൎക്കു് അന്നദാനംചെയ്തിട്ടുവേണം നീയുമുണ്ണാൻ എന്നുള്ള ധൎമ്മം അറിഞ്ഞതേയില്ല.

ഓട്ടൈത്തുരുത്തിയൈയുടയുംപുഴക്കൂട്ടൈ
ആട്ടുഞ്ചിവചിത്തരരുളൈമികപ്പോററിയെ
വീട്ടൈത്തിറന്തുവെളിയൈയൊളിയാലഴൈത്തു
ക്കാട്ടുംപൊരുളിതെൻറുകരുതിലൈയേനെഞ്ചമേ.

അ—മനമേ! ഓട്ടകളുള്ള തുരുത്തിയും ഉടയുന്ന പുഴക്കൂട്ടുമായ ഈ ശരീരത്തെ ചലിപ്പിക്കുന്ന ചിദാഭാസനെന്ന പരമാത്മാവിൻെറ അനുഗ്രഹത്തിനായി പ്രാൎത്ഥിച്ചു് ആറാധാരങ്ങളുള്ളതായ ഈ വീടിനെ പ്രാണായാമത്താക്കോൽകൊണ്ടു തുറന്നു് അതിനുള്ളിലുള്ള ശുദ്ധശൂന്യത്തെ (ചിദാകാശത്തെ) സ്വന്തതേജസ്സാൽ കൂട്ടിക്കൊണ്ടുപോയി കാണിക്കുന്ന ആ പരമതത്വം (പരബ്രഹ്മം) ഇതാണല്ലോ എന്നറിഞ്ഞു നീ അതിനെ ധ്യാനിച്ചില്ല. മുക്തിലഭിക്കണമെങ്കിൽ അതിനെധ്യാനിക്കതന്നെ വേണംഎന്നൎത്ഥം.

ഊണ്ണൊതിന്തകായമുളൈന്തപുഴക്കുട്ടൈ
താൻചുമന്തതല്ലാൽനീസൽഗ്ഗുരുവൈവെപ്പോററാമൽ
കാൻപരന്തവെള്ളംകരൈപുരളക്കണ്ടേകി
മീൻവരന്താൽപോലെവിചാരമുററായ്നെഞ്ചമേ

അ—ഭക്ഷണസാധനങ്ങൾ മുറയ്ക്കു വാരിനിറയ്ക്കുന്ന ഭാണ്ഡവും പുഴക്കൾ നിറഞ്ഞിരിക്കുന്ന കൂട്ടമായ ഈ ദേഹത്തെ നീ ചുമന്നുകൊണ്ടു നടന്നുവെന്നല്ലാതെ, ജ്ഞാനാചാൎയ്യനെ സ്തുതിച്ചില്ല. അതിനാൽ ഊററുവെള്ളം പുറപ്പെട്ടൊലിച്ചുവരുന്നതു കണ്ടു്, കരയ്ക്കുകിടന്നു പിടയ്ക്കുന്ന മത്സ്യം ഭയപ്പെട്ടു് അതിനെ സ്പൎശിക്കാതെ ദൂരത്തു മാറിപ്പോകുന്നതുപോലെ നീ സങ്കടത്തെ പ്രാപിച്ചു.

ഉടക്കൈയൊരുത്തിയുയിരൈയടൈത്തുവൈത്ത
ചടക്കൈച്ചിതമെൻറുചാർന്തങ്കിരുമാന്തേ
ഉടക്കൈത്തകർന്തേയുയിരൈയമൻകൊൾകുയിലേ
യടക്കമൊയ്വൈത്തപൊരുളുംകൂവരമാട്ടാതേ

അ—മനമേ! ആത്മശക്തിവിശേഷത്താൽ ജീവനെ അടച്ചുവയ്ക്കപ്പെട്ട ഈ ദേഹത്തെ സ്ഥിരമെന്നു നിശ്ചയിച്ചു നീ അഭിമാനത്തോടുകൂടിയിരിക്കുന്നു. എന്നാൽ ഈ ദേഹം വീഴുമ്പോൾ (മരിക്കുമ്പോൾ എന്നൎത്ഥം) അതിൽ കുടിയിരുന്ന ജീവനെ കാലൻ കെട്ടിവലിച്ചുകൊണ്ടുപോകുന്ന അവസരത്തിൽ നീ ആരുമറിയാതെ സംഗ്രഹിച്ചുവച്ചിരിക്കുന്ന ദ്രവ്യം നിന്നോടുകൂടി വരികില്ലേ? മൂഢ! വരികില്ല എന്നു പഠിച്ചോളൂ. അതിനാൽ മുക്തിക്കായി നിത്യമായ പരമശിവപദത്തെ ഭജിച്ചോളൂ എന്നൎത്ഥം.

തിത്തിക്കുംതേനൈതെവിട്ടാതതെള്ളമൂകൈ
മുത്തിക്കുവിത്താനമുപ്പാഴൈപ്പോററാമൽ
പററിപ്പിടിത്തിയമൻപാശത്താൽകട്ടുവണ്ണും
ചുററിനിരുക്കുംവിനൈചുഴിന്തനൈയേ നെഞ്ചമേ.

അ—മനമേ! മധുരിക്കുന്ന തേൻപോലെ രുചിയുള്ളതും, ഒലിച്ചുപോകാതെ നിറഞ്ഞുനിൽക്കുന്ന തെളിഞ്ഞ അമൃതുപോലെയുള്ളതും, മോക്ഷമാകുന്ന ചെടി മുളച്ചുണ്ടാകുന്ന വിത്തായതും ത്രിശൂന്യവുമായ പരമാത്മതത്വത്തെ (പരമശിവനെ) സ്തുതിക്കാതെ കാലൻ കരുണകൂടാതെ എത്തിപ്പിടിച്ചു പാശത്താൽ വരിഞ്ഞുകെട്ടുന്നതിന്നു് ഉപദേശം കൊടുത്തുകൊണ്ടു നിന്നെച്ചുററി വന്നുചേൎന്നുകൊണ്ടിരിക്കുന്ന പുണ്യപാപങ്ങളിൽ നീ ഉൾപ്പെട്ടുവോ. പ്രാരബ്ധത്തിനു വശംവദനായി ഭവിച്ചുവോ എന്നു സാരം.

പ്രാരബ്ധം ഒടുങ്ങുന്നതുവരെ മുക്തി സിദ്ധിക്കയില്ലെന്നു ഭാവം.

അഞ്ചെഴുത്താ ഏട്ടെഴുത്താ ഐമ്പത്തോരക്ഷരമായ്
പിഞ്ചെഴുത്താനിൻറ പെരുമനൈപ്പോററാമൽ
വഞ്ചകമായുററമുലൈമാതർവലൈക്കുള്ളാകി
പഞ്ചരിത്തുത്തേടിപ്പാഴക്കിറൈ ത്താമേ.

അ—മനമേ! നമ്മൾ, പഞ്ചാക്ഷരരൂപമായും, അഷ്ടാക്ഷരരൂപമായും സർവാക്ഷരസമുദായരൂപമായും ജീവരക്ഷ (ഓങ്കാര) രൂപമായും പരിലസിക്കുന്ന പരമശിവനെ സ്തുതിക്കാതെ വഞ്ചനപ്രയോഗത്തിൽ സമർത്ഥങ്ങളായ മുലകളോടുകൂടിയ സ്ത്രീകളുടെ മയക്കുവലയിൽ അകപ്പെട്ട്, അവക്ക് കൊടുക്കുന്നതിനു പണം സമ്പാദിക്കുവാനായി വൃഥാ ദിവസങ്ങളെ നയിച്ചു.

അക്കർകു,കൊന്റൈ,തുമ്പൈ,യമ്പിലംചൂടുകിൻറ
ചൊക്കർതിരുത്താളൈത്തൊഴുതുവണങ്കാമൽ
മക്കൾപെണ്ടിർചുററമുടൻവാഴ്വൈമികനമ്പിയൻപായ
എക്കാലമുമുണ്ടെൻറിന്നിനൈയേ നെഞ്ചമേ.

അ—മനമേ! (രുദ്രാക്ഷം) കരുകപ്പൂൽ കൊന്നപ്പൂമാല തുമ്പപ്പൂമാല ചന്ദ്രക്കല ഇവയെ ശിരസ്സിൽ ധരിക്കുന്ന സോമസുന്ദരമൂർത്തിയുടെ തിരുവടികളെ സ്തുതിച്ചു നമസ്കരിക്കാതെ മക്കൾ ഭാര്യ ബന്ധുക്കൾ വാഴ്വ ഇവയെ സ്ഥിരമെന്നും ഒരിക്കലും നശിക്കാത്തതെന്നും വിചാരിച്ചിരുന്നു അല്ലേ?

അതു വെറും മൂഢത്വമാണെന്നല്ലാതിനെന്തു സംശയം? എന്നു ഭാവം.

ആണ്ടകുരുവിനരുളൈമികപ്പോററി
വേണ്ടുംകൈലായവീട്ടുവഴിപാരാമൽ
പൂണ്ടകുഴന്മാതുനല്ലാർപൊയ്യായൈക്കുള്ളാകി
തുണ്ടിലകപ്പെട്ടുത്തുടികെണ്ടെയാനേനേ

അ—മനമേ! നീ കാരണം ഞാൻ എന്നെ ശിഷ്യനാക്കി സ്വീകരിച്ച ജ്ഞാനാചാര്യൻെറ ഉപദേശപ്രകാരം നടന്ന് ശ്രീ കൈലാസമോക്ഷപ്രാപ്തിക്ക് ആഗ്രഹിക്കാതെ പെണ്ണുങ്ങളുടെ മയക്കുവലയിൽ കുടുങ്ങി തൊണ്ടയിൽ ചൂണ്ടൽമുള്ളു കൊരുത്തു കിടന്നു പിടയ്ക്കുന്ന മത്സ്യത്തെപ്പോലെയായിത്തീർന്നു.

ഏണിപ്പുഴവാമിരുളൈയരുത്താൾമുററും
പേണിത്തൊഴുംകൈയിലൈപേറുപെറമാട്ടാമൽ
കാണിവരുംപൊരുളാശ്ശൂങ്കുലക്കപ്പെട്ടടിയേൻ
ആണിയററമാമരംപോലാകിനനേനെഞ്ചമേ.

അ—മനമേ! ഞാൻ അജ്ഞാനാന്ധകാരത്തെയൊഴിച്ച് തന്നത്താൻ ജ്ഞാനാചാൎയ്യനായ എഴുന്നെള്ളിവന്ന് എന്നെ ശിഷ്യനാക്കത്തക്കവണ്ണം, പരമശിവൻെറ തിരുവടികളെ സ്തുതിചെയ്യ്, ശ്രീകൈലാസവാസമോക്ഷം ലഭിക്കമാറുള്ള ശിവാനുഗ്രഹത്തെ സമ്പാദിക്കാതെ പലപല ദുൎമ്മാൎഗ്ഗങ്ങളിൽ പ്രവൎത്തിച്ചു വേരററ മരംപോലെയായിത്തീൎന്നു.

കോൎത്തുപ്പിരകാശംകൊണ്ടുരുകിയണ്ടമെല്ലാം
കാത്തപടിയേകൈലായംചേരാമൽ
വേററുരുവപ്പെട്ടയേൻ വെള്ളംപോലുള്ളുരുകി
ഏററുങ്കഴവിലിരുന്ത പിണമാനേനേ

അ—മനമേ! എന്നെ മുഴുവൻ ഗ്രഹിച്ചു തനിക്കധീനമാക്കിക്കൊണ്ടു് സകല ബ്രഹ്മാണ്ഡങ്ങളിലും വ്യാപിച്ചിരിക്കുന്ന പരമശിവൻെറ കൈലാസത്തിൽ വസിക്കുന്നതിനു സംഗതിവരുത്താതെ രൂപാന്തരത്തെ പ്രാപിച്ച് അന്തഃകരണം വെള്ളംപോലെയുരുകി കയററപ്പെട്ട കഴവിൽ തൂങ്ങുന്ന ശവംപോലെയായിത്തീൎന്നു.

നിലൈവിട്ടുടലൈയുയിർനീങ്കിയകല്വമുന്നേ
ചിലൈതൊട്ടവേടനെച്ചിത്തിന്നാനൈച്ചേരാമൽ
വലൈപട്ടുഴല്വകിൻറമാൻപോൽപരതപിത്തു
തലൈകെട്ടനൂലാതുപോൽത്തട്ടഴിന്തായ്നെഞ്ചമേ

അ—മനമേ! നീ നിൻെറ ദേഹത്തിൽനിന്നും ജീവൻ വിട്ടൊഴിഞ്ഞു പോകുന്നതിനുമുമ്പ് കണ്ണപ്പനയനാരുടെ എച്ചിൽ ഉണ്ടവനായ (ഭക്തദാസനായ എന്നു സാരം) പരമശിവൻെറ പാദങ്ങളിൽ ചേരാതെ വലയിലകപ്പെട്ട മാൻ എന്നപോലെ ദുഃഖിച്ച്, മുമ്പുപിമ്പായും പിൻപുമുമ്പായും ക്രമംതെററിക്കിടക്കുന്ന ശാസ്ത്രംപോലെ ഉപയോഗശൂന്യനായി നശിച്ചു.

മുടിക്കുമയിർപൊല്ലാമുഴിക്കുരമ്പൈമിന്നാരിൻ
ഇടൈക്കുനടൈക്കുമിതങ്കൊണ്ടുവാരൈത്തചൊല്ലി
അടിക്കൊണ്ടതില്ലൈവനത്തൈയന്നേ,നായനൈയേൻ
വിടക്കൈയിഴന്തമിരുകമതുവാനേന.

അ—തില്ലവനം എന്ന പ്രസിദ്ധക്ഷേത്രത്തിൽഎഴുന്നെള്ളിയിരിക്കുന്ന നാഥ! ശവാവെന്നപോലെ കേവലം നികൃഷ്ടനായിരിക്കുന്ന ഞാൻ പെണ്ണുങ്ങളിൽ ഭ്രമിച്ച്, അവരുടെ അരക്കെട്ടു, നട, മുതലായവയെ ഓരോ നല്ല ഉപമാനങ്ങളെക്കൊണ്ടു വൎണ്ണിച്ചു കൂട്ടുവിട്ട മൃഗംപോലെ താന്തോന്നിയായി ഭവിച്ചു.

പൂവാണർപോററരുംപുകഴ്മതുരെച്ചൊക്കരതു
ചീർപാദംപോററിച്ചിവലോകംചേരാമൽ
താവാരന്തോറുംതലൈപുകുന്തനായ്പോല
ആകാതനെഞ്ചമേ അലൈന്തുതിരിന്തായേ.

അ—മൂഢമനസ്സേ! ലോകവാസികളാൽ സ്തുതിക്കപ്പെട്ടും സേവിക്കപ്പെട്ടും വരുന്ന മധുരയിൽ എഴുന്നരുളിയിരിക്കുന്ന സോമസുന്ദരമൂൎത്തിയുടെ അരിയ തിരുവടികളെ സ്തുതിച്ചു അതിൻെറ മഹിമയാൽ ശിവപദത്തെ പ്രാപിക്കാതെ താഴ്വാരങ്ങളിലൊക്കെ കേറിയിറങ്ങിനടക്കുന്ന (കാണുന്ന ചട്ടികളിലൊക്കെ തലയിട്ടു നക്കുന്ന) നായെപ്പോലെ നീ അലഞ്ഞുതിരിഞ്ഞു.

പത്തെട്ടായിരെന്തായ്പതിമൂൻറിരണ്ടോൻറായ്
ഒത്തിട്ടുനിൻറതോരാ പിയത്തൈപോററാമൽ
തെത്തിട്ടുനിൻറതിരികണ്ണിക്കുള്ളാകി
വിത്തിട്ടായ്നെഞ്ചേവിടവുമറിയായേ.

അ—മനമേ, പത്തുശാസ്ത്രങ്ങളും (വേദവേദാംഗങ്ങളും) പതിനെട്ടു പുരാണങ്ങളും ഇരുപത്തേഴ (മുഖ്യ) ഉപനിഷത്തുകളും ഇതുകളായ (ഇതുകളിൽ അന്തർഭവിച്ചിരിക്കുന്ന സ്ഥാവരവസ്തുവായി) സ്ഥിതിചെയ്യുന്ന പരമാത്മാവിനെ സ്തുതിക്കാതെ വശഗതമായ ഏഷണത്രയത്തിലകപ്പെട്ടുപോയി. എന്നാൽ അതിനെ ഉപേക്ഷിക്കണമെന്നറിഞ്ഞില്ല.

അഞ്ചുമുരുവാകിയൈമൂൻറുമെട്ടുമെൻറായ്
മിഞ്ചിയിരുന്തവിളക്കൊളിയൈപ്പോററാമൽ
പഞ്ചിലിടുവന്നിയൈപ്പോൽപററിപ്പിടിയാമൽ
നഞ്ചുണ്ടകെണ്ടൈയേപ്പോലെനാനലൈന്തുകെട്ടേനേ.

അ—പഞ്ചാക്ഷരി, പഞ്ചദശാക്ഷരി, അഷ്ടാക്ഷരി, എന്നീ മന്ത്രങ്ങളെ അതിക്രമിച്ചു സ്ഥിതിചെയ്ത തേജോവിശേഷത്തെ പൂജിക്കാതെ തീക്കനൽ വീണ പഞ്ഞിപോലെയും ചൂണ്ടൽ വിഴുങ്ങിയ മത്സ്യത്തെപ്പോലെയും അചിരേണ ഞാൻ നാശത്തെ പ്രാപിച്ചു.

ഊനമുടനേയുടൈയും പഴക്കുടൈ
മാനമുടനേചുമന്തുമണ്ണുലകിൽമാളമൽ
ആനതൊരുപഞ്ചവർകളാണ്ടിരുന്തദേശംവിട്ടു
പ്പോനതുപോലനാംപോയ്പിഴൈത്തോമില്ലൈയേ.

അ—മനമേ! പലകെടുതിയും സംഭവിച്ചിട്ടു ഒടുവിൽ ഉടഞ്ഞ പുഴക്കുടായ ഈ ദേഹത്തെ ചുമന്നുകൊണ്ടു നടന്നുചാകാതെ പഞ്ചപാണ്ഡവന്മാർ

തങ്ങൾ രാജത്വം നടത്തിക്കൊണ്ടിരുന്ന ദേശത്തെ വിട്ടു വെളിയിൽപോയി കാലക്ഷേപം ചെയ്തതുപോലെ നമ്മൾ പോയി പിഴച്ചില്ലല്ലോ.

ഊററെയിറെക്കിൻറഉപ്പിരുപാണ്ടത്തൈത്തെ
നാറാമൽനാറിനഴവുംപുഴക്കൂട്ടൈ
വീറാംപുരത്തെവിമ്പുകിൻറതപ്പടിയെ
ൻറാറാതനാട്ടിലകൻറിരുന്തേനില്ലെയേ.

അ—രോമകൂപങ്ങളിൽ കൂടി അപ്പാല്പമായി ഊറിവരുന്ന ഉപ്പിരിക്കുന്ന സഞ്ചിയായും നാറിച്ചീഞ്ഞ പുഴക്കൂടായും ഉള്ള ഈ ദേഹത്തെ വിശ്വസിക്കുന്നതു ശരിയല്ലെന്നു കരുതി എനിക്കതു ഉപേക്ഷിച്ചിരിക്കാൻ സാധിച്ചില്ലയല്ലോ.

അരിയവരിതോടിയറിയാതവാരുമുതലൈ
പരിവുടനേപോററുംപവംചുടരെപ്പോററാമൽ
കരിയപെരുവാഴ്വൈനമ്പിക്കാമത്തഴന്തിയേ
അരിവായിൽപട്ടകരിയതുപോലാനേനേ.

അ—മനമേ! സർവജനവന്ദ്യവും സാക്ഷാൽ വിഷ്ണുഭഗവാൻ പോലും അന്വേഷിച്ചിട്ടു കാണപ്പെടാത്തതും ആയ ആ പരംതത്വത്തെ ഞാൻ സ്തുതിക്കാതെ മഹത്തായ ഈ ലോകവാഴ്ചയിൽ വിശ്വാസത്തോടെ കാമാസക്തനായി സിംഹത്തിൻെറ വായിലകപ്പെട്ട ആനയെപ്പോലെ സങ്കടാവസ്ഥയിൽ അകപ്പെട്ടു.

തന്തിരത്തൈത്തെയുന്നിത്തവത്തൈത്തെമികനിറുത്തി
മന്തിരത്തൈത്തെയുന്നിമയങ്കിത്തടുമാറി
വിന്തുരുകിനാതമാമേലൊളിയൈയക്കാണാമൽ
അന്തരത്തൈത്തെക്കോലെറിന്തഅന്തകൻപോലാനേനേ

അ—മനമേ! ഞാൻ തന്ത്രവിധിപ്രകാരമുള്ള തപശ്ചര്യകളനുഷ്ഠിക്കാതെയും മന്ത്രജപങ്ങളാൽ മയങ്ങി വലഞ്ഞും നാദവിന്ദുക്കളെക്കവിഞ്ഞുനില്ക്കുന്ന പരബ്രഹ്മത്തെ ദർശിക്കാതെ ആകാശത്തിൽ കോലെറിഞ്ഞിട്ടു വീഴമ്പോൾ പിടിക്കാൻ നില്ക്കുന്ന കൺകുരുടനെപ്പോലെയായിത്തീൎന്നു.

വിലൈയാകിപ്പ്രാണനുക്കു വീറടിമൈപ്പെട്ടതുപിൻ
ചിലൈയ്ക്കൈവേടനെച്ചിൽതിൻറാനൈപ്പോററാമൽ
അലൈവായ്ത്തുരുമ്പതുപോലണവത്തിനാലഴങ്കി
യുലൈവായ്മെഴുകതുപോലുരുകിനൈയേനെഞ്ചമേ.

അ—മനമേ! നീ പാണപ്പത്തനു അടിമയായിവന്നവനും കണ്ണപ്പനയനാരുടെ എച്ചിലുണ്ടവനും ആയ പരമശിവനെ സ്തുതിക്കാതെ, സമുദ്രത്തിരയിൽ അകപ്പെട്ട ചെറുതുരുമ്പുപോലെ അഹംകാരത്തിൽ മുങ്ങി അഗ്നിയിൽപെട്ട മെഴുകുപോലെ ഉരുകുന്നുവല്ലോ.

ഹൃദയത്തോടുള്ള പരിദേവനം.

സമാപ്തം.

പട്ടണത്തുപിള്ളയാർ അരുളിച്ചെയ്ത

പൂൎണ്ണമാല.

മൂലത്തുതിത്തെഴുന്തമുക്കോണച്ചക്കരത്തുൾ
വാലൈതനൈപ്പോററാമൽമതിമറന്തേൻപൂരണമേ.

അ—എങ്ങും നിറഞ്ഞ വസ്തുവായുള്ളോവേ! മൂലാധാരമെന്ന സ്ഥാനത്തിൽ ഉദിച്ചുണ്ടായ മുക്കോൺ ചക്രത്തിൽ സന്നിധാനം ചെയ്തരുളുന്ന ബാലാംബികയെ സ്തുതിക്കാതെ ഞാൻ ബുദ്ധിഹീനനായി ഭവിച്ചു.

ഉന്തിക്കമലത്തുതിത്തുനിൻറപിർമാവൈ
ച്ചിന്തിത്തുകാണാമൽററട്ടഴിന്തേൻപൂരണമേ.

അ—സർവത്ര നിറഞ്ഞിരിക്കുന്ന തത്വമേ! മദ്ധ്യദേശത്തുള്ള താമരയുടെ താഴത്തായി സന്നിധാനം ചെയ്യുന്ന ബ്രഹ്മാവിനെ ജ്ഞാനദൃഷ്ടിയാൽ ദശിക്കാതെ ഞാൻ ദുഃഖിതനായിത്തീൎന്നു.

നാവിക്കമലനെടുനെടുമാൽകാണാമൽ
ആവികെട്ടിയാനുമറിവഴിന്തേൻപൂരണമേ.

അ—എല്ലായിടവും നിറഞ്ഞിരിക്കുന്ന ശക്തിവിശേഷമേ! നാഭിസ്ഥാനത്തിൻെറ മദ്ധ്യത്തിൽ സ്ഥിതിചെയ്യുന്ന മഹാവിഷ്ണുവിനെ ദർശിക്കാതെ (ജ്ഞാനദൃഷ്ടിയാൽ കാണാതെ) ജീവൻ വേർപെട്ടു ഞാനും ബുദ്ധിഹീനനായി ഭവിച്ചു.

ഉരുത്തിരനൈയിരുതയത്തിലുണ്മെയുടൻപാരാമൽ
കരുത്തഴിന്തുനാനുംകലങ്കിനേൻപൂരണമേ.

അ—എങ്ങും നിറഞ്ഞ വസ്തുവേ! ഹൃദയസ്ഥാനത്തിൽ എഴുന്നെള്ളിയിരിക്കുന്ന രുദ്രമൂർത്തിയെ നേരാകുംവണ്ണം കാണാതെ ഞാൻ ബുദ്ധികെട്ടു മയങ്ങിപ്പോയി.

വിശുദ്ധിമയേശ്വരനൈനെവിഴിതുറന്നുപാരാമൽ
പശിത്തുരുകിനെഞ്ചംപതറിനേൻപൂരണമേ.

അ—സർവവ്യാപിയായ തത്വമേ! വിശുദ്ധിയെന്നു പേരുള്ള കണ്ഠസ്ഥാനത്തിൽ എഴുന്നെള്ളിയിരിക്കുന്ന മഹേശ്വരമൂർത്തിയെ എന്റെ ജ്ഞാനദൃഷ്ടികൊണ്ടു ദർശിക്കാതെ ഭക്ഷണാർത്തിയാൽ ദുഃഖിതനായി മനസ്സു പതറിപ്പോയി.

നെററിവിഴിയുടൈയനിർമ്മലസദാശിവനൈത്തെ
പുത്തിയുടൻപാരാമൽപൊറിയഴിന്തേൻപൂരണമേ.

അ—സർവവ്യാപിയായ തത്വമേ! ലലാടസ്ഥാനത്തിൽ എഴുന്നരുളിയിരിക്കും സ്വഭാവേന, പരിശുദ്ധനായ മഹേശ്വരമൂർത്തിയെ എന്റെ ജ്ഞാനദൃഷ്ടികൊണ്ടു ദർശിക്കാതെ ബുദ്ധിഹീനനായി ഭവിച്ചു.

നാദവിന്ദുതനൈന്നൈയമുടനേപാരാമൽ
പോതമയങ്കിപ്പൊറിയഴിന്തേൻപൂരണമേ.

അ—സർവവ്യാപിയായ തത്വവിശേഷമേ! മേൽപറഞ്ഞ സ്ഥാനങ്ങൾക്കു മേൽഭാഗത്തായി പരിലസിക്കുന്ന നാദതത്വത്തേയും വിന്ദുതത്വത്തേയും നല്ലമനസ്സോടെ പോയിക്കാണാതെ എന്റെ ബുദ്ധിമയങ്ങി ഭയങ്കരമായ മൂഢത്വത്തിൽ അകപ്പെട്ടു.

ഉച്ചിവെളിയൈയുവന്തിയുടൻപാരാമൽ
അച്ചമുടനാനമറിവഴിന്തേൻപൂരണമേ.

അ—സർവത്ര നിറഞ്ഞിരിക്കുന്ന തത്വമേ! ബ്രഹ്മരന്ധ്രസംബന്ധമുള്ള ഉച്ചിയിൽ സ്ഥിതിചെയ്യുന്ന ചിദാകാശത്തെ (ശുദ്ധശൂന്യത്തെ) മനോനിശ്ചയത്തോടെ ദർശിക്കാതെ ഭയപ്പെട്ടു ഞാൻ അറിവുകെട്ടവനായി ഭവിച്ചു.

മൂക്കുമുനൈനെയേമുഴിത്തിരുന്നുപാരാമൽ
ആക്കൈകെട്ടുനാനമറിവഴിന്തേൻപൂരണമേ.

അ—സർവത്ര പരിപൂർണ്ണമായ വസ്തുവേ, കണ്ണുകളെ അധികം തുറക്കാതെയും അധികം അടയ്ക്കാതെയും മദ്ധ്യനിലയിൽ തുറന്നു മൂക്കിന്റെ അററ

ത്തുനോക്കി അതുകൊണ്ടു ലഭിക്കത്തക്ക പ്രയോജനത്തെ സിദ്ധിക്കാതെ ശരീരം വേദനപ്പെടവേ അറിവു പൊയ്പ്പോയി.

ഇഡൈപിംഗലൈയിനിയൻപറിയമാട്ടാമൽ
തടൈയുടനേയാനംതയങ്കിനേൻപൂരണമേ.

അ—സർവവ്യാപിയായ തത്വമേ! ഇഡ പിംഗല സുഷുമ്ന എന്നീ നാഡികൾ മൂന്നിൻേറയും സ്വഭാവവും ലക്ഷണവും അറിവാൻ പാടില്ലാതെ പരാജിതനായി ഞാൻ ദുഃഖിച്ചു.

ഊണുകന്നീനിൻവലാവിനെതെക്കാണാമൽ
നാനെൻറിരുന്തുനലമഴിന്തേൻപൂരണമേ.

അ—സർവത്ര നിറഞ്ഞുവിളങ്ങുന്നതത്വമേ! നീ എൻെറ ശരീരത്തിലിരുന്നു ഞാൻ അറിയാതവണ്ണം ചുററിസഞ്ചരിക്കുന്ന കഥ ഞാൻ അറിയാതെ എന്നിൽ ഞാനല്ലാതെ മററാരുമില്ലെന്നു കരുതിയിരുന്നു. ജ്ഞാനം സമ്പാദിക്കുന്നതിനുള്ള മാർഗ്ഗത്തെ കൈവിട്ടുകളഞ്ഞു.

മെയ്വാഴ്വൈനമ്പിവിരുമ്പിമികവാഴാമൽ
പൊയ്വാഴ്വൈനമ്പിപ്പുലമ്പിനേൻപൂരണമേ.

അ—സർവവ്യാപിയായ തത്വമേ! പരമാർത്ഥജീവിതമായ ജ്ഞാനസമ്പാദനമാർഗ്ഗത്തിൽ ഉൾപ്പെട്ടിരുന്ന് എപ്പോഴും അതിലിരുന്നു സുഖിക്കാതെ, അസത്യമായ ഈ ലോകവാഴ്ചയെ വിശ്വസിച്ച് അതുമൂലം വളരെ കഷ്ടപ്പെട്ടു.

പെണ്ടുപിള്ളൈതന്തൈതായ് പിറവിയുടൻചുററ—
മിവൈ
യുണ്ടെൻറുനമ്പിയുടലഴിന്തേൻപൂരണമേ.

അ—എല്ലായിടത്തും നിറഞ്ഞിരിക്കുന്ന ചൈതന്യമേ! ഭാര്യ, മക്കൾ, അമ്മ, അച്ഛൻ, ജന്മം, ബന്ധുക്കൾ ഇവയെല്ലാം ഒരിക്കലും നാശിക്കുന്നതല്ലെന്നു കരുതി വിശ്വസിച്ചിരുന്ന്, അതുമൂലം ശരീരം അഴിയാൻ ഇടയായി വൃഥാ ജീവിതത്തെ തുലച്ചു എന്നഭിപ്രായം.

അവരെ വിശ്വസിച്ചിരുന്നു ദേഹത്തെ പോഷിപ്പിച്ചു നശിച്ചുവെന്നല്ലാതെ ജ്ഞാനത്തെ സമ്പാദിക്കാൻ സാധിച്ചില്ല എന്നർത്ഥം.

തണ്ടികൈപ്പല്ലാക്കുടനേസകലസമ്പത്തുകളും
ഉണ്ടെൻറുനമ്പിയുണർവഴിന്തേൻപൂരണമേ.

അ—സർവത്ര പരിപൂൎണ്ണമായ തത്വമേ! തണ്ട് പല്ലക്ക് മുതലായ സമ്പത്തുകളെല്ലാം അഴിയാതിരിക്കുന്നവയാണെന്നെണ്ണി, എനിക്കു ബുദ്ധി മാന്ദ്യത സംഭവിച്ച് (എൻെറ ബുദ്ധി കെട്ടുപോയി എന്നുമാം)

ഇന്തടറ്റൃടല്ലയിരെയെപ്പോത്തുംതാൻഛതമായ്
പന്തമുററുനാന്നംപതമഴിന്തേൻപൂരണമേ.

അ—സർവത്ര പരിപൂൎണ്ണമായ തത്വമേ! ഈ ശരീരത്തിൽ സ്ഥിതി ചെയ്യുന്ന ജീവൻ എപ്പോഴും അതിൽതന്നെ ഇരിക്കുമെന്നു സ്ഥിരമായി നിശ്ചയിച്ച് മായാബദ്ധനായി അവശ്യം സമ്പാദിക്കേണ്ടതായിരുന്ന ശിവപദത്തെ കൈവിട്ടുകളഞ്ഞു.

മാതർപിരപഞ്ചമയക്കത്തിലേവിഴന്തു
പോതമയങ്കിപ്പൊറിയഴിന്തേൻപൂരണമേ.

അ—സർവത്ര പരിപൂൎണ്ണമായ വസ്തുവായുള്ളോവേ! ആകർഷണശക്തിയുള്ള ഈ പ്രപഞ്ചമായാവലയിൽ കുടുക്കി അറിവുകെട്ട ബുദ്ധിയും പതറിപ്പോയി.

ചരിതൈകിരിയായോകംതാജ്ഞാനംപാരാമൽ
പരിതികണ്ടമതിയതുപോൽപയനഴിന്തേൻ—
പൂരണമേ.

അ—സർവത്ര പരിപൂൎണ്ണമായ തത്വമേ! ചൎയ്യ, ക്രിയ, യോഗം ജ്ഞാനം ഈ നാലുവക സാധനങ്ങളിൽ ഒന്നെങ്കിലും സാധിക്കാതെ സൂൎയ്യ പ്രകാശമുള്ളപ്പോഴത്തെ ചന്ദ്രനെപ്പോലെ, ഞാൻ നിഷ്പ്രഭനും നിരുപയോഗനുമായി ഭവിച്ചു.

മൺപെൺപൊന്നാശൈമയക്കത്തിലെവിഴന്തു
കൺകെട്ടമാടതുപോൽകലങ്കിനേൻപൂരണമേ.

അ—സർവത്ര പരിപൂൎണ്ണമായി പരിലസിക്കുന്ന തത്വമേ! മണ്ണാശ പെണ്ണാശ, പൊന്നാശ എന്നീ മൂന്നു പാശങ്ങളിലകപ്പെട്ട്, കണ്ണുപൊട്ടിയ മാടുപോലെ ഞാൻ പരിഭ്രാന്തനായി ഭവിച്ചു.

തനിമുതലൈപ്പാത്തുതനിത്തിരുന്തുവാഴാമൽ
അനിയായമായ്പിറന്തിങ്കലൈന്തുനിന്റേൻ—
പൂരണമേ.

അ—സകല സംപൂൎണ്ണതത്വമേ! തുല്യമില്ലാത്തവനും ആദിമൂലപരമ്പൊരുളുമായ പരമേശനെ ദർശിച്ചുകൊണ്ട് ഏകാന്തജീവിതത്തെ നയിക്കാ

തെ അന്ന്യായമായി ഈ ലോകത്തിൽ ജനിച്ച്, മായാബദ്ധനായി അലഞ്ഞുതിരിയാനിടയായി.

ഊരാറുതൻകലൈക്കുളിരുന്തുകൂത്താടിനതൈ
ആരായ്ന്തുപാരാമലറിവഴിന്തേൻപൂരണമേ.

അ—സർവവ്യാപിതത്വമേ! പതിനാറുകലകളിൽ അന്തർഭവിച്ചിരുന്നു തിരുനടനഞ്ചെയ്യു പരമശിവന്റെ മഹിമയെ വിചാരിച്ചറിയാതെ ഞാൻ ബുദ്ധികെട്ടവനായി ഭവിച്ചു.

അങ്ങനെ വിചാരിച്ചറിയണമെങ്കിൽ ഗുരൂപദേശം ആവശ്യമാകയാൽ അപ്രകാരം ഒരു ഗുരുവിനെ എനിക്കു ലഭിച്ചില്ല എന്നു സാരം.

വാശിതനൈപ്പാൎത്തുമകിഴ്ന്തുനൈത്താൻ—
പോററാമൽ
കാശിവകരെപ്പോയ്തിരിന്തുകാലലുത്തേൻപൂരണമേ

അ—എങ്ങും നിറഞ്ഞ പരമ്പൊരുളേ! ആത്മാത്മധ്യാനയോഗം അഭ്യസിച്ച്, അതുവഴി നിന്നെ ദർശിച്ചു ഭജിക്കാതെ നീ കാശിയിലാണ് അധിവസിക്കുന്നതെന്നുള്ള വ്യാമോഹത്താൽ അവിടംവരെ നടന്നു കാൽ കുഴഞ്ഞു വശംകെട്ടു.

കരുവികടൊണ്ണൂററാറിൽകലന്തുവിളൈയാടിനതൈ
യിരുവിഴിയാൽപാരാമലീടഴിന്തേൻപൂരണമേ.

അ—എങ്ങും നിറഞ്ഞ പരമ്പൊരുളെ! തത്വങ്ങടം തൊണ്ണൂററാറിലും കലന്നു നീ കളിയാടുന്ന വസ്തുത എന്റെ രണ്ടു മിഴികളെക്കൊണ്ടു കാണാതെയാകത്തക്കവണ്ണം ഞാൻ തന്റേടമില്ലാത്തവനായി ഭവിച്ചു.

ഉടലുക്കുംനീനിൻറലാവിനതൈക്കാണാമൽ
കുടമലൈതോറും തിരിന്തുകാലലുത്തേൻപൂർണ്ണമേ.

അ—എങ്ങുംനിറഞ്ഞ പരമ്പൊരുളേ! എന്റെ ശരീരത്തിനുള്ളിൽ തന്നെ നീ അധിവസിച്ചു കളിയാടുന്ന കഥ അറിയാതെ കാടു മല മുതലായ ദുർഗ്ഗസ്ഥലങ്ങളിലെല്ലാം ഞാൻ ചുററിനടന്നു കാൽകുഴഞ്ഞു വശംകെട്ടു.

'ഗാത്രത്തിലിരിക്കുന്നൊരീശനെക്കണ്ടുകൊൾവാൻ
ക്ഷേത്രത്തെവലംവച്ചാൽകാണുന്നവാറെങ്ങനെ'

എന്ന തത്വത്തെ ഈ പദ്യഖണ്ഡത്താൽ സ്വാമികൾ വിശദീകരിച്ചിരിക്കുന്നു.

എത്തേശകാലമുനാമിറവാതിരിപ്പമെൻറ
ഉററുന്നെത്താൻപാരാമലുരുവഴിന്തേൻപൂരണമേ.

അ—എങ്ങുംനിറഞ്ഞ പരമ്പൊരുളേ! ഏതുദേശത്തിലുംഏതുകാലത്തിലും ഞാൻ ചാകാതെ ജീവിച്ചിരിക്കമെന്നു കരുതി അതിനാൽ നിന്നെ ധ്യാനിച്ചു കണ്ടറിയാതെ എൻെറ സ്വരൂപത്തെ അഥവാ, ജീവിതത്തെ പാഴിൽ നശിപ്പിച്ചുകളഞ്ഞു.

എത്തനൈനൊയ്യനൈതെയിവർകളിടത്തേയിരുന്തു
പിത്തനായാനുംപിറന്തിറന്തേൻപൂരണമേ.

അ—എങ്ങുംനിറഞ്ഞ പരമ്പൊരുളെ! നിന്നെ സേവിക്കാതെയും അറിയാതെയും എത്രയൊ അച്ഛനമ്മമാരിൽ നിന്നു ഞാൻ ജനിച്ചുമരിച്ചു? അതുകൊണ്ടാണു ജന്മമറുക്കാൻ സാധിക്കാതെ വീണ്ടും ജനിച്ചിരിക്കുന്നതെന്നു ഭാവം.

പെററലുത്താംതായാർപിറന്തലുത്തേയാനുമുൻറൻ
പൊററുണ്ണെററാംതന്തുപുകലരുംവായ്പൂരണമേ.

അ—എങ്ങും നിറഞ്ഞ പരമ്പൊരുളേ! എൻെറ അമ്മ എന്നെ പലജന്മങ്ങളിലും പെററുപെററു മുഷിഞ്ഞു (ഇതുകഴിഞ്ഞുകൂട്ടുന്നതല്ലെന്നു വെറുത്തു എന്നൎത്ഥം) ഞാനോ ജനിച്ചു ജനിച്ചു മുഷിഞ്ഞു. അതിനാൽ ഇനിയെങ്കിലും എനിക്കു നിന്തിരുവടിയുടെ തിരുവടികളെ നൽകി അനുഗ്രഹിക്കണമേ.

ഉററാരഴതലുത്താർഉറന്മുറൈയാർചുട്ടലുത്താർ
പെററലുത്താംതായാർപിറന്തലുത്തേൻപൂരണമേ.

അ—എങ്ങും നിറഞ്ഞ പരമ്പൊരുളേ! എൻെറ ബന്ധുക്കൾ (ഭാൎയ്യമക്കൾ തുടങ്ങിയവരെന്നുസാരം) കരഞ്ഞു കരഞ്ഞു മുഷിഞ്ഞു. (ഞാൻ മരിക്കുന്ന അവസരത്തിലെന്നുസാരം) ഗോത്രക്കാരോ എന്നെ ചുട്ടുചുട്ടു മുഷിഞ്ഞു (ഞാൻ മരിച്ച ശവങ്ങളെ എന്നൎത്ഥം) എൻെറ അമ്മയോ എന്നെ പെററുപെററു മുഷിഞ്ഞു, ഞാൻ ജനിച്ചു ജനിച്ചും മുഷിഞ്ഞു.

ഇനിയെങ്കിലും ഈ ദുൎഘടത്തിൽ(ജനനമരണത്തിൽ)നിന്നു എന്നെ മോചിപ്പിക്കണമെന്നൎത്ഥം.

പിരമൻപടൈത്തലുററാൻപിറന്തിറന്തുനാനലുത്തേൻ
ഉരമുടൈയവക്കിനിതാനുങ്ങലുത്താൻപൂരണമേ.

അ—എങ്ങുംനിറഞ്ഞ പരമ്പൊരുളെ! എന്നെ സൃഷ്ടിച്ചു സൃഷ്ടിച്ചു ബ്രഹ്മദേവൻ മുഷിഞ്ഞു. ജനിച്ചും മരിച്ചും ഞാനും മുഷിഞ്ഞു. ഊക്കനായ

അഗ്നിയും എന്നെ ഉണ്ടുണ്ടു മുഷിഞ്ഞു. അസംഖ്യമസംഖ്യം ജന്മങ്ങളിൽ ബ്രഹ്മാവെന്നെ സൃഷ്ടിച്ചു അതനുസരിച്ച് അനേകം ജന്മങ്ങളും മരണങ്ങളും എനിക്കു ഭവിച്ചു. മരണശേഷം ശവത്തെ അഗ്നിക്കിരയാക്കുകയും പലകുറി ചെയ്തു എന്നർത്ഥം.

എൺപത്തുനാംകുനൂറായിരഞ്ചെനനവുഞ്ചെനിത്തു
പുൺപെട്ടുനാനുംപുലമ്പിനേൻപൂരണമേ.

അ—എങ്ങും നിറഞ്ഞ പരമ്പൊരുളെ! ഞാൻ എൺപത്തിനാലു നൂറായിരം ജന്മങ്ങളിൽ ജനിച്ചു ദുഃഖമനുഭവിച്ചു.

ഇനിയും ജനിക്കണമെന്നാണു നിന്തിരുവടിയുടെ അഭിമതമെങ്കിൽ അതു കഷ്ടമാണെന്നു ഭാവം.

എന്നെയറിയാമലെനക്കുള്ളേനിയിരുക്ക
ഉന്നെയറിയാമലുടലിഴന്തേൻപൂരണമേ.

അ—എങ്ങും നിറഞ്ഞ പരമ്പൊരുളെ! ഞാൻ അറിയാത്ത വിധത്തിൽ നീ എൻെറ ഉള്ളിൽ എഴുന്നരുളിയിരിക്കുമ്പോൾ ആ പരമാർത്ഥം അറിയാതെ അഥവാ, നിന്നെ ഉള്ളതുപോലെയറിയാതെ ഞാൻ ശരീരത്തെ കൈവെടിഞ്ഞുകളഞ്ഞു.

കരുവായുരുവായ്ക്കലന്തുലകെല്ലാനീയായ്
അരുവാകിനിൻറതറികിലേൻപൂരണമേ.

അ—എങ്ങും നിറഞ്ഞ പരമ്പൊരുളേ! ബീജമായും ദേഹമായും ലോകത്തിൽ സർവത്ര വ്യാപിച്ചും എല്ലായിടത്തും എല്ലാവും നീതന്നെയായി അരൂപനായി സ്ഥിതിചെയ്ത പരമാർത്ഥം ഞാൻ അറിഞ്ഞതേയില്ല.

ഇപ്പോൾ അറിഞ്ഞതുകൊണ്ട് ഇനി നിന്നെ ഞാൻ കൈവിടുകില്ല എന്നുഭാവം.

ചെമ്പൊൽക്കമലത്തിരുവടിയൈപ്പോററാമൽ
പമ്പൈകൊട്ടവാട്ടുംപശാശാനേൻപൂരണമേ.

അ—എങ്ങും നിറഞ്ഞ പരമ്പൊരുളെ! ചെമ്പൊൽത്താമരപോലെയുള്ള നിൻെറ തിരുവടികളെ സ്തുതിക്കാതെ പമ്പ എന്ന വാദ്യം കൊട്ടുമ്പോൾ ആടുന്ന ഒരുവക പിശാചിൻെറ സ്വഭാവത്തോടുകൂടിയവനായി ഞാൻ ഭവിച്ചു.

എനക്കുള്ളേനീയിരുക്ക ഉനക്കുള്ളേനാനിരുക്ക
മനക്കവലൈതീരവരമരുൾവായ് പൂരണമേ.

അ—എങ്ങും നിറഞ്ഞ പരമ്പൊരുളെ, ഞാൻ നിൻെറയുള്ളിലും നീ എൻെറ ഉള്ളിലും ഇരിക്കത്തക്കവണ്ണം എനിക്ക് ഒരു വരം തരുമാറാകണം.

എഴുവകൈക്കെത്തോററത്തിരുന്തുവിളയാടിനതൈ
പഴുതറുവേപാരാമൽപയനഴിന്തേൻപൂരണമേ.

അ—എങ്ങും നിറഞ്ഞ പരമ്പൊരുളേ! ഏഴുവിധമായി പറയപ്പെട്ടിരിക്കുന്ന ജന്മങ്ങളിലും കണ്ടറിവാൻ കഴിയപ്പെടാത്തവണ്ണം നീ ഇരുന്നു തിരുവിളയാട്ടു ചെയ്യുവരുന്നു എന്നുള്ളതു് ഉള്ളതുപോലെ കണ്ടറിഞ്ഞാനന്ദിക്കാൻ എനിക്കു സാധിക്കായ്കയാൽ ഞാൻ നിഷ്ഫലജീവിതത്തോടു കൂടിയവനായി ഭവിച്ചു.

ചാതിപേതങ്കളന്തനൈയറിയമാട്ടാമൽ
വാതനയാൽനിന്റുമയങ്കിനേൻപൂരണമേ.

അ—എങ്ങുംനിറഞ്ഞ പരമ്പൊരുളേ, ജാതിഭേദത്തിന്റെ അർത്ഥവും പരമാർത്ഥവും എന്താണെന്നു മനസ്സിലാക്കാതെ ഞാൻ അന്ധപരമ്പരാന്യായമനുസരിച്ചു് മനസ്സു മയങ്ങിയിരുന്നുപോയി.

കുലമൊന്റായ്നീപടൈത്തകുറിയൈയറിയാമൽയാൻ
പലപാങ്കുത്തുളിരുന്തുമയങ്കിനേൻപൂരണമേ.

അ—എങ്ങുംനിറഞ്ഞ പരമ്പൊരുളേ! നീ എല്ലാവംശത്തേയും അഥവാ എല്ലാജാതിയേയും ഏകമായിത്തന്നെ നിർമ്മിച്ചിരിക്കുന്നു എന്ന അനുഗ്രഹവിശേഷത്തെ അറിയാതെ ഞാൻ ഈ മലങ്ങൾ നിറച്ച സഞ്ചിക്കകത്തിരുന്നു വ്യാമൂഢമനസ്സായിത്തീർന്നു.

അണ്ടപിണ്ടമെല്ലാമണുവുക്കണുവാകനീ
കൊണ്ടവടിവിൻകുറിപ്പറിയേൻപൂരണമേ.

അ—എങ്ങും നിറഞ്ഞ പരമ്പൊരുളേ! ബ്രഹ്മാണ്ഡകടാഹങ്ങൾക്കകത്തുള്ള പരമാണുമുതൽ പരമേഷ്ഠിവരെയുള്ള സകല അചേതനങ്ങളും ചേതനങ്ങളും ആത്മരൂപമായിച്ചമച്ചു്, നിന്തിരുവടി എഴുന്നരുളിയിരിക്കുന്ന തത്ത്വം ഞാൻ അറിഞ്ഞതേയില്ല.

സർവം ബ്രഹ്മമയമായി ദർശിക്കത്തക്ക ജ്ഞാനം എനിക്കു ലഭിച്ചില്ല എന്നുഭാവം.

സഹസ്ത്തിരത്തിൻമേലിരുക്കുംസൽഗുരുവേപ്പോററാമൽ
അകത്തിനുടവാണവത്തിലറിവഴിന്തേൻപൂരണമേ.

അ—എങ്ങും നിറഞ്ഞ പൊരുളേ! സഹസ്രാരപത്മത്തിനും മീതേ സ്ഥിതിചെയ്യുന്ന ജ്ഞാനാചാര്യനെ ഉപാസിക്കാതെ, എന്റെ അന്തരംഗത്തിൽ കുടികൊണ്ടു് അഹങ്കാരത്താൽ ഞാൻ അറിവുകെട്ടവനായി ഭവിച്ചു.

അഹംഭാവം ജ്ഞാനത്തിനു മഹാവിഘ്നകാരിയാണെന്നു ഭാവം.

ഐന്തുപൊറിയൈയടക്കിയുന്നൈപ്പോററാമൽ
നൈന്തുരുകിനെഞ്ചനടുങ്കിനേൻപൂരണമേ.

അ—എങ്ങും നിറഞ്ഞ പൊരുളേ! ഞാൻ പഞ്ചേന്ദ്രിയങ്ങളെ അതതിൻെറ വിഷയത്തിൽ പോകാതെ തടുത്തു്, നിന്നെ ഉപാസിക്കാതെ ക്ഷീണിച്ചു മനസ്സുപതറി വിഷമിച്ചു.

നരമ്പുദശൈതോലെലുമ്പുനാററത്തുക്കുള്ളിരുന്തു
വരമ്പറിയമാട്ടാമൽമയങ്കിനേൻപൂരണമേ.

അ—എങ്ങും നിറഞ്ഞ പൊരുളേ! ഞരമ്പു്, തൊലി, മാംസം എല്ലു് ഇവകൊണ്ടുള്ള ദേഹക്കൂടിനകത്തിരുന്നുകൊണ്ടു ഞാൻ നിന്തിരുവടിയുടെ മഹത്വമറിയാതെ മയങ്ങിപ്പോയി. വ്യാമൂഢനായി ഭവിച്ചു എന്നർത്ഥം.

ചിലന്തിയുടെനൂൽപോൽജീവജന്തുക്കുള്ളിരുന്ത
നലന്തനൈത്താൻപാരാമൽനലമഴിന്തേൻപൂരണമേ.

അ—എങ്ങുംനിറഞ്ഞ പരമ്പൊരുളേ, ചിലന്തി തൻെറ പള്ളയിൽ അടങ്ങിയിരിക്കുന്ന ഒരുതരം പശകൊണ്ടു ആവശ്യപ്പെട്ടപ്പോൾ നൂലുണ്ടാക്കി വലകെട്ടി അതിൽ അധിവസിക്കുന്നതുപോലെ നീയും ജീവികളുടെ ഉള്ളിൽ അധിവസിച്ചു് അവയെ ചേഷ്ടിപ്പിക്കുന്ന വിശേഷം അറിയാതെ അതായതു അന്തർയാമിയായ ഈശ്വരനാണു നീയെന്നറിയാതെ വൃഥാ ഞാൻ എൻെറ ജീവിതത്തെ നയിച്ചു.

കുരുവായ്പുരമാകിക്കുടിലൈശത്തിനാതവിന്തായ്
അരുവായുരുവാനതറികിലേൻപൂരണമേ.

അ—എങ്ങും നിറഞ്ഞ പരമ്പൊരുളേ! ആചാര്യനായും പരമതത്വമായും പരബ്രഹ്മമായും നാദമായും ബിന്ദുവായും, അരൂപമായും, സ്വരൂപമായും നീ എഴുന്നരുളിയിരിക്കുന്ന വസ്തുത ഞാൻ അറിഞ്ഞതേയില്ല.

ഒളിയായ്സൂര്യതിർമതിയായ് ഉള്ളിരുളായ് കനിയായ്
വെളിയായിനിൻറവിയനറിയേൻപൂരണമേ.

അ—എങ്ങും നിറഞ്ഞ പരമതത്വമേ! പ്രകാശമായും ഇരുളായും സൂര്യചന്ദ്രാഗ്നിരൂപങ്ങളായും ആകാശമായും നീ എഴുന്നരുളിയിരിക്കുന്ന വസ്തുത ഞാൻ അറിഞ്ഞതേയില്ല.

ഇടൈയായിപ്പിങ്കലൈയെഴുന്തചുഴിമുനൈയായ്
ഉടലുയിരാംനീയിരുന്തവുളവറിയേൻപൂരണമേ.

അ—എങ്ങും നിറഞ്ഞ പരമ്പൊരുളേ! ഇഡ, പിംഗല, സുഷുമ്ന എന്നീ മൂന്നുനാഡികളായും ജീവനായും നീ എഴുന്നരുളിയിരുന്ന വസ്തുത ഞാൻ അറിഞ്ഞതേയില്ല.

മൂലവിത്തായ് നിൻറമുളൈത്തുടൽതോറുമിരുന്തു
കാലനെന്നവഴിക്കും കണക്കറിയേൻപൂരണമേ.

അ—എങ്ങും നിറഞ്ഞ പരമ്പൊരുളേ! സർവ്വത്തിനും ആദിബീജമായും സർവ്വത്തിലും അധിവസിക്കുന്നതായും സ്ഥിതിചെയ്ത് ഒടുവിൽ എല്ലാവും സംഹരിക്കുന്നപ്രകാരമുള്ള നിൻെറ ലീലാവിനോദത്തെ ഞാൻ അറിഞ്ഞതേയില്ല.

ഉള്ളുംപുറമ്പുമായുടലുക്കുൾനീയിരുന്ത
തെള്ളളവുനാനറിയാതിരുന്തേനേപൂരണമേ.

അ—എങ്ങും നിറഞ്ഞ പരമ്പൊരുളേ! ഒരിക്കലുംപിരിയാതെഅകത്തും പുറത്തും ഒരുപോലെ നീ എൻെറ ശരീരത്തിൽ എഴുന്നരുളിയിരിക്കുന്ന രഹസ്യത്തെ ഞാൻ അല്പമാത്രംപോലും അറിഞ്ഞില്ല.

തായാകിത്തന്തൈയായ്ത്തമർകിളൈഞർചുററമെല്ലാം
നീയാകിനിൻറനിലൈയറിയേൻപൂരണമേ.

അ—എങ്ങും നിറഞ്ഞ പരമ്പൊരുളേ! അമ്മയും, അച്ഛനും സ്വജനങ്ങളും, സ്നേഹിതന്മാരും, ബന്ധുക്കളും എല്ലാം നീ ഏകൻതന്നെയാണ് എന്നുള്ള വസ്തുത ഞാൻ അറിഞ്ഞതേയില്ല.

വിലംകുപുള്ളൂർവനചരം,വിണ്ണവർനീർച്ചാതിമനു—
കുലങ്കളെഴുവകയിൽനിൻറകുറിപ്പറിയേൻപൂരണമേ.

അ—എങ്ങും നിറഞ്ഞ പരമ്പൊരുളേ! നീതന്നെ ദേവന്മാർ (രാക്ഷസഭൂതപിശാചാദികളുൾപ്പടെ) മനുഷ്യർ, മൃഗങ്ങൾ, പക്ഷികൾ, ഇഴജന്തുക്കൾ, ജലജന്തുക്കൾ, ഭൂഗർഭജന്തുക്കൾ, എന്നീ ഏഴുവക ജീവികളിലും കലന്നിരിക്കുന്നു എന്നുള്ള രഹസ്യം ഞാൻ അറിഞ്ഞില്ല.

ആണാകിപ്പെണ്ണായലിയാകിവേററുരുവായ്
മാണാകിനിൻറവകൈയറിയേൻപൂരണേമേ.

അ—എങ്ങും നിറഞ്ഞ പരമ്പൊരുളേ! നീ ഏകൻതന്നെ, ആണായും പെണ്ണായും നപുംസകമായും, മററുരൂപത്തിലുള്ള സകല ചരാചരങ്ങളായും അഗണ്യമഹിമയോടുകൂടുംവണ്ണം സ്ഥിതിചെയ്ത വസ്തുത ഞാൻ അറിഞ്ഞതേയില്ല.

വാലെയായ്ക്കുവമായ്ക്കുളർന്നുകിഴവനാകും
പാലെയായ്നിൻറപായനറിയേൻപൂരണമേ.

അ—എങ്ങും നിറഞ്ഞ പരമ്പൊരുളേ, ബാല്യം യൌവനം വാൎദ്ധക്യം എന്നീ അവസ്ഥാഭേദങ്ങളെ കൈക്കൊണ്ടുനില്ക്കുന്ന ഏകനായ നിൻെറ പ്രഭാവത്തെ ഞാൻ അറിഞ്ഞതേയില്ല.

പൊയ്യായ്പ്പുവിയായ്പ്പുകഴ്പ്പാരിധിയാകി
മെയ്യാകിനിൻറവിനയറിയേൻപൂരണമേ

അ—സർവവ്യാപിയായ പരമതത്ത്വമേ, സമുദ്രമായും ഭൂമിയായും സത്യമായും കള്ളമായും, എന്നുവേണ്ട, സർവരൂപമായി സർവത്ര വ്യാപിച്ചിരിക്കുന്ന നിന്തിരുവടിയുടെ മഹിമാതിശയത്തെ ഞാൻ അറിഞ്ഞില്ല.

പൂവായ്മണമായിപ്പൊന്നാകിമാററാകി
നാവായച്ചൊല്ലാനനയമറിയേൻപൂരണമേ.

അ—സർവത്ര നിറഞ്ഞിരിക്കുന്ന പരമതത്ത്വമേ, നീതന്നെ പൂവായും ആ പൂവിലുള്ള മണമായും, പൊന്നായും പൊന്നിൻെറ മാററായും നാവായും നാവിലുദിക്കുന്ന ചൊല്ലായും വ്യാപിച്ചിരിക്കുന്ന വസ്തുത ഞാൻ അറിഞ്ഞതേയില്ല.

മുതലായ്നടുവാകിമുപ്പൊരുളായ്മൂൻറുലകാ—
യിതമാകിൻറവിയലറിയേൻപൂരണമേ.

അ—എങ്ങും നിറഞ്ഞിരിക്കുന്ന പരമ്പൊരുളേ, നീ ആദിയായും നടുവായും അന്തമായും ത്രിമൂൎത്തികളായും മൂന്നുലോകങ്ങളായും നന്മയായും വ്യാപിച്ചിരിക്കുന്ന ലക്ഷണവിശേഷത്തെ ഞാൻ അറിഞ്ഞതേയില്ല.

ഊനായുടലുയിരായുൾക്കണ്ണിറൈന്തകണ്ണൊനിയായ്
ത്തേനായ്രുചിയാനതിറമറിയേൻപൂരണമേ.

അ—എങ്ങും നിറഞ്ഞിരിക്കുന്ന പരമ്പൊരുളേ, നീ ദേഹമായും ദേഹിയായും ഉൾക്കണ്ണിൻെറ (ജ്ഞാനദൃഷ്ടിയുടെ) പ്രകാശമായും, ജ്ഞാനാനന്ദത്തേനായും അതിൻെറ മധുരരസമായും ഇരിക്കുന്ന മഹിമാതിശയത്തെ ഞാൻ അറിഞ്ഞതേയില്ല.

വിത്തായ്മരമായ്ക്കിളൈന്തകനിയായ്പ്പൂവായ്
ചിത്താകിനിൻറതിറമറിയേൻപൂരണമേ.

അ—എങ്ങും നിറഞ്ഞ പരമ്പൊരുളേ, ഏകനായ നീതന്നെ മൂലമായും മൂലത്തിൽനിന്നു മുളച്ച വൃക്ഷമായും, അതിലുണ്ടാകുന്ന ഫലമായും പൂ

വായും വിശുദ്ധജ്ഞാനസ്വരൂപമായും ഇരിക്കുന്ന ആ ശക്തിവിശേഷത്തെ ഞാൻ അറിഞ്ഞതേയില്ല.

ഐവകയും പൊറുലക വണ്ടപകിരണ്ടമെല്ലാ-
ദൈവമെനനിൻറതിറമറിയേൻപൂരണമേ.

അ—എങ്ങും നിറഞ്ഞ പരമ്പൊരുളേ, നീ അഞ്ചുവിധസ്വരൂപത്തെ ധരിച്ച് (പഞ്ചഭൂതസ്വരൂപനായി) ബ്രഹ്മാണ്ഡകടാഹങ്ങൾക്ക് ഉള്ളിലും പുറമേയും നിരന്തരമായി വ്യാപിച്ച്, എല്ലാവരും നിന്നെത്തന്നെ ദൈവമെന്നു പുകഴ്ത്തക്ക ചൈതന്യവിശേഷത്തെ സർവത്ര പുലത്തി എഴുന്നരുളുന്ന നിലയെ ഞാൻ അറിഞ്ഞതേയില്ല.

മനമായ്ക്കനവാകിമായൈയ്യായുള്ളിരുന്തു
നിനൈവാകിനിൻറനിലൈയറിയേൻപൂരണമേ.

അ—എങ്ങുംനിറഞ്ഞ പരമ്പൊരുളേ! മനസ്സായും സ്വപ്നമായും മായയായും ഉള്ളിലിരുന്ന്, മനസ്സിന്റെ സാക്ഷിത്വം വഹിച്ചുനിൽക്കുന്ന നിന്റെ നിലയെ ഞാൻ അറിയുന്നില്ല.

ചത്തിശിവമിരണ്ടായ്ത്താൻമുടിവിലൊൻറാകി
ച്ചിത്തിരമാൽനിൻറതിറമറിയേൻപൂരണമേ.

അ—എങ്ങും നിറഞ്ഞ തത്വമേ! ആദികാലത്തിൽ നീ വേറെ, ശക്തി വേറെ എന്നു രണ്ടായി വേർപെട്ടിരുന്ന് ഒടുവിൽ രണ്ടും ഒന്നായിത്തീർന്ന ലീലാവിനോദത്തെ ഞാൻ അറിഞ്ഞതേയില്ല.

പൊറിയായ്പ്പുലനാകിപ്പൂതപേതപ്പിരിവായ്
അറിവാകിനിൻറവളവറിയേൻപൂരണമേ.

അ—എങ്ങും നിറഞ്ഞ പൊരുളെ! നീ തന്നെ പഞ്ചേന്ദ്രിയങ്ങളായും പഞ്ചേന്ദ്രിയവിഷയങ്ങളായും വേർപെട്ട പഞ്ചഭൂതങ്ങളുടെ പിരിവായും ജ്ഞാനസ്വരൂപമായും സ്ഥിതിചെയ്ത പ്രകാരത്തെ ഞാൻ അറിഞ്ഞതേയില്ല.

വാനിൽകതിർമതിയായ്വളർന്തുപിൻറന്താനതുപോൽ
ഊനുടലുക്കുള്ളിരുന്തവുയിപ്പറിയേൻപൂരണമേ.

അ—എങ്ങും നിറഞ്ഞ പൊരുളെ! ആകാശത്തിൽ വിളങ്ങുന്ന ചന്ദ്രകല വളർന്നു വളർന്ന് ഒടുവിൽ ഒന്നായിത്തീരുന്നതുപോലെ ശരീരത്തിനുള്ളിൽ പ്രാണങ്ങളായിരുന്ന്, ഒടുവിൽ ആത്മതേജസ്സായി പരിണമിച്ച വൈശിഷ്ട്യത്തെ ഞാൻ അറിഞ്ഞതേയില്ല.

പൊയ്യുംപുലൈവയുമികപ്പൊരുളുവിൻപേശലെൻറി
അയ്യോഉനൈവുരൈക്കവറികിലേൻപൂരണമേ

അ—എങ്ങും നിറഞ്ഞപൊരുളേ! ഞാൻ കള്ളവും ഏററവും അഭ്യസിച്ച് വെറും വാക്കുകൾ പറവാൻ പഠിച്ചതല്ലാതെ നിന്നെ ഉപാസിക്കുന്ന മാർഗ്ഗത്തെ അറിഞ്ഞതേയില്ല.

നിരന്തരമായെംകുനിൻറുവിളൈയാടിനതൈ
പരമത്തുവേയെന്നപ്പതമറിയേൻപൂരണമേ

അ—എങ്ങും നിറഞ്ഞ പൊരുളേ, എപ്പോഴും എല്ലാസ്ഥലത്തും ഒരേ പ്രകാരത്തിലിരുന്നു വിളയാടുന്നതുകണ്ട്, ഇതുതന്നെ പരബ്രഹ്മമെന്നറിഞ്ഞു പറയത്തക്ക പദത്തെയും ഞാൻ അറിഞ്ഞില്ല. പറയത്തക്ക ജ്ഞാന വിശേഷം എനിക്കുണ്ടായില്ല എന്നർത്ഥം.

എന്നൈത്തിരുക്കൃത്താലിപ്പടിനീയാട്ടുവിത്തായ്
ഉന്നൈയറിയാതുടലഴിന്തേൻപൂരണമേ

അ—എങ്ങും നിറഞ്ഞ പരമ്പൊരുളേ, നീ എന്നെ നിൻെറ അനുഗ്രഹകടാക്ഷത്താൽ ഇങ്ങനെയിട്ടു ചലിപ്പിക്കുന്നതുതന്നെയാണെന്നുള്ള വസ്തുതയറിയാതെ ഞാൻ അധഃപതിച്ചു.

കൊൽവായ്പ്പിറപ്പായ്ക്കൂവിരുന്തേസുകിപ്പായ്
ചെയ്പ്പായ്പ്പിറക്കുംചെയലറിയേൻപൂരണമേ

അ—എങ്ങും നിറഞ്ഞിരിക്കുന്ന പരമ്പൊരുളേ, നീതന്നെ ജനനമരണങ്ങളെ ചെയ്തുകൊണ്ട്, അതതു ജീവനോടുകൂടിയിരുന്നു സുഖദുഃഖങ്ങളെ അനുഭവിക്കുന്നു. എന്നല്ല, ജീവനു ജീവനായി ഓരോവ്യക്തികളിലും കലന്നിരിക്കുന്നു. ഇങ്ങനെയൊക്കെ ഇരിക്കുന്നുവെന്നുള്ളതു ഞാൻ അറിഞ്ഞതേയില്ല.

വാരിതിയായെല്ലാമെല്ലാമണ്ഡമാകിണ്ഡമെല്ലാം
ശാരതിയായ നിൻെറ തലമറിയേൻപൂരണമേ.

അ—എങ്ങും നിറഞ്ഞ പരമ്പൊരുളേ! ഭൂമിയിൽ സമുദ്രമായും ബ്രഹ്മാണ്ഡങ്ങൾ മുഴുക്കെ വിഷ്ണുവായും വ്യാപിച്ചിരിക്കുന്ന വിശേഷനില ഞാൻ അറിഞ്ഞതേയില്ല.

വിത്തായ്മരമായ്വെളിയായൊളിയായ്നി
ചിത്തായിരുന്തതരമറിയേൻപൂരണമേ

അ—എങ്ങുംനിറഞ്ഞ പരമ്പൊരുളെ! നീതന്നെ വിത്തായും മരമായും വെളിയായും ഒളിയായും സത്തായും വ്യാപിച്ചിരിക്കുന്ന വസ്തുത അജ്ഞാനാധിക്യത്താൽ ഞാൻ അറിഞ്ഞതേയില്ല.

തത്ത്വത്തെപ്പാർത്തുമിശത്തന്നെയറിന്തറിവാൽ
ഉയ്ത്തുന്നെത്താൻപാരാമല്ലസ്സാരോപൂരണമേ.

അ—എങ്ങും നിറഞ്ഞ പരമ്പൊരുളേ! തത്വമാർഗ്ഗങ്ങളെ അന്വേഷിച്ചറിഞ്ഞു പിന്നീട് തന്നത്താനറിഞ്ഞു് അതിൽപിന്നെ അങ്ങനെയറിഞ്ഞ വ്യക്തിജ്ഞാനംകൊണ്ടു്, നിന്നെയറിയത്തക്ക ആത്മജ്ഞാനം ലഭിച്ചു. നിന്നെ അന്വേഷിച്ചു കാണാത്തവർ രക്ഷപ്പെട്ടുമോ? ഇല്ല.

ഒൻറായുയിരായുടൽതോറുനിയിരുന്തും
എൻറുമറിയാർകളേഴൈകൾനാംപൂരണമേ

അ—എങ്ങും നിറഞ്ഞ പരമതത്വമേ! ജീവന്മാരോടു് ഏകീഭവിച്ചു്, അതതുശരീരങ്ങളിൽ നീ ചേർന്നിരിക്കുന്നുവെങ്കിലും ആ വസ്തുത അജ്ഞാനികൾ അറിയുന്നതേയില്ല.

നേററെൻറുനാളൈയെൻറുനിനൈപ്പുമറപ്പായ്പ്പടൈത്തു
മാററമായ്നിൻറവളമറിയേൻപൂരണമേ.

അ—എങ്ങും നിറഞ്ഞ തത്വമേ! നീ ഇന്നലേക്കെന്നും നാളേക്കെന്നുമുള്ള ഓർമ്മയും മറവിയും (ഇത്യാദി ലൌകികവ്യവഹാരബന്ധങ്ങളെ) ഉണ്ടാക്കി, മായാച്ഛിന്നനായി സർവ്വത്തിലും സംബന്ധിക്കാതെ സംബന്ധിച്ചുനിന്ന മഹിമാതിശയത്തെ ഞാൻ അറിയുന്നില്ല.

മനംപുത്തിചിത്തിമകിഴറിവാങ്കാരമതായ്
നിനൈവാന്തലമാനനിലൈയറിയേൻപൂരണമേ.

അ—എങ്ങും നിറഞ്ഞ പരമ്പൊരുളേ! മനസ്സു്, ബുദ്ധി, ചിത്തം, അഹങ്കാരം ഇങ്ങനെ അന്തഃകരണത്തിനു വൃത്തഭേദങ്ങൾ നാലാണെന്നുള്ള വസ്തുത—അതായതു്, ഇവ നാലും ചിന്താകരണങ്ങളാണെന്നുള്ള വസ്തുത ഞാൻ അറിഞ്ഞതേയില്ല.

ഉരുപ്പേതമിൻറിയുയർന്തചത്തപേതമതായ്
കുരുപേതമായ്നിന്റകുണമറിയേൻപൂരണമേ.

അ—എങ്ങും നിറഞ്ഞവസ്തുവേ! രൂപവികല്പങ്ങളില്ലാതെ ശബ്ദം ഒന്നുതന്നെ ഭേദമായും നിർഭേദമായും എഴുന്നരുളിവന്ന വൈശിഷ്ട്യത്തെ ഞാൻ അറിഞ്ഞതേയില്ല.

ഷക്ഷമയപേതങ്ങൾതാൻവകുത്തുപ്പിന്നൊരു
ഉക്ഷമയമുണ്ടെൻറുരൈത്തനൈയേപൂരണമേ.

അ—എങ്ങും നിറഞ്ഞ തത്വമേ, ആറുവക സമയഭേദങ്ങളെ ഏർപ്പെടുത്തിയും, അവയിൽനിന്നന്യമായ ഒരു ഉൾസമയവും ഉണ്ടെന്നുള്ളതു ജ്ഞാ

നാചാര്യരായി എഴുന്നള്ളിവന്നു്, നീ അരുളിച്ചെയ്തിരിക്കുന്നുവല്ലോ. അതു് നിൻെറ കരുണാതിശയംതന്നെ.

മുപ്പത്തുരണ്ടുരുപ്പായ്മുകൈനെന്തുപടൈത്തുള്ളിരുന്ത
ചെപ്പടിവിത്തൈത്തിറമറിയേൻപൂരണമേ.

അ—എങ്ങും നിറഞ്ഞ പരമ്പൊരുളെ, മുപ്പത്തുരണ്ടുവയവങ്ങളോടു കൂടി ജീവികളെ സൃഷ്ടിച്ചു് നീ ഉള്ളിൽ എഴുന്നള്ളിയിരിക്കുന്ന ചെപ്പടിവിദ്യയുടെ വൈഭവത്തെ ഞാൻ അറിയാത്തവനായി ഭവിച്ചു.

എന്നാൻകററാലെന്നെപ്പൊരുളുംപെററാലേ
ഉന്നൈയറിയാതാരുയ്യരോപൂരണമേ.

അ—എങ്ങും നിറഞ്ഞ പരമ്പൊരുളെ! എന്തെല്ലാം ശാസ്ത്രങ്ങൾ പഠിച്ചാലെന്തു്? എത്രമാത്രം ദ്രവ്യങ്ങളുണ്ടായാലെന്തു്? അവക്കു് എന്തുലാഭം? ഒന്നുമില്ല. എന്തെന്നാൽ നിന്നെ അറിയാതെ (അതായതു് ആത്മജ്ഞാനം ഉദിക്കാതെ)യിരുന്നാൽ അവക്കു രക്ഷയില്ല.

കറററിവോമെൻപാർകാണാർകളുൻപതത്തൈ
പെറററിയാർതങ്കളുക്കുപിറപ്പറുമോപൂരണമേ.

അ—എങ്ങും നിറഞ്ഞ പരമ്പൊരുളെ, എല്ലാവിദ്യകളെയും ഞങ്ങൾ വായിച്ചറിഞ്ഞുകൊള്ളുമെന്നു പറയുന്നു. പിന്നീടു അങ്ങനെ ചെയ്യാതെയും ഇരിക്കുന്നു. എന്നല്ല നിൻെറ തിരുവടികളെ പ്രാപിച്ചറിയുന്നതുമില്ല. അതിനാൽ ഇങ്ങനെയുള്ളവക്കു ജന്മസങ്കടം നീങ്ങുമോ? ഇല്ല.

വാനെൻപാരണ്ഡമെൻപാവ്വായ് ജ്ഞാനമേപേശി
താനെൻപാവീണർതന്നൈയറിയാർപൂരണമേ.

അ—എങ്ങുംനിറഞ്ഞ പരമ്പൊരുളേ! നീ ആകാശസ്വരൂപനാണെന്നു ചിലർ പറയുന്നു. ബ്രഹ്മാണ്ഡസ്ഥിതനാണെന്നു ചിലർ പറയുന്നു. വിക്കു കൊണ്ടുമാത്രം ജ്ഞാനം പറയുന്ന ചിലർ അവർതന്നെയാണു നീ എന്നും പറയുന്നു. ഇവരെല്ലാം കഥയില്ലാത്തവരാകയാൽ തന്നത്താൻ അറിഞ്ഞവരല്ലതന്നെ.

ജ്ഞാനികളാണെങ്കിൽ അവർ ഇപ്രകാരമൊന്നും പറയുകയില്ലെന്നും നിന്നെയല്ലാതെ മററാരെയും കാണുകയില്ലെന്നും ഭാവം.

ആദിയെൻപാരണ്ഡമെൻപാരതർകണ്ടുവായിരുന്ത
ചോതിയെൻപാർനാദത്തൊഴിലറിയാർപൂരണമേ.

അ— എങ്ങും നിറഞ്ഞ പരമ്പൊരുളേ! ആദിയെന്നും അന്തമെന്നും പലയിടങ്ങളിലും വിളങ്ങിനിൽക്കുന്ന തേജഃസ്വരൂപമെന്നും മററും ചിലർ

വൃഥാ പറയുന്നുവെന്നല്ലാതെ നാദബ്രഹ്മസ്വരൂപനായിരിക്കുന്ന പരമശിവന്റെ സാക്ഷാൽ ലക്ഷണത്തെ അവർ അറിയുന്നില്ല.

മൂച്ചെൻപാരുള്ളമെൻപാർമോകമെന്നുമോക്ഷമെൻപാർ
പേച്ചെൻപാരുന്നുടൈയപേരറിയാർപൂരണമേ

അ—എങ്ങും നിറഞ്ഞ പരമ്പൊരുളേ, നിന്നെ ചിലർ ശ്വാസമെന്നും അഥവാ ജീവനെന്നും, ചിലർ അന്തഃകരണമെന്നും മൌനസ്വരൂപമായ ജ്ഞാനമെന്നും വാക്കെന്നും (നാദമെന്നും ഒക്കെ പറയുന്നു. ഇങ്ങനെ അവർ പലവിധത്തിൽ പറയുന്നുവെന്നല്ലാതെ നിന്റെ പരമാത്മനാമം അവർ അറിയുന്നില്ല.

പരമെൻപാർപാനുവെൻപാർപാഴ്വെളിയായ് നിന്റെ
വരമെൻപാരുന്തൻവഴിയറിയാർപൂരണമേ.

അ—എങ്ങും നിറഞ്ഞ പരമ്പൊരുളെ! ചിലർ നിന്നെ പരമനെന്നും ചിലർ ഭാനുവെന്നും ചിലർ ശൂന്യസ്വരൂപമായ ബ്രഹ്മമെന്നും പറയുന്നുവെന്നല്ലാതെ, നിന്റെ സാക്ഷൽ ഗതികളെ അവർ അറിയുന്നില്ല.

എത്തനൈപേരോവെട്ടത്തെടുത്തുത്താൻരത്താർ
അത്തനൈപേർക്കൊൻറാതറികിലേൻപൂരണമേ

അ— എങ്ങും നിറഞ്ഞ പൊരുളേ! നിന്റെ തിരുമെലക്ഷണത്തെ എത്രപേർ പലവിധത്തിൽ എടുത്തെടുത്തു പറഞ്ഞു. അപ്പറഞ്ഞതിലൊന്നും ശരിപ്പെട്ടിട്ടില്ല. അതിനാൽ നിന്നെ ഞാൻ അറിയുന്നില്ല.

നകാരമകാരമെൻപാർനടുവേചികാരമെൻപാർ
വകാരയകാരമെൻപാർവകൈയറിയാർപൂരണമേ.

അ—എങ്ങുംനിറഞ്ഞ പരമ്പൊരുളേ! ചിലർ, പഞ്ചാക്ഷരത്തിന്റെ ലക്ഷണത്തെക്കുറിച്ച് നകാരമെന്നും മകാരമെന്നും നടുവിൽ ശികാരമെന്നും വകാരമെന്നും യകാരമെന്നും പലവിധത്തിൽ പറയുന്നുവെന്നല്ലാതെ ആ അക്ഷരങ്ങളെ ചേർത്തുച്ചരിക്കുന്ന പ്രകാരത്തെ അറിയുന്നില്ല.

മകത്തുവമായ് ക്കാമമയകത്തുക്കുള്ളിരുന്തു
പകുത്തറിയമാട്ടാമൽ പയനഴിന്തേൻപൂരണമേ.

അ—എങ്ങുംനിറഞ്ഞ പരമ്പൊരുളേ! ഞാൻ അത്യന്തം വ്യാമൂഢനായി സ്ത്രീകളുടെ മയക്കത്തിലകപ്പെട്ടും നിന്നെ തിരിച്ചറിവാൻ ശക്തിയില്ലാതെ എനിക്കു ലഭിക്കേണ്ടതായിരുന്ന ഫലത്തെ പോക്കടിയാക്കിക്കളഞ്ഞു.

ഉണ്മൈപ്പൊരുളൈയുകന്തിരുന്തുപാരാമൽ
പെൺമയക്കത്താലേ പിറന്തിരുന്തേൻപൂരണമേ.

അ—പരിപൂൎണ്ണവസ്തുവേ! പരമാൎത്ഥതത്വത്തെ അന്വേഷിച്ചു കണ്ടറിയാതെ, സ്ത്രീകളുടെ മയക്കവലയിൽ കുടുങ്ങി ജനിച്ചും മരിച്ചും ദുഃഖിച്ചു.

വായാരവാഴ്ത്തിമകിഴ്ന്തുനൈത്താൻപോററാമൽ
കായമെടുത്തുകലങ്കിനേൻപൂരണമേ

അ—എങ്ങും നിറഞ്ഞ വസ്തുവേ. വായ്കൊണ്ടു നിന്നെ വാഴ്ത്തിസ്തുതിക്കാതെ ഈ ശരീരത്തെയെടുത്തു വളരെ വിഷമതകൾ അനുഭവിക്കാനിടയായി.

ചന്തിരനൈമേകമതുതാൻമറൈത്തവാരതുപോൽ
പന്തമുറയാനുമുനൈപ്പാർക്കിലേൻപൂരണമേ.

അ—എങ്ങും നിറഞ്ഞ പരമ്പൊരുളേ! ചന്ദ്രനെ മേഘംമറച്ചതുപോലെ എന്നെ പ്രാരബ്ധബന്ധം വന്നു മറച്ചുകൊണ്ടു് ഞാനും നിന്നെ കാണ്മാൻ കഴിയാത്തവനായിത്തീൎന്നു.

ചെന്താമരൈത്താളൈത്തിനന്തിനമുംപോററാമൽ
അന്തരമായ്നിൻറുകളൈന്തേനാൻപൂരണമേ.

അ—എങ്ങും നിറഞ്ഞ വസ്തുവേ! ചെന്താമരപ്പൂപോലെയുള്ള നിന്റെ തിരുവടികളെ സ്തുതിക്കാതെ നിരാധാരനായി ഞാൻ അലഞ്ഞു ദുഃഖിച്ചു.

നീർമേൽകുമിഴിപോൽനിലൈയററകായമിതൈ
ത്താരകമെൻറണ്ണിനാൻററുഴിന്തേൻപൂരണമേ.

അ—എങ്ങും നിറഞ്ഞ വസ്തുവേ, വെള്ളത്തിലെ കുമിളപോലെ നിലയില്ലാത്തതായ ഈ ശരീരത്തെ നിലയുള്ളതാണെന്നു ഭ്രമിച്ചു ഞാൻ അധോഗതിയെ പ്രാപിച്ചു.

നെഞ്ചമുരുകിനിനൈന്തുനൈത്താൽപോററിനെട്ടു
വഞ്ചനൈത്തേപ്പോക്കവകയറിയേൻപൂരണമേ.

അ—എങ്ങും നിറഞ്ഞ വസ്തുവേ, മനസ്സുരുകി വിചാരിച്ചു നിന്നെ സ്തുതിച്ചു്, ആത്മബോധമുണ്ടാകത്തക്ക വഴി (ആ അജ്ഞാനത്തെ നീക്കത്തക്കവഴി) ഞാൻ അറിഞ്ഞതേയില്ല.

എള്ളുക്കുള്ളെണ്ണൈപോലെങ്കുനിറൈന്തിരുന്ത
ത്തുള്ളമറിയാതുരുകിനേൻപൂരണമേ.

അ—എങ്ങും നിറഞ്ഞ വസ്തുവേ! എള്ളിൽ വ്യാപിച്ചിരിക്കുന്ന എണ്ണ എന്നപോലെ സൎവ്വത്ര നീ വ്യാപിച്ചിരിക്കുന്ന വസ്തുത ഞാൻ അറിയാതെ ദുഃഖിതനായി വേവിച്ചു.

മായാപ്പിരപഞ്ചമയക്കത്തിലേവിഴന്തെ
യോയായ് ജനനമൊഴിന്തിലേൻപൂരണമേ.

അ—എങ്ങും നിറഞ്ഞ പരംപൊരുളെ! ഞാൻ ഒരിക്കലും ഒഴിയാത്ത പ്രപഞ്ചവലയിൽ കുടുങ്ങി ഒഴിയാത്ത ജന്മത്തെ നശിപ്പിച്ചു മുക്തനാകാൻ സാധിച്ചില്ല.

പൂശൈയുടൻപുവനപോകമെന്നുംപാക്കിയത്താൽ
യാശൈയുറേറനാനമറിവഴിന്തേൻപൂരണമേ.

അ—എങ്ങും നിറഞ്ഞ വസ്തുവേ, ദേവപൂജ ലോകഭോഗങ്ങളിലുള്ള സുഖം ഇവയിൽ ആശയുള്ളവനായി, ഞാൻ എൻെറ അറിവുനശിപ്പിച്ചു.

പടൈത്തുമഴിത്തിട്ടവർപാക്കിൽ പിരമാവെഴുത്തേ
തൊടൈത്തു ചിരഞ്ചീവിയാക്കുലംകുവിപ്പായ് പൂരണമേ.

അ—എങ്ങും നിറഞ്ഞ പരംപൊരുളേ, നീ എല്ലാ ജീവികളെയും സൃഷ്ടിച്ചു പിന്നെ നശിപ്പിക്കുന്നു. എന്നാൽ ചിലരെ ബ്രഹ്മലിഖിതം നീക്കി അഴിവില്ലാത്ത ചിരഞ്ജീവികളാക്കിയും ചെയ്യുന്നു.

മന്തിരമായ് ചാത്തിരമായ് മറൈനാങ്കായ് നീയിരുന്ത
തന്തിരത്തൈത്താനറിയത്തകുമോതാൻപൂരണമേ.

അ—എങ്ങും നിറഞ്ഞ പരംപൊരുളേ, വേദങ്ങളായും ശാസ്ത്രങ്ങളായും മന്ത്രങ്ങളായും (ഇവയുടെ രൂപത്തിൽ എന്നർത്ഥം) നീ എഴുന്നള്ളിയിരിക്കുന്ന മഹിമാതിശയത്തെ അറിയത്തക്ക സാമർത്ഥ്യം എനിക്കുണ്ടോ?–ഇല്ല.

അല്ലായ് പകലായനവരതകാലമെന്ന
ചൊല്ലായ് പകുത്തതൊടർവറിയേൻപൂരണമേ.

അ—സർവ്വത്ര പരിപൂർണ്ണമായി പരിലസിക്കുന്ന വസ്തുവേ, രാത്രിയായും പകലായും, എന്നല്ല സകലകാലസ്വരൂപമെന്നു പറയത്തക്കതായും ഇരിക്കുന്ന നിൻെറ മായാവൈഭവത്തെ ഞാൻ അറിഞ്ഞതേയില്ല.

നരകഞ്ചൊർക്കമെനനണ്ണുമിരണ്ടുണ്ടായും
അരകരാവെൻതറികിലേൻപൂരണമേ.

അ—എങ്ങും നിറഞ്ഞ പരംപൊരുളെ, ലോകത്തിൽ നരകമെന്നും സ്വർഗ്ഗമെന്നും രണ്ടുവകുപ്പ് അവരവരുടെ പാപപുണ്യങ്ങൾക്കു അനുസരണമായി ഇരിപ്പുണ്ടെന്നറിഞ്ഞിരുന്നിട്ടും, "ഹരഹര" എന്ന ശിവനാമം ഒരിക്കലെങ്കിലും ഉച്ചരിക്കുന്നതിനു ഞാൻ അറിയുന്നില്ല.

പാവപുണ്ണിയമെന്നാപകുപ്പായ്പടൈത്തഴത്തി
ങ്കാവലെയുണ്ടാക്കിവെത്തവരുളറിയേൻപൂരണമേ.

അ—എങ്ങും നിറഞ്ഞ പരമ്പൊരുളേ, പാപമെന്നും പുണ്യമെന്നും രണ്ടു വകുപ്പുണ്ടാക്കി അവയുടെ ഏററക്കുറച്ചിലനുസരിച്ച് ജീവികളെ സൃഷ്ടിച്ച് ആശാപാശത്താൽ ബന്ധിച്ചുവച്ചിരുന്നു. പിന്നീട് ഈ ലോകത്തിൽ ആശയുണ്ടാക്കിവച്ച നിൻെറ ലീലാവൈഭവത്തെ ഞാൻ അറിഞ്ഞതേയില്ല.

ശാന്തമെൻറും കോപമെൻറും ചാതിപേതങ്കളെൻറും
പാന്തമെൻറും പുത്തിയെൻറും പടൈത്തനൈയേ—
പൂരണമേ

അ—എങ്ങും നിറഞ്ഞ തത്ത്വമേ, ശാന്തിയെന്നും കോപമെന്നും ബന്ധമെന്നും മോക്ഷമെന്നും ബ്രാഹ്മണനെന്നും ക്ഷത്രിയനെന്നും വൈശ്യനെന്നും ശൂദ്രനെന്നും ഇങ്ങനെ ഉൽകൃഷ്ടാപകൃഷ്ടങ്ങളായ ഭേദങ്ങൾ വെവ്വേറെ അങ്ങു കല്പിച്ചിട്ടുണ്ടല്ലോ.

എന്നാലും അപകൃഷ്ടത്തെയല്ലാതെ ഉൽകൃഷ്ടത്തെ പ്രാപിക്കണമെന്നുള്ള ബുദ്ധി എനിക്കുണ്ടാകുന്നില്ല. ആശ്ചര്യം! എന്നു ഭാവം.

പാശമുടലായ്പശുവതുന്താനുയിരായ്
നേശമുടനീപൊരുളായ്നിൻറനൈയേപൂരണമേ.

അ—എങ്ങും നിറഞ്ഞ വസ്തുവേ, പാശമെന്നതു ദേഹമായും പശുവെന്നതു ജീവനായും പതിയെന്നതു നീയായും ഇരിക്കയാണല്ലോ.

ഏതിലടിയാരിങ്കോയികത്തിൽവന്തുൻ
പതേമതിൽത്തിഴപ്പരിന്തരുൾവായ്പൂരണമേ.

അ—എങ്ങും നിറഞ്ഞ ചൈതന്യമെ, വിശുദ്ധാന്മാരായ ഭക്തന്മാരാൽ വന്ദിക്കപ്പെടുന്ന നിൻെറ തിരുവടികളിൽ ഞാൻ വന്ദിക്കുമാറു കരുണചെയ്യണം.

നാനേനിനീയേനാനാമിരണ്ടുമൊൻറാനാൽ
തേനിൻറുവിയതുപോൽ തെവിട്ടായ്നീപൂരണമേ.

അ—എങ്ങും നിറഞ്ഞ പരമ്പൊരുളേ, ഞാൻതന്നെ നീ, നീതന്നെ ഞാൻ എന്ന നില വന്നാൽ നീ തേൻ മധുരിക്കുന്നതുപോലെ മധുരമായി ഒഴുകിക്കൊണ്ടിരിക്കുന്നു.

മുടിവിലൊരുചൂനിയത്തൈമുടിത്തുനിൻറുപാരാമൽ
അടിയിലൊരുചൂനിയത്തിലലൈന്തേനേപൂരണമേ.

അ—എങ്ങും നിറഞ്ഞ പരമ്പൊരുളേ, ഒടുവിൽ ശൂന്യാശൂന്യമായിരിക്കുന്ന തുല്യമില്ലാത്ത പരമാത്മാവിനെ ആ ശൂന്യാശൂന്യത്തിലെത്തി ദൎശിക്കാതെ മററുള്ള സ്ഥലങ്ങളിൽ ഞാൻ വൃഥാ അലഞ്ഞു.

പൂരണമാലൈതനൈപ്പത്തിയുനോതിനർക്കു
തരണിയിൽജ്ഞാനംതഴൈപ്പിപ്പായ്പൂരണമേ.

അ—എങ്ങും നിറഞ്ഞ പരമതത്വമേ, ഞാൻ ഈ പൂൎണ്ണമാല എന്നസ്തോത്രത്തെ ഉചിതമാകുംവണ്ണം കീൎത്തിക്കുന്നതിനായി, ഈ ലോകത്തിൽ എനിക്കു ശരിയായ ജ്ഞാനം നൽകുമാറാകണം.

പൂൎണ്ണമാല സമാപ്തം

പട്ടണത്തുപിള്ളയാർ

ഹൃദയത്തോടുചെയ്ത പ്രലാപം.

അൻറുമുതലിൻറളവുമിക്കൈയൊടുചൂക്ഷിയുമായ്
നിൻറനിപ്പൈയറിയനേശമുററായ്നെഞ്ചമേ.

അ—മനമേ, അക്കാലം തുടങ്ങി ഇക്കാലംവരെ ദേഹവും ദേഹിയുമായിരുന്ന എൻെറ പരമാത്മനിലയെ നീ അറിയുമാറു് ആഗ്രഹിക്ക.

അങ്കങ്കുണർവായറിവാകവേനിരമ്പി
എങ്കെങ്കുമാനതിലേയേകരിത്തായ്നെഞ്ചമേ

അ—മനമേ, നീ അതതിടങ്ങളിൽ ജ്ഞാനസ്വരൂപമായിരുന്നു് എല്ലായിടത്തും സഞ്ചരിക്കുന്നു.

എന്നിട്ടും പരമേശനെ നീ ദൎശിച്ചില്ലല്ലൊ. അതെന്തത്ഭുതം എന്നു ഭാവം.

അലൈയാതെപേരിമ്പവാനന്തവെള്ളത്തിൽ
നിലൈയാവുരുവിറന്തുനിൻറനൈയേനെഞ്ചമേ.

അ—മനമേ, നീ അഴിവില്ലാത്ത ജ്ഞാനാനന്ദജലത്തിൽ മുഴുകിയിരുന്നു്, രൂപനാമങ്ങളില്ലാത്ത നിലയെ പ്രാപിച്ചുവല്ലൊ.

അതു പുണ്യവിശേഷത്താലായിരിക്കാം എന്നു ഭാവം.

പാരാമൽപതൈയാമൽ,പരുകാമൽയാതൊൻറും
ഓരാതുണർവ്വുടനേയൊൻറിനൈയേനെഞ്ചമേ.

അ—മനമേ, നീ യാതൊരുവസ്തുക്കളെ നോക്കാതെയും, അവററെ കണ്ടു പിന്നീടു ദുഃഖിക്കാതെയും അവററെ അനുഭവിക്കാതെയും, അവററെ വിചാരിക്കപോലും ചെയ്യാതെയും ആത്മജ്ഞാനത്തോടുകൂടി പരമാത്മാവിൽ ലയിച്ചു.

കളവിറന്തുകൊലൈയിറന്തുകാൺമനവും കാക്ഷിയുംപോ
യളവിറന്തുനിൻറതിലേയൻ പുററായ്നെഞ്ചമേ.

അ—മനമേ, നീ കളവു് കൊല ദർശനം സ്പർശനം മുതലായവ സ്വ ഭാവേനയില്ലാത്ത പരമാത്മാവിൽ ആഗ്രഹം വച്ചിരിക്കുന്നു.

പേച്ചിറന്തുമൂടിറന്തുപിന്നിറന്തുമുന്നിറന്തു
നിച്ചിറതുനിൻറതിലേനേശമുററായ്നെഞ്ചമേ.

അ—മനമേ, സംസാരം നിർദ്ദേശം (ചൂണ്ടിക്കാട്ടൽ) മുൻപു് പിമ്പു് ഇവയ്ക്കു വിഷയമല്ലാതെ സർവാതീതമായിവിളങ്ങുന്ന പരമാത്മാവിൽ നീ ഭക്തിയെ വച്ചിരിക്കുന്നു. ആ പരമാത്മാവിനെക്കുറിച്ചു നിനക്കു ഭക്തിയുണ്ടായിരിക്കുന്നു എന്നു സാരം.)

വിണ്ണിറന്തുമണ്ണിറന്തുവെളിയിറന്തുവൊളിയിറന്തു
എണ്ണിറന്തുനിൻറതിലേയേകരിത്തായ്നെഞ്ചമേ.

അ—മനമേ, സ്വർഗ്ഗം, ഭൂമി, ആകാശം, പ്രകാശം, പരിമാണം എന്നിവയൊക്കെയതിക്രമിച്ചു വിളങ്ങുന്ന പരമ്പൊരുളിൽ നീ ഐക്യപ്പെട്ടിരിക്കുന്നുവല്ലൊ.

പാൎത്തവിടമെംകംപരമെനമേയുംപുറവും
കോൎത്തപടിയുണ്മെയെനകൊണ്ടഭനൈനയേനെഞ്ചമേ.

അ—മനമേ, നീ നോക്കിയ ദിക്കെല്ലാം പരമാത്മസ്വരൂപമായ ചിദാകാശമായിത്തോന്നി, അതു് അകമേയും പുറമേയും നിർഭേദമായിരിക്കുന്നു. അതുതന്നെ സത്യവസ്തുവെന്നറിഞ്ഞു്, അതിനെ പ്രാപിച്ചുകഴിഞ്ഞു.

ഊരിറന്തുവൊളിയിറന്തുവെളിയിറന്തു
ചീരിറന്തുനിൻറതിലേചേർന്തനൈയേനെഞ്ചമേ.

അ—മനമേ, ഊരു്, പേരു്, ഒളി, വെളി, അഴകു മുതലായവയിൽ നിന്നും സ്വഭാവേന വേർപെട്ടു്, സർവത്ര പരിപൂർണ്ണമായിരിക്കുന്ന സദ്വസ്തുവിൽ നീ കലർന്നുകഴിഞ്ഞു.

ആൺപെണ്ണററിയെൻറഴെക്കവരിതായ്നിറൈന്തു
കാൺപവരിതായ്വിടങ്കണ്ണററായ്നെഞ്ചമേ.

അ—മനമേ, പുല്ലിംഗമായോ സ്ത്രീലിംഗമായോ നപുംസകലിംഗമായോ നിർദ്ദേശിക്കുന്നതിനു കഴിയപ്പെടാത്തതായും കണ്ണിനു വിഷയമല്ലാത്തതായും ഇരിക്കുന്ന സ്ഥാനത്തെ നീ ദർശിച്ചു.

ആങ്കാരമച്ചമകററിയറിവിനോടു
തൂങ്കാമററൂങ്കിച്ചുകംപെററായ്നെഞ്ചമേ.

അ—മനമേ, നീ അഹങ്കാരത്തേയും ഭയത്തേയും തീരെ നശിപ്പിച്ച് ആത്മബോധത്തോടുകൂടെ ഉറങ്ങാതെയുറങ്ങുന്നതായ സമാധിയിൽ ഇരുന്നു സുഖത്തെ പ്രാപിച്ചു.

ആദിയായ്നിൻറവകണ്ഡപരിപൂരണത്തെ
ചാതിയാനിൻറവിടഞ്ചാർച്ചുററായ്നെഞ്ചമേ.

അ—മനമേ, എല്ലാററിനും ആദിമൂലമായി, സർവവ്യാപിയായിരിക്കുന്ന പരമതത്വത്തെ സന്ദർശിച്ച് സമ്പ്രാപിക്കുന്ന സ്ഥാനത്തിൽ നീ എത്തിക്കഴിഞ്ഞു.

വിരുപ്പുവെറുപ്പില്ലാതവെട്ടവെളിയതിനിൻ
ഇരുപ്പേചകമെൻറിരുന്തനൈയേനെഞ്ചമേ.

അ—മനമേ, സ്നേഹമോ വിരക്തിയോ തീരെയില്ലാതെയിരിക്കുന്ന ശുദ്ധശൂന്യമായ ചിദാകാശത്തിൽ എപ്പൊഴും ഇരിക്കുന്നതുതന്നെ സുഖമെന്നറിഞ്ഞു നീ അവിടെയിരുന്നു.

ആരുമുറാപ്പേരണ്ഡന്തപ്പുറത്തുമിപ്പുറത്തും
നീരുമുപ്പുമെന്നനിലൈപെററായ്നെഞ്ചമേ.

അ—മനമേ, ആരാലും അധിവസിക്കപ്പെടാത്ത ബ്രഹ്മാണ്ഡങ്ങളുടെ അപ്പുറത്തും ഇപ്പുറത്തും (ബ്രഹ്മാണ്ഡബഹിർഭാഗങ്ങളിൽ) വെള്ളവും ഉപ്പും പോലെ നീ ചേർന്നിരുന്നു.

ഉടനാകവേയിരുന്തുമുണരവരിയാനോടു
കടനീരുമാറുംപോൽകലന്തനൈയേനെഞ്ചമേ.

അ—മനമേ, നീ നിന്നോടുകൂടി നിന്നാൽ കാണപ്പെടാതിരുന്ന പരമശിവനോടു ആററുവെള്ളവും കടൽവെള്ളവുംപോലെ ചേർന്നിരുന്നു.

നെടിയകത്തെപ്പോക്കിനിൻറചമക്കറൈന്തു
പടികത്തുക്കുമ്പംപോൽപററനൈയേനെഞ്ചമേ.

അ—മനമേ, നീ മഹത്തായ അഹങ്കാരത്തേയും മററുള്ള ചേഷ്ടകളേയും നശിപ്പിച്ചു ശുദ്ധസ്പടികത്താൽ ചെയ്യപ്പെട്ട കുടംപോലെ പരമശിവനോട്ടു നല്ലപോലെ സംബന്ധപ്പെട്ടു.

മേലാകിയെംകും വിളംകും പരമ്പൊരുളിൽ
പാലൂരുമെഞ്ചുവൈപോൽപററിനെയേനെഞ്ചമേ.

അ—മനമേ, നീ എങ്ങും ഉദിച്ചുയൎന്നു വ്യാപിച്ചിരിക്കുന്ന പരമശിവനിൽ പാലിൽ രുചി (മധുരം) എന്നപോലെ ഐക്യപ്പെട്ടു.

നീരോട്ടുതണ്ണാലിവിണ്ടുനീരാനവാറേപോൽ
ഊരോട്ടുപേരില്ലാനോടൊൻറിനൈയേനെഞ്ചമേ.

അ—മനമേ, കിളുന്ന മഞ്ഞുകട്ടി വെള്ളത്തിൽ വീണു ക്രമേണ അലിഞ്ഞു് അതിനോട്ടുചേൎന്നു ലയിച്ചതുപോലെ, നീയും നാമരൂപാദികളില്ലാത്ത പരമാത്മാവോട്ടു് ഏകീഭവിച്ചു.

ഇപ്പിറപ്പെപ്പപ്പാഴ്പ്പെട്ടുത്തിയിരുന്തപടിയേയിരുക്കച്ചെപ്പവരിതായ്വിടഞ്ചേർന്തനൈയേനെഞ്ചമേ.

അ—മനമേ, നീ ഈ ജന്മത്തെ അറുത്തു് നിർവികാരമായിരിക്കത്തക്കവണ്ണം, വാക്കിനു വിഷയമല്ലാത്ത മൌനസ്ഥാനത്തെ പ്രാപിച്ചു.

മേലാംപതങ്കളെല്ലാംവിട്ടുവിട്ടാരായ്ന്തു
നാലാംപദത്തിനടന്തനൈയേനെഞ്ചമേ.

അ—മനമേ, നീ ജാഗ്രൽസ്വപ്നസുഷുപ്തികളാകിയ മൂന്നു അവസ്ഥകളേയും കടന്നു് നാലാമത്തെ തുൎയ്യപദത്തിൽ എത്തിച്ചേൎന്നു.

കടങ്കടങ്കടോറുംകതിരവനൂടാടി
യടംകുമിടന്താനറിന്തൻപുററായ്നെഞ്ചമേ.

അ—മനമേ, ഓരോ ശരീരത്തിലും സൂൎയ്യനോട്ടുകൂടിയിരുന്നു്, ദുഃഖത്തെയുണ്ടാക്കി ശൂന്യമായ സ്ഥാനത്തിൽ നീ എത്തി അതിൽ ആസക്തനായി ഭവിച്ചു.

കററവനായ്ക്കേട്ടവനായ്കാണാനായ്കാൺപവനായ്
യുററവനായ്നിൻറതിലേയൊൻറുപട്ടായ്നെഞ്ചമേ.

അ—മനമേ, നീ വിദ്വാനായും പഠിച്ചവനായും കാണാത്തവനായും കാണുന്നവനായും ഉടയവനായും ഇരുന്ന പരമാത്മാവിൽ കലൎന്നവനായി ഭവിച്ചു.

നാലുവരെെറക്കരണനൽകുപുലനൈെന്തുമൊൻറായ്
ശീലമററുനിൻറതിലേചേർന്തനൈെയേനെഞ്ചമേ.

അ—മനമേ, നീ നാലുപ്രകാരത്തിലുള്ള അന്തഃകരണങ്ങളും അഞ്ചി ന്ദ്രിയങ്ങളും സംബന്ധിക്കാതെയിരിക്കുന്നിടത്തു നീ സദാ ചേൎന്നിരുന്നു.

വിട്ടടമുംതൊട്ടിടമുംവിണ്ണിടമുംമണ്ണിടമും
കട്ടമൊരുതന്മൈയെനക്കണ്ടറായ നെഞ്ചമേ.

അ—മനമേ, വിട്ടിടവും തൊട്ടിടവും ദേവലോകവും ഭൂലോകവും എല്ലാം ഒന്നായിത്തന്നെ നീ കണ്ടു.

എന്തെന്തനാളുമിരുന്തപടിയേയിരുക്ക
യന്തച്ചുകാതീരമാക്കിനൈെയേനെഞ്ചമേ.

അ—മനമേ, നീ എന്നെന്നുമൊരേനിലയിൽ ഇരിക്കത്തക്കവണ്ണം ഉൽകൃഷ്ടമായ സ്നേഹസ്വരൂപമായി ഭവിച്ചു.

ഇനി, നീമൂലം ഞാനും മുക്തനാകും എന്നു സാരം.

വാക്കിറന്തുനിൻറമനോഗോചരംതന്നിലേ
താക്കറവേനിന്നതിലേതലൈചെയ്താായ്നെഞ്ചമേ.

അ—മനമേ, നീ വാക്കിന്റെ വിഷയമല്ലാത്തതും, യാതൊന്നിനോടും സംബന്ധമില്ലാത്തതുമായ ഉൽകൃഷ്ടപദത്തെ പ്രാപിച്ചു.

എത്തേശമുന്നിറൈെറന്തേയെക്കാലമുഞ്ചിറൈെന്തു
ചിത്തായചിത്തിനിടണ്ടേർന്തനൈെയേനെഞ്ചമേ.

അ—മനമേ, നീ ഏതുദേശത്തിലും ഏതുകാലത്തിലും ഭേദമില്ലാതെ ജ്ഞാനസ്വരൂപമായി വ്യാപിച്ചിരിക്കുന്ന പരമാത്മാവിൽ ചേൎന്നുവല്ലോ.

താഴാതേനീളാതേതന്മയമതായ്നിറന്തു
വാഴാതേവാഴമരുവിനൈെയേനെഞ്ചമേ.

അ—മനമേ, കുറയുകയോ കൂടുകയോ ചെയ്യാതെ, എന്നും ഒരേനിലയിൽ ഇരുന്നു്, വാഴാതെ വാഴുന്നതിന്റെ തക്കയിടത്തെ നീ പ്രാപിച്ചു.

അനുഭവത്തിൽ മാത്രം വാഴ്വ തോന്നപ്പെടുന്നതുകൊണ്ടു്, വാഴാതെ വാഴുക എന്നു പറയപ്പെട്ടിരിക്കുന്നു.

ഉള്ളുംപുറമുമുവട്ടാതവാനന്ത
കള്ളരുന്തിനിൻറതിലേകണ്ടറായ്നെഞ്ചമേ.

അ—മനമേ, നീ അകമേയും പുറമേയും അഴിവില്ലാതെയിരിക്കുന്ന സുഖത്തേൻ ഭക്ഷിച്ച്, ആ തേനിന്റെ രുചികൊണ്ട്, ഉറങ്ങിപ്പോയി.

വാതനെനെപോയ്നിട്ടെയും?പായ്മാമൌനരാച്ചിയം പോയ്
പേതമറനിൻറവിടംപെററനെനയേനെഞ്ചമേ.

അ—മനമേ, നീ വാസനാനിഷ്ഠ, മൗനനിഷ്ഠ മുതലായവയെല്ലാം കഴിഞ്ഞ് യാതൊരു വികല്പവുമില്ലാത്ത ഇടത്തെ പ്രാപിച്ചു.

ഇരതംപിരിന്തുകലന്തേകമാംവാറേപോൽ
വിരകന്തവിർന്തണൻപാൽമേവിനെനയേനെഞ്ചമേ.

അ—മനമേ, നീ തേരിന്റെ ഓരോ അവയവവും പിരിച്ചുവച്ചാൽ ആ പേരില്ലാതെയാകുന്നതുപോലെയും ഒരുമിച്ചുവച്ചാൽ ആ പേരുണ്ടാകുന്നതുപോലെയും സകല ആശകളേയും വിട്ട് ആത്മമാത്രമുക്തനായി, പരമശിവനോടു ചേൎന്നു.

ചോതിയാൻചൂഴ്പ്പനിനീർചൂറൈകൊള്ളുമാറേപ്പോൽ
നീതികരുവിൻറിരുന്താംനീപെററായ്നെഞ്ചമേ.

അ—മനമേ, മഞ്ഞുവെള്ളം സൂൎയ്യരശ്മിയിൽ ലയിച്ചടങ്ങുന്നതുപോലെ നീ ജ്ഞാനാചാൎയ്യന്റെ തിരുവടികളിൽ ലയത്തെ പ്രാപിച്ചു.

ഇപ്രകാരം നിനക്ക് ജ്ഞാനസമ്പത്ത് കൈവന്നിരിക്കുന്നതിനാൽ ആ ഭാഗ്യോദയത്തെ പാഴിൽ കളയാതെ—അതായത്—വീണ്ടും ലൗകികവിഷയങ്ങളിലേക്കു മനസ്സിനെ തള്ളാതെ മുക്തനായി ഭവിച്ചാലും—എന്നു ഭാവം.

പട്ടണത്തുസ്വാമികളുടെ പാടൽ, മൂലവും
മലയാളവ്യാഖ്യാനവും
സമാപ്തം.

പട്ടണത്തുപിള്ളയാരുടെ ശിഷ്യനായ

ഭദ്രഗിരിസ്വാമിയുടെ ചരിത്രസംഗ്രഹം.

പരമജ്ഞാനനിഷ്ഠനും പരിപാവനചരിത്രനും സമഭാവനനുമായി പട്ടണത്തുസ്വാമികൾ, തൻെറ, നാട്ട്, വീട്ട് മുതലായതെല്ലാം ഉപേക്ഷിച്ച്, മേലാൽ ഭിക്ഷയെടുക്കുന്നതല്ലെന്നുള്ള ദൃഢനിശ്ചയത്തോടുകൂടി പല ദിക്കിലും സഞ്ചരിച്ചകൂട്ടത്തിൽ ഭദ്രഗിരി മഹാരാജൻെറ തലസ്ഥാനനഗരിയുടെ പരിസരത്തിലുള്ള വിഘ്നേശ്വരക്ഷേത്രംകണ്ടു രാത്രിയിൽ അതിൽ കടന്ന്, സമാധിസ്ഥനായിരുന്നു. ആ അവസരത്തിൽ ഭദ്രഗിരിയുടെ ഭണ്ഡാരംമുറിച്ചു അനവധി ദ്രവ്യങ്ങളും കെട്ടിച്ചുമന്നുകൊണ്ട്, ചില കള്ളന്മാർ അതുവഴി വരികയായിരുന്നു. ഗണപതിക്കോവിൽ കണ്ടയുടനേ, ദേവപ്രീതിയെ ഉദ്ദേശിച്ച്, അതിൽനിന്നും ഒരു മുത്തുമാലയെടുത്ത് കോവിലിൻെറ ഉള്ളിലേക്കു സമപ്പിച്ചു. ദൈവഗത്യാ ആ മാല, അന്തർഭാഗത്തു സമാധിശീലിച്ചിരുന്നിരുന്ന പട്ടണത്തുസ്വാമികളുടെ കഴുത്തിൽ ചെന്നുവീഴാനിടയായി. കള്ളന്മാരെ അന്വേഷിച്ചുനടന്ന രാജകിങ്കരന്മാർ പിറേറദിവസം രാവിലെ പല ദിക്കിലും അന്വേഷിച്ച കൂട്ടത്തിൽ ആ കോവിലിലും കടന്നു നോക്കിയപ്പോൾ സ്വാമികൾ മൌനനിഷ്ഠനായി മാലയുമണിഞ്ഞിരിക്കുന്നതുകണ്ട് അദ്ദേഹവും കള്ളന്മാരുടെ കൂട്ടക്കാരനാണെന്നു നിശ്ചയിച്ച് പിടിച്ചുകെട്ടിക്കൊണ്ടുപോയി ഭദ്രഗിരിരാജൻെറ മുമ്പിൽ ഹാജരാക്കി. തേജസ്വിയും തപസ്വിയുമായ സ്വാമികളോടു രാജാവു ചോദിച്ച ചോദ്യങ്ങൾക്കെല്ലാം "ശിവ""ശിവ" എന്നല്ലാതെ യാതൊന്നും മറുപടി ലഭിച്ചില്ല. സംശയഗ്രസ്തനായ രാജാവ്, ഉടനെ മന്ത്രിയെവരുത്തി സ്വാമികളെ ഇഷ്ടംപോലെ ശിക്ഷിച്ചുകൊൾവാൻ അയാളെ ഏല്പിച്ചു. അയാൾ സ്വാമികൾക്കു മരണശിക്ഷതന്നെ വിധിച്ചു. അതനുസരിച്ച്, അദ്ദേഹത്തെ കഴുകമരത്തിൽ കയററിനിറുത്തിയ ഉടനെ അശേഷം കുലുങ്ങാതെ ഒരു പുഞ്ചിരിയോടുകൂടി.

"ജഗച്ഛിവമയംസവ്വം സവ്വം ശവ്വസ്യചേഷ്ടിതം" ഇത്യാദി വേദസൂക്തത്തെത്തന്നെ പാടിക്കൊണ്ടുനിന്നു. പെട്ടെന്നു കഴുകമരം അഗ്നിയേക്കാൾ ജാജ്വല്യമാനമായി പ്രകാശിക്കയും വധകത്താക്കൾക്കു ബ്രഹ്മതേജസ്സിൻെറ ചൂടുസഹിക്കാൻ നിവൃത്തിയില്ലായ്കയാൽ അവർ അവിടെനിന്നു ഒഴിഞ്ഞുപോകയും ചെയ്തു. ഈ വത്തമാനമറിഞ്ഞ് രാജാവു സംഭ്രാന്തനായി ഓടിയിറങ്ങിവന്ന് സ്വാമികളുടെ തൃപ്പാദപത്മങ്ങളിൽ സാഷ്ടാംഗം നമസ്കരിച്ചു ക്ഷമായാചനം ചെയ്തു. രാജാവിൻെറ മനശ്ശുദ്ധിയെ അറിഞ്ഞ സ്വാമികൾ കരുണാമസൃണമായ കടാക്ഷവീക്ഷണത്താൽ അദ്ദേഹത്തെ (രാജാവിനെ) അനുഗ്രഹിച്ചു. ആ കടാക്ഷവീക്ഷണം ഭദ്രഗിരിയുടെ സകല

പ്രാരബ്ധങ്ങളെയും ഭസ്മീകരിക്കുന്നതിനു പശ്ചാത്താപമായിത്തീരുവെന്നു സൂസ്പഷ്ടമാകുമാറു് ആ മാത്രയിൽ അദ്ദേഹം സകല രാജചിഹ്നങ്ങളെയും ഉപേക്ഷിച്ചു പരമത്യാഗിയായ ഒരു സന്യാസിവയ്യന്റെ നിലയിൽ സ്ഥിതിചെയ്തു. അതുകണ്ടു പ്രസന്നനായ സ്വാമികൾ—"നീ തിരുവിടൈമരുതൂരിൽ പോകുക" എന്നുമാത്രം അരുളിച്ചെയ്തശേഷം അവിടെനിന്നും നടന്നു് പല ദേശങ്ങളിലും ചുററിസ്സഞ്ചരിച്ചു് ഒടുവിൽ തിരുവിടൈമരുതൂർ എന്ന ശിവക്ഷേത്രത്തിലെത്തി അതിന്റെ കിഴക്കേഗോപുരവാതുക്കൽ കടന്നിരിപ്പായി. ഭദ്രഗിരിയും ഗുരുവിന്റെ കല്പനപ്രകാരം താമസിയാതെതന്നെ അവിടെ ചെന്നുചേർന്നു. സ്വാമികളെ അവിടെ കാണുകയാൽ രാജാവു സന്തുഷ്ടനായി നമസ്കരിച്ചു. കല്പനകാത്തുനിന്നപ്പോൾ മേലെ ഗോപുരവാതിലിൽ ചെന്നിരിക്കുന്നതിനു് അദ്ദേഹം ആജ്ഞാപിച്ചു. രാജാവു് അതനുസരിച്ചു് ആ ഗോപുരവാതുക്കൽ ഇരിക്കയും, ഇറങ്ങി യാചിച്ചാൽ വല്ലതും കിട്ടുന്നതു കൊണ്ടുവന്നു ഗുരുവിനു നിവേദിച്ചു് അതിന്റെ ഉച്ഛിഷ്ടമെടുത്തു് താൻ ഭക്ഷിച്ചുകൊണ്ടു ബ്രഹ്മധ്യാനം ശീലിക്കയും ചെയ്തുവന്നു.

അങ്ങനെ കഴിഞ്ഞുവരവേ, ഒരു ദിവസം ഒരു പെൺനായിക്കുട്ടി ഭദ്രഗിരിയുടെ അടുക്കൽവന്നു് വാലാട്ടി ഇണക്കം ഭാവിച്ചു്, വിശപ്പുണ്ടെന്നുള്ള ദീനഭാവം പ്രകടിപ്പിച്ചുനിന്നു. ദയാലുവായ ഭദ്രഗിരി അതുകണ്ടു തനിക്കു ഭക്ഷിക്കാൻ വച്ചിരുന്ന നൈവേദ്യശേഷം മുഴുവൻ അതിനിട്ടുകൊടുത്തു. നായ്ക്കുട്ടി അത്യാർത്തിയോടെ അതു ഭക്ഷിച്ചു സംതൃപ്തിയടഞ്ഞപ്പോൾ ഭദ്രഗിരിയോടു് അത്യന്തം സ്നേഹംഭാവിച്ചു്, വിട്ടുപിരിയാതെ അവിടെത്തന്നെയിരുന്നു. ഈ സംഭവത്തെ ഗൌനിച്ച പരമശിവൻ വിശന്നുതളന്ന ഒരുത്തനെപ്പോലെ പട്ടണത്തുപിള്ളയാരുടെ അരികിൽ ചെന്നു വിശപ്പിനു് വല്ലതും തന്നാൽ കൊള്ളാമെന്നപേക്ഷിച്ചു.

അദ്ദേഹം അതുകേട്ടു്—"ഞാൻ കൌപീനം ധരിക്കുന്നതുപോലും ഭാരമാണെന്നു വിചാരിച്ചിരിക്കുന്ന നിഷ്കിഞ്ചനനാണു് ത്യാഗിയുമാണു്. അതാ മേക്കേ ഗോപുരത്തിൽ ഒരു സംസാരിയിരിക്കുന്നു അയാളോടുചെന്നു പറയൂ" എന്നരുളിച്ചെയ്തു. യാചകൻ അതുകേട്ടു ഭദ്രഗിരിയുടെ അടുക്കയെത്തി, പട്ടണത്തുസ്വാമികൾ പറഞ്ഞ വാക്കുകളെ അറിയിച്ചു. അതുകേട്ടു്—

അഹോ! ഈ ഇരപ്പോട്ടും നായിക്കുട്ടിയുമാണോ എന്നെ സംസാരിയാക്കിയതു് എന്നു വൈരാഗ്യത്തോടെ പറഞ്ഞുകൊണ്ടു് ഓടെടുത്തു്, നായിരുന്ന ദിക്കിലേക്കു് ഒരേറുകൊടുത്തു. ഓടു നായുടെ തലയിൽതന്നെ ചെന്നുകൊണ്ടു് തകർന്നു ചിതറിവീണു് നായ്ക്കുട്ടി മരിച്ചുപോകയും ചെയ്തു. മായാരൂപിയായ യാചകനെപ്പിന്നെക്കണ്ടില്ല.

തന്നെ സംസാരിയാക്കിയ സാധനങ്ങൾ രണ്ടും തുലഞ്ഞുപോകയാൽ സന്തുഷ്ടനായ ഭദ്രഗിരി, ശിവസ്തോത്രപരങ്ങളായ പല വിരുത്തങ്ങളും തമിഴ്ഭാഷയിൽ ഉണ്ടാക്കിപ്പാടിക്കൊണ്ടും ഇടയ്ക്കിടെ സമാധിസ്ഥനായിരുന്നു

സന്തുഷ്ടിയെ പ്രാപിച്ചും ദിവസം നയിച്ചുവരവേ, ഓടേറുകൊണ്ടു മരിച്ച നായ് കുട്ടി കാശിരാജന്റെ മകളായി ജനിച്ചുവളൎന്നുവന്നു. രൂപവതിയും സുശീലയുമായ മകളെക്കണ്ടു രാജാവു ആനന്ദതുന്ദിലനായിത്തീൎന്നു. യൌവനാരംഭമായപ്പോൾ പുരോഹിതന്മാരെവിളിച്ച് പുത്രിക്കനുരൂപനായ ഒരു വരനെ അന്വേഷിക്കണമെന്നു രാജാവ് കല്പിച്ചു. രാജകന്യക, ആ സംഗതിയറിഞ്ഞയുടനേ പിതാവിനെ വന്ദിച്ച്—"അപ്പാ ഞാൻ ഒരു പുരുഷനു തക്കവളല്ല. തിരുവിടൈമരുതൂരിൽ മേക്കേ ഗോപുരവാതുക്കൽ എഴുന്നള്ളിയിരിക്കുന്നഎന്റെ ഗുരുസ്വാമിയുടെ അടുക്കൽ എന്നെക്കൊണ്ടാക്കണം" എന്നറിയിച്ചു. അത്ഭുതകരമായ ഈ നിവേദനംകേട്ടു രാജാവു പുത്രിയോടുകൂടി തിരുവിടൈ മരുതൂരിൽ എത്തി ഭദ്രഗിരിസ്വാമികളുടെ മുമ്പിൽ ചെന്നു വന്ദിച്ചുനിന്നു. സമാധിവിരതനായ സ്വാമികൾ രാജകന്യകയെ കണ്ടമാത്രയിൽതന്നെ പൂൎവ്വജന്മവൃത്താന്തങ്ങളൊക്കെ മനസ്സിലാക്കി അനന്താപത്തോടുകൂടി എഴുന്നേറ്റുചെന്ന് രാജകന്യകയുടെ കൈക്കുപിടിച്ചുകൊണ്ടു പട്ടണത്തുസ്വാമികളുടെ സന്നിധാനത്തിലെത്തി:—"സ്വാമിൻ, നിന്തിരുവടിയുടെ ഉച്ഛിഷ്ടമുണ്ടു നായ്ക്കു ഇനിയും ജനനദുഃഖമുണ്ടാകാമോ! എന്നു ചോദിച്ചു.

സ്വാമികൾ അതുകേട്ടു:—"എല്ലാം അവന്റെ ചെയ്തി അല്ലാതെ യാതൊന്നുമില്ല" എന്നരുളിച്ചെയ്തു. അപ്പോൾ ഒരു മഹത്തായ തേജോവിശേഷം അവിടെ പ്രകാശിച്ചതിനുള്ളിൽ ഭദ്രഗിരിസ്വാമികളും രാജകന്യകയും മറഞ്ഞു, ആ തേജസ്സും അന്തരീക്ഷത്തിൽ ലയിച്ചു.

ഭദ്രഗിരിസ്വാമികളുടെ ചരിത്രസംഗ്രഹം സമാപ്തം.

ഭദ്രഗിരിയാർ—തിരുവായ്മലരന്തരുളിയ ജ്ഞാനവിരുത്തങ്ങൾ (കാപ്പ്)

മുത്തിതരുംവേദമൊഴിന്തപുലമ്പൽശൊല്ല
അത്തിമുകവന്റൻ അരുൾപെറുവതെക്കാലം.

അ—സൎവ്വജീവരാശികൾക്കും മോക്ഷമാൎഗ്ഗത്തെ ഇടവിടാതെ ഉപദേശിച്ചുകൊണ്ടിരിക്കുന്ന വേദസാരത്തെ അനുസരിച്ച്, ഞാൻ മെയ്ജ്ഞാനവിരുത്തങ്ങൾ എന്നു പേരോടുകൂടിയ ഒരു അപൂൎവ്വസ്തോത്രമാല നിൎമ്മിക്കുന്നതിനു ഗജമുഖനായ വിഘ്നേശ്വരസ്വാമിയുടെ അനുഗ്രഹം എനിക്കു ഏതുകാലത്തു സാധിക്കും? (എപ്പോൾ ലഭിക്കും? എന്നഭിപ്രായം. വിഘ്നേശ്വരകടാക്ഷം ലഭിച്ചാൽ സ്തോത്രമാല നിൎവ്വിഘ്നമായി നിറവേറുമെന്നഭിപ്രായം.

ആങ്കാരമുമടക്കിയൈമ്പുലനെച്ചുട്ടറുത്തു
തൂങ്കാമൽതൂങ്കിച്ചുകംപെറുവതെക്കാലം.

അ—ഞാൻ എൻെറ സഹജമായ പ്രാരബ്ധശേഷത്താൽ പ്രാപ്തമായിരിക്കുന്ന അഹംകാരത്തെ ഉള്ളിലടക്കിയും പഞ്ചേന്ദ്രിയങ്ങളെ നിശ്ശേഷം ചുട്ടെരിച്ചും ജാഗ്രൽസുഷുപ്ത്യവസ്ഥയിൽ ലയിച്ച് അദ്വൈതാനന്ദസുഖത്തെയനുഭവിക്കുന്നത് ഏതു കാലമോ? അറിഞ്ഞില്ല.

നീങ്കാച്ചിവയോഗനിത്തിരൈക്കൊണ്ടേയിരുന്തു
തേങ്കാക്കരുണൈ വെള്ളന്തേക്കുവതുമെക്കാലം?

അ—ഏതുകാലത്തും ഒരിക്കലും വേർപെട്ടിരിക്കാതവണ്ണം ശിവയോഗസമാധിയിലിരുന്ന്, അതുമൂലം ഊറിപ്പെരുകുന്ന അദ്വൈതാനന്ദാമൃതരസത്തിൽ ഞാൻ മുഴുകുന്നതെന്നോ.

തേങ്കാക്കരുണൈവെള്ളന്തേക്കിയിരുന്തുൺപത്തുക്ക
വാങ്കാമൽവിട്ടകുറൈവന്തടുപ്പതെക്കാലം.

അ—മേൽപറഞ്ഞ ആനന്ദാമൃതരസം മേൽക്കുമേൽ പെരുകിവരുമ്പോൾ അതനുഭവിച്ച്, സുഖിച്ചിരിക്കുന്നതിനുള്ള ഭാഗ്യക്കേട്, മുതലായ കുറവുകൾ എനിക്കു എന്നു നീങ്ങിക്കിട്ടുമോ അറിഞ്ഞില്ല. അങ്ങനെ വിട്ടുപോയ ഭാഗ്യം വീണ്ടുകിട്ടുന്നപക്ഷമേ മേൽപറഞ്ഞ ആനന്ദാനുഭൂതിയെനിക്കു സംഭവിക്കയുള്ളൂ.

ഓയാക്കവലൈയിനാലുള്ളുടൈന്തുവാടാമൽ
മായാപ്പിറവിമയക്കറുപ്പതെക്കാലം.

അ—ഏതുകാലത്തും ഒഴിയാത്ത ദുഃഖംഹേതുവായി മനസ്സു ദുഃഖിച്ചു ക്ഷീണിക്കാതെയിരിക്കുന്നതിനായി, തുടരെ എന്നെ ബാധിച്ചുകൊണ്ടിരിക്കുന്ന ജന്മക്കടൽ എന്നു വാറുമോ ആവോ?

മായാപ്പിറവിമയക്കത്തൈ ഊടറുത്തു
കായാപുരിക്കോട്ടൈക്കൈക്കൊൾവതെക്കാലം.

അ—അസത്യമായ ഈ ജനനസാഗരത്തെ ഒഴിച്ചു്, ദേഹമാകുന്ന കോട്ടയെ ജയിച്ചു സ്വാധീനപ്പെടുത്തുന്നതു് ഏതു കാലത്തോ ആവോ? യോഗസിദ്ധിയടയുന്നതു് ഏതുകാലത്തോ എന്നു ഭാവം.

കായാപുരിക്കോട്ടൈക്കൈവശമായ്ക്കൊൾവതുക്ക
മായാവനുപൂതിവന്തടുപ്പതെക്കാലം.

അ—മേൽപറഞ്ഞ കായസിദ്ധിയെ അടയുന്നതിനായി ഒരിക്കലും അഴിവില്ലാത്ത ശിവാനുഭൂതി സ്വാധീനപ്പെടേണ്ടതാവശ്യമാകയാൽ അതു കൈക്കൂടുന്നതു ഏതുകാലത്തിലോ? അറിഞ്ഞില്ല.

ചേയായ്ച്ചമൈന്തുചെവിടുമൈപോററിരുന്തു
പേയ്പ്പോലിരുന്തുമ്പാറമൈകൊൾവതെക്കാലം

അ—ഞാൻ ഒരു ശിശുവായി ജനിച്ച്, ചെകിടനെപ്പോലെയും ഊമയെപ്പോലെയും പിശാചിനെപ്പോലെയും കഷ്ടപ്പെട്ടുലഞ്ഞു് നിന്തിരുവടിയുടെ ശിവാനന്ദാനുഭൂതിയടയുന്നതേതുകാലത്തോ? ശൈശവദുഃഖാദികളൊക്കെ സഹിച്ചു വളൎന്നുവന്നിട്ടു എത്രയും കാലംകൊണ്ടാണ് ഇനിയൊരുജന്മത്തിൽ അതിന് സംഗതി വരുന്നെങ്കിൽ വരുന്നതു്? എന്നു ഭാവം.

പേയ്പ്പോററിരിന്തുപിണംപേൽകിടന്തുപെണ്ണൈ
ത്തായ്പ്പോൽനിനൈന്തുതവമുടിപ്പതെക്കാലം.

അ—കേവലം ഭ്രാന്തനെപ്പോലെ അലഞ്ഞുംതിരിഞ്ഞും ശവം എന്നപോലെ അനക്കമില്ലാതെ (ധ്യാനത്തിൽ) ഇരുന്നും സ്ത്രീകളെ അമ്മമാരെപ്പോലെ നിനച്ചും മുക്തിപദത്തെ പ്രാപിക്കത്തക്ക തപസ്സുചെയ്യുന്നതിനു എനിക്കു എപ്പോഴും സാധിക്കുമോ? ആവോ.

കാൽകാട്ടികൈകാട്ടിക്കൺകൾമുകംകാട്ടി
മാൽകാട്ടുമങ്കൈയരൈമറന്തിരുപ്പതെക്കാലം

അ—കാൽ, കൈ, കണ്ണു്, മുഖം, ഇവയെ വിശേഷവിധിയായി കാണിച്ച്, കൌശലത്തിൽ മനസ്സിനെ മയക്കുന്ന സ്ത്രീകളെ മറന്നു്, ഞാൻ ഈ ലോകത്തിൽ ഇരിക്കുന്നതു ഏതുകാലത്താണോ?

പെണ്ണിനല്ലാരാശൈപ്പിറമതനൈവിട്ടൊഴിന്തു
കണ്ണിരണ്ടുംമൂടിക്കലൎന്തിരുപ്പതെക്കാലം.

അ—ഞാൻ പെണ്ണാശ തീരെ വിട്ടു്, രണ്ടുകണ്ണുകളും അടച്ചു്, ജീവാത്മാവിനെ പരമാത്മാവിൽ കലൎത്തി വേറല്ലാത്ത (അദ്വൈത) നിലയിൽ വയ്ക്കുന്ന അപൂൎവ്വതപസ്സുചെയ്വാൻ ഇടയാകുന്നതേതു കാലത്താണോ?

വെട്ടുണ്ടപുൺപോൽവിരിന്തവൽക്കുൾപൈതനിലേ
തട്ടുണ്ടുനിൽകൈതവിർവതുവുമെക്കാലം

അ—പരമേശ! വെട്ടുകൊണ്ടു വ്രണപ്പെട്ട പുണ്ണുപോലെ പിളൎന്നിരിക്കുന്ന സ്ത്രീകളുടെ അരക്കെട്ടുകുഴിയിൽ തട്ടിമറിഞ്ഞു വീഴുക എന്ന സങ്കടാവസ്ഥയിൽ നിന്നും എനിക്കു മോചനം സിദ്ധിക്കുന്ന കാലമേതോ!—അറിയുന്നില്ല.

ആറാതപുണ്ണിലഴന്തിക്കിടവാമൽ
തേവരതചിന്തൈതന്നൈത്തേറുവതുമെക്കാലം.

അ—ഒരിക്കലും കരിയാത്ത പുണ്ണായ മായക്കഴിയിൽ മുങ്ങിക്കിടക്കാതെ ഞാൻ അതിൽനിന്നും പിൻവാങ്ങാതെ നിൽക്കുന്ന എൻെറ മനസ്സിനെ മോചിപ്പിക്കുന്നതേതുകാലത്തോ?

തന്തൈതായ്മക്കൾസഹോദരരും പൊയ്യെനവേ
ചിന്തൈതന്നിൽ കണ്ടുതിരുക്കറുപ്പതെക്കാലം.

അ—മനമേ, ഞാൻ അച്ഛൻ, അമ്മ, മക്കൾ, കൂടപ്പിറവികൾ മുതലായവരാരും നമുക്കു സഹായികളല്ലെന്നു മനസ്സിലാക്കി പരമേശൻെറ പാദപത്മങ്ങൾതന്നെ എപ്പോഴും സഹായമെന്നറിഞ്ഞു് ആ പദങ്ങളെ ധ്യാനിച്ചിരിക്കാൻ എനിക്കു സംഗതിയാകുന്നതേതുകാലത്തോ?

മന്നുയിരെക്കൊൻറുവതൈത്തുണ്ടുഴലാമൽ
തന്നുയിർപോലെണ്ണിത്തപമുടിപ്പതെക്കാലം?

അ—മനമേ ഞാൻ ജീവജന്തുക്കളെ കൊന്നതിന്നു് അതിനാൽ പാപം വദ്ധിച്ചു് ദുഃഖിച്ചുവലയാതെ അവററിൻെറ ജീവിതം നമ്മുടേതുപോലെയാണെന്നുള്ള ഭൂതദയയോടും സമഭാവനയോടുംകൂടി പരമശിവഭജനം നിവ്ഹിക്കുന്നതേതുകാലത്തിലൊ അറിഞ്ഞില്ല.

പാപിയെൻേറപേർപടൈത്തുപാഴ്നരകിൽവീഴാമൽ
ആവിനിൻറചൂത്തിരത്തൈവറിവതിനിയെക്കാലം.

അ—ഞാൻ ലോകത്തിൽ പാപിയെന്ന പേർ സമ്പാദിച്ചു നരകക്കുഴിയിൽ വീഴാതെ ജീവാത്മാവിനെ പരിശുദ്ധമാക്കി വയ്ക്കുന്നതിനുള്ള കൌശലത്തെ ഏതുകാലത്തറിയുന്നോ?

ഉളിയിട്ടകല്ലുമുരുപ്പിടിത്തചെഞ്ചാന്തും
പുളിയിട്ടചെമ്പുപോൽപൊരുളാവതെക്കാലം.

അ—ഞാൻ ഉളികൊണ്ടു ചെത്തി മിനുസമാക്കപ്പെട്ട കല്ലുപോലെയും രൂപംകൊത്തി മിനുസമാക്കിയ ചന്ദനമരംപോലെയും പുളിപുരട്ടി ക്ലാവുകളഞ്ഞ ചെമ്പുപോലെയും വിശുദ്ധിയേയും ഉപയോഗയോഗ്യതയേയും സമ്പാദിക്കുന്നതു ഏതുകാലത്തോ?

വേടിക്കയ്യുഞ്ചൊക്കചുമെയ്യകിട്ടുംപൊയ്പ്പകിട്ടും
വാടിക്കയ്യെല്ലാംമറന്തിരുപ്പതെക്കാലം.

അ—മനമേ ഞാൻ ഏതുകാലത്തിൽ വേഷാഡംബരങ്ങളും നേരംപോക്ക പറച്ചിലുകളും ദേഹം അഴകാക്കിവയ്ക്കൽ മുതലായ അബദ്ധപരിശീലനങ്ങളെ ഉപേക്ഷിച്ച് മൌനനിഷ്ഠനായി ഇരിക്കാൻ സംഗതിയാകുമോ?" അറിഞ്ഞില്ല.

പട്ടുടൈയുമൊപ്പനൈയും പാപനൈയുന്തീവിനൈയും
വിട്ടുവിട്ടുൻപാതംവിരുമ്പുവതുമെക്കാലം

അ—പരമേശ! ഞാൻ ധരിക്കുന്ന പട്ടാടകളും പ്രഭാവചിഹ്നങ്ങളും ദണ്ഡനം മുതലായ പാപകർമ്മങ്ങളും അലങ്കാരങ്ങളുമൊക്കെ ഉപേക്ഷിച്ചു നിന്റെ തിരുവടികളിൽ ചേരുന്ന കാലം ഏതോ?—അറിഞ്ഞില്ല.

രാജകീയാലംകാരങ്ങളും അധികാരശക്തികളും ഞാൻ ഉപേക്ഷിച്ചുവെങ്കിലും മേൽക്കാലം അതിൽ അല്പംപോലും ആസക്തിയുണ്ടാകാതെ ജ്ഞാനനിഷ്ഠനായി മുക്തിപദത്തെ പ്രാപിക്കുന്നതെപ്പോൾ? എന്നർത്ഥം.

ആമൈയെവരുമാറ്കണ്ടെന്തചെയ്യാൽപോൽ
ഊമൈയുരുക്കൊണ്ടൊടുങ്കുവതുമെക്കാലം.

അ—സമീപത്ത് ആളുകൾ ചെല്ലുമ്പോൾ ആമ, തന്റെ കഴുത്തും കാൽകൈകളും അകത്തേക്കടക്കിയിരുന്നുകളയുന്നു അതുപോലെ ഞാനും മൌനിയായി സമീപസ്ഥന്മാരോടു സംസാരിക്കാനും മറവും ശ്രദ്ധയില്ലാത്തവനായിരിക്കുന്നതിനു സംഗതിവരുന്നതു ഏതുകാലത്തോ?

തണ്ടികയുഞ്ചൊവിടിയുഞ്ചാലിക്കൈവമാലിക്കൈയു-
കണ്ടുകളിക്കുങ്കരുത്തൊടിവതെക്കാലം.

അ—ഞാൻ പല്ലക്ക് സത്രം പട്ടുവസ്ത്രം മാളിക മുതലായവ കണ്ട് സന്തോഷത്തോടുകൂടിയാണ് ഇതുവരെ ഇരുന്നതു്. ആ സന്തോഷത്തെ കൈവിട്ടു ആത്മജ്ഞാനത്തിൽ പ്രവർത്തിക്കുന്നതേതുകാലത്തോ?

അത്തനിരുപ്പിടത്തൈത്തേരായ്ന്തുപാർത്തുനിത-
ഞ്ചിത്തമവാമ്പോതിരിവതിനിയെക്കാലം?

അ—മനമേ, ഞാൻ ദിവസംതോറും പരമശിവൻ എഴുന്നരുളുന്ന സ്ഥലം അന്വേഷിച്ചു പോയിക്കണ്ടു രാഗദ്വേഷാദികൾ വെടിഞ്ഞ് ശാന്തഹൃദയനായി മൌനിയായി സഞ്ചരിക്കുന്നതു് ഏതുകാലത്താണോ? അറിഞ്ഞില്ല.

ഒഴിന്തരുമൈത്തിനൈവത്തുള്ളേലുമ്പുവെള്ളേലുമ്പു
കഴിന്തപിണംപോലിരുന്തുകാൺപതിനിയെക്കാലം?

അ—പാപസ്പർശംപോലുമില്ലാത്ത ധൎമ്മങ്ങളെ ചെയ്തു് ഉള്ളിലെ എല്ലുകൾ വെള്ളെല്ലുകളായിത്തീരുന്ന ശവംപോലെ നിൎവ്വികാരനായി വസിക്കുന്നതേതുകാലത്തോ?

ഇന്ദ്രിയങ്ങളുടെ വ്യാപാരശക്തിയെ നിരോധിച്ചു നിത്യശാന്തനായി ജീവിക്കാൻ സാധിക്കുമെങ്കിൽ അതു മോക്ഷസാധനമാണെന്നഭിപ്രായം.
അതിനെനിക്കു സംഗതിയാകണമെന്നു ഭാവം.

അല്പസുഖമറിന്തേയറിവൈമറിവാലറിന്തു
കൊപ്പത്തിൽവാഴ്ന്തുകൊണ്ടുകോളറപ്പതെക്കാലം

അ—മനമേ, ഈ ലോകജീവിതത്തിലുള്ള അല്പസുഖത്തെ മറന്നു് നിത്യസുഖപ്രദനായ പരമശിവനെ ജ്ഞാനദൃഷ്ടികൊണ്ടു കണ്ടു് അജ്ഞാനശക്തിയെ അടക്കി നശിപ്പിച്ചിരിക്കുന്നതേതുകാലത്തോ? അറിഞ്ഞുകൂടാ.

കരുപ്പുട്ടത്തിഎന്നൈയമൻറകെപ്പടിത്തുകൊള്ളാമുൻ
ഉരുപ്പുട്ടത്തിയാളഉടൽഇട്ടുവതെക്കാലം?

അ—മനമേ, എന്നെ ജനിപ്പിച്ചതിൽ പിന്നെ കാലൻ കൊണ്ടുപോകുന്നതിനകം—അതായതു്, ജനനത്തിനുശേഷം മരണത്തിനകം—ശിവസാമ്രാജ്യത്തെ പ്രാപിച്ചു്, അവനോടു ഐക്യപ്പെടുന്നതു ഏതുകാലത്തോ?

തുണ്ടുവിളക്കണൈയത്തൊടന്തിരുൾമുൻചൂഴന്താൽപോൽ
കണ്ടുഴൈത്തുവന്തവതൈതെരിവതെക്കാലം.

അ—കത്തി എരിഞ്ഞുകൊണ്ടിരിക്കുന്ന വിളക്കണയുമ്പോൾ ഇരുൾ വന്നു വ്യാപിക്കുന്നതുപോലെ ജീവൻ ദേഹത്തിൽനിന്നു വേർപെട്ടാൽ ആത്മചൈതന്യം അന്ധപ്രായമായിത്തീരുന്നതായിട്ടാണു നമുക്കനുഭവം. (അതിനാൽ പൂൎവ്വജന്മസ്മരണ നമുക്കുണ്ടാകുന്നില്ല എന്നു ഭാവം.) അപ്രകാരമുണ്ടാകുന്ന ജനനമരണങ്ങളുടെ, അതായതു് ജനിച്ചും മരിച്ചും വീണ്ടും ജനിച്ചും വന്നതിൻെറ വഴി അറിവാൻ എനിക്കു് ഏതുകാലത്തു സംഗതിയാകുമോ ആവോ.

തുരിയിനിൻമീൻപോൽചുഴൻറമനംവാടാമൽ
ആരിയനൈത്തേടിഅടിപണിവതെക്കാലം?

അ—മനമേ! ഞാൻ ചൂണ്ടലിൽ അകപ്പെട്ടു വലയുന്ന മത്സ്യത്തെപ്പോലെ മനസ്സു് ദുഃഖിക്കാതെ, ഗുരുനാഥനെ അന്വേഷിച്ചു് അദ്ദേഹത്തിൻെറ തിരുവടികളിൽ വന്ദിച്ചു നമസ്കരിക്കുന്നതു ഏതു കാലത്തോ?

എണ്ണുറുകമിരുന്തു എയ്ക്കാതവീടുവെറ
വെണ്ണീറുപൂശിവിളങ്കുവതുമെക്കാലം.

അ—മനമേ! നാം എണ്ണുരയുഗങ്ങളിൽ വൃഥാ ജീവിതത്തെ നയിച്ചാലും (ജ്ഞാനമാൎഗ്ഗങ്ങളന്വേഷിക്കാതെ എത്രയോകോടി ജന്മങ്ങൾ ജനിച്ചാലും എന്നൎത്ഥം.) ലഭിക്കാത്ത മോക്ഷപദം സിദ്ധിക്കുന്നതിനായി ഭസ്മധാരിയായിരിക്കാൻ ഭാഗ്യമുണ്ടാകുന്നതേതുകാലത്തോ? ഭസ്മധാരണം ശിവഭക്തിയുടെ ചിഹ്നവും പാപനാശനവുമാകയാൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു.

അവ്വേടംപൂണ്ടിങ്കലൈന്തുതിരിയാമൽ
ശിവവേടംപൂണ്ടുചിറന്തിരുപ്പതെക്കാലം.

അ—മനമേ, ഞാൻ ഓരോരോ പാഴവേഷങ്ങളെ ധരിച്ചുകൊണ്ടു് ഇവിടെ വൃഥാ അലഞ്ഞുതിരിയാതെ ശിവവേഷധാരിയായി ആനന്ദത്തിൽ മുഴുകിയിരിക്കുന്നതേതുകാലത്തോ? അറിഞ്ഞില്ല.

അണ്ടരുക്കാകനഞ്ചരുന്തി അമ്പലത്തിലാട്ടുശിവൻ
തൊണ്ടരുക്കുത്തൊണ്ടനെനത്തൊണ്ടുചെയ്യതെക്കാലം.

അ—മനമേ, ദേവന്മാൎക്കുവേണ്ടി ഹാലാഹലവിഷത്തെ ഭക്ഷിച്ചു, ചിദംബരത്തിൽ നൃത്തംചെയ്യുന്ന പരമശിവനെ ഞാൻ സ്തുതിക്കുന്നതു് ഏതുകാലത്തിലോ? അറിഞ്ഞില്ല.

പൻറിവടിവെടുത്തുപാരിടന്തുമാൽകാണാ—
ക്കുൻറിൽവിളക്കൊളിയൈപ്പുവതുമെക്കാലം?

അ—മനമേ, മഹാവിഷ്ണു വരാഹരൂപമെടുത്തു്, അന്വേഷിച്ചിട്ടും കാണപ്പെടാത്ത ജ്യോതിൎമ്മയനായ പരമശിവനെ സ്തുതിക്കുന്നതു് ഏതുകാലത്തിലോ?

അവനെ സ്തുതിച്ചാൽമതി ഇഷ്ടമായ മോക്ഷം ലഭിക്കുമെന്നൎത്ഥം.

തിത്തിക്കുംതെള്ളമുതൈസിദ്ധാന്തത്തുൾപ്പൊരുളൈ
മുത്തിക്കുവിത്തൈമുതനിനൈപ്പതെക്കാലം?

അ—മനമേ, മധുരരസത്തെത്തരുന്ന അമൃതും, സിദ്ധാന്തദശയിൽ സ്ഥാപിതമായ ആന്തരപ്പൊരുളും മോക്ഷഹേതുവുമായ നാഥനെ ഞാൻ സ്തുതിക്കുന്നതേതുകാലത്തൊ?

വേതാന്തവേതമെല്ലാംവിട്ടൊഴിന്തേനിഷ്ഠൈയിലേ
ഏകാന്തമാകവിരുപ്പതിനിയെക്കാലം.

അ—മനമേ, ഞാൻ വാക്കാൽ മാത്രം വേദാന്തസാരങ്ങൾ പറഞ്ഞു നടക്കുന്ന പാഴവേലയെ വിട്ടു് ജ്ഞാനനിഷ്ഠയോടുകൂടി തനിച്ചിരിക്കുന്നതേതുകാലത്തോ—അറിഞ്ഞുകൂടാ.

മററിടത്തെത്തേടിയെൻറൻവാഴ്നാളെപ്പോക്കാമൽ
ഉററിടത്തെത്തേടിയുറങ്കുവതുമെക്കാലം.

അ—ഞാൻ നിഷ്ഫലങ്ങളായ മററുസ്ഥലങ്ങളെ അന്വേഷിച്ച് എൻെറ ജീവിതത്തെ പഴതേകളയാതെ പരമശിവനോടു ഐക്യം ലഭിക്കുന്നതിനു തക്ക സ്ഥലമന്വേഷിച്ചറിഞ്ഞു് അവിടെ ശിവയോഗനിദ്രയിൽ ലയിച്ചിരിക്കുന്നതു ഏതുകാലത്തോ?

ഇൻറുള്ളോർനാളെയിരിപ്പതുവുംപൊയ്യെനവേ
മൻറുള്ളോർചൊല്ലുംവകൈയറിവതെക്കാലം.

അ—ഇന്നു ജീവിച്ചിരിക്കുന്നവർ നാളെയും ഇരിക്കുമെന്നു നിശ്ചയമില്ല, എന്നു തത്വജ്ഞാനികളായ മഹാന്മാർ പറയാറുള്ള വാക്കിൻെറ സത്യസ്ഥിതി ഞാൻ അറിയുന്നതേതുകാലത്തോ?

ജീവിതം വെള്ളത്തിലെ കുമിളപോലെ അസ്ഥിരമാണെന്നുള്ള വസ്തുസ്ഥിതി ഞാൻ അറിയാറാകുന്നതെന്നാണ്? അതുംപ്രകാരമുള്ള പരമാത്മജ്ഞാനം എനിക്കു ലഭിക്കുന്നതെന്നാണ്? എന്നഭിപ്രായം.

കഞ്ചാവപിനിയുടൻകള്ളുണ്ടുവാടാമൽ
പഞ്ചാവമൃതംപരുകുവതുമെക്കാലം.

അ—ഞാൻ കഞ്ചാവു കള്ളു കറുപ്പു മുതലായ ലഹരിവസ്തുക്കളെ ഉപയോഗിച്ച് അതിനാൽ മതിമറന്നുപോകാതെ സമാധിയോഗത്തിൽ അനുഭവപ്പെടുന്ന ചന്ദ്രമണ്ഡലത്തിൽനിന്നു വരുന്ന പഞ്ചാമൃതത്തെക്കുടിച്ചു സുഖിച്ചിരിക്കുന്നതേതു കാലത്തോ?

ചെഞ്ചലത്തിനാൽതിരണ്ടജനനമോക്ഷംപെറവേ
ചെഞ്ചലത്തെവിട്ടടൻചരണത്തെവതെക്കാലം.

അ—അല്ലയോ പരമേശ! ഞാൻ, അമ്മയുടെ ഗർഭപാത്രത്തിലെ രക്തം പുരണ്ട ജനനത്തിൽനിന്നും മുക്തനായി മോക്ഷം ലഭിക്കുന്നതിനു വേണ്ടി നിന്തിരുവടികളിൽ ചേരുന്നതേതുകാലത്തോ—അറിഞ്ഞുകൂടാ.

കുമ്പിക്കിരൈതേടിക്കൊട്ടപ്പാരിടതോറും
നമ്പിത്തിരികൈതട്ടപ്പതിനിയെക്കാലം.

അ—ഞാൻ എൻെറ വയററിനു ഭക്ഷണംതേടി ദ്രവ്യം തരുന്നതാരു് എന്നന്വേഷിച്ച് പോകുന്ന തൊഴിൽ നീക്കുന്നതേതുകാലത്തോ അറിഞ്ഞുകൂടാ.

ആട്ടുകിൻറചൂത്തിരംതാനറുമള ചൂമേതിരിന്തു
പോട്ടുകിൻറനാൾവരുമുൻപോററുവതുമെക്കാലം?

അ—ചലിച്ചുകൊണ്ടിരിക്കുന്ന ഈ ശരീരം ക്ഷീണിക്കുന്നതുവരെ വെറുതേ അലഞ്ഞു്, മരിക്കുന്നതിനിടയ്ക്കു് ഹേ പരമേശ! നിന്നെ സ്തുതിചെയ്യുന്നതു്, ഏതുകാലത്തോ? അറിഞ്ഞുകൂടാ!

നവച്ചൂത്തിരംപോട്ടനാനല നിയെൻറിരുന്ത
ശിവസൂത്തിരത്തൈത്തെരിന്തറിവതെക്കാലം?

അ—ഒൻപതു സൂത്രങ്ങളേയും തങ്കൽ സമപ്പിച്ചു നോക്കുന്നവക്ക് ആപൊരുൾ "ആത്മതത്വം-അഥവാ, ദൈവം" ഞാനല്ല നീയാണു് എന്നു് പറയുമാറു് വരുന്ന പരമശിവൻെറ സൂത്രത്തെ ഞാൻ അറിയുന്നതേതുകാലത്തോ?

മറന്തുമലശലങ്കൾപായും പുഴുക്കൂട്ടൈവിട്ടു
കരന്തുനടിയിണൈക്കീഴ്കലന്തുനിൽപ്പതെക്കാലം?

അ—തന്നത്താനറിയാതെയും മലജലങ്ങൾ ഒഴുകി മരണത്തെ പ്രാപിക്കുന്ന ഈ ശരീരത്തെ വിട്ടു് ഭക്തിപൂർവ്വം നിൻെറ തൃക്കാലിണയോടു ചേൎന്നു വസിക്കുന്നതിനു എനിക്കു സംഗതിവരുന്നതേതുകാലത്തോ?

ഇമ്മൈതനിൽപാതകനായിരുവിനൈക്കീടായെടുത്ത
പൊയ്മൈതനിൻപോട്ടെന്നപ്പോററിനിൽപതെ-
(ക്കാലം?

അ—ഈ ജന്മത്തിൽ ഞാൻ അനേകം ദുഷ്കൃതങ്ങൾ ചെയ്തു പാപിയായിത്തീൎന്നിരിക്കകൊണ്ടു പുണ്യപാപസംബന്ധത്താൽ എടുത്ത ഈ ശരീരത്തെ വിട്ടു് അങ്ങേ സ്തുതിച്ചാരാധിക്കുന്നതിനു് എനിക്കു് ഏതുകാലത്തു സംഗതിവരുമോ? അറിഞ്ഞില്ല.

ഉപ്പിട്ടപാണ്ടമുടൈചെന്നുകരൈകൊള്ളുമുന്നേ
അപ്പിട്ടവേണിയനുക്കാളപ്പെടുവതെക്കാലം?

അ—മനമേ, ഞാൻ ഈശരീരത്തെവിട്ടു വേറൊരു ശരീരം എടുക്കാൻ വരുന്നതിനുമുമ്പു് ഗംഗാധരനായ പരമശിവൻെറ തൃക്കാല്ക്കൽക്കു് അടിമപ്പെടുന്നതേതുകാലത്തോ?—അറിഞ്ഞുകൂടാ.

ചേവൈപുരിന്തശിവരൂപകാക്ഷികണ്ടു
പാവൈതനൈക്കഴിത്തുപരമടവതെക്കാലം

അ—പരമശിവനെ ദർശിച്ചു്, അവൻെറ പരമാൎത്ഥരൂപത്തെ ജ്ഞാനദൃഷ്ടിയാൽ കണ്ടറിഞ്ഞു സ്ത്രീസംബന്ധമായ ആശാദികളെ തീരെ നശിപ്പിച്ചു് ഞാൻ പരമപദത്തെ പ്രാപിക്കുന്നതേതുകാലത്തോ?

കാണ്ടത്തെവാങ്കിക്കരുമേകമീണ്ടതുപോൽ
പൊണ്ടത്തെനീക്കിവരമിടെവതെക്കാലം.

അ—താൻ കടംവാങ്ങിച്ചുമന്നുകൊണ്ടുനടക്കുന്ന വെള്ളമാകുന്ന ശരീരത്തെ നിഷ്പ്രയാസമായി താഴോട്ടുതള്ളിക്കളഞ്ഞുംവച്ചു് കാർമേഘമുക്തമായ അന്തരീക്ഷത്തിൽ ലയിക്കുന്നതുപോലെ പ്രാരബ്ധശേഷത്താൽ ഉരുക്കൂട്ടിയ ഈ ശരീരത്തെ തള്ളി പരമപദമടയുന്നതിന്നു് എനിക്കു ഏതുകാലത്തു സംഗതിവരുമോ ആവോ?

മോറവുത്തുരുത്തിതന്നെച്ചുമന്തലെന്തുവാടാമൽ
ഊത്തെച്ചുടംപോട്ടുന്നെയടെവതെക്കാലം.

അ—പരമേശ! ഞാൻ ചോരനിറയ്ക്കുന്ന ഈ തുരുത്തിയെ ചുമന്നുകൊണ്ടു നടന്നു ദുഃഖിക്കാതെ ഇതിനെ അങ്ങനെതന്നെ തള്ളീട്ടു് ഉപേക്ഷിച്ചു്, നിൻെറ തിരുവടികളിൽ ചേരാൻ സാധിക്കുന്നതേതുകാലത്തോ?

തൊടക്കൈച്ചുതമെനവേചുമന്തലെന്തുവാടാമൽ
ഉടക്കൈച്ചെഴററിളനൈയറിവതെക്കാലം.

അ—ഞാൻ എടുത്തിരിക്കുന്ന ഈ ശരീരത്തെ സത്യമെന്നഭിമാനിച്ചു് ജീവിതത്തെ വൃഥാ നയിക്കാതെ ഇതിനെ കൈവിട്ടു് ഹേ! പരമേശ! നിന്നെ ഏതുകാലത്തിൽ ചേരാൻ ഇടയാകുമോ? അറിയുന്നില്ല.

ആശൈവലെപ്പാശത്തകപ്പെട്ടുമായാമൽ
ഓശൈമണിതീപത്തിലൊൻറിനില്പതെക്കാലം?

അ—മനമേ, ഞാൻ ആശയെന്ന കൊടിയപാശത്തിൽ അകപ്പെട്ടു നശിക്കാതെ നാദതത്വത്തിലുണ്ടാകുന്ന പ്രകാശമാനമായ ജ്യോതിസ്സിൽ ലയിച്ചു് അതേരൂപമാകുന്നതേതുകാലത്തോ?

ക്രുരറിയനാൽവേടംക്രൂപ്പിട്ടുംകാണാത
പാരരകസിയത്തെപ്പാത്തിരിപ്പതെക്കാലം?

അ—വാക്കിനു വിഷയമല്ലാതവണ്ണം ദിവ്യങ്ങളായ വേദങ്ങൾനാലും പലനാളായി അന്വേഷിച്ചിട്ടും കാണപ്പെടാത്ത പരമരഹസ്യമായ പരമാത്മതത്വത്തെ ഞാൻ ഏതുകാലത്തുകണ്ടു ആനന്ദിച്ചിരിക്കാൻ സംഗതിവരുന്നോ?

പുല്ലാസ്സിലങ്കായ പുഴുവായ്നരവടിവാ-
യെല്ലാപ്പിറപ്പിനിരുളകൽവതെക്കാലം?

അ—മനമേ, ഞാൻ പുല്ലായും മൃഗമായും പുഴുവായും മനുഷ്യനായും മുറയ്ക്കു മാറിയും തിരിഞ്ഞും ജനിച്ചും മരിച്ചും കഷ്ടപ്പെടുന്നതു നീങ്ങി മുക്തപദം എനിക്കു ലഭിക്കുന്നതേതുകാലത്തോ?

തക്കംവകൈകെക്കോർപൊരുളുംചാരാമലേനിനൈവിൽ
പക്കുവംവന്തുന്നരുളേപ്പാർത്തിരുപ്പതെക്കാലം?

അ—പരമേശ! മായാസംബന്ധമുള്ള യാതൊരുവസ്തുക്കളെക്കുറിച്ചും എന്റെ മനസ്സിൽ വികാരമുണ്ടാക തിരിക്കത്തക്കവണ്ണം, പ്രാരബ്ധങ്ങൾ നശിച്ച്, നിന്റെ തിരുവടികളെ ദർശിച്ചാനന്ദിച്ചിരിക്കുന്നതേതുകാലത്തോ?

പുരുവത്തലൈവരൊടുംപുൽകിയിന്പംകൊൾവതുക്ക
തെരുവൈ ഇപ്പുരുവംവന്തുചിക്കുവതുമെക്കാലം?

അ—ഭ്രൂമദ്ധ്യസ്ഥനായ പരമശിവനോടേകീഭവിച്ചാനന്ദിക്കുന്നതിനു എനിക്കു യൌവനമദ്ധ്യദശയിലെ ആനന്ദാനുഭൂതികൾ എന്നു കഴിഞ്ഞുകൂടുന്നോ?

തെരിവൈയുറംപക്കുവത്തിൻചീരാട്ടെല്ലാമറിന്തു
കുരുവൈയെയരിന്തേനി നൈന്തുക്കമ്പിടുവതെക്കാലം?

അ—മേൽപറഞ്ഞ യൌവനമദ്ധ്യദശയിലെ ആനന്ദാനുഭൂതികളെല്ലാം കഴിഞ്ഞ്, പിന്നീട് ജ്ഞാനാചാര്യനെ അന്വേഷിച്ചറിഞ്ഞ്, അവനെ നമസ്കരിച്ചു വന്ദിക്കുന്നതേതുകാലത്തോ?

വമ്പടിക്കമാതരുടൻവാഴ്ന്താലുമന്നപുളി
യമ്പഴമുമോട്ടുംപോലാവതിനിയെക്കാലം?

അ—മനമേ, വഞ്ചനലീലകൾകാട്ടി നമ്മെ നശിപ്പിക്കുന്ന പെണ്ണുങ്ങളോടുകൂടിയിരുന്നാലും പുളിയങ്കായും അതിന്റെതോടുംപോലെ, തമ്മിൽ സംബന്ധമില്ലാതെയിരുന്നു കഴിയുന്നതിനു എനിക്കു സംഗതിവരുന്നതേതുകാലത്തോ?

പററററുനീരിൽപടന്നവന്നംപച്ചിലൈപ്പോൽ
ചിററററുനീക്കിമനന്തുരെന്നിലുതെക്കാലം?

അ—പരമേശ! എന്റെ മനസ്സു, വെള്ളത്തിൽ കിടക്കുന്ന താമരയിലപോലെ ലൌകികവിഷയങ്ങളോടു യാതൊരു സംബന്ധവുമില്ലാതെ, ബന്ധുജനങ്ങളോടുള്ള സ്നേഹവും നിശ്ശേഷം നശിപ്പിച്ച്, നിർവൃതമായിരിക്കുന്നതു് ഏതുകാലത്തിലോ?

സല്ലാപലീലൈയിലേതന്മനവിചെയ്യുചുകം
ചൊല്ലാരക്കണ്ടെനക്കചൊല്ലതിനിയെക്കാലം?

അ—പരമേശ! എന്റെ ഭാൎയ്യ, സരസസല്ലാപത്തോടുകൂടി ചെയ്യുന്ന പരമസുഖത്തെ നിന്തിരുവടി കണ്ടിട്ടും അതിന്റെ ദോഷത്തെ എനിക്കു മനസ്സിലാക്കാതെയിരിക്കുന്നതുപോലെ, നിന്തിരുവടിയുടെ സുഖത്തെയും എനിക്കറിവിക്കാതെയിരിക്കുമോ? അതു് അറിവിക്കുന്നതേതുകാലത്തോ?

മരുവുമയൽപുരുടൻവരുനേരംകാണാമൽ
ഉരുകുമനംപോലെന്നുള്ളമുരുകുവതുമെക്കാലം?

അ—അന്യപുരുഷനിൽ മനസ്സു വച്ചിരിക്കുന്ന സ്ത്രീ അവൻ വരാതെയിരുന്നാൽ മനസ്സിനെ എത്രമാത്രം വ്യസനിപ്പിക്കുമോ, അത്രമാത്രം, എന്റെ മനസ്സും, നീ വരാതെയിരുന്നാൽ വ്യസനിക്കുന്നതേതുകാലത്തോ?—അറിഞ്ഞുകൂടാ.

ഒരു വേശ്യാസ്ത്രീ അവളുടെ ജാരപുരുഷനെക്കുറിച്ചു് അത്യന്തസ്നേഹത്തോടുകൂടി കാത്തിരിക്കുമ്പോൾ അവൻ വരാതെയിരുന്നാൽ എത്രമാത്രം സങ്കടം അവൾക്കുണ്ടാകുമോ? അത്രമാത്രം സങ്കടം നീ വരാതെയിരുന്നാൽ അതായതു്, നീ എനിക്കു ദർശനം തരാതെയിരുന്നാൽ എനിക്കും ഉണ്ടാകത്തക്ക മനഃശുദ്ധി എന്നു സംഭവിക്കുമോ? എന്നുഭാവം.

തൻകണവൻതൻസുകത്തിൽതന്മനംവേറാനതുപോൽ
എൻകരുത്തിലുൻപതത്തെയേറുവതുമെക്കാലം?

അ—പരമേശ! ജാരനിൽ അത്യാസക്തിയോടുകൂടിയ ഒരു വേശ്യ തന്റെ ഭൎത്താവോടുചേൎന്നു രമിക്കുമ്പോഴും, തന്റെ മനോഗതി വേറായിരിക്കുന്നതുപോലെ ഞാൻ ലോകവ്യവഹാരങ്ങളിൽ ഏൎപ്പെട്ടിരിക്കുമ്പോഴും സദാ നിന്റെ തിരുവടികൾ എന്റെ മനസ്സിൽ വിളങ്ങിക്കൊണ്ടിരിക്കുന്നതിനു എനിക്കു് എന്നു സംഗതിവരുമോ?

കൂടിപ്പിരിഞ്ഞുവിട്ടകൊമ്പനെയേക്കാണാമൽ
തേടിത്തവിപ്പവൻപോൽചിന്തൈവയ്പതെക്കാലം!

അ—പരമേശ! ഒരുവൻ ഒരു പെണ്ണോടൊരുമിച്ചു ചില നാളിരുന്ന ശേഷം അവളെക്കാണാതെപോയാൽ അവളെ അന്വേഷിച്ചു ദുഃഖിക്കുന്നതെപ്രകാരമോ അപ്രകാരം നിന്തിരുവടിയെ കാണാതെയിരുന്നാൽ ദുഃഖിക്കുന്നതിനു എനിക്കു സംഗതിവരുന്നതെന്നോ?

എവ്വനത്തിൻ സ്ത്രീമോഹമെപ്പടിയുണ്ടപ്പടിപോൽ
കവ്വനത്തിലുന്നൈക്കലെന്തിരുപ്പതെക്കാലം?

അ—പൂൎണ്ണയൌവനത്തോടുകൂടിയ ഒരു സ്ത്രീയിൽ യൌവനയുക്തനായ ഒരു പുരുഷനു എത്രമാത്രം മോഹം ഉണ്ടാകുമോ അത്രമാത്രം മോഹ

ത്തോടുകൂടി, ശിരഃസ്ഥാനസ്ഥമായ സുഷുമ്നയിൽ എഴുന്നെള്ളിയിരിക്കുന്ന നിന്നോട് ഏകീഭവിച്ചുള്ള ഇരിപ്പ്, എനിക്കു കൈവരുന്നകാലം ഏതോ?

കണ്ണാലരുകടന്തിരിന്തുമുത്തുപോലുതിര
ച്ചൊന്നപരമ്പൊരുളൈത്തൊകത്തറിവതെക്കാലം?

അ—വെൺമുത്തുപോലെ മുഴപ്പുള്ള ആനന്ദബാഷ്പകണങ്ങൾ കണ്ണുകൾ രണ്ടിലും ചിന്തത്തക്കവണ്ണം വേദങ്ങളിൽ ഗൂഢാൎത്ഥവാക്കുകളാൽ പറയപ്പെട്ടിരിക്കുന്ന അത്ഭുതചരിത്രനായ പരമശിവനെ ഇന്നപ്രകാരമുള്ളവനെന്ന് അന്വേഷിച്ചറിയുന്നതു് ഏതുകാലത്തോ?

ആകമികവുരുകവൻപുരുകവെമ്പുരുക
പ്പോകവനുപൂതിപൊരുന്തുവതുമെക്കാലം?

അ—പരമേശ! എന്റെ ശരീരം ഏറ്റവും ഉരുകത്തക്കവണ്ണവും അതിനാൽ അസ്ഥിപോലും ഉരുകത്തക്ക ഭക്തിരസം വൎദ്ധിക്കത്തക്കവണ്ണവും ശിവഭോഗാനുഭൂതി എനിക്കു ലഭിക്കുന്നതേതുകാലത്തോ?

നീരിൻകുമിഴിപോനിലൈയററവാഴ്വൈവിട്ടുൻ
പേരിൽകരുണൈവെള്ളംപെരുക്കെട്ടുപ്പതെക്കാലം?

അ—വെള്ളത്തിലെ കുമിളപോലെ അസ്ഥിരമായ ഈ ലോകവാഴ്ചയെവിട്ട്, പരമേശ, നിന്റെ തിരുനാമങ്ങളെ സ്മരിച്ച്, അതുമൂലം നിന്റെ കൃപാമൃതജലം അലിഞ്ഞൂറിപ്പെരുകുന്നതു കാണ്മാൻ എനിക്കു സംഗതിവരുന്നതേതുകാലത്തോ?

അൻപൈയുരുക്കിയരിവൈതൻമേൽപുകട്ടി
ത്തുൻപവലൈപാശത്തൊടക്കറുപ്പതെക്കാലം?

അ—പരമേശാ, എന്റെ ഭക്തിരസത്തെ അലിയിച്ച്,അതിൽ ജ്ഞാനരസം കലൎത്തി, അതുകൊണ്ട് ദുഃഖപ്രദമായ മായാപാശത്തിന്റെ ബന്ധം അറുക്കുന്നതേതുകാലത്തോ?—

മായാപാശം അറുത്തു ദൂരത്തുതള്ളിയാലേ ജ്ഞാനമാൎഗ്ഗത്തിൽ സഞ്ചരിക്കാൻ സ്വാതന്ത്ര്യം ലഭിക്കയുള്ളു എന്നൎത്ഥം.

കരുവിൻവിഴിയറിന്തുകരുത്തേച്ചെലുത്താമൽ
അരുവിവിഴിചൊരിയഅൻപുവൈപ്പതെക്കാലം?

അ—പരമേശാ, എനിക്കു നേരിടുന്ന ജന്മത്തിന്റെ ഗതി മനസ്സിലാക്കി ആ ജന്മത്തെ ഇനിയും ആവൎത്തിക്കത്തക്കവിധത്തിലുള്ള മനോവ്യാപാരത്തെ ആവഴിക്കു വിടാതെ, കണ്ണുകളിൽ ആനന്ദബാഷ്പം പൊഴിയുമാറുള്ള ഭക്തിരസം എനിക്കു നിന്തിരുവടിയിൽ ഉദിക്കുന്നതേതുകാലത്തോ?

തെളിയത്തെളിയത്തെളിന്തശിവാനന്ദത്തേൻ
പൊഴിയപ്പൊഴിയമനംപൂണ്ടിരിപ്പതെക്കാലം?

പ—പരമേശ! എൻെറ ബുദ്ധിക്കു തെളിവുണ്ടായി, ശിവാനന്ദത്തേൻ പൊഴിയുമ്പോൾ, ഞാൻ അതിനെ ആസ്വദിച്ചു്, നിൻെറ തിരുവടികളിൽ മനസ്സുവച്ചുകൊണ്ടിരുന്നാനന്ദിക്കുന്നതിനു് എനിക്കു ഏതുകാലത്തു സംഗതിവരും.

ആതാരമൂലത്തടിയിൽകണപതിയെ
പ്പാതാമ്പുവിന്തംപണിന്തുനില്പതെക്കാലം?

അ—മനമേ, മൂലാധാരം എന്ന സ്ഥാനത്തിൽ എഴുന്നരുളിയിരിക്കുന്ന വിഘ്നേശ്വരനെ ദർശിച്ചു് അദ്ദേഹത്തിൻെറ പാദാരവിന്ദത്തിൽ നമസ്കാരംചെയ്തു സേവിക്കുന്നതിനു് എനിക്കു ഏതുകാലത്തു സാധിക്കുമോ! അറിഞ്ഞുകൂടാ.

മൺവളൈന്തനൽക്കീററിൽവളൈന്തിരുന്തവേതാവൈ
ക്കൺവളൈന്തുപാത്തുള്ളേ കണ്ടിരിപ്പതെക്കാലം?

ഞ—മനമേ, മൂലാധാരത്തിനു മേൽഭാഗത്തായി, സ്വാധിഷ്ഠാനം അഥവാ പൃഥിവി; എന്നു പറയപ്പെടുന്നസ്ഥാനത്തു് ചതുഷ്കോണചക്രത്തിൽ എഴുന്നെള്ളിയിരിക്കുന്ന ബ്രഹ്മദേവനെ, ജ്ഞാനദൃഷ്ടികൊണ്ടു കണ്ടു്, ആനന്ദിച്ചിരിക്കുന്നതു് ഏതുകാലത്തോ?

അപ്പുവിറൈനെടുവേയമർന്തിരുന്തവിട്ടുണവേ
ഉപ്പുകുടുക്കൈയുള്ളേയുണർന്തറിവതെക്കാലം?

അ—മനമേ, അതിനുമേലായി, മണിപൂരം അഥവാ, അപ്പു്, എന്നു സ്ഥലത്തു മൂന്നാംദിവസത്തെ ചന്ദ്രക്കലപോലെയുള്ള ചക്രത്തിൽ എഴുന്നെള്ളിയിരിക്കുന്ന വിഷ്ണുഭഗവാനെ കണ്ടു കൺകുളിരുന്ന കാലം ഏതോ?

മൂൻറുവളൈയമി-മുളൈത്തെഴുന്തകോണത്തിൽ
തോൻറുമുരുത്തിരനൈത്തൊഴുതുനില്പതെക്കാലം?

അ—മൂന്നു കീറുകളായ മുക്കോൺചക്രമുള്ള അനാഹതം, എന്ന സ്ഥാനത്തിൽ എഴുന്നെള്ളിയിരിക്കുന്ന രുദ്രമൂർത്തിയെക്കണ്ടു് ആനന്ദിക്കാനുള്ള കാലം ഏതോ?

വായുവരുകോണമതിൽവാഴമഹേശ്വരനൈ
ത്തോയുംവകൈകേൾക്കത്തൊടങ്കുവതുമെക്കാലം?

അ—വായു ഭൂതസ്ഥാനമായ വിശുദ്ധിയെന്നുപേരുള്ള അറുകോൺചക്രത്തിൽ എഴുന്നെള്ളിയിരിക്കുന്ന മഹേശ്വരനെ ദർശിച്ച് അദ്ദേഹത്തോടു ചേരാനുള്ള മാർഗത്തെ അന്വേഷിച്ചു തുടങ്ങുന്നതു് ഏതുകാലത്തോ?

വട്ടവഴിക്കുള്ളേമരുവുംസദാശിവനെത്തെ
കിട്ടവഴിതേടിക്കിരുപൈചെയ്യുതെക്കാലം.

അ—വട്ടമായ വളയത്തിലകപ്പെട്ടിരിക്കുന്ന ആജ്ഞാചക്രത്തിൽ എഴുന്നെള്ളിയിരിക്കുന്ന സദാശിവമൂർത്തിയെ ചേരുന്നതിനുള്ള മാർഗ്ഗത്തെക്കുറിച്ചന്വേഷിക്കാൻ പരമശിവൻ എന്നിൽകരുണചെയ്യുന്നതേതുകാലത്തോ?

ഉച്ചിക്കിടൈനെടുവേയോങ്കുംകുരുപതത്തൈ
നിശ്ചയിത്തുകൊണ്ടിരുന്തുനേർത്തിനിയെക്കാലം?

അ—മനമേ! ശിരോമദ്ധ്യത്തിൽ സദാനന്ദാദികൾകൂടി വാഴുന്ന സ്ഥലത്തു് എഴുന്നെള്ളിയിരിക്കുന്ന ആചാര്യസ്വാമിയുടെ തിരുവടികളെ കണ്ടാനന്ദിച്ചു അവിടെ എപ്പോഴും അധിവസിക്കുമാറുള്ള അനുഗ്രഹം എനിക്കു ഏതുകാലത്തു സിദ്ധിക്കുമോ?

പാറാകിപ്പാർമാതിൽപഞ്ചവർണ്ണംതാനാകി
വേറാകിനീമുളൈത്താനിത്തറിവതെക്കാലം?

അ—പരമേശ! നീ ഭൂമിയായും, ഭൂഭാഗത്തിലുള്ള പഞ്ചവർണ്ണങ്ങളായും അവററിൽനിന്നു വേറായും ഇരുന്നു്, അതതവസരത്തിനു തക്കവിധത്തിൽ ദർശനംകൊടുത്തു ഭക്തന്മാരെ രക്ഷിക്കശീലമായ മഹാകരുണയെ ഞാൻ അറിയുന്നതേതുകാലത്തോ?

കട്ടറക്കവൊണ്ണാകകരുവികരണാദിയെല്ലാം
ചുട്ടരുത്തുനിട്ടൈയിലേതുംകുവതുമെക്കാലം.

അ—പരമേശ! ഞാൻ ഒന്നോടൊന്നിനു അത്യന്തം സംബന്ധമുള്ള അന്തഃകരണം പഞ്ചേന്ദ്രിയങ്ങൾ മുതലായവയെല്ലാം തീരെ നശിപ്പിച്ച് സദാ ജ്ഞാനനിഷ്ഠനായിരുന്നു് അതുവഴി അദ്വൈതാനന്ദത്തെ അനുഭവിക്കുന്നതിനുള്ള കാലമേതോ?

കള്ളക്കരുത്തെയെല്ലാംകട്ടോടറുത്തി
കുള്ളക്കരുത്തൈയുണർന്തിരുപ്പതെക്കാലം?

അ—പരമേശ! ഞാൻ എന്റെവക്കലുള്ള വ്യാജചിന്തകളെയെല്ലാം അടിയോടെ നശിപ്പിച്ചു ഈ ലോകത്തിൽ എനിക്കറിയേണ്ട സദവസ്ഥയേക്കുറിച്ച് അന്വേഷണം നടത്തിക്കൊണ്ടിരുപ്പതു ഏതുകാലത്തോ?

അട്ടഹാസങ്ങളെല്ലാമവരൊത്തെച്ചടലത്തിൽ നോ-
പട്ടപാട്ടത്തനെയും പകുത്തറിവതെക്കാലം?

അ—മനമേ, ഞാൻ വന്മും പ്രതാപവും മററും ഉണ്ടെന്നു ഘോഷിച്ചു ഭിമാനിച്ചിരുന്ന ഈ ശരീരത്തിൽ ഇതുവരെ സമ്പലംപിടിച്ചു ദുഃഖങ്ങളേയും അവയുടെ ആഗമമാർഗ്ഗങ്ങളേയും അന്വേഷിച്ചറിയുന്നതു ഏതുകാലത്താ? അറിഞ്ഞുകൂടാ.

അറിവിക്കരുവിയുടെനവരൊത്താപട്ടാം പാരെട്ടയെല്ലാം
പിരിയമൂടനിരുത്തിപ്പെലപ്പെട്ടവതെക്കാലം?

അ—മനമേ, ഞാൻ എന്റെ ബുദ്ധിയെന്നു പറയപ്പെടുന്ന ഒരിന്ദ്രിയത്തോടു ചേർന്നിരുന്നു അനുഭവിച്ച ദുഃഖങ്ങളെയെല്ലാം വെവ്വേറെ പിരിച്ചു ഒരിടത്തുവച്ചു് ശിവാനന്ദാനുഭൂതിയാൽ സുഖിക്കുന്നതേതുകാലത്താ?

പൂതംപൊരികരണംപോന്തവിന്തുനാതവുമായ്
പേതംപലവിതമുംപിരിത്തറിവതെക്കാലം?

അ—മനമേ, ഞാൻ പരമശിവനെ, ഭൂതം, ഇന്ദ്രിയം, അന്തഃകരണം, ബിന്ദു, നാദം ഇതുകളെയൊക്കെ ഇതു്, ഇതു്, എന്നു തിരിച്ചറിഞ്ഞാശ്രസിക്കുന്നതിനുള്ള മാർഗ്ഗം ഏതുകാലത്തു കൈവരുമോ ആവോ?

തോൻറാശൈമൂൻറുംതൊടർന്തുവന്തുചുററാമൽ
ഊൻറാശൈവേരെന്നടിത്തുടറപ്പതെക്കാലം?

അ—മനമേ, എനിക്കു് ഇടക്കിടേയുണ്ടായിവന്നു എന്നെ മറയ്ക്കുന്ന (എന്റെ ബുദ്ധിയെ മലിനപ്പെടുത്തുന്ന) മണ്ണാശ, പെണ്ണാശ, പൊന്നാശ എന്ന മൂന്നാശകളേയും, വീണ്ടും വന്നു് എന്നെ ആക്രമിക്കാതെകണ്ടു വേരോടെ വെട്ടിനശിപ്പിച്ചുകളയുന്നതിനു എനിക്കു ഏതുകാലത്തു സാധിക്കുമോ ആവോ?

പുൻചനനംപോററുമൂന്നപുരിവട്ടപ്പോകിലിനി
യെഞ്ചനനമിടേറുമെൻററിവതെക്കാലം?

അ—ഇപ്പോഴം എനിക്കു ലഭിച്ച ഈ ജന്മത്തിൽ പരമശിവനെ സ്മൃതിചെയ്യുന്നതിനു മുമ്പു് മരണം സംഭവിക്കുന്നതായാൽ വേറേതുജന്മത്തിൽ ആ കാര്യം നിറവേറാൻപോകുന്നു ഒരുകാലത്തും നിറവേറുകില്ലതന്നെ എന്ന തത്വം വിചാരിച്ചറിയത്തക്ക വിവേകം എനിക്കു ഏതുകാലത്തു സിദ്ധിക്കുമോ അറിഞ്ഞുകൂടാ.

നട്ടനടുവിൽനിന്തുനത്തിരോതായിയരുൾ
കിട്ടവഴികാട്ടിക്കിരുപൈചെയ്യതെക്കാലം?

അ—പരമേശ! മദ്ധ്യസ്ഥയായിനിന്ന് പരോക്ഷസ്വരൂപിണിയായ ആ ശക്തി എനിക്ക എന്റെ അനുഗ്രഹപദത്തെ പ്രാപിക്കുന്നതിനു മാൎഗ്ഗം കാണിച്ചുതരുന്നതു ഏതുകാലത്തോ അറിഞ്ഞില്ല.

നാനേനാനെൻറിരുന്തേൻനട്ടുവിനിൽകട്ടഴകി
താനേവെളിപ്പെട്ടുത്തിതരുവനെൻപതെക്കാലം?

അ—ബ്രഹ്മോഹം എന്ന മഹാവാക്യാൎത്ഥത്തെ മനസ്സിലാക്കി ബ്രഹ്മം ഞാൻതന്നെ എന്നു ഞാൻ വിചാരിച്ചിരുന്നു. അങ്ങനെയിരുന്ന എന്റെ സമീപത്തിൽ ഒരു സ്ത്രീ വെളിപ്പെട്ടുവന്നു ബ്രഹ്മം നീയാണെന്നുള്ള വിചാരം ശരിയല്ല. ബ്രഹ്മത്തെ നിനക്ക് ഞാൻ കാണിച്ചുതരാം കണ്ടോളൂ എന്നു അരുളിച്ചെയ്യുന്നതു ഏതുകാലത്തോ?

അടർന്തമനക്കാട്ടൈഅഞ്ചെഴുത്താംവാളാലേ
തൊടർന്തുതൊടർന്തുവെട്ടിച്ചുട്ടുവതിനിയെക്കാലം?

അ—പാഴ്ച്ചെടികളാൽ നിറയപ്പെട്ട എന്റെ മനസ്സായ കാട് പഞ്ചാക്ഷരവാൾകൊണ്ട് പിൻമാറാതെ നിന്നു വെട്ടി (ജ്ഞാനാഗ്നിയാൽ) ചുട്ടു ചാമ്പലാക്കുന്നതേതുകാലത്തോ?

ഐന്തുപൊറിവഴിപോയ് അലൈന്തുമിന്തപ്പാഴ് മനത്തൈ
വെന്തുവിഴപ്പാൎത്തു വിഴിപ്പതിനിയെക്കാലം?

അ—പരമേശ! ഞാൻ പഞ്ചേന്ദ്രിയങ്ങൾ പോകുന്നവഴിക്ക പോയി അലഞ്ഞുതിരിഞ്ഞാലും ദുഷ്ടമായ ഈ മനസ്സിനെ തീരെ നിഗ്രഹിച്ച് നിൎവികല്പസമാധിസ്ഥനായി കണ്ണുകൾ മിഴിച്ചിരിക്കുന്നതേതുകാലത്തോ?

ഇനമാണ്ടുചേർന്തിരുന്തോരെല്ലാരുംതാൻമാണ്ടു
ചിനമാണ്ടുപോകവരുംചേർന്തിരുപ്പതെക്കാലം?

അ—പരമേശ! എന്നെ ഓരോദിനത്തിൽ ചേൎന്നിരുന്നവരെല്ലാം നശിച്ചു. അവർ നാശിച്ചതുകൊണ്ട് എന്റെ കോപവുംനീക്കി ഞാൻ താനേ ഇരിക്കത്തക്കവണ്ണം ഏതുകാലം എനിക്ക അനുഗ്രഹം സിദ്ധിക്കുമോ ആവോ?

ഇനമാണ്ടുചേർന്തിരുന്തോർ എന്നു പറഞ്ഞതു് തത്വങ്ങൾ ആകുന്നു.

അമൈയാമനത്തൈമെയ്യുമാനന്ത്വീട്ടുകണ്ടാൽ
ഇമൈയാമനോക്കിയിരിപ്പതിനിയെക്കാലം?

അ—പരമേശ! ഏതുകാലത്തും ഒരു വഴിക്കു സ്ഥിരമായിരിക്കാത്ത എ ൻെറ മനസ്സ് നിത്യസുഖപ്രദമായ മോക്ഷപദവിയെക്കണ്ടാൽ അതിൽനി ന്നും തെററിക്കളയാതെ അതിലിരുന്നും ആ പദവിയുടെ സൌഭാഗ്യവിശേ ഷങ്ങളെ കണ്ടാനന്ദിച്ചും കഴിയുന്നതിനു എനിക്കു ഏതുകാലത്തു സംഗതി വരുമോ ആവോ?

കൂണ്ടുവിട്ടംജീവൻമെള്ള ക്കോട്ടാവികൊണ്ടാൽപോൽ
മാണ്ടുവിട്ടുമുന്നേ നാൻമാണ്ടിരുപ്പതെക്കാലം?

അ—പരമേശാ! ദേഹത്തെവിട്ടു നീങ്ങാനിരിക്കുന്ന ജീവൻ അല്പമാ യ ഒരു കോട്ടുവാവിടുന്നതുപോലെ ചെറിയ ഒരു ശ്വാസക്കഴിച്ചിൽ വഴി യായി ശരീരത്തെവിട്ടു വെളിയിൽ പോകുന്നതിനുമുമ്പ് ശിവസമാധിയിലി രുന്നു സുഖിക്കാൻ എനിക്കു സംഗതിയാകുന്നതേതുകാലത്തോ?

ഊനിറൈന്തകായമുയിരിറന്തുപോകുമുന്നം
നാനറന്തുപോകവിനിനാാംവരുവതെക്കാലം?

അ—പരമേശ! ഈ ശരീരത്തിലുള്ള ജീവൻ വെളിപ്പെട്ടുപോകുന്നതി നുമുമ്പേ ഞാൻ ശിവാനന്ദഭോഗത്തിൽ മുഴുകിയിരിക്കുന്നതു ഏതുകാലത്തോ?

കെട്ടവിട്ടമാന്തർകെവ്വിതങ്കാപേശിവന്തു
ചുട്ടവിട്ടമുന്നെന്നെച്ചുട്ടിരിപ്പതെക്കാലം?

അ—വൃഥാ കാലംകഴിച്ച് അധഃപതിക്കുന്നവരായ ലോകർ ഏററവും അഹങ്കരിച്ചും പറഞ്ഞുംവന്നു. എന്നെച്ചുട്ടുഭസ്മമാക്കുന്നതിനുമുമ്പേ ഞാൻ തന്നെ എന്നെ ചുട്ടുകളയത്തക്ക അനുഗ്രഹം എനിക്കു ഏതുകാലത്തിൽ വരു ത്തുവാൻപോകുന്നോ? അറിഞ്ഞില്ല.

തോലേണിവയ ത്തേരിത്തുരെനടന്തെയ്യ്ക്കാമൽ
നൂലേണിവയ്ത്തേറിനോക്കുവതുമെക്കാലം

അ—പരമേശ: തോൽകൊണ്ടുള്ള ഏണിയായ ഈ ശരീരത്തിൽ കയ റി വളരെ ദൂരം സഞ്ചരിച്ചാലും അതുകൊണ്ടു ക്ഷീണിക്കാതെ വേദശകല ങ്ങളാൽ നിന്നെ അറിഞ്ഞു സാരംകണ്ടുകൊണ്ടിരിക്കുന്നതു് ഏതുകാലത്തോ?

വായോടുകൺമൂടിമയക്കമുറവില്ലാമൽ
തായോടുകൺകൂടിത്തഴുവിനിൽപതെക്കാലം?

അ—പരമേശ! ഞാൻ വായും കണ്ണുകളുംമൂടി ലോകമായാശക്തിയിൽ മയങ്ങിനിൽക്കാതെ നിൻെറ അനുഗ്രഹശക്തിയേട്ടേചേർന്നു എപ്പോഴും അവളോടുകൂടി സുഖിച്ചിരിക്കുമാറു നീ കരുണചെയ്യുന്നതു് ഏതുകാലത്തോ?

കാശിനിയെല്ലാനടന്നു കാലോയ്ന്തുപോകാമൽ
വാശിതന്നിലേറിവരുവതിനിയെക്കാലം?

അ—പരമേശാ! ഞാൻ ഈ ലോകമെല്ലാം നടന്നു. അതിനാൽ കാലു തകൎന്നുപോകാതവണ്ണം നിൻെറ തിരുവടികളിൽ വന്നുചേരുന്നതേതുകാലത്തോ?

ഒലിപടരും കുണ്ഡലിയെയുന്നിയുണർപാലെഴുപ്പി
ച്ചുഴിമുനൈനെയിൻറാംതിറന്തുതുണ്ടുവതുമെക്കാലം?

അ—പരമേശാ! ഞാൻ നാദമാത്രമായി വിളങ്ങുന്ന കുണ്ഡലിനീശക്തിയെ സ്മരിച്ചു ആത്മജ്ഞാനത്താൽ അതിനെ മേല്പോട്ടുയൎത്തി അതുവഴി സുഷുമ്നയെ പ്രാപിച്ച് അതിൻെറ വാതിൽതുറന്നു ജ്യോതിഃസ്വരൂപനായ നിന്നിൽ ചേരുന്നതിനുള്ള കാലം ഏതോ?

ഇടൈപിങ്കലൈനടുവേയിയങ്കംചുഴിമുനയിൽ
തടൈയേറിവന്നിൻറുവലിപ്പരുപ്പതെക്കാലം?

അ—പരമേശാ! ഞാൻ ഇഡ പിംഗല എന്നീനാഡികളുടെ മദ്ധ്യത്തിൽ പരിലസിക്കുന്ന സുഷുമ്ന എന്ന നാഡിയൂടെപോയ് എൻെറ മായാമോഹത്തെ നശിപ്പിക്കുന്നതു് ഏതുകാലത്തോ?

മൂലനെരുപ്പൈവിട്ടുമുട്ടിനിലാമണ്ഡപത്തിൽ
പാലൈയിറങ്കിയുണ്ടുപശിയൊഴിവതെക്കാലം?

അ—പരമേശ, ഞാൻ മൂലാധാരത്തിലുള്ള അഗ്നിയുടെ ചന്ദ്രമണ്ഡലംവരെപോയി, ആ മണ്ഡലത്തിൽനിന്നും വാൎന്നുവരുന്ന അമൃതത്തെ കുടിച്ചു വിശപ്പടക്കുന്നതേതുകാലത്തോ?

ആകവെളികളെല്ല, അടങ്കാപ്പുരവിചൊല്ല
റ്റുകവെളിയിലിപ്പതിനിയെക്കാലം?

അ—പരമേശ! ഞാൻ ശരീരത്തിലുള്ള അന്തരാകാശത്തിൽ സഞ്ചരിക്കുന്ന അഭിന്നമാനക്കതിര വെളിയിൽ പോകാതെവണ്ണം എന്നും ഒരേനിലയിൽ വൎത്തിക്കുന്ന ചിദാകാശത്തിൽ ചേൎന്നിരിക്കുന്നതിനു എനിക്കു സംഗതി വരുന്നതേതുകാലത്തോ?

പഞ്ചരിത്തുപ്പേത്തും പലകലൈകെട്ടാപ്പോരുളിൽ
ചഞ്ചരിത്തുവാഴ്ന്തു തപം ചെരുവതെക്കാലം?

അ—പരമേശ! പലവിധത്തിലുള്ള ന്യായങ്ങളെ പറയുന്ന പലപല

ശാസ്ത്രങ്ങൾക്കും എത്താത്ത നിൻെറ പരമതത്വത്തിൽ ചേൎന്നു വസിക്കത്തക്ക വിശുദ്ധിയുണ്ടാക്കുന്ന തപസ്സുചെയ്യാൻ എനിക്ക് ഏതുകാലത്തു സംഗതി വരുന്നോ?

മലമുഞ്ചലമുമററു മായെയററുമാനമററു
നലമുംകുലമുമററു നാനിരിപ്പതെക്കാലം?

അ—പരമേശ, മലം ജലം ഇവ ഒഴിക്കാതെയും (പൈദാഹങ്ങളെ നിവൎത്തിച്ചിരുന്നും എന്നൎത്ഥം) മായാമോഹങ്ങൾകറാ!യും മാനത്തെ ഉപേക്ഷിച്ചും, നന്മ ജാതി ഇവയുടെ ഭേദത്തെ ഗണിക്കാതെയും, ബ്രഹ്മാനന്ദത്തിൽ ലയിച്ചിരിക്കുന്നതിനു എനിക്കു സംഗതിയാകുന്നതേതുകാലത്തോ?

ഓടാമലോടിയുലകൈ വലംവന്തുചുററി
ത്തേടാമലെന്നിടമായ്ത്തെരിശിപ്പതെക്കാലം?

അ—പരമേശ! ഞാൻ ഈ ലോകത്തെ പലകുറി ചുററി വലത്തുവച്ച്, നിന്നെ അന്വേഷിക്കാതെ എന്നിൽതന്നെ നീയുണ്ടെന്നായിക്കണ്ടറിഞ്ഞുജീവിതത്തെനയിക്കുന്നതിനു എനിക്കു സംഗതിവരുന്നതേതുകാലത്തോ?

അജ്ഞാനംവിട്ടേയരുംജ്ഞാനത്തൊല്ലൈതൊട്ടു
മെയ്ജ്ഞാനവീട്ടുപെററു വെളിപ്പെട്ടുവതെക്കാലം?

അ—പരമേശ! ഞാൻ എൻെറ അജ്ഞാനത്തെ നീക്കി പരമാൎത്ഥജ്ഞാനിയായി മോക്ഷസാധനത്തെ പ്രാപിച്ചു പ്രകാശിക്കുന്നതേതുകാലത്തോ?

വെല്ലുമട്ടുംപാൎത്തുവെകുളിയെല്ലാംവിട്ടകൻറു
ചെല്ലുമട്ടംചിന്തൈചെലുത്തുവതുമെക്കാലം?

അ—പരമേശ! എൻെറ കോപാദിവികാരങ്ങളെ ജയിക്കുന്നതിനു മനോജയകാലംവരെ ക്ഷമിച്ചിരുന്ന്. മനോജയത്താൽ അവയെ ഒഴിച്ച് മനസ്സിനെ നിന്തിരുവടികളിൽ ചെല്ലുംവരെ ചെലുത്തി സുഖത്തെ പ്രാപിക്കുന്നതു് ഏതുകാലത്തോ?

മേലാംപദന്തേടിമെയ്പ്പൊരുളെയുള്ളിരുത്തി
നാലാംപദന്തേടിനാൻപേറുവതെക്കാലം?

അ—പരമേശ, ഞാൻ അത്യുൽകൃഷ്ടമായ മോക്ഷപദത്തെ ആഗ്രഹിച്ച് പരമാത്മാവായ നിന്നെ മനസ്സിലുറപ്പിച്ച്, ഉപാസനാകാണ്ഡത്തിൽ നാലാമത്തെ പദമായ ജ്ഞാനത്തെ പ്രാപിക്കുന്നതേതുകാലത്തോ?—അറിഞ്ഞില്ല.

എണ്ണാതതുരമെല്ലാമെണ്ണിയെണ്ണിപ്പാരാമൽ
കണ്ണാടിക്കുള്ളൊളിപോൽകണ്ടറിവതെക്കാലം?

അ—പരമേശ, ഞാൻ നിന്നെ കാണുന്നതിനു ചിന്തിക്കാൻപോലും പ്രയാസമുള്ള പലപല മാർഗ്ഗങ്ങൾ വഴിയായി പരിശ്രമിച്ചിട്ടും കാണാതെ കണ്ണാടിക്കുള്ളിൽ ഇരിക്കുന്ന നിഴൽപോലെ നിന്നെ എൻെറ ഉള്ളിൽ കണ്ടറിയുന്നതേതുകാലത്തോ?

എന്നൈയറിന്തുകൊണ്ടേനെങ്കോമാനോടിരിക്കും
തന്മൈയറിന്തുചമൈത്തിരിപ്പതെക്കാലം?

അ—പരമേശ, ഞാൻ എന്നെ അറിഞ്ഞുകഴിഞ്ഞു...അതായതു് ഞാൻ ആരാണെന്നുള്ള തത്ത്വം എനിക്കു മനസ്സിലായി. ഇനി, എൻെറ രക്ഷകനായ നിന്നോടു ഒന്നുപെട്ടിരിക്കുന്നതിനുള്ള മാർഗ്ഗത്തെ അറിഞ്ഞു്, അതിൻപ്രകാരം ഒന്നുപെട്ടിരിക്കുന്നതു ഏതു കാലത്തോ?

ജീവാത്മജ്ഞാനം എനിക്കുണ്ടായി, ഇനി, പരമാത്മജ്ഞാനവും ജീവാത്മപരമാത്മാക്കളുടെ അഭേദജ്ഞാനവും ലഭിക്കുന്നതേതുകാലത്താണ്? എന്നു ഭാവം.

ആറാതാരങ്കടന്തവനന്തപ്പേരൊളിരിയെ
പേരാകക്കണ്ടുനാൻപെററിരുപ്പതെക്കാലം?

അ—പരമേശ! ആറാധാരങ്ങളെയും കടന്നു വിളങ്ങുന്ന പരമാത്മാവായ നിന്നെ ഞാൻ പ്രാപിക്കത്തക്കവണ്ണം ദർശിച്ചു്, നിന്നിൽ ചേർന്നിരിക്കുന്നതേതുകാലത്തോ?

ആണവമായത്താലഴിന്തുടലുംപോകാമുൻ
കാണിതലാലിൻപമറവുകണ്ടറിവതെക്കാലം?

അ—പരമേശ, പ്രാരാംബ്ധം (അഥവാ, അഹങ്കാരം) കർമ്മം, മായ, എന്നീ മലങ്ങൾ മൂന്നും ചേർന്നു് ഉണ്ടായ ഈ ശരീരത്തെ പരിശുദ്ധമാക്കി (ഈ മലങ്ങൾ മൂന്നും നശിപ്പിച്ചു് എന്നർത്ഥം) ഞാൻ പാപശാന്തി വരുത്തിക്കൊള്ളുന്നതേതുകാലത്തോ?

മുമ്മലമുംചേർന്തുമുളൈത്തെഴുന്തകായമിതൈ
നിർമ്മലമായ്ക്കണ്ടുവിനൈനെനിങ്കിരുപ്പതെക്കാലം?

അ—പരമേശ, പ്രാരബ്ധം (അഥവാ അഹങ്കാരം) കാമം മായാ എന്നീ മലങ്ങൾ മൂന്നും ചേർന്നുണ്ടായ ഈ ശരീരത്തെ പരിശുദ്ധമാക്കി (ഈ മലങ്ങൾ മൂന്നും നശിപ്പിച്ചു് എന്നർത്ഥം) ഞാൻ പാപശാന്തിവരുത്തിക്കൊള്ളുന്നതേതുകാലത്തോ?

പരമേശ, പ്രാരബ്ധശക്തിയാൽ ഈ ദേഹം നശിച്ചുപോകുന്നതിനു മുമ്പു സൎവ്വവ്യാപിയായ നിന്നെക്കണ്ടറിയുന്നതേതുകാലത്തോ?

മൂന്നൈവിനൈകെടവേമൂൻറുവകൈക്കാക്ഷിയിനാൽ
ഉന്നൈവെളിപ്പെടുത്തിയുരുവതിനിയെക്കാലം?

അ—പരമേശ, എന്റെ പൂൎവ്വജന്മകൃതപാപങ്ങളെല്ലാം നശിക്കുമ്പോൾ, മൂന്നുവിധ ദൎശനങ്ങളെക്കൊണ്ടു നിന്നെ വഴിപോലെ ദൎശിച്ചു് നിന്നോടു ചേൎന്നിരിക്കുന്നതു ഇനി ഏതുകാലത്തോ?

കണ്ണിനൊളിവായ്ന്തതുവുംകരുത്തറിന്തുകൊണ്ടതുവും
വിണ്ണിലൊളികണ്ടതുവും വെളിപ്പെട്ടവതെക്കാലം?

അ—പരമേശ, ഞാൻ എന്റെ കണ്ണിനു പുറമേ ഒരു തേജസ്സു വ്യാപിച്ചിരിക്കുന്നതും എന്റെ ബുദ്ധി പലവക വിഷയങ്ങളെ അഭ്യസിച്ചതും ആകാശത്തിൽ ഞാൻ ഒരു തേജസ്സുകണ്ടതും പരമാൎത്ഥംപോലെ മനസ്സിലാക്കാൻ എനിക്കു സാധിക്കുന്നതേതുകാലത്തോ?

ഇതുകൾ പരമാൎത്ഥംപോലെ മനസ്സിലാകുമ്പോൾ ആത്മജ്ഞാനമുണ്ടാകും എന്നു ഭാവം.

കനവുകണ്ടാൽപോലെനക്കുകാട്ടിമറൈന്തേയിരുന്ത
നിനൈവേപ്പരവെളിമേൽനിറുത്തുവതുമെക്കാലം?

അ—പരമേശ, സ്വപ്നംകണ്ടാൽ ഉടനെ അതു മനസ്സിൽനിന്നു വിട്ടുപോകുന്നതുപോലെ എന്റെ വിചാരം ഓരോ വസ്തുക്കളെ ഓൎമ്മിപ്പിച്ചും മറപ്പിച്ചും പരിവൎത്തിച്ചുകൊണ്ടേയിരിക്കുന്നു. ആ വിചാരം നിന്റെ തിരുവടികളിൽ ഉറപ്പിക്കുന്നതേതുകാലത്തോ?

ആരെൻറുകേട്ടതുവുമറിവുവന്തുകണ്ടതുവും
പാരെൻറുശൊന്നതുവും പകുത്തറിവതെക്കാലം?

അ—പരമേശ, എന്റെ ഗുരുസ്വാമി എഴുന്നള്ളിവന്നു് നീ ആരു്? എന്നു എന്നോടു ചോദിച്ചതും ആ ചോദ്യംകേട്ടു എനിക്കു ജ്ഞാനം ഉദിക്കയാൽ ഞാൻതന്നെ എന്നു മറുപടി പറഞ്ഞതും ഉടനെ അദ്ദേഹം ഇതാ ഇതു മനസ്സിലടക്കിക്കൊള്ളുക എന്നുപദേശിച്ചതും യഥാൎത്ഥത്വം ഞാൻ വിചാരിച്ചറിയുന്നതേതുകാലത്തോ?

നിനൈക്കുനിനൈവുതോറുംനിറൈന്ത പരിപൂരണത്തൈ
മുനൈക്കുമേൽകണ്ടുകണ്ണിൽമുളൈന്തെഴപ്പതെക്കാലം?

അ—എന്റെ വിചാരങ്ങളിലെല്ലാം വ്യാപിച്ചിരിക്കുന്ന പരിപൂൎണ്ണ

നായ നിന്നെ—സർവ്വവ്യാപിയായ നിന്നെ—സുഷുമ്നാസ്ഥാനത്തെ കവിഞ്ഞിരിക്കുന്ന ജ്ഞാനദൃഷ്ടിയാൽ കാണാനിടയാകുന്നതേതുകാലത്തോ?

മുപ്പാഴംപാഴായ്മുതൽപ്പാഴംചൂനിയമായ്
അപ്പാഴംപാഴായൻപുചെയ്‌വതെക്കാലം?

അ—പരമേശ, മൂന്നു പാഴുകളും (ഈ പാഴുകളെപ്പററി മുൻപറഞ്ഞിട്ടുള്ളതു നോക്കുക) വെറും പാഴായി അതിനു മുമ്പെട്ടിരുന്ന മുതൽ പാഴംപാഴായി ആ വെറുംപാഴംപാഴായി അതിൻെറ പുറകിരുന്നു് ഞാൻ നിന്തിരുവടിയിൽ ഭക്തിരസത്തെ വർഷിക്കുന്നതേതുകാലത്തോ?

ചീരെൻറുഴുന്തുതെല്ലിന്തുനിൻറവാൻപൊരുളെ
നീരെൻറുകണ്ടുനില്ലെപെരുവതെക്കാലം?

അ—പരമേശ, ശീർ എന്നൊരുശബ്ദത്തോടുകൂടി വെളിപ്പെട്ട ഉൽകൃഷ്ടാത്മാവായ നിന്നെ മോക്ഷപ്രദനാണെന്നറിഞ്ഞു് ഞാനും നിന്നോടൊരുമിച്ചുതന്നെ ചേർന്നിരുന്നു കഴിഞ്ഞുകൂടുന്നതിനു ഏതുകാലത്തു സംഗതി വരുമോ?

വവ്വെഴുത്തുമവ്വെഴുത്തു വാളാകുഞ്ചിവ്വെഴുത്തും
അവ്വെഴുത്തിനുള്ളയടങ്കിനിൽപ്പതെക്കാലം?

അ—പരമേശ, വകാരമെന്ന വിദ്യാക്ഷരവും, മകാരമെന്ന വിദ്യാക്ഷരവും, അജ്ഞാനവൃക്ഷത്തെ ചുവടേ മുറിക്കുന്നതിനുള്ള വാളാകുന്നു. എന്നാൽ "ശി" എന്ന വിദ്യാക്ഷരം മേൽപറഞ്ഞ രണ്ടക്ഷരങ്ങളുടെയുംമുമ്പിൽ ചേർന്നുനിന്നാൽ എന്തുഗുണം സിദ്ധിക്കുമോ ആ ഗുണത്തെ ഞാൻ ലഭിക്കുന്നതേതുകാലത്തോ?

ശിവമ് എന്ന പദം എനിക്കു ലഭിക്കുന്നതേതുകാലത്തൊ എന്നു സാരം.

എഴുത്തെല്ലാമൊഞ്ചിറന്തേയേകമായ്നിൻറതിലേ
അഴുത്തമാച്ചീതെന്ത വൈത്തൻപുകൊൾവതെക്കാലം?

അ—പരമേശ, അക്ഷരസമുദായമെല്ലാം അങ്ങയുടെ നാദധ്വനിയെത്തരാതെ ലയിച്ചുപോകുന്ന ഏകാന്തസ്ഥാനത്തിൽ എൻെറ മനസ്സിനെ വച്ചു്, ഭക്തിയെ നിർവ്വഹിക്കുന്നതേതുകാലത്തോ?

അരുവാകിയുരുവാകിയാദിയന്തമാകിനിൻറ
കുരുവാകിവന്തെന്നൈയാൾകൊണ്ടരുൾവതെക്കാലം?

അ—പരമേശ, നിന്തിരുവടിതന്നെ, അരൂപനായും സ്വരൂപനായും

ആദിയായും അന്തമായുമുള്ള ആചാര്യസ്വാമിയായും എഴുന്നുള്ളിവന്നു്, എന്നെ ശിഷ്യനാക്കിച്ചെയ്യുന്നതു ഏതുകാലത്തോ?

നാനെൻററിന്തവനൈനാനറിയാക്കാലമെല്ലാം
താനെൻറുനീയിരുന്തുതനൈവറിവതെക്കാലം?

അ—പരമേശ, എല്ലായിടത്തും ഞാൻ, എന്നു മുന്നിട്ടുവന്നു്, എല്ലാററിനും സാക്ഷിഭൂതനായി നിൽക്കുന്ന നിന്നെ, ഞാൻ അറിയാതെ കഴിഞ്ഞകാലമെല്ലാം പോകട്ടെ, ഇനിയെങ്കിലും ആ വസ്തുത അറിവാൻ എനിക്കു് സംഗതിയാകുന്നതു് ഏതു കാലത്തോ?

എന്മയമായ്ക്കണ്ടതെല്ലാം എണ്ണിയെണ്ണിപ്പാർത്തപിൻപു
തന്മയമായ്ക്കൊണ്ടതിലേപാർത്തുനിൽപ്പതെക്കാലം?

അ—പരമേശ, ഞാൻ ലൌകികബുദ്ധിഹേതുവായിട്ടു് എനിക്കുള്ളതെന്നു കരുതിയ വസ്തുക്കളെല്ലാം സൂക്ഷ്മമായി വിചാരിച്ചുനോക്കിയപ്പോഠം അതെല്ലാം നിൻെറ രൂപത്തോടുകൂടിയതാണെന്നു കണ്ടു്, അതിനാൽ ഞാനും നിൻെറ രൂപത്തിലായിച്ചേർന്നിരിക്കുമാറു്, നിൻെറ അനുഗ്രഹം എനിക്കു ലഭിക്കുന്നതേതുകാലത്തോ?

ഒളിയാലൊളിയാമുരുപ്പിറന്തവാറതുപോൽ
വെളിയിൽവെളിയാനവിതമറിവതെക്കാലം?

അ—പരമേശ, ഒരു തേജസ്സിൽ മററൊരു തേജസ്സുകൂടി അടങ്ങിക്കാണപ്പെട്ടതുപോലെ, ചിദാകാശമായ വെട്ടവെളിയിൽ വേറൊരു വെട്ടവെളിയും കലന്നിരിക്കുന്ന പ്രകാരത്തെ ഞാൻ അറിയുന്നതു ഏതുകാലത്തോ?

ഒളിയിട്ടമെപ്പൊരുളൈയുംവഴിയിലേയടൈന്തു
വെളിയിട്ടപാത്തിവൈത്തുവീട്ടുരുവതെക്കാലം.

അ—പരമേശാ, തേജോരൂപനായ നിന്നെ, ഉഠംഭാഗത്തു ചേൻനിന്നു ചിദാകാശവഴിയൂടെ എഴുന്നുള്ളിപ്പിച്ചു് നമസ്കാരംചെയ്തു് തൽഫലമായി മോക്ഷപദത്തെ ലഭിക്കുന്നതിനു് എനിക്കു സംഗതിവരുന്നതേതുകാലത്തോ?

കാന്തംവലിത്തിരുമ്പൈക്കരെത്തിഴുത്തുക്കൊണ്ടതുപോൽ
പായ്ന്തുപിടിത്തിഴുത്തുൻപദത്തിൽവയ്പ്പതെക്കാലം

അ—കാന്തം ഇരുമ്പിനെ ആകർഷിച്ചു തന്നോടുചേർത്തുവയ്ക്കുന്നതുപോലെ, എൻെറ മനസ്സിനെ ബലാൽ പിടിച്ചുവലിച്ചെങ്കിലും നിൻെറ തിരുവടികളിൽ ചേർത്തുവച്ചു്, നിന്തിരുവടിയുടെ അനുഗ്രഹസമ്പത്തു് ലഭിക്കുന്നതേതുകാലത്തോ ?

പിത്തായങ്കൊണ്ടുപിരന്നവത്തെയ്യുവത്തു
ചെത്താരെപ്പോലേതിരിവതിനിയെക്കാലം?

അ—പരമേശ! ഓംകാരമെന്ന വിഷ്ണുംക്ഷരധ്യാനത്താൽ നിവികരേനായി . നിജ്ജീവനായ മനുഷ്യനെപ്പോലെ നിവിചാരനമായി, അലയുന്ന സുഖജീവിതം എനിക്ക് ഏതുകാലത്തു കൈവരുമോ?

ഒഴിന്തകരുത്തിനൈവത്തുള്ളെലുമ്പുവെള്ളെലുമ്പായ്
കഴിന്തപിണംപോലിരുന്തുകാൺപതിനിയെക്കാലം?

അ—പരമേശ, ഞാൻ അല്പംപോലും ഒരിടത്തു സ്ഥിരമായി നിൽക്കാത്ത വിചാരത്തോടുകൂടിമനസ്സലിഞ്ഞു്,ജീവൻ വേർപെട്ടവനെപ്പോലെ നിശ്ചലനായിരുന്നു്, നിൻെറ തിരുവടികളെ ഏതുകാലത്തു ദർശിക്കാൻ ഇടയാകുന്നോ?

ആദികപിലർശൊന്നവാകമത്തിൻശൊൽപടിയേ
ചാതിവകൈയില്ലാമൽ ചഞ്ചരിപ്പതെക്കാലം?

അ—പരമേശ, പണ്ടു കപിലാചാര്യനാൽ എഴുതപ്പെട്ട ധമ്മശാസ്ത്രമനുസരിച്ചു ജാതിമതഭേദമില്ലാതെ സവരിലും സമഭാവനയോടുകൂടി (അവധൂതനായി) സഞ്ചരിക്കുന്നതേതുകാലത്തോ?

പൂത്തുങ്കളവുംതൊടരാവിനൈയുഞ്ചുട്ടക്കാ—
റൂത്തുന്തുരുത്തിയൈപ്പോട്ടലെയടവതെക്കാലം?

അ—പരമേശ, ചതി കള്ളം പുണ്യപാപങ്ങൾ ഇവയെ നിശ്ശേഷം ചുട്ടെരിച്ചു നശിപ്പിച്ചു് അവയിൽനിന്നും ഉത്ഭവിച്ച ഈ ദേഹത്തെ ഉപേക്ഷിച്ചു നിൻെറ തിരുവടികളെ പ്രാപിക്കുന്നതേതുകാലത്തോ?

ആശൈവലൈപ്പാശത്തകപ്പെട്ടുമായാമൽ
ഓശൈമണിദീപത്തിലൊൻറിനിൽപ്പതെക്കാലം.

അ—പരമേശ! ഞാൻ ആശയെന്ന പാശത്താൽ കെട്ടപ്പെട്ടു വൃഥാ മരിക്കാതെ നാദബ്രഹ്മരൂപമായ ദിവ്യതേജസ്സിൽ കലന്നിരിക്കാൻ സംഗതിവരുന്നതേതുകാലത്തോ?

കല്ലായ്മരമായ്ക്കയലായ്പ്പറവൈകളായ്
പുല്ലായ്പിറന്തജന്മംപോതുമെൻപതെക്കാലം?

അ—പരമേശ, ഞാൻ ഇതുവരെ എടുത്തെടുത്തു തളൎന്നു. കല്ല് മരം മത്സ്യം പക്ഷി പുല്ല് ഇങ്ങനെയുള്ള അനേകജന്മങ്ങളെയെല്ലാം മതിയെന്നുവച്ചു് അവയെ നീക്കിക്കൊള്ളാൻ സാധിക്കുന്നതേതുകാലത്തോ?

തക്കംവരുകൈക്കോർപ്പൊരുളും ചാരാമലേനിനൈവിൽ
പക്കുവമായുന്നരുളേപ്പടത്തിരിപ്പതെക്കാലം?

അ—പരമേശ, എൻേറതെന്നു ഒരു വസ്തുവേയും മനസ്സിൽ കരുതാതെ, നിന്തിരുവടിയുടെ അനുഗ്രഹസമ്പത്തിൻെറ സഹായത്തോടുകൂടി അങ്ങേ കരുണയെ നോക്കിയിരിക്കുന്നതിനു എനിക്കു ഭാഗ്യമുണ്ടാകുന്നതു ഏതു കാലത്തോ?

ത്തുരോടിശൈന്തുചുഴൻറത്തുവത്തൈ
വേരോടിശൈന്തുവിളങ്കുവതുമെക്കാലം?

അ—പരമേശ, അനേക കുററങ്ങളോടുകൂടി വ്യാപരിച്ചുകൊണ്ടിരുന്ന തത്വങ്ങളെ വേരോടെ നശിപ്പിച്ചു് ഞാൻ പരിശുദ്ധനായി ഭവിക്കുന്നതേതുകാലത്തോ?

പാതനടുമാറിപ്പയന്തെഴുന്തചിത്തിരത്തൈ
കാകനടുമൂലത്തിരുത്തുവതുമെക്കാലം?

അ—പരമേശ, ഇങ്ങോട്ടും അങ്ങോട്ടും പലവിധത്തിൽ മാററി വിഷമിക്കാതെ അനാഹതമെന്ന മദ്ധ്യഭാഗത്തിലിരുന്നു് അക്ഷരത്തെ മാററി. അപ്പോൾ ആ സ്ഥാനത്തു പ്രകാശിച്ചു കാണപ്പെടുന്ന വിചിത്രമായ ജ്യോതിസ്സിനെ ഏകാന്തമായ നടുമൂലത്തിൽ ചേർത്തുവച്ചു, നിൻെറ അനുഗ്രഹത്തിനു പാത്രീഭവിക്കുന്നതേതുകാലത്തോ?

ഓരിമ്പംകാട്ടുമുയർജ്ഞാനവീതിചെൻറു
പേരിമ്പവീട്ടുകണ്ടുപെററിരുപ്പതെക്കാലം?

അ—പരമാത്മൻ! വിചാരിക്കാൻപോലും കഴിവില്ലാത്ത സുഖത്തെ തരുന്ന ജ്ഞാനമെന്ന തെരുവഴിയിൽകൂടിപ്പോയി അവിടെ അദ്വൈതാനന്ദമോക്ഷത്തെക്കണ്ടു സ്വാധീനമാക്കി അതിൽ ചേർന്നിരിക്കുന്നതേതുകാലത്തോ?

കാരണമായ് വന്തെൻകരുത്തിനുരൈത്തതെല്ലാം
പൂരണമാകക്കണ്ടുപുകഴ്ന്തിരുപ്പതെക്കാലം?

അ—പരമേശ, നീതന്നെ കാരണഗുരുവിൻെറ തിരുമേനിപൂണ്ടു് എഴുന്നള്ളിവന്നു് എന്നോടരുളിച്ചെയ്ത സാരതത്വങ്ങളെല്ലാം ആലോചിച്ചറിഞ്ഞു് ആനന്ദിക്കുന്നതേതുകാലത്തോ?

ആയുങ്കലൈകളെല്ലാമാരായ്ന്തുപാർത്തതൻപിൽ
നീയെൻറുമില്ലാനിശംകാൺപതെക്കാലം?

അ—പരമേശ! നിൻെറ തത്വത്തെ വെളിപ്പെടുത്താൻ ശ്രമിച്ചിട്ടുള്ള ശാസ്ത്രങ്ങളെല്ലാം ഞാൻ സാവധാനമായി വായിച്ചുനോക്കിയശേഷവും നീയെന്നു ഒരു പൊരുൾ പ്രത്യക്ഷമായിവന്നു നിൽക്കയെന്നുള്ള പരമാത്ഥത്തെ ഞാൻ കണ്ടറിയുന്നതേതുകാലത്തോ?

അതായത്, ആത്മതത്വങ്ങളെ പ്രതിപാദിക്കുന്ന വേദാന്തശാസ്ത്രങ്ങൾ മുഴുവൻ പഠിച്ചാലും ഈശ്വരദശ്നത്തിനു അതുമതിയാകയില്ല എന്നു ഭാവം.

കുറിയാകക്കൊണ്ടുകുലമളിത്തനായകനൊ-
പ്പിരിയാമൽചേർന്തുപിറപ്പറുപ്പതെക്കാലം?

അ—പരമേശ! എന്നെ ഒരു ലക്ഷ്യമാക്കിവച്ചുകൊണ്ടു്, എനിക്കു കൈശവവംശത്തെത്തന്നരുളിയ എൻെറ നാഥനായ നിന്തിരുവടിയെ ഒരിക്കലും പിരിയാതവണ്ണം ചേന്നു് ജന്മമറുക്കാൻ എനിക്കു സാധിക്കുന്നതേതു കാലത്തോ?

മത്തടുത്തുനിൻറുമരുളാടുവാർപോലെ
പിത്തടുത്തുനിന്നരുളൈപ്പെററിരുപ്പതെക്കാലം?

അ—പരമേശ! ലഹരിപദാത്ഥങ്ങൾ സേവിച്ചു ഉന്മത്തനൃത്തം ചെയ്യുന്നവനെപ്പോലെ ഞാൻ ആത്മാനന്ദലഹരിയാൽ ഉന്മത്തനായി നിന്തിരുവടിയുടെ അനുഗ്രഹം ലഭിച്ചു സുഖിച്ചിരിക്കുന്നതേതുകാലത്തോ?

ചാവാമൽചെത്തിരുത്തുചൽകുരുവിൻപൊന്നടിക്കീഴ്
വേവാമൽവെന്തിരുക്കവേണ്ടുവതുമെക്കാലം?

അ—പരമേശ! ചാകാതെ ചത്തിരുന്നിട്ടും നല്ല ജ്ഞാനാചാൎയ്യൻെറ തിരുവടികളിൻകീഴിൽ വേകാതെ വെന്തിരുന്നും നിന്നെ പ്രാത്ഥിക്കുന്നതേതുകാലത്തോ?

ചാകാതെ ചത്തിരിക്കുന്നതു്, ശവത്തെപ്പോലെ നിശ്ചലനും മൌനിയുമായിരിക്കുകയാകുന്നു. വേകാതെ വെന്തിരിക്കുന്നതു്, ജ്ഞാനാഗ്നി ചൂഴ്ന്നിരിക്കുകയാകുന്നു.

എന്നൈയറിയാമലിരുന്താട്ടും ചൂത്തിരനിൻ
തന്നൈയറിന്തുതപംപെറുവതെക്കാലം?

അ—പരമേശ, ഞാൻ എന്നെത്തന്നെയുമറിയാതെ ഉള്ളിലിരുന്നു് എന്നെ ചേഷ്ടിപ്പിക്കുന്ന സൂത്രധാരനായ നിൻെറ തത്വത്തെ ഉള്ളതുപോലെ അറിഞ്ഞു് നിന്നെക്കുറിച്ചു തപസുചെയ്യുന്നതേതുകാലത്തോ?

ഉള്ളമറിയാതൊളിത്തിരുന്തനായകനൈ
കള്ളമനന്തെളിന്തുകാൺപതിനിയെക്കാലം?

അ—പരമേശ! എന്റെ മനസ്സറിയാത്ത വിധത്തിൽ എന്റെ ഉള്ളിൽ കളിച്ചിരുന്ന രക്ഷകനായ നിന്നെ, എന്റെ കുടിലമനസുകൊണ്ടറിഞ്ഞു ദർശിക്കുന്നതേതുകാലത്തോ?

വാശിത്തുംകാണാമൽവായ്വിട്ടു പേശാമൽ
പൂശിത്തുംതോൻറാപ്പൊരുൾകാൺപതെക്കാലം?

അ—പരമേശ! ഞാൻ യോഗമാൎഗ്ഗം പരിശീലിച്ച് രേചകപൂരകകുംഭകങ്ങളെന്നു പ്രസിദ്ധിയുള്ള പ്രാണായാമത്തെച്ചെയ്തിട്ടും കാണാതെയും വായ് തുറന്നു സംസാരിക്കാതെ, പൂജചെയ്തിട്ടും വെളിപ്പെടാതെയും ഇരിക്കുന്ന നിന്നെ ഏതുകാലത്തിൽ ഏതുവഴിക്കു ഞാൻ കാണുമോ ആവോ?

പന്നിരണ്ടുകാൽപുരവിപായ്ന്തുചില്ലടന്തട്ടാമൽ
പന്നിരണ്ടുചങ്കിലിക്കൾപിണൈപ്പതിനിയെക്കാലം?

അ—പരമേശ, ഞാൻ പന്ത്രണ്ടംഗുലം വെളിപ്പെട്ടശേഷം കെട്ടുപോകുന്ന ശ്വാസത്തെ അങ്ങനെ വെളിപ്പെടുത്താതെ ഉള്ളിലടക്കി പിന്നീടു ഇഡ പിംഗല എന്ന രണ്ടു ചങ്ങലകളെക്കൊണ്ടു ബന്ധിച്ചുവയ്ക്കുന്നതേതു കാലത്തോ?

(പ്രാണായാമക്രമമാണു മേൽപ്പറയപ്പെട്ടതു്.

നാട്ടുക്കാലിരണ്ടുംവിട്ടുനടുവുക്കാലൂടേപോയ്
ആട്ടുക്കാലിരണ്ടിനുള്ളേ ആയഉന്തിരുപ്പതെക്കാലം?

അ—പരമേശ, രണ്ടുകാൽകളായ രേചകപൂരകകുംഭങ്ങളെ ഒഴിച്ച് മദ്ധ്യസ്ഥാനത്തുള്ള കാലായകുംഭകത്തിൽ എത്തി അവിടെ സുഷുമ്നയിൽ നൃത്തംചെയ്തുകൊണ്ടിരിക്കുന്ന നിന്റെ രണ്ടു തിരുവടികളിൽ ചേൎന്നിരുന്നു കഴിയുന്നതിനു നിന്റെ അനുഗ്രഹം എനിക്കു എന്നു ലഭിക്കുമോ ആവോ?

പാൽപശുവെയോട്ടിപതിയൽവന്തുശീരാട്ടി
കാൽപശുവെയോട്ടിയതിൽകട്ടിവയ്പതെക്കാലം?

അ—ഞാൻ പാശത്താൽ കെട്ടിയിരിക്കുന്ന തത്വജ്ഞാനത്തെ കൈവിട്ടു് ദേവതാജ്ഞാനത്തെ പ്രാപിച്ച് അതിൽ ഭക്തിയെന്നുപേരായ ഒരു പശുവിനെ നടത്തി മുൻപറഞ്ഞ ജ്ഞാനത്തെ ഏതുകാലത്തിൽ നിൎത്തിവയ്ക്കുമോ അറിഞ്ഞില്ല.

പലവിടത്തേമനതൈപ്പായവിട്ടുപ്പാരാമൽ
നിലവരെയിന്തൂടേപോയ്നേർപ്പെടുവതെക്കാലം?

അ—പരമേശ! ഞാൻ എന്റെ മനസ്സിനെ പലേടത്തും പോകാൻ വിടാതെ, പൃഥിവിസ്ഥാനം വഴിയായി പോയി യോഗാഭ്യസനംചെയ്തു നിന്നെ ഏതുകാലത്തിൽ പ്രാപിക്കുമോ?

കാമക്കടൽകടന്തുകരൈയേറിപ്പോവതക്കേ
കാമക്കനൽവളത്തിയുള്ളിരുപ്പതെക്കാലം?

അ—പരമേശ, ഞാൻ മുങ്ങിക്കിടക്കുന്ന കാമക്കടൽകടന്നു് ആത്മജ്ഞാനം എന്ന കരയ്ക്കുകയറുന്നതിനു ഹോമാഗ്നിയെ ഉള്ളിൽ ജ്വലിപ്പിച്ചു് നിൻെറ തിരുവടികളിൽ ചേൎന്നിരുന്നു കഴിയുന്നതിനു് ഏതുകാലത്തു് എനിക്കു സംഗതിവരുന്നോ ആവോ?

ഉദയച്ചുടർമൂൻറുമൂഠംവീട്ടിലേകൊളുത്തി
ഇതയത്തിരുനടനമിനിക്കാൺപതെക്കാലം?

അ—പരമേശ, തനിയേ കത്തുന്ന, ആഹവനീയാഗ്നി ദാക്ഷിണാഗ്നി ഗാർഹ്യപത്യാഗ്നി എന്നീ മൂന്നഗ്നികളെയും മനോമന്ദിരത്തിൽ ജ്വലിപ്പിച്ചു് അതിൽ പരിലസിക്കുന്ന ചിദാകാശസ്ഥാനത്തിൽ നീ നടിക്കുന്ന നടനത്തെ ഞാൻ ഏതുകാലത്തു കാണുമോ?

വേതാന്തപേതമെല്ലാംവിട്ടേറിയേകടന്തു
നാതാന്തമൂലനടുവിരിപ്പതെക്കാലം?

അ—പരമേശ! ഞാൻ വേദവേദാന്തങ്ങളെ കൈവിട്ടു്, അവയെക്കടന്നുവന്നു്, നാദത്തിൻെറ അന്തത്തിൽ വിളങ്ങുന്ന മൂലപ്പൊരുളിൽ ചേൎന്നിരിക്കത്തക്കവണ്ണമുള്ള അനുഗ്രഹം എനിക്കു ഏതുകാലത്തു ലഭിക്കുന്നോ?

പട്ടമറകാറ്റിൽപറന്തിടുംചൂത്ത രംപോൽ
വിട്ടുവെളിവാകവീത്തുവരിവതെക്കാലം?

അ—സർവേശ, കാററിൻെറ സഹായത്തെമാത്രം അവലംബിച്ചു് ആകാശത്തിൽ പറക്കുന്ന പട്ടംപോലെ സർവ്വം ഉപേക്ഷിച്ചു് വായുമാത്രാഹാരനായി സന്ന്യസിച്ചു നിന്നെ ഭജിക്കുന്നതിനു എനിക്കു എപ്പോഠം സംഗതിവരുമോ? ആവോ?

അട്ടാംഗയോകമതുക്കപ്പാലുക്കപ്പാലായ്
കിട്ടാപ്പൊരുളതനൈ കിട്ടുവതുമെക്കാലം?

അ—പരമേശ, എട്ടുവിധത്തിലുള്ള യോഗങ്ങളേയും കടന്നു ഭക്തിഹീനന്മാരാൽ അറിയപ്പെടാത്ത ചിദ്വസ്തുവായ നിന്നിൽ ചേരുനതിനു എനിക്കു ഏതുകാലത്തിൽ സംഗതിവരുമോ?

കട്ടാമനൊട്ടിനിൽകമുടലുമുയിരുംപിരിത്തേ
എട്ടാപ്പഴംപെതിക്കിങ്കേണുവപ്പതെക്കാലം?

അ—പരമേശ, ബന്ധമില്ലാത്തവിധത്തിൽ ബന്ധപ്പെട്ടിരിക്കുന്ന ദേഹാദികളെ വെവ്വേറെ പിരിച്ചു അലഭ്യവസ്തുവായ നിന്റെ സമീപത്തേക്കു കയറിവരുന്നതിനു ജ്ഞാനമാകിയ ഏണിയെ ഞാൻ ചാരുന്നതേതുകാലത്തോ?

പാശത്തെനീക്കിപ്പശുവൈപ്പതിയിൽവിട്ടു
നേശത്തിന്റുള്ളേ നിനൈന്തിരിപ്പതെക്കാലം?

അ—പരമേശ, ഞാൻ എന്റെ പാശബന്ധങ്ങളെ തീരെ നശിപ്പിച്ചു ദാസനായ എന്നെ നാഥനായ നിന്റെ സമീപത്തിലിരുത്തി, മനസ്സിൽ നിന്റെ തിരുവടികളെ ധ്യാനിച്ചിരിക്കുന്നതേതുകാലത്തോ?

ആചാരനേയവനുട്ടാനവുംമറന്തു
പേശാമൈജ്ഞാനനിലൈപ്പെററിരുപ്പതെക്കാലം?

അ—പരമേശ, ഞാൻ ആചാരം, നിയമം, അനുഷ്ഠാനം ഇവയെ നീക്കി ഒരുകാലത്തും സംസാരിക്കാത്ത മൌനനിഷ്ഠയോടുകൂടിയ പരമാത്മജ്ഞാനനിലയെ പ്രാപിച്ചിരിക്കുന്നതേതുകാലത്തോ?

പല്ലായിരംകോടിപ്പകിരണ്ഡമുംപടൈപ്പ്പേ
യല്ലാതുവേറില്ലൈയെന്റിവതിന്നിയെക്കാലം?

അ—പരമേശ, അനേകായിരം കോടിക്കണക്കായി കിടക്കുന്ന ബ്രഹ്മാണ്ഡങ്ങളെല്ലാം ഒരുത്തനാൽ സൃഷ്ടിക്കപ്പെട്ടവയല്ലാതെ വേറില്ലെന്നുള്ള അറിവു് എനിക്കുണ്ടാകുന്നതേതുകാലത്തോ?

സവ്വത്തിനും കത്താവു നീതന്നെ എന്നുള്ള ബോധം എനിക്കു എപ്പോഠം ഉണ്ടാകും? എന്നഭിപ്രായം.

ആതിമൂതലാകിനിന്റവരിയെന്റവക്ഷരത്തൈ
ഓതിയറിന്തുള്ളേ യുണവ്തിന്നിയെക്കാലം?

അ—എല്ലാററിനും ആദിമൂലമായ "ഹരി" എന്ന അക്ഷരം ഉച്ചരിച്ചു് അതിന്റെ അത്ഥം മനസ്സിലാക്കി വിചാരിച്ചുകൊണ്ടിരിക്കുന്നതു് ഏതുകാലത്തോ?

ചാത്തിരത്തൈച്ചുട്ടിച്ചതുർമറയൈപ്പൊയ്യാക്കി
ചൂത്തിരത്തൈക്കണ്ടുതുയരറുപ്പതെക്കാലം?

അ—പരമേശ, ഞാൻ നാലുവേദങ്ങളേയും ആറുശാസ്ത്രങ്ങളേയും നോക്കിനോക്കി അവയിലെ അത്ഥവാദങ്ങളെത്തള്ളി ആന്തരരഹസ്യം മനസ്സിലാക്കി അവയിൽ സൂത്രധാരത്വം വഹിച്ചുനിൽക്കുന്ന നിന്തിരുവടിയെക്കണ്ടു് എന്റെ ദുഃഖശാന്തി വരുത്തിക്കൊൾവതേതുകാലത്തോ?

അല്ലും‌പകലുമെൻറനറിവൈയറിവാലറിന്തു
ചൊല്ലുമററെമലർന്തുതും‌കുവതുമെക്കാലം?

അ—എൻെറ അറിവിനെ ബുദ്ധിയാൽ അറിഞ്ഞു പറയുന്ന വാക്കിൻെറ അർത്ഥവും മറന്ന്, രാപ്പകൽ സുഖാനന്ദത്തിൽ ലയിച്ച് നിദ്രാണനെപ്പോലെയിരിക്കുന്നതേതുകാലത്തോ?

ഇറങ്കും‌ചരാചരത്തിലെള്ളുമെണ്ണയും‌പോൽ
മുയങ്കുമന്തവേതമുടിവറിവതെക്കാലം?

അ—പരമേശ, ലോകത്തിലുള്ള സകല ചരാചരങ്ങളുടേയും ഉള്ളിൽ എള്ളിൽ എണ്ണ എന്നപോലെ ചേർന്നിരിക്കുന്ന വേദാന്തസാരാർത്ഥമായ നിന്നെ ഞാൻ അറിയുന്നതേതുകാലത്തോ?

മൂന്നാകിവ്നാലുയിരാകിയെപ്പുലകും
താനാകിനിൻറതരപ്പറിവതെക്കാലം?

അ—ശരീരമായും ശരീരത്തിനുള്ളിലിരിക്കുന്ന ശരീരിയായും എന്നല്ല ചരാചരരൂപമായ ഈ ലോകംതന്നെ താനായും, ഇരിക്കുന്നതു നീയാണെന്നുള്ള വസ്തുത ഞാൻ അറിയുന്നതേതുകാലത്തോ?

എന്നൈവിട്ടുനീങ്കാമതെന്നിടത്തുനീയിരിക്ക
ഉന്നൈവിട്ടുനീങ്കാതൊരുപ്പെട്ടുവതെക്കാലം?

അ—പരമേശ, നീ എന്നെ വിട്ടു നീങ്ങാതെ ഇരിക്കുമ്പോൾ, ഞാൻ നിന്നെവിട്ടു നീങ്ങാതെ ഒന്നുപെട്ടിരിക്കുന്നതേതുകാലത്തോ?

അങ്ങനെ ജീവാത്മ പരമാത്മൈക്യം ഭവിക്കുമെങ്കിൽ അതുതന്നെ ഞാൻ ആശിക്കുന്ന വരമെന്നു സാരം.

ഇന്നതെൻറുചൊല്ലവൊണ്ണാവെല്ലൈയററവാൻപൊ—
രുളൈ
ചൊന്നതെൻറുനാനറിന്തുചൊൽവതിനിയെക്കാലം?

അ—പരമേശ! ഇന്നതെന്നു പറവാൻ പാടില്ലാത്ത മാനാതീതനായ നിന്നെ, ആചാര്യസ്വാമിയാൽ ഉപദേശിക്കപ്പെട്ട ആത്മതത്വമാണെന്നറിഞ്ഞു പറവാൻ സംഗതിവരുത്തുന്നതേതുകാലത്തോ?

മനതൈയൊരുവില്ലാക്കിവാൻപൊറിയെന്നാണാക്കി
യെനതറിവൈയമ്പാക്കിയെയ്‌വതിനിയെക്കാലം?

അ—പരമേശാ, ഞാൻ എൻെറ മനസ്സിനെ ഒരു വില്ലാക്കി, ഇന്ദ്രിയ ഗ്രാമത്തെ ഞാണാക്കി, ജ്ഞാനത്തെ അമ്പുമാക്കി, അജ്ഞാനമെന്ന ശത്രുവേ ലാക്കാക്കി എയ്യുന്നതേതുകാലത്തോ?

എന്നൈയിറക്കവൈവെയേയെൻപതിയെയിടഴിത്ത
ഉന്നൈവെളിയിൽവൈത്തേയൊളിന്തുനില്പതെക്കാലം?

അ—പരമേശാ, ഞാൻ എന്നെ അനുസരിപ്പിച്ച്, എൻെറ ഇരിപ്പിടത്തെ ഇല്ലാതാക്കിയ നിന്നേയും അവിടെനിന്നും ഇളക്കി വെളിച്ചത്താക്കി ഞാൻ മറഞ്ഞിരിക്കുന്നതു ഏതുകാലത്തോ?

കടത്തുകിൻറതോണിതനൈക്കഴൈയൽകുത്തിവിട്ടാൽ-
പോൽ
നടത്തുകിൻറചിത്തിരത്തൈനാനറിവതെക്കാലം?

അ—തോണിക്കാരൻ തോണിക്കകത്തിരുന്നുകൊണ്ടു കഴകുത്തിയോ മറേറാ അതിനെ നടത്തിക്കൊണ്ടുപോകുന്നതുപോലെ ജീവജന്തുക്കളുടെ ഉള്ളിൽ ഇരുന്നുകൊണ്ടു നീ അവറെറ നടത്തുന്ന അത്ഭുതലീലാവിശേഷത്തെ ഞാൻ അറിയുന്നതേതുകാലത്തോ?

നിൻറനിലൈപേരാമനിനൈവിലൊൻറുചാരാമൽ
മെൻറനിലൈമുത്തിയെൻറുചേർന്തറുവതെക്കാലം?

അ—പരമേശാ! ഞാൻ നിൽക്കുന്ന നിലയിൽനിന്നും, മാറാതെയും മനസ്സിൽ യാതൊരു വിചാരവുമില്ലാതെയും ലൌകികനിലയെക്കവിഞ്ഞുണ്ടാകുന്ന പരമാത്മബോധമേതോ അതുതന്നെ മോക്ഷമെന്നറിഞ്ഞു്, ആ വിധനിലയെ പ്രാപിച്ചു്, അതിൻെറ സുഖത്തെ ഞാൻ അറിയുന്നതെന്നോ?

പൊന്നുംവെള്ളിയുംപൂൺപൊൽപതത്തൈയുള്ള മൈത്തു
മിന്നുമൊളിവെളിയേവിട്ടടൈപ്പതെക്കാലം?

അ—പരമേശ, പൊന്നും വെള്ളിയും ധരിച്ചിരിക്കുന്ന അഴകേറിയ നിൻെറ തിരുവടികളെ മനസ്സിൽവച്ചു ധ്യാനിച്ചു തേജോമയനായ നിന്നെ വെളിപ്പെടുത്തി നിത്തിയുംകൊണ്ടു്, എന്നെ നീ ഇരുന്ന ആ ധ്യാനത്തു് ആക്കി അടച്ചുവയ്ക്കുന്നതേതുകാലത്തോ?

ജീവാത്മാവിനെ പരമാത്മാവിനോടേകീകരിച്ചു പരമാത്മമാത്രമാക്കി പ്രകാശിപ്പിക്കുന്നതിനു എനിക്കു എന്നു സാധിക്കും? എന്നു്.

കൂട്ടിലടൈപ്പട്ടപുഴുക്കളവിയുരുകൊണ്ടതുപോൽ
വീട്ടിലടൈപ്പട്ടരുളൈവേണ്ടുവതുമെക്കാലം?

അ—കൂട്ടിലാക്കി അടയ്ക്കപ്പെട്ട പുഴ അല്പകാലംകൊണ്ടു “വേട്ടാളൻ” എന്ന കീടമായിത്തീരുന്നതുപോലെ, ഞാൻ മോക്ഷവീട്ടിലടയ്ക്കപ്പെട്ടവനായിട്ട്, നിൻെറ രൂപത്തെ പ്രാപിക്കുന്നതേതുകാലത്തോ? അഥവാ നിൻെറ രൂപത്തെ പ്രാപിക്കുന്നതിനു നിൻെറ അനുഗ്രഹത്തെ പ്രാൎത്ഥിക്കുന്നതേതു കാലത്തോ?

കടലിലൊളിത്തിരുന്തകനലെഴുന്തുവന്താൽപോൽ
ഉടലിലൊളിത്തശിവമൊളിചെയ്വതെക്കാലം?

അ—പരമേശാ, സമുദ്രത്തിൽ മറഞ്ഞിരിക്കുന്ന ബഡവാഗ്നി പ്രകാശമാനമായി ഉയൎന്നുവന്നാലെങ്ങനെയിരിക്കുമോ അതുപോലെ, എൻെറ ശരീരത്തിൽ മറഞ്ഞിരിക്കുന്ന നീ വെളിപ്പെട്ടവനു്, എന്നെ അനുഗ്രഹിക്കുന്നതേതുകാലത്തോ?

അരുണപ്രകാശമണ്ഡമെംകുംപോത്തതുപോൽ
കരുണൈത്തിരുവടിയിൽകലൎന്തിരുപ്പതെക്കാലം?

അ—പരമേശ, സൂൎയ്യൻെറ പ്രകാശം ലോകത്തിലെങ്ങും ഒരുപോലെ വ്യാപിച്ചിരിക്കുന്നതുപോലെ സൎവ്വചരാചരങ്ങളിലും വ്യാപിച്ചിരിക്കുന്ന നിൻെറ തിരുവടികളിൽ ഞാൻ കലൎന്നിരിക്കുന്നതും, ഏതുകാലത്തോ?

പൊന്നിൽപലവിതമായ്പൂഷണമുണ്ടാനതുപോൽ
ഉന്നിൽപിറന്തതുന്നിലൊടുക്കുവതുമെക്കാലം?

അ—പൊന്നിൽനിന്നും പലരൂപത്തിലുള്ള ആഭരണങ്ങൾ ഉണ്ടാകുന്നതുപോലെ, നിന്നിൽനിന്നും പലരൂപത്തിലായി ഉണ്ടായിരിക്കുന്ന ഈ ചരാചരങ്ങളെല്ലാം നിന്നിൽ അടങ്ങുന്നതു—അതുപോലെ നിന്നിൽനിന്നു ജനിച്ച ഒരു വ്യക്തിയായ ഞാനും നിന്നിലടങ്ങുന്നതു—ഏതുകാലത്തോ?

നായിൽകടൈപ്പിറപ്പാംനാൻപിറന്തതുമ്പമറ
വേയിൽകനലൊളിപോൽവിളംകുവതുമെക്കാലം?

അ—പരമേശ! നായേക്കാളും നികൃഷ്ടമായവിധത്തിൽ ജന്മമെടുത്തു ദുഃഖിക്കുന്ന എൻെറ ദുഃഖം നീങ്ങുന്നതിനായി ജോതിസ്വരൂപനായ നിന്തിരുവടി എൻെറ മുമ്പിൽ എഴുന്നെള്ളിവരുന്നതു ഏതുകാലത്തോ?

സൂരിയകാന്തിവെളിചൂഴ്ന്തുപഞ്ചൈച്ചുട്ടതുപോൽ
ആരിയൻേറാററത്തരുൾപെറുവതെക്കാലം?

അ—പരമേശ, സൂൎയ്യൻെറ രശ്മി കാന്തക്കണ്ണാടിവഴി നിഴലിച്ചു പഞ്ഞി ചുട്ടെരിക്കുന്നതുപോലെ, ജ്ഞാനോപദേശം ജ്ഞാനാചാൎയ്യരുടെ നാ

-വുവഴി വെളിപ്പെട്ട്, അജ്ഞാനത്തെ നശിപ്പിക്കുന്നതാകുന്നു. ഞാൻ ആ ഉപദേശം ലഭിച്ച്, നിന്തിരുമേനി ദർശിക്കുന്നതു ഏതുകാലത്തോ?

ഇരുമ്പിങ്കനന്മൂട്ടിവിപ്പുരുപോയപ്പുരുവായ്
കരുമ്പിച്ചുവൈവരസത്തൈക്കണ്ടറിവതെക്കാലം?

അ—ഇരുമ്പു തീക്കനലിൽ ഇട്ടു പഴുപ്പിച്ചാൽ അതിനു രൂപഭേദം വരുന്നതുപോലെ ഞാൻ ജ്ഞാനാഗ്നിയിൽ പരിശുദ്ധനായി ശിവസാരൂപ്യം ലഭിച്ച്, ശിവസ്വരൂപത്തെക്കണ്ട്, കരിമ്പിൻനീരിനെക്കാൾ മധുരമായ ആനന്ദരസത്തെ അനുഭവിക്കുന്നതു് ഏതുകാലത്തോ?

കരുക്കൊണ്ടമുട്ടൈതന്നെക്കടലാമൈതാനിനൈക്ക
ഉരുക്കൊണ്ടവാറതുപോലുനൈയടവതെക്കാലം?

അ—കടലാമ കരയ്ക്കു കുഴിതോണ്ടി മുട്ടയിട്ടാൽ, അതു പിന്നെ കടലിൽ പോയാലും, വീണ്ടും ഒരുകുറി അതു് ആ മുട്ടയെക്കുറിച്ചു നിനയ്ക്കുമ്പോഴും, ആ മുട്ടപൊട്ടി കുഞ്ഞിറങ്ങുന്നതുപോലെ, നിന്തിരുവടിയാൽ ഒരിക്കൽ സൃഷ്ടിക്കപ്പെട്ട ഞാനും, നിന്റെ സങ്കല്പമാത്രത്താൽ നിന്റെ രൂപത്തിലായിത്തീരുന്നതേതുകാലത്തോ?

വീട്ടുവിട്ടുപായ്ന്തുവെളിയിൽവരുവാർപോൽ
കൂട്ടുവിട്ടുപായുംകുറിപ്പറിവതെക്കാലം?

അ—പരമേശ, കൂട്ടുവിട്ടു കൂട്ടുപായുന്ന വിദ്യ അറിഞ്ഞ മഹാന്മാരെപ്പോലെ, ഞാനും എന്റെ കൂടായ ഈ ദേഹത്തെവിട്ടു വെളിപ്പെട്ടുപോകുന്ന കാലത്തിന്റെ കണക്കറിയുന്നതേതുകാലത്തോ?

ഞാൻ സ്വച്ഛന്ദമൃത്യുവായിത്തീരുന്ന കാലമേതോ? എന്നു ഭാവം.

കടൈന്തവെണ്ണെമോരിൽകലവാതവാറതുപോൽ
ഉടൈന്തുതമിയേനുനൈക്കാൺപതെക്കാലം?

അ—ആദ്യം വേർതിരിക്കാൻ പാടില്ലാതവണ്ണം കൂടിച്ചേർന്നിരുന്നാലും കടഞ്ഞെടുത്താൽ പിന്നെ, വെണ്ണ, മോരിലിട്ടാലും അതിൽ കലർന്നുചേരാതെ പ്രത്യേകം കിടക്കുന്നതുപോലെ നിന്നെ വിട്ടുപിരിഞ്ഞുപോന്ന ഞാനും നിന്നിൽ കലർന്നുചേരാതെ വേർപെട്ടിരിക്കയാണെങ്കിലും കൺകുളിരുംവണ്ണം നിന്നെ ഒന്നു കാണുന്നതേതുകാലത്തോ?

ഇരുളൈവെളിവിഴുങ്കിയകവരുക്കൊണ്ടാൽപോൽ
അരുളേവിഴുംകുമിരുളകൻറുനിൽപതെക്കാലം?

അ—ഇരുളിനെ ആകാശം ഉള്ളിലടക്കിത്തന്മയമായി നിൽക്കുന്നതു

പോലെ പരമാത്മസ്വരൂപത്തെ മറച്ച് അന്ധകാരമയമായി നിൽക്കുന്ന അജ്ഞാനത്തെ ഏതുകാലത്തിൽ നീക്കാൻ എനിക്കു സാധിക്കുമോ?

മിന്നെഴുന്തുമിന്നൊടുങ്കിവിണ്ണിലുറൈന്താൽപോൽ
എന്നുണിൻറതെന്നുള്ളേയാനറിവതെക്കാലം?

അ—പരമേശ! ആകാശത്തിൽ മിന്നൽ കാണപ്പെട്ടശേഷം അക്കാണപ്പെട്ട സ്ഥലത്തുതന്നെ അതു ലയിച്ചടങ്ങിപ്പോകുന്നതുപോലെ എന്റെ ഉള്ളിൽ പ്രകാശിച്ചു ലയിച്ചടങ്ങിയിരിക്കുന്ന നിൻതിരുവടിയെ ഞാൻ അറിവാൻ ഏതുകാലത്തു സാധിക്കും?

കണ്ടപുനൽക്കുടത്തിൽകതിരൊളികലപ്പായ്‌ന്താൽപോൽ
കൊണ്ടസ്വരൂപമതേക്കുററിവതെക്കാലം?

അ—പരമേശ! ആകാശത്തിൽ ഏകരൂപനായ് വിളങ്ങുന്ന സൂൎയ്യന്റെ പ്രകാശം ഓരോ കുടങ്ങളിൽ നിറച്ചുവച്ചിരിക്കുന്ന വെള്ളത്തിൽ പ്രതിബിംബിക്കുന്നതുപോലെ, സകല വ്യക്തികളിലും, വ്യാപിച്ചിരിക്കുന്ന നിന്റെ സ്വരൂപത്തെ ഞാൻ സ്തുതിക്കത്തക്കവണ്ണം അറിഞ്ഞുകൊള്ളുന്നതേതുകാലത്തോ?

പൂണുകിൻറപൊന്നണിന്താൽപൊൻചുമക്കുമോവുടലെ
കാണുകിൻറവെൻകരുത്തിൽകണ്ടറിവതെക്കാലം?

അ—പരമേശ! അണിയത്തക്ക സ്വൎണ്ണത്തെ സ്വൎണ്ണാഭരണങ്ങളാൽ അലങ്കരിച്ചാൽ അതിനു വെറുപ്പുതോന്നുമോ? ഇല്ല. അതുപോലെ കാണത്തക്ക എന്റെ ബുദ്ധികൊണ്ടു ബോധസ്വരൂപനായ നിന്നെ കണ്ടറിയുന്നതേതുകാലത്തോ?

ചെമ്പിൽകളിമ്പുപോൽശിവത്തെമിഴുങ്കുമിക
വെമ്പിനിൻറമുമ്മലത്തെവേറുചെയ്വതെക്കാലം?

അ—പരമേശ! ചെമ്പിൽ ക്ലാവ് എന്നപോലെ എന്റെ ബുദ്ധിയെ മൂടിയിരുന്ന്, നിന്റെ ദർശനത്തെത്തടുക്കുന്ന അഹങ്കാരം, കൎമ്മം, മായ എന്ന മൂന്നു മലങ്ങളേയും ഇല്ലായ്മചെയ്യുന്നതേതുകാലത്തോ?

ആവിയുംകായമുമ്പോലാത്മത്തുനിൻറതന്നൈ
പ്പാവിയറിന്തുമനംപററിനിൽപതെക്കാലം?

അ—ദേഹവും ദേഹിയുംപോലെ എന്റെ ഉള്ളിൽ ചേൎന്നിരിക്കുന്ന നിന്നെ, പാപിയായ ഞാൻ അന്വേഷിച്ചറിഞ്ഞു ധ്യാനിച്ചു സുഖിച്ചിരിക്കുന്നതേതുകാലത്തോ?

ഊമൈക്കനാക്കണ്ടകെരെക്കറിയാവിൻപമതേ
നാമറിന്തുകൊാംവതക്കു നാാംവരുവതെക്കാലം?

അ—സംസാരിക്കാൻ കഴിവില്ലാത്തവൻ സ്വപ്നംകണ്ടാൽ അവൻ കണ്ടതിനെ മററുള്ളവരെപ്പറഞ്ഞറിയിക്കാൻ സാധിക്കാത്തതുപോലെ അറിഞ്ഞാലും വെളിയിൽ പറഞ്ഞറിയിക്കാൻ കഴിവില്ലാത്തുള്ള നിൻെറ രൂപം ഞാൻ കാണുന്നതിനു ഞാൻ ഏതുകാലത്തു വിശുദ്ധനായി ഭവിക്കുമോ?

ചാകാശിവനടിയൈയത്തപ്പാതാരെപ്പോതും
പാരേവുടലകൻറു പോവരെൻപതെക്കാലം?

അ—ഒരിക്കലും അഴിവില്ലാത്തതായ പരമേശൻെറ തിരുവടികളിൽ സദാ മനസ്സിനെ വച്ചിരിക്കുന്ന ജ്ഞാനികൾ എന്നും വിട്ടുമാറാത്തതായി പറയപ്പെട്ടിരിക്കുന്ന ഈ ശരീരത്തെ വെടിഞ്ഞു മുക്തരാകുന്നു എന്നു പറയുന്ന അറിവ് എനിക്കു ഏതുകാലത്തിൽ ഉദിക്കുമോ?

നിട്ടൈതനൈവിട്ടുനിനൈവറിവുതപ്പവിട്ടു
വേട്ടവെളിയിൽവിരവിനിൽപതെക്കാലം?

അ—പരമേശ! ഞാൻ നിഷ്ഠ, ധ്യാനം ഇതുകളെ തീരെ കൈവിട്ട് ഉൽകൃഷ്ടമായ ചിദാകാശത്തിൽ ലയിച്ചിരിക്കത്തക്ക നില എനിക്കു ഏതു കാലത്തു കൈവരുമോ?

വെട്ടവെളിതന്നിൽവിളൈന്തവെമ്പാശത്തെ
തിട്ടമുടൻകണ്ടുതെളിവതിനിയെക്കാലം?

അ—പരമേശ, എനിക്കു യാതൊരു കാരണവുമില്ലാതെ വന്നുകൂടിയതായ ബന്ധത്തെ അറിയേണ്ടവഴിക്കറിഞ്ഞ്, അതു വന്നുകൂടിയ പ്രകാരത്തെ കണ്ടുപിടിക്കുന്നതേതുകാലത്തോ?

എങ്കും പരവടിവായെൻവടിവുനിൻവടിവായ്
കങ്കുൽപകലിൻറിയുനൈക്കണ്ടിരുപ്പതെക്കാലം?

അ—പരമേശ! ഞാൻ സർവ്വം ശിവമയമായും എൻെറ രൂപം നിൻെറ രൂപമായും രാപ്പകൽ ഇല്ലാതെ (രാത്രിയും പകലുമെന്നുള്ള ഭേദകല്പനയുമില്ലാതെ) ഇരുന്ന് കണ്ടറിയുന്നതേതുകാലത്തോ?

ഉണ്ടതുചുമാതരുടൻകൂടിച്ചേർന്നിമ്പം
കണ്ടതുവുനിയെനവേകണ്ടുകൊാംവതെക്കാലം?

അ—പരമേശ, ഞാൻ ഭക്ഷിച്ചതും സ്ത്രീകളോടുകൂടി സുഖിച്ചതും

എല്ലാം നിന്റെ ചെയ്തികൾതന്നെയെന്നുള്ള ജ്ഞാനം എനിക്കുണ്ടാകുന്നതേതുകാലത്തോ?

ഈയമെൻറുകേട്ടതുവുമെന്നുള്ളേ നിൻറതുവും
ഓമെൻറുശൊന്നതുമററിവതെക്കാലം?

അ—പരമേശ, എന്റെ ആചാര്യൻ ആദ്യം "ഈ" എന്ന മന്ത്രാക്ഷരത്തെ എനിക്കുപദേശിച്ചതും, പിന്നീട് എന്റെ ഉള്ളിലിരുന്നതും, അതിപ്പിന്നെ "ഓം" എന്ന മന്ത്രാക്ഷരത്തെ ഉപദേശിച്ചതും ഞാൻ ഏതുകാലത്തറിയുന്നോ?

ചത്തമ്പിറണ്ടുവിടത്തന്മയമായ് നിൻറവിടം
ചിത്തമ്പിറന്തവിടന്തോന്തറിവുതെക്കാലം?

അ—പരമേശ, ശബ്ദം ഉത്ഭവിച്ചതും, എല്ലാം തന്മയമായി പരിലസിക്കുന്നതും മനം ഉദയം ചെയ്തതും ആയ ആ സ്ഥാനത്തെ ഞാൻ ഏതുകാലത്തിൽ വിചാരിച്ചറിയുന്നോ?

ഉപോകമുംവരവുംപുറമ്പുള്ളുമാകിനിൻറും
താകമൊരുപൊരുളൈച്ചിന്തിപ്പതെക്കാലം?

അ—പരമേശ, ഉൾപ്പൊരുളായും വെളിപ്പൊരുളായും സർവ്വത്ര വ്യാപിച്ചിരുന്ന് സകല ശുഭാശുഭസ്വരൂപനമായിരിക്കുന്ന നിന്നെ ഞാൻ ഏതുകാലത്തിൽ സന്ധിക്കുന്നോ?

നാനെനവുനീയെനവുനാമിരണ്ടുമററൊൻറും
നീയെനവേചിന്തെതന്നീനേർപ്പട്ടവതെക്കാലം?

അ—പരമേശ, ഞാനെന്നും നീയെന്നുമുള്ള ഭേദഭാവന നശിച്ച്, എല്ലാം നീയാണെന്നുള്ള ജ്ഞാനം എന്റെ മനസ്സിൽ ഉദയം ചെയ്യുന്നതേതുകാലത്തോ?

അറിവൈയറിവാലറിന്തേയറിവുമറിവുതന്നിൽ
പിരിവുപടനില്ലാമൽപിടിപ്പതിനിയെക്കാലം?

അ—പരമേശ, ഞാൻ ആത്മാവിനെ ആത്മാവുകൊണ്ടറിഞ്ഞ് ആ അറിവിനെ വിടാതെ മുറുകെപ്പിടിച്ചുകൊണ്ട് ജീവിതത്തെ നയിക്കുന്നതേതുകാലത്തോ?

നീടുംപുവനമെല്ലാം നിറൈന്തുചിന്തുരമതായ്
ആടുംതിരുക്കൂത്തൈത്തെയറിവതിനിയെക്കാലം?

അ—പരമേശ, നീ ഈരേഴുലോകങ്ങളും ഉലഞ്ഞു് ധൂളിപൊങ്ങത്തക്കവണ്ണം ആനന്ദനൃത്തം ചെയ്യുന്നതു ഞാൻ കാണുന്നതേതുകാലത്തോ?

തിത്തിയെൻറക്കുത്തുത്തിരുച്ചിലമ്പിനോശൈകളും
പുത്തിയുടനേകേട്ടുപണിവതിനിയെക്കാലം?

അ—പരമേശ, നീ നൃത്തംചെയ്യുമ്പോൾ, നിൻെറ തിരുവടികളിൽ ധരിച്ചിരിക്കുന്ന ചിലമ്പിൻെറ ശബ്ദം എൻെറ കാതുകൊണ്ടു കേട്ടു്, നിന്തിരുവടിയെ നമസ്കരിക്കുന്നതിനു എനിക്കു് സാധിക്കുന്നതേതുകാലത്തോ?

നയനത്തിടൈവെളിപോയ് നൻറുംപരവെളിയിൽ
ശയനത്തിരുന്തുതലൈപ്പെട്ടുവതെക്കാലം?

അ—പരമേശ, നിടിലമദ്ധ്യത്തിലിരിക്കുന്ന സുഷുമ്ന എന്ന ചിദാകാശത്തിൽ എത്തി, അവിടെയിരിക്കുന്ന ദിവ്യക്ഷേത്രത്തിൽ ആനന്ദനിദ്രചെയ്തിരിക്കുന്നതേതുകാലത്തോ?

അരുവിമലൈനടുവേയായിരക്കാൽമണ്ഡപത്തിൽ
തിരുവിളൈയാടൽകണ്ടുതെരിശിപ്പതെക്കാലം?

അ—പരമേശ, അരുവിയാറു്, ചുററി പ്രവഹിച്ചുകൊണ്ടിരിക്കുന്ന ഒരു മലയുടെ മദ്ധ്യത്തിൽ സ്ഥിതിചെയ്യുന്ന ആയിരംകാൽമണ്ഡപത്തിൽനിന്നു നീ നടക്കുന്ന ആനന്ദനൃത്തത്തെ ഞാൻ ഏതുകാലത്തു കാണുമോ?

മീനൈനിനവുണ്ടുനക്കിവിക്കിനിൻറകൊക്കതുപോൽ
തേനൈമികവുണ്ടുനക്കിത്തെവിട്ടിനിൽപതെക്കാലം?

അ—കൊക്കെന്ന പക്ഷി വെള്ളത്തിലുള്ള മത്സ്യത്തെ ഭക്ഷിച്ചു തണച്ചിറക്കിയിരിക്കുന്നതുപോലെ ജ്ഞാനാനന്ദത്തേൻകുടിച്ചു ഞാനും തണച്ചിറക്കിയിരിക്കുന്നതേതുകാലത്തോ?

പൊല്ലാതകായമൂനൈപ്പോട്ടുവിട്ടുക്കുമുന്നേ
കല്ലാവിൻപാൽകറപ്പക്കൽപതിനിയെക്കാലം?

അ—പരമേശ, ദുഃഖഭാജനമായ ഈ ശരീരം, നിന്നെത്തള്ളിയുംവച്ചു വെളിപ്പെട്ടുപോകുന്നതിനുമുമ്പെ ജ്ഞാനമെന്ന പശു ചുരത്തുന്ന പാൽ ഞാൻ കറന്നുകുടിക്കുന്നതേതുകാലത്തോ?

വെട്ടവെളിക്കുള്ളേവിളങ്കുംസദാശിവത്തെ
കിട്ടവരത്തോടക്കിരുപൈചെയ്‌വതെക്കാലം?

അ—പരമേശ, വെട്ടവെളിയായ ചിദാകാശത്തിൽ വിളങ്ങുന്ന സദാ

ശിവമൂൎത്തിയായ നിന്നെ എന്റെ അരികിൽ വരത്തക്കവണ്ണം ഞാൻ അന്വേഷിക്കുന്നതിന് അനുഗ്രഹിക്കുന്നതേതുകാലത്തോ?

പേരറിവിലേമനത്തെപ്പേരാമലേയിരുത്തി
ഓയാരറിവിലെന്നാളുമൂൻറി നൽപതെക്കാലം?

അ—പരമേശ, എന്റെ മനസ്സ് പരമാത്മാവായ നിന്നിൽ എപ്പോഴും നിലനിൎത്തി ആ ആത്മാവോട്ടു കലൎത്തി നിരഭേദമായ അദ്വൈതനിലയിൽ ഇരിപ്പാൻ എനിക്കു സംഗതിയാകുന്നതേതുകാലത്തോ?

അത്തുവിനംപോലുമെൻറനാത്തുമെന്നിലുള്ളിരുന്തു
മൂത്തിതരനിൻറമുറൈയറിവതെക്കാലം,

അ—പരമേശ, നി പരമാൎത്ഥമായ അദ്വൈതനിലയിൽ എന്റെ ജീവാത്മാവോട്ടുചേൎന്ന്, മുക്തിതരത്തക്കവണ്ണം എഴുന്നള്ളിയിരുന്ന പ്രകാശത്തെ ഞാൻ അറിയുന്നതേതുകാലത്തോ?

നാനിൻറപാശമതിൽനാനിരുന്തുമാളാമൽ
നീനിൻറകോലമതിൽനിറവിനിൽപതെക്കാലം?

അ—ഞാൻ ഇതുവരെ ഇടപ്പെട്ടിരിക്കുന്ന ബന്ധത്തിലിരുന്നു മരിക്കാതെ നീ അധിവസിക്കുന്ന മൂൎത്തിദൎശനമായ ദേവതാജ്ഞാനത്തോട്ടുകൂടെ നിന്നെ പ്രാപിച്ചിരിക്കുന്നതേതുകാലത്തോ?

എള്ളുംകരുമ്പുമെഴമലരുംകായമുംപോൽ
ഉള്ളുംപുറംപുനിൻറതുറററിവതെക്കാലം?

അ—പരമേശ, എള്ളിൽ എണ്ണപോലെയും കരിമ്പിൽ രസംപോലെയും, പൂവിൽ വാസനപോലെയും, ദേഹത്തിൽ ജീവൻപോലെയും കാണ്മാൻ പാടില്ലാതവണ്ണം ഉള്ളിലും പുറത്തും ഒരുപോലെ വ്യാപിച്ചിരിക്കുന്ന നിന്റെ തത്വം ഞാൻ വിചാരിച്ചറിയുന്നതേതുകാലത്തോ!

അന്നംപുലനൈവകുത്തമൃതെയുണ്ടതുപോ-
ലെന്നൈവകുത്തുന്നൈയിനിക്കാൺപതെക്കാലം?

അ—പരമേശ, അരയന്നം വെള്ളവും പാലും കലൎന്നിരിക്കുന്നതിൽനിന്നും വെള്ളത്തെ വെടിഞ്ഞു പാല് വേൎതിരിച്ചാസ്വദിക്കുന്നതുപോലെ ഞാൻ എന്നിൽനിന്നും എന്നെ തള്ളിക്കളഞ്ഞുംവച്ച് നിന്നെക്കാണുന്നതേതുകാലത്തോ?

ഞാൻ നീതന്നെയെന്നറിഞ്ഞ്, എന്നെ മറന്ന്, നിന്നെത്തന്നെ കാത്തിരിക്കുന്നതേതുകാലത്തോ എന്നൎത്ഥം.

അന്തരത്തിൽനീർപ്പൂത്തലർന്തെഴുന്തതാമരൈപോൽ
ചിന്തൈവൈത്തുക്കണ്ടുദരിശിപ്പതെക്കാലം?

അ—പരമേശ, ആകാശഗംഗയിലുണ്ടായി വിലസിനിൽക്കുന്ന താമരപോലെ (വിലസുന്ന) നിൻെറ തിരുവടികളിൽ എൻെറ മനസ്സിനെ ചേർത്തു ദർശിക്കുന്നതേതുകാലത്തോ?

പിറപ്പുമിറപ്പുമററുപേച്ചുമററുമൂച്ചുമററു
മറപ്പുനിനൈപ്പുമററുമാണ്ടിരുപ്പതെക്കാലം?

അ—പരമേശ, ഞാൻ ജനനം, മരണം, സംസാരം, ശ്വാസം, ഓർമ്മ, മറവി ഇതുകളെല്ലാം തീരെ വിട്ടൊഴിഞ്ഞു്, ശിവാനന്ദത്തെ അനുഭവിക്കാനായി, ജാഗ്രൽസുഷുപ്തിനിലയെ പ്രാപിച്ചിരിക്കുന്നതേതുകാലത്തോ?

മന്നുംപരവെളിയൈമനവെളിയിലടൈത്തറിവൈ
എന്നുമൊരുനിനൈവൈയെഴുപ്പിനിൽപതെക്കാലം?

അ—പരമേശ, ഒരിക്കലും അഴിയാത്ത നിലയോടുകൂടിയ ആത്മജ്യോതിസ്സിനെ എൻെറ മനസ്സിൽ ചിദാകാശത്തിൽ അടക്കിവച്ചു്, കുണ്ഡലിനീശക്തിയെ ഉയർത്തി ആത്മൈക്യം പ്രാപിക്കുന്നതു് ഏതുകാലത്തോ?

ആശൈയെ കൊണ്ടമാതരടൈകനവനീക്കിയുൻമേൽ
ഓശൈകൊണ്ടുനാനമൊടുംകുവതുമെക്കാലം?

അ—സ്ത്രീകളെക്കുറിച്ചുള്ള ഭ്രമങ്ങളാകുന്ന സ്വപ്നത്തെ നീക്കി നിൻെറ തിരുവടികളിൽ നാദബ്രഹ്മത്തിനായി ഞാൻ സമാധിയിൽ ലയിച്ചിരിക്കുന്നതേതുകാലത്തോ?

തന്നുയിരൈക്കൊണ്ടുതാൻതിരിന്തവാറതുപോൽ
ഉന്നുയിരൈക്കൊണ്ടിങ്കൊടുംകുവതുമെക്കാലം?

അ—പരമേശ, തൻെറ ജീവൻെറ സഹായംകൊണ്ടു് വെളിസ്ഥലങ്ങളിലൊക്കെ ചുററിസ്സഞ്ചരിച്ചതുപോലെ നിൻെറ അനുഗ്രഹശക്തിയാൽ നിന്നെ ഞാൻ പ്രാപിച്ചു് ഇവിടെ സമാധിയിലിരിക്കുന്നതേതുകാലത്തോ?

ചോററിൽകിളൈനാട്ടുന്തിടമാമുടലൈയിനി
ക്കാററിലുഴൽപൂത്തിരമായ്ക്കാണ്പതിനിയെക്കാലം

അ—ചോററിൽ ഇരതേടിനടക്കുന്ന കിളിയെപ്പോലെ നിലയില്ലാത്തതായ ഈ ദേഹത്തെ കാററത്തു സഞ്ചരിക്കുന്ന ഒരു യന്ത്രമാണെന്നുള്ള വസ്തുത അറിയുന്നതേതുകാലത്തോ?

എൻവശമും കെട്ടിങ്കിരുന്തവശമുമഴിന്തു
തൻവശമും കെട്ടരുളൈച്ചാർന്തിരുപ്പതെക്കാലം?

അ—ഹേ പരമേശ, ഞാൻ എനിക്കും എൻെറ ശരീരത്തിനും നിന ക്കും വശപ്പെട്ടിരിക്കുന്നതേതുകാലത്തോ?

തന്നൈമറന്തുതലൈത്തുനിന്നൈമറന്തു
കന്മമറന്തുകതിച്ചേരുവതെക്കാലം.

അ—പരമേശ, ഞാൻ എന്നെയും എനിക്കു ആശ്രയമായ ഇടത്തെയും കർമ്മത്തെയും മറന്നു മുക്തിപദത്തെ പ്രാപിക്കുന്നതേതുകാലത്തോ?

എന്നൈയെന്നിലേ മറന്തേയിരുന്തപതിയുംമറന്തു
തന്നൈയുംതാനേമറന്തുതനിത്തിരുപ്പതെക്കാലം?

അ—പരമേശ, ഞാൻ എന്നെയും എന്നിൽതന്നെ ഞാനറിയാതെ ഇരുന്നരുളുന്ന നാഥനായ നിന്നെയും തീരെ മറന്നു് ഏകാന്തസമാധിയിൽ ഇരിക്കുന്നതേതുകാലത്തോ?

തന്നൈയുംതാനേമറന്തുതലൈവാശററാൾപോട്ടേ
ഉന്നൈനിനൈന്തുള്ളേയുറംകുവതുമെക്കാലം?

അ—ഞാൻ എന്നെത്തന്നെ മറന്നു് നിന്നെ സംബന്ധിച്ചിരിക്കുന്ന തായ വീട്ടിൽ പ്രവേശിച്ചു്, വാതലടച്ചു കുററിയിട്ടു അവിടെ നിൻെറ തിരു വടികളെ ചിന്തിച്ചുകൊണ്ടു ഉറങ്ങാതെയുറങ്ങിയിരിക്കുന്നതേതുകാലത്തോ സമാധിയിലിരിക്കുന്നതേതുകാലത്തോ എന്നർത്ഥം.

ഇണൈപിരിന്തപോതലരിയിനിമുറുമൻറിലൈപോൽ
തുണൈപിരിന്തപോതരുണ്ടൽതൊടർന്തുകൊൾവതെ—
(ക്കാലം?

അ—പരമേശ അലരിൽ എന്നു പറയപ്പെടുന്ന ഒരുവക പക്ഷി ആണും പെണ്ണും ഒന്നിനെവിട്ടൊന്നു പിരിഞ്ഞിരുന്നാൽ, അത്യന്തം ദുഃഖ ത്തെ പ്രകടിപ്പിക്കുന്നതുപോലെ ഞാൻ നിന്തിരുവടിയെ പിരിഞ്ഞിരിക്കു മ്പോൾ ദുഃഖിതനായി ഭക്തിപൂർവ്വം ഉപാസിച്ചു്, പരമാത്മജ്ഞാനകൈ വല്യത്തെ ഏതുകാലത്തിൽ പ്രാപിക്കുന്നോ?

ആട്ടമൊൻറുമില്ലാമൽഅരൈവുചറുറുംകാണാമൽ
തേട്ടമററവാൻപൊരുളൈത്തേടുവതുമെക്കാലം?

അ—പരമേശ, ആദ്യവും അന്തവുമില്ലാതെയും ആരാലും അന്വേഷിക്കാൻ കഴിയപ്പെടാത്തവിധത്തിലും ഇരിക്കുന്ന പരമാത്മാവായ നിന്നെ ഞാൻ ഏതുകാലത്തു അന്വേഷിച്ചറിഞ്ഞു ഐക്യപ്പെടുന്നോ?

മുന്നൈവിനൈയാലറിവുമുററാമൽപൂന്മറൈന്താൽ
യന്നൈതന്നൈത്തേടിയമുതുൺപതെക്കാലം?

അ—പരമേശ, ഞാൻ എൻെറ മുജ്ജന്മകർമ്മഫലംകൊണ്ടു പരിശുദ്ധജ്ഞാനം ഉദിക്കാതെ മറവിലിരിക്കുന്നതുകൊണ്ടു എൻെറ അമ്മയായ തിരുവരുൾപ്പരാശക്തിയെ ഞാൻ കാണുന്നതേതുകാലത്തോ?

കള്ളുണ്ടവർപോൽകളിതരുമാനന്ദമതാൽ
തള്ളുണ്ടുനിൻറാടിത്തടൈപ്പെട്ടുവതെക്കാലം?

അ—പരമേശാ, കള്ളുകുടിയന്മാർ പ്രമത്തന്മാരായി തുള്ളിയാടിനടക്കുന്നതുപോലെ ഞാനും നിന്തിരുവടിയുടെ ആനന്ദം അനുഭവിച്ചു മദിച്ചു അതിൽ അമർന്നിരിക്കുന്നതേതുകാലത്തോ?

താനെൻറവാണവമുത്തത്തുവമുങ്കെട്ടൊഴിന്തേ
ഏനെൻറപേച്ചു മിലാതിലംകുവതുമെക്കാലം?

അ—പരമേശ, ഞാൻ ഞാനെന്ന അഹംകാരത്തേയും എന്നിൽ അടങ്ങിയിരുന്നു പ്രവർത്തിച്ചുകൊണ്ടുവരുന്ന തത്വങ്ങളെയും വിട്ടൊഴിഞ്ഞു എന്തു എന്നുള്ള ശബ്ദംപോലും ഇല്ലാത്തവിധത്തിൽ മൌനനിഷ്ഠയെ പ്രാപിച്ചാനന്ദിക്കുന്നതേതുകാലത്തോ?

നാനവനായ്കാണ്ണതെല്ലാജ്ഞാനവിഴിയാലറിന്തു
താനവനായ നിൻറുചരണടൈവതെക്കാലം?

അ—പരമേശ! ഞാൻ ലോകത്തിൽ കാണുന്നപദാർത്ഥങ്ങളെല്ലാം നീയാണെന്നുള്ള ജ്ഞാനമുണ്ടായി എല്ലാവറേറയും നിൻെറ രൂപമായിക്കണ്ടു്, നിൻെറ തിരുവടികളിൽ ഞാൻ ചേർന്നുകൊള്ളുന്നതേതുകാലത്തോ?

താനന്തമില്ലാതതൽപരത്തിനൂടുരുവി
ആനന്തങ്കണ്ടേയമർന്തിരുപ്പതെക്കാലം?

അ—പരമേശ, ഞാൻ ഒരിക്കലും അഴിവില്ലാത്ത ഉൽകൃഷ്ടമായ പരമാത്മാവിൽ ലയിച്ചിരുന്നു അവിടെ അനുഭവപ്പെടുന്ന ആനന്ദത്തിൽ മുഴുകി നിൻെറ തിരുവടികളോടു ഐക്യപ്പെടുന്നതേതുകാലത്തോ?

ഉററവെളിതന്നിലേ ഉറവപാർത്തന്തരത്തെ
മററമരമായ്കൈമാഴിവതിനിയെക്കാലം?

അ—ആകാശസ്ഥാനത്തിൽ വിളങ്ങിക്കൊണ്ടിരിക്കുന്ന ആജ്ഞാചക്രത്തിൽ എത്തി, അതുവഴി എന്റെ മായാമോഹത്തെ തീർത്തിരിക്കാൻ സാധിക്കുന്നതേതുകാലത്തോ?

ഏടലർന്തപങ്കയമുമിരുകരുണൈനേത്തിരമു
തോടണിന്തകുണ്ഡലമുന്തോൻറുവതുമെക്കാലം?

അ—പരമേശ, കരുണാരസംനിറഞ്ഞ താമരപ്പൂപോലെയുള്ള നിന്റെ കണ്ണുകളും മകരകുണ്ഡലങ്ങളും മററും ദിവ്യമായ നിന്റെ സ്വരൂപം ഏതുകാലത്തു കാണ്മാൻ ഇടയാകുന്നോ അറിഞ്ഞില്ല.

അയ്യാറുമാറുമകൻറുവെരുവെളിയിൽ
മയ്യിരുളിൽനിൻറമനമാംവതിനിയെക്കാലം?

അ—പരമേശ! മുപ്പത്താറുതത്വങ്ങളേയും കടന്നു അവിടെയുള്ള ശുദ്ധശൂന്യസ്ഥാനത്താൽ (വെളിയിൽ) ഇരുന്നു അതുവഴി എന്റെ മനസ്സിലുള്ള അജ്ഞാനത്തെ നശിപ്പിക്കുന്നതേതുകാലത്തോ?

കാട്ടുമരുംജ്ഞാനക്കടലിലൻപുക്കപ്പൽവിട്ടു
മൂട്ടുകരുണൈക്കടലിൽമുഴുകുവതുമെക്കാലം?

അ—പരമേശനെ വെളിപ്പെടുത്തിക്കാണിക്കുന്ന ആത്മജ്ഞാനക്കടലിൽ ഭക്തിയെന്ന കപ്പലോടിച്ചു പിന്നീട് ആ കപ്പലും ഞാനും കരുണയെന്ന കടലിൽ മുഴുകുന്നതേതുകാലത്തോ?

നാനാരോനീയാരോനററാമ്പരമാന
ത്താനാരോവെൻറുണർന്തുതവമുടിപ്പതെക്കാലം?

അ—പരമേശ, ഞാനാര് നീയാര് എന്നുള്ള അന്വേഷണത്തിൽ പ്രാധാന്യേന ഏർപ്പെടാതെ ആത്മജ്ഞാനം ലഭിക്കത്തക്ക തപസ്സ് ഏതുകാലത്തിൽ ചെയ്തുതീർക്കുന്നോ?

എവരെവർകളെപ്പടികണ്ടെന്തപടിനിനൈത്താർ
അവരവർക്കപ്പടിനിൻറാമെൻപതെക്കാലം?

അ—ആരാര്, ഏതേതുവിധത്തിൽ ഭാവിച്ചാരാധിക്കുന്നോ അതതുപ്രകാരത്തിൽ നീ പ്രത്യക്ഷപ്പെടുന്നു എന്നറിഞ്ഞുകൊള്ളുന്നതേതുകാലത്തോ പരമേശ!

ഉററുററുപാർക്കവൊളിതരുമാനന്തമതൈ
തെത്തിക്കുനേർകണ്ടുനിലൈപ്പതിനിയെക്കാലം?

അ—പരമേശ! സൂക്ഷിച്ചുസൂക്ഷിച്ചു നോക്കുന്തോറും പ്രകാശമാനമായി തോന്നപ്പെടുന്ന ജ്യോതിസ്സിനെ സുഷുമ്ന എന്ന സ്ഥാനത്തിൽ കണ്ടാനന്ദിക്കുന്നതേതുകാലത്തോ?

വിളംകുകിൻറതാരകൈകെയേവെയ്യോന്മറൈത്താർപോൽ
കളങ്കമറവുൻകാക്ഷികണ്ടറിവതെക്കാലം?

അ—പരമേശ! വിളങ്ങിക്കൊണ്ടിരിക്കുന്ന നക്ഷത്രങ്ങളെ സൂര്യകിരണങ്ങൾ മറയ്ക്കുന്നതുപോലെ എന്നെ മറച്ചിരിക്കുന്ന മായയെ നീക്കി നിന്നെ കാണുന്നതേതുകാലത്തോ?

എന്നൈയേനാനറിയേനിന്തവണ്ണംചൊന്നതെല്ലാ
മുന്നൈയോർകൈക്കൊള്ളമുൻപണിവതെക്കാലം?

അ—പരമേശ! ഞാൻ തന്നത്താൻഅറിഞ്ഞുകൂടാത്തവനാണു(എന്നെത്തന്നെ അറിവാൻ ശക്തിയില്ലാത്തവനാണ് ഞാൻ എന്നു ഭാവം) എന്നാലും ഇതുവരെ ഞാൻ പറഞ്ഞതെല്ലാം പൂർവ്വന്മാരായ എന്റെ ഗുരുഭൂതന്മാർ അംഗീകരിച്ചനുഗ്രഹിക്കുന്നതിനായി ഞാൻ അവരെ അനുഗ്രഹിക്കുന്നതു ഏതുകാലത്തോ?

ഐഞ്ചുകരത്തനൈഅടിയിണൈയൈപ്പോററിചെയ്തു
നെഞ്ചിൽപൊരുന്തിനിലൈപെരുവതെക്കാലം?

അ—പരമേശ! അഞ്ചുകൈകളുള്ള വിഘ്നേശ്വരന്റെ ചരണാരവിന്ദങ്ങളെ ധ്യാനിച്ചു നമസ്കരിച്ച് ആ തിരുവടികളിൽ ചേർന്നിരിക്കുന്നതേതുകാലത്തോ?—അറിഞ്ഞില്ല.

ഭദ്രഗിരിസ്വാമികളുടെ പുലമ്പൽ (പാടൽ)

മൂലവും മലയാളവ്യാഖ്യാനവും

സമാപ്തം

ഈ പുസ്തകത്തിന്റെ കാപ്പിറൈററവകാശം "വിദ്യാഭിവർദ്ധിനി"
അച്ചുക്കൂടം ഉടമസ്ഥർക്കാകുന്നു.

വൈദ്യപുസ്തകങ്ങൾ.

		രൂ.	ണ
ചക്രദത്തം		5	0
ശാർങ്ഗധരസംഹിത		3	0
ആയുർവ്വേദപ്രകാശിക	൧-ാംഭാഗം	2	4
,,	൨-ാംഭാഗം	3	0
,,	൩-ാംഭാഗം	3	0
കുഷ്ഠരോഗസിദ്ധചികിത്സ		`	2
പ്രമേഹരഹസ്യചികിത്സ		1	2
ആസവാരിഷ്ടയോഗമഞ്ജരി		0	12
ഭൈഷജ്യരത്നാവലി 1-ാംഭാഗം		3	8
വാതരോഗചികിത്സാസംഗ്രഹം		0	12
വൈദ്യമനോരമ		1	14
വീരസിംഹാവലോകനം		2	4
സർവ്വരോഗചികിത്സാരത്നം		3	0
ഭാവപ്രകാശം	പ്രഥമഭാഗം	2	4
,,	ദ്വിതീയഭാഗം	2	4
,,	തൃതീയഭാഗം	2	4
കഷ്കബന്ധു (കന്നുകാലിരോഗചികിത്സ)		0	12
വിഷവൈദ്യസാരം ഭാഷ		0	15
സഹസ്രയോഗം		1	6
യോഗരത്നപ്രദീപിക		2	4
ആരോഗ്യകല്പദ്രുമം ബാലചികിത്സ		5	4
യോഗരത്നാകരം	൧-ാംഭാഗം	2	4
,,	൨-ാംഭാഗം	2	4
,,	൩-ാംഭാഗം	2	4
,,	൪-ാംഭാഗം	2	4
വൈദ്യസംഗ്രഹം		1	2

മാനേജർ, വി. വി. പ്രെസ്സ്, കൊല്ലം.

ജ്യോതിഷപുസ്തകങ്ങൾ.

	രൂ.	ണ
പ്രശ്നമാർഗ്ഗം പൂർവ്വാർദ്ധം	2	4
ടി ഉത്തരാർദ്ധം	2	8
ഫലദീപിക	2	4
ഭാവകുതൂഹലം	1	8
ദൈവജ്ഞവല്ലഭ	0	12
സ്ത്രീജാതകം	0	9
പഞ്ചപക്ഷിശാസ്ത്രം	1	2
സീതാജ്യോതിഷം	0	6
ബൃഹജ്ജാതകപദ്ധതി	2	4
ജാതകാലങ്കാരം	0	12
സാരാവലി	4	0
ദശാഫലമുക്താവലി	2	4
ജാതകചന്ദ്രിക	0	9
ജ്യോതിഷസാരസംഗ്രഹം ഒന്നാംഭാഗം	0	9
ടി രണ്ടാംഭാഗം	0	9
ജാതകപാരിജാതകം	2	4
നക്ഷത്രപ്രകാശിക	0	9
ഗണിതനിർണ്ണയം	5	0

തച്ചുശാസ്ത്രപുസ്തകങ്ങൾ.

ശില്പകൌമുദി	0	12
തന്ത്രസമുച്ചയം	0	12
ശില്പിരത്നം	1	2
മനുഷ്യാലയമഹാചന്ദ്രിക	2	4
വാസ്തുവിദ്യ	0	12

മാനേജർ, വി. വി. പ്രസ്സ്—കൊല്ലം.

ശ്രീമഹാ ഭാഗവതം

രവിവർമ്മ പടങ്ങളോടും ഭാഗവതകീർത്തനത്തോടുംകൂടിയതു്. കട്ടിയുള്ള മേനിക്കടലാസ്സിൽ അരുത്തുകെട്ടി ചുവട്ടിൽ തോൽബയന്റു ചെയ്തതു്. 7 8 0

ശ്രീമഹാ ഭാരതം

1 8 0

അദ്ധ്യാത്മരാമായണം

ഉത്തരരാമായണത്തോടുകൂടിയതു്. വലിയ അക്ഷരത്തിലും നല്ല മേനിക്കടലാസിലും അച്ചടിച്ചു് അരുത്തുകെട്ടി തോൽബയന്റു ചെയ്തതു്. 5 4 0

ടി താണകടലാസിൽ സാധാരണ ബയന്റുചെയ്തതു് 3 0 0

ടി ആറുകാണ്ഡം 2 8 0

ഉത്തരരാമായണം അടങ്ങിയ പത്തിരാമായണം വരി നിറുത്തി രവിവർമ്മ പടങ്ങളോടുകൂടി ടി സാധാരണ കടലാസിൽ സാധാരണ ബയന്റു ചെയ്തതു്. 3 0 0

രാമായണം ൬ കാണ്ഡംമാത്രം അടങ്ങിയ കാലിക്കോബയന്റു ചെയ്തതു്. 2 8 0

ടി റഫ്കടലാസിൽ സാധാരണ ബയന്റുചെയ്തതു്. 1 8 0

ടി ൬ കാണ്ഡംമാത്രം അടങ്ങിയതു്. 1 4 0

ഉത്തരരാമായണത്തോടും മഹോപാദ്ധ്യായ കെ സാംബശിവശാസ്ത്രികളുടെ വ്യാഖ്യാനത്തോടുംകൂടിയതു്. അരുത്തുകെട്ടി തോൽബയന്റുചെയ്തതിന്നു് 3 0 0

ടി സാധാരണ ബയന്റു ചെയ്തതിന്നു് 2 4 0

GOVT. HIGH SCHOOL KOTTAYAM

ശ്രീമഹാ വിഷ്ണുപുരാണം

ശ്രീകൃഷ്ണാവതാരചരിത്രങ്ങൾ, ഭാഗവതത്തിലുള്ളതിനേക്കാൾ പരമരസകരമായും വിശദമായും വിവരിക്കുന്നതും പതിനെട്ടു പുരാണങ്ങളുടേയും നടുനായകവുമായ ഒരു മഹൽഗ്രന്ഥം. 1 8 0

മാനേജർ, വി. വി. പ്രസ്സ്, കൊല്ലം.